سورة الأعراف

7. സൂറത്തുൽ അഅ്റാഫ്

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 206 - വിഭാഗം (റുകൂഉ്) 24

ഈ സൂറത്തിലെ 46, 48 വചനങ്ങളിൽ 'അഅ്റാഫ്' എന്ന പേരിലുള്ള ഒരു സ്ഥാനത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്. അത് നിമിത്തമാണ് ഇതിന് 'സൂറത്തുൽ അഅ്റാഫ്' എന്നുപേർ വന്നത്. 'ഉന്നത സ്ഥലങ്ങൾ' എന്നാണ് പദാർത്ഥം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

الٓمٓصٓ ﴿١﴾

﴿1﴾ **'അലിഫ് - ലാം - മീം - സ്വാദ്'**

كِتَٰبٌ أُنزِلَ إِلَيۡكَ فَلَا يَكُن فِي صَدۡرِكَ حَرَجٞ مِّنۡهُ لِتُنذِرَ بِهِۦ وَذِكۡرَىٰ لِلۡمُؤۡمِنِينَ ﴿٢﴾

﴿2﴾ **(നബിയേ) നിനക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ് (ഇത്); അതിനാൽ, നിന്റെ നെഞ്ചിൽ [മനസ്സിൽ] അതിനെക്കുറിച്ചു ഒരു വിഷമവും ഉണ്ടായിരിക്കരുത്; നീ അത് മൂലം (ജനങ്ങളെ) താക്കീത് ചെയ്‌വാൻവേണ്ടിയും, സത്യവിശ്വാസികൾക്ക് ഉപദേശമായിട്ടും.**

﴾1﴿ المص അലിഫ്-ലാം-മീം-സ്വാദ് ﴾2﴿ كِتَابٌ ഒരു ഗ്രന്ഥമാകുന്നു أُنزِلَ إِلَيْكَ അത് നിന്നിലേക്ക് (നിനക്ക്) അവതരിപ്പിക്കപ്പെട്ടു فَلا يَكُنْ അതിനാൽ ഉണ്ടായിരിക്കരുത് فِي صَدْرِكَ നിന്റെ നെഞ്ചിൽ (മനസ്സിൽ) حَرَجٌ ഒരു വിഷമം, പ്രയാസം مِنْهُ അതുനിമിത്തം, അത് സംബന്ധിച്ച് لِتُنْذِرَ നീ താക്കീത് (മുന്നറിയിപ്പ്) നൽകുവാൻ വേണ്ടി بِهِ അതുമൂലം, അതുകൊണ്ട് وَذِكْرَى ഉപദേശം (സ്മരണ) ആയും لِلْمُؤْمِنِينَ വിശ്വസിക്കുന്നവർക്ക് (സത്യവിശ്വാസികൾക്ക്)

പ്രാരംഭ വചനത്തിലെ കേവലാക്ഷരങ്ങളെപറ്റി സൂറത്തുൽ ബക്വറഃയുടെ ആരംഭത്തിൽ വിവരിച്ചു കഴിഞ്ഞ കാര്യങ്ങൾ ഇവിടെയും ഓർക്കുക. ഈ വേദഗ്രന്ഥവും, അതിന്റെ സിദ്ധാന്തങ്ങളും പ്രബോധനം ചെയ്യുന്നതിൽ പല വിഷമങ്ങളും എതിർപ്പുകളും നേരിടേണ്ടി വന്നേക്കും. അവയെപ്പറ്റി മനസ്സ് ഞെരുങ്ങാതെ, ക്ഷമയും, സഹനവും കൈക്കൊണ്ടുകൊണ്ട് പ്രബോധനം തുടർന്നുകൊണ്ടിരിക്കുവാൻ അല്ലാഹു നബി ﷺയോടു ഉപദേശിക്കുകയാണ്. فَاصْبِرْ كَمَا صَبَرَ أُولُو الْعَزْمِ مِنَ الرُّسُلِ (റസൂലുകളിലുള്ള ദൃഢ മനസ്കരായ ആളുകൾ ക്ഷമിച്ചതുപോലെ ക്ഷമിച്ചുകൊള്ളുക (46:35) എന്ന് പറഞ്ഞതുപോലെയുള്ള ഒരു ഉപദേശമാവാം ഇതും. അല്ലെങ്കിൽ, ധാരാളം ഉപദേശിക്കുകയും തെളിവുകൾ നൽകുകയും ചെയ്തിട്ടും നിഷേധത്തിൽ തന്നെ ജനങ്ങൾ ശഠിച്ചു നിൽക്കുന്നതിനെപറ്റി കുണ്ഠിതപ്പെടേണ്ടതില്ലെന്നും, ദിവ്യസന്ദേശങ്ങൾ എത്തിച്ചുകൊടുക്കൽ മാത്രമേ തനിക്ക് ബാധ്യതയുള്ളൂവെന്നും നബിﷺയെ സമാധാനിപ്പിക്കലുമാവാം ഉദ്ദേശ്യം. ജനങ്ങൾ സത്യം സ്വീകരിക്കാതെ നിഷേധത്തിൽ ശഠിച്ചു നിൽക്കുന്നതിനെപ്പറ്റി നബിﷺ വളരെ വ്യസനത്തിലും മനഃക്ലേശത്തിലുമായിരുന്നുവെന്നും, അത്രയൊന്നും മനോവേദന അനുഭവിക്കേണ്ട കാര്യമില്ലെന്നും അല്ലാഹു പലപ്പോഴും നബിﷺയെ ഉപദേശിക്കാറുള്ളതാകുന്നു (11:12; 27:70 മുതലായവ നോക്കുക). ഉദ്ദേശ്യം രണ്ടിൽ ഏതായിരുന്നാലും ശരി, വിശ്വസിക്കാത്തവർക്ക് ക്വുർആൻ മുഖേന താക്കീത് നൽകലും വിശ്വസിക്കുന്നവർക്ക് ഉപദേശം നൽകലുമാണ് നബി (സ്വ) ചെയ്യേണ്ടതെന്നുകൂടി ഉണർത്തിയിരിക്കുന്നു. ജനങ്ങളോടായി അല്ലാഹു പറയുന്നു:-

ٱتَّبِعُوا۟ مَآ أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا۟ مِن دُونِهِۦٓ أَوْلِيَآءَ ۗ

﴾3﴿ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുവിൻ. അവനു പുറമെ നിങ്ങൾ (വേറെ) കാര്യകർത്താക്കളെ പിൻപറ്റുകയും ചെയ്യരുത്.

قَلِيلًا مَّا تَذَكَّرُونَ ﴿٣﴾

വളരെ കുറച്ചു (മാത്രം) നിങ്ങൾ ഓർമവെക്കുന്നു!

وَكَم مِّن قَرْيَةٍ أَهْلَكْنَٰهَا فَجَآءَهَا بَأْسُنَا بَيَٰتًا أَوْ هُمْ قَآئِلُونَ ﴿٤﴾

﴾4﴿ എത്ര രാജ്യങ്ങളെ (രാജ്യക്കാരെ)യാണ് നാം നശിപ്പിച്ചിരിക്കുന്നത്?! അങ്ങനെ, ഒരു നിശാക്രമണമായോ, അല്ലെങ്കിൽ അവർ (രാജ്യക്കാർ) മദ്ധ്യാഹ്ന വിശ്രമം കൊള്ളുന്നവരായിരിക്കെയോ നമ്മുടെ ശൗര്യം [ശിക്ഷ] അവർക്ക് [ആ രാജ്യക്കാർക്ക്] വന്നു.

فَمَا كَانَ دَعْوَىٰهُمْ إِذْ جَآءَهُم بَأْسُنَآ إِلَّآ أَن قَالُوٓا۟ إِنَّا كُنَّا ظَـٰلِمِينَ ﴿٥﴾

《5》 എന്നിട്ട് നമ്മുടെ ശൗര്യം [ശിക്ഷ] അവർക്ക് വന്നപ്പോൾ, അവരുടെ (മുറ)വിളിയായിരുന്നില്ല, 'നിശ്ചയമായും, ഞങ്ങൾ അക്രമികളായിരുന്നു'വെന്ന് അവർ പറഞ്ഞതല്ലാതെ.

《3》 اتَّبِعُوا നിങ്ങൾ പിൻപറ്റുവിൻ مَاأُنزِلَ അവതരിപ്പിക്കപ്പെട്ടത് إِلَيْكُمْ നിങ്ങൾക്ക് مِنْ رَبِّكُمْ നിങ്ങളുടെ റബ്ബിൽ നിന്ന് وَلَاتَتَّبِعُوا നിങ്ങൾ പിൻപറ്റുകയും അരുത് مِنْ دُونِهِ അവന്ന് പുറമെ, അവനെകൂടാതെ أَوْلِيَاءَ കാര്യകർത്താക്കളെ قَلِيلًا مَا ഏതോ (വളരെ) കുറച്ചു(മാത്രം) تَذَكَّرُونَ നിങ്ങൾ ഓർമവെക്കുന്നു 《4》 وَكَمْ എത്രയാണ്, എത്രയോ مِنْ قَرْيَةٍ രാജ്യത്തിൽ നിന്ന് أَهْلَكْنَاهَا നാം അവയെ നശിപ്പിച്ചിരിക്കുന്നു فَجَاءَهَا എന്നിട്ട് [അങ്ങനെ] അവർക്ക് ചെന്നു, വന്നു بَأْسُنَا നമ്മുടെ ശൗര്യം, ഊക്ക്, ശക്തി [ശിക്ഷ] بَيَاتًا രാത്രിയിലെ [നിശാ സമയത്തെ] ആക്രമണമായി أَوْهُمْ അല്ലെങ്കിൽ അവർ ആയിരിക്കെ قَائِلُونَ മദ്ധ്യാഹ്ന (ഉച്ച) വിശ്രമം കൊള്ളുന്നവർ 《5》 فَمَاكَانَ എന്നിട്ട് (അപ്പോൾ) ആയിരുന്നില്ല دَعْوَاهُمْ അവരുടെ വിളിച്ചുപറയൽ, വാദം إِذْجَاءَهُمْ അവർക്ക് വന്നപ്പോൾ بَأْسُنَا നമ്മുടെ ശൗര്യം [ശിക്ഷ] إِلَّاأَنْقَالُوا അവർ പഞ്ഞതല്ലാതെ, പറയുകയല്ലാതെ إِنَّاكُنَّا നിശ്ചയമായും നാം (ഞങ്ങൾ) ആയിരുന്നു ظَالِمِينَ അക്രമികൾ

മുമ്പ് എത്രയോ രാജ്യക്കാരെ അവരുടെ അക്രമം നിമിത്തം രാത്രിയിൽ പെട്ടെന്നോ, മദ്ധ്യാഹ്ന വിശ്രമവേളയിലോ -അഥവാ ഓർക്കാപ്പുറത്ത്- നാം പൊതുശിക്ഷ നൽകി നശിപ്പിക്കുകയുണ്ടായിട്ടുണ്ട്. ശിക്ഷ വരുമ്പോൾ അവരുടെ മുമ്പത്തെ ധിക്കാരമൊന്നും അവർ കാണിച്ചിരുന്നില്ല. ഞങ്ങൾ അക്രമം പ്രവർത്തിച്ചുവല്ലോ എന്ന് മുറവിളി കൂട്ടുകയും വിളിച്ചു പ്രാർത്ഥിക്കുകയുമാണവർ ചെയ്തത്. സൂക്ഷിച്ചുകൊള്ളണമെന്നു താൽപര്യം.

فَلَنَسْـَٔلَنَّ ٱلَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْـَٔلَنَّ ٱلْمُرْسَلِينَ ﴿٦﴾

《6》 എന്നാൽ, യാതൊരു കൂട്ടരിലേക്ക് (റസൂലുകൾ) അയക്കപ്പെട്ടുവോ അവരോട് നിശ്ചയമായും നാം ചോദ്യം ചെയ്യുന്നതാണ്; (അയക്കപ്പെട്ട) 'മുർസലു'കളോടും നിശ്ചയമായും നാം ചോദ്യം ചെയ്യും.

فَلَنَقُصَّنَّ عَلَيْهِم بِعِلْمٍ ۖ

《7》 എന്നിട്ട് അറിഞ്ഞുകൊണ്ട് (തന്നെ) നിശ്ചയമായും, നാം അവർക്ക് കഥ വിവരിച്ചുകൊടുക്കുന്നതാണ്.

وَمَا كُنَّا غَآئِبِينَ ﴿٧﴾

(കാണാതെ) നാം മറഞ്ഞു പോയ വരായിരുന്നതുമില്ല.

أُرْسِلَ യാതൊരുവരോട് الَّذِينَ എന്നാൽ നിശ്ചയമായും നാം ചോദിക്കും فَلَنَسْأَلَنَّ ﴾6﴿
അയക്കപ്പെട്ടിരിക്കുന്നു إِلَيْهِمْ അവരിലേക്ക്, അവർക്ക് وَلَنَسْأَلَنَّ നിശ്ചയമായും നാം ചോദി
ക്കുകയും ചെയ്യും الْمُرْسَلِينَ അയക്കപ്പെട്ടവരോട്, മുർസലുകളോട് ﴾7﴿ فَلَنَقُصَّنَّ എന്നിട്ട്
നാം നിശ്ചയമായും വിവരിച്ചുകൊടുക്കും, കഥ പറഞ്ഞുകൊടുക്കുകതന്നെ ചെയ്യും
عَلَيْهِمْ അവർക്ക് بِعِلْمٍ അറിവോടെ, അറിഞ്ഞുകൊണ്ട് وَمَا كُنَّا നാം ആയിരുന്നതുമില്ല
غَآئِبِينَ മറഞ്ഞ(കാണാത്ത)വർ

ഏതെല്ലാം സമുദായങ്ങളിലേക്ക് ദിവ്യസന്ദേശങ്ങളുമായി റസൂലുകൾ നിയോഗിക്കപ്പെട്ടിട്ടുണ്ടോ ആ സമുദായങ്ങളെയെല്ലാം തന്നെ അല്ലാഹു ചോദ്യം ചെയ്യാതെ വിടുകയില്ല. മാത്രമല്ല, അവരിലേക്ക് അയക്കപ്പെട്ടിരുന്ന റസൂലുകളോടും അവൻ ചോദ്യം ചെയ്യും. ഇഹത്തിൽ അവർ കൈക്കൊണ്ടിരുന്ന നയങ്ങളും നിലപാടുകളും ഇന്നിന്ന പ്രകാരമായിരുന്നില്ലേ എന്ന് സവിശദം അവൻ അവരെ വിവരിച്ചുകേൾപ്പിക്കും. അവൻ എല്ലാം കണ്ടറിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഒന്നും അവൻ അറിയാതെയോ, കാണാതെയോ വിട്ടുപോയിട്ടില്ല എന്ന് സാരം. നിങ്ങൾക്ക് റസൂലുകൾ വന്നില്ലേ? നിങ്ങൾ അവരെ അനുസരിച്ചുവോ? എന്തുകൊണ്ട് സത്യം സ്വീകരിച്ചില്ല? എന്നൊക്കെ, ജിന്നുകളും മനുഷ്യരുമടക്കം എല്ലാവരോടും അല്ലാഹു ചോദ്യം ചെയ്യുന്നതാണ് (6:130; 28:65; 16:93 മുതലായവ നോക്കുക). എന്റെ സന്ദേശങ്ങൾ നിങ്ങൾ അവർക്ക് എത്തിച്ചും വിവരിച്ചും കൊടുത്തപ്പോൾ അവരിൽ നിന്ന് എന്തു പ്രതികരണമാണുണ്ടായത്? അവരെന്തുചെയ്തു? എന്നൊക്കെ റസൂലുകളോടും ചോദിക്കപ്പെടും (5:112). ചോദ്യം ചെയ്യൽ മാത്രമല്ല, ഓരോരുത്തരുടെയും കർമങ്ങൾ കൃത്യവും കണിശവുമായി പരിശോധിച്ചു വിലയിരുത്തുകയും ചെയ്യുമെന്നുകൂടി അല്ലാഹു അറിയിക്കുന്നു:-

وَالْوَزْنُ يَوْمَئِذٍ الْحَقُّ ۚ فَمَن ثَقُلَتْ مَوَازِينُهُ فَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٨﴾

﴾8﴿ അന്നത്തെ ദിവസം (കർമങ്ങൾ) തൂക്കൽ യഥാർത്ഥമായുള്ളതത്രെ. അപ്പോൾ, ആരുടെ (നന്മയുടെ) തൂക്കങ്ങൾ ഘനം തൂങ്ങിയോ അക്കൂട്ടർതന്നെയാണ് വിജയികൾ.

﴾8﴿ وَالْوَزْنُ തൂക്കം, തൂക്കൽ يَوْمَئِذٍ ആ ദിവസം الْحَقُّ യഥാർത്ഥമാകുന്നു فَمَنْ അപ്പോൾ
ആർ, യാതൊരുവൻ ثَقُلَتْ ഘനപ്പെട്ടു, ഭാരം തൂങ്ങി مَوَازِينُهُ അവന്റെ തൂക്കങ്ങൾ,
തുലാസ്സുകൾ فَأُولَٰئِكَ എന്നാൽ അക്കൂട്ടർ هُمُ الْمُفْلِحُونَ അവരത്രെ വിജയികൾ

وَمَنْ خَفَّتْ مَوَٰزِينُهُۥ فَأُو۟لَـٰٓئِكَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُم بِمَا كَانُوا۟ بِـَٔايَـٰتِنَا يَظْلِمُونَ ﴿٩﴾

《9》 ആരുടെ തൂക്കങ്ങൾ ലഘുവായോ അക്കൂട്ടർതന്നെയാണ് തങ്ങളെത്തന്നെ നഷ്ടപ്പെടുത്തിയവർ; (അതെ) നമ്മുടെ ദൃഷ്ടാന്തങ്ങളോട് അവർ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു നിമിത്തം.

《9》 وَمَنْ ആർ, ഏതൊരുവൻ خَفَّتْ ലഘുവായി مَوَازِينُهُ അവന്റെ തൂക്കങ്ങൾ فَأُولَٰئِكَ എന്നാൽ അക്കൂട്ടർ الَّذِينَ خَسِرُوا നഷ്ടപ്പെടുത്തിയവരാണ്, നഷ്ടപെട്ടവരാണ് أَنفُسَهُمْ തങ്ങളുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ بِمَا كَانُوا അവരായിരുന്നത് നിമിത്തം بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെക്കൊണ്ട്, ദൃഷ്ടാന്തങ്ങളോട് يَظْلِمُونَ അവർ അക്രമം പ്രവർത്തിക്കും

ഖിയാമത്തു നാളിൽ എല്ലാവരുടെയും കർമങ്ങൾ തൂക്കിക്കണക്കാക്കപെടുമെന്നും, നന്മക്ക് മുൻതൂക്കമുള്ളവർ വിജയികളും, പിൻതൂക്കമുള്ളവർ നഷ്ടക്കാരുമായിരിക്കുമെന്നും ക്വുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചുകാണാം. ഒരു സ്ഥലത്ത് പറയുന്നു:

وَنَضَعُ الْمَوَازِينَ الْقِسْطَ لِيَوْمِ الْقِيَامَةِ فَلَا تُظْلَمُ نَفْسٌ شَيْئًا وَإِن كَانَ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ أَتَيْنَا بِهَا

(സാരം: ഖിയാമത്ത് നാളിൽ നീതിമുറയുള്ള തുലാസുകളെ നാം സ്ഥാപിക്കും. അതിനാൽ, ഒരാളോടും യാതൊരു അനീതിയും ചെയ്യപ്പെടുകയില്ല. ഒരു കടുകുമണിത്തൂക്കമായിരുന്നാലും നാമത് കൊണ്ട് വരുന്നതാണ് (സൂ: അൻബിയാഉ്:47).

എന്നാൽ കർമങ്ങളെ തൂക്കുന്ന ഈ തുലാസിനെയും, അതിന്റെ തൂക്കത്തെയും സംബന്ധിച്ച് -പരലോകത്തെ മറ്റെല്ലാ വസ്തുക്കളെയും പോലെത്തന്നെ- അത് എപ്രകാരത്തിലുള്ളതായിരിക്കുമെന്ന് നമുക്ക് തിട്ടപ്പെടുത്തുവാൻ സാധ്യമല്ല. ഭൗതിക പ്രകൃതിയിൽനിന്ന് തികച്ചും വ്യത്യസ്തമായ പ്രകൃതി ചട്ടങ്ങളാണ് പരലോകത്തിലുള്ളതെന്നും അല്ലാഹു സർവശക്തനും സർവ്വജ്ഞനുമാണെന്നും, അല്ലാഹുവും അവന്റെ റസൂലും പറയുന്നതെല്ലാം സത്യമായിരിക്കുമെന്നും വിശ്വാസമുള്ളവരെ സംബന്ധിച്ചിടത്തോളം അതിൽ വല്ല സംശയത്തിനോ, അത്ഭുതത്തിനോ അവകാശമില്ല. മനുഷ്യബുദ്ധിക്കോ, ഭൗതിക ശാസ്ത്രങ്ങൾക്കോ രൂപപ്പെടുത്തുവാൻ കഴിയാത്തതാണത്. പദാർത്ഥങ്ങളല്ലാതെ -കർമങ്ങൾ- എങ്ങിനെ തൂക്കിക്കണക്കാക്കുമെന്നു മനസ്സിൽ രൂപപ്പെടുത്തുവാൻ കഴിയായ്ക നിമിത്തം ചില ആളുകൾ ഇതിന് അവരുടെ വകയായ ചില വ്യാഖ്യാനങ്ങൾ നൽകി തൃപ്തി അടയുകയുണ്ടായിട്ടുണ്ട്. തുലാസ്സുകൊണ്ടുദ്ദേശ്യം അല്ലാഹുവിന്റെ നീതിയാണെന്നും, തൂക്കൽകൊണ്ടുദ്ദേശ്യം നീതിപാലിക്കലാണെന്നും ചിലർ പറയുമ്പോൾ, വേറെ ചിലർ പറയുന്നത് മലക്കുകളാൽ എഴുതി രേഖപ്പെടുത്തപെട്ട കർമരേഖകളായിരിക്കും തൂക്കപ്പെടുക എന്നാകുന്നു. മറ്റു ചിലർക്ക് അവരുടേതായ വേറെ ചില വ്യാഖ്യാനങ്ങളും പറയുവാനുണ്ട്.

ഇന്നത്തെ ശാസ്ത്രീയ നേട്ടങ്ങളും, അളവും, തൂക്കവും കണക്കാക്കുവാൻ നിലവിലുള്ള ശാസ്ത്രീയമായ പലതരം മാപിനി യന്ത്രങ്ങളും നോക്കുമ്പോൾ, അത്തരം

വ്യാഖ്യാനങ്ങൾക്കൊന്നും യാതൊരാവശ്യവുമില്ല. ചൂട്, തണുപ്പ്, കാറ്റിന്റെ ഗതിവിഗതികൾ, വൈദ്യുതി, യന്ത്രങ്ങളുടെ പ്രവർത്തന ശക്തി, ഇന്ധനത്തിന്റെ ഊർജ്ജം, ശബ്ദം ആദിയായ മുൻകാലത്ത് ഊഹിക്കുവാൻപോലും കഴിയാതിരുന്ന പലതിന്റെയും അളവ് കണക്കാക്കുവാൻ ഇന്ന് യന്ത്രങ്ങളുണ്ട്. ഇനിയും എന്തെല്ലാം കണ്ടുപിടിക്കപ്പെടുവാനിരിക്കുന്നുവെന്ന് ആർക്കറിയാം?! എന്നിരിക്കെ, ഇതെല്ലാം കണ്ടുപിടിക്കുന്ന മനുഷ്യരെയും, ആ കണ്ടുപിടുത്തങ്ങൾക്കുള്ള അവരുടെ കഴിവിനെയും സാഹചര്യങ്ങളെയും സൃഷ്ടിച്ച സർവ്വശക്തന് മനുഷ്യന്റെ നന്മതിന്മകളാകുന്ന കർമങ്ങളെ തൂക്കിക്കണക്കാക്കുവാനുണ്ടോ വല്ല പ്രയാസവും?! ആലോചിച്ചു നോക്കുക! അപ്പോൾ -മുൻഗാമികളായ മഹാന്മാർ ചെയ്തിരുന്നതുപോലെ- ക്വിയാമത്തുനാളിൽ നന്മതിന്മകളെ തൂക്കുന്ന ഒരു തുലാസ് യഥാർത്ഥത്തിൽ ഉണ്ടെന്നും, അതിനെപ്പറ്റി അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുതന്നതെല്ലാം സത്യമാണെന്നും നമുക്ക് സുദൃഢമായി വിശ്വസിക്കാം. അതിന്റെ രൂപം, വലുപ്പം തുടങ്ങിയ വിശദവിവരങ്ങൾ നമ്മുടെ അറിവിനും അനുമാനത്തിനും അതീതമാകകൊണ്ട് അവയെപ്പറ്റി നമുക്ക് മൗനമവലംബിക്കുകയും ചെയ്യാം. والله الموفق

وَلَقَدْ مَكَّنَّـٰكُمْ فِى ٱلْأَرْضِ وَجَعَلْنَا لَكُمْ فِيهَا مَعَـٰيِشَ ۗ قَلِيلًا مَّا تَشْكُرُونَ ﴿١٠﴾

﴿10﴾ തീർച്ചയായും, നാം നിങ്ങൾക്ക് ഭൂമിയിൽ സൗകര്യപ്പെടുത്തിയിട്ടുണ്ട്; നിങ്ങൾക്ക് അതിൽ നാം (പല) ജീവിത മാർഗങ്ങളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

വളരെ കുറച്ച് (മാത്രം) നിങ്ങൾ നന്ദി ചെയ്യുന്നു!

﴿10﴾ وَلَقَدْ مَكَّنَّاكُمْ തീർച്ചയായും നിങ്ങൾക്ക് നാം സൗകര്യപ്പെടുത്തിയിട്ടുണ്ട് فِي الأَرْضِ ഭൂമിയിൽ وَجَعَلْنَا നാം ആക്കുക (ഏർപ്പെടുത്തുക)യും ചെയ്തിരിക്കുന്നു لَكُمْ നിങ്ങൾക്ക് فِيهَا അതിൽ مَعَايِشَ ജീവിത മാർഗങ്ങളെ قَلِيلًا مَا എത്രയോ (വളരെ) കുറച്ച് تَشْكُرُونَ നിങ്ങൾ നന്ദി കാണിക്കുന്നു

യഥേഷ്ടം വിഹരിക്കുവാനും, ഇഷ്ടപെട്ട ജീവിത മാർഗങ്ങൾ അന്വേഷിച്ചു കണ്ടെത്തുവാനുമുള്ള സൗകര്യങ്ങൾ അല്ലാഹു മനുഷ്യർക്ക് ഈ ഭൂമിയിൽ നൽകിയിട്ടുണ്ട്. എന്നിട്ടും അവർ വേണ്ടത്രയില്ലെങ്കിൽ കഴിവനുസരിച്ചെങ്കിലും നന്ദി കാണിക്കുന്നില്ലെന്നാണ് അല്ലാഹു പറയുന്നത്. അതെ, (അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണിയാൽ അത് നിങ്ങൾ കണക്കാക്കുകയില്ല. നിശ്ചയമായും, മനുഷ്യൻ അക്രമിയും നന്ദികെട്ടവനും തന്നെ وَإِنْ تَعُدُّوا نِعْمَةَ اللهِ لَا تُحْصُوهَا إِنَّ الْإِنْسَانَ لَظَلُومٌ كَفَّارٌ (14:34). മനുഷ്യരുടെ പൊതുനിലയാണ് ഈ വാക്യത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം - 2

وَلَقَدْ خَلَقْنَٰكُمْ ثُمَّ صَوَّرْنَٰكُمْ ثُمَّ قُلْنَا لِلْمَلَٰٓئِكَةِ ٱسْجُدُوا۟ لِـَٔادَمَ فَسَجَدُوٓا۟ إِلَّآ إِبْلِيسَ لَمْ يَكُن مِّنَ ٱلسَّٰجِدِينَ ﴿١١﴾

﴿11﴾ തീർച്ചയായും, നാം നിങ്ങളെ സൃഷ്ടിക്കുകയുണ്ടായി; പിന്നീട് നിങ്ങളെ നാം രൂപപ്പെടുത്തി; പിന്നെ, മലക്കുകളോട് നാം പറഞ്ഞു: 'നിങ്ങൾ ആദമിന്നു 'സുജൂദ്' ചെയ്യുവിൻ'. എന്നിട്ട് അവർ 'സുജൂദ്' ചെയ്തു-ഇബ്ലീസ് ഒഴികെ. അവൻ 'സുജൂദ്' ചെയ്തവരുടെ കൂട്ടത്തിൽ ആയില്ല. [സുജൂദ് ചെയ്തില്ല].

﴿11﴾ وَلَقَدْ തീർച്ചയായും ഉണ്ട് خَلَقْنَاكُمْ നിങ്ങളെ നാം സൃഷ്ടിച്ചു ثُمَّ صَوَّرْنَاكُمْ പിന്നെ നിങ്ങളെ നാം രൂപപ്പെടുത്തി ثُمَّ قُلْنَا പിന്നെ നാം പറഞ്ഞു لِلْمَلَائِكَةِ മലക്കുകളോട് اسْجُدُوا നിങ്ങൾ സുജൂദ് ചെയ്യുവിൻ لِآدَمَ ആദമിന് فَسَجَدُوا എന്നിട്ട് അവർ സുജൂദ് ചെയ്തു إِلا إِبْلِيسَ ഇബ്ലീസ് ഒഴികെ لَمْ يَكُنْ അവൻ ആയില്ല, ആയിരുന്നില്ല مِنَ السَّاجِدِينَ സുജൂദ് ചെയ്ത(ചെയ്യുന്ന)വരിൽ(പെട്ടവൻ)

മനുഷ്യവർഗത്തിന് ഭൂമിയിൽ അല്ലാഹു പല സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുത്ത് അനുഗ്രഹിച്ചതിനെ ഓർമിപ്പിച്ചശേഷം, ഉത്ഭവം മുതൽക്കേ ആ വർഗത്തെ അവൻ ഉൽകൃഷ്ടമാക്കി വെച്ചിട്ടുണ്ടെന്നും, അതോടൊപ്പംതന്നെ, അവന്റെ ഉൽകൃഷ്ടതയിലുള്ള അസൂയ കാരണം അവന്നൊരു ആജീവനാന്ത ശത്രുകൂടി ഉണ്ടെന്നും അല്ലാഹു ഓർമിപ്പിക്കുന്നു.

മനുഷ്യ പിതാവായ ആദം നബി (അ)ക്ക് സുജൂദ് ചെയ്വാൻ മലക്കുകളോട് കൽപിച്ച സംഭവം അൽബക്വറഃ, ഹിജ്ർ, ഇസ്റാഉ്, അൽകഹ്ഫ്, ത്വാഹാ, സ്വാദ് എന്നീ സൂറത്തുകളിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. താരതമ്യേന സ്വാദിലും, ഹിജ്റിലും കൂടുതൽ വിശദീകരണം കാണാമെങ്കിലും അധിക വിശദീകരണം ഈ സൂറത്തിലാണുള്ളത്. ആദ്യം നിങ്ങളെ -അഥവാ മനുഷ്യരെ- സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്തുവെന്ന് പ്രസ്താവിച്ച ശേഷമാണ് 'പിന്നെ നാം മലക്കുകളോട് പറഞ്ഞു (ثُمَّ قُلْنَا لِلْمَلَائِكَةِ) എന്ന് പറഞ്ഞുകൊണ്ടാണ് ആ സംഭവം അല്ലാഹു ഇവിടെ വിവരിക്കുന്നത്. അതുകൊണ്ട് മനുഷ്യരെ സൃഷ്ടിച്ച ശേഷമാണ് ആദം നബി(അ)ക്ക് സുജൂദ് ചെയ്വാനുള്ള കൽപനയുണ്ടായതെന്നു ധരിക്കേണ്ടതില്ല. മനുഷ്യവർഗത്തിന്റെ ആദ്യപിതാവായ ആദം നബി (അ)യെ സൃഷ്ടിച്ചു രൂപപ്പെടുത്തിയ ഉടനെ -മറ്റു മനുഷ്യരൊന്നും സൃഷ്ടിക്കപ്പെടുന്നതിന് മുമ്പായി-ത്തന്നെ നടന്നതാണ് ആ സംഭവമെന്ന് മറ്റു സൂറത്തുകളിൽ നിന്ന് സ്പഷ്ടമാണ്. പൂർവ്വപിതാക്കളിൽ കഴിഞ്ഞുപോയ സംഭവങ്ങളെക്കുറിച്ചു നിലവിലുള്ള ജനങ്ങളോട് പറയുമ്പോൾ, അവരെ അഭിമുഖീകരിച്ചു കൊണ്ട്, അവരിൽ കഴിഞ്ഞതാണെന്നു പ്രത്യക്ഷത്തിൽ തോന്നിയേക്കാവുന്ന രൂപത്തിലുള്ള ശൈലി ഉപയോഗിച്ചുകൊണ്ട് വിവരിക്കുക ഭാഷാ സാഹിത്യങ്ങളിലെ പതിവാകുന്നു. ഈ പതിവ് ക്വുർആനിലും കാണാം. ഉദാഹരണമായി: ക്വുർആൻ അവതരിക്കുന്ന കാലത്തുള്ള

ഇസ്റാഈല്യരെ അഭിമുഖീകരിച്ചുകൊണ്ട് رَفَعْنَا فَوْقَكُمُ الطُّورَ (നിങ്ങളുടെ മീതെ നാം പർവ്വതത്തെ ഉയർത്തി എന്നും) نَجَّيْنَاكُم مِّنْ آلِ فِرْعَوْنَ (നിങ്ങളെ ഫിർഔന്റെ കൂട്ടരിൽ നിന്നു നാം രക്ഷപ്പെടുത്തി) എന്നും മറ്റും ക്വുർആനിൽ സാധാരണ കാണാറുള്ളതാണ്. വാസ്തവത്തിൽ പർവ്വതം ഉയർത്തലും, ഫിർഔനിൽ നിന്നുള്ള രക്ഷപ്പെടുത്തലും വളരെ കാലം മുമ്പ് അവരുടെ പൂർവ്വികന്മാരിൽ കഴിഞ്ഞുപോയ സംഭവങ്ങളാണല്ലോ.

ഈ സുജൂദ് കൊണ്ടുള്ള വിവക്ഷ, അതിന്റെ താൽപര്യം, ആദിയായ വിഷയങ്ങളെപറ്റി അൽബക്വറഃ 34ന്റെയും സ്വാദ് 71-74ന്റെയും വ്യാഖ്യാനത്തിലും മറ്റുമായി ഒന്നിലധികം തവണ വിവരിച്ചിരിക്കകൊണ്ട് ഇവിടെ അതാവർത്തിക്കുന്നില്ല. ഒരു സംഗതി ഇവിടെ പ്രത്യേകം ഓർമിപ്പിക്കുന്നു: ആദം നബി (അ)ക്ക് മലക്കുകൾ സുജൂദ് ചെയ്തത്, ഇബ്ലീസ് അതിന് വിസമ്മതിച്ചത്, അവൻ അതിനെത്തുടർന്ന് മനുഷ്യവർഗത്തിന്റെ ശത്രുവായിത്തീർന്നത്, അവന്റെ ദുർമന്ത്രം കാരണം ആദം (അ) സ്വർഗത്തിൽ നിന്നും ബഹിഷ്കൃതനായി ഭൂവാസം തുടങ്ങിയത് എന്നിവയൊക്കെ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളതാണെന്ന് അവയെ സംബന്ധിച്ച ക്വുർആന്റെ പ്രസ്താവനകളിൽ നിന്ന് പൊതുവെയും, ഈ സൂറത്തിലെ തുടർന്നുള്ള പ്രസ്താവനകളിൽ നിന്ന് വിശേഷിച്ചും ആർക്കും നിസ്സംശയം മനസ്സിലാകുന്നതാണ്. പക്ഷേ, ഹൃദയത്തിൽ ചില വക്ര താൽപര്യങ്ങൾ ഒളിച്ചുവെക്കുകയും അതനുസരിച്ചു ചില മുൻവിധികൾക്കൊപ്പിച്ചു ക്വുർആനെ വ്യാഖ്യാനിക്കുവാൻ ധാർഷ്ട്യം കാണിക്കുകയും ചെയ്യുന്ന ചിലർ, അതൊക്കെ ഉപമാലങ്കാര രൂപത്തിലുള്ള ചില സങ്കൽപ കഥകളാണെന്ന് വരുത്തിത്തീർക്കുവാൻ ശ്രമിച്ചു കാണാം. അതിനെപറ്റി സൂറത്തുൽ ബക്വറഃ 39-ാം ആയത്തിന് ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ ഒരു നിരൂപണം മുമ്പ് നൽകിയിട്ടുണ്ട്.

قَالَ مَا مَنَعَكَ أَلَّا تَسْجُدَ إِذْ أَمَرْتُكَ ۖ

﴾12﴿ അവൻ [അല്ലാഹു] പറഞ്ഞു: 'നിന്നോട് ഞാൻ കൽപിച്ചപ്പോൾ നീ 'സുജൂദ്' ചെയ്യാതിരിക്കുവാൻ (തക്കവണ്ണം) നിന്നെ തടസ്സപെടുത്തിയതെന്താണ്?'

قَالَ أَنَا خَيْرٌ مِّنْهُ خَلَقْتَنِي مِن نَّارٍ وَخَلَقْتَهُۥ مِن طِينٍ ﴿١٢﴾

അവൻ പറഞ്ഞു: 'ഞാൻ അവനെ [ആദമിനെ]ക്കാൾ ഉത്തമനാകുന്നു; എന്നെ നീ അഗ്നിയിൽ നിന്നുസൃഷ്ടിച്ചിരിക്കുന്നു; അവനെ നീ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു [ഇതാണ് തടസ്സം].

﴾12﴿ قَالَ അവൻ പറഞ്ഞു مَا مَنَعَكَ നിന്നെ തടസ്സപ്പെടുത്തിയതെന്ത്, എന്താണ് നിന്നെ മുടക്കിയത് أَلَّا تَسْجُدَ നീ സുജൂദ് ചെയ്യാതിരിക്കുവാൻ إِذْ أَمَرْتُكَ നിന്നോട് ഞാൻ കൽപിച്ചപ്പോൾ, കല്പിച്ച സ്ഥിതിക്ക് قَالَ അവൻ പറഞ്ഞു أَنَا خَيْرٌ ഞാൻ ഉത്തമനാകുന്നു مِّنْهُ

وَخَلَقْتَهُۥ അവനെക്കാൾ خَلَقْتَنِي എന്നെ നീ സൃഷ്ടിച്ചിരിക്കുന്നു مِن نَّارٍ അഗ്നിയിൽ നിന്ന് അവനെ നീ സൃഷ്ടിച്ചിരിക്കുന്നു مِن طِينٍ കളിമണ്ണിൽ നിന്ന്

ഇബ്‌ലീസ് ജിന്ന് വർഗത്തിൽ പെട്ടവനാണ് (18:50). എന്നാലും ആ കൽപന അവനും ബാധകമായിരുന്നു. അവന്റെ അസൂയയും, അഹന്തയും, ധിക്കാരവും അവനെ സുജൂദ് ചെയ്‌വാൻ അനുവദിച്ചില്ല. അവൻ പറഞ്ഞ ന്യായം -തന്നെ തീയിൽ നിന്നും ആദമിനെ മണ്ണിൽ നിന്നും സൃഷ്ടിച്ചതായിരിക്കെ, താൻ ആദമിനെക്കാൾ ഉത്തമനാണെന്നും, അതുകൊണ്ട് താൻ ആദമിന് സുജൂദ് ചെയ്യേണ്ടതില്ലെന്നുമുള്ള വാദം- ശരിയായിരുന്നുവെന്ന് വന്നാൽ തന്നെയും അല്ലാഹുവിന്റെ കൽപന അവൻ അനുസരിക്കേണ്ടതായിരുന്നു. ഏത് മൂലവസ്തുവിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത് എന്നുള്ളതിനെക്കാൾ വസ്തുക്കളുടെ ഗുണവും സവിശേഷതയുമാണ് പരിഗണിക്കപ്പെടേണ്ടതെന്ന് അവൻ ആലോചിച്ചില്ല. അവൻ പറഞ്ഞ ന്യായമനുസരിച്ച് സുജൂദ് ചെയ്യാതിരിക്കുവാൻ അവനെക്കാൾ അർഹത മലക്കുകൾക്കായിരുന്നുവെന്നും അവൻ ആലോചിച്ചില്ല. അവർ പ്രകാശത്താൽ സൃഷ്ടിക്കപെട്ടവരാണല്ലോ.

മനുഷ്യവർഗം മണ്ണിനാലും, ജിന്നു വർഗം തീയിനാലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ക്വുർആനിൽ നിന്ന് വ്യക്തമാണ്. മലക്കുകൾ പ്രകാശത്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ആഇശാ (റ)യിൽ നിന്ന് ഇമാം മുസ്‌ലിം (റ) ഉദ്ധരിച്ച ഒരു ഹദീഥിൽ നബിﷺയും വ്യക്തമാക്കിയിരിക്കുന്നു.

قَالَ فَٱهْبِطْ مِنْهَا فَمَا يَكُونُ لَكَ أَن تَتَكَبَّرَ فِيهَا فَٱخْرُجْ إِنَّكَ مِنَ ٱلصَّـٰغِرِينَ ﴿١٣﴾

﴿13﴾ അവൻ [അല്ലാഹു] പറഞ്ഞു: 'എന്നാൽ ഇതിൽ നിന്ന് നീ ഇറങ്ങിപ്പോകുക! കാരണം, ഇതിൽവെച്ച് അഹംഭാവം നടിക്കുവാൻ നിനക്ക് പാടില്ല. ആകയാൽ, നീ പുറത്തുപോകുക! നിശ്ചയമായും, നീ നിസ്സാരന്മാരിൽ പെട്ടവനാകുന്നു'.

قَالَ أَنظِرْنِىٓ إِلَىٰ يَوْمِ يُبْعَثُونَ ﴿١٤﴾

﴿14﴾ അവൻ പറഞ്ഞു: 'അവർ [മനുഷ്യർ] എഴുന്നേൽപിക്കപ്പെടുന്ന [പുനഃരുത്ഥാന] ദിവസം വരെ എനിക്ക് നീ (അവധി തന്നു) ഒഴിവു നൽകേണമേ!

قَالَ إِنَّكَ مِنَ ٱلْمُنظَرِينَ ﴿١٥﴾

﴿15﴾ അവൻ [അല്ലാഹു] പറഞ്ഞു: 'നിശ്ചയമായും, നീ ഒഴിവ് നൽകപ്പെട്ടവരിൽ പെട്ടവനാണ്'.

﴿13﴾ قَالَ അവൻ പറഞ്ഞു فَٱهْبِطْ എന്നാൽ നീ ഇറങ്ങിപ്പോകുക مِنْهَا ഇതിൽ (ഇവിടത്തിൽ) നിന്ന് فَمَا يَكُونُ എന്നാൽ (കാരണം) ആകുകയില്ല (പാടില്ല) لَكَ നിനക്ക് أَن تَتَكَبَّرَ നീ അഹംഭാവം നടിക്കൽ فِيهَا ഇതിൽ, ഇവിടത്തിൽ فَٱخْرُجْ അതിനാൽ നീ

പുറത്തു പോകുക إِنَّكَ നിശ്ചയമായും നീ مِنَ الصَّاغِرِينَ ചെറിയവരി (നിസ്സാരന്മാരി)ൽ പെട്ടവനാണ് ﴾14﴿ قَالَ അവൻ പറഞ്ഞു أَنظِرْنِي എന്നെ നീ കാത്തുവെച്ചു (ഒഴിവാക്കി) തരേണമേ, അവധി നൽകേണമേ إِلَىٰ يَوْمِ ദിവസംവരെ يُبْعَثُونَ അവർ എഴുന്നേൽപി ക്കപ്പെടുന്ന ﴾15﴿ قَالَ അവൻ പറഞ്ഞു إِنَّكَ നിശ്ചയമായും നീ مِنَ الْمُنظَرِينَ കാത്തു വെക്ക (ഒഴിവാക്ക)പ്പെട്ടവരിൽപെട്ട(വനാണ്)

ഇബ്‌ലീസിന്റെ അഹന്ത നിമിത്തം അവനോട് സ്വർഗത്തിൽ നിന്ന് പുറത്തുപോകുവാൻ അല്ലാഹു കൽപിച്ചു. ഇപ്പോഴെങ്കിലും അവനു ഖേദം തോന്നുകയുണ്ടായില്ല. മനുഷ്യരുടെ ജീവിതം അവസാനിച്ചു ക്വിയാമത്തുനാളിൽ അവർ രണ്ടാമത് ജീവിപ്പിക്കപ്പെടുന്നതുവരെ തനിക്ക് ആയുഷ്ക്കാലം നീട്ടിത്തരണമെന്ന് അപേക്ഷിക്കുകയാണ് ചെയ്തത്. ഇതിന്റെ ആവശ്യം സ്പഷ്ടമാണ്; മനുഷ്യവർഗം നിലനിൽക്കുന്ന കാലത്തോളം അവരെ വഞ്ചിക്കുവാനും, വഴിപിഴപ്പിക്കുവാനും തനിക്ക് അവസരം ഉണ്ടാവണം. അതോടുകൂടി, രണ്ടാമത്തെ ജീവിതത്തിനുശേഷം പിന്നീട് ആർക്കും മരണമില്ലാത്ത സ്ഥിതിക്ക് മരണത്തിൽ നിന്ന് തനിക്ക് രക്ഷ പ്രാപിക്കുകയും ചെയ്യാമെന്ന് അവൻ കരുതിയിരിക്കാം فَاهْبِطْ مِنْهَا (ഇതിൽ നിന്നു ഇറങ്ങിപ്പോകുക) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം സ്വർഗത്തിൽ നിന്ന് എന്നോ, ആകാശത്തിൽ നിന്ന് എന്നോ, മലക്കുകളുടെ കൂട്ടത്തിൽ നിന്ന് എന്നോ ആയിരിക്കാവുന്നതാകുന്നു. الله اعلم

ഒഴിവ് കൊടുക്കുവാനുള്ള ഇബ്‌ലീസിന്റെ അപേക്ഷ അല്ലാഹു സ്വീകരിച്ചു. ഏത് കാലം വരെയാണ് ഒഴിവ് കൊടുത്തതെന്ന് ഇവിടെ അല്ലാഹു വ്യക്തമാക്കിയിട്ടില്ല. എന്നാൽ, സൂ: ഹിജ്റിലും, സൂ: സ്വാദിലും فَإِنَّكَ مِنَ الْمُنظَرِينَ إِلَىٰ يَوْمِ الْوَقْتِ الْمَعْلُومِ (അറിയപ്പെട്ട സമയത്തിന്റെ ദിവസംവരെ നീ ഒഴിവ് നൽകപ്പെട്ടവനാകുന്നു) എന്നാണ് പറഞ്ഞിരിക്കുന്നത്. ഒന്നാമത്തെ കാഹളമൂത്തിനെത്തുടർന്ന് സൃഷ്ടികളെല്ലാം നാശമടയുന്ന ദിവസം വരെ എന്നുദ്ദേശ്യം. അവൻ ചോദിച്ചതാകട്ടെ, -പല ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നതുപോലെ- രണ്ടാമത്തെ കാഹളം ഊത്തിനെത്തുടർന്നുണ്ടാകുന്ന പുനഃരുത്ഥാന ദിവസംവരെ എന്നായിരുന്നു. അവന്റെ മുഴുവൻ അപേക്ഷയും സ്വീകരിക്കപ്പെട്ടില്ലെങ്കിലും ഒന്നാമത്തെ ആവശ്യം -മനുഷ്യനുള്ള കാലംവരെ അവനെ വഞ്ചിക്കുവാനുള്ള അവസരം- അവനു സാധിച്ചുകിട്ടി. അല്ലാഹു കണ്ടുവെച്ച അതിമഹത്തായ ഒരു യുക്തി രഹസ്യമത്രെ അത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം, അവന്റെ വിജയത്തിനും പുരോഗതിക്കും അനുകൂലമായ സാഹചര്യങ്ങൾ മാത്രമാണ് നിലവിലുള്ളതെങ്കിൽ, മനുഷ്യജീവിതം കേവലം യാന്ത്രികമായിരിക്കും. നേരെമറിച്ച് കനത്ത പ്രതികൂല ശക്തി ഉണ്ടായിരിക്കുകയും, അതിനോട് മല്ലിട്ടുകൊണ്ട് മുന്നേറുകയും ചെയ്യുമ്പോഴായിരിക്കും അത് മനുഷ്യന്റെ യഥാർത്ഥ പുരോഗതിയും സാക്ഷാൽ വിജയവുമായിത്തീരുന്നത്. അല്ലാഹു ഇബ്‌ലീസിന് ആയുഷ്ക്കാലം നീട്ടിക്കൊടുത്തപ്പോൾ അവൻ പറഞ്ഞത് നോക്കുക:

قَالَ فَبِمَآ أَغْوَيْتَنِى

﴾16﴿ അവൻ [ഇബ്‌ലീസ്] പറഞ്ഞു: 'എന്നാൽ, നീ എന്നെ വഴിപിഴവിലാക്കിയിരിക്കകൊണ്ട്,

لَأَقْعُدَنَّ لَهُمْ صِرَٰطَكَ ٱلْمُسْتَقِيمَ ﴿١٦﴾

തീർച്ചയായും, നിന്റെ ചൊവ്വായ പാതയിൽ അവർക്കായി ഞാൻ (കാത്ത്) ഇരിക്കുക തന്നെ ചെയ്യും.

ثُمَّ لَءَاتِيَنَّهُم مِّنۢ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمَـٰنِهِمْ وَعَن شَمَآئِلِهِمْ ۖ وَلَا تَجِدُ أَكْثَرَهُمْ شَـٰكِرِينَ ﴿١٧﴾

《17》 പിന്നെ, അവരുടെ മുമ്പിലൂടെയും, അവരുടെ പിമ്പിലൂടെയും, അവരുടെ വലഭാഗത്തുനിന്നും അവരുടെ ഇടഭാഗത്തുനിന്നും ഞാൻ അവരുടെ അടുക്കൽ ചെല്ലുക തന്നെ ചെയ്യും; അവരിൽ അധികമാളെയും നന്ദി കാണിക്കുന്നവരായി നീ കണ്ടെത്തുന്നതുമല്ല.

《16》 قَالَ അവൻ പറഞ്ഞു فَبِمَآ أَغْوَيْتَنِي എന്നാൽ നീ എന്നെ വഴിപിഴവിലാക്കിയ (വഴി തെറ്റിയവനാക്കിയ)തുകൊണ്ട് لَأَقْعُدَنَّ തീർച്ചയായും ഞാൻ ഇരിക്കുക തന്നെ ചെയ്യും لَهُمْ അവർക്കുവേണ്ടി, അവർക്കായി صِرَٰطَكَ നിന്റെ പാതയിൽ ٱلْمُسْتَقِيمَ ചൊവ്വായ 《17》 ثُمَّ പിന്നെ لَءَاتِيَنَّهُم ഞാൻ അവരുടെ അടുക്കൽ ചെല്ലുക തന്നെ ചെയ്യും مِّنۢ بَيْنِ أَيْدِيهِمْ അവരുടെ കൈകൾക്കിടയിലൂടെ (മുമ്പിലൂടെ) وَمِنْ خَلْفِهِمْ അവരുടെ പിമ്പിലൂടെയും وَعَنْ أَيْمَـٰنِهِمْ അവരുടെ വലതുകളിലായും, വലവശത്തും وَعَن شَمَآئِلِهِمْ അവരുടെ ഇടതുകളിലായും, ഇടവശത്തും وَلَا تَجِدُ നീ കണ്ടെത്തുകയുമില്ല (കാണുകയുമില്ല) أَكْثَرَهُمْ അവരിൽ അധികമാളുകളെ شَـٰكِرِينَ നന്ദി കാണിക്കുന്നവരായിട്ട്

ഈ മനുഷ്യവർഗത്തിന്റെ കാരണം കൊണ്ടാണല്ലോ എന്നെ നീ വഴി തെറ്റിയവനാക്കി നിശ്ചയിച്ചത്. അതിനാൽ, നിന്റെ നേരായ മാർഗത്തിൽ ചരിക്കുവാൻ അവരെ അനുവദിക്കാതെ, അവരെ വഴിപിഴപ്പിക്കുവാൻ ഞാൻ തക്കം പാർത്തുകൊണ്ടേയിരിക്കും. നാനാ പ്രകാരേണയും, വിവിധ മാർഗങ്ങൾ ഉപയോഗിച്ചും അവരെ ഞാൻ വഞ്ചിച്ചുകൊണ്ടിരിക്കും. അങ്ങനെ, ഭൂരിഭാഗം മനുഷ്യരെയും നിന്നോട് നന്ദിയും കൂറുമില്ലാത്തവരായിട്ടേ കാണുകയുള്ളൂ എന്നൊക്കെയാണ് ആ ശപിക്കപ്പെട്ടവൻ പറയുന്നത്. അല്ലാഹുവിനോടുള്ള നന്ദികേടിൽ നിന്നാണല്ലോ എല്ലാ അവിശ്വാസവും ദുർമാർഗവും ഉടലെടുക്കുന്നത്.

മുമ്പിലൂടെയും, പിമ്പിലൂടെയും, വലത്തും ഇടത്തും ഭാഗങ്ങളിലൂടെയും ചെല്ലുമെന്നു പറഞ്ഞതിന്റെ താൽപര്യം, അവരെ വഞ്ചിക്കുവാൻ സാധ്യമാകുന്ന എല്ലാ മാർഗങ്ങളിലൂടെയും അവരെ ഞാൻ സമീപിക്കും എന്നത്രെ. വ്യാമോഹം ജനിപ്പിക്കുക, വാഗ്ദാനങ്ങളും ഭീഷണികളും നൽകുക, ചീത്ത കാര്യങ്ങളെ ഭംഗിയാക്കിത്തോന്നിക്കുക, നല്ലതിനെ ചീത്തയായി ചിത്രീകരിച്ചുകൊടുക്കുക, ഭൗതിക സുഖസൗകര്യങ്ങളിൽ അമിതമായ താൽപര്യമുളവാക്കുക ആദിയായ പലതുമാണ് അതിനവൻ ഉപയോഗപ്പെടുത്തുന്ന മാർഗങ്ങൾ (നിസാഉ് 118-120; ഹിജ്ർ 39 മുതലായവ നോക്കുക). ഇബ്‌ലീസിന്റെ

ഈ വീരവാദത്തെ അല്ലാഹു നിഷേധിക്കുകയോ ഖണ്ഡിക്കുകയോ ചെയ്തില്ല. പക്ഷേ, എന്റെ നിഷ്കളങ്കരായ അടിയാന്മാരെ വഴിപിഴപ്പിക്കുവാൻ നിനക്ക് സാധിക്കുകയില്ലെന്നും, നിന്നെ പിൻപറ്റുന്ന ദുർമാർഗികളെ മാത്രമേ നിനക്ക് പിഴപ്പിക്കുവാൻ കഴിയുകയുള്ളൂവെന്നും തീർത്തു പറയുകയാണ് അല്ലാഹു ചെയ്തത് (ഹിജ്ർ 42).

قَالَ ٱخْرُجْ مِنْهَا مَذْءُومًا مَّدْحُورًا ۖ لَّمَن تَبِعَكَ مِنْهُمْ لَأَمْلَأَنَّ جَهَنَّمَ مِنكُمْ أَجْمَعِينَ ﴿١٨﴾

﴾18﴿ അവൻ [അല്ലാഹു] പറഞ്ഞു: 'അപമാനിക്കപ്പെട്ടവനും, ആട്ടപ്പെട്ടവനുമായിക്കൊണ്ട് ഇവിടത്തിൽ നിന്നു നീ പുറത്തുപോകുക!

തീർച്ചയായും, അവരിൽ [മനുഷ്യരിൽ] നിന്നു നിന്നെ ആർ പിൻപറ്റിയോ നിങ്ങളെ [നിന്നെയും അവരെയും] എല്ലാവരെയും കൊണ്ട് ഞാൻ 'ജഹന്നം' [നരകം] നിറക്കുക തന്നെ ചെയ്യും'.

وَيَٰٓـَٔادَمُ ٱسْكُنْ أَنتَ وَزَوْجُكَ ٱلْجَنَّةَ فَكُلَا مِنْ حَيْثُ شِئْتُمَا وَلَا تَقْرَبَا هَٰذِهِ ٱلشَّجَرَةَ فَتَكُونَا مِنَ ٱلظَّٰلِمِينَ ﴿١٩﴾

﴾19﴿ 'ആദമേ നീയും, നിന്റെ ഇണ [ഭാര്യ]യും സ്വർഗത്തിൽ താമസിച്ചുകൊള്ളുവിൻ; എന്നിട്ട്, നിങ്ങൾ രണ്ടുപേരും നിങ്ങൾ ഉദ്ദേശിക്കുന്നേടത്തു നിന്നു തിന്നുകൊള്ളുക; ഈ (ഒരു) വൃക്ഷത്തെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്; എന്നാൽ, നിങ്ങൾ രണ്ടുപേരും അക്രമികളിൽപെട്ടവരായിത്തീരും'.

﴾18﴿ قَالَ അവൻ പറഞ്ഞു اخْرُجْ നീ പുറത്തുപോകുക مِنْهَا ഇതിൽ (ഇവിടത്തിൽ) നിന്ന് مَذْءُومًا അപമാനിക്കപ്പെട്ടവനായി, ആക്ഷേപിക്കപ്പെട്ടവനായിട്ട് مَدْحُورًا ആട്ടപ്പെട്ടവനായി لَمَنْ തീർച്ചയായും ആർ تَبِعَكَ നിന്നെ തുടർന്നു, പിൻപറ്റി مِنْهُمْ അവരിൽ നിന്ന് لَأَمْلَأَنَّ നിശ്ചയമായും നാം നിറക്കുക തന്നെ ചെയ്യും جَهَنَّمَ ജഹന്നമിനെ, നരകത്തെ مِنْكُمْ നിങ്ങളാൽ (നിങ്ങളെക്കൊണ്ട്) أَجْمَعِينَ എല്ലാവരെയും ﴾19﴿ وَيَا آدَمُ ആദമേ اسْكُنْ നീ താമസിക്കുക, പാർക്കുക أَنْتَ നീ(യും) وَزَوْجُكَ നിന്റെ ഇണ(ഭാര്യ)യും الْجَنَّةَ സ്വർഗത്തിൽ فَكُلَا എന്നിട്ട് നിങ്ങൾ രണ്ടുപേരും തിന്നുകൊള്ളുക مِنْ حَيْثُ ഇടത്തിൽനിന്നു, വിധേന شِئْتُمَا നിങ്ങൾ ഉദ്ദേശിച്ച وَلَا تَقْرَبَا നിങ്ങൾ രണ്ടുപേരും സമീപിക്കയും ചെയ്യരുത് هَٰذِهِ الشَّجَرَةَ ഈ വൃക്ഷത്തെ فَتَكُونَا എന്നാൽ നിങ്ങൾ ആയിത്തീരും مِنَ الظَّالِمِينَ അക്രമികളിൽപെട്ട(വർ)

ഇബ്ലീസിനെ അല്ലാഹു സ്വർഗത്തിൽ നിന്ന് പുറത്താക്കി. ആദം നബി (അ)യോടും, ഭാര്യ ഹവ്വാഉ് (അ)നോടും സ്വർഗത്തിൽ യഥേഷ്ടം ഭക്ഷിച്ചും സുഖിച്ചും താമസിച്ചു കൊള്ളുവാൻ കൽപിക്കുകയും ചെയ്തു. ഈ സ്വർഗം (الْجَنَّة) കൊണ്ടുദ്ദേശ്യം, സജ്ജനങ്ങൾക്ക് പരലോകത്ത് വെച്ച് പ്രതിഫലമായി നൽകപ്പെടുന്ന അതേ സ്വർഗംതന്നെയാണോ, മറ്റു വല്ല സ്വർഗവുമായിരുന്നുവോ? നമുക്കറിഞ്ഞുകൂടാ. അത് ക്വുർആനിലും ഹദീഥിലും വ്യക്തമാക്കപ്പെട്ടുകാണുന്നില്ല. അതറിഞ്ഞതുകൊണ്ട് പ്രത്യേകം പ്രയോജനമില്ല. جَنَّة (ജന്നത്ത്) എന്ന വാക്കിന്റെ ഭാഷാർത്ഥം 'തോട്ടം' അല്ലെങ്കിൽ 'തോപ്പ്' എന്നാണെന്നുവെച്ച് -ചില ആളുകൾ പറയുന്നതുപോലെ- അത് ഭൂമിയിലെവിടെയോ ഉള്ള ഒരു തോട്ടമായിരുന്നുവെന്നുവെക്കുവാൻ നിവൃത്തിയില്ല. കാരണം, അവിടെ വിശപ്പുണ്ടാകുകയില്ല; നഗ്നത വെളിപ്പെടുകയില്ല; ദാഹമുണ്ടാവുകയില്ല; വെയിൽ കൊള്ളുകയില്ല എന്നൊക്കെ ആദം (അ)നോട് അല്ലാഹു പറഞ്ഞതായി സൂ: ത്വാഹാ 118, 119ൽ വന്നിരിക്കുന്നു. കൂടാതെ, അവരോട് സ്വർഗത്തിൽ നിന്ന് ഇറങ്ങിപ്പോകുവാൻ കൽപിച്ചപ്പോൾ, നിങ്ങൾക്ക് ഭൂമിയിൽ താമസിക്കുകയും ഉപയോഗമെടുക്കുകയും ചെയ്യാമെന്നു അല്ലാഹു അറിയിച്ചതായി താഴെ 24-ാം വചനത്തിൽ വരുന്നുമുണ്ട്. അപ്പോൾ, ഈ 'സ്വർഗം' ഭൂമിയിൽ തന്നെയുള്ള 'സ്വർഗമായ ഒരു തോട്ട'മായിരിക്കുവാൻ തരമില്ലല്ലോ.

ആദം നബി(അ)ക്ക് മലക്കുകൾ ചെയ്ത ഈ സുജൂദിന്റെ സംഭവം ബൈബ്ളിൽ പ്രസ്താവിക്കപെട്ടിട്ടില്ല. പക്ഷേ, ഏറെക്കുറെ വ്യത്യസ്തമായ രൂപത്തിലാണെങ്കിലും പിശാചിന്റെ ദുർമന്ത്രത്തിന് വഴങ്ങി ആദമും ഹവ്വാഉം (അ) വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം ഭുജിച്ച സംഭവം അതിൽ വിവരിച്ചിട്ടുണ്ട്. 'ദൈവം കിഴക്ക് ഏദേനിൽ ഒരു തോട്ടം ഉണ്ടാക്കി അതിലാണ് ആദമിനെ താമസിപ്പിച്ചത്' എന്ന് അതിൽ പറയുന്നു (ഉൽപത്തി: 2ൽ9). ഈ വാക്കിനെ ആസ്പദമാക്കിയായിരിക്കാം ചിലർ, അറബിക്കടലും ചെങ്കടലും കൂടിച്ചേരുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 'അദ്ൻ' (عدن-ഏഡൻ) ആയിരുന്നു അതെന്നു അഭിപ്രായപെട്ടത്. ബൈബ്ൾ പറഞ്ഞ ഏദൻ തോട്ടത്തെപറ്റി 'വേദപുസ്തക നിഘണ്ടു' പറഞ്ഞതിന്റെ ചുരുക്കം: 'അത് എവിടെയായിരുന്നുവെന്ന് ഇതുവരെയും, ഒരു എത്തും പിടിയും കിട്ടിയിട്ടില്ല; പലരും അവരുടെ ഇഷ്ടംപോലെ ഇതിനെ വിവരിച്ചിട്ടുണ്ട്; പുതിയ നിയമത്തിൽ ആ വാക്കില്ലെങ്കിലും പറുദീസാ (فردوس-ഫിർദൗസ്) എന്ന വാക്ക് ഏദേനെ സംബന്ധിച്ച ആശയത്തിൽ നിന്നാണ് അതിൽ വന്നിരിക്കുന്നത്' (പേ: 71) എന്നൊക്കെയാകുന്നു. അതേ സമയത്ത് സ്വർഗത്തെപറ്റി 'അദൻ' എന്നും, 'ഫിർദൗസ്' എന്നും (جنات عدن ، جنات الفردوس) ക്വുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിക്കപെട്ടിട്ടുണ്ട് എന്നുള്ളതും പ്രസ്താവ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, അത് ഭൂമിയിലുള്ള ഒരു തോട്ടമായിരുന്നില്ലെന്ന് പറയുവാനേ നിവൃത്തിയുള്ളൂ. الله اعلم

ഏതായാലും സ്വർഗത്തിൽ താമസിച്ചുകൊള്ളുവാനും, യഥേഷ്ടം എവിടെനിന്നും ഭുജിച്ചുകൊള്ളുവാനും ആദം നബി (അ)ക്ക് അനുവദിച്ചുകൊടുത്തപ്പോൾ അല്ലാഹു ഒരു നിബന്ധനവെച്ചു. ഒരു നിശ്ചിത വൃക്ഷത്തെ സമീപിക്കരുത് -അഥവാ അതിന്റെ ഫലം ഭുജിക്കരുത്- എന്നായിരുന്നു ആ നിബന്ധന. മനുഷ്യവർഗത്തെക്കൊണ്ട് അല്ലാഹു ഉദ്ദേശിച്ചുവെച്ച മഹത്തായ ഒരു ലക്ഷ്യത്തിന്റെ നാന്ദി കുറിക്കുന്നതായിരുന്നു ആ കൽപനയെന്ന് തുടർന്നുള്ള നടപടികളിൽ നിന്ന് മനസ്സിലാകുന്നു. ഇബ്ലീസാകട്ടെ, താൻ പ്രതിജ്ഞയെടുത്ത കൃത്യങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തി.

فَوَسْوَسَ لَهُمَا ٱلشَّيْطَٰنُ لِيُبْدِىَ لَهُمَا مَا وُۥرِىَ عَنْهُمَا مِن سَوْءَٰتِهِمَا

﴾20﴿ എന്നിട്ട്, അവർ രണ്ടു പേർക്കും മറക്കപ്പെട്ടിരുന്ന അവരുടെ നഗ്നത അവർക്ക് വെളിവാക്കുവാനായി പിശാച് അവരോട് ദുർമന്ത്രണം നടത്തി;

وَقَالَ مَا نَهَىٰكُمَا رَبُّكُمَا عَنْ هَٰذِهِ ٱلشَّجَرَةِ إِلَّآ أَن تَكُونَا مَلَكَيْنِ أَوْ تَكُونَا مِنَ ٱلْخَٰلِدِينَ ﴿٢٠﴾

അവൻ പറയുകയും ചെയ്തു: 'നിങ്ങളുടെ രണ്ടാളുടെയും റബ്ബ് നിങ്ങളോട് ഈ വൃക്ഷത്തെക്കുറിച്ച് വിരോധിച്ചിട്ടില്ല, നിങ്ങൾ രണ്ടുപേരും മലക്കുകൾ ആയിത്തീരുകയോ, അല്ലെങ്കിൽ നിങ്ങൾ ശാശ്വതവാസികളിൽപെട്ടവരായിത്തീരുകയോ ചെയ്യുമെന്നതിനാൽ അല്ലാതെ'.

وَقَاسَمَهُمَآ إِنِّى لَكُمَا لَمِنَ ٱلنَّٰصِحِينَ ﴿٢١﴾

﴾21﴿ അവൻ അവരോട് സത്യം ചെയ്തു പറയുകയും ചെയ്തു: നിശ്ചയമായും, ഞാൻ നിങ്ങൾ രണ്ടാൾക്കും ഗുണകാംക്ഷികളിൽപെട്ടവൻ തന്നെയാണെന്ന്.

﴾20﴿ فَوَسْوَسَ എന്നിട്ടു ദുർമന്ത്രണം നടത്തി لَهُمَا അവർ രണ്ടാളോടും الشَّيْطَانُ പിശാച് لِيُبْدِيَ അവൻ വെളിവാക്കുവാൻവേണ്ടി لَهُمَا അവർക്ക് രണ്ടാൾക്കും مَا وُورِيَ മറക്ക (മൂടിവെക്ക)പ്പെട്ടത് عَنْهُمَا അവരിൽ നിന്ന്, അവർക്ക് مِنْ سَوْآتِهِمَا അവരുടെ നഗ്നതയിൽ നിന്ന് وَقَالَ അവൻ പറയുകയും ചെയ്തു مَا نَهَاكُمَا നിങ്ങളെ രണ്ടാളെയും വിരോധിച്ചിട്ടില്ല رَبُّكُمَا നിങ്ങളുടെ റബ്ബ് عَنْ هَٰذِهِ الشَّجَرَةِ ഈ വൃക്ഷത്തിൽ നിന്ന്, മരത്തെപറ്റി إِلَّا أَنْ تَكُونَا നിങ്ങൾ ആകുന്നതിനാലല്ലാതെ, ആയിത്തീരുമെന്നതുകൊണ്ടല്ലാതെ مَلَكَيْنِ രണ്ടു മലക്കുകൾ أَوْ تَكُونَا അല്ലെങ്കിൽ നിങ്ങൾ ആയിത്തീരുമെന്നതിനാൽ مِنَ الْخَالِدِينَ ശാശ്വതന്മാരിൽ, നിത്യവാസികളിൽപെട്ട(വർ) ﴾21﴿ وَقَاسَمَهُمَا അവൻ അവരോട് സത്യംചെയ്തു കാട്ടുക(പറയുക)യും ചെയ്തു إِنِّي നിശ്ചയമായും ഞാൻ لَكُمَا നിങ്ങൾ രണ്ടാൾക്കും لَمِنَ النَّاصِحِينَ ഗുണകാംക്ഷികളിൽപെട്ട(വൻ)തന്നെ.

വിരോധിക്കപെട്ട വൃക്ഷം ഏതായിരുന്നു? അതിൽനിന്ന് ഭുജിച്ചത് നിമിത്തം അവരുടെ നഗ്നത എങ്ങനെ വെളിവായി? അതുവരെ അതു മറക്കുവാൻ അവർക്ക് വല്ല വസ്ത്രവും ഉണ്ടായിരുന്നുവോ? ഇതൊന്നും ഉറപ്പിച്ചുപറയത്തക്ക തെളിവുകളില്ല. എങ്കിലും ആദമിനും, ഹവ്വാഇനും (അ) പ്രകാശംകൊണ്ടുള്ള ഒരുതരം സ്വർഗീയ വസ്ത്ര

മുണ്ടായിരുന്നവെന്നും, വൃക്ഷത്തിൽ നിന്നും ഭുജിച്ചതോടെ അത് നീങ്ങിപ്പോയെന്നും വഹബുബ്നു മുനബ്ബഹ് (റ) പറഞ്ഞതായി ഇബ്നു ജരീർ, തിർമിദീ (റ) മുതലായവർ ഉദ്ധരിച്ചിരിക്കുന്നു. മറ്റുള്ളവർ കാണുന്നത് ലജ്ജയും അനിഷ്ടവുമായി കരുതപ്പെടുന്നതിനെല്ലാം سوأة എന്നു പറയപ്പെടും. ആദം (അ)ന്റെ ഒരു പുത്രൻ തന്റെ സഹോദരനെ കൊലപ്പെടുത്തിയ സംഭവം വിവരിച്ചപ്പോൾ, കൊല്ലപ്പെട്ട മൃതദേഹത്തെ ഉദ്ദേശിച്ച് അവന്റെ സഹോദരന്റെ سوأة എന്നു സൂ: മാഇദഃ:34ൽ പറഞ്ഞതുപോലെ ഈ അർത്ഥത്തിലാണ് ഇവിടെ سَوْآتِهِمَا എന്നു പറഞ്ഞത് അവരുടെ ഗുഹ്യസ്ഥാനത്തെ -അഥവാ നഗ്നതയെ- ഉദ്ദേശിച്ചാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നത്.

അവരുടെ നഗ്നത വെളിപ്പെടുത്തുവാൻ വേണ്ടി പിശാച് ദുർമന്ത്രണം നടത്തി (فَوَسْوَسَ لَهُمَا الشَّيْطَانُ لِيُبْدِيَ لَهُمَا مَا وُورِيَ عَنْهُمَا مِن سَوْآتِهِمَا) എന്നുപറഞ്ഞതിന്റെ താൽപര്യം, അവന്റെ ദുർമന്ത്രണത്തിന്റെ ഫലമായി അത് വെളിപ്പെട്ടു എന്നായിരിക്കും. അല്ലെങ്കിൽ, അല്ലാഹുവിന്റെ കൽപനക്കെതിരായി ആ വൃക്ഷത്തിൽ നിന്ന് ഭുജിച്ചാൽ ഗുഹ്യസ്ഥാനം വെളിപ്പെടുമെന്ന് പിശാചിന് അറിയാമായിരുന്നുവെന്നും, അങ്ങിനെ വെളിപ്പെടുവാൻ വേണ്ടി അവനത് ചെയ്തുവെന്നുമായിരിക്കാം. (അല്ലാഹുവിനറിയാം) ഈ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചാൽ നിങ്ങൾ മലക്കുകളോ ശാശ്വത ജീവികളോ ആയിത്തീരുമെന്ന് (تَكُونَا مَلَكَيْنِ أَوْ تَكُونَا مِنَ الْخَالِدِينَ)(പറഞ്ഞുകൊണ്ടാണ് ഇബ്ലീസ് അവരെ വഞ്ചിച്ചത്.

മലക്കുകൾക്കാണ് മനുഷ്യരെക്കാൾ ശ്രേഷ്ഠതയുള്ളതെന്ന അഭിപ്രായക്കാർ -ഇവരിൽ അധികവും മുഅ്തസിലഃ കക്ഷിക്കാരാണുള്ളത്- ഈ വസ്തുത തങ്ങളുടെ വാദത്തിന് തെളിവായി എടുക്കാറുണ്ട്. നേരെ മറിച്ച് മലക്കുകളോട് ആദം നബി(അ)ക്ക് സുജൂദ് ചെയ്വാൻ കൽപിച്ചതും, അദ്ദേഹത്തിന് അല്ലാഹു വസ്തുക്കളെപറ്റി പഠിപ്പിച്ചപ്പോൾ മലക്കുകൾ അവരുടെ അജ്ഞത സമ്മതിച്ചതും, മറു ഭാഗക്കാർ തങ്ങൾക്കും തെളിവാക്കാറുണ്ട്. രണ്ടഭിപ്രായത്തിനും വ്യക്തമായ തെളിവുകളില്ലതാനും. അതുകൊണ്ട് പണ്ഡിതന്മാർക്കിടയിൽ ഈ വിഷയത്തിൽ ഏകോപിച്ച ഒരഭിപ്രായമില്ല. പ്രവാചകന്മാർ മലക്കുകളെക്കാൾ ശ്രേഷ്ഠരാണെന്നുള്ളതിൽ ഭൂരിപക്ഷം പണ്ഡിതന്മാരും യോജിക്കുന്നുവെന്നു മാത്രം. ഖുർആനിൽ മനുഷ്യന്റെ ഉൽകൃഷ്ടതയെ കുറിക്കുന്ന പല പ്രസ്താവനകളുണ്ടെങ്കിലും മലക്കുകളെക്കാൾ മനുഷ്യർക്ക് ശ്രേഷ്ഠതയുണ്ടെന്നോ, എല്ലാ സൃഷ്ടികളെക്കാളും അവർ ശ്രേഷ്ഠരാണെന്നോ എവിടെയും വ്യക്തമായി പ്രസ്താവിക്കുന്നില്ല. അതേ സമയത്ത് ഒരിടത്തിൽ മനുഷ്യന്റെ ശ്രേഷ്ഠത വിവരിക്കുന്ന മദ്ധ്യേ وَفَضَّلْنَاهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا (നാം സൃഷ്ടിച്ചിട്ടുള്ളവരിൽ പലരെക്കാളും അവരെ -മനുഷ്യരെ- നാം ശ്രേഷ്ഠമാക്കുകയും ചെയ്തിരിക്കുന്നു (17:70). എന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ, മനുഷ്യരെക്കാളോ, അല്ലെങ്കിൽ മനുഷ്യരുടെ അത്ര തന്നെയോ ശ്രേഷ്ഠതയുള്ള വേറെ ചില സൃഷ്ടികളും ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ടെന്നുവരുന്നു. ആ സ്ഥിതിക്ക് ഭൂമിയിലുള്ള ജീവികളിൽവെച്ച് ഉൽകൃഷ്ടജീവി മനുഷ്യനാണ് എന്നല്ലാതെ, പലരും പറയാറുള്ളതുപോലെ അഖിലാണ്ഡ ജീവികളെക്കാളെല്ലാം ഉൽകൃഷ്ടനാണ് മനുഷ്യൻ എന്നു പറയുവാൻ ന്യായം കാണുന്നില്ല. الله اعلم

فَدَلَّىٰهُمَا بِغُرُورٍ ۚ فَلَمَّا ذَاقَا
ٱلشَّجَرَةَ بَدَتْ لَهُمَا سَوْءَٰتُهُمَا
وَطَفِقَا يَخْصِفَانِ عَلَيْهِمَا مِن وَرَقِ
ٱلْجَنَّةِ ۖ وَنَادَىٰهُمَا رَبُّهُمَآ أَلَمْ أَنْهَكُمَا
عَن تِلْكُمَا ٱلشَّجَرَةِ وَأَقُل لَّكُمَآ إِنَّ
ٱلشَّيْطَٰنَ لَكُمَا عَدُوٌّ مُّبِينٌ ﴿٢٢﴾

﴾22﴿ എന്നിട്ട്, അവര്‍ രണ്ടുപേരെയും അവര്‍ വഞ്ചനമൂലം (തരം)താഴ്ത്തി, അങ്ങിനെ, അവര്‍ (ആ) വൃക്ഷ (ഫല)ത്തെ രുചി നോക്കിയപ്പോള്‍, അവര്‍ക്ക് അവരുടെ നഗ്നത വെളിവായി. സ്വര്‍ഗത്തിലെ ഇലയില്‍ നിന്നും (എടുത്ത്) അവര്‍ തങ്ങളുടെമേല്‍ പറ്റിക്കുവാന്‍ തുടങ്ങുകയും ചെയ്തു; അവര്‍ രണ്ടാളുടെയും റബ്ബ് അവരെ വിളിച്ചു (പറഞ്ഞു): 'ആ വൃക്ഷത്തെ പറ്റി ഞാന്‍ നിങ്ങളോട് വിരോധിച്ചിരുന്നില്ലേ?! പിശാച് നിങ്ങള്‍ക്ക് രണ്ടാള്‍ക്കും സ്പഷ്ടമായ ശത്രുവാണെന്ന് ഞാന്‍ നിങ്ങളോട് പറയുകയും (ചെയ്തിരുന്നില്ലേ)?!'

﴾22﴿ فَدَلَّاهُمَا എന്നിട്ട് അവന്‍ അവരെ താഴ്ത്തി, അധഃപതിപ്പിച്ചു, താഴെ ഇറക്കി بِغُرُورٍ വഞ്ചനയാല്‍, വഞ്ചനമൂലം فَلَمَّا ذَاقَا അങ്ങനെ അവര്‍ രണ്ടുപേരും രുചി നോക്കിയപ്പോള്‍, ആസ്വദിച്ചാരെ الشَّجَرَةَ വൃക്ഷത്തെ بَدَتْ വെളിവായി لَهُمَا അവര്‍ക്ക് രണ്ടാള്‍ക്കും سَوْآتُهُمَا അവരുടെ നഗ്നത وَطَفِقَا അവര്‍ രണ്ടാളും തുടങ്ങി يَخْصِفَانِ പറ്റിക്കുവാന്‍, വെച്ചുചേര്‍ക്കുവാന്‍ عَلَيْهِمَا രണ്ടാളുടെയുംമേല്‍ مِنْ وَرَقِ ഇലയില്‍നിന്ന് الْجَنَّةِ സ്വര്‍ഗത്തിലെ وَنَادَاهُمَا അവരെ രണ്ടാളെയും വിളിക്കുകയും ചെയ്തു رَبُّهُمَا അവരുടെ റബ്ബ് أَلَمْ أَنْهَكُمَا ഞാന്‍ നിങ്ങളെ വിരോധിച്ചില്ലേ عَنْ تِلْكُمَا الشَّجَرَةِ ആ വൃക്ഷത്തെപറ്റി وَأَقُلْ لَكُمَا നിങ്ങളോട് ഞാന്‍ പറയുകയും (ചെയ്തില്ലേ?) إِنَّ الشَّيْطَانَ നിശ്ചയമായും പിശാച് لَكُمَا നിങ്ങള്‍ രണ്ടാള്‍ക്കും عَدُوٌّ ശത്രുവാണ് مُبِينٌ പ്രത്യക്ഷ, സ്പഷ്ടമായ

മനുഷ്യനെ വഞ്ചിക്കുവാന്‍ പ്രതിജ്ഞയെടുത്ത പിശാച് അവന്റെ പ്രവര്‍ത്തനം ഒന്നാമത്തെ മനുഷ്യനായ ആദമിലും അദ്ദേഹത്തിന്റെ ഇണയായ ഹവ്വാഇലും തന്നെ ആരംഭിച്ചു. ആദം (അ) അന്നു പ്രവാചകനായിട്ടില്ലെന്ന് മാത്രമല്ല, മനുഷ്യ പ്രകൃതിയുടെ ശൈശവാവസ്ഥയുടെ പ്രാരംഭ ദശയിലുമാണല്ലോ ഉള്ളത്. അങ്ങനെ 20:115ല്‍ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ദൃഢനിശ്ചയക്കുറവ് കാരണം അവര്‍ അല്ലാഹുവിന്റെ കല്‍പന വിസ്മരിക്കുകയും, പിശാചിന്റെ മന്ത്രത്തില്‍ വഞ്ചിതരാവുകയും ചെയ്തു. അതിന്റ ഫലമായി അനുഭവപ്പെട്ട ഒന്നാമത്തെ തരംതാഴ്ച അതുവരെ അവര്‍ക്കുണ്ടായിരുന്ന സ്വര്‍ഗീയ വസ്ത്രം നഷ്ടപ്പെട്ടതായിരുന്നു. മാനം മറക്കുവാന്‍ ഇലകളെ ആശ്രയിക്കേണ്ടുന്ന ഗതികേട് നേരിട്ടു. അവസാനം തെറ്റുബോധ്യമായി ഖേദക്കുകയായി.

മലക്കുകൾ കുറ്റവാസന തീണ്ടാത്തവരും പാപത്തിൽ നിന്ന് പരിശുദ്ധരുമാണ്. പിശാചാകട്ടെ, നേരെ വിപരീതവും. രണ്ടിനും സാധ്യതയുള്ള ഒരു പ്രകൃതി വിശേഷമാണ് മനുഷ്യന് അല്ലാഹു നൽകിയിരിക്കുന്നത്. സന്മാർഗനിഷ്ഠനായി പുരോഗമിച്ചു മലക്കുകളെക്കാൾ ഉന്നതമായ നിലപാടിലേക്ക് ഉയരുവാനും, ദുർമാർഗ നിരതനായി തനി പൈശാചികത്വത്തിലേക്ക് അധഃപതിക്കുവാനും ഉതകുന്ന പ്രകൃതിയാണ് മനുഷ്യനുള്ളത്. ആ പ്രകൃതിയുടെ നാന്ദിയാണിത്. ആദം (അ) തെറ്റു ചെയ്തുവെങ്കിലും അതിൽ ഇബ്‌ലീസിനെപ്പോലെ അദ്ദേഹം ഉറച്ചുനിന്നില്ല.

قَالَا رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٢٣﴾

﴾23﴿ അവർ രണ്ടാളും പറഞ്ഞു: ഞങ്ങളുടെ റബ്ബേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചു; നീ ഞങ്ങൾക്ക് പൊറുത്തു തരുകയും, ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്തില്ലെങ്കിൽ, നിശ്ചയമായും ഞങ്ങൾ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ പെട്ടവരായിത്തീരുകതന്നെ ചെയ്യും!'

﴾23﴿ قَالَا رَبَّنَا അവർ രണ്ടാളും പറഞ്ഞു ഞങ്ങളുടെ റബ്ബേ ظَلَمْنَا ഞങ്ങൾ അക്രമം (അനീതി) ചെയ്തു أَنفُسَنَا ഞങ്ങളോട് തന്നെ, ഞങ്ങളുടെ സ്വന്തങ്ങളെ وَإِن لَّمْ تَغْفِرْ നീ പൊറുത്തില്ലെങ്കിൽ لَنَا ഞങ്ങൾക്ക് وَتَرْحَمْنَا ഞങ്ങളോട് കരുണ ചെയ്യുകയും (ചെയ്തില്ലെങ്കിൽ) لَنَكُونَنَّ നിശ്ചയമായും ഞങ്ങൾ ആയിത്തീരുകതന്നെ ചെയ്യും مِنَ الْخَاسِرِينَ നഷ്ടപെട്ടവരുടെ കൂട്ടത്തിൽ

സൂ: അൽബഖറഃ 37ൽ പ്രസ്താവിച്ചതുപോലെ, പശ്ചാത്താപം പ്രകടിപ്പിക്കുവാനുള്ള വാക്കുകൾ അല്ലാഹുവിൽ നിന്നുതന്നെ അവർക്ക് സിദ്ധിക്കുകയുണ്ടായി. അവരുടെ പശ്ചാത്താപം അവൻ സ്വീകരിക്കുകയും ചെയ്തു. 23-ാം വചനത്തിൽ അവർ പറഞ്ഞതായി അല്ലാഹു ഉദ്ധരിച്ച അതേ വാക്കുകളാണ് അൽബഖറഃ 37ൽ അല്ലാഹുവിൽ നിന്നും അവർ ഏറ്റെടുത്തു പഠിച്ചുവെന്നു പറഞ്ഞ വാക്കുകൾ എന്ന് ദ്വഹ്ഹാക് (റ) പ്രസ്താവിച്ചതായി ഇബ്നു ജരീർ (റ) നിവേദനം ചെയ്തിട്ടുള്ളത് പ്രസ്താവ്യമാണ്. അപ്പോൾ, മുഹമ്മദ് നബിﷺ തിരുമേനിയെക്കൊണ്ട് 'തവസ്സുൽ' (ഇടതേട്ടം) ചെയ്തതുകൊണ്ടാണ് അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെട്ടതെന്നും മറ്റുമുള്ള അടിസ്ഥാന രഹിതമായ വാർത്തകൾക്ക് ഇവിടെ നിലനിൽപില്ല തന്നെ. അല്ലാഹു അവർക്ക് പാപം പൊറുത്തുകൊടുക്കുകയും കരുണ ചെയ്യുകയും ചെയ്തുവെങ്കിലും സ്വർഗത്തിൽ വസിക്കുവാനുള്ള നിബന്ധന അവർ തെറ്റിച്ചതിനെത്തുടർന്ന് അവർക്ക് ഭൂമിയിലേക്ക് താമസം മാറ്റേണ്ടി വന്നു. മനുഷ്യ വാസത്തിന് അല്ലാഹു നിശ്ചയിച്ചു വെച്ചതാണല്ലോ ഭൂമി. അതെ,-

قَالَ ٱهۡبِطُواْ بَعۡضُكُمۡ لِبَعۡضٍ عَدُوّٞۖ

﴾24﴿ അവൻ [അല്ലാഹു] പറഞ്ഞു: 'നിങ്ങൾ (എല്ലാവരും) ഇറങ്ങിക്കൊള്ളുവിൻ; നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുവാകുന്നു [ഇതു ഓർമവെക്കണം].

وَلَكُمۡ فِي ٱلۡأَرۡضِ مُسۡتَقَرّٞ وَمَتَٰعٌ إِلَىٰ حِينٖ ﴿٢٤﴾

'ഭൂമിയിൽ നിങ്ങൾക്ക് ഒരു (നിശ്ചിത) സമയംവരെ താമസ (സൗകര്യ)വും, ഉപയോഗവുമുണ്ടായിരിക്കും'.

قَالَ فِيهَا تَحۡيَوۡنَ وَفِيهَا تَمُوتُونَ وَمِنۡهَا تُخۡرَجُونَ ﴿٢٥﴾

﴾25﴿ അവൻ [അല്ലാഹു] പറഞ്ഞു: 'അതിൽ തന്നെ നിങ്ങൾ ജീവിക്കും, അതിൽ തന്നെ നിങ്ങൾ മരിക്കും, അതിൽ നിന്നു തന്നെ നിങ്ങൾ (വീണ്ടും) പുറത്തു വരുത്തപ്പെടുകയും ചെയ്യും.

﴾24﴿ قَالَ അവൻ പറഞ്ഞു اهْبِطُوا നിങ്ങൾ ഇറങ്ങുവിൻ بَعْضُكُمْ നിങ്ങളിൽ ചിലർ لِبَعْضٍ ചിലർക്ക് عَدُوٌّ ശത്രുവാകുന്നു وَلَكُمْ നിങ്ങൾക്കുണ്ട് فِي الْأَرْضِ ഭൂമിയിൽ مُسْتَقَرٌّ താമസം, തങ്ങുന്ന സ്ഥാനം, വാസസ്ഥലം وَمَتَاعٌ ഉപയോഗവും, ഉപകരണവും إِلَى حِينٍ ഒരു സമയംവരെ ﴾25﴿ قَالَ അവൻ പറഞ്ഞു فِيهَا അതിൽ (തന്നെ) تَحْيَوْنَ നിങ്ങൾ ജീവിക്കും وَفِيهَا അതിൽ (തന്നെ) تَمُوتُونَ നിങ്ങൾ മരിക്കുന്നു وَمِنْهَا അതിൽ നിന്ന് (തന്നെ) تُخْرَجُونَ നിങ്ങൾ പുറപ്പെടുവിക്ക(പുറത്തുകൊണ്ടുവര)പ്പെടുകയും ചെയ്യുന്നു

സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് അയച്ചപ്പോൾ, അവർക്കാവശ്യമായ ഉപദേശങ്ങളും മാർഗനിർദ്ദേശങ്ങളും അല്ലാഹു അവർക്ക് നൽകി. നിങ്ങൾക്കവിടെ യഥേഷ്ടം താമസിക്കാം. അതിലെ വിഭവങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യാം. നിങ്ങൾക്ക് വേണ്ടതൊക്കെ ഒരുക്കിവെച്ചു കൊണ്ടാണ് നിങ്ങളെ അങ്ങോട്ടയക്കുന്നത്. നിങ്ങളുടെ ജീവിതവും മരണവും അവിടെ വെച്ചുതന്നെയായിരിക്കും. എന്നാൽ, നിങ്ങൾക്കവിടെ ഒരു കാലാവധിവരെയുള്ള ജീവിതമേയുള്ളൂ. അത് കഴിഞ്ഞാൽ നിങ്ങൾ രണ്ടാമതും അല്ലാഹുവിങ്കലേക്ക് തിരിച്ചു കൊണ്ടുവരപ്പെടും എന്നൊക്കെ അവരെ അഭിമുഖീകരിച്ചുകൊണ്ട് നിങ്ങൾ ഇറങ്ങുവിൻ (اهْبِطُوا) എന്നു ബഹുവചന രൂപത്തിൽ പറഞ്ഞിരിക്കകൊണ്ട്, ആദം, ഹവ്വാഉ് (അ), ഇബ്‌ലീസ് എന്നീ മൂന്നു പേരോടുമായിരുന്നു ഈ കൽപനയെന്ന് മനസ്സിലാക്കാം. എന്നാൽ, ഭൂമിയിൽ എവിടെയാണവർ ആദ്യം വന്നത്? അല്ലാഹുവിനറിയാം. സിലോണിലാണെന്നും മറ്റുമുള്ള പ്രസ്താവനകളെല്ലാം ചില ഐതിഹ്യങ്ങൾ മാത്രമാകുന്നു.

മനുഷ്യാരംഭഘട്ടത്തിൽ ആദ്യത്തെ മനുഷ്യരായ ആദമിലും, ഹവ്വാഇലും (അ) നടന്ന ഈ സംഭവങ്ങളിൽ നിന്ന് മനുഷ്യന്റെ ഉയർച്ചയെയും, താഴ്ചയെയും കുറിക്കുന്നതും, അവൻ അറിഞ്ഞിരിക്കേണ്ടതുമായ പല പാഠങ്ങളും നമുക്ക് പഠിക്കുവാനുണ്ട്. പലരും -അവരവരുടെ ചിന്താഗതിയും വീക്ഷണഗതിയും അനുസരിച്ച്- പലതും ചൂണ്ടിക്കാട്ടുകയും ചെയ്യാറുണ്ട്. എന്നാൽ, ഈ സംഭവങ്ങൾ വിവരിച്ചുകൊണ്ട് അല്ലാഹു തുടർന്നു ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധാർഹമത്രെ. ആദമിന്റെ സന്തതികളേ (يَا بَنِي آدَمَ) എന്നു വിളിച്ചുകൊണ്ട് അടുത്ത രണ്ടു വചനങ്ങളിൽ അല്ലാഹു പറയുന്നത് നോക്കുക:

വിഭാഗം - 3

يَـٰبَنِىٓ ءَادَمَ قَدْ أَنزَلْنَا عَلَيْكُمْ لِبَاسًا يُوَٰرِى سَوْءَٰتِكُمْ وَرِيشًا ۖ

﴿26﴾ **ആദമിന്റെ സന്തതികളേ, നിങ്ങളുടെ നഗ്നത മറക്കുന്ന വസ്ത്രവും, അലങ്കാര വസ്ത്രവും നാം നിങ്ങൾക്ക് ഇറക്കിത്തന്നിട്ടുണ്ട്.**

وَلِبَاسُ ٱلتَّقْوَىٰ ذَٰلِكَ خَيْرٌ ۚ

സൂക്ഷ്മത [ഭയഭക്തി]യാകുന്ന വസ്ത്രമാകട്ടെ, അതത്രെ (കൂടുതൽ) ഉത്തമം.

ذَٰلِكَ مِنْ ءَايَـٰتِ ٱللَّهِ لَعَلَّهُمْ يَذَّكَّرُونَ ﴿٢٦﴾

അത് അല്ലാഹുവിന്റെ 'ആയത്ത്' [ദൃഷ്ടാന്തം]കളിൽ പെട്ടതാകുന്നു. അവർ [മനുഷ്യർ] ഉറ്റാലോചിച്ചേക്കാം.

﴿26﴾ يَا بَنِي സന്തതികളേ, മക്കളേ آدَمَ ആദമിന്റെ قَدْ أَنْزَلْنَا നാം ഇറക്കിയിട്ടുണ്ട് عَلَيْكُمْ നിങ്ങൾക്ക് لِبَاسًا വസ്ത്രം يُوَارِي മറക്കുന്ന, മൂടുന്ന سَوْآتِكُمْ നിങ്ങളുടെ നഗ്നത وَرِيشًا അലങ്കാര വസ്ത്രവും وَلِبَاسُ التَّقْوَى സൂക്ഷ്മത (ഭയഭക്തി)യാകുന്ന വസ്ത്രം ذَلِكَ അത് خَيْرٌ ഉത്തമമാണ്, കൂടുതൽ നല്ലതാണ് ذَلِكَ അത് مِنْ آيَاتِ ആയത്തു (ദൃഷ്ടാന്തം-ലക്ഷ്യം)കളിൽ പെട്ടതാകുന്നു اللهِ അല്ലാഹുവിന്റെ لَعَلَّهُمْ അവരായേക്കാം, അവരാകുവാൻവേണ്ടി يَذَّكَّرُونَ അവർ ഉറ്റാലോചിക്കും

يَـٰبَنِىٓ ءَادَمَ لَا يَفْتِنَنَّكُمُ ٱلشَّيْطَـٰنُ كَمَآ أَخْرَجَ أَبَوَيْكُم مِّنَ ٱلْجَنَّةِ

﴿27﴾ **ആദമിന്റെ സന്തതികളേ,**

പിശാച് നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽ നിന്ന് പുറത്താക്കിയതുപോലെ, നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരുന്നുകൊള്ളട്ടെ;-

يَنزِعُ عَنْهُمَا لِبَاسَهُمَا لِيُرِيَهُمَا سَوْءَٰتِهِمَآ ۗ

(അതെ) അവർക്ക് രണ്ടാൾക്കും അവരുടെ നഗ്നത കാണിക്കുവാൻവേണ്ടി അവരുടെ വസ്ത്രം അവരിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (പുറത്താക്കിയതുപോലെ).

إِنَّهُۥ يَرَىٰكُمْ هُوَ وَقَبِيلُهُۥ مِنْ حَيْثُ لَا تَرَوْنَهُمْ ۗ إِنَّا جَعَلْنَا ٱلشَّيَـٰطِينَ أَوْلِيَآءَ لِلَّذِينَ لَا يُؤْمِنُونَ ﴿٢٧﴾

നിശ്ചയമായും, അവനും അവന്റെ കൂട്ടരും നിങ്ങൾ അവരെ (അങ്ങോട്ട്) കാണാത്ത വിധത്തിൽ നിങ്ങളെ (ഇങ്ങോട്ട്) കാണുന്നതാണ്. വിശ്വസിക്കാത്തവർക്ക് നാം പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിയിരിക്കുന്നു.

﴾27﴿ يَا بَنِي آدَمَ ആദമിന്റെ സന്തതികളേ لَا يَفْتِنَنَّكُمُ നിങ്ങളെ കുഴപ്പത്തിലാക്കരുത്, കുഴപ്പപ്പെടുത്താതിരിക്കട്ടെ الشَّيْطَانُ പിശാച് كَمَا أَخْرَجَ അവൻ പുറത്താക്കിയതുപോലെ أَبَوَيْكُم നിങ്ങളുടെ മാതാപിതാക്കളെ مِنَ الْجَنَّةِ സ്വർഗത്തിൽ നിന്ന് يَنزِعُ നീക്കം ചെയ്തു (ഉരിഞ്ഞു-അഴിച്ചു)കൊണ്ട് عَنْهُمَا അവർ രണ്ടാളിൽ നിന്ന് لِبَاسَهُمَا അവരുടെ വസ്ത്രം لِيُرِيَهُمَا അവൻ അവർക്ക് കാണിക്കു (കാട്ടിക്കൊടുക്കു)വാൻ سَوْآتِهِمَا അവരുടെ നഗ്നത إِنَّهُ നിശ്ചയമായും അവൻ يَرَاكُمْ هُوَ അവൻ നിങ്ങളെ കാണും وَقَبِيلُهُ അവന്റെ കൂട്ടവും, കൂട്ടരും مِنْ حَيْثُ വിധേന لَا تَرَوْنَهُمْ നിങ്ങളവരെ കാണാത്ത إِنَّا جَعَلْنَا നിശ്ചയമായും നാം ആക്കിയിരിക്കുന്നു الشَّيَاطِينَ പിശാചുക്കളെ أَوْلِيَاءَ ബന്ധുമിത്രങ്ങൾ, കാര്യകർത്താക്കൾ لِلَّذِينَ لَا يُؤْمِنُونَ വിശ്വസിക്കാത്തവർക്ക്

ആദം നബി (അ)യുടെയും ഇബ്‌ലീസിന്റെയും സംഭവത്തിൽ നിന്ന് ആദം നബി (അ)യുടെ സന്തതികളായ മനുഷ്യവർഗം ഓർമിച്ചിരിക്കേണ്ടുന്ന ചില കാര്യങ്ങളാണ് 'ആദമിന്റെ സന്തതികളേ' (يَا بَنِي آدَمَ) എന്നു വിളിച്ചുകൊണ്ട് ഈ വചനങ്ങളിൽ അല്ലാഹു നമ്മെ ഓർമപ്പെടുത്തുന്നത്.

ആദ്യത്തെ വചനത്തിൽ നഗ്നത മറക്കുവാനും, അലങ്കാരത്തിനും ആവശ്യമായ വസ്ത്രങ്ങൾ നൽകി അനുഗ്രഹിച്ചതിനെ ഓർമിപ്പിക്കുന്നു. ഭക്ഷണപാനീയങ്ങളെപ്പോലെത്തന്നെ മനുഷ്യന്റെ ജീവിതാവശ്യങ്ങളിൽ അനിവാര്യമായ ഒന്നത്രെ നഗ്നത മറക്കുവാനാവശ്യമായ വല്ല സാമഗ്രിയും അവനുണ്ടായിരിക്കലും. നാഗരിക ജീവിതം അറിഞ്ഞുകൂടാത്ത കാട്ടാള വർഗങ്ങൾപോലും വല്ല ഇലകളോ മരത്തോലുകളോകൊണ്ട് ഗുഹ്യസ്ഥാനം മറക്കാറുള്ളതിൽ നിന്ന് ഇതിന്റെ പ്രധാന്യം മനസ്സിലാക്കാവുന്നതാണ്. ജീവിതത്തിൽ പരിഷ്കാരം സിദ്ധിക്കുംതോറും വസ്ത്രത്തിന്റെ ആവശ്യകതയും, അതിൽ വൈവിധ്യത്തിന്റെ ആഗ്രഹവും വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഇതരജീവി

വർഗങ്ങളിൽ നിന്ന് മനുഷ്യവർഗത്തെ വേർതിരിക്കുന്ന ജീവിതാവശ്യങ്ങളിൽ ഒന്നത്രെ അത്. ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചതുപോലെ, സ്വർഗത്തിലായിരുന്നപ്പോൾ മനുഷ്യവർഗത്തിന്റെ ആദ്യ മാതാപിതാക്കളായ ആദം (അ)നും ഹവ്വാഉ് (അ)നും നഗ്നത മറക്കുവാനുള്ള ഏതോ ഒരു തരം വസ്ത്രം ഉണ്ടായിരുന്നതും, പിശാചിന്റെ ദുരുപദേശത്തിൽ വഞ്ചിതരായതിന്റെ ഫലമായി അവരുടെ ആ വസ്ത്രം നഷ്ടപെട്ട് നഗ്നത പ്രത്യക്ഷപ്പെട്ടുവെന്നുള്ളതും, ഉടനെ അവർ സ്വർഗത്തിലെ ഇലകൾ എടുത്തു ദേഹത്തിൽ പറ്റിക്കുവാൻ തുടങ്ങിയതും കൂടി ആലോചിക്കുമ്പോൾ വസ്ത്ര വിഭവം വഴി അല്ലാഹു മനുഷ്യവർഗത്തിന് നൽകിയ അനുഗ്രഹത്തിന്റെ മഹത്വം മനസ്സിലാക്കാവുന്നതാകുന്നു. അതിന്റെ പേരിൽ മനുഷ്യൻ സദാ അല്ലാഹുവിന് നന്ദിയുള്ളവരായിരിക്കേണ്ടതുമാകുന്നു.(*)

ريش (രീശ്) എന്ന വാക്കിന് 'അലങ്കാര വസ്ത്രം' എന്നാണ് മിക്ക ക്വുർആൻ വ്യാഖ്യാതാക്കളും അർത്ഥം കൽപിച്ചിരിക്കുന്നത്. അലങ്കാരത്തിനും, ഭംഗിക്കും വേണ്ടി ഉപയോഗിക്കപ്പെടുന്ന എല്ലാ വസ്തുക്കൾക്കും ആ വാക്ക് ഉപയോഗിക്കാമെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. പക്ഷിയുടെ തൂവൽ എന്നാണ് ريشന്റെ പ്രസിദ്ധമായ അർത്ഥമെന്നും, ചിലപ്പോൾ അത് ചിറകിലെ തൂവലിനെ മാത്രം ഉദ്ദേശിച്ചു പറയാറുണ്ടെന്നും പറഞ്ഞശേഷം ഇമാം റാഗിബ് (റ) പറയുന്നു: 'പക്ഷിയുടെ തൂവൽ മനുഷ്യന്റെ വസ്ത്രം പോലെയായതുകൊണ്ട് വസ്ത്രങ്ങൾക്കും അത് ഉപയോഗിക്കപ്പെട്ടിരിക്കുന്നു'. ഏതായാലും, വസ്ത്രത്തെ സംബന്ധിച്ചു പറയുന്ന സന്ദർഭമായതുകൊണ്ട് പ്രധാനമായും അലങ്കാരത്തിനുള്ള വസ്ത്രമാണ് ഉദ്ദേശ്യമെന്ന് വെക്കുവാൻ ഇവിടെ ന്യായമുണ്ട്. ബാഹ്യവും ശാരീരികവുമായ വസ്ത്രത്തെപറ്റി പ്രസ്താവിച്ചപ്പോൾ അതിനെത്തുടർന്ന് ആന്തരീകവും ആത്മീയവുമായ മറ്റൊരു വസ്ത്രം കൂടിയുണ്ടെന്നും അതിനാണ് ഇതിനെക്കാൾ പ്രാധാന്യം കൽപിക്കപ്പെടേണ്ടതെന്നും ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു: وَلِبَاسُ التَّقْوَىٰ ذَٰلِكَ خَيْرٌ (സൂക്ഷ്മത-അഥവാ ഭയഭക്തി-യാകുന്ന വസ്ത്രമത്രെ കൂടുതൽ ഉത്തമമായത്) ശാരീരികമായ അപമാനം വസ്ത്രംകൊണ്ടു മറക്കുന്നതുപോലെ, ആന്തരികമായ അപമാനം അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കുക വഴിയുണ്ടാകുന്ന ഭയഭക്തികൊണ്ടാണ് മറക്കേണ്ടത്; ഈ വസ്ത്രത്തിനാണ് മറ്റേ വസ്ത്രത്തെക്കാൾ മുൻഗണന നൽകപ്പെടേണ്ടത് എന്ന് സാരം. ഹജ്ജ് യാത്രയിൽ യാത്രാ സാമഗ്രികൾ ഒരുക്കിക്കൊണ്ടു പോകുവാൻ ഉപദേശിച്ചപ്പോൾ, സൂ: അൽബക്വറഃ 197ൽ 'യാത്രാ സാമഗ്രികളിൽ വെച്ച് ഉത്തമമായത് സൂക്ഷ്മതയാകുന്നു' (فَإِنَّ خَيْرَ الزَّادِ التَّقْوَىٰ) എന്ന് അല്ലാഹു ഉപദേശിക്കുകയുണ്ടായല്ലോ. അതുപോലെയുള്ള

(*) മാനുഷികവും ധാർമികവുമായ മൂല്യങ്ങളിൽനിന്ന് മനുഷ്യർ അകന്നുകൊണ്ടിരിക്കുകയും, മൃഗീയതയിലേക്കും പൈശാചിക സ്വഭാവങ്ങളിലേക്കും അണഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. അക്കൂട്ടത്തിൽ, ഇന്നു സർവ്വത്ര പ്രചാരത്തിലുള്ള പലതരം അർദ്ധനഗ്ന പ്രസ്ഥാനങ്ങളിലും പൂർണനഗ്ന സംരംഭങ്ങളിലും അറപ്പും, വെറുപ്പും തോന്നാത്തവരെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ ഈ മഹത്തായ അനുഗ്രഹത്തെ വിലയിരുത്തുവാൻ അവർക്ക് കഴിയാതിരിക്കുക സ്വാഭാവികമത്രെ. എന്നാലും പ്രകൃതി പരമായ ഒരനുഗ്രഹമെന്ന നിലക്കെങ്കിലും കണക്കാക്കാതിരിക്കുക അവർക്കും സാധ്യമല്ല.

ഒരു ഉപദേശം തന്നെയാണ് ഇതും.

2-ാമത്തെ വചനത്തിൽ, പിശാചിന്റെ ദുർമന്ത്രത്തിൽ അകപ്പെട്ട് കുഴപ്പത്തിൽ പതിക്കാതിരിക്കുവാൻ മനുഷ്യൻ സദാ സൂക്ഷിക്കേണമെന്ന് താക്കീത് ചെയ്തിരിക്കുന്നു. നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽ നിന്ന് അവനാണ് പുറത്താക്കിയത്. അവൻ നിങ്ങളുടെ ബദ്ധശത്രുവും, നിങ്ങളെ വഴിപിഴപ്പിക്കുവാൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്യുമെന്ന് പ്രതിജ്ഞയെടുത്തവനുമാകുന്നു. അതുകൊണ്ട് അവനെപറ്റി നിങ്ങൾ വളരെ ജാഗരൂഗരായിരിക്കേണ്ടതുണ്ട് എന്നത്രെ താക്കീതിന്റെ ചുരുക്കം. كَمَا أَخْرَجَ أَبَوَيْكُم مِّنَ الْجَنَّةِ (നിങ്ങളുടെ മാതാപിതാക്കളെ അവൻ സ്വർഗത്തിൽനിന്ന് പുറത്താക്കിയതുപോലെ) എന്ന് പറഞ്ഞു മതിയാക്കാതെ يَنزِعُ عَنْهُمَا لِبَاسَهُمَا (അവരുടെ വസ്ത്രം അവരിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് പുറത്താക്കിയതുപോലെ) എന്നുകൂടി അല്ലാഹു പറഞ്ഞത് ശ്രദ്ധിക്കുക. നഗ്നത മറക്കുന്നതിന്റെ പ്രാധാന്യവും, അത് വെളിവാക്കുന്നതിന്റെ ഗൗരവവുമാണിത് ചൂണ്ടിക്കാട്ടുന്നത്. ചിലർ അഭിപ്രായപ്പെട്ടു കാണുന്ന പ്രകാരം ഭൂവാസം തുടങ്ങുമ്പോൾ അവരുടെ സ്വർഗീയ വസ്ത്രം അവർക്ക് നഷ്ടപ്പെട്ടിരിക്കുമെന്നും, ഭൂമിയിൽവെച്ച് നഗ്നത മറക്കുവാനുള്ള മാർഗം വല്ലതും സ്വീകരിക്കുന്നതുവരെ അവർ നഗ്നരായിക്കഴിഞ്ഞിരിക്കാമെന്നും, സങ്കൽപിച്ചാൽ തന്നെയും നഗ്നത മറക്കുന്നതിന്റെ ആവശ്യകതയും അതിന്റെ പ്രാധാന്യവുമാണിത് കുറിക്കുന്നത്, സംശയമില്ല.

പിശാചിന്റെ കെണിയിൽപെട്ടുപോകുന്നതിനെപറ്റി ഇത്ര ശക്തിയായി താക്കീത് ചെയ്വാനുള്ള കാരണവും അല്ലാഹു നമുക്ക് പറഞ്ഞുതരുന്നു. അവനും അവന്റെ കൂട്ടരും നിങ്ങളെ ഇങ്ങോട്ടുകാണും, എന്നാൽ നിങ്ങൾക്ക് അവരെ അങ്ങോട്ട് കാണുവാൻ കഴിയുകയില്ല (إِنَّهُ يَرَاكُمْ هُوَ وَقَبِيلُهُ....) എന്നത്രെ അത്. നിങ്ങൾക്ക് അവരെ കാണുവാൻ കഴിയുമായിരുന്നുവെങ്കിൽ അവരുടെ കുതന്ത്രങ്ങളും ഗൂഢപ്രയോഗങ്ങളും കുറേയൊക്കെ നിങ്ങൾക്ക് കണ്ടു മനസ്സിലാക്കി അതിൽനിന്ന് നിങ്ങൾക്ക് ഒഴിഞ്ഞു മാറുവാൻ കഴിയുമായിരുന്നു. എന്നാൽ, നിങ്ങൾക്കവരെ കാണുവാൻ സാധ്യമല്ല. അവർ ഒരു തരം അദൃശ്യ ജീവികളാകുന്നു. അതുകൊണ്ട് നിങ്ങൾ വളരെ കരുതലോടെയിരിക്കണം എന്നുദ്ദേശ്യം. പിശാചിന്റെ കൂട്ടക്കാർ (قَبِيلُهُ) എന്നു പറഞ്ഞത് ഇബ്‌ലീസിന്റെ സന്തതികളെയും സൈന്യങ്ങളെയും ഉദ്ദേശിച്ചാകുന്നു. അഥവാ മനുഷ്യപ്പിശാചുക്കളെ ഉദ്ദേശിച്ചല്ല. മനുഷ്യപ്പിശാചുക്കൾ ഇങ്ങോട്ടു കാണുന്നതുപോലെ അവരെ അങ്ങോട്ടും കാണാമല്ലോ. ഇബ്‌ലീസ് ആദം നബി (അ)ക്ക് സുജൂദ് ചെയ്യാത്തതിനെപറ്റിപ്പറഞ്ഞ ശേഷം സൂ: അൽ കഹ്ഫിൽ പറയുന്നു: أَفَتَتَّخِذُونَهُ وَذُرِّيَّتَهُ أَوْلِيَاءَ مِن دُونِي وَهُمْ لَكُمْ عَدُوٌّ (എന്നിരിക്കെ, അവനും -ഇബ്‌ലീസും- അവന്റെ സന്തതികളും നിങ്ങൾക്ക് ശത്രുവായിരുന്നിട്ടും നിങ്ങൾ അവരെ എനിക്ക് പുറമെ കാര്യകർത്താക്കളാക്കുകയോ?! (അൽകഹ്ഫ് 50). വഴിപിഴച്ചു ദുർമാർഗികളായവർ നരകത്തിലേക്ക് മറിച്ചിടപ്പെടുമെന്ന് പറഞ്ഞശേഷം, സൂ: ശുഅറാഅ് 95ൽ പറയുന്നു: وَجُنُودُ إِبْلِيسَ أَجْمَعُونَ (ഇബ്‌ലീസിന്റെ സൈന്യങ്ങളും മുഴുവൻ മറിച്ചിടപ്പെടും.)

ആദം നബി (അ)യുടെയും ഇബ്‌ലീസിന്റെയും ഈ സംഭവം കേവലം ഒരു ഉപമാലങ്കാരമാണ് -സംഭവിച്ച ഒരു യഥാർത്ഥ കഥയല്ല- എന്ന് വരുത്തിത്തീർക്കുകയും, ജിന്നുവർഗം എന്ന ഒരു പ്രത്യേക വർഗത്തെയും ആ വർഗത്തിൽപെട്ട അദൃശ്യജീവി

കളായ പിശാചുക്കളെയും നിഷേധിക്കുകയും ചെയ്യുന്ന ചില ആളുകൾ ഇവിടെ ചില മറിമായങ്ങൾ നടത്തിക്കാണാം. പിശാചും അവന്റെ കൂട്ടരും നിങ്ങളെ ഇങ്ങോട്ട് കാണും, നിങ്ങൾ അവരെ അങ്ങോട്ടുകാണുകയില്ല (إِنَّهُۥ يَرَىٰكُمْ هُوَ وَقَبِيلُهُۥ مِنْ حَيْثُ لَا تَرَوْنَهُمْ) എന്ന് അല്ലാഹു പറഞ്ഞതിന് അവർ നൽകിയ വ്യാഖ്യാനം ഇതാണ്: 'പിശാചിനെയും അവന്റെ പ്രവർത്തനങ്ങളെയും കണ്ടുമനസ്സിലാക്കുവാൻ വളരെ പ്രയാസമുണ്ട്.' അല്ലാഹു പറഞ്ഞ വാക്കും ഈ വ്യാഖ്യാനവും തമ്മിൽ വല്ലപൊരുത്തവും ഉണ്ടോ എന്ന് നിഷ്പക്ഷ ബുദ്ധിയുള്ളവർ ആലോചിച്ച് നോക്കുക! അടുത്ത വാക്യത്തിൽ വിശ്വസിക്കാത്ത ആളുകൾക്ക് നാം പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിയിരിക്കുന്നു (إِنَّا جَعَلْنَا ٱلشَّيَٰطِينَ أَوْلِيَآءَ لِلَّذِينَ لَا يُؤْمِنُونَ) എന്ന് അല്ലാഹു പറഞ്ഞതിന് ഇവർ കൽപിക്കുന്ന അർത്ഥം ഇങ്ങിനെയാണ്: 'വിശ്വസിക്കാത്തവർക്കാണ് പിശാചുക്കളെ നാം രക്ഷാധികാരികളാക്കി വെച്ചിരിക്കുന്നത്'. അതിനുശേഷം ഇപ്പറഞ്ഞതിന്റെ താല്പര്യം അവരുടെ തന്നെ ഭാഷയിൽ ഇങ്ങിനെയാകുന്നു: 'സത്യത്തിൽ വിശ്വസിക്കാത്തവരുടെ രക്ഷാധികാരികൾക്കാണ് ക്വുർആൻ ഇവിടെ പിശാച് എന്ന് നാമകരണം ചെയ്തിരിക്കുന്നത്' ഇത് പ്രത്യേകം ഗൗനിക്കേണ്ടതാണ്.' أَوْلِيَآءَ എന്ന വാക്കിന് 'രക്ഷാധികാരികൾ' എന്നും അർത്ഥം വരാം പക്ഷേ, 'വിശ്വസിക്കാത്തവർക്കാണ് പിശാചുക്കളെ രക്ഷാധികാരികളാക്കിവെച്ചിരിക്കുന്നത്.' എന്നല്ല അല്ലാഹു പറഞ്ഞ വാക്യത്തിന്റെ അർത്ഥമെന്ന് അറബി ഭാഷയിൽ അൽപ പരിചയമെങ്കിലും ഉള്ള ഏവർക്കും അറിയാവുന്നതാണ്. അതുപോലെത്തന്നെ, 'വിശ്വസിക്കാത്തവരുടെ രക്ഷാധികാരികൾക്കാണ് ഇവിടെ പിശാച് എന്ന് നാമകരണം ചെയ്തിരിക്കുന്നത്' എന്നു പറഞ്ഞതും വാസ്തവ വിരുദ്ധമത്രെ. ആദം നബി (അ)യെ സ്വർഗത്തിൽനിന്ന് പുറത്താക്കാൻ കുതന്ത്രം മെനഞ്ഞ ഇബ്‌ലീസിനെയും, അവന്റെ കൂട്ടരെയും ഉദ്ദേശിച്ചാണ് ക്വുർആൻ ഇവിടെ 'പിശാചുക്കൾ' എന്ന് നാമകരണം ചെയ്തിരിക്കുന്നതെന്ന് പ്രാഥമിക ബുദ്ധിയെങ്കിലുമുള്ള ആർക്കും മനസ്സിലാക്കാവുന്നതാണ്.

ഈ വിഷയകമായി കൂടുതൽ മനസ്സിലാക്കാൻ അൽബക്വറഃ 39-ാം ആയത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പും സൂ: അസ്സ്വാഫ്ഫാത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പും ഉപകരിക്കും.

وَإِذَا فَعَلُوا۟ فَٰحِشَةً قَالُوا۟ وَجَدْنَا عَلَيْهَآ ءَابَآءَنَا وَٱللَّهُ أَمَرَنَا بِهَا ۗ قُلْ إِنَّ ٱللَّهَ لَا يَأْمُرُ بِٱلْفَحْشَآءِ ۖ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٢٨﴾

﴾28﴿ അവർ വല്ല നീചവൃത്തിയും ചെയ്താൽ അവർ പറയും: 'ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ അപ്രകാരം കണ്ടെത്തിയിരിക്കുന്നു; അല്ലാഹു ഞങ്ങളോട് അതിന് കൽപിക്കുകയും ചെയ്തിരിക്കുന്നു'. പറയുക നിശ്ചയമായും, അല്ലാഹു നീചവൃത്തിക്ക് കൽപിക്കുകയില്ല.

അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് നിങ്ങൾ പറയുകയോ?!

﴾28﴿ وَإِذَافَعَلُوا അവർ ചെയ്താൽ فَاحِشَةً ഒരു നീചവൃത്തി, വല്ല നീചകൃത്യവും قَالُوا അവർ പറയും وَجَدْنَا ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു عَلَيْهَا അതിന്മേൽ (അപ്രകാരം) ءَابَاءَنَا ഞങ്ങളുടെ പിതാക്കളെ (പൂർവ്വികന്മാരെ) وَاللَّهُ അല്ലാഹു, അല്ലാഹുവാകട്ടെ أَمَرَنَا ഞങ്ങളോട് കൽപിക്കുകയും ചെയ്തിരിക്കുന്നു بِهَا അതിന്, അതുകൊണ്ട്, അതിനെപറ്റി قُلْ നീ പറയുക إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَأْمُرُ അവൻ കൽപിക്കയില്ല بِالْفَحْشَاءِ നീചവൃത്തിക്ക് أَتَقُولُونَ നിങ്ങൾ പറയുന്നുവോ, പറയുകയോ عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ مَا لَا تَعْلَمُونَ നിങ്ങൾക്കറിയാത്തത്

قُلْ أَمَرَ رَبِّى بِٱلْقِسْطِ ۖ

﴾29﴿ പറയുക: 'എന്റെ റബ്ബ് നീതിമുറക്ക് [അത് പാലിക്കുവാൻ] കൽപിച്ചിരിക്കുന്നു.

وَأَقِيمُوا۟ وُجُوهَكُمْ عِندَ كُلِّ مَسْجِدٍ وَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۚ

എല്ലാ നമസ്കാര സ്ഥാനത്തിങ്കലും നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ നേരെ നിറുത്തുവിൻ എന്നും; മതം (അഥവാ കീഴ്വണക്കം) അവനു നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ എന്നും (കല്പിച്ചിരിക്കുന്നു).

كَمَا بَدَأَكُمْ تَعُودُونَ ﴿٢٩﴾

നിങ്ങളെ അവൻ ആദ്യമാ(യി ഉണ്ടാ)ക്കിയതു പോലെത്തന്നെ, നിങ്ങൾ മടങ്ങുന്നതാണ്.

فَرِيقًا هَدَىٰ وَفَرِيقًا حَقَّ عَلَيْهِمُ ٱلضَّلَـٰلَةُ ۗ إِنَّهُمُ ٱتَّخَذُوا۟ ٱلشَّيَـٰطِينَ أَوْلِيَآءَ مِن دُونِ ٱللَّهِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴿٣٠﴾

﴾30﴿ ഒരു വിഭാഗത്തെ അവൻ നേർമാർഗത്തിലാക്കിയിരിക്കുന്നു; ഒരു വിഭാഗത്തെയാകട്ടെ- അവരുടെ മേൽ വഴിപിഴവ് അവകാശപ്പെട്ടിരിക്കുന്നു. (അവരെ വഴിപിഴവിലുമാക്കിയിരിക്കുന്നു). (കാരണം) നിശ്ചയമായും, ഇവർ അല്ലാഹുവിന് പുറമെ പിശാചുക്കളെ ബന്ധുമിത്രങ്ങളാക്കിവെച്ചിരിക്കുന്നു. തങ്ങൾ നേർമാർഗം പ്രാപിച്ചവരാണെന്ന് അവർ കണക്കാക്കുകയും ചെയ്യുന്നു.

﴾29﴿ قُلْ നീ പറയുക أَمَرَ رَبِّي എന്റെ റബ്ബ് കൽപിച്ചിരിക്കുന്നു بِالْقِسْطِ നീതിമുറക്ക്,

നീതിയെപറ്റി وَأَقِيمُوا നിങ്ങൾ നിലനിറുത്തുക (ശരിക്ക് നിറുത്തുക)യും ചെയ്യുവിൻ وُجُوهَكُمْ നിങ്ങളുടെ മുഖങ്ങളെ عِندَ كُلِّ എല്ലാറ്റിങ്കലും, എല്ലാറ്റിന്റെ അടുത്തും مَسْجِدٍ സുജൂദ് (നമസ്കാര)സ്ഥാനം, പള്ളി وَادْعُوهُ അവനെ നിങ്ങൾ വിളിക്കുക (പ്രാർത്ഥിക്കുക)യും ചെയ്യുവിൻ مُخْلِصِينَ നിഷ്കളങ്കരായിക്കൊണ്ട്, തനിച്ചാക്കിയവരായി لَهُ അവന് الدِّينَ മതം, കീഴ്വണക്കം, വഴിപാട് كَمَا بَدَأَكُمْ നിങ്ങളെ അവൻ തുടങ്ങിയ (ആദ്യമുണ്ടാക്കിയ)തുപോലെ تَعُودُونَ നിങ്ങൾ മടങ്ങും (വീണ്ടും ആകും) ﴿30﴾ فَرِيقًا ഒരു വിഭാഗത്തെ, കൂട്ടരെ هَدَىٰ അവൻ നേർമാർഗത്തിലാക്കിയിരിക്കുന്നു وَفَرِيقًا ഒരു വിഭാഗത്തെ, കൂട്ടരെ حَقَّ عَلَيْهِمُ അവരിൽ അവകാശപ്പെട്ടിരിക്കുന്നു الضَّلَالَةُ ദുർമാർഗം, വഴിപിഴവ് إِنَّهُمُ നിശ്ചയമായും അവർ اتَّخَذُوا ആക്കിവെച്ചു, സ്വീകരിച്ചു الشَّيَاطِينَ പിശാചുക്കളെ أَوْلِيَاءَ ബന്ധുമിത്രങ്ങൾ, കാര്യകർത്താക്കൾ مِن دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ, പുറമെ وَيَحْسَبُونَ അവർ കണക്കാക്കുകയും (വിചാരിക്കുകയും) ചെയ്യുന്നു, ഗണിക്കുകയും ചെയ്തിരുന്നു أَنَّهُم അവർ (ആകുന്നു) എന്ന് مُّهْتَدُونَ നേർമാർഗം പ്രാപിച്ചവർ.

فاحشة (നീചവൃത്തി) കൊണ്ടുദ്ദേശ്യം ബിംബാരാധന തുടങ്ങിയ എല്ലാ നീചപ്രവൃത്തികളും ആകാവുന്നതാണ്. വസ്ത്രം ധരിക്കാതെ പൂർണ നഗ്നരായിക്കൊണ്ട് മുശ്രിക്കുകൾ ത്വവാഫ് (കഅ്ബഃ പ്രദക്ഷിണം) ചെയ്തിരുന്നതിനെയാണ് ഇവിടെ പ്രധാനമായും ഉദ്ദേശിച്ചിരിക്കുന്നത് എന്നത്രെ അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായം. തുടർന്നുള്ള വാക്യങ്ങൾ പരിശോധിക്കുമ്പോഴും, ചില രിവായത്തുകൾ പരിഗണിക്കുമ്പോഴും ആ അഭിപ്രായം ശരിയാകുവാൻ ന്യായമുണ്ട് താനും. പാപം ചെയ്വാൻ ഉപയോഗിച്ച വസ്ത്രം ഉടുത്തുകൊണ്ട് ത്വവാഫ് ചെയ്യുന്നത് നന്നല്ലെന്നായിരുന്നു അതിന് അവർ പറഞ്ഞിരുന്ന കാരണം. നമ്മുടെ മാതാക്കൾ നമ്മെ പ്രസവിച്ചപ്പോഴുള്ള അതേ രൂപത്തിൽ നമുക്ക് ത്വവാഫ് ചെയ്യാമെന്നും അവർ പറഞ്ഞിരുന്നുവത്രെ. സ്ത്രീ പുരുഷ വ്യത്യാസം അതിലില്ലായിരുന്നു. എങ്കിലും സ്ത്രീകൾ രാത്രിയും, പുരുഷന്മാർ പകലും ആയിരുന്നു അങ്ങിനെ ചെയ്തിരുന്നതെന്ന് ഇബ്നു അബ്ബാസ് (റ)ൽ നിന്ന് മുസ്ലിം (റ) നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീഥിൽ വന്നിരിക്കുന്നു.

ഇങ്ങനെയുള്ള ദുർവൃത്തികൾക്ക് അവരുടെ ന്യായീകരണം, പൂർവ്വപിതാക്കളുടെ അനുകരണമായിരിക്കും. പരമ്പരാഗതമായ അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും മുഴുകിയവർക്ക് എല്ലാ കാലത്തും പറയാനുള്ള ന്യായമാണല്ലോ അത്. പൂർവ്വീകന്മാർ മുതൽക്കേ നടന്നു വരുന്നതാകകൊണ്ട് ഇതെല്ലാം അല്ലാഹു കൽപിച്ച മതവിധികൾ തന്നെയാണെന്നും അവർ വാദിക്കും. ഇതൊക്കെ ബുദ്ധിഹീനമായ നീചകൃത്യങ്ങളാണ്; ഇമ്മാതിരി നീചകൃത്യങ്ങൾക്ക് ഒരിക്കലും അല്ലാഹു കൽപിക്കുകയില്ല; യുക്തിപരമോ പ്രമാണപരമോ ആയ ഒരടിസ്ഥാനവും കൂടാതെ അല്ലാഹുവിന്റെ പേരിൽ കളവ് പറഞ്ഞുണ്ടാക്കലാണത്; നമസ്കാരം, പ്രാർത്ഥന മുതലായ ആരാധനാ കർമങ്ങൾ അവനുമാത്രം അർപ്പിച്ചുകൊണ്ട് മുഖവും മനസ്സും അവനിലേക്ക് തിരിക്കണം എന്നിങ്ങിനെയുള്ള നീതി യുക്തമായ കാര്യങ്ങൾ മാത്രമേ അവൻ കൽപിക്കൂ എന്നൊക്കെയാണ് അവർക്ക് മറുപടി നൽകുവാൻ നബിﷺയോട് കൽപിച്ചതിന്റെ സാരം.

مسجد (മസ്ജിദ്) എന്ന വാക്കിന്റെ അർത്ഥം 'സുജൂദ് ചെയ്യുന്ന സ്ഥലം' എന്നാകുന്നു. 'നമസ്കാരവേള, പള്ളി, പ്രാർത്ഥനാസ്ഥലം' എന്നിങ്ങിനെയുള്ള ഉദ്ദേശ്യങ്ങളിലാണത് സാധാരണ ഉപയോഗിക്കപ്പെടാറുള്ളത്. (دين) ദീൻ എന്ന വാക്കിന് 'മതം, നടപടി, അനുസരണം, കീഴ്‌വണക്കം, ആചാരം, വഴിപാട്, പതിവ്, ചര്യ, പ്രതിഫലം' എന്നിങ്ങനെ സന്ദർഭമനുസരിച്ചു പല അർത്ഥങ്ങളും വരാം. നിങ്ങളെ ആദ്യമായി ഉണ്ടാക്കിയതുപോലെ നിങ്ങൾ വീണ്ടും മടങ്ങും (كَمَا بَدَأَكُمْ تَعُودُونَ) എന്ന വാക്യത്തിന് പലരും പലതരം വ്യാഖ്യാനം നൽകിക്കാണുന്നു. ഇഹത്തിൽ ജീവിച്ചതുപോലെ മരണശേഷം വീണ്ടും ജീവിക്കും; മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതുപോലെ വീണ്ടും മണ്ണോട്ചേരും; ജനിക്കുമ്പോൾ നഗ്നരും ചേലാകർമം ചെയ്യപ്പെടാത്തവരുമായിരുന്നതുപോലെത്തന്നെ രണ്ടാമത് ജീവിക്കുമ്പോഴും ആയിരിക്കും; മുസ്‌ലിംകളായിരുന്നവർ മുസ്‌ലിംകളായും, അവിശ്വാസികളായിരുന്നവർ അവിശ്വാസികളായും മടങ്ങിവരും; ശൂന്യതയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയതുപോലെ വീണ്ടും ജീവിപ്പിക്കപ്പെടും എന്നൊക്കെയാണ് ആ വ്യാഖ്യാനങ്ങളുടെ ചുരുക്കം. അല്ലാഹു ഉപയോഗിച്ച വാക്ക് ഈ വ്യാഖ്യാനങ്ങളെല്ലാം ഉൾക്കൊള്ളുമാറ് വിശാലാർത്ഥമുള്ളതാകുന്നു താനും.

രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിന്റെ സാരം ഇതാണ്; മരണശേഷം മടങ്ങിവരുമ്പോൾ നിങ്ങൾ രണ്ടു തരക്കാരായിരിക്കും. ഒരു കൂട്ടർ അല്ലാഹു നേർമാർഗത്തിലാക്കിയ ഭാഗ്യവാന്മാർ, മറ്റൊരു കൂട്ടർ ദുർമാർഗികളായിരിക്കുവാൻ അവകാശപെട്ടവരാകകൊണ്ട് ദുർമാർഗികളായി വിധിക്കപ്പെട്ട നിർഭാഗ്യവാന്മാർ. ഇവർ ദുർമാർഗികളാകുവാൻ കാരണം അവർ തന്നെയാണ്. അവരുടെ ബദ്ധശത്രുക്കളായ പിശാചുക്കളെയാണവർ തങ്ങളുടെ ബന്ധുമിത്രങ്ങളും കാര്യകർത്താക്കളുമാക്കി വെച്ചത്. അവരുടെ ദുരുപദേശങ്ങളെ അവർ അനുസരിക്കുകയും അതൊക്കെ നേരായ മാർഗം തന്നെയെന്ന് ധരിച്ചുവശാകുകയും ചെയ്തുവന്നു.

തങ്ങൾ സന്മാർഗം പ്രാപിച്ചവരാണെന്ന് അവർ ഗണിക്കുകയും ചെയ്തിരുന്നു (وَيَحْسَبُونَ أَنَّهُم مُّهْتَدُونَ) എന്ന് ദുർമാർഗികളെപറ്റി പറഞ്ഞതിൽനിന്ന് ഒരാൾ താൻ സ്വീകരിച്ച മാർഗം നല്ലതും ശരിയുമാണെന്ന് വിചാരിച്ചതുകൊണ്ട് കാര്യമില്ലെന്നും, അതു യഥാർത്ഥത്തിൽ നല്ലതും ശരിയും ആയിരിക്കുക തന്നെ വേണ്ടതുണ്ടെന്നും എന്നാൽ മാത്രമേ അല്ലാഹുവിങ്കൽ അത് സ്വീകാര്യമായിരിക്കുകയുള്ളൂവെന്നും, അതുകൊണ്ട് നല്ലതും ചീത്തയും ഏതേതാണെന്ന് അന്വേഷിച്ചറിയൽ മനുഷ്യന്റെ കടമയാണെന്നും മനസ്സിലാക്കാവുന്നതാകുന്നു. ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിട്ടുണ്ട്: 'ഒരു അടിയാൻ, മനുഷ്യരുടെ ദൃഷ്ടിയിൽ സ്വർഗക്കാരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കും; അവൻ യഥാർത്ഥത്തിൽ നരകക്കാരിൽപെട്ടവനായിരിക്കും. ഒരുവൻ മനുഷ്യരുടെ ദൃഷ്ടിയിൽ നരകക്കാരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കും; അവൻ യഥാർത്ഥത്തിൽ സ്വർഗക്കാരിൽപെട്ടവനുമായിരിക്കും. കർമങ്ങൾ (വിലയിരുത്തപ്പെടുന്നത്) അവസാന സ്ഥിതിഗതികൾക്കനുസരിച്ചായിരിക്കും' (ബു). മനുഷ്യരെ വിളിച്ചുകൊണ്ട് വീണ്ടും അല്ലാഹു പറയുന്നു:-

۞ يَـٰبَنِىٓ ءَادَمَ

﴾31﴿ **ആദമിന്റെ സന്തതികളേ,**

خُذُوا۟ زِينَتَكُمْ	**എല്ലാ നമസ്കാര സ്ഥാനത്തിങ്കലും നിങ്ങള്‍ നിങ്ങളുടെ ഭംഗി [വസ്ത്രങ്ങള്‍] എടുത്തു(പയോഗിച്ചു)കൊള്ളുവിന്‍;**
عِندَ كُلِّ مَسْجِدٍ	
وَكُلُوا۟ وَٱشْرَبُوا۟ وَلَا تُسْرِفُوٓا۟	**നിങ്ങള്‍ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവിന്‍. അമിതമാക്കുകയും അരുത്.**
إِنَّهُۥ لَا يُحِبُّ ٱلْمُسْرِفِينَ ﴿٣١﴾	**നിശ്ചയമായും, അമിതമാക്കുന്നവരെ അവന്‍ [അല്ലാഹു] ഇഷ്ടപ്പെടുകയില്ല.**

﴾31﴿ يَابَنِي آدَمَ ആദമിന്റെ സന്തതികളേ (മക്കളേ) خُذُوا നിങ്ങള്‍ എടുത്തു (ഉപയോഗിച്ചു-സ്വീകരിച്ചു) കൊള്ളുവിന്‍ زِينَتَكُمْ നിങ്ങളുടെ ഭംഗി, അലങ്കാരം, അഴക് عِندَ كُلِّ مَسْجِدٍ എല്ലാ സുജൂദ് (നമസ്കാര)വേളയിലും, നമസ്കാര സ്ഥലത്തിങ്കലും وَكُلُوا നിങ്ങള്‍ തിന്നുകയും ചെയ്യുവിന്‍ وَاشْرَبُوا നിങ്ങള്‍ കുടിക്കുകയും ചെയ്യുവിന്‍ وَلَا تُسْرِفُوا നിങ്ങള്‍ അമിതമാക്കുക (അതിരു കടക്കുക)യും ചെയ്യരുത് إِنَّهُ നിശ്ചയമായും അവന്‍ لَا يُحِبُّ ഇഷ്ടപ്പെടുകയില്ല الْمُسْرِفِينَ അതിരുവിടുന്നവരെ, അമിതമാക്കുന്നവരെ

മുകളില്‍ പ്രസ്താവിച്ചപോലെ, നഗ്നരായ നിലയില്‍ ത്വവാഫും നമസ്കാരംപോലെയുള്ള ആരാധനാ കര്‍മങ്ങളും നടത്തുന്ന സമ്പ്രദായം ഉപേക്ഷിക്കണം; ആരാധനാ കര്‍മങ്ങളില്‍ പങ്കെടുക്കുമ്പോള്‍ നഗ്നത മറക്കുക മാത്രമല്ല, ഭംഗിക്കും അലങ്കാരത്തിനുമുള്ള വസ്ത്രങ്ങള്‍ ധരിക്കുകകൂടി വേണ്ടതാണ് എന്ന് അല്ലാഹു ഉപദേശിക്കുന്നു. അതിനോടനുബന്ധിച്ചുകൊണ്ട് ഭക്ഷണപാനീയങ്ങള്‍ ഉപയോഗിക്കുന്നതിനെക്കുറിച്ചും ഉപദേശിച്ചിരിക്കുന്നു. ഭക്ഷണപാനീയങ്ങള്‍ മുതലായ അല്ലാഹു നല്‍കിയ അനുഗ്രഹങ്ങള്‍ ഉപേക്ഷിച്ചു ബുദ്ധിമുട്ടും ഞെരുക്കവും അനുഭവിക്കുന്നത് ഒരു പുണ്യകര്‍മമാണെന്നും, മോക്ഷമാര്‍ഗമാണെന്നും ചില ആളുകള്‍ മുന്‍കാലത്തും ഇക്കാലത്തും കരുതാറുണ്ട്. ആ സമ്പ്രദായം ഉപേക്ഷിക്കണമെന്നും, അല്ലാഹു നല്‍കിയ ആ അനുഗ്രഹങ്ങള്‍ ആവശ്യവും സന്ദര്‍ഭവും അനുസരിച്ച് ഉപയോഗപ്പെടുത്തണമെന്നും, അതില്‍ മടികാണിക്കരുതെന്നും, അതേ സമയം അതിലൊന്നും അമിതത്വം ഉണ്ടാവാന്‍ പാടില്ലെന്നും കല്‍പിക്കുന്നു. അല്ലാഹുവിന്റെ ഈ കല്‍പനകളുടെ അടിസ്ഥാനത്തിലാണ് നമസ്കാരവേളകളില്‍ -ജുമുഅഃ, ജമാഅത്ത്, പെരുന്നാള്‍ നമസ്കാരം എന്നിവയില്‍ വിശേഷിച്ചും- നല്ല വസ്ത്രങ്ങള്‍ ധരിക്കുക, വാസനദ്രവ്യം ഉപയോഗിക്കുക, വായ വൃത്തിയാക്കുക, കുളിച്ചു ശുദ്ധിയാകുക മുതലായ കാര്യങ്ങള്‍ക്ക് ഹദീഥുകളില്‍ പ്രോത്സാഹനം നല്‍കപ്പെട്ടു കാണുന്നത്.

നബി ﷺ പറഞ്ഞിരിക്കുന്നു: 'അമിതത്വവും, അഹങ്കാരവുമില്ലാത്തവിധം തിന്നുക

യും, കുടിക്കുകയും, ഉടുക്കുകയും, ധർമം കൊടുക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അടയാളം അവന്റെ അടിയാനിൽ കാണപ്പെടുന്നത് അവൻ ഇഷ്ടപ്പെടുന്നതാണ്' (അ; ന; ജ). ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ബുഖാരി (റ) പറയുന്നു: 'രണ്ടു കാര്യങ്ങൾ നിന്നിൽനിന്ന് ഒഴിവായാൽ നിനക്ക് വേണ്ടത് നീ തിന്നുകയും, നിനക്ക് വേണ്ടത് നീ കുടിക്കുകയും ചെയ്തുകൊള്ളുക; അമിതത്വവും അഹങ്കാരവും'. മുൻഗാമികളായ ചില മഹാന്മാർ ഇപ്രകാരം പറഞ്ഞതായി ഇബ്നുകഥീർ (റ) ഉദ്ധരിക്കുന്നു: അല്ലാഹു വൈദ്യം മുഴുവനും ഒരു ആയത്തിന്റെ പകുതിയിൽ ഉൾപെടുത്തിയിരിക്കുന്നു. അതായത്: وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا (തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക-അമിതമാക്കുകയും ചെയ്യരുത്). ആവശ്യത്തിലധികം ഉപയോഗിക്കുക, കഴിവിലധികവും സന്ദർഭം നോക്കാതെയും ഉപയോഗിക്കുക, പത്രാസിനും, അന്തസ്സിനും വേണ്ടി ഉപയോഗിക്കുക, മുന്തിയതരം തന്നെ വേണമെന്ന് ശഠിക്കുക, ഹറാമും ഹലാലും നോക്കാതിരിക്കുക മുതലായവയെല്ലാം അമിതത്വത്തിൽ ഉൾപ്പെടുന്നതാണ്.

വിഭാഗം - 4

قُلْ مَنْ حَرَّمَ زِينَةَ ٱللَّهِ ٱلَّتِىٓ أَخْرَجَ لِعِبَادِهِۦ وَٱلطَّيِّبَٰتِ مِنَ ٱلرِّزْقِ ۚ

﴾32﴿ (നബിയേ) പറയുക: 'അല്ലാഹു അവന്റെ അടിയാന്മാർക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ളതായ അവന്റെ (വക) ഭംഗി (വസ്തുക്കളെ) യും, ആഹാരത്തിൽ നിന്നുള്ള നല്ല (വിശിഷ്ട) വസ്തുക്കളെയും നിഷിദ്ധമാക്കിയതാരാണ്?!'

قُلْ هِىَ لِلَّذِينَ ءَامَنُوا۟ فِى ٱلْحَيَوٰةِ ٱلدُّنْيَا خَالِصَةً يَوْمَ ٱلْقِيَٰمَةِ ۗ

പറയുക: 'അവ ഐഹിക ജീവിതത്തിൽ വിശ്വസിച്ചവർക്കുവേണ്ടിയുള്ളതാകുന്നു; ക്വിയാമത്തുനാളിൽ അവർക്ക് മാത്രമായിക്കൊണ്ട്'.

كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَعْلَمُونَ ﴿٣٢﴾

ഇപ്രകാരം, അറിയാവുന്ന ജനങ്ങൾക്കുവേണ്ടി 'ആയത്ത്' [ലക്ഷ്യം]കളെ നാം വിശദീകരിക്കുന്നു.

﴾32﴿ قُلْ പറയുക مَنْ حَرَّمَ നിഷിദ്ധ (ഹറാ)മാക്കിയതാരാണ് زِينَةَ اللهِ അല്ലാഹുവിന്റെ ഭംഗിയെ (അലങ്കാരത്തെ) الَّتِي أَخْرَجَ അവൻ പുറപ്പെടുവിച്ച (ഉല്പാദിപ്പിച്ച)തായ لِعِبَادِهِ തന്റെ (അവന്റെ) അടിയാന്മാർക്ക് വേണ്ടി وَالطَّيِّبَاتِ നല്ല (വിശിഷ്ട) വസ്തുക്കളെയും مِنَ الرِّزْقِ ആഹാര (ഉപജീവന)ത്തിൽ നിന്ന് قُلْ هِيَ പറയുക അവ لِلَّذِينَ آمَنُوا വിശ്വസിച്ചവർക്കുള്ളതാണ് (വേണ്ടിയാണ്) فِي الْحَيَاةِ ജീവിതത്തിൽ الدُّنْيَا ഇഹലോക, ഐഹിക

خَالِصَةً മാത്രമായിക്കൊണ്ട്, തനിയേയായിട്ട് يَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിൽ كَذَٰلِكَ അ (ഇ)പ്രകാരം نُفَصِّلُ നാം വിശദീകരിക്കുന്നു الْآيَاتِ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ لِقَوْمٍ ജനങ്ങൾക്കുവേണ്ടി يَعْلَمُونَ അവർ അറിയുന്നു.

ഭംഗിക്കും അഴകിനും വേണ്ടി മനുഷ്യർ ഉപയോഗിക്കാറുള്ള വസ്ത്രം മുതലായ ഉപകരണങ്ങളെയും, വിശിഷ്ടങ്ങളായ ഭക്ഷണപാനീയങ്ങളെയും ഈ ഭൂമിയിൽ സൃഷ്ടിച്ചുണ്ടാക്കിത്തന്നത് അല്ലാഹുവാണ്. അതവന്റെ അടിയാന്മാർക്കുവേണ്ടി ഉണ്ടാക്കിയതുമാകുന്നു. എന്നിരിക്കെ, അവയിൽ ചിലത് നിഷിദ്ധമായതാണ് -ഉപയോഗിച്ചുകൂടാ- എന്ന് വിധി കൽപിക്കാൻ ആർക്കാണ് അധികാരവും അവകാശവുമുള്ളത്?! എന്ന് അല്ലാഹു ചോദിക്കുന്നു. ഇല്ല; അല്ലാഹുവിനല്ലാതെ ആർക്കും അതിനവകാശമില്ല; വല്ലവരും അങ്ങിനെ ചെയ്താൽ അത് സ്വീകാര്യവുമല്ല എന്നർത്ഥം. നല്ല വസ്ത്രം ധരിക്കുക, നല്ല ആഹാരം കഴിക്കുക മുതലായവ തെറ്റാണെന്നും അതു ആത്മീയ പുരോഗതിക്ക് ഹാനികരമാണെന്നും ധരിക്കുന്ന എല്ലാവരുടെയും -അവർ മുസ്‌ലിംകളോ അമുസ്‌ലിംകളോ ആവട്ടെ- നേരെയുള്ള ശക്തിയായ ഒരു പ്രതിഷേധമാണ് അല്ലാഹുവിന്റെ ഈ ചോദ്യം. അല്ലാഹു നിഷിദ്ധമാക്കാത്തതിനെ നിഷിദ്ധമാക്കുന്നത് അക്രമവും ധിക്കാരവുമാകുന്നു. മാത്രമല്ല, അവൻ നൽകിയ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തുവാൻ സൗകര്യമുണ്ടായിട്ടും കൽപിച്ചുകൂട്ടി അത് ഉപേക്ഷിക്കുന്നത് നന്ദികേടുമാണ്. അതുകൊണ്ടാണ് ഇത്രയും ശക്തിയായ സ്വരത്തിൽ ഇതിനെപറ്റി പ്രസ്താവിക്കുന്നത്. പിന്നീട് പറഞ്ഞതിന്റെ താൽപര്യം ഇതാണ്: മേൽ സൂചിപ്പിച്ചതുപോലെയുള്ള വസ്തുക്കളെല്ലാം അല്ലാഹു ഈ ലോകത്ത് ഉൽപാദിപ്പിച്ചിരിക്കുന്നത് യഥാർത്ഥത്തിൽ സത്യവിശ്വാസികൾക്ക് വേണ്ടിയാകുന്നു. എങ്കിലും അവിശ്വാസികളും അവയുടെ ഉപയോഗത്തിൽ പങ്കുകൊണ്ടു വരുന്നുവെന്നു മാത്രം. അല്ലാഹു അത് തടയുന്നുമില്ല. എന്നാൽ, അന്ത്യനാൾ വന്നുകഴിഞ്ഞാൽ പിന്നെ, ഇങ്ങിനെയുള്ള അനുഗ്രഹങ്ങൾ സത്യവിശ്വാസികൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ. അവസാനത്തെ വാക്യത്തിൽ ഇതൊക്കെ ഇങ്ങിനെ വിശദീകരിച്ചു വിവരിച്ചു തരുന്നത് കാര്യങ്ങൾ ഗ്രഹിച്ചു മനസ്സിലാക്കുന്നവർക്ക് അറിയുവാൻ വേണ്ടിയാണെന്നും ചൂണ്ടിക്കാട്ടുന്നു.

ഭക്ഷണപാനീയങ്ങളിൽ പോലും അമിതത്വവും അതിരുകവിച്ചലും പാടില്ലെന്നും, പത്രാസും പെരുമയും ഉണ്ടായിക്കൂടാ എന്നും കഴിഞ്ഞ വചനത്തിൽ നിന്നും മേലുദ്ധരിച്ചതുപോലെയുള്ള ഹദീഥുകളിൽ നിന്നും വ്യക്തമായിരിക്കെ, അലങ്കാര വസ്തുക്കൾ ഉപയോഗിക്കുന്നതിൽ പ്രത്യേകിച്ചും മിതത്വം പലിക്കേണ്ടതുണ്ടെന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ കാലത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അല്ലാഹു നൽകിയ സുഖസൗകര്യങ്ങളും അലങ്കാര വിഭവങ്ങളും ഉപയോഗപ്പെടുത്താത്തവരായി അധികമാരെയും കാണപ്പെടുകയില്ല. അവ ഉപയോഗിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലുമുള്ള വാശിയും കിടമൽസരവുമാണ് പരക്കെയുള്ളത്. മാത്രമല്ല, അലങ്കാരത്തിന്റെയും ഭംഗിയുടെയും പേരിൽ ഏത് വികൃത മാർഗവും സ്വീകരിക്കാമെന്നും, ഐഹിക ജീവിതത്തിന്റെ പ്രധാന ലക്ഷ്യം തന്നെ അതാണെന്നുമുള്ളിടത്തോളം പൊതുജന മനഃസ്ഥിതി എത്തിച്ചേർന്നിരിക്കുകയാണ്! അല്ലാഹുവിൽ ശരണം!

قُلْ إِنَّمَا حَرَّمَ رَبِّىَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْىَ بِغَيْرِ ٱلْحَقِّ وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٣٣﴾

﴾33﴿ പറയുക: 'നിശ്ചയമായും, എന്റെ റബ്ബ് നിഷിദ്ധമാക്കിയിരിക്കുന്നത്: നീചവൃത്തികളും അവയിൽ പ്രത്യക്ഷമായതും പരോക്ഷമായതും, പാപവും, ന്യായമല്ലാതെയുള്ള അതിക്രമ (അഥവാ കയ്യേറ്റ)വും, യാതൊരു (അധികൃത) രേഖയും അല്ലാഹു അവതരിപ്പിച്ചിട്ടില്ലാത്തതിനെ നിങ്ങൾ അവനോട് പങ്കുചേർക്കുന്നതും, നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് നിങ്ങൾ അല്ലാഹുവിന്റെ പേരിൽ പറഞ്ഞുണ്ടാക്കുന്നതും (മാത്രം) ആകുന്നു.

﴾33﴿ قُلْ നീ പറയുക إِنَّمَا حَرَّمَ നിഷിദ്ധമാക്കിയത് (ഇവ മാത്രം), നിശ്ചയമായും ഹറാമാക്കി رَبِّيَ എന്റെ റബ്ബ് الْفَوَاحِشَ നീചവൃത്തികളെ (മാത്രം) مَاظَهَرَ പ്രത്യക്ഷമായത് (വെളിവായത്) مِنْهَا അവയിൽ നിന്ന് وَمَابَطَنَ പരോക്ഷമായതും (മറഞ്ഞതും) وَالإِثْمَ കുറ്റവും, പാപവും وَالْبَغْيَ അതിക്രമവും, കയ്യേറ്റവും, ധിക്കാരവും, അക്രമവും بِغَيْرِ الْحَقِّ ന്യായമില്ലാതെ, അവകാശമില്ലാതെ وَأَنْ تُشْرِكُوا നിങ്ങൾ പങ്കു ചേർക്കലും بِاللَّهِ അല്ലാഹുവിനോട്, അല്ലാഹുവിൽ مَالَمْ يُنَزِّلْ അവൻ അവതരിപ്പിക്കാത്തതിനെ بِهِ അതിന്, അതിനെപറ്റി سُلْطَانًا ഒരു (അധികൃത)രേഖ (ശക്തി-അധികാരം) وَأَنْ تَقُولُوا നിങ്ങൾ പറയലും (പറഞ്ഞുണ്ടാക്കലും) عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ مَالاتَعْلَمُونَ നിങ്ങൾക്കറിഞ്ഞുകൂടാത്തത്.

നല്ല വസ്തുക്കളെയൊന്നും അല്ലാഹു നിഷിദ്ധമാക്കിയിട്ടില്ലെന്ന് പറയുമ്പോൾ, എന്നാൽ പിന്നെ ഏതുതരം കാര്യങ്ങളാണ് അവൻ നിഷിദ്ധമാക്കിയിരിക്കുന്നതെന്ന് ചോദിക്കാമല്ലോ. അതിനൊരു മറുപടിയാണ് ഈ വചനം. അടിസ്ഥാനപരമായി അഞ്ച് തരത്തിലുള്ള കാര്യങ്ങൾ മാത്രമേ അവൻ നിഷിദ്ധമാക്കിയിട്ടുള്ളൂ -അവയിൽപെടാത്ത കാര്യങ്ങളൊന്നും അവർ നിഷിദ്ധമാക്കിയിട്ടില്ല- എന്ന് ഈ വചനത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതായത്:

(1) പ്രത്യക്ഷമോ പരോക്ഷമോ ആയ എല്ലാ നീചവൃത്തികളും. ഇവയെപറ്റി കഴിഞ്ഞ സൂറത്തിലെ 151-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മറ്റും മുമ്പ് വിവരിച്ചിട്ടുണ്ട്. നബിﷺ അരുളിച്ചെയ്തതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'അല്ലാഹുവിനെക്കാൾ രോഷമുള്ളവരായി ആരും തന്നെയില്ല, അതുകൊണ്ടാണ് പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ അവൻ നിഷിദ്ധമാക്കിയിരിക്കുന്നത്. അവനെക്കാൾ പ്രശംസയെ ഇഷ്ടപ്പെടുന്നവരും വേറെയില്ല' (ബു; മു). മാന്യതക്കും ശുദ്ധതക്കും അഭിമാന

ത്തിനും ക്ഷതമേൽപിക്കുന്ന കാര്യങ്ങളോട് അല്ലാഹുവിനോടുള്ള വെറുപ്പിന്റെ കാഠിന്യംകൊണ്ടാണ് അവൻ എല്ലാവിധ നീചവൃത്തികളെയും നിരോധിച്ചത്. നേരെമറിച്ച് മാന്യതക്കും, സൽപേരിനും കാരണമാകുന്ന കാര്യങ്ങളെല്ലാം അവന് വളരെ ഇഷ്ടവുമാണ് എന്ന് താൽപര്യം.

(2) കുറ്റകരമായത്. അഥവാ ശാരീരികമോ, ആത്മീയമോ ആയ ദോഷം നിമിത്തം പാപങ്ങളായി നിയമിക്കപെട്ട കാര്യങ്ങൾ.

(3) ന്യായമില്ലാത്ത അതിക്രമം. അഥവാ മറ്റുള്ളവരുടെമേൽ അക്രമവും, കയ്യേറ്റവും ആയിത്തീരുന്ന കാര്യങ്ങൾ

(4) അല്ലാഹുവിനോട് -അവന്റെ സത്തയിലോ അധികാരാവകാശങ്ങളിലോ ഗുണഗണങ്ങളിലോ- ഏതെങ്കിലും വസ്തുവെ പങ്കുചേർക്കൽ. എല്ലാ നിഷിദ്ധങ്ങളിലും വെച്ച് ഏറ്റവും ഗൗരവപ്പെട്ടതും ഇത് തന്നെ. അല്ലാഹുവിങ്കൽ നിന്നുള്ള അധികൃതമായ രേഖയില്ലാത്തതിനെ പങ്കുചേർക്കുക എന്നു പറഞ്ഞത് ശ്രദ്ധേയമാകുന്നു. വിശ്വാസപരമായ മൗലിക സിദ്ധാന്തങ്ങൾ അല്ലാഹുവിങ്കൽ നിന്നുള്ള വഹ്‌യ് മൂലം ലഭിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലേ അംഗീകരിക്കപ്പെടുകയുള്ളൂ, അതിൽ അഭിപ്രായത്തിനും അനുമാനത്തിനും സ്ഥാനമില്ല എന്നാണിത് സൂചിപ്പിക്കുന്നത്.

(5) വിവരമില്ലാതെ-അഥവാ തക്കതായ തെളിവും രേഖയും കൂടാതെ- അല്ലാഹുവിന്റെ പേരിൽ വല്ലതും വെച്ചുകെട്ടിപ്പറയുക. മതത്തിലില്ലാത്തത് കുട്ടിച്ചേർക്കൽ, അല്ലാഹു നിയമിക്കാത്ത ആചാരാനുഷ്ഠാനങ്ങൾ നിർമിക്കൽ, സ്വാഭിപ്രായത്തിനും സ്ഥാപിത താൽപര്യത്തിനും യോജിച്ച ഫത്‌വാ (മതവിധി) പുറപ്പെടുവിക്കൽ, അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധവും, നിഷിദ്ധമാക്കിയതിനെ അനുവദനീയവുമാക്കൽ തുടങ്ങിയതെല്ലാം ഇതിൽ ഉൾപെട്ടതാകുന്നു. ഈ അഞ്ചിൽ ഏതെങ്കിലും ഒരു തരത്തിൽപെട്ട കാര്യങ്ങളേ അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ളൂവെന്നാണ് അല്ലാഹു പറയുന്നത്.

وَلِكُلِّ أُمَّةٍ أَجَلٌ ۖ فَإِذَا جَآءَ أَجَلُهُمْ لَا يَسْتَأْخِرُونَ سَاعَةً ۖ وَلَا يَسْتَقْدِمُونَ ﴿٣٤﴾

﴾34﴿ എല്ലാ (ഓരോ) സമുദായത്തിനുമുണ്ട് ഒരു അവധി. അങ്ങിനെ, അവരുടെ അവധി വന്നാൽ അവർ ഒരു നാഴിക നേരവും പിന്നോട്ട് പോകുകയാകട്ടെ, മുന്നോട്ട് പോകുകയാകട്ടെ ചെയ്കയില്ല.

﴾34﴿ وَلِكُلِّ أُمَّةٍ എല്ലാ സമുദായത്തിനുമുണ്ട് أَجَلٌ ഒരു അവധി فَإِذَا جَاءَ അങ്ങനെ (അതിനാൽ) വന്നാൽ أَجَلُهُمْ അവരുടെ അവധി لَا يَسْتَأْخِرُونَ അവർ പിന്തി(പിന്നോട്ട്) പോകുകയില്ല سَاعَةً ഒരു നാഴികനേരം وَلَا يَسْتَقْدِمُونَ അവർ മുന്തി (മുന്നോട്ടു)പോകുകയുമില്ല.

നൂഹ് നബി(അ)യുടെ സമുദായവും, അതിനുശേഷം മറ്റു ചില സമുദായങ്ങളും അവരുടെ അക്രമഫലമായി ഉന്മൂലനാശത്തിന് ഇരയായ കഥ വിവരിച്ചശേഷം, സൂറ

ത്തുൽ മുഅ്മിനൂനിൽ പറയുന്നു: مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَأْخِرُونَ -المؤمنون:٤٣ (ഒരു സമുദായവും തന്നെ അതിന്റെ അവധിയെ മുൻകടക്കുകയില്ല; അവർ പിന്നോട്ട് പോവുകയുമില്ല). നശിപ്പിക്കപ്പെട്ട ഓരോ രാജ്യവും -അഥവാ രാജ്യക്കാരും- അതാതിനു നിശ്ചയിക്കപ്പെട്ട അവധി അനുസരിച്ച് തന്നെയാണ് നശിച്ചതെന്ന് സൂചിപ്പിച്ചുകൊണ്ട് സൂ: ഹിജ്ർ 5ലും ഇതേ വാക്യം കാണാം. ഈ ആശയം തന്നെയാണ് ഈ വചനത്തിലും കാണുന്നത്. അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും സന്മാർഗ നിഷ്ഠയും അവശേഷിക്കുന്ന കാലത്തോളം സമുദായങ്ങൾ ജീവനോടും ജീവസ്സോടും കൂടിയിരിക്കും. നേരെ മറിച്ച് ധിക്കാരത്തിലും ദുർമാർഗത്തിലും അതിരു കവിയുമ്പോൾ അവർക്ക് നാശം സംഭവിക്കുകയും ചെയ്യും. എപ്പോഴാണത് സംഭവിക്കുകയെന്നും, സംഭവിക്കേണ്ടതെന്നും അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. അതിന് നിശ്ചയിക്കപ്പെട്ട സമയത്തല്ലാതെ അതിന്റെ അൽപമെങ്കിലും മുമ്പോ പിമ്പോ അതൊരിക്കലും സംഭവിക്കുകയില്ല.

നാശം എന്ന് പറഞ്ഞതിൽ, മുൻസമുദായങ്ങളിൽ കഴിഞ്ഞപോലെയുള്ള ഉന്മൂല ശിക്ഷകൾക്ക് പുറമെ, സമുദായത്തെ പൊതുവായി ബാധിക്കുന്ന തരത്തിലുള്ള അധഃപതനം, നിന്ദ്യത, പരാധീനത, ശത്രുമർദ്ദനം, പ്രകൃതിക്ഷോഭം മുതലായവയും ഉൾപെടുന്നു. മുൻ സമുദായങ്ങളെപ്പോലെ ഈ സമുദായത്തിനും ബാധകമാണ് ഈ താക്കീത്.

يَـٰبَنِىٓ ءَادَمَ إِمَّا يَأْتِيَنَّكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ ءَايَـٰتِى ۙ فَمَنِ ٱتَّقَىٰ وَأَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٥﴾

﴾35﴿ ആദമിന്റെ സന്തതികളേ, എന്റെ 'ആയത്തു' [ലക്ഷ്യം]കൾ നിങ്ങൾക്ക് വിവരിച്ചുതന്നുകൊണ്ട് നിങ്ങളിൽനിന്നുള്ള 'റസൂലു'കൾ നിങ്ങൾക്ക് (വല്ലപ്പോഴും) വന്നെത്തുന്നപക്ഷം, അപ്പോൾ -ആർ സൂക്ഷ്മത പാലിക്കുകയും (പ്രവൃത്തി) നന്നാക്കിത്തീർക്കുകയും ചെയ്തുവോ, അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.

وَٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا وَٱسْتَكْبَرُوا۟ عَنْهَآ أُو۟لَـٰٓئِكَ أَصْحَـٰبُ ٱلنَّارِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٣٦﴾

﴾36﴿ നമ്മുടെ ആയത്തു [ലക്ഷ്യം]കളെ വ്യാജമാക്കുകയും, അവയെക്കുറിച്ച് അഹംഭാവം നടിക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ നരകത്തിന്റെ ആൾക്കാരാകുന്നു; അവർ അതിൽ നിത്യവാസികളായിരിക്കും.

﴾35﴿ يَا بَنِي آدَمَ ആദമിന്റെ സന്തതികളേ إِمَّا يَأْتِيَنَّكُمْ നിങ്ങൾക്ക് (വല്ലപ്പോഴും) വരുന്നപക്ഷം رُسُلٌ റസൂലുകൾ, ദൂതന്മാർ مِنكُمْ നിങ്ങളിൽ നിന്നുള്ള يَقُصُّونَ വിവരിച്ചു തന്നുകൊണ്ട് عَلَيْكُمْ നിങ്ങൾക്ക് آيَاتِي എന്റെ ലക്ഷ്യങ്ങൾ, ദൃഷ്ടാന്തങ്ങൾ فَمَنِ اتَّقَى

അപ്പോൾ ആർ സൂക്ഷിച്ചുവോ وَأَصْلَحَ (കർമം) നന്നാക്കുകയും ചെയ്തു, നന്നായിത്തീരുകയും ചെയ്തു فَلَا خَوْفٌ എന്നാൽ ഒരു ഭയവുമില്ല عَلَيْهِمْ അവരുടെമേൽ وَلَا هُمْ അവർ ഇല്ലതാനും يَحْزَنُونَ അവർ വ്യസനിക്കും ﴾36﴿ وَالَّذِينَ كَذَّبُوا വ്യാജമാക്കിയവർ بِآيَاتِنَا നമ്മുടെ ആയത്തുകളെ وَاسْتَكْبَرُوا അവർ അഹംഭാവം (വലിപ്പം-ഗർവ്) നടിക്കുകയും ചെയ്തു عَنْهَا അവയെപറ്റി أُولَٰئِكَ അക്കൂട്ടർ أَصْحَابُ النَّارِ നരകത്തിന്റെ ആൾക്കാരാകുന്നു هُمْ فِيهَا അവർ അതിൽ خَالِدُونَ സ്ഥിര(നിത്യ)വാസികളാണ്, ശാശ്വതമായിരിക്കും.

ആദം (അ)ന്റെ സന്തതികളോട് -അതെ, മനുഷ്യാരംഭംതൊട്ട് കാലാവസാനംവരെയുള്ള മനുഷ്യരോട്-അല്ലാഹുവിങ്കൽ നിന്നുള്ള ഒരു പൊതു അറിയിപ്പാണിത്. അദ്ദേഹത്തെ സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്കു ഇറക്കിയപ്പോൾ തന്നെ ഈ അറിയിപ്പ് നൽകിക്കൊണ്ടായിരുന്നു അയച്ചതെന്ന് അൽബകറഃ 38,39 വചനങ്ങളിൽ കാണാവുന്നതാണ്. ആ വചനങ്ങളിലെ ആശയം തന്നെയാണ് ഈ വചനങ്ങളിലുമുള്ളത്. അല്ലാഹുവിന്റെ സന്ദേശങ്ങളും ലക്ഷ്യങ്ങളും പ്രബോധനം ചെയ്യുന്ന റസൂലുകൾ വരുമ്പോൾ അവരുടെ മാർഗദർശനം എല്ലാവരും സ്വീകരിക്കണമെന്നും, അതനുസരിക്കുന്നവർക്കേ രക്ഷയുള്ളൂവെന്നും, അല്ലാത്തവർക്ക് നരകശിക്ഷയായിരിക്കും ആധാരമെന്നുമാണല്ലോ ഈ അറിയിപ്പിന്റെ സാരം. അങ്ങിനെയുള്ള ഒരു റസൂലാണ് നിങ്ങളിൽ ഇപ്പോൾ വന്നിരിക്കുന്നത്; അതുകൊണ്ട് അദ്ദേഹത്തെ പിൻപറ്റൽ നിങ്ങളുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നുവെന്ന് താൽപര്യം.

فَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِآيَاتِهِ ۚ أُولَٰئِكَ يَنَالُهُمْ نَصِيبُهُم مِّنَ الْكِتَابِ ۖ

﴾37﴿ അപ്പോൾ, അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ അവന്റെ 'ആയത്ത്' [ലക്ഷ്യം]കളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി ആരാണ്?! അവർക്ക് (രേഖാ) ഗ്രന്ഥത്തിൽ നിന്നുള്ള അവരുടെ ഓഹരി (എത്തി) കിട്ടുന്നതാണ്.

حَتَّىٰ إِذَا جَاءَتْهُمْ رُسُلُنَا يَتَوَفَّوْنَهُمْ قَالُوا أَيْنَ مَا كُنتُمْ تَدْعُونَ مِن دُونِ اللَّهِ ۖ

അങ്ങനെ, (അവസാനം) അവരെ പിടിച്ചെടുക്കുവാനായി നമ്മുടെ ദൂതന്മാർ അവരുടെ അടുക്കൽ വരുമ്പോൾ അവർ [ദൂതന്മാർ] പറയും: 'നിങ്ങൾ അല്ലാഹുവിന് പുറമെ വിളിച്ചു (പ്രാർത്ഥിച്ചു)കൊണ്ടിരുന്നവ എവിടെ(പ്പോയി)?!'

قَالُواْ ضَلُّواْ عَنَّا وَشَهِدُواْ عَلَىٰٓ أَنفُسِهِمۡ أَنَّهُمۡ كَانُواْ كَٰفِرِينَ ٣٧

അവർ (മറുപടി) പറയും: 'അവർ ഞങ്ങളെ വിട്ടു മറഞ്ഞുപോയി! തങ്ങൾ അവിശ്വാസികളായിരുന്നു വെന്ന് തങ്ങൾക്കുതന്നെ എതിരിൽ അവർ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്.

﴾37﴿ فَمَنۡ അപ്പോൾ ആരാണ് أَظۡلَمُ ഏറ്റം (കൂടുതൽ) അക്രമി مِمَّنِ افۡتَرَىٰ കെട്ടിച്ചമച്ച (കെട്ടിപ്പറഞ്ഞ)വനെക്കാൾ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ (പേരിൽ) كَذِبًا വ്യാജം, കളവ് أَوۡ كَذَّبَ അല്ലെങ്കിൽ വ്യാജമാക്കിയ بِآيَاتِهِ അവന്റെ ആയത്തുകളെ أُولَٰئِكَ അക്കൂട്ടർ يَنَالُهُمۡ അവർക്ക് എത്തും, കിട്ടും نَصِيبُهُم അവരുടെ ഓഹരി, പങ്ക് مِنَ الۡكِتَابِ ഗ്രന്ഥത്തിൽ (രേഖയിൽ)നിന്നുള്ള حَتَّىٰ അങ്ങനെ (ഇതുവരെ) إِذَا جَاءَتۡهُمۡ അവർക്കു വന്നാൽ رُسُلُنَا നമ്മുടെ ദൂതന്മാർ يَتَوَفَّوۡنَهُمۡ അവരെ പിടിച്ചെടുത്തുകൊണ്ട് (പിടിച്ചെടുക്കുവാനായി) قَالُوٓا അവർ പറയും أَيۡنَ എവിടെ مَا كُنتُمۡ നിങ്ങളായിരുന്നത്, ആയിരുന്നവ تَدۡعُونَ നിങ്ങൾ വിളിക്കും, പ്രാർത്ഥിക്കും مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ, കൂടാതെ قَالُوا അവർ പറയും ضَلُّوا അവർ പിഴച്ചു (മറഞ്ഞു)പോയി عَنَّا ഞങ്ങളെവിട്ട്, ഞങ്ങളിൽ നിന്ന് وَشَهِدُوا അവർ സാക്ഷ്യപ്പെടുത്തുകയും ചെയ്യും عَلَىٰٓ أَنفُسِهِمۡ തങ്ങളുടെ സ്വന്തങ്ങളുടെമേൽ, തങ്ങൾക്ക് തന്നെ എതിരെ أَنَّهُمۡ كَانُوا അവരായിരുന്നുവെന്ന് كَافِرِينَ അവിശ്വാസികൾ.

സാരം: കാര്യത്തിന്റെ യഥാർത്ഥ സ്ഥിതി മുകളിൽ പറഞ്ഞ പ്രകാരമായിരിക്കെ, അല്ലാഹുവിന് സമന്മാരും പങ്കുകാരുമുണ്ടെന്നും മറ്റും കെട്ടിപ്പറഞ്ഞുണ്ടാക്കുകയും, അവന്റെ ലക്ഷ്യദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്യുന്നവരെക്കാൾ അക്രമികളായി ആരുമില്ല. എന്നിരുന്നാലും പെട്ടെന്ന് അല്ലാഹു അവരുടെ മേൽ നടപടി എടുക്കുന്നില്ല. അല്ലാഹു അവർക്ക് നിശ്ചയിച്ചു കണക്കാക്കിവെച്ചിട്ടുള്ള അവരുടെ വിഹിതങ്ങളെല്ലാം -ആഹാരം, ആയുസ്സ് മുതലായവ- അവർക്ക് കിട്ടിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. അവസാനം ആയുഷ്ക്കാലം തീരുമ്പോൾ അവരെ പിടിച്ചെടുത്തുകൊണ്ടുപോകുവാനായി- മരണപ്പെടുത്തുവാൻവേണ്ടി- മലക്കുകളാകുന്ന ദൈവദൂതന്മാർ അവരുടെ അടുക്കൽ ചെല്ലും. നിങ്ങൾ വിളിച്ചും ആരാധിച്ചും വന്നിരുന്ന ആ ദൈവങ്ങളൊക്കെ എവിടെപ്പോയി അവർ നിങ്ങളെ സഹായിക്കുന്നില്ലേ?! എന്നിങ്ങിനെ ആ മലക്കുകൾ അവരോട് പരിഹാസപൂർവ്വം ചോദിക്കും. അയ്യോ! അവരൊക്കെ ഞങ്ങളെ വിട്ടുപോയിക്കഴിഞ്ഞു! അവരെക്കൊണ്ട് ഒരു ഉപകാരവും ഞങ്ങൾക്കുണ്ടായില്ല! എന്നായിരിക്കും അവരുടെ മറുപടി. അങ്ങനെ, തങ്ങളുടെ മരണംവരെ തങ്ങൾ സത്യനിഷേധികളായിരുന്നുവെന്ന് അവർ ഈ അവസരത്തിൽ തങ്ങൾക്കെതിരായി സാക്ഷ്യപ്പെടുത്തുക തന്നെ ചെയ്യും.

قَالَ ٱدۡخُلُواْ فِيٓ أُمَمٖ قَدۡ خَلَتۡ مِن قَبۡلِكُم مِّنَ ٱلۡجِنِّ وَٱلۡإِنسِ فِي ٱلنَّارِۖ

《38》 അവൻ [അല്ലാഹു] പറയും: 'ജിന്നുകളിൽ നിന്നും, മനുഷ്യരിൽനിന്നുമായി നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ നിങ്ങൾ നരകത്തിൽ പ്രവേശിച്ചുകൊള്ളുവിൻ!'

كُلَّمَا دَخَلَتۡ أُمَّةٞ لَّعَنَتۡ أُخۡتَهَاۖ

ഓരോ സമുദായങ്ങളും (അതിൽ) പ്രവേശിക്കുമ്പോഴൊക്കെ അതിന്റെ സഹോദരിയെ [സഹോദര സമുദായത്തെ] അത് ശപിക്കുന്നതാണ്.

حَتَّىٰٓ إِذَا ٱدَّارَكُواْ فِيهَا جَمِيعٗا قَالَتۡ أُخۡرَىٰهُمۡ لِأُولَىٰهُمۡ رَبَّنَا هَٰٓؤُلَآءِ أَضَلُّونَا فَـَٔاتِهِمۡ عَذَابٗا ضِعۡفٗا مِّنَ ٱلنَّارِۖ

അങ്ങനെ, അവർ മുഴുവനും അതിൽവെച്ച് പരസ്പരം കണ്ടുമുട്ടി (ഒരുമിച്ചുകൂടി)യാൽ, അവരിൽ അവസാനത്തെവർ ആദ്യത്തെവരെക്കുറിച്ചു പറയും: 'ഞങ്ങളുടെ റബ്ബേ! ഇക്കൂട്ടർ ഞങ്ങളെ വഴിപിഴപ്പിച്ചിരിക്കുന്നു; അതിനാൽ, അവർക്ക് നരകത്തിൽ നിന്ന് ഇരട്ടി ശിക്ഷ നീ കൊടുക്കേണമേ!'

قَالَ لِكُلّٖ ضِعۡفٞ وَلَٰكِن لَّا تَعۡلَمُونَ ٣٨

അവൻ പറയും: 'എല്ലാവർക്കുമുണ്ട് ഇരട്ടി. പക്ഷേ, നിങ്ങൾ അറിയുന്നില്ല'.

《38》 قَالَ അവൻ പറയും ادْخُلُوا നിങ്ങൾ പ്രവേശിക്കുവിൻ فِي أُمَمٍ സമുദായങ്ങളിലായി (സമുദായങ്ങളുടെ കൂട്ടത്തിൽ) قَدْ خَلَتْ കഴിഞ്ഞുപോയിട്ടുള്ള مِنْ قَبْلِكُمْ നിങ്ങൾക്ക് മുമ്പ് مِنَ الْجِنِّ ജിന്നുകളിൽ നിന്ന് وَالْإِنْسِ മനുഷ്യരിൽ നിന്നും فِي النَّارِ നരകത്തിൽ كُلَّمَا دَخَلَتْ പ്രവേശിക്കുമ്പോഴെല്ലാം أُمَّةٌ ഒരു സമുദായം لَعَنَتْ അത് ശപിക്കും أُخْتَهَا അതിന്റെ സഹോദരിയെ (സഹോദരസമുദായത്തെ) حَتَّى അങ്ങനെ إِذَا ادَّارَكُوا അവർ പരസ്പരം കണ്ടുമുട്ടിയാൽ, വന്നു ചേർന്നാൽ (ഒരു മിച്ചു കൂടിയാൽ) فِيهَا അതിൽ جَمِيعًا മുഴുവൻ, എല്ലാവരും قَالَتْ പറയും أُخْرَاهُمْ അവരിൽ അവസാനത്തെവർ لِأُولَاهُمْ അവരിൽ ആദ്യത്തെവരെപറ്റി رَبَّنَا ഞങ്ങളുടെ റബ്ബേ هَؤُلَاءِ ഇക്കൂട്ടർ أَضَلُّونَا അവർ ഞങ്ങളെ വഴിപിഴപ്പിച്ചിരിക്കുന്നു فَآتِهِمْ അതിനാൽ അവർക്ക് നീ കൊടുക്കണം عَذَابًا ശിക്ഷ ضِعْفًا ഇരട്ടി, ഇരട്ടിയായ مِنَ النَّارِ നരകത്തിൽനിന്ന് قَالَ അവൻ പറയും لِكُلٍّ എല്ലാവർക്കുമുണ്ട് ضِعْفٌ ഇരട്ടി وَلَكِنْ എങ്കിലും لَا تَعْلَمُونَ നിങ്ങൾ അറിയുന്നില്ല, അറിയുകയില്ല.

وَقَالَتْ أُولَىٰهُمْ لِأُخْرَىٰهُمْ فَمَا كَانَ لَكُمْ عَلَيْنَا مِن فَضْلٍ فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْسِبُونَ ﴿٣٩﴾

﴾39﴿ അവരിൽ ആദ്യത്തെവർ, അവസാനത്തെവരോട് പറയും: 'അപ്പോൾ, നിങ്ങൾക്ക് ഞങ്ങളെക്കാൾ ഒരു ശ്രേഷ്ഠതയുമില്ല; ആകയാൽ നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നത് നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ'.

﴾39﴿ وَقَالَتْ പറയുകയും ചെയ്യും أُولَاهُمْ അവരിൽ ആദ്യത്തെവർ لِأُخْرَاهُمْ അവരിൽ അവസാനത്തെവരോട്, അവസാനത്തവരെക്കുറിച്ച് فَمَا كَانَ അപ്പോൾ ഉണ്ടായില്ല, ഇല്ല لَكُمْ നിങ്ങൾക്ക് عَلَيْنَا ഞങ്ങളെക്കാൾ مِنْ فَضْلٍ ഒരു ശ്രേഷ്ഠതയും, മെച്ചവും فَذُوقُوا ആകയാൽ (എനി-അപ്പോൾ) നിങ്ങൾ ആസ്വദിക്കുവിൻ (അനുഭവിക്കുക) الْعَذَابَ ശിക്ഷ بِمَا كُنتُمْ നിങ്ങളായിരുന്നതു നിമിത്തം تَكْسِبُونَ നിങ്ങൾ സമ്പാദിക്കും

കഴിഞ്ഞവചനത്തിൽ നിന്ന് വ്യക്തമായതുപോലെ, അവിശ്വാസികൾ അവരുടെ കർമഫലം മരണവേളയിൽ തന്നെകണ്ടുതുടങ്ങും. പിന്നീട് ഖിയാമത്തുനാളിൽ വരാനിരിക്കുന്ന സ്ഥിതിഗതികളാണ് ഈ വചനത്തിൽ അല്ലാഹു വിവരിക്കുന്നത്. ഓരോ സമുദായത്തിൽപെട്ടവരും മറ്റെവരെ പഴിക്കുന്നു. അവർ പരസ്പരം സഹകരിച്ചും അനുകരിച്ചും കൊണ്ടാണല്ലോ ഈ ഗതിയിലെത്തിച്ചേർന്നത്. എല്ലാ സമുദായക്കാരും ഒരുമിച്ചുചേരുമ്പോൾ പിൽക്കാലക്കാർ മുൻകാലക്കാരെ കുറ്റപ്പെടുത്തുകയായി. ഇവരാണ് ഞങ്ങളെ വഴിപിഴപ്പിച്ചത് -ഇവരുടെ മാതൃകയും പാരമ്പര്യവും ഉപദേശ നിർദ്ദേശങ്ങളുമാണ് ഞങ്ങളെ നേർവഴി തെറ്റിച്ചത്- അതുകൊണ്ട് അവർക്ക് ശിക്ഷ ഇരട്ടിപ്പിക്കേണമെന്ന് അവർ അല്ലാഹുവിനോട് അപേക്ഷിക്കും. തങ്ങൾക്ക് ഏതായാലും ശിക്ഷയിൽ നിന്ന് ഒഴിവില്ലെന്ന് അവർക്കറിയാം. എന്നാലും മറ്റെവരോടുള്ള അമർഷം നിമിത്തം അവർക്ക് കൂടുതൽ ശിക്ഷ ലഭിക്കുവാൻ ആഗ്രഹിക്കുകയാണ്. അല്ലാഹുവിന്റെ മറുപടിയാകട്ടെ, ആർക്കും ശിക്ഷ കുറവൊന്നുമില്ല, എല്ലാവർക്കുമുണ്ട് ഇരട്ടി ശിക്ഷ എന്നായിരിക്കും. നേതാക്കളെ സംബന്ധിച്ചിടത്തോളം, അവരുടെ നിഷേധത്തിനും, മറ്റുള്ളവരെ പിഴപ്പിച്ചതിനും അവർ ശിക്ഷ അനുഭവിക്കണം. മറ്റെവരെ സംബന്ധിച്ചിടത്തോളം അവരുടെ നിഷേധത്തിനും, ദൃഷ്ടാന്തങ്ങളും തെളിവുകളും നോക്കാതെ നേതാക്കളെ അനുകരിച്ചും അനുസരിച്ചും കൊണ്ടിരുന്നതിനും ശിക്ഷ അനുഭവിക്കേണ്ടതുണ്ടല്ലോ. ആർക്കും ഒഴിവില്ലെന്നും ലഘുത്വമില്ലെന്നും കാണുമ്പോൾ, ആദ്യത്തെവർ തങ്ങളോടു കാണിച്ച അമർഷത്തിന് തിരിച്ചടി നല്കുന്നു; എല്ലാവരും ഒരു പോലെ തന്നെ; ഞങ്ങളുടെ മേൽ പഴിചാരിയതുകൊണ്ട് നിങ്ങൾക്ക് ഒരുമെച്ചവും കിട്ടിയില്ലല്ലോ. നിങ്ങൾ ചെയ്തതിന്റെ ഫലം നിങ്ങൾ തന്നെ അനുഭവിച്ചേക്കുക. ഞങ്ങളുടെ മേൽ കുറ്റം ചുമത്തി ഒഴിവാകാമെന്ന വ്യാമോഹം വെച്ചു കൊണ്ടിരിക്കണ്ടാ എന്നൊക്കെ. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ...

വിഭാഗം - 5

إِنَّ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا

﴾40﴿ നിശ്ചയമായും, നമ്മുടെ 'ആയത്ത്' [ലക്ഷ്യം]കളെ വ്യാജമാ

وَٱسۡتَكۡبَرُواْ عَنۡهَا لَا تُفَتَّحُ لَهُمۡ أَبۡوَٰبُ ٱلسَّمَآءِ وَلَا يَدۡخُلُونَ ٱلۡجَنَّةَ حَتَّىٰ يَلِجَ ٱلۡجَمَلُ فِي سَمِّ ٱلۡخِيَاطِۚ

ക്കുകയും, അവയെപറ്റി അഹംഭാവം നടിക്കുകയും ചെയ്തവർ,

അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കപ്പെടുകയില്ല; സൂചിയുടെ ദ്വാരത്തിലൂടെ ഒട്ടകം കടന്നു പോകുന്നതുവരേക്കും അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല.

وَكَذَٰلِكَ نَجۡزِي ٱلۡمُجۡرِمِينَ ﴿٤٠﴾

അപ്രകാരമത്രെ, കുറ്റവാളികൾക്ക് നാം പ്രതിഫലം നൽകുന്നത്.

لَهُم مِّن جَهَنَّمَ مِهَادٞ وَمِن فَوۡقِهِمۡ غَوَاشٖۚ

﴿41﴾ അവർക്ക് 'ജഹന്നമി'ൽ [നരകത്തിൽ] നിന്നും (അടിയിൽ) വിരിപ്പുണ്ടായിരിക്കും; അവരുടെ മീതെക്കൂടി പുതപ്പുകളുമുണ്ടായിരിക്കും.

وَكَذَٰلِكَ نَجۡزِي ٱلظَّٰلِمِينَ ﴿٤١﴾

അപ്രകാരമത്രെ, അക്രമികൾക്ക് നാം പ്രതിഫലം കൊടുക്കുന്നത്.

﴿40﴾ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ كَذَّبُوا അവർ കളവാക്കി بِآيَاتِنَا നമ്മുടെ ആയത്തു(ലക്ഷ്യ-ദൃഷ്ടാന്തം)കളെ وَاسْتَكْبَرُوا അവർ അഹംഭാവം നടിക്കുകയും ചെയ്തു عَنْهَا അവയെക്കുറിച്ച് لَا تُفَتَّحُ തുറന്നുകൊടുക്കപ്പെടുകയില്ല لَهُمْ അവർക്ക്, അവർക്കുവേണ്ടി أَبْوَابُ വാതിലു(കവാടം)കൾ السَّمَاءِ ആകാശത്തിന്റെ وَلَا يَدْخُلُونَ അവർ പ്രവേശിക്കുകയുമില്ല الْجَنَّةَ സ്വർഗത്തിൽ حَتَّىٰ يَلِجَ കടക്കുന്നതുവരെ الْجَمَلُ ഒട്ടകം فِي سَمِّ ദ്വാരത്തിലൂടെ الْخِيَاطِ സൂചിയുടെ وَكَذَٰلِكَ അപ്രകാരമത്രെ نَجْزِي നാം പ്രതിഫലം നൽകുന്നത് الْمُجْرِمِينَ കുറ്റവാളികൾക്ക് ﴿41﴾ لَهُمْ അവർക്കുണ്ട്, ഉണ്ടായിരിക്കും مِنْ جَهَنَّمَ ജഹന്നമിൽനിന്നും مِهَادٌ വിരിപ്പ് وَمِنْ فَوْقِهِمْ അവരുടെ മീതെയും غَوَاشٍ മൂടികൾ (പുതപ്പുകൾ) وَكَذَٰلِكَ അപ്രകാരമാണ് نَجْزِي നാം പ്രതിഫലം കൊടുക്കുന്നത് الظَّالِمِينَ അക്രമികൾക്ക്

'അവർക്ക് ആകാശത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കപ്പെടുകയില്ല' എന്ന് പറഞ്ഞതിന്റെ താൽപര്യം അവരുടെ കർമങ്ങൾക്കും, ആത്മാക്കൾക്കും മേൽപോട്ട് പ്രവേശനം നൽകപ്പെടുകയില്ല എന്നാകുന്നു. അവരുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല എന്നും ആകാവുന്നതാണ്. സൂ: ഫാത്വിറിൽ അല്ലാഹു പറയുന്നു: إِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ الصَّالِحُ يَرْفَعُهُ (അവങ്കലേക്കത്രെ നല്ലതായ വാക്കുകൾ കയറിപ്പോകുന്നത്; സൽകർമമാകട്ടെ, അതിനെ അവൻ ഉയർത്തുകയും ചെയ്യുന്നു (ഫാത്വിർ:10) സത്യവിശ്വാസികൾ മരണപ്പെടുമ്പോൾ അവരുടെ ആത്മാക്കൾക്ക് ആകാ

ശത്തെ മലക്കുകളിൽ നിന്ന് വളരെ സ്വാഗതവും, സ്വീകരണവും ലഭിക്കുമെന്നും, അവിശ്വാസികൾ മരണപ്പെടുമ്പോൾ അവരുടെ ആത്മാക്കൾക്ക് അവിടെ സ്വീകരണം ലഭിക്കാതെ മേൽപോട്ടുള്ള പ്രവേശനം തടയപ്പെടുമെന്നും പല ഹദീഥുകളിൽ വന്നിട്ടുള്ളതാകുന്നു (അ; ദാ; ന; ജ). 'ഒട്ടകം സൂചിയുടെ ദ്വാരത്തിലൂടെ കടക്കുന്നതുവരെ' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ഒരു കാലത്തും അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്നത്രെ. അസംഭവ്യമെന്ന അർത്ഥത്തിൽ ഉപയോഗിക്കാറുള്ള ഒരു ഉപമ വാക്കാണത്. നരകത്തിൽ നിന്നും അവർക്ക് വിരിപ്പും പുതപ്പുമുണ്ടെന്നു പറഞ്ഞത് അവരുടെ അടിയിലും മുകളിലുമെല്ലാം തന്നെ നരകാഗ്നിയൽ മൂടപ്പെട്ടുകൊണ്ടിരിക്കുന്നതിനെ പരിഹാസപൂർവ്വം വിരിപ്പിനോടും, പുതപ്പിനോടും ഉപമിച്ചു പറഞ്ഞതാകുന്നു. أعاذنا الله من عذاب جهنم (നരക ശിക്ഷയിൽ നിന്നു അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ!)

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَٰلِدُونَ ﴿٤٢﴾

﴿42﴾ വിശ്വസിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, ഒരു വ്യക്തിയോടും [ആളോടും] അതിന്റെ കഴിവ(നുസരിച്ച)ല്ലാതെ നാം ശാസിക്കുന്നില്ല- അക്കൂട്ടർ, സ്വർഗത്തിന്റെ ആൾക്കാരാകുന്നു; അവർ അതിൽ സ്ഥിരവാസികളായിരിക്കും.

﴾42﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ നല്ല കാര്യങ്ങൾ لَا نُكَلِّفُ നാം ശാസിക്കുക (നിർബന്ധിക്കുക)യില്ല نَفْسًا ഒരു ആത്മാവിനോടും, ദേഹത്തോടും (വ്യക്തിയോടും, ആളോടും) إِلَّا وُسْعَهَا അതിനു കഴിവതല്ലാതെ أُولَٰئِكَ അക്കൂട്ടർ أَصْحَابُ الْجَنَّةِ സ്വർഗത്തിന്റെ ആൾക്കാരാകുന്നു هُمْ فِيهَا അവരതിൽ خَالِدُونَ ശാശ്വതരായിരിക്കും

അവിശ്വാസികളുടെ പര്യവസാനം മുകളിൽ വിവരിച്ച പ്രകാരമാണെങ്കിൽ സത്യവിശ്വാസികളുടെ പര്യവസാനം എങ്ങിനെയായിരിക്കുമെന്ന് ഈ വചനത്തിൽ വിവരിക്കുന്നു. വിശ്വാസംകൊണ്ട് മാത്രം മതിയാക്കുവാൻ പാടില്ലെന്നും, അതോടുകൂടി സൽകർമങ്ങൾ പ്രവർത്തിക്കലും അനിവാര്യമാണെന്നും മറ്റു പലേടത്തുമെന്നപോലെ ഇവിടെയും അല്ലാഹു ഉണർത്തിയിരിക്കുന്നു. സൽകർമങ്ങളെപറ്റി പറഞ്ഞപ്പോൾ ഓരോരുത്തരുടെയും കഴിവനുസരിച്ചല്ലാതെ ആരോടും ശാസിക്കുകയില്ലെന്ന് ഇടക്കുവെച്ച് പ്രത്യേകം ഉണർത്തിയത് ശ്രദ്ധേയമാകുന്നു. പ്രവർത്തിക്കുവാനുള്ള കഴിവ് എല്ലാവർക്കും ഒരുപോലെയുണ്ടായിരിക്കുകയില്ലല്ലോ. അതുകൊണ്ട് ഓരോ വ്യക്തിയുടെയും കഴിവും സാധ്യതയും അനുസരിച്ച് സൽകർമങ്ങൾ ചെയ്യണമെന്നേ നിർബന്ധമുള്ളൂവെന്ന് താൽപര്യം. സത്യവിശ്വാസികളെപറ്റി തുടർന്നു പറയുന്നു:-

وَنَزَعْنَا مَا فِي صُدُورِهِم مِّنْ غِلٍّ تَجْرِي مِن تَحْتِهِمُ ٱلْأَنْهَٰرُ

《43》 ഉൾപകയായി (അഥവാ വിദ്വേഷമായി) അവരുടെ നെഞ്ചു [ഹൃദയ]കളിലുള്ളത് (എല്ലാം) നാം നീക്കിക്കളയുന്നതുമാണ്. അവരുടെ അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും.

وَقَالُوا۟ ٱلْحَمْدُ لِلَّهِ ٱلَّذِى هَدَىٰنَا لِهَٰذَا وَمَا كُنَّا لِنَهْتَدِىَ لَوْلَآ أَنْ هَدَىٰنَا ٱللَّهُ ۖ لَقَدْ جَآءَتْ رُسُلُ رَبِّنَا بِٱلْحَقِّ ۖ

അവർ പറയുകയും ചെയ്യും: 'ഞങ്ങളെ ഇതിലേക്ക് വഴി ചേർത്തു തന്നവനായ അല്ലാഹുവിന് (സർവ്വ) സ്തുതിയും!- അല്ലാഹു ഞങ്ങളെ വഴിചേർത്തു തന്നിട്ടില്ലായിരുന്നുവെങ്കിൽ, ഞങ്ങൾ നേർമാർഗം പ്രാപിക്കുമായിരുന്നില്ല. തീർച്ചയായും, ഞങ്ങളുടെ റബ്ബിന്റെ 'റസൂലു'കൾ യഥാർത്ഥവുമായി (തന്നെ) വരികയുണ്ടായി'.

وَنُودُوٓا۟ أَن تِلْكُمُ ٱلْجَنَّةُ أُورِثْتُمُوهَا بِمَا كُنتُمْ تَعْمَلُونَ ﴿٤٣﴾

അവരോട് വിളിച്ചു പറയപ്പെടുകയും ചെയ്യും: 'അതാ സ്വർഗം! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം നിങ്ങൾക്ക് അത് അവകാശമായി നൽകപ്പെട്ടിരിക്കുന്നു' എന്ന്

《43》 وَنَزَعْنَا നാം നീക്കിക്കളയുകയും ചെയ്യും مَافِي صُدُورِهِمْ അവരുടെ നെഞ്ചു(ഹൃദയം)കളിലുള്ളത് مِنْ غِلٍّ ഉൾപക (അസൂയ-വിദ്വേഷം-ഈർഷ്യത)യായിട്ട് تَجْرِي ഒഴുകും مِن تَحْتِهِمُ അവരുടെ അടിയിലൂടെ الأَنْهَارُ അരുവികൾ وَقَالُوا അവർ പറയുകയും ചെയ്യും الْحَمْدُ (സർവ്വ) സ്തുതിയും لِلَّهِ അല്ലാഹുവിനാകുന്നു الَّذِي هَدَانَا നമ്മെ വഴി ചേർത്ത, സന്മാർഗത്തിലാക്കിയ لِهَذَا ഇതിലേക്ക് وَمَا كُنَّا നാം ആകുമായിരുന്നില്ല لِنَهْتَدِيَ നാം നേർമാർഗം പ്രാപിക്കുവാൻ لَوْلَا ഇല്ലായിരുന്നെങ്കിൽ أَنْ هَدَانَا നമ്മെ വഴിചേർക്കൽ, സന്മാർഗത്തിലാക്കിയത് اللَّهُ അല്ലാഹു لَقَدْ جَاءَتْ തീർച്ചയായും വന്നിട്ടുണ്ട് رُسُلُ رَبِّنَا നമ്മുടെ റബ്ബിന്റെ റസൂലുകൾ بِالْحَقِّ യഥാർത്ഥവുമായി وَنُودُوا അവർ വിളിക്കപ്പെടുക (അവരോട് വിളിച്ചു പറയപ്പെടുക)യും ചെയ്യും أَنْ تِلْكُمُ അത് (ആണ്) എന്ന് الْجَنَّةُ സ്വർഗമാണ് (എന്ന്) أُورِثْتُمُوهَا നിങ്ങൾക്ക് അത് അവകാശമായി നൽകപ്പെട്ടിരിക്കുന്നു بِمَا كُنْتُمْ നിങ്ങളായിരുന്നതുകൊണ്ട് تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും

ഇഹത്തിൽവെച്ച് തമ്മതമ്മിൽ വല്ല പകയോ, അസൂയയോ, വെറുപ്പോ വിദ്വേഷങ്ങളോ ഉണ്ടായിരുന്നെങ്കിൽ പോലും അതൊന്നും സ്വർഗത്തിൽ അവരിൽ അവശേഷി

ക്കുകയില്ല. ചിലർക്ക് ചിലരെക്കാൾ ഉന്നത സ്ഥാനവും ബഹുമതിയും ഉണ്ടായിരുന്നാലും ആർക്കും അതിൽ വെറുപ്പും ആസൂയയും തോന്നുകയില്ല. അത്തരം മാലിന്യങ്ങളിൽ നിന്നെല്ലാം അവരുടെ ഹൃദയങ്ങളെ അല്ലാഹു ശുദ്ധമാക്കും എന്നൊക്കെയാണ് 'അവരുടെ ഹൃദയങ്ങളിലുള്ള ഉൾപക നാം നീക്കിക്കളയും' എന്നു പറഞ്ഞതിന്റെ താൽപര്യം. അവരോട് വിളിച്ച് പറയപ്പെടും എന്ന് തുടങ്ങിയ വാക്യത്തിന് ഒരു വിശദീകരണമെന്നോണം നബിﷺ ഇപ്രകാരം അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'അതായത്, നിങ്ങൾ ആരോഗ്യത്തോടു കൂടിയിരിക്കുവീൻ, എനി നിങ്ങൾക്ക് രോഗം ബാധിക്കുകയില്ല; നിങ്ങൾ സുഖജീവിതം ആസ്വദിക്കുവീൻ, എനി നിങ്ങൾക്ക് നിരാശ ബാധിക്കുകയില്ല; നിങ്ങൾ യുവത്വത്തോടിരിക്കുവീൻ, എനി നിങ്ങൾക്ക് വാർദ്ധക്യം ബാധിക്കുകയില്ല; നിങ്ങൾ ശാശ്വതരായിരിക്കുവീൻ, എനി നിങ്ങൾ മരണമടയുകയില്ല എന്ന് അവരോട് വിളിച്ച് പറയപ്പെടും' (അ; മു; ദാരിമി; ഇബ്നുജരീർ).

സൽകർമങ്ങൾ ചെയ്തത് നിമിത്തം നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനും പാത്രമായി, അങ്ങിനെ നിങ്ങളെ അവൻ സ്വർഗത്തിന് അവകാശികളാക്കിയിരിക്കുന്നു എന്നത്രെ أُورِثْتُمُوهَا بِمَا كُنتُمْ تَعْمَلُونَ (നിങ്ങൾ പ്രവർത്തിച്ചിരുന്നത് നിമിത്തം നിങ്ങൾക്ക് അത് -സ്വർഗം- അവകാശമാക്കപ്പെട്ടിരിക്കുന്നു) എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം. അല്ലാതെ, അവരുടെ പ്രവർത്തനത്തിന്റെ പേരിൽ അതവർക്ക് അവകാശപ്പെട്ടു വാങ്ങാമെന്നും, അത് നൽകൽ അല്ലാഹുവിന്റെ ബാധ്യതയാണെന്നുമുള്ള അർത്ഥത്തിലല്ല. സൽകർമങ്ങൾ സ്വർഗം ലഭിക്കുവാൻ കാരണമാകുന്നത് അല്ലാഹു അവയെ സ്വീകരിക്കുന്നത് കൊണ്ടും, ആ സ്വീകരണം അവന്റെ അനുഗ്രഹം കൊണ്ടുമാണുണ്ടാകുന്നത്. കൂടാതെ മനുഷ്യകർമം എത്രവമ്പിച്ചതായിരുന്നാലും അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളെ അപേക്ഷിച്ച് അത് എത്രയോ നിസ്സാരമായിരിക്കും. അത്കൊണ്ടാണ് നബിﷺ ഇങ്ങിനെ പറഞ്ഞത്: 'ഒരാളെയും അവന്റെ കർമം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല'. ഇത് കേട്ടപ്പോൾ സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങുന്നും പ്രവേശിക്കുകയില്ലേ?' തിരുമേനി പറഞ്ഞു: 'അല്ലാഹു അവന്റെ കാരുണ്യവും അനുഗ്രഹവുംകൊണ്ട് എന്നെ മൂടിയാലല്ലാതെ എന്റെ കർമം എന്നെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല' (ബു, മു).

وَنَادَىٰٓ أَصْحَٰبُ ٱلْجَنَّةِ أَصْحَٰبَ ٱلنَّارِ أَن قَدْ وَجَدْنَا مَا وَعَدَنَا رَبُّنَا حَقًّا

﴾44﴿ സ്വർഗത്തിലെ ആൾക്കാർ നരകത്തിലെ ആൾക്കാരെ വിളിച്ചു പറയും: 'ഞങ്ങളുടെ റബ്ബ് ഞങ്ങളോട് വാഗ്ദത്തം ചെയ്തത് യഥാർത്ഥമായി ഞങ്ങൾ (അനുഭവത്തിൽ) കണ്ടെത്തിക്കഴിഞ്ഞു;

فَهَلْ وَجَدتُّم مَّا وَعَدَ رَبُّكُمْ حَقًّا ۖ

എന്നാൽ, നിങ്ങളുടെ റബ്ബ് വാഗ്ദത്തം ചെയ്തത് നിങ്ങൾ യഥാർത്ഥമായി കണ്ടെത്തിയോ?

قَالُوا۟ نَعَمْ ۚ

അവർ പറയും: 'അതെ'.

فَأَذَّنَ مُؤَذِّنٌۢ بَيۡنَهُمۡ أَن لَّعۡنَةُ ٱللَّهِ عَلَى ٱلظَّـٰلِمِينَ ﴿٤٤﴾

അപ്പോൾ, അവരുടെ ഇടയിൽ ഒരാൾ (ഉറക്കെ) വിളിച്ചു പറയും: 'അല്ലാഹുവിന്റെ ശാപം അക്രമികളുടെ മേലുണ്ടായിരിക്കുമെന്ന്:-

ٱلَّذِينَ يَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبۡغُونَهَا عِوَجٗا وَهُم بِٱلۡأٓخِرَةِ كَـٰفِرُونَ ﴿٤٥﴾

《45》 അതായത്, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ആളുകളെ) തിരിച്ചു വിടുകയും, അതിന് വളവു (ണ്ടാകണമെന്ന്) ആഗ്രഹിക്കുകയും ചെയ്യുന്നവർ; അവരാകട്ടെ, പരലോകത്തിൽ അവിശ്വാസികളുമാണ്. [ഇങ്ങിനെയുള്ളവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടായിരിക്കുമെന്ന്].

《44》 وَنَادَىٰ വിളിക്കുന്നതാണ് (വിളിച്ചു പറയും) أَصۡحَابُ الْجَنَّةِ സ്വർഗത്തിന്റെ ആൾക്കാർ أَصۡحَابَ النَّارِ നരകത്തിന്റെ ആൾക്കാരെ أَن قَدۡ ഉണ്ടായിട്ടുണ്ടെന്ന് وَجَدۡنَا ഞങ്ങൾ കണ്ടെത്തി(യിട്ടുണ്ട്) مَا وَعَدَنَا ഞങ്ങളോട് വാഗ്ദാനം ചെയ്തത് رَبُّنَا ഞങ്ങളുടെ റബ്ബ് حَقًّا യഥാർത്ഥമായി فَهَلۡ وَجَدتُّم എന്നാൽ നിങ്ങൾ കണ്ടെത്തിയോ مَا وَعَدَ വാഗ്ദത്തം ചെയ്തത് رَبُّكُمۡ നിങ്ങളുടെ റബ്ബ് حَقًّا യഥാർത്ഥമായ قَالُوا അവർ പറയും نَعَمۡ അതെ فَأَذَّنَ അപ്പോൾ ഉച്ചത്തിൽ അറിയിക്കും (വിളിച്ചു പറയും), പ്രഖ്യാപനം ചെയ്യും مُؤَذِّنٌ ഒരു ഉച്ചത്തിൽ (ഉറക്കെ) അറിയിക്കുന്നവൻ بَيۡنَهُمۡ അവരുടെ ഇടയിൽ أَن لَّعۡنَةُ ശാപം എന്ന് اللَّهِ അല്ലാഹുവിന്റെ عَلَى الظَّالِمِينَ അക്രമികളുടെ മേലുണ്ടായിരിക്കും (എന്ന്) 《45》 الَّذِينَ يَصُدُّونَ അടച്ചു കളയുന്ന (തിരിച്ചു വിടുന്ന)വർ عَن سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് وَيَبۡغُونَهَا അവർ അതിന് ആഗ്രഹിക്കുകയും (അതിനെ തേടുകയും) ചെയ്യുന്നു عِوَجًا വളവിനെ, വളഞ്ഞതായി وَهُمۡ അവരാകട്ടെ, അവരോ بِالآخِرَةِ പരലോകത്തിൽ كَافِرُونَ അവിശ്വാസികളാണ്

സജ്ജനങ്ങൾക്ക് പ്രവാചകന്മാർ മുഖേന അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള സൽഫലങ്ങൾ ഞങ്ങൾ അനുഭവത്തിൽ കണ്ടുകഴിഞ്ഞു. ദുർജ്ജനങ്ങൾക്ക് അവൻ നൽകുമെന്ന് താക്കീത് ചെയ്തിരുന്ന ശിക്ഷകൾ നിങ്ങൾക്ക് അനുഭവപ്പെട്ടുവോ? എന്ന് സ്വർഗസ്ഥരായ ആളുകൾ നരകത്തിലുള്ളവരോട് വിളിച്ചു ചോദിക്കുന്നു. ഇത് അന്വേഷണ രൂപത്തിലുള്ള ഒരു ചോദ്യമല്ലെന്നും, അധിക്ഷേപ രൂപത്തിലും പരിഹാസ രൂപത്തിലുമുള്ള ചോദ്യമാണെന്നും പറയേണ്ടതില്ല. അതൊക്കെ പരിഹസിച്ചു തള്ളിയിരുന്നവരാണല്ലോ അവിശ്വാസികൾ. അതിയായ വ്യസനത്തോടും നിരാശയോടും കൂടിയാണെങ്കിലും 'അതെ' എന്നുതന്നെ അവർ ഉത്തരം പറയും. ഈ അവസരത്തിൽ

മൂന്നാമതൊരു വക്താവ് -ഇത് വല്ല മലക്കുകളുമായിരിക്കാം- വിളിച്ചു പറയും: അക്രമികളുടെ മേലാണ് അല്ലാഹുവിന്റെ ശാപമുള്ളതെന്ന്. ഇതവർക്ക് നിരാശക്കുമേൽ നിരാശ വർദ്ധിപ്പിക്കുന്നതാണ്. 'അക്രമികൾ' എന്നു പറഞ്ഞത് ആരെപറ്റിയാണെന്ന് തുടർന്നുള്ള വിശേഷണങ്ങളിൽ നിന്ന് വ്യക്തമാകുന്നു:

(1) അവർ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ആളുകളെ തിരിച്ചു കളയുന്നു. ആക്ഷേപം, പരിഹാസം, അക്രമം, അധികാരശക്തി, സ്വാധീനം, ആശയക്കുഴപ്പം സൃഷ്ടിക്കൽ ആദിയായവ വഴി സത്യവും സന്മാർഗവും സ്വീകരിക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുന്നവർ എന്നർത്ഥം.

(2) അല്ലാഹുവിന്റെ മാർഗം വക്രമായിക്കാണുവാൻ അവർ ആഗ്രഹിക്കുന്നു. മതസിദ്ധാന്തങ്ങളിലും, അതിന്റെ നിയമ നിർദ്ദേശങ്ങളിലും സംശയവും ആശയക്കുഴപ്പവും ഉണ്ടാക്കിത്തീർക്കുക, ദുർവ്യാഖ്യാനങ്ങൾ വഴി മത നിയമങ്ങളെ മാറ്റി മറിക്കുക പോലെയുള്ളതെല്ലാം ഇതിൽ ഉൾപെടുന്നു.

(3) പരലോകത്തിൽ വിശ്വാസമില്ലാത്തവരുമായിരിക്കും അവർ. ബഹുദൈവ വിശ്വാസം, ദൈവനിഷേധം, നിർമതവാദം, ഭൗതികവാദം തുടങ്ങിയ എല്ലാതരം അവിശ്വാസങ്ങളും ഇതിൽ ഉൾപെടുന്നു. ചുരുക്കിപ്പറഞ്ഞാൽ അവിശ്വാസികളെ ഉദ്ദേശിച്ചാണ് 'അക്രമികൾ' എന്നു പറഞ്ഞിരിക്കുന്നത്.

وَبَيْنَهُمَا حِجَابٌ ۚ وَعَلَى ٱلْأَعْرَافِ رِجَالٌ يَعْرِفُونَ كُلًّۢا بِسِيمَىٰهُمْ ۚ وَنَادَوْا۟ أَصْحَـٰبَ ٱلْجَنَّةِ أَن سَلَـٰمٌ عَلَيْكُمْ ۚ لَمْ يَدْخُلُوهَا وَهُمْ يَطْمَعُونَ ﴿٤٦﴾

﴿46﴾ അത് രണ്ടുനുമിടയിൽ ഒരു മറയുണ്ട്, 'അഅ്റാഫി'ന്മേൽ ചില പുരുഷന്മാരുമുണ്ട്. എല്ലാവരെയും അവരുടെ അടയാളങ്ങൾ കൊണ്ട് അവർ അറിയുന്നതാണ്.

അവർ സ്വർഗത്തിലെ ആൾക്കാരെ വിളിച്ചു പറയും: നിങ്ങൾക്ക് സലാം [സമാധാനശാന്തി] ഉണ്ടാവട്ടെ' എന്ന്. അവർ അതിൽ പ്രവേശിച്ചിട്ടില്ല-അവരാകട്ടെ (അതിന്) മോഹിച്ചുകൊണ്ടിരിക്കുന്നു.

۞ وَإِذَا صُرِفَتْ أَبْصَـٰرُهُمْ تِلْقَآءَ أَصْحَـٰبِ ٱلنَّارِ قَالُوا۟ رَبَّنَا لَا تَجْعَلْنَا مَعَ ٱلْقَوْمِ ٱلظَّـٰلِمِينَ ﴿٤٧﴾

﴿47﴾ അവരുടെ ദൃഷ്ടികൾ നരകത്തിലെ ആൾക്കാരുടെ നേരെ തിരിക്കപ്പെട്ടാൽ, അവർ പറയും: 'ഞങ്ങളുടെ റബ്ബേ, ഞങ്ങളെ (ഈ) അക്രമികളായ ജനങ്ങളുടെകൂടെ ആക്കരുതേ!'.

﴿46﴾ وَبَيْنَهُمَا അത് രണ്ടിന്നുമിടയിലുണ്ട് حِجَابٌ ഒരുമറ وَعَلَى الْأَعْرَافِ അഅ്റാഫിലുണ്ട്, അഅ്റാഫിന്മേലുണ്ട് رِجَالٌ ചില പുരുഷന്മാർ يَعْرِفُونَ അവർ അറിയും كُلًّا എല്ലാ

വരെയും بِسِيمَاهُمْ അവരുടെ അടയാളംകൊണ്ട്, ലക്ഷണം മുഖേന وَنَادَوْا അവർ വിളിക്കും (വിളിച്ചു പറയും) أَصْحَابَ الْجَنَّةِ സ്വർഗത്തിലെ ആൾക്കാരെ أَنْ سَلَامٌ സലാം (സമാധാന ശാന്തി) എന്ന് عَلَيْكُمْ നിങ്ങളുടെമേൽ (ഉണ്ടാവട്ടെ-ഉണ്ടായിരിക്കും) لَمْ يَدْخُلُوهَا അതിലവർ പ്രവേശിച്ചിട്ടില്ല وَهُمْ അവരാകട്ടെ, അവർ يَطْمَعُونَ മോഹിക്കുന്നു, ആശിക്കുകയും ചെയ്യുന്നു ﴾47﴿ وَإِذَا صُرِفَتْ തിരിക്കപ്പെട്ടാൽ أَبْصَارُهُمْ അവരുടെ ദൃഷ്ടികൾ, കണ്ണുകൾ تِلْقَاءَ നേരെ, ഭാഗത്തേക്ക് أَصْحَابِ النَّارِ നരകക്കാരുടെ, നരകത്തിന്റെ ആളുകളുടെ قَالُوا അവർ പറയും رَبَّنَا ഞങ്ങളുടെ റബ്ബേ لَا تَجْعَلْنَا ഞങ്ങളെ നീ ആക്കരുതേ مَعَ الْقَوْمِ ജനങ്ങളുടെ കൂടെ الظَّالِمِينَ അക്രമികളായ

ആ രണ്ടിനുമിടയിൽ (بَيْنَهُمَا) എന്നു പറഞ്ഞത്, സ്വർഗക്കാരുടെയും നരകക്കാരുടെയും ഇടയിൽ എന്ന അർത്ഥത്തിലും, സ്വർഗത്തിനും നരകത്തിനുമിടയിൽ എന്ന അർത്ഥത്തിലുമാവാം. രണ്ടായാലും സാരത്തിൽ ഒന്നുതന്നെ. മറ (حِجَابٌ) കൊണ്ടുദ്ദേശ്യം സ്വർഗത്തിനും നരകത്തിനുമിടയിലുള്ള അതിർത്തി മറയത്രെ. ഖിയാമത്ത് നാളിൽ സത്യവിശ്വാസികൾക്ക് പ്രകാശം ലഭിച്ചിരിക്കുന്നത് കാണുമ്പോൾ, കപട വിശ്വാസികൾ ഞങ്ങളെയും ഗൗനിക്കണേ എന്നപേക്ഷിച്ചുകൊണ്ട് അൽപം പ്രകാശം നൽകുവാൻ ആവശ്യപ്പെടുമെന്നും, സത്യവിശ്വാസികൾ അവരോട് നിങ്ങൾ മടങ്ങിപോയി വല്ല പ്രകാശവും ലഭിക്കുമോ എന്ന് നോക്കിക്കൊള്ളണമെന്ന് മറുപടി പറയുമെന്നും പ്രസ്താവിച്ചുകൊണ്ട് സൂറത്തുൽ ഹദീദിൽ അല്ലാഹു പറയുന്നു: 'അപ്പോൾ, അവർക്കിടയിൽ ഒരു വാതിലുള്ളതായ അതിർത്തി മറ-അഥവാ മതിൽ- ഏർപ്പെടുത്തപ്പെടുന്നതാണ്. അതിന്റെ ഉൾഭാഗമാകട്ടെ, കാരുണ്യം-സ്വർഗം-ആകുന്നു. അതിന്റെ പുറംഭാഗമാകട്ടെ, അതിന്റെ ഭാഗത്തിലൂടെയാണ് ശിക്ഷ'. فَضُرِبَ بَيْنَهُم بِسُورٍ لَّهُ بَابٌ بَاطِنُهُ فِيهِ الرَّحْمَةُ وَظَاهِرُهُ مِن قِبَلِهِ الْعَذَابُ - الحديد : ١٣)

മുൻകാലത്ത് പട്ടണങ്ങളുടെയും, രാജ്യങ്ങളുടെയും അതിർത്തികളിൽ ചുറ്റുപുറവും വമ്പിച്ച മതിലുകൾ കെട്ടി സുരക്ഷിതമാക്കുക പതിവുണ്ടായിരുന്നു. അതിനുള്ള പേരാണ് سور (അതിർത്തിമറ-അതിർത്തിമതിൽ). ഇങ്ങനെയുള്ള ഒരു അതിർത്തിമറ സ്വർഗത്തിനും നരകത്തിനുമിടക്കും ഉണ്ടെന്ന് സാരം. ഈ അതിർത്തിമറയെ ഉദ്ദേശിച്ചാണ് 'അഅ്റാഫ്' എന്നു പറഞ്ഞതെന്നു സാമാന്യമായി പറയാം. അകലെനിന്നു തെളിഞ്ഞുകാണത്തക്കവിധം പൊന്തിനിൽക്കുന്ന മേടും കുന്നുംപോലെയുള്ളതിനെല്ലാം പറയപ്പെടുന്ന വാക്കാണ് عرف (ഉർഫ്). പൂവൻ കോഴിയുടെ തലയിൽ പൊന്തിനിൽക്കുന്ന പൂവിനും (കോഴിച്ചൂട്ടിനും) ഈ വാക്കു ഉപയോഗിക്കുന്നു. അതിന്റെ ബഹുവചനമാണ് اعراف (അഅ്റാഫ്). എന്നാൽ, ഇഹത്തിലെയും പരത്തിലെയും മതിലുകളെയാകട്ടെ, മേടുകളെയാകട്ടെ പരസ്പരം താരതമ്യം ചെയ്തുകൊണ്ട് അവക്ക് രൂപ സങ്കൽപം ചെയ്‌വാൻ നിവൃത്തിയില്ല.

وَعَلَى الْأَعْرَافِ رِجَالٌ (അഅ്റാഫിൽ ചില പുരുഷന്മാരുണ്ട്) എന്ന് പറഞ്ഞുവല്ലോ. ഇവർ ആരായിരിക്കും? എങ്ങിനെയുള്ളവരായിരിക്കും? ഖുർആൻ വ്യാഖ്യാതാക്കൾക്കി

ടയിൽ ഇതിനെപറ്റി പല അഭിപ്രായങ്ങളും കാണാം. ഇമാം റാസീ (റ) ചൂണ്ടികാട്ടിയതുപോലെ, അവയെല്ലാം കൂടി പരിശോധിച്ചാൽ (1) പ്രവാചകന്മാർ, രക്തസാക്ഷികൾ, പണ്ഡിതന്മാർ മുതലായ ഉന്നത നിലവാരക്കാരായ ആളുകളായിരിക്കും അവരെന്നും (2) അതല്ല, കേവലം താണപടിക്കാരായ ചില ആളുകളായിരിക്കും അവരെന്നുമാണ് ആ അഭിപ്രായങ്ങളുടെ രത്നച്ചുരുക്കം. ചില വ്യാഖ്യാതാക്കൾ ഒന്നാമത്തെ അഭിപ്രായത്തിനാണ് മുൻഗണന നൽകിയിരിക്കുന്നതെങ്കിലും തുടർന്നുള്ള വാക്യങ്ങളിൽ നിന്ന് രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയായിരിക്കുവാൻ ന്യായമുള്ളതെന്ന് മനസ്സിലാകുന്നു. ഈ ആളുകളെപറ്റിയാണല്ലോ لَمْ يَدْخُلُوهَا وَهُمْ يَطْمَعُونَ (അവർ സ്വർഗത്തിൽ പ്രവേശിച്ചിട്ടില്ല, അവർ അതിന് മോഹിക്കുന്നു) എന്ന് പറഞ്ഞത്. അപ്പോൾ, അതുവരെ അവർക്ക് സ്വർഗത്തിൽ പ്രവേശനം ലഭിച്ചിട്ടില്ലെന്നും അവർക്ക് സ്വർഗം ലഭിച്ചേക്കാമെന്ന പ്രതീക്ഷയിലും മോഹത്തിലുമാണവർ ഉള്ളതെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു. അതോടുകൂടി നരകത്തിലെ ആൾക്കാരോടൊപ്പം ആയിത്തീരുന്നതിനെപറ്റി അവർക്ക് ഭയപ്പാടുമുണ്ട് എന്നാണ് لَا تَجْعَلْنَا مَعَ الْقَوْمِ الظَّالِمِينَ (ഞങ്ങളെ അക്രമികളോടുകൂടി ആക്കരുതേ) എന്ന അവരുടെ പ്രാർത്ഥന കാണിക്കുന്നത്. വ്യാഖ്യാതാക്കളിൽ അധിക ഭാഗവും ഈ രണ്ടാമത്തെ അഭിപ്രായക്കാരാണ് താനും. സ്വഹാബികളിൽ നിന്നും, താബിഉകളിൽ നിന്നുമുള്ള ചില രിവായത്തുകൾ ഇതിന് പിൻബലവും നൽകുന്നുണ്ട്:-

ഇബ്നു മസ്ഊദ് (റ)ൽ നിന്ന് സഈദുബ്നുൽ മുസയ്യിബ് (റ) ഉദ്ധരിച്ച ഒരു രിവായത്ത് ഈ വിഷയത്തിൽ കൂടുതൽ സ്പഷ്ടമാകുന്നു. അതിന്റെ സാരം ഇപ്രകാരം പറയാം: 'ക്വിയാമത്തുനാളിലെ വിചാരണയിൽ ആരുടെ നന്മകൾ അവന്റെ തിന്മകളെക്കാൾ അൽപമെങ്കിലും അധികമായോ അവൻ സ്വർഗത്തിലും, ആരുടെ തിന്മകൾ അവന്റെ നന്മകളെക്കാൾ അൽപമെങ്കിലും അധികമായോ അവൻ നരകത്തിലും പ്രവേശിക്കും' എന്നു പറഞ്ഞുകൊണ്ടദ്ദേഹം .... فَأَمَّا مَنْ ثَقُلَتْ مَوَازِينُهُ (ആരുടെ തൂക്കങ്ങൾ ഭാരം തൂങ്ങിയോ....) എന്നു തുടങ്ങിയ 101-ാം സൂറത്തിലെ 6 ഉം 7 ഉം വചനങ്ങൾ ഓതി. എന്നിട്ടു പറഞ്ഞു: 'അപ്പോൾ, ആരുടെ നന്മകളും തിന്മകളും സമമായോ അവരാണ് 'അഅ്റാഫി'ന്റെ ആൾക്കാർ. അവർ സ്വർഗക്കാരെയും നരകക്കാരെയും നോക്കി അറിയും. സ്വർഗക്കാരെ നോക്കുമ്പോൾ അവർക്ക് സലാം (سَلَامٌ عَلَيْكُمْ) പറയും. നരകക്കാരിലേക്ക് നോക്കുമ്പോൾ, റബ്ബേ, ഞങ്ങളെ അക്രമികളുടെ കൂടെ ആക്കരുതേ എന്നു പ്രാർത്ഥിക്കുകയും ചെയ്യും'. പിന്നീട് സജ്ജനങ്ങൾക്ക് പ്രകാശം നൽകപ്പെടുന്നതിനെയും, കപടവിശ്വാസികൾക്ക് പ്രകാശം നഷ്ടപ്പെടുന്നതിനെയും കുറിച്ചു പറഞ്ഞശേഷം അദ്ദേഹം (ഇബ്നു മസ്ഊദ് - റ) പറഞ്ഞു: 'അഅ്റാഫിലെ ആൾക്കാരുടെ പ്രകാശം നഷ്ടപെട്ടിട്ടുണ്ടായിരിക്കയില്ല. ഈ സന്ദർഭത്തെപറ്റിയാണ് അവരതിൽ പ്രവേശിച്ചിട്ടില്ല, അവർ അതിന് മോഹിക്കുന്നു (لَمْ يَدْخُلُوهَا وَهُمْ يَطْمَعُونَ) എന്ന് പറഞ്ഞിരിക്കുന്നത്. അങ്ങിനെ, അവരുടെ മോഹം (അവസാനം സ്വർഗത്തിലേക്കുള്ള) പ്രവേശനം തന്നെ ആയിത്തീരും. പിന്നീട് അദ്ദേഹം പറഞ്ഞു: 'ഒരാൾ ഒരു നന്മ ചെയ്താൽ അവന് പത്ത് നന്മ രേഖപ്പെടുത്തപ്പെടുന്നു. ഒരു തിന്മ ചെയ്താൽ ഒരു തിന്മ മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. എന്നിട്ടും ആരുടെ ആ 'ഒന്നു'കൾ അവന്റെ 'പത്തു'കളെ കവച്ചുവെക്കുന്നുവോ അവൻ നാശമടഞ്ഞതു തന്നെ' (ഇബ്നു ജരീർ).

ഈ രിവായത്തിൽ നിന്നും മറ്റും അറിയപ്പെടുന്നതുപോലെ, മറ്റുള്ളവരോടൊപ്പം ആദ്യം സ്വർഗത്തിൽ പ്രവേശിച്ചിട്ടില്ലെങ്കിലും പിന്നീട് അല്ലാഹുവിന്റെ കാരുണ്യം കൊണ്ടും ഔദാര്യം കൊണ്ടും സ്വർഗത്തിൽ പ്രവേശനം നൽകപ്പെടുന്നവരാണ് 'അഅ്റാഫിലെ ആൾക്കാർ' എന്ന് മനസ്സിലാക്കാം. ഇബ്നുകഥീർ (റ) പ്രസ്താവിക്കുന്നതിങ്ങിനെയാണ്: 'അഅ്റാഫി'ലെ ആൾക്കാരെപറ്റി വ്യാഖ്യാതാക്കളുടെ പ്രസ്താവനകൾ വ്യത്യസ്ത രൂപത്തിലാണുള്ളത്. അവയെല്ലാം ഒരേ സാരത്തിൽ കലാശിക്കുന്നു. അതായത്, നന്മകളും തിന്മകളും സമമായ ആളുകളാണ് അവർ എന്നത്രെ അത്. ഹുദൈഫഃ (റ), ഇബ്നു അബ്ബാസ് (റ), ഇബ്നു മസ്ഊദ് (റ) എന്നീ സ്വഹാബികളും, മുൻഗാമികളിലും പിൻഗാമികളിലുമുള്ള അനേകം ആളുകളും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതും അതാണ്.

എല്ലാവരെയും അവരുടെ അടയാളം കൊണ്ട് അവർ അറിയും (يَعۡرِفُونَ كُلَّۢا بِسِيمَاهُمۡ) എന്നു പറഞ്ഞതിന്റെ താൽപര്യം, സ്വർഗക്കാരുടെതായ ലക്ഷണം മുഖേന അവരെയും, നരകക്കാരുടെതായ അടയാളംകൊണ്ട് അവരെയും അവർ തിരിച്ചറിയും എന്നായിരിക്കും. സത്യവിശ്വാസികളുടെ മുഖങ്ങൾ തെളിഞ്ഞവയും, ചിരിക്കുന്നവയും, സന്തോഷം കൊള്ളുന്നവയും ആയിരിക്കുമെന്നും, അവിശ്വാസികളുടെ മുഖങ്ങൾ പൊടിമൂടിയവയും ഇരുണ്ടവയുമായിരിക്കുമെന്നും (80:38-42) മറ്റും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ, ചില വ്യക്തികൾ അവർക്ക് നേരിട്ടറിയുന്നവരും ഉണ്ടാകുമല്ലോ. الله أعلم

വിഭാഗം - 6

وَنَادَىٰٓ أَصۡحَٰبُ ٱلۡأَعۡرَافِ رِجَالٗا يَعۡرِفُونَهُم بِسِيمَٰهُمۡ قَالُواْ مَآ أَغۡنَىٰ عَنكُمۡ جَمۡعُكُمۡ وَمَا كُنتُمۡ تَسۡتَكۡبِرُونَ ﴿٤٨﴾

﴿48﴾ 'അഅ്റാഫി'ലെ ആൾക്കാർ ചില പുരുഷന്മാരെ വിളിക്കും, അവരുടെ അടയാളം കൊണ്ട് അവരെ അവർ അറിയുന്നതാണ്. അവർ പറയും: 'നിങ്ങളുടെ ശേഖരണവും, നിങ്ങൾ അഹംഭാവം നടിച്ചുകൊണ്ടിരുന്നതും നിങ്ങൾക്ക് എന്താണ് ഉപകരിച്ചത്?!

أَهَٰٓؤُلَآءِ ٱلَّذِينَ أَقۡسَمۡتُمۡ لَا يَنَالُهُمُ ٱللَّهُ بِرَحۡمَةٍۚ ٱدۡخُلُواْ ٱلۡجَنَّةَ لَا خَوۡفٌ عَلَيۡكُمۡ وَلَآ أَنتُمۡ تَحۡزَنُونَ ﴿٤٩﴾

﴿49﴾ '(ഇതാ) ഇക്കൂട്ടരാണോ അല്ലാഹു അവർക്ക് ഒരു കാരുണ്യവും കൊടുക്കുകയില്ലെന്നു (പറഞ്ഞ്) നിങ്ങൾ സത്യം ചെയ്തവർ?!

നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുവിൻ, നിങ്ങളുടെമേൽ യാതൊരു ഭയവുമില്ല, നിങ്ങൾ വ്യസനപ്പെടുകയും ചെയ്കയില്ല (എന്നാണല്ലോ അവരോട് പറയപ്പെട്ടത്)'.

﴾48﴿ وَنَادَىٰ വിളിച്ചു പറയും أَصْحَابُ ആൾക്കാർ الْأَعْرَافِ അഅ്റാഫിന്റെ رِجَالًا ചില പുരുഷന്മാരെ يَعْرِفُونَهُم അവരെ അവർ അറിയുന്നതാണ് بِسِيمَاهُمْ അവരുടെ അടയാളം (ലക്ഷണം) കൊണ്ട് قَالُوا അവർ പറയും مَا أَغْنَىٰ എന്തു ധന്യമാക്കി عَنكُمْ നിങ്ങൾക്ക് جَمْعُكُمْ നിങ്ങളുടെ ഒരുമിച്ചുകൂട്ടൽ, ശേഖരണം وَمَا كُنتُمْ നിങ്ങൾ ആയിരുന്നതും تَسْتَكْبِرُونَ നിങ്ങൾ വലുപ്പം (അഹംഭാവം)നടിക്കും ﴾49﴿ أَهَٰؤُلَاءِ ഇക്കൂട്ടരോ الَّذِينَ യാതൊരുവർ أَقْسَمْتُمْ നിങ്ങൾ സത്യം ചെയ്തു പറഞ്ഞു لَا يَنَالُهُمُ അവർക്ക് എത്തുക (കൊടുക്കുക)യില്ല اللَّهُ അല്ലാഹു بِرَحْمَةٍ ഒരു കാരുണ്യവുംകൊണ്ട്, കാരുണ്യത്തെയും ادْخُلُوا നിങ്ങൾ പ്രവേശിക്കുവിൻ الْجَنَّةَ സ്വർഗത്തിൽ لَا خَوْفٌ ഒരു ഭയവുമില്ല عَلَيْكُمْ നിങ്ങളുടെമേൽ وَلَا أَنتُمْ നിങ്ങൾ ഇല്ലതാനും تَحْزَنُونَ നിങ്ങൾ വ്യസനപ്പെടും.

ജനസ്വാധീനം, കക്ഷിബലം, ധനപ്പെരുപ്പം ആദിയായവയിൽ അഹങ്കരിച്ചിരുന്നവരും, ഇപ്പോൾ നരകശിക്ഷ അനുഭവിച്ചു കൊണ്ടിരിക്കുന്നവരുമായ നേതാക്കളോട് അഅ്റാഫിലെ ആളുകൾ അധിക്ഷേപിച്ചും പരിഹസിച്ചും പറയുന്ന ചില വാക്കുകളാണ് അല്ലാഹു ഉദ്ധരിച്ചത്. സത്യനിഷേധികളായ നേതാക്കൾ തങ്ങളുടെ ജനസ്വാധീനം സാമ്പത്തിക ശേഷി മുതലായതിൽ അഹങ്കരിക്കലും, അതവരുടെ ധിക്കാരത്തെ വർദ്ധിപ്പിക്കലും എക്കാലത്തും പതിവാണല്ലോ. അല്ലാഹു പറയുന്നു: وَمَا أَرْسَلْنَا فِي قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَا....-الآيتين (സാരം: ഒരു രാജ്യത്തുംതന്നെ, വല്ല താക്കീതുകാരനെ-റസൂലിനെ-യും നാം അയച്ചിട്ട് അതിലെ സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല: നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ, നിശ്ചയമായും ഞങ്ങൾ അവിശ്വാസികളാണെന്നും ഞങ്ങൾ സ്വത്തുക്കളും മക്കളും അധികമുള്ളവരാണ്; ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരുമല്ല എന്നും അവർ പറയും (34:34, 35). ഇങ്ങിനെയുള്ള നേതാക്കളെ മേൽ ചൂണ്ടിക്കാട്ടിയതുപോലെയുള്ള അടയാളങ്ങൾ മുഖേന അഅ്റാഫിലുള്ളവർ മനസ്സിലാക്കുന്നു. അവരോട് അവർ വിളിച്ചുപറയും: നിങ്ങളുടെ അന്നത്തെ സംഘബലവും, ധനപ്പെരുപ്പവും, ഗർവ്വും, അഹങ്കാരവുമൊക്കെ ഇപ്പോൾ എവിടെപ്പോയി?! അതുകൊണ്ട് എന്താണ് നിങ്ങൾക്ക് ലഭിച്ച പ്രയോജനം?! മുമ്പ് സത്യവിശ്വാസവും സന്മാർഗവും സ്വീകരിച്ചുവന്നവരും ഇപ്പോൾ സ്വർഗീയ ജീവിതം ലഭിച്ചവരുമായ ഈ ആളുകളെപറ്റി നിങ്ങൾ പരിഹസിച്ചിരുന്നുവല്ലോ. അവർക്ക് ഒരു നന്മയും സിദ്ധിക്കുവാനില്ലെന്നും, നിങ്ങളാണ് വലിയ അനുഗൃഹീതർ എന്നും നിങ്ങൾ സത്യം ചെയ്തു പറഞ്ഞിരുന്നു. ഇപ്പോൾ, അവരോട് സസന്തോഷം നിരുപാധികം സ്വർഗത്തിൽ പ്രവേശിക്കുവാനാണല്ലോ കൽപനയുണ്ടായത്. നിങ്ങളുടെ സ്ഥിതിയോ...?!

وَنَادَىٰٓ أَصْحَٰبُ ٱلنَّارِ أَصْحَٰبَ ٱلْجَنَّةِ أَنْ أَفِيضُوا۟ عَلَيْنَا مِنَ ٱلْمَآءِ أَوْ مِمَّا رَزَقَكُمُ ٱللَّهُ ۚ

﴾50﴿ നരകത്തിലെ ആൾക്കാർ സ്വർഗത്തിലെ ആൾക്കാരെ വിളിച്ചു പറയും: 'വെള്ളത്തിൽ നിന്ന്, അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് (ആഹാരമായി) നൽകിയതിൽ നിന്ന് (അൽപം) നിങ്ങൾ ഞങ്ങൾക്ക് ഒഴുക്കിത്തരണേ' എന്ന്!

قَالُوٓا۟ إِنَّ ٱللَّهَ حَرَّمَهُمَا عَلَى ٱلْكَٰفِرِينَ ﴿٥٠﴾

അവർ പറയും: 'നിശ്ചയമായും അല്ലാഹു, അത് രണ്ടും അവിശ്വാസികൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു:-

ٱلَّذِينَ ٱتَّخَذُوا۟ دِينَهُمْ لَهْوًا وَلَعِبًا وَغَرَّتْهُمُ ٱلْحَيَوٰةُ ٱلدُّنْيَا ۚ

﴾51﴿ അതായത്, തങ്ങളുടെ മതത്തെ വിനോദവും കളിയുമാക്കിത്തീർക്കുകയും, ഐഹിക ജീവിതം തങ്ങളെ വഞ്ചിക്കുകയും ചെയ്തവർക്ക്'.

فَٱلْيَوْمَ نَنسَىٰهُمْ كَمَا نَسُوا۟ لِقَآءَ يَوْمِهِمْ هَٰذَا وَمَا كَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ﴿٥١﴾

(അതെ) അതിനാൽ, അവരുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെ അവർ മറന്നുകളഞ്ഞതും, നമ്മുടെ 'ആയത്തുക' [ദൃഷ്ടാന്തങ്ങ]ളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതും പോലെ, അവരെ നാം ഇന്ന് മറന്നുകളയുന്നു.

﴾50﴿ وَنَادَىٰ വിളിച്ചു പറയും أَصْحَابُ النَّارِ നരകത്തിലെ ആൾക്കാർ أَصْحَابَ الْجَنَّةِ സ്വർഗത്തിലെ ആൾക്കാരെ أَنْ أَفِيضُوا നിങ്ങൾ ഒഴുക്കിത്തരണമെന്ന് عَلَيْنَا ഞങ്ങളുടെ മേൽ, ഞങ്ങളിൽ مِنَ الْمَاءِ വെള്ളത്തിൽ നിന്ന് أَوْ مِمَّا അല്ലെങ്കിൽ യാതൊന്നിൽ നിന്ന് رَزَقَكُمُ اللهُ അല്ലാഹു നിങ്ങൾക്ക് നൽകിയ قَالُوا അവർ പറയും إِنَّ اللهَ നിശ്ചയമായും അല്ലാഹു حَرَّمَهُمَا അതു രണ്ടും നിഷിദ്ധമാക്കിയിരിക്കുന്നു عَلَى الْكَافِرِينَ അവിശ്വാസികളുടെ മേൽ ﴾51﴿ الَّذِينَ اتَّخَذُوا അതായത് ആക്കിത്തീർത്തവർ دِينَهُمْ തങ്ങളുടെ മതത്തെ لَهْوًا വിനോദം, തമാശ وَلَعِبًا കളിയും, വിളയാട്ടവും وَغَرَّتْهُمُ അവരെ വഞ്ചിക്കുകയും ചെയ്തു الْحَيَاةُ الدُّنْيَا ഐഹിക ജീവിതം فَالْيَوْمَ എന്നാൽ (അതിനാൽ) ഇന്ന് نَنْسَاهُمْ നാം അവരെ വിസ്മരിക്കുന്നു كَمَا نَسُوا അവർ മറന്നതുപോലെ لِقَاءَ കണ്ടുമുട്ടുന്നതിന് يَوْمِهِمْ അവരുടെ ദിവസത്തെ هَذَا ഈ وَمَا كَانُوا അവരായിരുന്നതും بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ, ലക്ഷ്യങ്ങളെ يَجْحَدُونَ അവർ നിഷേധിക്കും.

വിശപ്പും, ദാഹവും സഹിക്കവയ്യാതെ കഷ്ടപ്പെടുമ്പോൾ നരകക്കാർ, സ്വർഗക്കാരെ വിളിച്ചപേക്ഷിക്കുകയാണ്: അൽപം വെള്ളമോ നിങ്ങൾക്ക് ലഭിച്ചിട്ടുള്ള പദാർത്ഥങ്ങളിൽ നിന്ന് മറ്റുവല്ലതുമോ ഞങ്ങൾക്ക് ഒന്നൊഴിച്ചുതന്നു ഞങ്ങളെ രക്ഷിക്കണേ എന്ന്! നരകവാസികൾക്ക് 'സക്കൂം, ഗിസ്‌ലീൻ, ഹമീം, ദ്വരീഉ് (زقوم،غسلين،حميم،ضريع) മുതലായ ഭക്ഷണ പാനീയങ്ങളല്ലാതെ നൽകപ്പെടുകയില്ലെന്നും, അവയും നരകത്തിലെ ശിക്ഷാ വകുപ്പുകളിൽപെട്ടവ മാത്രമാണെന്നും, വിശപ്പിനോ ദാഹത്തിനോ അവ ഉത

കുന്നതല്ലെന്നും (44:43; 69:36; 88:6 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്. അവർ എത്രകേണപേക്ഷിച്ചാലും ആ അപേക്ഷമൂലം അവർക്ക് കൂടുതൽ നിരാശയല്ലാതെ ഒന്നും ലഭിക്കുവാൻ പോകുന്നില്ല. അങ്ങിനെയുള്ള അനുഗ്രഹങ്ങളെല്ലാം അവിശ്വാസികളായ നിങ്ങൾക്ക് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുകയാണ് -ഭാവിയിലെങ്കിലും അവ ലഭിച്ചേക്കുമെന്ന് കരുതേണ്ടാ- എന്നായിരിക്കും അവർക്ക് സ്വർഗവാസികൾ നൽകുന്ന മറുപടി. ഭക്ഷണം തുടങ്ങിയ ഉപജീവന സൗകര്യങ്ങൾ പരലോകത്ത് സത്യവിശ്വാസികൾക്ക് മാത്രമുള്ളതാണെന്ന് 32-ാം വചനത്തിൽ അല്ലാഹു പറഞ്ഞുവല്ലോ. അവിശ്വാസികൾക്ക് അവയെല്ലാം നിഷിദ്ധമാക്കുവാനുള്ള കാരണം, അവർ അല്ലാഹുവിന്റെ ശാസനാ നിയമങ്ങളെ കാര്യമാക്കാതെ, കളി വിനോദമാക്കിത്തള്ളിയതും, ഐഹിക ജീവിതത്തിൽ മാത്രം ശ്രദ്ധപതിച്ച് പരലോക ജീവിതത്തെ ഓർമിക്കാതിരുന്നതും, ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു കൊണ്ടിരുന്നതുമാണ്. അല്ലാതെ അവരോട് പക്ഷഭേദമോ അനീതിയോ കാണിച്ചതല്ല, എന്നത്രെ 51-ാം വചനം ചൂണ്ടിക്കാട്ടുന്നത്.

ഒരു വസ്തുത ഇവിടെ പ്രത്യേക ഓർമിപ്പിക്കാം; സ്വർഗത്തിനും നരകത്തിനുമിടക്കുള്ള ഒരു അതിർത്തിമറയാണ് അഅ്റാഫ്. അവിടെയുള്ളവരും സ്വർഗ-നരകങ്ങളിലുള്ളവരും തമ്മിൽ സംഭാഷണം നടക്കുകയും നോക്കിക്കാണുകയും ചെയ്യും എന്നൊക്കെ പറഞ്ഞുവല്ലോ. അപ്പോൾ സ്വർഗവും നരകവും കേവലം വമ്പിച്ച രണ്ട് കെട്ടിടങ്ങളോ പട്ടണങ്ങളോ പോലെയായിരിക്കുമെന്ന ഒരു പ്രതീതി അൽപജ്ഞരായ ആളുകളുടെ മനസ്സിൽ ഉളവായേക്കാം. വാസ്തവത്തിൽ സ്വർഗവും നരകവുമാകട്ടെ, നമ്മുടെ ഊഹത്തിലോ അനുമാനത്തിലോ ഒതുങ്ങാത്തവിധം, അതിവിശാലമായ രണ്ട് ലോകങ്ങളാണെന്ന് ക്വുർആനിൽ നിന്നും ഹദീഥിൽ നിന്നും സ്പഷ്ടവുമാകുന്നു. സ്വർഗത്തിന്റെ വിസ്താരം ആകാശഭൂമികളോളമാണെന്ന് (3:133; 57:21 എന്നിവിടങ്ങളിൽ) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. സ്വർഗത്തിലെ ഒരു വൃക്ഷത്തിന്റെ തണലിലൂടെ ഒരു വാഹനക്കാരൻ നൂറ് കൊല്ലം സഞ്ചരിച്ചാലും അത് തീരുകയില്ല എന്ന് നബിﷺയും പ്രസ്താവിച്ചിരിക്കുന്നു. (ബു.മു) നരകത്തിന്റെ വക്കിൽ നിന്ന് ഒരു കല്ല് കീഴ്പോട്ടിട്ടാൽ എഴുപത് സംവത്സരക്കാലം അത് കീഴ്പോട്ട് പോയാലും അത് അടിയിൽ എത്തുകയില്ലെന്നും നബിﷺ പറയുന്നു. (മു). എന്നിരിക്കെ, ഈ രണ്ട് മഹാലോകങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന ഒരു വിശാലമായ അതിർത്തി സ്ഥലമായിരിക്കും അഅ്റാഫ് എന്ന് സാമാന്യമായി പറയാം. എന്നല്ലാതെ വസ്തുനിഷ്ഠമായ ഒരു നിർണയമോ ഒരേകദേശ സങ്കൽപമോ നമുക്ക് അതിനെപറ്റി കരുതുവാൻ നിവൃത്തിയില്ല.

അങ്ങനെയാകുമ്പോൾ, സ്വർഗ-നരകങ്ങളിലും അഅ്റാഫിലും സ്ഥിതിചെയ്യുന്നവർ തമ്മിൽ അന്യോന്യം കാണുവാനും സംസാരിക്കുവാനും എങ്ങിനെകഴിയും? എന്നു സംശയിക്കാം. വാസ്തവത്തിൽ, നമ്മുടെ ഭൗതികമായ അറിവിനെയും പരിചയത്തെയും മുമ്പിൽവെച്ചുകൊണ്ടുമാത്രം ഉണ്ടാകുന്ന ഒരു സംശയമാണിത്. ഭൗതിക പ്രകൃതിനിയമങ്ങളിൽ നിന്നെല്ലാം എത്രയോഭിന്നമായ പ്രകൃതി സ്വഭാവങ്ങളോട് കൂടിയതാണ് പരലോകമെന്നിരിക്കെ ഈ സംശയത്തിന് അവകാശമില്ല. ഇന്നു നിലവിലുള്ള ഗതാഗത സൗകര്യങ്ങളെയും, വാർത്താവിതരണ സാധ്യതകളെയും അപേക്ഷിച്ച് നോക്കിയാൽ, മുൻകാലത്തുള്ളവരെക്കാൾ ഇക്കാലത്തുള്ളവർക്ക് അതിന്റെ സാധ്യത കൂടുതൽ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ലോകത്തിന്റെ ഏതു മൂലയിലുള്ളവർ തമ്മിലും -അല്ല, ഭൂമിയിലും ശൂന്യാകാശത്തിൽ അതി വിദൂരത്ത് സ്ഥിതിചെയ്യുന്നവർ തമ്മിൽപോലും- റേഡിയോ, ടെലിഫോൺ, ടെലിവിഷൻ മുതലായവയുടെ സഹായത്തോടെ സംസാരിക്കുകയും കാണുകയും ചെയ്വാൻ ഇന്ന് മനുഷ്യർക്ക് സാധിക്കുന്നു. ആ സ്ഥിതിക്ക്

ഈ ലോകത്ത് അസംഭവ്യമായ പലതും നിത്യസംഭവങ്ങളായിരിക്കുന്ന പരലോക കാര്യങ്ങളിൽ അത്ഭുതത്തിനോ സംശയത്തിനോ അവകാശമില്ലതന്നെ.

وَلَقَدْ جِئْنَٰهُم بِكِتَٰبٍ فَصَّلْنَٰهُ عَلَىٰ عِلْمٍ هُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ﴿٥٢﴾

《52》 തീർച്ചയായും, അറിഞ്ഞുംകൊണ്ടു(തന്നെ) നാം വിശദീകരി(ച്ചു വിവരി)ച്ചിട്ടുള്ള ഒരു ഗ്രന്ഥം ഇവർക്ക് നാം കൊണ്ടുചെന്നിട്ടുണ്ട്; വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും, കാരുണ്യവുമായിട്ട്.

《52》 وَلَقَدْ جِئْنَا തീർച്ചയായും നാം ചെന്നിട്ടുണ്ട് هُمْ അവർക്ക്, അവരുടെ അടുക്കൽ بِكِتَابٍ ഗ്രന്ഥവുംകൊണ്ട് فَصَّلْنَاهُ നാം അത് വിശദീകരി(വിവരി)ച്ചിരിക്കുന്നു عَلَىٰ عِلْمٍ അറിവോടെ (അറിഞ്ഞുംകൊണ്ട്) هُدًى മാർഗദർശനമായിട്ട് وَرَحْمَةً കാരുണ്യമായും لِقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ അവർ വിശ്വസിക്കുന്നു

هَلْ يَنظُرُونَ إِلَّا تَأْوِيلَهُۥ ۚ

《53》 അതിന്റെ പുലർച്ചയല്ലാതെ (വല്ലതും) അവർനോക്കി(ക്കാത്തു) കൊണ്ടിരിക്കുന്നുവോ?!

يَوْمَ يَأْتِى تَأْوِيلُهُۥ يَقُولُ ٱلَّذِينَ نَسُوهُ مِن قَبْلُ قَدْ جَآءَتْ رُسُلُ رَبِّنَا بِٱلْحَقِّ فَهَل لَّنَا مِن شُفَعَآءَ فَيَشْفَعُوا۟ لَنَآ أَوْ نُرَدُّ فَنَعْمَلَ غَيْرَ ٱلَّذِى كُنَّا نَعْمَلُ ۚ

അതിന്റെ പുലർച്ച വന്നെത്തുന്ന ദിവസം, മുമ്പ് അതിനെ മറന്നുകളഞ്ഞവർ പറയും: 'ഞങ്ങളുടെ റബ്ബിന്റെ 'റസൂലു'കൾ യഥാർത്ഥവുംകൊണ്ട് ഞങ്ങൾക്ക് വരുകയുണ്ടായി. [അന്നു ഞങ്ങളതു വിശ്വസിച്ചില്ല] എനി, ഞങ്ങൾക്ക് വല്ല ശുപാർശക്കാരും ഉണ്ടോ-എന്നാലവർ ഞങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യുമായിരുന്നു?! - അല്ലെങ്കിൽ, ഞങ്ങൾ മടക്കപ്പെടുമോ? എന്നാൽ ഞങ്ങൾ (മുമ്പ്) പ്രവർത്തിച്ചിരുന്നതല്ലാത്തത് [സൽകർമങ്ങൾ] ഞങ്ങൾ പ്രവർത്തിക്കുമായിരുന്നു!'

قَدْ خَسِرُوٓا۟ أَنفُسَهُمْ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٥٣﴾

(അതെ) അവർ തങ്ങളെതന്നെ നഷ്ടപ്പെടുത്തിക്കളഞ്ഞു. അവർ കെട്ടിച്ചമച്ചിരുന്നത് (ഒക്കെയും) അവരെ വിട്ടു മറഞ്ഞുപോകുകയും ചെയ്തു.

هَلْ يَنظُرُونَ ﴿53﴾ അവർ നോക്കുന്നു (കാത്തിരിക്കുന്നു)വോ إِلَّا تَأْوِيلَهُ അതിന്റെ പുലർച്ച (വ്യാഖ്യാനം-പൊരുൾ-പര്യവസാനം) അല്ലാതെ يَوْمَ يَأْتِي വരുന്ന ദിവസം تَأْوِيلُهُ അതിന്റെ പുലർച്ച يَقُولُ പറയും الَّذِينَ نَسُوهُ അതിനെ മറന്ന (വിസ്മരിച്ച)വർ مِن قَبْلُ മുമ്പ് قَدْ جَاءَتْ വരികയുണ്ടായി رُسُلُ رَبِّنَا നമ്മുടെ റബ്ബിന്റെ റസൂലുകൾ بِالْحَقِّ യഥാർത്ഥംകൊണ്ട് فَهَل لَّنَا എനി (അപ്പോൾ) ഞങ്ങൾ (നമു)ക്കുണ്ടോ مِن شُفَعَاءَ ശുപാർശക്കാരിൽ നിന്ന് (വല്ലവരും) فَيَشْفَعُوا എന്നിട്ട് അവർ ശുപാർശ ചെയ്യുമാറ്, എന്നാൽ ശുപാർശ ചെയ്യുമായിരുന്നു لَنَا ഞങ്ങൾക്ക്, നമുക്ക് أَوْ نُرَدُّ അല്ലെങ്കിൽ നാം മടക്കപ്പെടുമോ فَنَعْمَلَ എന്നിട്ട് നാം പ്രവർത്തിക്കുമാറ്, എന്നാൽ നമുക്ക് (ഞങ്ങൾക്ക്) പ്രവർത്തിക്കാം غَيْرَ الَّذِي യാതൊന്നല്ലാത്തത് كُنَّا نَعْمَلُ നാം (ഞങ്ങൾ) പ്രവർത്തിച്ചിരുന്നു قَدْ خَسِرُوا അവർ നഷ്ടപ്പെടുത്തിക്കഴിഞ്ഞു أَنفُسَهُمْ തങ്ങളെതന്നെ, അവരുടെ സ്വന്തങ്ങളെ وَضَلَّ പിഴച്ചു (മറഞ്ഞു)പോകുകയും ചെയ്തു عَنْهُم അവരെവിട്ട് مَا كَانُوا അവരായിരുന്നത് يَفْتَرُونَ അവർ കെട്ടുച്ചമക്കും

സ്വർഗക്കാരുടെയും നരകക്കാരുടെയും പല സ്ഥിതിഗതികളും വിവരിച്ചശേഷം, സംസാരഗതി ക്വുർആനെ നിഷേധിക്കുന്നവരിലേക്ക് തിരിഞ്ഞിരിക്കുകയാണ്. ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ സാരം ഇതാണ്: സത്യം സ്വീകരിക്കുവാൻ തയ്യാറുള്ളവർക്ക് വേണ്ടത്ര മാർഗദർശനങ്ങളും അനുഗ്രഹങ്ങളും സഹിതം-എന്തെല്ലാമാണ്, എങ്ങിനെയെല്ലാമാണ് വിവരിക്കേണ്ടതെന്ന് ശരിക്കും അറിഞ്ഞുകൊണ്ടുതന്നെ- ആവശ്യമായ വിശദീകരണങ്ങളോടുകൂടിയുള്ള ഒരു മഹത്തായ ഗ്രന്ഥം (ക്വുർആൻ) ഇതാ നാം അവർക്ക് നൽകിക്കഴിഞ്ഞിരിക്കുന്നു. എന്നിട്ടും അതിൽ വിശ്വസിക്കാതെ എനി വേറെയെന്താണ് അവർക്ക് കാത്തിരിക്കുവാനുള്ളത്?! വല്ലതും ഉണ്ടെങ്കിൽ ആ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങൾ അനുഭവത്തിൽ പുലർന്നു കാണുക മാത്രമാണ്. അതാണവർ കാത്തിരിക്കുന്നതെങ്കിൽ, അതവർക്ക് നല്ലതിനല്ല. ആ അവസരം വന്നുകഴിഞ്ഞാൽ അവർ ഖേദിക്കേണ്ടി വരും. റസൂലുകളും വേദഗ്രന്ഥങ്ങളും പ്രബോധനം ചെയ്തിരുന്നത് തന്നെയായിരുന്നു യഥാർത്ഥമെന്ന് അപ്പോൾ അവർ തുറന്നു സമ്മതിക്കും. അയ്യോ! പിഴച്ചുപോയല്ലോ! എനി എന്താണ് രക്ഷാമാർഗം! എന്ന് അവർ വിലപിക്കും. വല്ല ശുപാർശക്കാരെയും കിട്ടിയിരുന്നുവെങ്കിൽ ശുപാർശകൊണ്ട് രക്ഷപ്പെടാമായിരുന്നു! ഒന്നുകൂടി ഐഹിക ജീവിതത്തിലേക്ക് മടക്കിത്തന്നെങ്കിൽ മുമ്പത്തെ നില മാറ്റിസൽക്കർമങ്ങൾ ചെയ്യാമായിരുന്നു എന്നൊക്കെ അവർ കൊതിച്ചു പോകും. പക്ഷേ, ഫലമെന്ത്?! തങ്ങൾക്ക് ലഭിക്കാമായിരുന്ന രക്ഷാമാർഗങ്ങളെല്ലാം നേരത്തെത്തന്നെ അവർ സ്വയം നഷ്ടപ്പെടുത്തിക്കഴിഞ്ഞു. തങ്ങളെ രക്ഷിക്കുമെന്നും സഹായിക്കുമെന്നും സങ്കൽപിച്ചുകൊണ്ട് അവർ കെട്ടിയുണ്ടാക്കിയിരുന്ന കൃത്രിമ ദൈവങ്ങളും ശുപാർശക്കാരുമൊക്കെ എങ്ങോ മറഞ്ഞുപോകുകയും ചെയ്തു. എനി, അവർ എങ്ങിനെ രക്ഷപ്പെടുവാനാണ്?!

വിഭാഗം - 7

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ يُغْشِى ٱلَّيْلَ ٱلنَّهَارَ يَطْلُبُهُۥ حَثِيثًا وَٱلشَّمْسَ وَٱلْقَمَرَ وَٱلنُّجُومَ مُسَخَّرَٰتٍۭ بِأَمْرِهِۦٓ ۗ أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ ۗ تَبَارَكَ ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٥٤﴾

﴾54﴿ നിശ്ചയമായും നിങ്ങളുടെ റബ്ബ് ആകാശങ്ങളെയും, ഭൂമിയെയും ആറുദിവസങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. പിന്നെ, അവൻ 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു.

രാത്രിയിൽ അവൻ പകലിനു മൂടിയിടുന്നു-അത് അതിനെ ദ്രുതഗതിയിൽ തേടിക്കൊണ്ട്. അവന്റെ കൽപനക്കു വിധേയങ്ങളാക്കപ്പെട്ടുകൊണ്ട് സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളേയും (അവൻ സൃഷ്ടിച്ചു).

അല്ലാ (അറിയുക)! അവന്റെതാണ് സൃഷ്ടിപ്പും, കൽപനയും [സൃഷ്ടിക്കലും, കൽപനാധികാരവും അവന്റെ വകതന്നെ].

ലോകരുടെ രക്ഷിതാവായ അല്ലാഹു നന്മ (അഥവാ മഹത്വം) ഏറിയവനാകുന്നു.

﴾54﴿ إِنَّ رَبَّكُمُ നിശ്ചയമായും നിങ്ങളുടെ റബ്ബ് اللهُ അല്ലാഹു الَّذِي خَلَقَ സൃഷ്ടിച്ച السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും فِي سِتَّةِ ആറിലായി أَيَّامٍ ദിവസങ്ങൾ ثُمَّ പിന്നെ اسْتَوَى അവൻ ആരോഹണം ചെയ്തു, ആസനസ്ഥനായി عَلَى الْعَرْشِ അർശിൽ, സിംഹാസനത്തിന്മേൽ يُغْشِي അവൻ മൂടുന്നു, മൂടിയിടുന്നു اللَّيْلَ രാത്രിയെ (രാവിനെക്കൊണ്ട്) النَّهَارَ പകലിന്, പകലിനെ يَطْلُبُهُ അത് അതിനെതേടിക്കൊണ്ട് حَثِيثًا ദ്രുതഗതിയിൽ, ബദ്ധപ്പെട്ടുകൊണ്ട്, വേഗമായി وَالشَّمْسَ സൂര്യനെയും وَالْقَمَرَ ചന്ദ്രനെയും وَالنُّجُومَ നക്ഷത്രങ്ങളെയും مُسَخَّرَاتٍ വിധേയമാക്ക (നിയന്ത്രിക്ക)പ്പെട്ടതായിക്കൊണ്ട് بِأَمْرِهِ അവന്റെ കൽപനക്ക്, ആജ്ഞപ്രകാരം أَلَا അല്ലാ-അറിയുക لَهُ അവന്നാണ്, അവന്റേതാണ് الْخَلْقُ സൃഷ്ടിപ്പ്, സൃഷ്ടി وَالْأَمْرُ കൽപനയും تَبَارَكَ നന്മ (മഹത്വം-മേന്മ-ഗുണം) ഏറിയിരിക്കുന്നു (അധികരിച്ചവനാണ്) اللهُ അല്ലാഹു رَبُّ الْعَالَمِينَ ലോകരുടെ (ലോക) രക്ഷിതാവായ

അല്ലാഹു ആകാശഭൂമികളെ ആറു ദിവസങ്ങളിലായി സൃഷ്ടിച്ചുവെന്നും, പിന്നീട് അവൻ അർശിന്മേൽ ആരോഹണം ചെയ്തുവെന്നും ക്വുർആനിൽ പലേടത്തും പ്രസ്താവിച്ചിരിക്കുന്നു. ആറു ദിവസങ്ങളിലായി സൃഷ്ടിച്ചതിനെപറ്റി യൂനുസ്:3; സജദഃ: 4; ഫുർക്വാൻ:59; ഹദീദ്:4; ക്വാഫ്:38; ഹൂദ്: 7 എന്നീ സ്ഥലങ്ങളിലും, അർശിൽ ആരോഹണം ചെയ്തതിനെപറ്റി ആദ്യം പറഞ്ഞ നാലു സൂറത്തുകളിലും, ത്വാഹാ 5ലും, റഅ്ദ് 2ലും പ്രസ്താവിച്ചു കാണാം. ഇവിടെ ആ രണ്ടു വിഷയത്തെക്കുറിച്ചും സംക്ഷിപ്തമായി വിവരിക്കുന്നു. കൂടുതൽ വിശദീകരണം മേൽ സൂചിപ്പിച്ച സ്ഥലങ്ങളിലും കാണാം.

(1) സൂര്യന്റെ ഉദയാസ്തമയങ്ങളാൽ ഉണ്ടായിത്തീരുന്ന ഒരു രാവും പകലും ചേർന്ന സമയത്തിനാണ് നാം സാധാരണ ദിവസം എന്നു പറയുന്നത്. ആറു ദിവസങ്ങൾ എന്നു പറഞ്ഞത് ഈ അർത്ഥത്തിലുള്ള ദിവസങ്ങളായിരിക്കുവാൻ തരമില്ല. കാരണം, ആകാശഭൂമികളുടെ സൃഷ്ടിയും, അവയുടെ നിലവിലുള്ള വ്യവസ്ഥയും, പൂർത്തിയാകും മുമ്പ് രാപകലുകളോ, ഈ അർത്ഥത്തിലുള്ള ദിവസങ്ങളോ ഉണ്ടാകുകയില്ലല്ലോ. ക്വിയാമത്ത് നാളിനെക്കുറിച്ച് അമ്പതിനായിരം കൊല്ലം വലുപ്പമുള്ള ഒരു ദിവസം (70:4) എന്നും, നിന്റെ റബ്ബിന്റെ അടുക്കൽ ഒരു ദിവസം നിങ്ങൾ എണ്ണിവരുന്ന ആയിരം കൊല്ലം പോലെയാണ് (22:47) എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, ഈ ആറു ദിവസം കൊണ്ട് വിവക്ഷ, ദീർഘകാലം വരുന്ന ഏതോ ഒരു ആറു ദിവസങ്ങളായിരിക്കാം. അവ എങ്ങിനെയുള്ളതാണെന്നോ, ഓരോ ദിവസത്തിന്റെയും ദൈർഘ്യം എത്രയാണെന്നോ നമുക്ക് തിട്ടപ്പെടുത്തുക സാധ്യമല്ല.

ഈ വചനത്തിനൊരു സാമാന്യ വിശദീകരണമെന്നോണം, ഭൂമിയെ സൃഷ്ടിച്ചതും, അതിലെ പർവ്വതങ്ങൾ, ആഹാര പദാർത്ഥങ്ങൾ മുതലായവ ശരിപ്പെടുത്തിയതും നാലു ദിവസം കൊണ്ടാണെന്നും, ആകാശങ്ങളെ പൂർത്തിയാക്കിയത് രണ്ടുദിവസം കൊണ്ടാണെന്നും 49:9-12ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നിലവിലുള്ള അഖിലാണ്ഡ വ്യവസ്ഥ ഈ നിലയിൽ എത്തിച്ചേരുന്നതിനു മുമ്പ് കോടിക്കണക്കിന് കൊല്ലങ്ങളും, പല വ്യത്യസ്ത ഘട്ടങ്ങളും കഴിഞ്ഞുപോയിട്ടുണ്ടെന്ന് -വിശദീകരണങ്ങളിൽ നീക്ക് പോക്കും അഭിപ്രായ വ്യത്യാസവും പലതുണ്ടെങ്കിലും- പൊതുവെ അംഗീകരിക്കപ്പെട്ടുവരുന്ന ശാസ്ത്രീയ സിദ്ധാന്തമാണെന്നുള്ളതും സ്മരണീയമത്രെ. ഞായർ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ഓരോന്നിലും ഇന്നിന്ന വസ്തുക്കളെ അല്ലാഹു സൃഷ്ടിച്ചുവെന്നു വിവരിക്കുന്ന ചില രിവായത്തുകൾ കാണാമെങ്കിലും -ഇബ്നുകഥീർ (റ) മുതലായവർ സൂചിപ്പിച്ചതുപോലെ- അവ യഥാർത്ഥത്തിൽ, ഇസ്റാഈലീ വാർത്തകളിൽ നിന്ന് ഉടലെടുത്തവയാകുന്നു.

(2) 'അർശ് (عرش) എന്ന വാക്ക് രാജകീയ സിംഹാസനം എന്ന അർത്ഥത്തിൽ സാധാരണ ഉപയോഗിക്കപ്പെടുന്നു. വീടുകളുടെ മേൽപുര, മുന്തിരിത്തോട്ടത്തിന്റെ പന്തൽ എന്നിവപോലെ ഉയരത്തിൽ സ്ഥാപിക്കപ്പെടുന്ന ചില വസ്തുക്കൾക്കും ആ വാക്ക് ഉപയോഗിക്കപ്പെടും. എന്നാൽ, മഹാൻമാരായ പലരും പ്രസ്താവിച്ചതുപോലെ അല്ലാഹുവിന്റെ അർശ് എപ്രകാരത്തിലുള്ളതായിരിക്കുമെന്ന് കണക്കാക്കുവാൻ നമുക്ക് സാധിക്കുകയില്ല. ഇമാം റാഗിബ് (റ) അദ്ദേഹത്തിന്റെ 'അൽമുഫ്റദാത്ത്' എന്ന നിഘണ്ടുവിൽ പറയുന്നു: 'അല്ലാഹുവിന്റെ അർശിനെക്കുറിച്ച് അതിന്റെ പേരല്ലാതെ അതിന്റെ യാഥാർത്ഥ്യത്തെപറ്റി മനുഷ്യർക്ക് അറിയാവതല്ല. പൊതുജനങ്ങൾ ഊഹിക്കുന്നതുപോലെയുള്ളതല്ല അത്. അങ്ങിനെയാണെങ്കിൽ, അത് അവനെ (അല്ലാഹുവിനെ) വഹിച്ചുകൊണ്ടിരിക്കുന്നതായിരിക്കണമല്ലോ. അല്ലാഹുവാകട്ടെ, അതിൽ നിന്നും എത്രയോ ഉന്നതനുമാകുന്നു....'

അല്ലാഹു സൃഷ്ടികളിൽ നിന്നെല്ലാം വ്യത്യസ്തനും, അവരുടെ ഭാവനകൾക്കെല്ലാം അതീതനുമാകുന്നു. അതെ, لَيْسَ كَمِثْلِهِ شَيْءٌ (അവനെപ്പോലെ ഒരു വസ്തുവും ഇല്ല). وَلَمْ يَكُن لَّهُ كُفُوًا أَحَدٌ (അവനു തുല്യനായി ഒരാളും ഇല്ല) അതുകൊണ്ട്, അല്ലാഹു അർശിൽ ആരോഹണം ചെയ്തു (اسْتَوَىٰ عَلَى الْعَرْشِ) എന്ന വാക്യത്തെപറ്റി മുൻഗാമികളായ മഹാന്മാർക്ക് പൊതുവിലും, പിൻഗാമികളിൽ അവരുടെ മാതൃക പിൻപറ്റിയവർക്കും, പറയുവാനുള്ളത് ഇതാകുന്നു: 'സിംഹാസനാരോഹണമെന്നത് നമുക്കറിയാം. പക്ഷേ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അതിന്റെ മാതിരി എങ്ങിനെണെന്നുള്ളത് നമുക്ക് അജ്ഞാതമാകുന്നു. (الاستواء معلوم و الكيفية مجهولة)' താഴെ സൂചിപ്പിക്കുന്നതുപോലെയുള്ള ചില വ്യാഖ്യാനങ്ങൾ കൊണ്ട് തൃപ്തി അടയുന്നതും, കൂടുതൽ അന്വേഷണത്തിനും വിമർശനത്തിനും മുതിരുന്നതും അബദ്ധത്തിന് കാരണമായിരിക്കുന്നതാണ്. ആകയാൽ, പ്രസ്തുത മഹാന്മാർ സ്വീകരിച്ച അതേ മാർഗം തന്നെയാണ് നമുക്കും സ്വീകരിക്കുവാനുള്ളത്. അതാണ് കൂടുതൽ സുരക്ഷിതമായ മാർഗവും.

(3) 'അർശിൽ അവൻ ആരോഹണം ചെയ്തു' (اسْتَوَىٰ عَلَى الْعَرْشِ) എന്ന വാക്യത്തിന്റെ ഭാഷാർത്ഥത്തെ മാത്രം അടിസ്ഥാനമാക്കി അല്ലാഹു അർശിന്മേൽ ഇരിക്കുകയാണെന്നും മറ്റും ചില ആളുകൾ പറഞ്ഞിട്ടുള്ളത് സ്വീകാര്യമല്ലതന്നെ. അല്ലാഹുവിനെ സൃഷ്ടികളോട് സമപ്പെടുത്തലും, അവന്റെ ഗുണവിശേഷങ്ങളുടെ പരിശുദ്ധിയെ നിരാകരിക്കലുമാണത്. അവൻ അർശിന്റെമേലുള്ള അധികാരം ഏറ്റെടുത്തു, അല്ലെങ്കിൽ ആകാശഭൂമികളുടെ നിയന്ത്രണം ഔപചാരികമായി സ്വീകരിച്ചു എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലും ചില പണ്ഡിതന്മാർ അതിനെ വ്യാഖ്യാനിക്കാറുണ്ട്. വേറെ ചിലർ 'അർശ്' എന്നൊരു പ്രത്യേക വസ്തു യഥാർത്ഥത്തിൽ ഇല്ലെന്നും 'അധികാരം' എന്നാണതുകൊണ്ട് വിവക്ഷയെന്നും വരുമാറുള്ള ചില വ്യാഖ്യാനങ്ങളും നൽകിക്കാണുന്നു. ഇതു തികച്ചും വാസ്തവ വിരുദ്ധമാകുന്നു. അർശിന്റെ യാഥാർത്ഥ്യങ്ങളെക്കുറിച്ചു നമുക്കറിഞ്ഞുകൂടാ. എങ്കിലും 'അർശ്' എന്ന അതിമഹത്തായ ഒരു സൃഷ്ടി യഥാർത്ഥത്തിൽ ഉണ്ടെന്നുള്ളത് ക്വുർആൻ വചനങ്ങളിൽ നിന്നും, നബി വചനങ്ങളിൽ നിന്നും അനിഷേധ്യമായി അറിയപ്പെട്ടിട്ടുള്ളതാണ്. ഒരു കാര്യം ഇവിടെ വിസ്മരിക്കാവതല്ല. اسْتَوَىٰ عَلَى الْعَرْشِ എന്ന വാക്യത്തിന്റെ അർത്ഥം, അവൻ അധികാരം ഏറ്റെടുത്തുവെന്നല്ലെങ്കിലും ആകാശഭൂമികളുടെ ആജ്ഞാധികാരവും, കൈകാര്യ നിയന്ത്രണവും അവന്റെ പക്കലാണെന്ന് ആ വാക്യം സൂചിപ്പിക്കുന്നുവെന്നുള്ളതിൽ സംശയമില്ല. ആ വാക്യത്തെത്തുടർന്നു സൂ: യൂനുസിലും, സജ്ദഃയിലും കാണാവുന്നതുപോലെ – അവൻ കാര്യം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു (يُدَبِّرُ الْأَمْرَ) എന്നോ, ആ അർത്ഥത്തിലുള്ളതോ ആയ വാചകങ്ങൾ പല സൂറത്തുകളിലും കാണുന്നത് അതുകൊണ്ടാകുന്നു. ഈ വചനത്തിലും തന്നെ തുടർന്നുകൊണ്ട് രാപകലുകളുടെയും, സൂര്യ ചന്ദ്ര നക്ഷത്രങ്ങളുടെയും നിയന്ത്രണങ്ങളും, എല്ലാറ്റിന്റെയും സൃഷ്ടിപ്പും ആജ്ഞാധികാരവും അവനാണെന്നും പറഞ്ഞിരിക്കുന്നു. الله اعلم

ഇബ്നുകഥീർ (റ) ഈ വിഷയത്തിൽ ഇവിടെ ചെയ്ത പ്രസ്താവന ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: 'ജനങ്ങൾക്ക് ഈ രംഗത്ത് വളരെയധികം സംസാരങ്ങളുണ്ട്. അതിവിടെ വിസ്തരിക്കേണ്ടുന്ന സന്ദർഭമല്ല. സദ്വൃത്തരും പൗരാണികരുമായ മാലിക്, ഔസാഈ, ഥൗരീ, ലൈഥ്, ശാഫിഈ, അഹ്മദ്, ഇസ്ഹാക്ക് (റ) മുതലായവരും മറ്റുമായി മുൻകാലത്തും പിൽകാലത്തുമുള്ള മുസ്ലിം നേതാക്കൾ സ്വീകരിച്ച അതേ മാർഗമാണ് നാം ഇതിൽ സ്വീകരിക്കുന്നത്. രൂപനിർണയമോ, സൃഷ്ടികളോട് സാമ്യപ്പെടുത്തലോ, അല്ലാഹുവിന്റെ മഹൽ ഗുണങ്ങൾക്ക് കോട്ടം തട്ടിക്കലോ കൂടാതെ (ക്വുർആനിലും ഹദീഥിലും) എങ്ങിനെ വന്നുവോ അതുപോലെ സ്വീകരിക്കുക എന്നു

ള്ളതാണ് ആ മാർഗം. അല്ലാഹുവിനെ സൃഷ്ടികളുമായി സാമ്യപ്പെടുത്തുന്നവരുടെ മനസ്സിൽ പ്രത്യക്ഷപ്പെടുന്നതൊന്നും തന്നെ അതിൽ ഉണ്ടാവാൻ പാടില്ല. لَيْسَ كَمِثْلِهِۦ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ (അവനെപോലെ ഒരു വസ്തുവും ഇല്ല. അവൻ കേൾക്കുന്നവനാണ്, കാണുന്നവനാണ്) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ. അത്രയുമല്ല, ബുഖാരിയുടെ ഗുരുവായ നുഅയ്മുബ്നു ഹമ്മാദിൽ ഖുസാഈ (റ) പറഞ്ഞതുപോലെ, 'അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുന്നവനും, അവന്റെ ഗുണവിശേഷങ്ങളായി അവൻ പറഞ്ഞതിനെ നിഷേധിക്കുന്നവനും അവിശ്വാസിയാകുന്നു. അല്ലാഹുവിന്റെ ഗുണവിശേഷണങ്ങളായി അവനോ, അവന്റെ റസൂലോ പറഞ്ഞതിലൊന്നും തന്നെ സാദൃശ്യപ്പെടുത്തൽ ഇല്ല. വ്യക്തമായ ഖുർആൻ വചനങ്ങളിലും, ബലവത്തായ ഹദീഥുകളിലും, വന്നതൊക്കെ അല്ലാഹുവിനോട് യോജിക്കുന്നവിധം സ്ഥിരപ്പെടുത്തുകയും, അവനോട് യോജിക്കാത്ത കാര്യമൊക്കെ നിരസിക്കുകയും ചെയ്യുന്നത് ആരാണോ അവർ നേർമാർഗം പ്രാപിച്ചു'.

രാത്രിയെ പകലിനു മൂടിയിടുന്നു -അഥവാ രാവിനെക്കൊണ്ട് പകലിനെ മൂടി അതിന്റെ വെളിച്ചം ഇല്ലാതാക്കുന്നു- എന്നു പറഞ്ഞത് രാപകലുകളുടെ നിയന്ത്രണത്തെയും, അതിനെ അത് ധൃതഗതിയിൽ തേടിക്കൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞത്, പകലിനെ ഒരിടത്ത് ഉറച്ചു നിൽക്കുവാൻ അനുവദിക്കാതെ രാത്രി അതിന്റെ പിന്നാലെ ഓടിച്ചെന്നുകൊണ്ടിരിക്കുന്നതിനെയും കുറിക്കുന്നു. എല്ലാം അവന്റെ നിയന്ത്രണത്തിനും, വ്യവസ്ഥക്കും അനുസരിച്ചാണ് നടമാടുന്നത് എന്ന് പ്രസ്താവിച്ചശേഷം, എല്ലാം സൃഷ്ടിക്കുന്നതും അവൻ തന്നെയാണെന്നും, എല്ലാറ്റിലുമുള്ള ആജ്ഞാധികാരം അവനുമാത്രമാണെന്നും അവയിലൊന്നും ആർക്കും പങ്കില്ലെന്നും, അപ്പോൾ, ഏറ്റവും മഹത്വവും നന്മയും മേന്മയും ഉള്ള റബ്ബ് ലോകരക്ഷിതാവായ അവൻ തന്നെയാണെന്നും സ്ഥാപിക്കുന്നു. എന്നിട്ട് അല്ലാഹു പറയുന്നു:-

ٱدْعُوا۟ رَبَّكُمْ تَضَرُّعًا وَخُفْيَةً ۚ إِنَّهُۥ لَا يُحِبُّ ٱلْمُعْتَدِينَ ﴿٥٥﴾

﴿55﴾ (മനുഷ്യരേ) നിങ്ങളുടെ റബ്ബിനെ താഴ്മ കാണിച്ചുകൊണ്ടും, സ്വകാര്യമായിക്കൊണ്ടും നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുവിൻ. നിശ്ചയമായും, അവൻ അതിരുവിടുന്നവരെ ഇഷ്ടപ്പെടുകയില്ല.

وَلَا تُفْسِدُوا۟ فِى ٱلْأَرْضِ بَعْدَ إِصْلَـٰحِهَا وَٱدْعُوهُ خَوْفًا وَطَمَعًا ۚ إِنَّ رَحْمَتَ ٱللَّهِ قَرِيبٌ مِّنَ ٱلْمُحْسِنِينَ ﴿٥٦﴾

﴿56﴾ ഭൂമിയെ നന്നാക്കിയതിനു ശേഷം നിങ്ങൾ അതിൽ നാശമുണ്ടാക്കുകയും ചെയ്യരുത്. ഭയപ്പെട്ടു കൊണ്ടും മോഹിച്ചുകൊണ്ടും അവനെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹുവിന്റെ കാരുണ്യം സുകൃതവാന്മാരോട് അടുത്തതാകുന്നു.

﴾55﴿ ادْعُوا നിങ്ങൾ വിളിക്കുവിൻ, പ്രാർത്ഥിക്കുവിൻ رَبَّكُمْ നിങ്ങളുടെ റബ്ബിനെ تَضَرُّعًا താഴ്മ(ഭക്തി) കാട്ടിക്കൊണ്ട് وَخُفْيَةً മറഞ്ഞുകൊണ്ടും, സ്വകാര്യ (രഹസ്യ) മായും إِنَّهُ നിശ്ചയമായും അവൻ لَا يُحِبُّ അവൻ ഇഷ്ടപ്പെടുകയില്ല الْمُعْتَدِينَ അതിരു വിടുന്നവരെ ﴾56﴿ وَلَا تُفْسِدُوا നിങ്ങൾ നാശം (കുഴപ്പം) ഉണ്ടാക്കുകയും അരുത് فِي الْأَرْضِ ഭൂമിയിൽ بَعْدَ إِصْلَاحِهَا അതിനെ നന്നാക്കിയതിനു (പരിഷ്കരണത്തിന്) ശേഷം وَادْعُوهُ അവനെ നിങ്ങൾ വിളിക്കുക (പ്രാർത്ഥിക്കുക)യും ചെയ്യുവിൻ خَوْفًا ഭയപ്പെട്ടുകൊണ്ട് وَطَمَعًا മോഹിച്ചുകൊണ്ടും إِنَّ رَحْمَتَ നിശ്ചയമായും കാരുണ്യം اللَّهِ അല്ലാഹുവിന്റെ قَرِيبٌ അടുത്തതാണ്, സമീപമാകുന്നു مِّنَ الْمُحْسِنِينَ സുകൃതവാന്മാരോട്

കഴിഞ്ഞ വചനത്തിൽ, അല്ലാഹുവാണ് അഖില ലോകത്തിന്റെയും സ്രഷ്ടാവും രക്ഷിതാവും എന്നുള്ള അവന്റെ 'റുബൂബിയ്യത്ത്' (ربوبية) സ്ഥാപിച്ചശേഷം, അവൻ മാത്രമാണ് ആരാധനക്കർഹൻ എന്നുള്ള 'ഉലൂഹിയ്യത്തി' (الوهية)ലേക്കാണ് ഈ വചനങ്ങൾ വിരൽ ചൂണ്ടുന്നത്. റുബൂബിയ്യത്തിന്റെ സ്ഥാപനത്തെത്തുടർന്ന് ഉലൂഹിയ്യത്തിന്റെ അനിവാര്യത ചൂണ്ടിക്കാട്ടൽ ക്വുർആനിൽ പലപ്പോഴും കാണാവുന്നതാകുന്നു. ഹദീഥുകളിൽ നബിﷺ വ്യക്തമാക്കിയിട്ടുള്ളതുപോലെ, ആരാധനകളുടെ കാമ്പും കാതലുമാണല്ലോ പ്രാർത്ഥന. പ്രാർത്ഥന അല്ലാഹുവിനോടായിരിക്കണം. അത് ഭക്തിയോടും താഴ്മയോടും കൂടിയായിരിക്കണം. അഥവാ ഹൃദയം സ്പർശിക്കാതെയുള്ള ഉരുവിടലായിരിക്കരുത്. സ്വകാര്യവും രഹസ്യവുമായിക്കൊണ്ട് പ്രാർത്ഥിക്കുകയാണ് വേണ്ടത്. അഥവാ ഉച്ചത്തിലും പരസ്യമായും ആയിരിക്കരുത് എന്നൊക്കെയാണ് ആദ്യത്തെ വചനത്തിൽ അറിയിക്കുന്നത്. പ്രവാചകന്മാർ മുഖേനയും, വേദഗ്രന്ഥങ്ങൾ മുഖേനയും ഭൂമിയിൽ ആവശ്യമായ പരിഷ്കരണങ്ങൾ അല്ലാഹു നടപ്പിൽ വരുത്തിയിട്ടുണ്ട്. എന്നിട്ട് പിന്നെയും നിങ്ങൾ അതിൽ അക്രമവും അനീതിയും നടത്തി കുഴപ്പമുണ്ടാക്കരുതെന്നാണ് രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിന്റെ സാരം.

ഭക്തിയും താഴ്മയും തീണ്ടാതെ, കുറേ പ്രാർത്ഥനാവാക്യങ്ങൾ ഉരുവിടുന്നതുകൊണ്ട് പ്രയോജനമില്ല. എന്നാലത്, രഹസ്യമായും പതുക്കെയും മാത്രമേ പാടുള്ളൂവെന്നോ, പരസ്യമായോ ഉച്ചത്തിലോ പാടില്ലെന്നോ അല്ല അല്ലാഹു പറഞ്ഞതിന്റെ താൽപര്യം. പക്ഷേ, പതുക്കെയും, സ്വകാര്യമായും ആയിരിക്കുന്നതാണ് കൂടുതൽ ഉത്തമവും മര്യാദയും. അബൂമൂസൽ അശ്അരീ (റ) പറയുന്നു: ജനങ്ങൾ പ്രാർത്ഥനയിൽ ശബ്ദം ഉയർത്തുകയുണ്ടായി. റസൂൽﷺ പറഞ്ഞു: 'മനുഷ്യരേ, നിങ്ങൾ നിങ്ങളോട് മയം കാണിക്കുവിൻ, നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നത് ബധിരനായ ഒരാളെയോ, മറഞ്ഞുപോയ ഒരാളെയോ അല്ല, നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവൻ കേൾക്കുന്നവനും സമീപമുള്ളവനും തന്നെയാണ്' (ബു, മു). സകരിയ്യാ നബി (അ) തന്റെ വാർദ്ധക്യകാലത്ത് തനിക്കൊരു കുട്ടിയെ നൽകുവാൻവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ച സംഭവം ഉദ്ധരിച്ചതിൽ, അദ്ദേഹത്തിന്റെ പ്രാർത്ഥനയെ പ്രശംസിച്ചുകൊണ്ട് إِذْ نَادَىٰ رَبَّهُ نِدَاءً خَفِيًّا (അദ്ദേഹം തന്റെ റബ്ബിനെ സ്വകാര്യമായി വിളിച്ചപേക്ഷിച്ചു -19:3) എന്നാണ് അല്ലാഹു പറഞ്ഞത്. പ്രാർത്ഥന മുതലായ പുണ്യകർമങ്ങൾ സ്വകാര്യമായി നടത്തുന്നത് അവ നിഷ്കളങ്കവും ഭക്തിപൂർവ്വവുമാണെന്നുള്ളതിന്റെ ഒരു ലക്ഷണമാ

കുന്നു. താബിഉകളിൽ പ്രസിദ്ധനായ ഹസൻ ബസ്വരീ (റ)യിൽ നിന്ന് ഇബ്നു ജരീർ (റ) മുതലായവർ ഉദ്ധരിച്ച ഒരു രിവായത്ത് ഇവിടെ പ്രസ്താവ്യമാകുന്നു. അതിന്റെ സാരം ഇപ്രകാരമാണ്: ചിലർ ക്വുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയിരിക്കുന്നു. അതാരും അറിഞ്ഞിരിക്കയില്ല. ചിലർ മതസംബന്ധമായി വളരെ പഠിച്ചിരിക്കും. അതാരും അറിഞ്ഞിരിക്കയില്ല. ഒരാൾ അയാളുടെ വീട്ടിൽവെച്ച് ദീർഘനേരം നമസ്കരിക്കാറുണ്ടായിരിക്കും. സന്ദർശകന്മാരാരും അത് അറിഞ്ഞിരിക്കുയില്ല. രഹസ്യമായി ചെയ്വാൻ കഴിയുന്ന ഏത് കാര്യവും ഒട്ടും പരസ്യമായി ചെയ്യാത്ത പല ആളുകളെയും ഞങ്ങൾ കാണുകയുണ്ടായിട്ടുണ്ട്. മുസ്ലിംകൾ പ്രാർത്ഥനയിൽ വളരെ ഉൽസാഹം കാണിക്കാറുണ്ടായിരുന്നു. എന്നാൽ അവരുടെ ശബ്ദങ്ങൾ കേൾക്കപ്പെടുമായിരുന്നില്ല. അവർക്കും അവരുടെ റബ്ബിനുമിടയിൽ പതുക്കെ നടക്കുന്ന ഒരു മന്ത്രമായിരിക്കും അത്. കാരണം, അല്ലാഹു പറയുന്നു: ادْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً (നിങ്ങളുടെ റബ്ബിനെ നിങ്ങൾ താഴ്മയായും, സ്വകാര്യമായും വിളിച്ചു പ്രാർത്ഥിക്കുവിൻ)'

إِنَّهُ لَا يُحِبُّ الْمُعْتَدِينَ (അതിരു വിടുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല) എന്ന് പറഞ്ഞത് ഒരു പൊതു തത്വമത്രെ. അതിരുവിടൽ പ്രാർത്ഥനയിലും ഉണ്ടാകാറുള്ളതുകൊണ്ട് അതിവിടെ ഉണർത്തിയതാണ്. ഉദാഹരണമായി:- (1) പ്രാർത്ഥന വളരെ ഉച്ചത്തിൽ ശബ്ദിച്ചുകൊണ്ടായിരിക്കുക (2) ഭക്തി വിനയങ്ങൾക്ക് യോജിക്കാത്തവിധം മര്യാദകെട്ട വാക്കുകളും വാക്യങ്ങളും ഉപയോഗിക്കുക (3) ഇന്നകാര്യം ഇന്നിന്നപോലെയൊക്കെ ആക്കിത്തരണമെന്ന കണിശമായ രൂപത്തിലായിരിക്കുക (4) നന്നല്ലാത്തതും അല്ലാഹുവിങ്കൽ തൃപ്തികരമല്ലാത്തതുമായ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക (5) പ്രാർത്ഥിക്കുന്നത് അല്ലാഹു അല്ലാത്തവരോട്, അവരെ മുൻനിറുത്തിക്കൊണ്ടായിരിക്കുക (6) ഉദ്ദേശിച്ചപോലെ ഉത്തരം കിട്ടാത്തതിൽ നിരാശയും അതൃപ്തിയും പ്രകടിപ്പിക്കുക മുതലായവയെല്ലാം പ്രാർത്ഥനയിലുള്ള അതിരുകവിച്ചലിൽ ഉൾപെടുന്നു. പ്രാർത്ഥന ഭക്തിയോടും ഭയപ്പാടോടുംകൂടിയും അതേ സമയത്ത് മോഹത്തോടും സുപ്രതീക്ഷയോടും കൂടിയായിരിക്കണമെന്ന് രണ്ടാമത്തെ വചനത്തിൽ അല്ലാഹു ഉപദേശിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ശിക്ഷ, കോപം, പ്രാർത്ഥന സ്വീകരിക്കപ്പെടായ്മ ആദിയായവയെക്കുറിച്ചുള്ള ഭയവും, അവന്റെ കാരുണ്യവും അനുഗ്രഹവും ലഭിക്കുമെന്നും പ്രാർത്ഥന സ്വീകരിക്കപ്പെടുമെന്നുമുള്ള സൽപ്രതീക്ഷയും ഉണ്ടായിരിക്കണമെന്ന് സാരം. പ്രാർത്ഥനയിലെന്നു മാത്രമല്ല, എല്ലാ സമയത്തും മനുഷ്യൻ അല്ലാഹുവിനെകുറിച്ച് പേടിയും സൽപ്രതീക്ഷയും (الخوف و الرجاء) ഉള്ളവനായിരിക്കേണ്ടതുണ്ട്. മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങളും ഉപദേശങ്ങളും അനുസരിക്കുന്നവരാണ് നിഷ്കളങ്കരായ സുകൃതവാന്മാരെന്നും, അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുവാൻ എളുപ്പമുള്ളത് അവർക്കാണെന്നും അവസാനമായി ഉണർത്തിയിരിക്കുന്നു.

وَهُوَ ٱلَّذِى يُرْسِلُ ٱلرِّيَـٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦ

﴿57﴾ **അവനത്രെ, തന്റെ കാരുണ്യത്തിന്റെ [മഴയുടെ] മുമ്പിലായി ഒരു സന്തോഷവാർത്തയായിക്കൊണ്ട് കാറ്റുകളെ അയക്കുന്നവൻ.**

حَتَّىٰٓ إِذَآ أَقَلَّتۡ سَحَابٗا ثِقَالٗا سُقۡنَٰهُ لِبَلَدٖ مَّيِّتٖ فَأَنزَلۡنَا بِهِ ٱلۡمَآءَ فَأَخۡرَجۡنَا بِهِۦ مِن كُلِّ ٱلثَّمَرَٰتِۚ

അങ്ങനെ, അവ കനത്ത മേഘങ്ങളെ (പൊക്കി) വഹിച്ചാൽ, വല്ല നിർജ്ജീവമായ നാട്ടിലേക്കും നാം അതിനെ നയിച്ചുകൊണ്ടുപോകുന്നു; എന്നിട്ട്, നാം [അല്ലാഹു] അതിൽ വെള്ളം ഇറക്കുകയും, എന്നിട്ട് അതു മൂലം എല്ലാ ഫലവർഗങ്ങളെയും നാം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

كَذَٰلِكَ نُخۡرِجُ ٱلۡمَوۡتَىٰ لَعَلَّكُمۡ تَذَكَّرُونَ ﴿٥٧﴾

അതുപോലെ, നാം മരണപ്പെട്ടവരെ (വീണ്ടും ജീവിപ്പിച്ചു) പുറപ്പെടുവിക്കുന്നു. നിങ്ങൾ ഉറ്റാലോചിച്ചു നോക്കിയേക്കാമല്ലോ.

﴾57﴿ وَهُوَ അവനത്രെ الَّذِي يُرْسِلُ അയക്കുന്നവൻ الرِّيَاحَ കാറ്റുകളെ بُشْرًا സന്തോഷവാർത്തയായിട്ട് بَيْنَ يَدَيْ മുമ്പിൽ رَحْمَتِهِ അവന്റെ കാരുണ്യത്തിന്റെ حَتَّى വരെ (അങ്ങനെ-ഇതുവരെ) إِذَا أَقَلَّتْ അതു പൊന്തിച്ചാൽ, വഹിച്ചാൽ سَحَابًا മേഘത്തെ ثِقَالًا ഘനപ്പെട്ട, ഭാരമുള്ള سُقْنَاهُ അതിനെ നാം തെളിക്കുന്നു, നയിക്കുകയായി لِبَلَدٍ രാജ്യത്തേക്ക്, നാട്ടിലേക്ക് مَيِّتٍ ചത്ത (നിർജ്ജീവമായ) فَأَنْزَلْنَا بِهِ എന്നിട്ട് അതിൽ നാം ഇറക്കും, ഇറക്കുകയായി الْمَاءَ വെള്ളം, ജലം فَأَخْرَجْنَا എന്നിട്ട് നാം പുറപ്പെടുവിക്കും (ഉൽപാദിപ്പിക്കും) بِهِ അതുമൂലം, അതുകൊണ്ട് مِنْ كُلِّ എല്ലാറ്റിൽ നിന്നും الثَّمَرَاتِ ഫലവർഗങ്ങൾ, കായ്കനികൾ كَذَلِكَ അതുപോലെ, അപ്രകാരം نُخْرِجُ നാം പുറപ്പെടുവിക്കുന്നു, വെളിക്കു വരുത്തും الْمَوْتَى മരണപ്പെട്ടവരെ, നിർജ്ജീവമായവരെ لَعَلَّكُمْ تَذَكَّرُونَ നിങ്ങൾ ഉറ്റാലോചിച്ചേക്കാം

കഴിഞ്ഞ വചനങ്ങളിൽ അല്ലാഹുവിന്റെ 'റുബൂബിയത്തും', 'ഉലൂഹിയ്യത്തും' (രക്ഷാകർതൃത്വവും, ആരാധ്യതയും) സ്ഥാപിച്ച ശേഷം, അവന്റെ മഹത്തായ അനുഗ്രഹങ്ങളും, വ്യക്തമായ ദൃഷ്ടാന്തങ്ങളുമായ, ചില നിത്യസംഭവങ്ങളെ ഓർമിപ്പിച്ചുകൊണ്ട് മരണാനന്തര ജീവിതത്തിന്റെ സാധ്യത തെളിയിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന മഴയുടെ മുന്നോടിയായി കാറ്റുകൾ വീശുന്നു. അവ കാർമേഘങ്ങളെ ഇളക്കിവിടുന്നു. വെള്ളം വറ്റി നിർജ്ജീവമായി വരണ്ടുകിടക്കുന്ന നാട്ടിലേക്ക് അവ നീങ്ങുന്നു. അവിടെ മഴ വർഷിക്കുന്നു. അങ്ങനെ ആ നാട് പുനർജ്ജീവിച്ചു പച്ച പിടിക്കുന്നു. കായ്കനികളും വിളകളും ഉൽപാദിതമാകുന്നു. ഇതിന്റെയെല്ലാം കർത്താവ് അല്ലാഹുവാകുന്നു. അപ്പോൾ, ഇതുപോലെ മനുഷ്യൻ നിർജ്ജീവനായിപ്പോയശേഷം അവനെ വീണ്ടും ജീവിപ്പിക്കുവാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല എന്ന് നിങ്ങൾക്ക് ആലോചിച്ചാൽ അറിയാമല്ലോ എന്ന് ഉണർത്തുകയാണ്.

മഴവെള്ളം ഇറക്കി നിർജ്ജീവമായിക്കിടക്കുന്ന ഭൂമിയെ വീണ്ടും ഉൽപാദന യോഗ്യമാക്കി ജീവിപ്പിക്കുന്നതിനെപറ്റി ഓർമിപ്പിച്ചുകൊണ്ട് അതുപോലെ മനുഷ്യന്റെ മരണ ശേഷമുള്ള പുനർജീവിതവും ഉണ്ടാകുമെന്ന് ചൂണ്ടിക്കാട്ടുക ക്വുർആനിൽ പലപ്പോഴും കാണാവുന്ന ഒരു പതിവാകുന്നു. നിഷ്പക്ഷമായി ചിന്തിക്കുന്ന ഏത് സാധാരണക്കാരനും മനസ്സിലാക്കാവുന്ന ഒരു ദൃഷ്ടാന്തവുമാണത്. അതുപോലെതന്നെ, മഴ പെയ്യുന്നതിനെയും, മഴമൂലം സസ്യലതാദികൾ ഉൽപാദിക്കുന്നതിനെയും സംബന്ധിച്ച് പറയുമ്പോൾ -അതുവരെയുള്ള സംസാര ശൈലിയനുസരിച്ച് 'അവൻ ഇറക്കി' എന്നും 'അവൻ ഉൽപാദിപ്പിച്ചു' എന്നും (انزل، اخرج) പറയാതെ-ശൈലിയിൽ മാറ്റം വരുത്തിക്കൊണ്ട് 'നാം ഇറക്കി' എന്നും 'നാം ഉൽപാദിപ്പിച്ചു' (انزلنا، اخرجنا)എന്നുമൊക്കെയുള്ള പ്രയോഗവും സാധാരണ കാണാവുന്നതാണ്. അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹങ്ങളും, അവന്റെ ശക്തിമാഹാത്മ്യത്തെ കുറിക്കുന്ന ദൃഷ്ടാന്തങ്ങളുമാണവ എന്ന് ഓർമിപ്പിക്കുവാൻ വേണ്ടിയാണത്. الله اعلم

وَٱلْبَلَدُ ٱلطَّيِّبُ يَخْرُجُ نَبَاتُهُۥ بِإِذْنِ رَبِّهِۦ ۖ وَٱلَّذِى خَبُثَ لَا يَخْرُجُ إِلَّا نَكِدًا ۚ

كَذَٰلِكَ نُصَرِّفُ ٱلْءَايَٰتِ لِقَوْمٍ يَشْكُرُونَ ﴿٥٨﴾

﴿58﴾ നല്ല (മെച്ചപ്പെട്ട)തായ രാജ്യം, അതിലെ സസ്യങ്ങൾ [വിളകൾ] അതിന്റെ റബ്ബിന്റെ അനുമതി പ്രകാരം [ധാരാളമായി] പുറത്തു വരുന്നു. ചീത്തയായതാകട്ടെ, അത് [അതിലെ സസ്യങ്ങൾ] മോശമായിട്ടല്ലാതെ പുറത്തുവരുന്നതല്ല.

അപ്രകാരം നന്ദി കാണിക്കുന്ന ജനങ്ങൾക്ക് വേണ്ടി നാം 'ആയത്തു [ദൃഷ്ടാന്തം]കളെ വിവിധ രൂപത്തിൽ വിവരിക്കുന്നു.

﴿58﴾ وَالْبَلَدُ രാജ്യം, നാട് الطَّيِّبُ നല്ല, വിശിഷ്ടമായ, പരിശുദ്ധമായ, മെച്ചപെട്ട يَخْرُجُ പുറപ്പെടും, വെളിക്കുവരുന്നു نَبَاتُهُ അതിലെ സസ്യം, ചെടികൾ (വിള-കൃഷി) بِإِذْنِ ഉത്തരവു (അനുമതി)കൊണ്ട് رَبِّهِ അതിന്റെ റബ്ബിന്റെ وَالَّذِي خَبُثَ ചീത്തയായ (ദുഷിച്ച)താകട്ടെ لاَيَخْرُجُ പുറത്തുവരികയില്ല إِلاَنَكِدًا അൽപമായി (മോശമായി-ഞെരുങ്ങിയതായി)ട്ടല്ലാതെ كَذَلِكَ അപ്രകാരം, ഇതുപോലെ نُصَرِّفُ നാം വിവിധ രൂപത്തിൽ വിവരിക്കുന്നു الآيَاتِ ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ لِقَوْمٍ ജനങ്ങൾക്കുവേണ്ടി يَشْكُرُونَ അവർ നന്ദി കാണിക്കുന്നു.

സൽബുദ്ധിയും സൽവിചാരവും ഉള്ളവരുടെയും, ദുർബുദ്ധിയും ദുർവിചാരവും ഉള്ളവരുടെയും ഒരു ഉപമയാണിത്. നല്ല മണ്ണും, നല്ല വളക്കൂറുമുള്ള നാട്ടിൽ മഴയും

മറ്റു സൗകര്യങ്ങളും ലഭിക്കുമ്പോൾ, അധികരിച്ച അദ്ധ്വാനം കൂടാതെതന്നെ, ധാരാളം വിളവുകളും ഫലങ്ങളും ഉൽപാദിതമാകുന്നു. നേരെ മറിച്ച് ചീത്ത മണ്ണുള്ളതും വളപ്പറ്റില്ലാത്തതുമായ പൊറ്റ പ്രദേശങ്ങളിൽ മഴയും മറ്റും വേണ്ടത്ര ലഭിച്ചാൽ പോലും നാമമാത്ര വരുമാനങ്ങളേ അവയിൽ നിന്ന് പ്രതീക്ഷിക്കുവാനുള്ളൂ. അതുപോലെയാണ് മനുഷ്യന്റെയും സ്ഥിതി. നല്ല മനുഷ്യർക്ക് ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും ലഭിക്കും തോറും അവരിൽ അതിന്റെ ഫലം വർദ്ധിച്ചു കണ്ടുകൊണ്ടിരിക്കും. ദുഷിച്ച മനുഷ്യർ എന്തുതന്നെ കണ്ടാലും, കേട്ടാലും അതവർക്ക് ഫലപ്രദമാവുകയില്ല. അതവരുടെ ഉള്ളോട്ടു കടക്കുകയുമില്ല.

വിഭാഗം - 8

അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കേണ്ടതിന്റെ ആവശ്യകത വിവരിച്ചു കൊണ്ട് പലതും പ്രസ്താവിച്ചശേഷം, മുൻ സമുദായങ്ങളുടെയും, അവരുടെ പ്രവാചകന്മാരുടെയും ചരിത്രപാഠങ്ങളാണ് തുടർന്നുള്ള ഏതാനും വചനങ്ങളിൽ വിവരിക്കുന്നത്.

لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَـٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥٓ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿٥٩﴾

﴿59﴾ നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കില്ല. നിശ്ചയമായും, ഒരു വമ്പിച്ച ദിവസത്തെ ശിക്ഷ നിങ്ങളുടെമേൽ (ഭവിക്കുന്നത്) ഞാൻ ഭയപ്പെടുന്നു.

﴿59﴾ لَقَدْ أَرْسَلْنَا നാം അയക്കുകയുണ്ടായി نُوحًا നൂഹിനെ إِلَىٰ قَوْمِهِ അദ്ദേഹത്തിന്റെ ജനതയിലേക്ക് فَقَالَ എന്നിട്ടദ്ദേഹം പറഞ്ഞു يَاقَوْمِ എന്റെ ജനങ്ങളേ اعْبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ مَا لَكُمْ നിങ്ങൾക്കില്ല مِنْ إِلَٰهٍ ഒരാരാധ്യനും غَيْرُهُ അവനൊഴികെ إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങൾക്ക് عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷ عَظِيمٍ വമ്പിച്ച

ആദം നബി (അ)യുടെ കഥ മുമ്പ് വിവരിച്ചുവല്ലോ, അറിയപ്പെട്ടിടത്തോളം അദ്ദേഹത്തിനുശേഷം അയക്കപ്പെട്ട റസൂലുകളിൽ ഒന്നാമത്തെ ആൾ നൂഹ് നബി (അ) ആകുന്നു. ബാബിലോണി(*) ലായിരുന്നു അദ്ദേഹം നിയോഗിക്കപ്പെട്ടത്. മരണപ്പെട്ട

(*) പടം 3 നോക്കുക

മഹാത്മാക്കളുടെ സ്മരണക്ക് വേണ്ടി ആദ്യം അവരുടെ പ്രതിമകൾ ഉണ്ടാക്കുകയും, പിന്നീട് അവയെ ആരാധിച്ചുവരുകയും, അങ്ങിനെ വിഗ്രഹാരാധന നടപ്പിലാക്കിത്തീർക്കുകയും ചെയ്ത ഒന്നാമത്തെ സമുദായം അദ്ദേഹത്തിന്റെ സമുദായമായിരുന്നു. (കൂടുതൽ വിവരങ്ങൾക്ക് സൂറത്ത് നൂഹും അതിനുശേഷമുള്ള 'വിഗ്രഹാരാധനയുടെ തുടക്കം' എന്ന വ്യാഖ്യാന കുറിപ്പും നോക്കുക) തൊള്ളായിരത്തമ്പത് കൊല്ലക്കാലം ഒരു സമുദായത്തെ തൗഹീദിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്ന ചരിത്രമാണ് ആ പ്രവാചകവര്യന്നുള്ളത്. (28 : 14) അതുകൊണ്ടെല്ലാം തന്നെയാണ് അദ്ദേഹത്തെപറ്റി നബിമാരുടെ കാരണവർ -അഥവാ ഗുരുവര്യൻ (شيخ الانبياء) എന്നു പറയപ്പെടുന്നതും. ആ നീണ്ട ചരിത്രത്തിന്റെ സംക്ഷിപ്ത രൂപമാണ് അല്ലാഹു ഇവിടെ ഉദ്ധരിക്കുന്നത്.

قَالَ ٱلْمَلَأُ مِن قَوْمِهِۦٓ إِنَّا لَنَرَىٰكَ فِى ضَلَـٰلٍ مُّبِينٍ ﴿٦٠﴾

﴾60﴿ **അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു: 'നിശ്ചയമായും ഞങ്ങൾ നിന്നെ പ്രത്യക്ഷമായ വഴിപിഴവിലായി കാണുന്നു'.**

قَالَ يَـٰقَوْمِ لَيْسَ بِى ضَلَـٰلَةٌ وَلَـٰكِنِّى رَسُولٌ مِّن رَّبِّ ٱلْعَـٰلَمِينَ ﴿٦١﴾

﴾61﴿ **അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എനിക്ക് ഒരു വഴിപിഴവും (തന്നെ)ഇല്ല; എങ്കിലും, ഞാൻ ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു റസൂൽ [ദൂതൻ] ആകുന്നു.**

أُبَلِّغُكُمْ رِسَـٰلَـٰتِ رَبِّى وَأَنصَحُ لَكُمْ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٦٢﴾

﴾62﴿ **'എന്റെ റബ്ബിന്റെ 'രിസാലത്തു [ദൗത്യം]കളെ ഞാൻ നിങ്ങൾക്ക് എത്തിച്ചു തരുകയാണ്; ഞാൻ നിങ്ങൾക്ക് ഗുണം കാംക്ഷിക്കുക (അഥവാ ഉപദേശം നൽകുക)യും ചെയ്യുന്നു; നിങ്ങൾക്കറിഞ്ഞു കൂടാത്തതു (പലതും), അല്ലാഹുവിൽ നിന്നു ഞാൻ അറിയുകയും ചെയ്യുന്നു.**

أَوَعَجِبْتُمْ أَن جَآءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ وَلِتَتَّقُوا۟ وَلَعَلَّكُمْ تُرْحَمُونَ ﴿٦٣﴾

﴾63﴿ **'നിങ്ങൾക്ക് നിങ്ങളിൽ പെട്ട ഒരു പുരുഷൻ മുഖേന നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഒരു ഉൽബോധനം വന്നതിനാൽ നിങ്ങൾ അത്ഭുതപ്പെടുകയും ചെയ്തുവോ?! (അതെ), അവൻ [ആ പുരുഷൻ] നിങ്ങളെ താക്കീത് ചെയ്‌വാൻ വേണ്ടിയും, നിങ്ങൾ സൂക്ഷിക്കുവാൻ വേണ്ടിയും. നിങ്ങൾ കരുണ ചെയ്യപ്പെടുകയും ചെയ്യാമല്ലോ'.**

﴾60﴿ قَالَ الْمَلَأُ പ്രധാനി (പ്രമാണി)കൾ (പ്രമുഖസംഘം) പറഞ്ഞു مِن قَوْمِهِ അദ്ദേഹ
ത്തിന്റെ ജനങ്ങളിൽ നിന്ന് إِنَّا നിശ്ചയമായും നാം, ഞങ്ങൾ لَنَرَاكَ നിന്നെ നാം (ഞ
ങ്ങൾ) കാണുകതന്നെ ചെയ്യുന്നു فِي ضَلَالٍ വഴിപിഴവിൽ, ദുർമാർഗത്തിൽ مُبِينٍ വ്യക്ത
മായ ﴾61﴿ قَالَ അദ്ദേഹം പറഞ്ഞു يَاقَوْمِ എന്റെ ജനങ്ങളേ لَيْسَ بِي എനിക്കില്ല, എന്നി
ലില്ല ضَلَالَةٌ ഒരു വഴിപിഴവും (ദുർമാർഗവും) وَلَٰكِنِّي എങ്കിലും ഞാൻ رَسُولٌ ഒരു
റസൂലാണ്, ദൂതനാണ് مِن رَّبِّ രക്ഷിതാവി(റബ്ബി)ങ്കൽ നിന്ന് الْعَالَمِينَ ലോകരുടെ ﴾62﴿
أُبَلِّغُكُمْ ഞാൻ നിങ്ങൾക്ക് എത്തിക്കുന്നു, പ്രബോധനം നൽകുന്നു رِسَالَاتِ ദൗത്യ
ങ്ങളെ رَبِّي എന്റെ റബ്ബിന്റെ وَأَنصَحُ ഞാൻ ഗുണം കാംക്ഷിക്കുക (ഉപദേശിക്കുക)യും
ചെയ്യുന്നു لَكُمْ നിങ്ങൾക്ക്, നിങ്ങളോട് وَأَعْلَمُ ഞാനറിയുകയും (എനിക്കറിയുക
യും) ചെയ്യാം مِنَ اللَّهِ അല്ലാഹുവിൽ നിന്ന് مَا لَا تَعْلَمُونَ നിങ്ങൾ(ക്ക്) അറിയാത്തത് ﴾63﴿
أَوَعَجِبْتُمْ നിങ്ങൾ അത്ഭുത (ആശ്ചര്യ)പ്പെടുകയും ചെയ്തുവോ أَن جَاءَكُمْ നിങ്ങൾക്ക്
വന്നതിനാൽ, വന്നതിന് ذِكْرٌ ഉൽബോധനം, പ്രസ്താവന, സ്മരണ, ഉദ്ദേശ്യം
مِّن رَّبِّكُمْ നിങ്ങളുടെ റബ്ബിൽ നിന്ന് عَلَىٰ رَجُلٍ ഒരു പുരുഷനിലായി (പുരുഷൻ മുഖേ
ന) مِّنكُمْ നിങ്ങളിൽ നിന്ന് لِيُنذِرَكُمْ അവൻ നിങ്ങളെ താക്കീത് (മുന്നറിയിപ്പ്)
ചെയ്‌വാൻ وَلِتَتَّقُوا നിങ്ങൾ സൂക്ഷിക്കുവാനും وَلَعَلَّكُمْ നിങ്ങളാകുകയും ചെയ്യാമ
ല്ലോ, ആകുവാനും تُرْحَمُونَ നിങ്ങൾ കരുണ ചെയ്യപ്പെടും

فَكَذَّبُوهُ فَأَنجَيْنَاهُ وَالَّذِينَ مَعَهُ فِي الْفُلْكِ وَأَغْرَقْنَا الَّذِينَ كَذَّبُوا بِآيَاتِنَا ۚ

إِنَّهُمْ كَانُوا قَوْمًا عَمِينَ ﴿٦٤﴾

﴾64﴿ എന്നാൽ, അവർ അദ്ദേഹത്തെ വ്യാജമാക്കി, അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും കപ്പലിൽ നാം രക്ഷപ്പെടുത്തി; നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരെ നാം മു(ക്കി നശിപ്പി)ക്കുകയും ചെയ്തു.

നിശ്ചയമായും, അവർ അന്ധരായ ഒരു ജനതയായിരുന്നു.

﴾64﴿ فَكَذَّبُوهُ എന്നാൽ (എന്നിട്ട്) അവർ അദ്ദേഹത്തെ വ്യാജമാക്കി فَأَنجَيْنَاهُ അപ്പോൾ
അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി وَالَّذِينَ مَعَهُ അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും
فِي الْفُلْكِ കപ്പലിൽ وَأَغْرَقْنَا നാം മുക്കുക (മുക്കി നശിപ്പിക്കുക)യും ചെയ്തു الَّذِينَ كَذَّبُوا
വ്യാജമാക്കിയവരെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ إِنَّهُمْ كَانُوا നിശ്ചയമായും
അവരായിരുന്നു قَوْمًا ഒരു ജനത عَمِينَ അന്ധരായ

വ്യക്തമായ ദൃഷ്ടാന്തങ്ങൾ മുമ്പിലുണ്ടായിരുന്നിട്ടും പരമാർത്ഥം മനസ്സിലാക്കാതിരിക്കത്തക്കവണ്ണം ഉൾക്കാഴ്ച നശിച്ചവരായിരുന്നു അവർ. അതാണവർ മുക്കി നശിപ്പിക്കപ്പെടുവാൻ കാരണമായിത്തീർന്നതെന്ന് സാരം. അവരുടെ ബാഹ്യമായ കാഴ്ച നശിച്ചിരുന്നുവെന്നല്ല, ഹൃദയങ്ങളുടെ ഉൾക്കാഴ്ച നശിച്ചിരുന്നുവെന്നാണ് ഉദ്ദേശ്യം. (فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَٰكِن تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ - الحج)

വിഭാഗം - 9

وَإِلَىٰ عَادٍ أَخَاهُمْ هُودًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ ﴿٦٥﴾

﴾65﴿ 'ആദ്' (ഗോത്രത്തി)ലേക്ക് അവരുടെ സഹോദരൻ ഹൂദിനെയും (നാം നിയോഗിച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ ഒരാരാധ്യനും നിങ്ങൾക്കില്ല. എന്നിരിക്കെ, നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!'

قَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦٓ إِنَّا لَنَرَىٰكَ فِى سَفَاهَةٍ وَإِنَّا لَنَظُنُّكَ مِنَ ٱلْكَٰذِبِينَ ﴿٦٦﴾

﴾66﴿ അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന് അവിശ്വസിച്ചവരായ പ്രധാനികൾ പറഞ്ഞു: 'നിശ്ചയമായും, നിന്നെ ഞങ്ങൾ ഒരു (വമ്പിച്ച) ഭോഷത്തത്തിലായി കാണുന്നു; നിശ്ചയമായും, നിന്നെ ഞങ്ങൾ വ്യാജം പറയുന്നവരിൽ പെട്ടവനാണെന്നു വിചാരിക്കുകയും ചെയ്യുന്നു'.

﴾65﴿ وَإِلَىٰ عَادٍ ആദിലേക്കും أَخَاهُمْ അവരുടെ സഹോദരനെ هُودًا ഹൂദിനെ قَالَ يَا قَوْمِ അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ اعْبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ مَا لَكُمْ നിങ്ങൾക്കില്ല مِنْ إِلَٰهٍ ഒരു ആരാധ്യനും غَيْرُهُ അവനല്ലാതെ أَفَلَا അപ്പോൾ (അതിനാൽ) ഇല്ലേ ആയിക്കൂടേ تَتَّقُونَ നിങ്ങൾ സൂക്ഷിക്കും ﴾66﴿ قَالَ الْمَلَأُ പ്രധാനികൾ (പ്രമുഖ സംഘം) പറഞ്ഞു الَّذِينَ كَفَرُوا അവിശ്വസിച്ചവരായ مِنْ قَوْمِهِ അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന് إِنَّا لَنَرَاكَ നിശ്ചയമായും ഞങ്ങൾ നിന്നെ കാണുന്നു فِي سَفَاهَةٍ ഒരു (തരം) വിഡ്ഢിത്തത്തിൽ, ഭോഷത്വത്തിൽ وَإِنَّا لَنَظُنُّكَ നിശ്ചയമായും ഞങ്ങൾ നിന്നെ വിചാരിക്കുകയും ചെയ്യുന്നു مِنَ الْكَاذِبِينَ വ്യാജം (കളവു-കള്ളം) പറയുന്നവരിൽപെട്ട(വനായി)

സത്യനിഷേധികളിൽ സാധാരണക്കാരും ഉണ്ടായിരിക്കുമെങ്കിലും നിഷേധത്തിലും, എതിർപ്പിലും പ്രധാന പങ്കുവഹിക്കുന്നവർ അവരിലുള്ള പ്രമാണികളും നേതാക്കളു

മായിരിക്കുമല്ലോ. ജനങ്ങളുടെ ജിഹ്വയും അവരായിരിക്കും. അതുകൊണ്ടാണ് പ്രവാചകന്മാരെ ധിക്കരിച്ചുകൊണ്ടുള്ള അവരുടെ മറുപടികൾ ഉദ്ധരിക്കുമ്പോൾ മിക്കപ്പോഴും قَالَ الْمَلَأُ الَّذِينَ كَفَرُوا مِن قَوْمِهِ (അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന് അവിശ്വസിച്ചവരായ പ്രധാനികൾ പറഞ്ഞു) എന്ന് അല്ലാഹു പറയുന്നത്. 'പ്രധാനികൾ, നേതാക്കൾ, പ്രമാണികൾ, പ്രധാനസംഘം, കൂട്ടം' എന്നൊക്കെയാണ് ملأ (മലഉ്) എന്ന വാക്കിന്റെ അർത്ഥം. ഇവിടെ ഹൂദ് നബി(അ) യെ 'അവരുടെ സഹോദരൻ' (أَخَاهُمْ) എന്ന് വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ട് അദ്ദേഹം 'ആദ് ഗോത്രത്തിൽപെട്ട' ഒരു അംഗമായിരുന്നുവെന്ന് മനസ്സിലാകുന്നു. വേറെ സ്ഥലങ്ങളിൽ വേറെയും ചില നബിമാരെപറ്റി ഇങ്ങിനെ 'അവരുടെ സഹോദരൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് കാണാം. അവരും അതതു ജനതയിലെ പ്രധാന ഗോത്രങ്ങളിൽപെട്ട അംഗങ്ങളായിരുന്നുവെന്ന് കരുതാം. الله اعلم

قَالَ يَٰقَوْمِ لَيْسَ بِي سَفَاهَةٌ وَلَٰكِنِّي رَسُولٌ مِّن رَّبِّ ٱلْعَٰلَمِينَ ﴿٦٧﴾

《67》 **അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, എനിക്ക് ഒരു ഭോഷത്തവുമില്ല. എങ്കിലും ഞാൻ, ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു റസൂൽ [ദൂതൻ] ആകുന്നു.**

أُبَلِّغُكُمْ رِسَالَاتِ رَبِّي وَأَنَا لَكُمْ نَاصِحٌ أَمِينٌ ﴿٦٨﴾

《68》 **'എന്റെ റബ്ബിന്റെ 'രിസാലത്തു' [ദൗത്യം] കളെ ഞാൻ നിങ്ങൾക്ക് എത്തിച്ചു തരുകയാണ്. ഞാൻ, നിങ്ങൾക്ക് വിശ്വസ്തനായ ഒരു ഗുണകാംക്ഷി (അഥവാ ഉപദേശി)യുമാകുന്നു.**

أَوَعَجِبْتُمْ أَن جَآءَكُمْ ذِكْرٌ مِّن رَّبِّكُمْ عَلَىٰ رَجُلٍ مِّنكُمْ لِيُنذِرَكُمْ ۚ وَٱذْكُرُوٓا۟ إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ قَوْمِ نُوحٍ وَزَادَكُمْ فِي ٱلْخَلْقِ بَصْۜطَةً ۖ فَٱذْكُرُوٓا۟ ءَالَآءَ ٱللَّهِ لَعَلَّكُمْ تُفْلِحُونَ ﴿٦٩﴾

《69》 **'നിങ്ങൾക്ക് നിങ്ങളിൽ നിന്നുള്ള ഒരു പുരുഷൻ മുഖേന, അവൻ നിങ്ങളെ താക്കീതു ചെയ്‌വാൻ വേണ്ടി-നിങ്ങളുടെ റബ്ബിങ്കൽ നിന്ന് ഒരു ഉൽബോധനം നിങ്ങൾക്ക് വന്നതിനാൽ നിങ്ങൾ അത്ഭുതപ്പെടുകയും ചെയ്തുവോ?! നൂഹിന്റെ ജനതക്കു ശേഷം, നിങ്ങളെ അവൻ പിൻഗാമികളാക്കിയിട്ടുള്ളത് നിങ്ങൾ ഓർ(ത്തുനോ)ക്കുവിൻ. സൃഷ്ടികളിൽ അവൻ നിങ്ങൾക്ക് വികാസം [പൊക്കവും ശക്തിയും] വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ ഓർക്കുവിൻ-നിങ്ങൾ വിജയം പ്രാപിച്ചേക്കാം' .**

﴾67﴿ قَالَ يَاقَوْمِ അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ لَيْسَ بِي എനിക്ക് (എന്നിൽ) ഇല്ല
سَفَاهَةٌ ഒരു ഭോഷത്തവും, വിഡ്ഢിത്തം وَلَٰكِنِّي എങ്കിലും ഞാൻ رَسُولٌ ഒരു ദൂത
നാണ് مِّن رَّبِّ രക്ഷിതാവിൽ നിന്ന് الْعَالَمِينَ ലോകരുടെ ﴾68﴿ أُبَلِّغُكُمْ നിങ്ങൾക്ക്
ഞാൻ എത്തിച്ചുതരുന്നു رِسَالَاتِ ദൗത്യങ്ങളെ رَبِّي എന്റെ റബ്ബിന്റെ وَأَنَا ഞാൻ, ഞാനാ
കട്ടെ لَكُمْ നിങ്ങൾക്ക് نَاصِحٌ ഗുണകാംക്ഷിയാണ്, ഉപദേശകനാകുന്നു أَمِينٌ വിശ്വ
സ്തനായ ﴾69﴿ أَوَعَجِبْتُمْ നിങ്ങൾ ആശ്ചര്യ (അൽഭുത)പ്പെടുകയും ചെയ്തുവോ
أَن جَاءَكُمْ നിങ്ങൾക്ക് വന്നതിനാൽ ذِكْرٌ ഉൽബോധനം, ഒരു സ്മരണ مِّن رَّبِّكُمْ നിങ്ങ
ളുടെ റബ്ബിൽനിന്ന് عَلَىٰ رَجُلٍ ഒരു പുരുഷനിലായി (പുരുഷൻ മുഖേന) مِّنكُمْ നിങ്ങ
ളിൽപെട്ട لِيُنذِرَكُمْ നിങ്ങളെ അവൻ (അദ്ദേഹം) താക്കീത് ചെയ്‌വാൻ വേണ്ടി وَاذْكُرُوا
നിങ്ങൾ ഓർക്കുകയും ചെയ്യുവിൻ إِذْ جَعَلَكُمْ അവൻ നിങ്ങളെ ആക്കിയതിനെ خُلَفَاءَ
പിൻഗാമികൾ مِن بَعْدِ ശേഷം, ശേഷമായി قَوْمِ نُوحٍ നൂഹിന്റെ ജനതയുടെ وَزَادَكُمْ
അവൻ നിങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്തു فِي الْخَلْقِ സൃഷ്ടിപ്പിൽ, സൃഷ്ടികളിൽ
بَسْطَةً വികാസം, വലുപ്പം, പൊക്കം, വിരിവ്, ശക്തി فَاذْكُرُوا അപ്പോൾ (അതിനാൽ)
നിങ്ങൾ ഓർക്കുവിൻ آلَاءَ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ لَعَلَّكُمْ നിങ്ങളായേ
ക്കാം, ആകുവാൻ تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കും.

നൂഹ് നബി(അ) യുടെ ജനതക്കുശേഷം, ഒരു സമുദായമെന്ന നിലക്ക് അഭിവൃദ്ധി പ്രാപിച്ച ഒരു ജനതയായിരുന്നു ആദ് വർഗം. നൂഹ് (അ) ഒന്നിച്ചു കപ്പലിൽ രക്ഷപെട്ടവരുടെ പിൻതലമുറകളായി വർദ്ധിച്ചുണ്ടായവരാണവർ. അത് കൊണ്ടാണവരുടെ ശേഷമുള്ള പിൻഗാമികൾ എന്ന് പറഞ്ഞത്. അറേബ്യാ ഉപഭൂഖണ്ഡത്തിന്റെ തെക്കേ കടലോര പ്രദേശങ്ങളിലായി യമനിനും, ഹദ്വാർമൗത്തിനും ഇടയിൽ അഹ്ക്വാഫ് പ്രദേശമായിരുന്നു അവരുടെ വാസസ്ഥലം(*) ആരോഗ്യം, കയ്യൂക്ക്, മെയ്യൂക്ക് ആദിയായവയിൽ മികച്ചവരും, അതികായന്മാരുമായിരുന്നു ആദ് വർഗം. (26:128-130; 41:15 മുതലായവ). ഇതൊക്കെ സൂചിപ്പിച്ചു കൊണ്ടാണ് അവൻ നിങ്ങൾക്ക് വികാസം-അഥവാ പൊക്കവും ശക്തിയും-വർദ്ധിപ്പിച്ചു തന്നുവെന്ന് പറഞ്ഞത്.

قَالُوٓا۟ أَجِئْتَنَا لِنَعْبُدَ ٱللَّهَ وَحْدَهُۥ وَنَذَرَ مَا كَانَ يَعْبُدُ ءَابَآؤُنَا ۖ

﴾70﴿ അവർ പറഞ്ഞു: '(ഹൂദേ,) ഞങ്ങൾ അല്ലാഹുവിനെ മാത്രമായി ആരാധിക്കുവാൻ വേണ്ടി ഞങ്ങളുടെ അടുക്കൽ നീ വന്നിരിക്കുകയാണോ?! ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവന്നിരുന്നതിനെ ഞങ്ങൾ വിട്ടുകളയുവാനും?!

(*) പടം 4, 5 നോക്കുക.

فَأْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٧٠﴾

എന്നാൽ [അങ്ങിനെയാണെങ്കിൽ] നീ ഞങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് [ആ ശിക്ഷ] ഞങ്ങൾക്ക് നീ കൊണ്ടുവാ - നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ.

《70》 قَالُوا അവർ പറഞ്ഞു أَجِئْتَنَا നീ ഞങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണോ لِنَعْبُدَ ഞങ്ങൾ ആരാധിക്കുവാൻ വേണ്ടി اللَّهَ അല്ലാഹുവിനെ وَحْدَهُ അവനെ ഒറ്റക്ക് (മാത്രം) وَنَذَرَ ഞങ്ങൾ വിട്ടുകളയുവാനും مَا كَانَ يَعْبُدُ ആരാധിച്ചുവരുന്നതിനെ آبَاؤُنَا ഞങ്ങളുടെ (നമ്മുടെ) പിതാക്കൾ فَأْتِنَا എന്നാൽ നീ ഞങ്ങൾക്കു വാ بِمَا تَعِدُنَا നീ ഞങ്ങളോട് വാഗ്ദത്തം (താക്കീത്-ഭീഷണി) ചെയ്യുന്നതുംകൊണ്ട് إِن كُنتَ നീ ആകുന്നുവെങ്കിൽ مِنَ الصَّادِقِينَ സത്യവാന്മാരിൽ (സത്യം പറയുന്നവരിൽ)പെട്ട(വൻ)

ഞങ്ങളുടെ ഈ ബിംബാരാധന ഞങ്ങൾ പുതുതായി നിർമിച്ചുണ്ടാക്കിയതൊന്നുമല്ല. പൂർവ്വീകന്മാർ മുതൽ നടന്നുവരുന്നതാണ്. അതുവിട്ട് അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നാണ് നീ പറയുന്നതെങ്കിൽ അതിന് ഞങ്ങൾ തയ്യാറില്ല. അങ്ങിനെ ചെയ്തില്ലെങ്കിൽ ഞങ്ങൾക്ക് ശിക്ഷ ബാധിക്കുമെന്നല്ലേ നീ ഭീഷണിപ്പെടുത്തുന്നത്. എന്നാൽ, ആ ശിക്ഷ ഇങ്ങുവരട്ടെ. നീ പറയുന്നത് സത്യമാണെങ്കിൽ അതൊന്ന് കാണാമല്ലോ, എന്ന് അവർ അദ്ദേഹത്തെ വെല്ലുവിളിച്ചു.

قَالَ قَدْ وَقَعَ عَلَيْكُم مِّن رَّبِّكُمْ رِجْسٌ وَغَضَبٌ ۖ أَتُجَـٰدِلُونَنِى فِىٓ أَسْمَآءٍ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّا نَزَّلَ ٱللَّهُ بِهَا مِن سُلْطَـٰنٍ ۚ فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿٧١﴾

《71》 അദ്ദേഹം പറഞ്ഞു: 'തീർച്ചയായും, നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങളുടെ മേൽ ശിക്ഷയും, കോപവും (ഇതാ) സംഭവിക്കുകയായി! നിങ്ങളും നിങ്ങളുടെ പിതാക്കളും നിർണയിച്ചു വെച്ചിട്ടുള്ള ചില പേരുകളുടെ കാര്യത്തിൽ എന്നോട് നിങ്ങൾ തർക്കം നടത്തുന്നുവോ?! യാതൊരു അധികൃത രേഖയും അവയെപറ്റി അല്ലാഹു അവതരിപ്പിച്ചിട്ടില്ല. എന്നാൽ, നിങ്ങൾ (നോക്കി) കാത്തുകൊണ്ടിരിക്കുവിൻ! ഞാൻ നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരിൽപെട്ടവൻ തന്നെ'.

《71》 قَالَ അദ്ദേഹം പറഞ്ഞു قَدْ وَقَعَ സംഭവിച്ചു കഴിഞ്ഞു (സംഭവിക്കുകയായി)

عَلَيۡكُمۡ നിങ്ങളുടെമേൽ مِن رَّبِّكُمۡ നിങ്ങളുടെ റബ്ബിങ്കൽനിന്ന് رِجۡسٌ മ്ലേച്ഛത (ശിക്ഷ) وَغَضَبٌ കോപവും أَتُجَادِلُونَنِي നിങ്ങൾ എന്നോട് തർക്കം നടത്തുകയോ فِيٓ أَسۡمَآءٍ ചില പേരുകളുടെ കാര്യത്തിൽ سَمَّيۡتُمُوهَا അവയെ നിങ്ങൾ പേരുവെച്ചിരിക്കുന്നു, അവക്ക് നിങ്ങൾ നാമനിർണയം ചെയ്തു أَنتُمۡ وَآبَآؤُكُم നിങ്ങളും നിങ്ങളുടെ പിതാക്കളും مَا نَزَّلَ ٱللَّهُ അല്ലാഹു അവതരിപ്പിച്ചിട്ടില്ല بِهَا അവക്ക്, അവയെപറ്റി مِن سُلۡطَٰنٍ ഒരു അധികൃതരേഖയും فَٱنتَظِرُوٓا എന്നാൽ (അതിനാൽ) നിങ്ങൾ (നോക്കി) കാത്തിരിക്കുവിൻ إِنِّي مَعَكُم നിശ്ചയമായും ഞാൻ നിങ്ങളോടൊപ്പം مِّنَ ٱلۡمُنتَظِرِينَ (നോക്കി) കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു

നിങ്ങൾ ശഠിച്ചുതന്നെ നിൽക്കുവാനാണ് ഭാവമെങ്കിൽ ഞാൻ താക്കീതു ചെയ്യുന്ന ശിക്ഷ ഇതാ എത്തിക്കഴിഞ്ഞു. അത്‌വരുവാൻ ഏറെ താമസമൊന്നുമില്ല. ഇന്നിന്നവ ദൈവങ്ങളെന്നും, ആരാധ്യന്മാരെന്നുമൊക്കെ നിങ്ങളും നിങ്ങളുടെ പൂർവ്വീകന്മാരും ചില വസ്തുക്കളെ വിളിച്ചു വന്നുവെന്നല്ലാതെ, അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് യാതൊരു ആധികാരികമായ തെളിവും ഇല്ലാത്ത ആ ബിംബങ്ങളെപറ്റിയാണല്ലോ നിങ്ങൾ എന്നോട് തർക്കിച്ചും, എന്റെ നേരെ തട്ടിക്കയറിയും കൊണ്ടിരിക്കുന്നത്. ശരി, അതിന്റെ ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് നാം ഇരുകൂട്ടരും കാത്തിരുന്നു കാണുക.

فَأَنجَيۡنَٰهُ وَٱلَّذِينَ مَعَهُۥ بِرَحۡمَةٖ مِّنَّا وَقَطَعۡنَا دَابِرَ ٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَاۖ وَمَا كَانُواْ مُؤۡمِنِينَ ﴿٧٢﴾

﴾72﴿ **അങ്ങനെ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും നമ്മുടെ വക കാരുണ്യം കൊണ്ട് നാം രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരുടെ മുരടു നാം മുറിച്ചു കളയുകയും ചെയ്തു. അവർ സത്യവിശ്വാസികളായിരുന്നുമില്ല.**

﴾72﴿ فَأَنجَيۡنَاهُ അങ്ങനെ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി وَالَّذِينَ مَعَهُ അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും بِرَحۡمَةٍ കാരുണ്യംകൊണ്ട് مِنَّا നമ്മിൽ നിന്നുള്ള, നമ്മുടെ വക وَقَطَعۡنَا നാം മുറിക്കുകയും ചെയ്തു دَابِرَ മൂട് (മുരട്) الَّذِينَ كَذَّبُوا വ്യാജമാക്കിയവരുടെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ وَمَا كَانُوا അവരായിരുന്നതുമില്ല مُؤۡمِنِينَ വിശ്വാസികൾ

ഹൂദ് (അ) അവരെ താക്കീത് ചെയ്തിരുന്ന ശിക്ഷ സംഭവിച്ചു. അദ്ദേഹത്തെയും സത്യവിശ്വാസികളെയും അതിൽ അകപ്പെടാതെ രക്ഷപ്പെടുത്തിക്കൊണ്ട് ആ ജനതയെയാകമാനം അതിൽ നശിപ്പിച്ചു കളഞ്ഞു. ഈ ശിക്ഷ എന്തായിരുന്നുവെന്ന് ഇവിടെ

വ്യക്തമാക്കപെട്ടിട്ടില്ല. ഏഴു രാത്രിയും എട്ടുപകലും നീണ്ടുനിന്ന അത്യുഗ്രമായ ഒരു കൊടുങ്കാറ്റായിരുന്നു അതെന്നും, കട പുഴങ്ങി വീണ ഈന്തത്തടികളെപോലെ അവരെല്ലാം വീണടിഞ്ഞുവെന്നും സൂ: അൽഹാക്കഃ (6,7)ൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

വിഭാഗം - 10

وَإِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ

﴿73﴾ ഥമൂദ് (ഗോത്രത്തി)ലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം (അവരോട്) പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കില്ല.

قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ هَٰذِهِۦ نَاقَةُ ٱللَّهِ لَكُمْ ءَايَةً ۖ فَذَرُوهَا تَأْكُلْ فِىٓ أَرْضِ ٱللَّهِ ۖ وَلَا تَمَسُّوهَا بِسُوٓءٍ فَيَأْخُذَكُمْ عَذَابٌ أَلِيمٌ ﴿٧٣﴾

നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങൾക്ക് വ്യക്തമായ തെളിവ് വന്നിട്ടുണ്ട്. ഇതാ, അല്ലാഹുവിന്റെ (വക) ഒട്ടകം നിങ്ങൾക്കൊരു ദൃഷ്ടാന്തമായിക്കൊണ്ട്!- ആകയാൽ, അതിനെ നിങ്ങൾ വിട്ടേക്കുവിൻ-അല്ലാഹുവിന്റെ ഭൂമിയിൽ അത് (മേഞ്ഞു) തിന്നു കൊള്ളട്ടെ. അതിന് ഒരു തിന്മയും [ഉപദ്രവവും] നിങ്ങൾ ബാധിപ്പിക്കുകയും ചെയ്യരുത്. എന്നാൽ (അപ്പോൾ) വേദനയേറിയ ശിക്ഷ നിങ്ങളെ പിടികൂടും.

وَٱذْكُرُوٓا۟ إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ عَادٍ وَبَوَّأَكُمْ فِى ٱلْأَرْضِ تَتَّخِذُونَ مِن سُهُولِهَا قُصُورًا وَتَنْحِتُونَ ٱلْجِبَالَ بُيُوتًا ۖ

﴿74﴾ 'ആദിനു ശേഷം നിങ്ങളെ അവൻ പിൻഗാമികളാക്കിയതും, ഭൂമിയിൽ നിങ്ങൾക്കവൻ (താമസ) സൗകര്യം നൽകിയതും നിങ്ങൾ ഓർക്കുകയും ചെയ്യുവിൻ. അതിലെ സമതലങ്ങളിലൂടെ നിങ്ങൾ കൊട്ടാരങ്ങളുണ്ടാക്കുന്നു; മലകളെ നിങ്ങൾ വീടുകളായി വെട്ടിയുണ്ടാക്കുകയും ചെയ്യുന്നു.

فَٱذْكُرُوٓا۟ ءَالَآءَ ٱللَّهِ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٧٤﴾

അപ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ ഓർ(ത്തു നോ)ക്കുവിൻ, നാശകാരികളായിക്കൊണ്ട് ഭൂമിയിൽ നിങ്ങൾ തെമ്മാടിത്തം പ്രവർത്തിക്കുകയും അരുത്.

«73» وَإِلَىٰ ثَمُودَ ഥമൂദിലേക്കും أَخَاهُمْ صَالِحًا അവരുടെ സഹോദരൻ സ്വാലിഹിനെ
قَالَ يَا قَوْمِ അദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ اعْبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാ
ധിക്കുവിൻ مَا لَكُم നിങ്ങൾക്കില്ല مِّنْ إِلَٰهٍ ഒരു ആരാധ്യനും غَيْرُهُ അവനല്ലാതെ
قَدْ جَاءَتْكُم നിങ്ങൾക്ക് വന്നിട്ടുണ്ട് بَيِّنَةٌ (വ്യക്തമായ) തെളിവ് مِّن رَّبِّكُمْ നിങ്ങളുടെ
റബ്ബിൽ നിന്ന് هَٰذِهِ ഇതാ (ഇത്) نَاقَةُ اللَّهِ അല്ലാഹുവിന്റെ ഒട്ടകം (ആകുന്നു) لَكُمْ
നിങ്ങൾക്ക് آيَةً ദൃഷ്ടാന്തമായിട്ട് فَذَرُوهَا അതിനാൽ അതിനെ നിങ്ങൾ വിട്ടേക്കുവിൻ
تَأْكُلْ അതു തിന്നുകൊള്ളട്ടെ, തിന്നുകൊള്ളും فِي أَرْضِ ഭൂമിയിൽ اللَّهِ അല്ലാഹുവിന്റെ
وَلَا تَمَسُّوهَا അതിനെ തൊടുകയും (ബാധിപ്പിക്കുകയും) അരുത് بِسُوءٍ ഒരു തിന്മ
കൊണ്ടും (തിന്മയെ) فَيَأْخُذَكُمْ എന്നാൽ നിങ്ങളെ പിടികൂടും عَذَابٌ ശിക്ഷ أَلِيمٌ വേദന
യേറിയ «74» وَاذْكُرُوا നിങ്ങൾ ഓർക്കുകയും ചെയ്യുവിൻ إِذْ جَعَلَكُمْ നിങ്ങളെ അവൻ
ആക്കിയ സന്ദർഭം (ആക്കിയത്) خُلَفَاءَ പിൻഗാമികൾ (പിൻതലമുറകൾ) مِن بَعْدِ عَادٍ
ആദിനു ശേഷം وَبَوَّأَكُمْ നിങ്ങൾക്കവൻ താമസം നൽകി (സൗകര്യപ്പെടുത്തി)യതും
فِي الْأَرْضِ ഭൂമിയിൽ تَتَّخِذُونَ നിങ്ങൾ ഉണ്ടാക്കുന്നു مِن سُهُولِهَا അതിലെ സമതലങ്ങളി
ലൂടെ, നിരന്ന സ്ഥലങ്ങളിൽ നിന്ന് قُصُورًا മാളിക (കൊട്ടാരം-വൻ കെട്ടിടം)കളെ
وَتَنْحِتُونَ നിങ്ങൾ തുരന്നു (വെട്ടിക്കീറി-ശിൽപവേല ചെയ്തു)ണ്ടാക്കുകയും ചെയ്യുന്നു
الْجِبَالَ മലകളെ, പർവ്വതങ്ങളെ بُيُوتًا വീടുകളായി, മുറികളായി فَاذْكُرُوا അപ്പോൾ
നിങ്ങൾ ഓർക്കുവിൻ آلَاءَ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ وَلَا تَعْثَوْا നിങ്ങൾ തെമ്മാ
ടിത്തം (കുഴപ്പം) പ്രവർത്തിക്കുകയും അരുത് فِي الْأَرْضِ ഭൂമിയിൽ مُفْسِدِينَ നാശകാരി
കളായി, കുഴപ്പമുണ്ടാക്കുന്നവരായി

ആദ് സമുദായത്തിനുശേഷം വലിയ അഭിവൃദ്ധിയും പരിഷ്കാരവും പ്രാപിച്ച ഒരു സമൂഹമാണ് ഥമൂദ് ജനത. മദീനയിൽ നിന്ന് സിറിയായിലേക്കുള്ള യാത്രാമാർഗത്തിൽ സ്ഥിതി ചെയ്യുന്ന 'ഹിജ്ർ' ആയിരുന്നു അവരുടെ വാസ സ്ഥലം*(*)*. 'മദാഇനു സ്വാലിഹ്' (സ്വാലിഹിന്റെ പട്ടണങ്ങൾ) എന്നും അതിന് പേരുണ്ട്. നിരപ്പായ സമതല പ്രദേശങ്ങളിൽ വമ്പിച്ച കെട്ടിടങ്ങൾ നിർമിക്കുന്നതിലും, മലമ്പാറകൾ വെട്ടിത്തുരന്നു അവയിൽ വീടുകളുണ്ടാക്കുന്നതിലും വളരെ വിദഗ്ധരും തൽപരരുമായിരുന്നു അവർ. അരോഗ ഗാത്രന്മാരും, ശക്തന്മാരുമായിരുന്നു. മുൻ സമുദായങ്ങളെപ്പോലെ വിഗ്രഹാരാധനയിൽ അവരും മുഴുകിപ്പോന്നു. അതുകൊണ്ട് എല്ലാ പ്രവാചകന്മാരെയുംപോലെ, സ്വാലിഹ് നബി (അ) അവരെയും തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അവർക്ക് അല്ലാഹു നൽകിയ വമ്പിച്ച അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്വാൻ അദ്ദേഹം ഉപദേശിക്കുകയും ചെയ്തു. അവർ അദ്ദേഹത്തെ വ്യാജമാക്കി. തങ്ങൾക്ക് ഒരു പ്രത്യക്ഷ ദൃഷ്ടാന്തം കാട്ടിക്കൊടുക്കുവാൻ അദ്ദേഹത്തെ അവർ വെല്ലുവിളിച്ചു (26:154). അല്ലാഹു ഒരു ഒട്ടകത്തെ അവർക്ക് ദൃഷ്ടാന്തമായി അയച്ചു. അതൊരു അസാധാരണ ഒട്ടകമായിരുന്നു. അതിന് സാധാരണയിൽ കവിഞ്ഞ തീറ്റയും വെള്ളവും വേണ്ടിയിരുന്നു. അതവർക്കൊരു

***(*)** പടം 4 നോക്കുക*

ശല്യമായി. അവർക്കതിനോട് അമർഷം തോന്നി. അതിനെ ഉപദ്രവിക്കരുതെന്നും, ഉപദ്രവിച്ചാൽ ശിക്ഷ ഇറങ്ങുമെന്നും അദ്ദേഹം താക്കീത് ചെയ്തു.

قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ لِلَّذِينَ ٱسْتُضْعِفُوا۟ لِمَنْ ءَامَنَ مِنْهُمْ أَتَعْلَمُونَ أَنَّ صَٰلِحًا مُّرْسَلٌ مِّن رَّبِّهِۦ ۚ قَالُوٓا۟ إِنَّا بِمَآ أُرْسِلَ بِهِۦ مُؤْمِنُونَ ﴿٧٥﴾

﴾75﴿ അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അഹംഭാവം നടിച്ച പ്രധാനികൾ, ദുർബ്ബലരായി ഗണിക്കപ്പെട്ടവരോട്- അതായത് അവരിൽ നിന്നും വിശ്വസിച്ചവരോട്- പറഞ്ഞു: സ്വാലിഹ് അവന്റെ റബ്ബിൽ നിന്നും (റസൂലായി) അയക്കപ്പെട്ട ഒരാളാണെന്ന് നിങ്ങൾക്ക് (ശരിക്കും) അറിയാമോ?'

അവർ പറഞ്ഞു: '(അതെ) നിശ്ചയമായും, അദ്ദേഹം ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ വിശ്വസിക്കുന്നവരാകുന്നു'.

قَالَ ٱلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا بِٱلَّذِىٓ ءَامَنتُم بِهِۦ كَٰفِرُونَ ﴿٧٦﴾

﴾76﴿ അഹംഭാവം നടിച്ചവർ പറഞ്ഞു: 'നിശ്ചയമായും ഏതൊന്നിൽ നിങ്ങൾ വിശ്വസിച്ചിരിക്കുന്നുവോ അതിൽ ഞങ്ങൾ അവിശ്വാസികളാകുന്നു'.

﴾75﴿ قَالَ الْمَلَأُ പ്രധാനികൾ (സംഘക്കാർ) പറഞ്ഞു الَّذِينَ اسْتَكْبَرُوا അഹംഭാവം (വലുപ്പം) നടിച്ചവരായ مِن قَوْمِهِ അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് لِلَّذِينَ യാതൊരുവരോട് اسْتُضْعِفُوا അവർ ദുർബ്ബലമായി ഗണിക്കപ്പെട്ടിരിക്കുന്നു لِمَنْ آمَنَ അതായത് വിശ്വസിച്ചവരോട് مِنْهُمْ അവരിൽ നിന്ന് أَتَعْلَمُونَ നിങ്ങൾക്കറിയുമോ أَنَّ صَالِحًا സ്വാലിഹ് ആണെന്ന് مُرْسَلٌ അയക്കപെട്ടവൻ مِن رَّبِّهِ അവന്റെ റബ്ബിങ്കൽനിന്ന് قَالُوا അവർ പറഞ്ഞു إِنَّا നിശ്ചയമായും ഞങ്ങൾ بِمَا أُرْسِلَ بِهِ അദ്ദേഹം ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ, അദ്ദേഹം അയക്കപ്പെട്ടതിൽ مُؤْمِنُونَ വിശ്വസിക്കുന്നവരാകുന്നു ﴾76﴿ قَالَ പറഞ്ഞു الَّذِينَ اسْتَكْبَرُوا അഹംഭാവം (വലുപ്പം നടിച്ചവർ) إِنَّا നിശ്ചയമായും ഞങ്ങൾ بِالَّذِي യാതൊന്നിൽ, യാതൊന്നിനെപറ്റി آمَنتُم بِهِ നിങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു, നിങ്ങൾ വിശ്വസിച്ച كَافِرُونَ അവിശ്വാസികളാകുന്നു.

പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന ദൗത്യ സന്ദേശങ്ങളിൽ വിശ്വസിക്കുവാൻ മുമ്പോട്ട് വരുന്നത് സ്വാഭാവികമായും സാധുക്കളും ദുർബ്ബല വിഭാഗക്കാരുമായിരിക്കും. പ്രമാണി വർഗത്തിന്റെ അഹന്തയും ഗർവ്വും കാരണം അവർ നിഷേധത്തിലും ധിക്കാ

രത്തിലും മുതിരുകയായിരിക്കും പതിവ്. നൂഹ് നബി (അ)യുടെ ജനത മുതൽക്കേ കാണപ്പെടുന്ന ഒരു പതിവാണത്. ഥമൂദ് ഗോത്രത്തിലും അതാണ് സംഭവിച്ചത്. സ്വാലിഹ് നബി (അ)യിൽ വിശ്വസിച്ച ആ സാധുക്കളെ പരിഹസിച്ചുകൊണ്ട് നിഷേധികളായ ആ അഹങ്കാരികൾ ചോദിക്കുകയാണ്: 'താൻ അല്ലാഹുവിന്റെ റസൂലാണെന്ന് സ്വാലിഹ് പറയുന്നത് ശരിയാണെന്ന് നിങ്ങൾക്ക് യഥാർത്ഥത്തിൽ ബോധ്യമാണോ?' അവർ അവരുടെ നില വ്യക്തമാക്കി. അദ്ദേഹം റസൂലാണെന്ന് മാത്രമല്ല, അദ്ദേഹം പ്രബോധനം ചെയ്യുന്നതെല്ലാം സത്യമാണെന്നും, തങ്ങളതിൽ വിശ്വസിക്കുന്നവരാണെന്നും അവർ തറപ്പിച്ചു പറഞ്ഞു. വീണ്ടുവിചാരവും സത്യാന്വേഷണവും ഗർവിഷ്ഠന്മാരുടെ സ്വഭാവമല്ലല്ലോ. കുറേകൂടി ധിക്കാര സ്വരത്തിൽ അവർ അവരുടെ നിലപാട് വ്യക്തമാക്കി: നിങ്ങൾ വിശ്വസിക്കുന്ന ആ വിഷയങ്ങളത്രയും ഞങ്ങൾ നിഷേധിക്കുന്നു -അതിൽ സത്യമുണ്ടോ ഇല്ലേ എന്ന് പരിശോധിക്കുവാൻ പോലും ഞങ്ങൾ തയ്യാറില്ല- എന്ന്.

فَعَقَرُوا۟ ٱلنَّاقَةَ وَعَتَوْا۟ عَنْ أَمْرِ رَبِّهِمْ

وَقَالُوا۟ يَـٰصَـٰلِحُ ٱئْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ ٱلْمُرْسَلِينَ ﴿٧٧﴾

《77》 അങ്ങനെ, (ആ) ഒട്ടകത്തെ അവർ അറുകൊല ചെയ്തു; തങ്ങളുടെ റബ്ബിന്റെ കൽപനയെ അവർ ധിക്കരിക്കുകയും ചെയ്തു.

അവർ പറയുകയും ചെയ്തു: 'സ്വാലിഹേ, നീ ഞങ്ങളെ ഭീഷണപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനെ [ആ ശിക്ഷയെ] ഞങ്ങൾക്ക് നീ കൊണ്ടുവാ; നീ (റസൂലായി) അയക്കപ്പെട്ടവരിൽ പെട്ടവനാണെങ്കിൽ! [അതൊന്ന് കാണാമല്ലോ!]'

فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَـٰثِمِينَ ﴿٧٨﴾

《78》 അപ്പോൾ അവരെ കഠിന കമ്പനം പിടികൂടി. അങ്ങനെ, അവർ അവരുടെ വാസസ്ഥലത്തിൽ (കാലത്തു) കമിഴ്ന്നു വീണവരായിത്തീർന്നു.

فَتَوَلَّىٰ عَنْهُمْ وَقَالَ يَـٰقَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَةَ رَبِّى وَنَصَحْتُ لَكُمْ وَلَـٰكِن لَّا تُحِبُّونَ ٱلنَّـٰصِحِينَ ﴿٧٩﴾

《79》 എന്നിട്ട് അദ്ദേഹം അവരിൽ നിന്ന് വിട്ടുമാറി; അദ്ദേഹം പറയുകയും ചെയ്തു: 'എന്റെ ജനങ്ങളേ, തീർച്ചയായും, ഞാൻ എന്റെ റബ്ബിന്റെ ദൗത്യം നിങ്ങൾക്ക് എത്തിച്ചു തരുകയും, നിങ്ങൾക്ക് ഗുണം കാംക്ഷി(ച്ചു ഉപദേശി)ക്കുകയും ചെയ്യുകയുണ്ടായി. പക്ഷേ, നിങ്ങൾ ഗുണകാംക്ഷികളെ [ഉപദേഷ്ടാക്കളെ] ഇഷ്ടപ്പെടുന്നില്ല!'

﴾77﴿ فَعَقَرُوا അങ്ങനെ അവർ അറുകൊല ചെയ്തു, വെട്ടിക്കൊന്നു, കുത്തിഅറുത്തു النَّاقَةَ (ആ) ഒട്ടകത്തെ وَعَتَوْا അവർ ധിക്കരിക്കുകയും ചെയ്തു عَنْ أَمْرِ കൽപനയെ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ وَقَالُوا അവർ പറയുകയും ചെയ്തു يَاصَالِحُ സ്വാലിഹേ ائْتِنَا നീ ഞങ്ങൾക്ക് വാ بِمَا تَعِدُنَا നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്നതുമായി إِنْ كُنْتَ നീ ആണെങ്കിൽ مِنَ الْمُرْسَلِينَ റസൂലുകളിൽ (അയക്കപെട്ടവരിൽ)പെട്ട(വൻ) ﴾78﴿ فَأَخَذَتْهُمُ അപ്പോൾ (അതിനാൽ) അവരെ പിടികൂടി, അവരെ പിടിച്ചു الرَّجْفَةُ (കഠിന) കമ്പനം, പൊട്ടിത്തെറി فَأَصْبَحُوا അങ്ങനെ അവർ (രാവിലെ) ആയി فِي دَارِهِمْ അവരുടെ പാർപ്പിടത്തിൽ, വാസസ്ഥലത്ത് جَاثِمِينَ കമിഴ്ന്നു (അടഞ്ഞു)വീണവർ ﴾79﴿ فَتَوَلَّىٰ അപ്പോൾ അദ്ദേഹം തിരിഞ്ഞു (മാറി) عَنْهُمْ അവരിൽ നിന്ന് وَقَالَ പറയുകയും ചെയ്തു يَاقَوْمِ എന്റെ ജനങ്ങളേ لَقَدْ أَبْلَغْتُكُمْ ഞാൻ തീർച്ചയായും നിങ്ങൾക്കെത്തിച്ചു തന്നിട്ടുണ്ട് رِسَالَةَ رَبِّي എന്റെ റബ്ബിന്റെ ദൗത്യം وَنَصَحْتُ لَكُمْ ഞാൻ നിങ്ങൾക്ക് ഗുണം കാംക്ഷിക്കുക (ഉപദേശം നൽകുക)യും ചെയ്തു وَلَٰكِنْ എങ്കിലും, പക്ഷേ لَا تُحِبُّونَ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല النَّاصِحِينَ ഗുണം കാംക്ഷിക്കുന്നവരെ, ഉപദേശികളെ

അവരിലുള്ള കഠിന ധിക്കാരികളായ ഒമ്പത് പേർ ഗൂഢാലോചന നടത്തി (27:48). ഒട്ടകത്തെ ചിലർ കൊലചെയ്തു. നീ ഭീഷണിപ്പെടുത്തുന്ന ആ ശിക്ഷ ഇങ്ങോട്ട് കൊണ്ടുവാ എന്ന് സ്വാലിഹ് (അ)നെ അവർ വെല്ലുവിളിക്കുകയും ചെയ്തു. മൂന്ന് ദിവസം വരെ മാത്രമേ എനി നിങ്ങൾക്ക് ജീവിതമുള്ളൂവെന്നും, അപ്പോഴേക്കും ശിക്ഷ ഇറങ്ങുമെന്നും അദ്ദേഹം അറിയിച്ചു (11:65). അദ്ദേഹം പറഞ്ഞത് പോലെ സംഭവിക്കുകയും ചെയ്തു. കാലത്ത് പെട്ടെന്ന് അതിഭയങ്കരമായ ഘോരശബ്ദവും പൊട്ടിത്തെറിയും ഉണ്ടായി. എല്ലാവരും അവരവരുടെ വാസസ്ഥലങ്ങളിൽ തന്നെ മറിഞ്ഞുവീണു ചത്തൊടുങ്ങി. സ്വാലിഹ് നബി (അ)യെയും, സത്യവിശ്വാസികളെയും അല്ലാഹു രക്ഷപ്പെടുത്തി എന്ന് പറയേണ്ടതില്ലല്ലോ. ചത്തൊടുങ്ങിയ ആ ജനതയെ നോക്കി അതിയായ സങ്കടത്തോടെ അദ്ദേഹം പറഞ്ഞ വാക്കുകളാണ് 79-ാം വചനത്തിൽ കാണുന്നത്. ഞാൻ നങ്ങളെ വേണ്ടത്പോലെ ഉപദേശിച്ചു. നിങ്ങളത് ചെവികൊണ്ടില്ല. അതുകൊണ്ടാണ് ഈ ഗതി നിങ്ങൾക്ക് എത്തിയതെന്ന് സാരം. എത്ര മനോവേദനയോടെയായിരിക്കും ആ പ്രവാചകവര്യൻ അത് പറഞ്ഞിരിക്കുക?! ഓർത്തു നോക്കുക! തബൂക്ക് യുദ്ധ യാത്രയിൽ നബിﷺയും സ്വഹാബികളും ഥമൂദിന്റെ വാസസ്ഥലമായ ഹിജ്റിന്റെ അടുത്തെത്തിയപ്പോൾ കരഞ്ഞുകൊണ്ടല്ലാതെ നിങ്ങളതിൽ പ്രവേശിക്കരുതെന്ന് നബിﷺ സ്വഹാബികളോട് പറയുകയുണ്ടായി (അ; ബു; മു).

പുത്തൻ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിൽ പ്രത്യേക താൽപര്യം കാണിക്കാറുള്ള ഒരു പണ്ഡിതൻ പറയുന്നത് ശിക്ഷയിൽ അകപ്പെട്ട് മരണപ്പെടാതെ ബാക്കിയായ ആളുകളെ അഭിമുഖീകരിച്ചുകൊണ്ടാണ് -മരണപ്പെട്ടുകിടക്കുന്നവരെ അഭിമുഖീകരിച്ചുകൊണ്ടല്ല- സ്വാലിഹ് (അ) ആ വാക്കുകൾ പറഞ്ഞതെന്നാണ്. ഒരു സമുദായത്തെ നശിപ്പിച്ചു എന്ന് പറഞ്ഞാൽ അതിലെ എല്ലാ വ്യക്തികളും മരിച്ചൊടുങ്ങി എന്നർത്ഥമില്ലെന്നും, ചിലരൊക്കെ മരണപ്പെടാതെ അവശേഷിക്കാമെന്നും, അങ്ങനെ

അവശേഷിച്ച ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് സ്വാലിഹ് (അ) ആ വാക്കുകൾ പറഞ്ഞതെന്നും, ആ സംഭവത്തിനുശേഷം അവരെ ഉപദേശിക്കുന്ന ജോലിയിൽ നിന്ന് അദ്ദേഹം വിരമിച്ചുവെന്നുമാണദ്ദേഹം പറയുന്നത്. ഒരു സമുദായത്തിലെ ഏതാനും ആളുകൾ നശിച്ചാൽ തന്നെ ആ സമുദായം നശിച്ചുവെന്നു പറയാമെന്നുള്ളതിൽ നമുക്കും തർക്കമില്ല. പക്ഷേ, അല്ലാഹു ഈ സൂറത്തിൽ ഉദ്ധരിച്ച സംഭവങ്ങളിൽ -നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്ത്, ശുഅയ്ബ് (അ) എന്നീ നബിമാരുടെ സമുദായങ്ങൾക്ക് ബാധിച്ച ശിക്ഷകളിൽ- അങ്ങിനെ മരിക്കാതെ അവശേഷിച്ചവരുണ്ടായിരുന്നുവോ എന്നാണ് നോക്കുവാനുള്ളത്. അത് ക്വുർആനെയോ, ക്വുർആന്റെ വാക്കുകൾക്ക് എതിരാവാത്ത ചരിത്രരേഖകളെയോ ആസ്പദമാക്കി ആയിരിക്കുകയും വേണം. എന്നാൽ, ഇത് സംബന്ധിച്ച് ക്വുർആനിലെ ചില വാക്യങ്ങൾ നോക്കുക:-

1. അവിശ്വാസികളിൽ ഒരാളെയും ബാക്കിയാക്കരുതെന്ന് നൂഹ് (അ) പ്രാർത്ഥിച്ചു (71:26). അതിനെത്തുടർന്നാണ് അദ്ദേഹത്തിന്റെ സമുദായത്തെ ജലപ്രളയം കൊണ്ട് നശിപ്പിച്ചത്. അദ്ദേഹത്തെയും കൂടെയുള്ളവരെ-സത്യവിശ്വാസികളെ-യും കപ്പലിൽ രക്ഷപ്പെടുത്തിയെന്നും, ബാക്കിയുള്ളവരെ മുക്കി നശിപ്പിച്ചുവെന്നും പറയുന്നു (26:119, 120). അപ്പോൾ, ആ അവിശ്വാസികളിൽ ആരെങ്കിലും നശിക്കാതെ ബാക്കിയായിരിക്കുമെന്ന് വിചാരിക്കാമോ?

2. ആദ് വർഗം ഉഗ്രമായ കൊടുങ്കാറ്റിനാൽ ഈന്തത്തടികൾ കണക്കെ മറിഞ്ഞു വീണുവെന്ന് പറഞ്ഞശേഷം അവരുടെ വല്ല അവശിഷ്ടവും നീ കാണുന്നുണ്ടോ?!' എന്ന് അല്ലാഹു ചോദിക്കുന്നു (69:8). ആ കാറ്റ് ഏതൊന്നിൽ ചെന്നുവോ അതിനെയൊന്നും തുരുമ്പുപോലെ ആക്കാതെ വിട്ടിട്ടില്ല എന്നും പറയുന്നു (51:42). അപ്പോൾ, ചിലർ അതിൽ നിന്ന് രക്ഷപ്പെട്ടിരിക്കുമെന്ന് എങ്ങിനെ പറയും?!

3. ഥമൂദിനെപറ്റി, അവരെയും അവരുടെ ജനതയെയും മുഴുവൻ നാം തകർത്തിക്കളഞ്ഞു എന്നും (27:51). അവർ നോക്കിക്കൊണ്ടിരിക്കെ അവരെ ഇടിത്തീ പിടികൂടി; എന്നിട്ടവർക്ക് നിൽക്കുവാൻ പോലും കഴിഞ്ഞില്ല എന്നും (51:45) പറയുന്നു.

4. ലൂത്ത് നബി (അ)യുടെ ജനതയെപറ്റി പറഞ്ഞപ്പോൾ, അദ്ദേഹവും അദ്ദേഹത്തിന്റെ ആൾക്കാരും രാത്രി കടന്നുപോകണമെന്നും, രാവിലേക്ക് ആ ജനതയുടെ മുരട് മുറിച്ചു കളയുമെന്നും (15:65,66), അദ്ദേഹത്തെയും, ഒരു കിഴവി ഒഴിച്ചുള്ള അദ്ദേഹത്തിന്റെ കുടുംബത്തെയും രക്ഷപ്പെടുത്തിയശേഷം ബാക്കിയുള്ളവരെ തകർത്തിക്കളഞ്ഞു എന്നും (26:170-172) അവരുടെ രാജ്യത്തെ അടിമേലായി മറിച്ചു എന്നും (15:74; 11:82) പറയുന്നു. താഴെ 83, 84 വചനങ്ങളും നോക്കുക.

5. ശുഅയ്ബ് നബി (അ)യുടെ ജനതയെപറ്റി അവർക്ക് കഠിന കമ്പനം പിടിപെട്ടു. അവർ അവരുടെ വാസസ്ഥലത്ത് കമഴ്ന്നു വീണു-അവിടെ അവർ നിവസിച്ചിട്ടില്ലാത്തമാതിരിയായി എന്നിങ്ങിനെ താഴെ 91,92 വചനങ്ങളിലും കാണാം.

ഇതെല്ലാം മുമ്പിൽവെച്ചുകൊണ്ട് ആ സമുദായങ്ങളിൽ ചിലരെല്ലാം ശിക്ഷയിൽ മരണമടയാതെ ബാക്കിയായിരുന്നുവെന്നും, അക്കൂട്ടത്തിൽ സ്വാലിഹ് നബി (അ)യുടെ ജനതക്ക് ബാധിച്ച ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടിരുന്ന ചില അവിശ്വാസികളോടാണ് അദ്ദേഹം ആ വാക്കുകൾ പറഞ്ഞതെന്നും പറയുവാൻ സാധിക്കുമോ? കൂടാതെ, ഇങ്ങിനെയുള്ള പൊതുശിക്ഷകളെക്കുറിച്ച് പറയുമ്പോൾ അതത് സമുദായത്തിലുണ്ടായിരുന്ന പ്രവാചകനെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തി എന്നും

അല്ലാഹു പലപ്പോഴും എടുത്തു പറയാറുണ്ട്. അവരെപ്പോലെ ചില അവിശ്വാസികളും കൂടി ശിക്ഷയിൽ അകപ്പെടാതെ രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ ആ പ്രസ്താവനയുടെ ആവശ്യമെന്താണ്? ആലോചിച്ചു നോക്കുക! എന്നാൽ, ഥമൂദ് ഗോത്രത്തിലെ അബൂ റുഗാൽ (ابو رغال) എന്നു പേരായ ഒരാൾ അവർക്ക് ശിക്ഷ ബാധിച്ച അന്ന് മക്കാ ഹറമിലായിരുന്നതുകൊണ്ട് ശിക്ഷയിൽ അകപ്പെട്ടിരുന്നില്ല എന്ന് അഹ്മദ് (റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീഥിൽ വന്നിട്ടുണ്ട്. പക്ഷേ, അതേ ഹദീഥിൽ തന്നെ, അയാൾ ഹറമിൽ നിന്നു പുറത്തുപോയതോടെ അയാൾക്കും ശിക്ഷ ബാധിച്ചു മരണമടഞ്ഞുവെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് താനും. പൊതുശിക്ഷ നിമിത്തം ഒരു സമുദായത്തിലെ അവിശ്വാസികൾ നശിപ്പിക്കപ്പെടുമ്പോൾ അവരിൽ ആരും അതിൽ ബാക്കിയാകാറില്ലെന്നാണ് ഈ ഹദീഥും മനസ്സിലാക്കിത്തരുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ഇത്തരം പൊതു ശിക്ഷകളിൽ പ്രവാചകന്മാരും സത്യവിശ്വാസികളുമല്ലാതെ-അവിശ്വാസികളിൽപെട്ടവർ-രക്ഷപ്പെട്ടേക്കുമെന്നു പറയുന്നത് പ്രമാണത്തിനുമാത്രമല്ല, യുക്തിക്കും നിരക്കാത്തതാകുന്നു.

വാസ്തവത്തിൽ, ബദർ യുദ്ധത്തിൽ വധിക്കപ്പെട്ട ശത്രുത്തലവന്മാരെ അഭിമുഖീകരിച്ചുകൊണ്ട് നബിﷺ പറയുകയുണ്ടായതുപോലെയുള്ള ചില വാക്കുകളാണ് സ്വാലിഹ് നബി (അ)യും മരണമടഞ്ഞു കിടക്കുന്ന തന്റെ സമുദായത്തെ അഭിമുഖീകരിച്ചു പറഞ്ഞ ഈ വാക്കുകൾ. ബദ്റിൽ കൊല്ലപ്പെട്ടവരുടെ ശവങ്ങൾ ഇട്ടുമൂടപ്പെട്ട പൊട്ടക്കിണറ്റിനടുത്തു ചെന്ന് അബൂജഹൽ മുതലായ ക്വുറൈശി തലവന്മാരുടെ പേരെടുത്തു വിളിച്ചുകൊണ്ട് നബിﷺ ചോദിച്ചു: 'ഞങ്ങളുടെ റബ്ബ് ഞങ്ങളോട് ചെയ്ത വാഗ്ദത്തം ഞങ്ങൾ യഥാർത്ഥമായി കണ്ടിരിക്കുന്നു. നിങ്ങളുടെ റബ്ബ് നിങ്ങളോട് ചെയ്ത വാഗ്ദത്തം നിങ്ങൾ യഥാർത്ഥമായി കണ്ടുവോ? (**قد وجدنَا مَا وَعدنَا ربنا حقافهل وجدتم....**) ഈ അവസരത്തിൽ ഉമർ (റ) ചോദിച്ചു: 'ഈ ജീവനില്ലാത്ത ശരീരങ്ങളോട് എന്തിനാണ് സംസാരിക്കുന്നത്?' നബിﷺയുടെ മറുപടി ഇതായിരുന്നു: 'ഞാൻ ഈ പറയുന്നത് അവരെക്കാൾ കേൾക്കുന്നവരല്ല നിങ്ങൾ' (ബു; മു). അല്ലാഹു പറഞ്ഞതെല്ലാം സത്യമാണെന്ന് അവർ ഇപ്പോൾ അനുഭവത്തിൽ കണ്ടറിഞ്ഞിരിക്കുന്നു; അതുകൊണ്ട് അതിന്റെ സത്യത ഇപ്പോൾ നിങ്ങളെക്കാൾ അവർക്കറിയാം എന്നാണ് നബിﷺ പറഞ്ഞതിന്റെ സാരം.

ഥമൂദ് സമുദായത്തിന് ബാധിച്ച ശിക്ഷയെപറ്റി ഇവിടെ الرَّجْفَةُ (കഠിന കമ്പനം) എന്നും, 11-67ൽ الصَّيْحَةُ (ഘോര ശബ്ദം) എന്നും, 51:44ൽ الصَّاعِقَةُ (ഇടിത്തീ) എന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ, ഇതെല്ലാം ചേർന്നുള്ള അത്യുഗ്രമായ ഒരു മഹാ സംഭവമായിരുന്നു അതെന്നു മൊത്തത്തിൽ മനസ്സിലാക്കാം. الله اعلم

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ أَتَأْتُونَ ٱلْفَـٰحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَـٰلَمِينَ ﴿٨٠﴾

(80) ലൂത്വിനെയും (നാം അയച്ചു): അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക): നിങ്ങൾ (ഈ) നീചവൃത്തിക്ക് ചെല്ലുകയോ? ലോകരിൽ ഒരാളും തന്നെ നിങ്ങൾക്ക് മുമ്പ് ഇത് ചെയ്തിട്ടില്ല!

إِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ ﴿٨١﴾

﴿81﴾ നിങ്ങള്‍ സ്ത്രീകളെ കൂടാതെ [സ്ത്രീകളെ വിട്ടേച്ച്] കാമവികാരത്തില്‍ പുരുഷന്മാരുടെ അടുക്കല്‍ ചെല്ലുന്നല്ലോ! പക്ഷേ, (അത്രയുമല്ല) നിങ്ങള്‍ അതിരു കവിഞ്ഞ ഒരു ജനതയാകുന്നു'.

﴿80﴾ وَلُوطًا ലൂത്വിനെയും إِذْقَالَ അദ്ദേഹം പറഞ്ഞ സന്ദര്‍ഭം لِقَوْمِهِۦ തന്റെ ജനതയോട് أَتَأْتُونَ നിങ്ങള്‍ ചെല്ലുന്നുവോ, ചെല്ലുകയോ الْفَاحِشَةَ നീചവൃത്തിക്ക് مَاسَبَقَكُم നിങ്ങളെ മുന്‍കടന്നിട്ടില്ല, നിങ്ങളുടെ മുമ്പ് ചെയ്തിട്ടില്ല بِهَا അതുകൊണ്ട്, അതിനെ مِنْ أَحَدٍ ഒരാളും തന്നെ مِنَ الْعَالَمِينَ ലോകരില്‍ നിന്ന് ﴿81﴾ إِنَّكُمْ لَتَأْتُونَ നിശ്ചയമായും നിങ്ങള്‍ ചെയ്യുകതന്നെ ചെയ്യുന്നു الرِّجَالَ പുരുഷന്മാരുടെ അടുക്കല്‍ شَهْوَةً കാമവികാരത്താല്‍, ഇച്ഛക്കായി مِنْ دُونِ النِّسَاءِ സ്ത്രീകളെ കൂടാതെ, സ്ത്രീകളെവിട്ട് بَلْ أَنتُمْ പക്ഷേ (എന്നാല്‍, എങ്കിലും) നിങ്ങള്‍ قَوْمٌ ഒരു ജനതയാണ് مُسْرِفُونَ അതിരുകവിഞ്ഞവരായ

ഇബ്റാഹീം നബി (അ)യുടെ സഹോദരപുത്രനും, അദ്ദേഹത്തില്‍ വിശ്വസിച്ചു അദ്ദേഹത്തോടൊപ്പം ഹിജ്റഃപോന്ന ദേഹവുമാണ് ലൂത്വ് നബി (അ). പിന്നീട് ഫലസ്തീന്റെ അടുത്തുള്ള ബഹ്ര്‍ ലൂത്വ് (بحر لوط)എന്നും മറ്റും അറിയപ്പെടുന്ന ചാവുകടലിനടുത്തുള്ള സദൂം (സോദോം) പ്രദേശത്തേക്ക് അദ്ദേഹം റസൂലായി നിയോഗിക്കപ്പെട്ടു.*(*)* ഇബ്റാഹീം നബി (അ)യുടെ ചരിത്രവുമായി ബന്ധപ്പെട്ടതാണ് അദ്ദേഹത്തിന്റെ ചരിത്രം. അതുകൊണ്ട് ഇബ്റാഹീം നബി(അ)യുടെ സംഭവങ്ങളെ തുടര്‍ന്നാണ് ക്വുര്‍ആനില്‍ സാധാരണ ലൂത്വ് (അ)ന്റെ സംഭവം വിവരിക്കാറുള്ളത്. ഇവിടെ അങ്ങിനെയല്ല. ഒരു സ്വതന്ത്ര സംഭവമെന്നോണം വിവരിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ സന്ദേശങ്ങളെ ധിക്കരിച്ചതുമൂലം പല രാജ്യങ്ങളും നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് 4-ാം വചനത്തില്‍ പ്രസ്താവിച്ചതിന്റെ ഒരു വിശദീകരണമെന്നോണമാണ് ഇവിടെ ഈ സംഭവങ്ങളൊക്കെ വിവരിക്കപ്പെടുന്നത്. ഇബ്റാഹീം നബി(അ)യെ സംബന്ധിച്ചേടത്തോളം, അദ്ദേഹത്തെ എതിര്‍ത്ത നിഷേധികളായ നാട്ടുകാരെ വിട്ടേച്ചു അവരില്‍ നിന്നും അദ്ദേഹം ഹിജ്റഃ പോരുകയാണുണ്ടായത്. ആ നാട്ടുകാര്‍ ഒരു പൊതുശിക്ഷക്ക് വിധേയരാകുകയുണ്ടായില്ല. അതുകൊണ്ടായിരിക്കാം-സയ്യിദ് ഖുത്വുബ് (റ) ചൂണ്ടിക്കാട്ടിയതുപോലെ-ഇബ്റാഹീം നബി(അ)യുടെ സംഭവങ്ങളുമായി ബന്ധപ്പെടുത്താതെ ഈ സംഭവം ഇവിടെ വിവരിച്ചത്. الله اعلم

മുന്‍സമുദായങ്ങള്‍ക്കിടയില്‍ പതിവില്ലാത്തതും മാനുഷിക പ്രകൃതിക്ക് നിരക്കാത്തതുമായ ഒരു ദുര്‍വൃത്തി ലൂത്വ് (അ)ന്റെ ജനങ്ങള്‍ക്കിടയില്‍ സര്‍വ്വത്ര പടര്‍ന്നു പിടിച്ചിരുന്നു. കാമ പൂര്‍ത്തിക്കുവേണ്ടി അവര്‍ സ്ത്രീകള്‍ക്ക് പകരം പുരുഷന്മാരെയാണ്

***(*)* ഈ പ്രദേശങ്ങളെയും ചാവുകടലിനെയും സംബന്ധിച്ച് സു: ശുഅറാഇന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പ് നോക്കുക.**

സമീപിച്ചിരുന്നത്. നിന്ദ്യവും നികൃഷ്ടവുമായ ഈ നീച സമ്പ്രദായത്തെക്കുറിച്ചാണ് ലൂത്വ് (അ) അവരെ ആക്ഷേപിച്ചത്. കൂടാതെ, വേറെയും പല തോന്നിയവാസങ്ങളിലും അക്രമങ്ങളിലും ആ ജനത മുഴുകിയിട്ടുണ്ടായിരുന്നു. അതെല്ലാം സൂചിപ്പിച്ചുകൊണ്ടാണ് അദ്ദേഹം: 'അത്രയുമല്ല, നിങ്ങൾ അതിരു കവിഞ്ഞ ഒരു ജനതയാണ്' എന്ന് പറഞ്ഞത്. ആ ജനത എത്രമാത്രം ദുഷിച്ചുപോയിരുന്നുവെന്ന് അവർ അദ്ദേഹത്തിന് നൽകിയ മറുപടിയിൽ നിന്ന് തന്നെ ഏതാണ്ട് മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പറയുന്നു:-

وَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوٓا۟ أَخْرِجُوهُم مِّن قَرْيَتِكُمْ ۖ إِنَّهُمْ أُنَاسٌ يَتَطَهَّرُونَ ﴿٨٢﴾

﴾82﴿ അദ്ദേഹത്തിന്റെ ജനതയുടെ മറുപടി, അവർ (ഇങ്ങിനെ) പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല; ഇവരെ നിങ്ങളുടെ രാജ്യത്ത് നിന്നും പുറത്താക്കുവിൻ; (കാരണം) നിശ്ചയമായും അവർ, ശുദ്ധത പാലിച്ചു വരുന്ന ഒരു (തരം) മനുഷ്യരാകുന്നു'.

﴾82﴿ وَمَا كَانَ ആയിരുന്നില്ല جَوَابَ മറുപടി, ഉത്തരം قَوْمِهِ അദ്ദേഹത്തിന്റെ ജനങ്ങളുടെ إِلَّا أَن قَالُوا അവർ പറഞ്ഞതല്ലാതെ أَخْرِجُوهُمْ അവരെ (ഇവരെ) നിങ്ങൾ പുറത്താക്കുവിൻ مِنْ قَرْيَتِكُمْ നിങ്ങളുടെ രാജ്യത്തുനിന്ന് إِنَّهُمْ നിശ്ചയമായും അവർ (ഇവർ) أُنَاسٌ ചില മനുഷ്യരാകുന്നു يَتَطَهَّرُونَ ശുദ്ധത പാലിക്കുന്ന (ശുദ്ധമായ)

ലൂത്വ് നബി (അ)യുടെ ഉപദേശത്തിന് അവരിൽ ഉണ്ടായ പ്രതികരണം ഇതായിരുന്നു. നേർക്കുനേരെയുള്ള മറുപടിയൊന്നും അവർക്ക് പറയുവാനില്ല. ഇവരൊക്കെ വലിയ ശുദ്ധന്മാരായ ആളുകളാണ്, നാം നമ്മുടെ നീചത്വം കൈവിടുവാനും പോകുന്നില്ല. ആ സ്ഥിതിക്ക് ഇരുകൂട്ടരും ഈ നാട്ടിൽ ഒത്തു പോകുവാൻ മാർഗമില്ല. അതുകൊണ്ട് ഇവരെ -ലൂത്വ് (അ)നെയും അദ്ദേഹത്തിന്റെ ആൾക്കാരെയും -ഈ നാട്ടിൽ നിന്ന് പുറത്താക്കുക. എന്നാൽ നമുക്കിവിടെ സ്വൈരമായി കഴിഞ്ഞുകൂടാമല്ലോ. എന്നിങ്ങിനെ അവർ തമ്മതമ്മിൽ പറയുകയാണ് ചെയ്തത്. പരിഹാസവും, ധിക്കാരവും അല്ലാതെ അവരിൽ നിന്ന് പ്രകടമായില്ല.

فَأَنجَيْنَٰهُ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ كَانَتْ مِنَ ٱلْغَٰبِرِينَ ﴿٨٣﴾

﴾83﴿ അപ്പോൾ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ സ്ത്രീ [ഭാര്യ] ഒഴികെയുള്ള അദ്ദേഹത്തിന്റെ ആൾക്കാരെയും നാം രക്ഷപ്പെടുത്തി; അവൾ (രക്ഷപ്പെടാതെ) കഴിഞ്ഞുപോയവരിൽ പെട്ടവളായിത്തീർന്നു.

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ

﴾84﴿ അവരുടെമേൽ നാം ഒരു (തരം) മഴ വർഷിപ്പിക്കുകയും ചെയ്തു.

فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ ٱلۡمُجۡرِمِينَ ﴿٨٤﴾

അപ്പോൾ നോക്കൂ, (ആ) കുറ്റവാളികളുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന്.

﴾83﴿ فَأَنجَيۡنَٰهُ എന്നിട്ട് (അങ്ങിനെ, അപ്പോൾ) അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി وَأَهۡلَهُۥٓ അദ്ദേഹത്തിന്റെ ആൾക്കാരെയും, കുടുംബത്തെയും, വീട്ടുകാരെയും إِلَّا ٱمۡرَأَتَهُۥ അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ)യെ ഒഴികെ كَانَتۡ അവളായിത്തീർന്നു مِنَ ٱلۡغَٰبِرِينَ ശേഷിച്ചവരിൽ-കഴിഞ്ഞുപോയവരിൽ-പെട്ട(വൾ) ﴾84﴿ وَأَمۡطَرۡنَا നാം വർഷിപ്പിക്കുകയും ചെയ്തു عَلَيۡهِم അവരുടെ മേൽ مَّطَرًا ഒരു മഴ فَٱنظُرۡ അപ്പോൾ നോക്കൂ كَيۡفَ كَانَ എങ്ങിനെ ആയിരുന്നു (ഉണ്ടായി) എന്ന് عَٰقِبَةُ കലാശം, പര്യവസാനം ٱلۡمُجۡرِمِينَ കുറ്റവാളികളുടെ

ആ ജനത അവരുടെ തോന്നിയവാസവും ധിക്കാരവും കൈവിടുവാൻ ഭാവമില്ലെന്നു സ്പഷ്ടമായി, ആ അവസരത്തിൽ, ലൂത്വ് നബി (അ)യോടും, അദ്ദേഹത്തിന്റെ ആൾക്കാരോടും ഒരു രാത്രി ആ നാടു വിട്ടുപോയിക്കൊള്ളുവാൻ അല്ലാഹു കൽപിച്ചു. ആരും വഴിയിൽവെച്ചു തിരിഞ്ഞുനോക്കരുതെന്നും, അദ്ദേഹത്തിന്റെ ഭാര്യ ഇതിൽ നിന്നും ഒഴിവാണെന്നും, അവൾക്ക് ശിക്ഷ ബാധിക്കുന്നതാണെന്നും, പ്രഭാതവേളയിൽ ആ ജനത ശിക്ഷക്കു വിധേയമാകുമെന്നും അറിയിച്ചു (11:81). അങ്ങിനെ, ലൂത്വ് നബി (അ)യും കൂട്ടരും രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഒരു കിഴവി മാത്രം അവരൊന്നിച്ചുപോയി രക്ഷപ്പെട്ടില്ല. അവൾ ആ ജനതയുടെ പക്ഷക്കാരിയായിരുന്നു. അവൾ അവരുടെ കൂട്ടത്തിൽ അവശേഷിച്ചു ശിക്ഷയിൽ അകപ്പെടുകയാണുണ്ടായത്. ഈ ജനതക്ക് ബാധിച്ച ശിക്ഷയെപറ്റി 'ഒരു തരം മഴ' എന്നു മാത്രമേ ഇവിടെ അല്ലാഹു പറഞ്ഞിട്ടുള്ളൂ. എങ്കിലും, അത് ഒരു തരം കല്ലുമഴയായിരുന്നുവെന്നും, അതിനെത്തുടർന്ന് ആ രാജ്യം മുഴുവനും അടിമേലായി മറിക്കപ്പെട്ടുവെന്നും വേറെ സ്ഥലങ്ങളിൽ (11:82ലും മറ്റും) പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. സംഭവത്തിന്റെ ചുരുക്കം മാത്രമാണ് ഇവിടെ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. നംല്, ശുഅറാഉ്, ദാരിയാത്ത്, ഹൂദ്, ഹിജ്ർ എന്നീ സൂറത്തുകളിൽ കൂടുതൽ വിവരം കാണാവുന്നതാണ്.

വിഭാഗം - 11

وَإِلَىٰ مَدۡيَنَ أَخَاهُمۡ شُعَيۡبًاۚ قَالَ يَٰقَوۡمِ ٱعۡبُدُواْ ٱللَّهَ مَا لَكُم مِّنۡ إِلَٰهٍ غَيۡرُهُۥۖ

﴾85﴿ **മദ്‌യനിലേക്ക് അവരുടെ [മദ്‌യൻകാരുടെ] സഹോദരൻ ശുഅയ്ബിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ; അവനല്ലാതെ ഒരു ആരാധ്യനും നിങ്ങൾക്കില്ല.**

قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ فَأَوْفُوا۟ ٱلْكَيْلَ وَٱلْمِيزَانَ وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ وَلَا تُفْسِدُوا۟ فِى ٱلْأَرْضِ بَعْدَ إِصْلَٰحِهَا ۚ

നിങ്ങളുടെ റബ്ബിങ്കല്‍ നിന്ന് നിങ്ങള്‍ക്ക് വ്യക്തമായ തെളിവ് വന്നിട്ടുണ്ട്. അതിനാല്‍, നിങ്ങള്‍ അളത്തവും, തൂക്കവും (ജനങ്ങള്‍ക്ക്) പൂര്‍ത്തിയാക്കികൊടുക്കുവിന്‍, മനുഷ്യര്‍ക്ക് അവരുടെ സാധനങ്ങള്‍ നിങ്ങള്‍ നഷ്ടപ്പെടുത്തുകയും ചെയ്യരുത്. ഭൂമിയെ നന്നാക്കിത്തീര്‍ത്തതിനു ശേഷം, നിങ്ങളതില്‍ കുഴപ്പമുണ്ടാക്കുകയും ചെയ്യരുത്.

ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ﴿٨٥﴾

അത് നിങ്ങള്‍ക്ക് ഉത്തമമത്രെ-നിങ്ങള്‍ സത്യവിശ്വാസികളാണെങ്കില്‍!

وَلَا تَقْعُدُوا۟ بِكُلِّ صِرَٰطٍ تُوعِدُونَ وَتَصُدُّونَ عَن سَبِيلِ ٱللَّهِ مَنْ ءَامَنَ بِهِۦ وَتَبْغُونَهَا عِوَجًا ۚ

﴿86﴾ '(ജനങ്ങളെ) ഭീഷണിപ്പെടുത്തിക്കൊണ്ട് നിങ്ങള്‍ എല്ലാ പാതകളിലും ഇരിക്കുകയും ചെയ്യരുത്; അല്ലാഹുവിന്റെ മാര്‍ഗത്തില്‍ നിന്ന് അവനില്‍ വിശ്വസിച്ചവരെ തിരിച്ചുവിട്ടുകൊണ്ടും, അതിന് വളവ് (ഉണ്ടായിരിക്കുവാന്‍) ആഗ്രഹിച്ചുകൊണ്ടും (ഇരിക്കരുത്).

وَٱذْكُرُوٓا۟ إِذْ كُنتُمْ قَلِيلًا فَكَثَّرَكُمْ ۖ وَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُفْسِدِينَ ﴿٨٦﴾

നിങ്ങള്‍ അല്‍പം ആളുകളായിരുന്നിട്ട് നിങ്ങളെ അവന്‍ വര്‍ദ്ധിപ്പിച്ചുതന്നത് നിങ്ങള്‍ ഓര്‍ക്കുവിന്‍. കുഴപ്പമുണ്ടാക്കുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുകയും ചെയ്യുവിന്‍.

وَإِن كَانَ طَآئِفَةٌ مِّنكُمْ ءَامَنُوا۟ بِٱلَّذِىٓ أُرْسِلْتُ بِهِۦ وَطَآئِفَةٌ لَّمْ يُؤْمِنُوا۟ فَٱصْبِرُوا۟ حَتَّىٰ يَحْكُمَ ٱللَّهُ بَيْنَنَا ۚ

﴿87﴾ 'ഞാന്‍ യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതില്‍, നിങ്ങളില്‍ നിന്ന് ഒരു വിഭാഗം വിശ്വസിച്ചിരിക്കുകയും, ഒരു വിഭാഗം വിശ്വസിച്ചിട്ടില്ലാതിരിക്കുകയുമാണെങ്കില്‍, എന്നാല്‍ - നമുക്കിടയില്‍ അല്ലാഹു വിധി കല്‍പിക്കുന്നതുവരെ ക്ഷമിക്കുവിന്‍.

وَهُوَ خَيْرُ ٱلْحَٰكِمِينَ ﴿٨٧﴾

അവന്‍ വിധികര്‍ത്താക്കളില്‍ ഏറ്റവും ഉത്തമനായുള്ളവനത്രെ'.

﴾85﴿ وَإِلَىٰ مَدْيَنَ മദ്‌യനിലേക്കും أَخَاهُمْ അവരുടെ സഹോദരനെ شُعَيْبًا ശുഅയ്ബിനെ
قَالَ يَاقَوْمِ അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ اعْبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാ
ധിക്കുവിൻ مَا لَكُمْ നിങ്ങൾക്കില്ല مِنْ إِلَٰهٍ ഒരു ഇലാഹും, ആരാധ്യനുംതന്നെ غَيْرُهُ അവ
നല്ലാതെ قَدْ جَاءَتْكُمْ നിങ്ങൾക്ക് വന്നിട്ടുണ്ട്, തീർച്ചയായും വന്നിരിക്കുന്നു بَيِّنَةٌ (വ്യ
ക്തമായ)തെളിവ് مِنْ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കൽ നിന്ന് فَأَوْفُوا അതിനാൽ നിങ്ങൾ
നിറവേറ്റിക്കൊടുക്കുവിൻ الْكَيْلَ അളവ്, അളത്തം وَالْمِيزَانَ തൂക്കവും, തുലാസും
وَلَا تَبْخَسُوا നിങ്ങൾ നഷ്ടപ്പെടുത്തുക(കുറക്കുക)യും ചെയ്യരുത് النَّاسَ മനുഷ്യർക്ക്
أَشْيَاءَهُمْ അവരുടെ വസ്തു(സാധനം)ക്കളെ وَلَا تُفْسِدُوا നിങ്ങൾ നാശം (കുഴപ്പം) ഉണ്ടാ
ക്കരുത് فِي الْأَرْضِ ഭൂമിയിൽ بَعْدَ إِصْلَاحِهَا അതിനെ നന്നാക്കിയതിനുശേഷം ذَٰلِكُمْ അത്
(മുകളിൽ പറഞ്ഞത്) خَيْرٌ لَكُمْ നിങ്ങൾക്ക് ഉത്തമമാകുന്നു إِنْ كُنْتُمْ നിങ്ങളാണെങ്കിൽ
مُؤْمِنِينَ വിശ്വസിക്കുന്നവർ (സത്യവിശ്വാസികൾ) ﴾86﴿ وَلَا تَقْعُدُوا നിങ്ങൾ ഇരിക്കുകയും
ചെയ്യരുത് بِكُلِّ صِرَاطٍ എല്ലാ പാത(വഴി)യിലും تُوعِدُونَ നിങ്ങൾ ഭീഷണിപ്പെടുത്തി
ക്കൊണ്ട് وَتَصُدُّونَ നിങ്ങൾ തിരിച്ചു വിട്ടു(തട്ടി വിട്ടു)കൊണ്ടും عَنْ سَبِيلِ മാർഗത്തിൽ
നിന്ന് اللَّهِ അല്ലാഹുവിന്റെ مَنْ آمَنَ بِهِ അവനിൽ വിശ്വസിച്ചവരെ وَتَبْغُونَهَا നിങ്ങൾ അതി
നെതേടി (അതിന് ആഗ്രഹിച്ച്)കൊണ്ടും عِوَجًا വളഞ്ഞതായി(രിക്കുവാൻ), വളവ്(ഉണ്ടാ
കുവാൻ) وَاذْكُرُوا നിങ്ങൾ ഓർക്കുകയും ചെയ്യുവിൻ إِذْ كُنْتُمْ നിങ്ങൾ ആയിരുന്നതിനെ
قَلِيلًا അൽപം (ആളുകൾ) فَكَثَّرَكُمْ എന്നിട്ട് അവൻ നിങ്ങളെ പെരുപ്പിച്ചു, വർദ്ധിപ്പിച്ചു
وَانْظُرُوا നിങ്ങൾ നോക്കുകയും ചെയ്യുവിൻ كَيْفَ كَانَ എങ്ങിനെ ആയിരുന്നുവെന്ന് عَاقِبَةُ
പര്യവസാനം, കലാശം الْمُفْسِدِينَ കുഴപ്പക്കാരുടെ, നാശക്കാരുടെ ﴾87﴿ وَإِنْ كَانَ ആകു
ന്നുവെങ്കിൽ طَائِفَةٌ مِنْكُمْ നിങ്ങളിൽ നിന്ന് ഒരു വിഭാഗം آمَنُوا അവർ വിശ്വസിച്ചു بِالَّذِي
യാതൊന്നിൽ أُرْسِلْتُ بِهِ ഞാൻ അതുമായി അയക്കപ്പെട്ടു وَطَائِفَةٌ ഒരു വിഭാഗം لَمْ يُؤْمِنُوا
വിശ്വസിക്കുന്നുമില്ല (വിശ്വസിച്ചുമില്ല) فَاصْبِرُوا എന്നാൽ നിങ്ങൾ ക്ഷമിക്കുക حَتَّىٰ يَحْكُمَ
വിധിക്കുന്നതുവരെ اللَّهُ അല്ലാഹു بَيْنَنَا നമുക്കിടയിൽ وَهُوَ അവനാകട്ടെ خَيْرُ الْحَاكِمِينَ
വിധികർത്താക്കളിൽ ഉത്തമനാകുന്നു

അൽഅകബ ഉൾക്കടലി(*)നും, ലൂത്വ് കടൽ എന്ന ചാവുകടലിനും ഇടയിൽ കിഴക്കുഭാഗത്തു മആനി (معان)നും, പടിഞ്ഞാറു ഭാഗത്ത് സീനാ മരുഭൂമിക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമായിരുന്നു മദ്‌യൻ(**) ഇബ്റാഹീം നബി (അ)യുടെ ഒരു ഭാര്യയായിരുന്ന കൊതൂറ (قطورة)യിൽ ജനിച്ച മദ്‌യൻ (മിദ്യാൻ) എന്ന പുത്രന്റെ

(*) മുൻകാലത്ത് (ഏലാത്ത്) എന്നായിരുന്നു ഇതിന് പേര് പറയപ്പെട്ടിരുന്നത്.

(**) പടം 1 നോക്കുക. ബൈബ്ളിൽ പറയുന്ന മിദ്യാനും മദ്‌യനും ഒന്നുതന്നെ.

സന്തതികളായിരുന്നു മദ്‌യൻ നിവാസികളെന്നും, ഗോത്രപിതാവിന്റെ നാമത്തിൽ ആ സ്ഥലം അറിയപ്പെട്ടുവന്നുവെന്നും പറയപ്പെടുന്നു. الله اعلم മദ്‌യൻകാരിലേക്ക് അവരിൽ ഒരാളായ ശുഅയ്ബ് നബി(അ) റസൂലായി നിയോഗിക്കപ്പെട്ടു. സൂ: ക്വസ്വസ്വിൽ പ്രസ്താവിച്ച പ്രകാരം, മൂസാ (അ) ഈജിപ്തിൽ നിന്ന് മദ്‌യനിൽ അഭയാർത്ഥിയായി ചെന്നപ്പോൾ അദ്ദേഹത്തിന് അഭയം നൽകിയതും, മകളെ വിവാഹം കഴിച്ചുകൊടുത്തതുമായ വൃദ്ധൻ ശുഅയ്ബ് നബി (അ) ആയിരുന്നുവെന്നാണ് പല ക്വുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നത്. ബൈബ്ളിൽ ഈ വൃദ്ധന്റെ പേർ യിത്രോ (يترون) എന്നാണ് കാണുന്നത്. ഇദ്ദേഹത്തിന് രെയുവേൽ (رعوئيل) എന്ന് ഒരു മറു പേരും ഉണ്ടായിരുന്നത്രെ. വാസ്തവം അല്ലാഹുവിന്നറിയാം.

എല്ലാ റസൂലുകളുടെയും പ്രബോധന വിഷയങ്ങളിൽ പ്രഥമ പ്രധാനമായത് തൗഹീദ് തന്നെ. അതോടുകൂടി, ഓരോ റസൂലിനും അവരവരുടെ സമുദായത്തിൽ പടർന്നു പിടിച്ചിട്ടുള്ള തെറ്റായ വിശ്വാസാചാരങ്ങളെയും, ദുർന്നടപ്പുകളെയും കുറിച്ച് പ്രത്യേകം ഉപദേശിക്കുകയും, ആക്ഷേപിക്കുകയും ചെയ്യേണ്ടതുമുണ്ടായിരിക്കും. ലൂത്വ് നബി (അ)യുടെ ജനതയിൽ പ്രചാരത്തിലുണ്ടായിരുന്ന ആ മൃഗീയമായ ദുർവൃത്തിയെപറ്റി അദ്ദേഹം അവരെ ഉപദേശിച്ചത് നാം കണ്ടു. അതുപോലെ, ശുഅയ്ബ് നബി (അ) അദ്ദേഹത്തിന്റെ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ചതിനെത്തുടർന്ന് അവരിൽ നിലവിലുണ്ടായിരുന്ന ചില അഴിമതികളെപറ്റി അവരെ ഗുണദോഷിക്കുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കണം, അവനല്ലാതെ വേറെ ആരാധ്യനില്ല എന്നു പറഞ്ഞശേഷം 'നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് വ്യക്തമായ തെളിവുവന്നിട്ടുണ്ട് (قَدْ جَاءَتْكُم بَيِّنَةٌ مِّن رَّبِّكُمْ) എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം മറ്റു വിഷയങ്ങളിലേക്ക് പ്രവേശിക്കുന്നത്. സ്വാലിഹ് നബി (അ) അദ്ദേഹത്തിന്റെ ജനതക്ക് നൽകിയ ഉപദേശത്തിലും ഈ കാര്യം ഉണർത്തിയിട്ടുണ്ട്. പക്ഷേ, അവിടെ അതിനെത്തുടർന്ന് 'ഇതാ നിങ്ങൾക്ക് ദൃഷ്ടാന്തമായി അല്ലാഹുവിന്റെ ഒട്ടകം' (هَٰذِهِ نَاقَةُ اللَّهِ لَكُمْ آيَةً) എന്നുകൂടി പറഞ്ഞിരിക്കുന്നു. ഇവിടെ ശുഅയ്ബ് നബി (അ)യുടെ സത്യതക്ക് ദൃഷ്ടാന്തമായി ഒരു പ്രത്യേക ദൃഷ്ടാന്തമൊന്നും പറയപ്പെട്ടിട്ടില്ല. അതുകൊണ്ട് തൗഹീദിന്റെ അനിവാര്യതക്കും പ്രവാചകന്റെ സത്യതക്കും സാക്ഷ്യം വഹിക്കുന്ന-ബുദ്ധിപരമോ, പ്രകൃതിപരമോ ആയ-തെളിവുകളെ പൊതുവിൽ ഉദ്ദേശിച്ചുകൊണ്ടായിരിക്കാം ഇവിടെ 'നിങ്ങൾക്ക് തെളിവ് വന്നിരിക്കുന്നു' വെന്ന് പറഞ്ഞത്.

പക്ഷേ, നബിﷺ ഒരു ഹദീഥിൽ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'ജനങ്ങൾക്ക് വിശ്വസിക്കത്തക്ക ദൃഷ്ടാന്തങ്ങൾ വല്ലതും നൽകപ്പെട്ടിട്ടില്ലാത്ത ഒരു പ്രവാചകനുമില്ല. എനിക്ക് നൽകപ്പെട്ടിരിക്കുന്നത് അല്ലാഹു എനിക്ക് നൽകിയ വഹ്‌യ് (ക്വുർആൻ) തന്നെയാകുന്നു. അതുകൊണ്ട് ക്വിയാമത്തുനാളിൽ അവരെക്കാളെല്ലാം അധികം അനുയായികൾ ഉള്ളവൻ ഞാനായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു' (ബു; മു). ഓരോ നബിമാർക്കും സ്വന്തം ചുറ്റുപാടിനും പരിതഃസ്ഥിതിക്കും അനുസരിച്ച് ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടിരിക്കുമെന്നാണ് ഈ ഹദീഥിൽ നിന്ന് മനസ്സിലാവുന്നത്. അതനുസരിച്ച് ശുഅയ്ബ് നബി (അ)ക്കും വല്ല പ്രത്യേക ദൃഷ്ടാന്തവും നൽകപ്പെട്ടിരിക്കുന്നുവെന്നും, അതിനെ ഉദ്ദേശിച്ചാണ് അത് പറഞ്ഞതെന്നും വരാം. വാസ്തവം അല്ലാഹുവിന്നറിയാം.

അനന്തരം, മദ്‌യൻ നിവാസികളിൽ പ്രചാരത്തിലുണ്ടായിരുന്ന അക്രമ പ്രവർത്തനങ്ങളിൽ നിന്ന് വിരമിക്കുവാൻ അദ്ദേഹം അവരെ ഉപദേശിക്കുന്നു.

1-ാമത്തെ ഉപദേശം, ജനങ്ങൾക്ക് അളവും തൂക്കവും പൂർത്തിയാക്കിക്കൊടുക്കണമെന്നും, ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ നഷ്ടപ്പെടുത്തരുതെന്നുമാകുന്നു. അളവിലും തൂക്കത്തിലും കൃത്രിമം നടത്തൽ അവരിൽ സർവ്വസാധാരണമായിരുന്നതുകൊണ്ടാണ് അദ്ദേഹം ഈ ഉപദേശം നൽകുന്നതെന്ന് വ്യക്തമാണ്. ശുഅയ്ബ് നബി (അ)യുടെ ഈ ഉപദേശത്തെ ധിക്കരിച്ചുകൊണ്ട് ആ സമുദായം അദ്ദേഹത്തോട് നടത്തിയ തർക്കങ്ങളും, വാക്കേറ്റങ്ങളും സൂറത്ത് ഹൂദിൽ അല്ലാഹു ഉദ്ധരിച്ചു കാണാം. അവ പരിശോധിച്ചാൽ, ആ വിഷയത്തിൽ ആ ജനത എത്രമാത്രം അതിരു കവിഞ്ഞുപോയിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. 'ഞങ്ങളുടെ ധനത്തിൽ ഞങ്ങളുടെ ഇഷ്ടം പോലെ പ്രവർത്തിക്കുന്നത് തടയുവാൻ നിന്റെ നിസ്കാരമാണോ നിന്നോട് കൽപിക്കുന്നത്?!' എന്നുവരെ അവർ പറയുകയുണ്ടായി. (ഹൂദ് 87 നോക്കുക). മുസ്‌ലിമെന്നോ അമുസ്‌ലിമെന്നോ വ്യത്യാസം കൂടാതെ ഇന്നു നമ്മുടെ നാടുകളിലെ അവസ്ഥയും ഏറെക്കുറെ ഇതുതന്നെ. ക്വുർആനിലും ഹദീഥിലും അതികർശനമായി വിരോധിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക് മറ്റാരെക്കാളും ഈ പാതകത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുവാൻ ബാധ്യസ്ഥരാണ് മുസ്‌ലിംകൾ. എന്നിട്ടും അനുഭവംവെച്ചു നോക്കുമ്പോൾ, മുസ്‌ലിം സമുദായത്തിൽപെട്ടവരും മറ്റുള്ളവരെപോലെ അതിൽ മുൻപന്തിയിലുണ്ടെന്നു പറയേണ്ടിവന്നത് വ്യസനകരം തന്നെ.

2-ാമത്തെ ഉപദേശം, ഭൂമിയെ നന്നാക്കിത്തീർത്തശേഷം അതിൽ കുഴപ്പവും നാശവും ഉണ്ടാക്കരുത് എന്നത്രെ. പ്രകൃതി വ്യവസ്ഥകൾ, നീതിന്യായ വ്യവസ്ഥകൾ, പ്രമാണങ്ങൾ മുഖേനയുള്ള വിധിവിലക്കുകൾ ആദിയായവ വഴി അല്ലാഹു ഭൂമിയിൽ നടപ്പാക്കിയിട്ടുള്ള സാന്മാർഗിക പരിധികളെ ലംഘിക്കുമാറുള്ള എല്ലാതരം നടപടികളും ഭൂമിയിൽ കുഴപ്പമുണ്ടാക്കൽ തന്നെ. മദ്‌യൻകാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ, വഴിപോക്കരെ അക്രമിക്കുക, പിടിച്ചുപറിക്കുക, ചുങ്കം വാങ്ങൽ തുടങ്ങിയ പല അക്രമങ്ങളും അവരിലുണ്ടായിരുന്നു. പരിഷ്കൃത യുഗമെന്നു ഘോഷിക്കുന്ന ഇക്കാലത്തെ സ്ഥിതിയും അതിൽ നിന്നു ഒട്ടും വ്യത്യസ്തമല്ല. അത്തരം കുഴപ്പങ്ങളും അക്രമങ്ങളും എണ്ണത്തിലും വണ്ണത്തിലും അധികരിച്ചുകൊണ്ടേയിരിക്കുകയാണ്. ശരിയായ അർത്ഥത്തിലുള്ള സ്വൈര ജീവിതംപോലും മനുഷ്യന് അസാദ്ധ്യമായിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ, ഈ ഉപദേശത്തെത്തുടർന്നുകൊണ്ട് 'നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം (ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ) എന്ന് ശുഅയ്ബ് (അ) പറഞ്ഞത് എത്രമാത്രം അർത്ഥഗർഭമാണെന്ന് ആലോചിച്ചു നോക്കുക!

3-ാമതായി, വഴികളിലിരുന്നു ആളുകളെ ഭീഷണിപ്പെടുത്തരുതെന്നും, അല്ലാഹുവിൽ വിശ്വസിച്ച സത്യവിശ്വാസികളെ വഴിതെറ്റിക്കുവാൻ ശ്രമിക്കരുതെന്നും, അല്ലാഹുവിന്റെ നേരായ മാർഗം വളവും വക്രതയുമുള്ളതായിരിക്കുവാൻ ആഗ്രഹിക്കരുതെന്നും അദ്ദേഹം ഉപദേശിക്കുന്നു. വഴിപോക്കരെ ഭീഷണിപ്പെടുത്തി അവരുടെ വസ്തുക്കൾ കൈക്കലാക്കുക, ചരക്കുകളുമായി പോകുന്നവരിൽ നിന്ന് ചുങ്കം വസൂലാക്കുക, ശുഅയ്ബ് നബി (അ)യുമായി ബന്ധപ്പെടുന്നവരെ മുടക്കം ചെയ്യുക, അദ്ദേഹത്തിന്റെ പേരിൽ കള്ളം പറയുക, അദ്ദേഹത്തിന്റെ അധ്യാപനങ്ങളിൽ ആശയക്കുഴപ്പ

ങ്ങളുണ്ടാക്കുക എന്നിങ്ങനെ പലതും അവർ ചെയ്തിരുന്നതായി ചില രിവായത്തുകളിൽ നിന്ന് മനസ്സിലാകുന്നു. ഏറെക്കുറെ അവയെല്ലാം നബിﷺയുടെ കാലത്തുള്ള മുശ്‌രിക്കുകളുടെയും പതിവായിരുന്നു. അന്നത്തെ മുശ്‌രിക്കുകളുടെ കാലം ഇരിക്കട്ടെ, ഇന്നത്തെ ജനങ്ങളുടെ അവസ്ഥതന്നെ ആലോചിച്ചു നോക്കുക! ഇതുപോലെയുള്ള അക്രമങ്ങളും അഴിമതികളും എണ്ണത്തിലും വണ്ണത്തിലും അധികരിച്ചുകൊണ്ടിരിക്കുകയാണ്. കാലത്തിനൊത്തവിധം അവയുടെ സ്വഭാവത്തിൽ മാറ്റം കാണാമെന്നു മാത്രം. മറ്റൊരു വ്യത്യാസം കൂടി കാണാം. നബിമാരുടെ കാലത്ത് അവരിൽ വിശ്വസിച്ച സത്യവിശ്വാസികൾക്ക് അതിലൊന്നും പങ്കുണ്ടായിരിക്കുകയില്ല. ഇന്നാകട്ടെ, മുഹമ്മദ് നബി ﷺയിൽ വിശ്വസിക്കുകയും, മുസ്‌ലിംകളെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരിൽ പോലും ഇത്തരം തോന്നിയവാസങ്ങളിലും അഴിമതികളിലും പങ്കുവഹിക്കുന്നവരുണ്ട്. അപ്പോൾ, ആയിരക്കണക്കിന് കൊല്ലങ്ങൾക്ക് മുമ്പ് ശുഅയ്ബ് (അ) മദ്‌യൻ നിവാസികളായ ഒരു ചെറിയ സമുദായത്തിന് നൽകിയ ഉപദേശങ്ങൾ ലോകാവസാനംവരെ നിലനിൽക്കുന്ന വിശുദ്ധ ക്വുർആനിൽ ഇത്ര വിസ്തരിച്ചു പറഞ്ഞുതന്നതിന്റെ യുക്തി ഇതിൽനിന്നൊക്കെ വ്യക്തമാണ്. മുൻകഴിഞ്ഞ പ്രവാചകന്മാരുടെയും, അവരുടെ സമുദായങ്ങളുടെയും ചരിത്രം അല്ലാഹു ക്വുർആനിൽ വിവരിച്ചു തരുന്നതിന്റെ ഉദ്ദേശ്യം, ക്വുർആൻ നിലവിലുള്ള കാലത്തോളം അതിന്റെ ആവശ്യകതയും നിലവിലുള്ളതുകൊണ്ടാണല്ലോ. അതെ, അവരുടെ കഥകളിൽ സൽബുദ്ധിയുള്ള ആളുകൾക്ക് ചിന്തിച്ചു മനസ്സിലാക്കുവാനുണ്ട്. (لَقَدْ كَانَ فِي قَصَصِهِمْ عِبْرَةٌ لِأُولِي الْأَلْبَابِ)

മുമ്പ് നിങ്ങൾ വളരെ കുറഞ്ഞ ആളുകളേ ഉണ്ടായിരുന്നുള്ളൂ, ഇപ്പോൾ നിങ്ങളെ അല്ലാഹു പെരുപ്പിച്ചു ഒരു ജനതയാക്കി അനുഗ്രഹിച്ചിരിക്കുന്നു. അതിൽ നിങ്ങൾ അവനോട് നന്ദിയുള്ളവരായിരിക്കേണ്ടതുണ്ട്. നന്ദിക്കു പകരം മേൽ പറഞ്ഞത് പോലെയുള്ള കുഴപ്പ പ്രവർത്തനങ്ങളിൽ മുഴുകിക്കൊണ്ടിരിക്കുവാനാണ് നിങ്ങൾ മുതിരുന്നതെങ്കിൽ മുമ്പ് അങ്ങിനെയുള്ളവർക്കുണ്ടായ അതേ അനുഭവങ്ങൾ തന്നെയായിരിക്കും നിങ്ങൾക്കും അനുഭവപ്പെടുക. ഇത്രയൊക്കെ ഉപദേശിച്ചിട്ടും-മുമ്പ് വിശ്വസിച്ചു കഴിഞ്ഞ ചുരുക്കം ചിലരല്ലാതെ-നിങ്ങൾ സത്യം സ്വീകരിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ അതിന്റെ ഭവിഷ്യത്ത് നിങ്ങൾ കണ്ടറിയുകതന്നെ ചെയ്യും. എന്നൊക്കെയാണ് പിന്നീട് ശുഅയ്ബ് (അ) അവരോട് പറഞ്ഞതിന്റെ സാരം. ഇതെല്ലാം അദ്ദേഹം ഒരിക്കലോ, ഒരു രംഗത്ത്‌വെച്ചോ മാത്രം ഉപദേശിച്ചതല്ലെന്നും, പലപ്പോഴും ഉപദേശിച്ചു കൊണ്ടിരുന്നതിന്റെ രത്നച്ചുരുക്കമാണെന്നും പറയേണ്ടതില്ല. എന്നാൽ, ആ സമുദായത്തിന്റെ കടിഞ്ഞാൺ പിടിക്കുന്ന നേതാക്കൾ അതിന് നൽകിയ മറുപടി നോക്കുക! അല്ലാഹു പറയുന്നു:-

ജുസ്ഉ് - ൯

﴿88﴾ **അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്നും അഹംഭാവം നടിച്ചവരായ പ്രധാനികൾ പറഞ്ഞു:**

۞ قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ

لَنُخۡرِجَنَّكَ يَٰشُعَيۡبُ وَٱلَّذِينَ ءَامَنُواْ مَعَكَ مِن قَرۡيَتِنَآ أَوۡ لَتَعُودُنَّ فِي مِلَّتِنَاۚ

'നിശ്ചയമായും- ശുഅയ്ബേ-നിന്നെയും, നിന്നോടൊപ്പം വിശ്വസിച്ചിട്ടുള്ളവരെയും ഞങ്ങളുടെ രാജ്യത്തുനിന്ന് ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും; അല്ലെങ്കിൽ, നിങ്ങൾ ഞങ്ങളുടെ മാർഗത്തിൽ മടങ്ങി വരുക തന്നെ വേണം.

قَالَ أَوَلَوۡ كُنَّا كَٰرِهِينَ ﴿٨٨﴾

അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ (അത്) വെറുക്കുന്നവരായിരുന്നാലുമോ?!

《88》 قَالَ الْمَلَأُ പ്രധാനികൾ പറഞ്ഞു الَّذِينَ اسْتَكْبَرُوا അഹംഭാവം നടിച്ചവരായ مِن قَوْمِهِ അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന് لَنُخْرِجَنَّكَ നിശ്ചയമായും ഞങ്ങൾ നിന്നെ പുറത്താക്കും يَا شُعَيْبُ ശുഅയ്ബേ وَالَّذِينَ آمَنُوا വിശ്വസിച്ചവരെയും مَعَكَ നിന്റെകൂടെ مِن قَرْيَتِنَا ഞങ്ങളുടെ രാജ്യത്തു നിന്ന് أَوْ لَتَعُودُنَّ അല്ലെങ്കിൽ നിങ്ങൾ മടങ്ങുക (തിരിച്ചുവരുക)തന്നെ ചെയ്യണം فِي مِلَّتِنَا ഞങ്ങളുടെ മാർഗത്തിൽ (മത നടപടിയിലേക്ക്) قَالَ അദ്ദേഹം പറഞ്ഞു أَوَلَوْ كُنَّا ഞങ്ങളായിരുന്നാലുമോ كَارِهِينَ വെറുക്കുന്നവർ, തൃപ്തിപ്പെടാത്തവർ

قَدِ ٱفۡتَرَيۡنَا عَلَى ٱللَّهِ كَذِبًا إِنۡ عُدۡنَا فِي مِلَّتِكُم بَعۡدَ إِذۡ نَجَّىٰنَا ٱللَّهُ مِنۡهَا

《89》 **'നിങ്ങളുടെ മാർഗത്തിൽ, നിന്ന് അല്ലാഹു ഞങ്ങളെ രക്ഷപ്പെടുത്തിയതിനു ശേഷം, ഞങ്ങൾ മടങ്ങി വരുന്ന പക്ഷം തീർച്ചയായും ഞങ്ങൾ അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുകയായിരിക്കും ചെയ്യുന്നത്.**

وَمَا يَكُونُ لَنَآ أَن نَّعُودَ فِيهَآ إِلَّآ أَن يَشَآءَ ٱللَّهُ رَبُّنَاۚ وَسِعَ رَبُّنَا كُلَّ شَيۡءٍ عِلۡمًاۚ عَلَى ٱللَّهِ تَوَكَّلۡنَاۚ

'അതിൽ മടങ്ങിവരുകയെന്നത് ഞങ്ങൾക്ക് (ഒരിക്കലും) പാടില്ലാത്തതാകുന്നു; ഞങ്ങളുടെ റബ്ബായ അല്ലാഹു (അങ്ങിനെ) ഉദ്ദേശിക്കുന്നതായാലല്ലാതെ. ഞങ്ങളുടെ റബ്ബ് അറിവുകൊണ്ട് എല്ലാ വസ്തുവിനും വിശാലമായിരിക്കുന്നു. [എല്ലാം അവന്റെ അറിവിൽ ഉൾപെടുന്നു]. അല്ലാഹുവിന്റെ മേൽ ഞങ്ങൾ (എല്ലാം) ഭരമേൽപിച്ചിരിക്കുന്നു.

رَبَّنَا ٱفۡتَحۡ بَيۡنَنَا وَبَيۡنَ قَوۡمِنَا بِٱلۡحَقِّ وَأَنتَ خَيۡرُ ٱلۡفَٰتِحِينَ ﴿٨٩﴾

'ഞങ്ങളുടെ റബ്ബേ! ഞങ്ങൾക്കും, ഞങ്ങളുടെ ജനങ്ങൾക്കുമിടയിൽ യഥാർത്ഥപ്രകാരം നീ (തീരുമാനം വരുത്തി) തുറവി നൽകേണമേ! നീ തുറവി നൽകുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു'.

كَذَبًا വ്യാജം قَدِ افْتَرَيْنَا തീർച്ചയായും ഞങ്ങൾ കെട്ടിച്ചമച്ചു عَلَى اللهِ അല്ലാഹുവിന്റെ മേൽ ﴾89﴿ إِنْ عُدْنَا ഞങ്ങൾ മടങ്ങിയാൽ فِي مِلَّتِكُمْ നിങ്ങളുടെ മാർഗത്തിൽ, മതത്തിലേക്ക് بَعْدَ ശേഷം إِذْ نَجَّانَا اللهُ ഞങ്ങളെ അല്ലാഹു രക്ഷപ്പെടുത്തിയതിന് مِنْهَا അതിൽ നിന്ന് وَمَا يَكُونُ ആകുകയില്ല (പാടില്ല) لَنَا ഞങ്ങൾക്ക് أَنْ نَعُودَ ഞങ്ങൾ മടങ്ങിവരൽ فِيهَا അതിൽ إِلَّا أَنْ يَشَاءَ ഉദ്ദേശിക്കുന്നതായാലല്ലാതെ اللهُ رَبُّنَا ഞങ്ങളുടെ റബ്ബായ അല്ലാഹു وَسِعَ വിശാലമായിരിക്കുന്നു رَبُّنَا ഞങ്ങളുടെ (നമ്മുടെ) റബ്ബ് كُلَّ شَيْءٍ എല്ലാ വസ്തുവിനും عِلْمًا അറിവാൽ, അറിവുകൊണ്ട് عَلَى اللهِ അല്ലാഹുവിന്റെ മേൽ تَوَكَّلْنَا ഞങ്ങൾ ഭരമേൽപ്പിച്ചിരിക്കുന്നു رَبَّنَا ഞങ്ങളുടെ റബ്ബേ افْتَحْ നീ തുറന്നു (തുറവിയാക്കി) തരേണമേ بَيْنَنَا ഞങ്ങൾക്കിടയിൽ وَبَيْنَ قَوْمِنَا ഞങ്ങളുടെ ജനങ്ങൾക്കിടയിലും بِالْحَقِّ യഥാർത്ഥപ്രകാരം, ന്യായമനുസരിച്ച് وَأَنْتَ നീയാകട്ടെ خَيْرُ الْفَاتِحِينَ തുറന്നു (തുറവിയാക്കി) തരുന്നവരിൽ ഉത്തമനാകുന്നു

ശുഅയ്ബ് നബി (അ) അവരെ ഉപദേശിക്കുകയും സത്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്തപ്പോൾ ആ നാട്ടിലെ പ്രമാണിവർഗം -അവരാണല്ലോ പൊതു ജനങ്ങളുടെ നേതൃത്വം വഹിക്കുന്നവർ- നൽകിയ മറുപടിയുടെ ആകെത്തുകയാണ് അല്ലാഹു ഉദ്ധരിക്കുന്നത്: ശുഅയ്ബേ, നിന്നെയും നിന്റെ അനുയായികളെയുമൊക്കെ ഈ നാട്ടിൽ നിന്ന് ഞങ്ങൾ പുറത്താക്കുക, അല്ലാത്തപക്ഷം നിങ്ങൾ ഞങ്ങളുടെ മത മാർഗത്തിലേക്ക് തിരിച്ചു വരുക. ഈ രണ്ടിലൊന്ന് കൂടിയേകഴിയൂ. അഥവാ നിങ്ങളുടെ മതം ഉപക്ഷിച്ചു ഞങ്ങളുടെ മതം നിങ്ങൾ സ്വീകരിക്കാത്തപക്ഷം നിങ്ങളെ ഞങ്ങൾ നാട്ടിൽ നിന്ന് പുറത്താക്കാതിരിക്കുകയില്ല എന്നർത്ഥം. സത്യവും, ന്യായവും കൈവശമില്ലാത്ത ഗർവ്വിഷ്ഠരായ പ്രമാണിവർഗത്തിന് ഇതുപോലെയുള്ള ധിക്കാര വാക്കുകളും ഭീഷണികളുമല്ലാതെ മറ്റെന്താണ് പറയുവാനുള്ളത്?! ഈ ഭീഷണിക്ക് മുമ്പിൽ പ്രവാചകനും സത്യവിശ്വാസികളും മുട്ടുകുത്തുമെന്നായിരിക്കും ആ വിഡ്ഢികളുടെ വിചാരം.

അതേസ്വരത്തിലല്ലെങ്കിലും ആ കണക്കുകൂട്ടലിനെ അടിയോടെ പിഴുതെറിയുന്ന മറുപടിയായിരുന്നു ശുഅയ്ബ് (അ) അങ്ങോട്ട് നൽകിയത്. ഞങ്ങൾ ഞങ്ങളുടെ മാർഗം കൈവെടിഞ്ഞു നിങ്ങളുടെ മാർഗം സ്വീകരിക്കുകയാണല്ലോ നിങ്ങളുടെ ആവശ്യം. അതിന് ഞങ്ങൾ തയ്യാറില്ല. നിർബന്ധംകൊണ്ടോ ഭീഷണികൊണ്ടോ അക്കാര്യം സംഭവിക്കാനും പോകുന്നില്ല. നിങ്ങളുടെ മതം സ്വീകരിക്കുക എന്നതിന്റെ അർത്ഥം, ഞങ്ങൾ ഇതുവരെ സ്വീകരിച്ചു വന്നത് അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു

കൃത്രിമ മാർഗമായിരുന്നുവെന്നാണല്ലോ. നിങ്ങളുടേത് പോലെ കെട്ടിച്ചമക്കപ്പെട്ട മാർഗ മല്ല ഞങ്ങളുടേത്. അല്ലാഹു ഉദ്ദേശിച്ചാൽ എന്തും സംഭവിക്കുമെന്നത് ശരി. പക്ഷേ, തൽക്കാലം ഞങ്ങൾ ഞങ്ങളുടെ മതം കൈവിടുമെന്ന് നിങ്ങൾ കാത്തിരിക്കേണ്ട. പിന്നെ, ഞങ്ങളെ നാട്ടിൽ നിന്ന് നിങ്ങൾ പുറത്താക്കുമെന്നുള്ള ഭീഷണിയാണ് ബാക്കിയുള്ള ത്. അതിനെപറ്റി ഞങ്ങൾക്ക് ഭയമില്ല. കാരണം, അല്ലാഹു സർവ്വജ്ഞനാണ്. ഞങ്ങ ളുടെ സർവ്വകാര്യങ്ങളും ഞങ്ങൾ അവനിൽ അർപ്പിച്ചിരിക്കുകയാണ്. അതിൽ വേണ്ടുന്ന നടപടി അവൻ എടുത്തുകൊള്ളും. എന്നൊക്കെയാണ് ശുഅയ്ബ് (അ) പറഞ്ഞതില ടങ്ങിയ ആശയം. അവർ ഭീഷണിക്കും അക്രമത്തിനും മുതിരുകയല്ലാതെ, സത്യാന്വേ ഷണത്തിനോ, വീണ്ടു വിചാരത്തിനോ തയ്യാറാകുമെന്ന പ്രതീക്ഷക്ക് വകയില്ലെന്ന് ശുഅയ്ബ് (അ) കണ്ടു. അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു: ഞങ്ങളുടെ റബ്ബേ! ഞങ്ങൾ ഇരുകൂട്ടർക്കുമിടയിൽ ഒരു തീരുമാനമുണ്ടാക്കി കാര്യം കലാശിപ്പിക്കേണമേ....!

ശുഅയ്ബ് നബി (അ)യിൽ വിശ്വസിച്ചിരുന്ന ആളുകൾ സ്വാഭാവികമായും ശിർക്കിന്റെ മാർഗം സ്വീകരിച്ചു വന്നവരായിരുന്നു. പ്രവാചകന്മാരെ സംബന്ധിച്ചിട ത്തോളം പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പും അവർ ശിർക്കിന്റെ പ്രവർത്തനങ്ങ ളിൽ ഏർപ്പെടാറില്ലെന്ന് പൊതുവെ അറിയപ്പെട്ടതുമാണ്. എന്നിരിക്കെ, അദ്ദേഹത്തെയും സത്യവിശ്വാസികളെയും അഭിമുഖീകരിച്ചുകൊണ്ട് നിങ്ങൾ ഞങ്ങളുടെ മാർഗത്തിലേക്ക് മടങ്ങിവരണമെന്ന് അവിശ്വാസികളും, ഞങ്ങൾക്ക് അതിലേക്ക് മടങ്ങിവരുവാൻ നിവൃ ത്തിയില്ലെന്ന് ശുഅയ്ബ് നബി (അ)യും പറയുമ്പോൾ, അദ്ദേഹവും ഒരിക്കൽ അവ രുടെ ശിർക്കിന്റെ മാർഗം സ്വീകരിച്ചിരുന്നുവെന്ന് വരുന്നില്ലേ? എന്നു വല്ലവർക്കും തോന്നി യേക്കാം. പ്രവാചകത്വം ലഭിക്കും മുമ്പ് പ്രവാചകന്മാർ ശിർക്കിൽ അകപ്പെടാതെ അല്ലാഹു അവരെ കാത്തുരക്ഷിക്കുമെങ്കിലും, അക്കാലത്ത് അവർ തങ്ങളിൽ നിന്നും ഭിന്നമായ ഒരു മാർഗത്തിലാണെന്ന് അവരെപറ്റി ജനങ്ങൾ കരുതി വരാറില്ല. പ്രവാച കത്വം ലഭിച്ചു തൗഹീദിന്റെ പ്രബോധനം ആരംഭിക്കുന്നതോടെയായിരിക്കും എതിർപ്പും ശത്രുതയും ആരംഭിക്കുന്നതും. അതുവരെ പ്രവാചകന്മാരെ അവർ ഒരു അന്യനായി ഗണിക്കാറില്ല. അവർക്ക് പ്രത്യേകമായ ഒരു കർമ പദ്ധതി ആരംഭിക്കുന്നത് പ്രവാച കത്വം മുതൽക്കായിരിക്കുമല്ലോ. നബി തിരുമേനിﷺയുടെ സ്ഥിതിയും അങ്ങിനെത്ത ന്നെയായിരുന്നു. ശിർക്കിന്റെ പ്രവർത്തനങ്ങളിലോ, ജാഹിലിയ്യാ ദുരാചാരങ്ങളിലോ ഒന്നുംതന്നെ പ്രവാചകത്വത്തിന് മുമ്പും തിരുമേനി പങ്കെടുക്കുകയുണ്ടായിട്ടില്ല. അക്കാ രണത്താൽ, ആരും തിരുമേനിയെ ഒരു പുതിയ മാർഗക്കാരനായി ആക്ഷേപിച്ചിരുന്ന തുമില്ല. പ്രവാചകത്വം സിദ്ധിച്ചു തൗഹീദിന്റെ പ്രബോധനം ആരംഭിച്ചതോടെയാണ് എതിർപ്പുകൾ തലപൊക്കിയതും, മതത്തിൽ ഭിന്നിപ്പുണ്ടാക്കി എന്നുള്ള ആരോപണം തുടങ്ങിയതുമെല്ലാം.

وَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ لَئِنِ ٱتَّبَعْتُمْ شُعَيْبًا إِنَّكُمْ إِذًا لَّخَـٰسِرُونَ ﴿٩٠﴾

﴾90﴿ **അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന് അവിശ്വസിച്ചവരായ പ്രധാനി കൾ പറയുകയും ചെയ്തു; 'നിശ്ചയ മായും, നിങ്ങൾ ശുഅയ്ബിനെ പിൻപ റ്റുന്ന പക്ഷം, അപ്പോൾ നിങ്ങൾ നഷ്ട പ്പെട്ടവർ തന്നെയായിരിക്കും'.**

﴾90﴿ وَقَالَ പറയുകയും ചെയ്തു الْمَلَأُ പ്രധാനികൾ الَّذِينَ كَفَرُوا അവിശ്വസിച്ച مِن قَوْمِهِ അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന് لَئِنِ اتَّبَعْتُمْ നിങ്ങൾ പിൻപറ്റിയെങ്കിൽ شُعَيْبًا ശുഅയ്ബിനെ إِنَّكُمْ إِذًا എന്നാൽ (അപ്പോൾ) നിശ്ചയമായും നിങ്ങൾ لَخَاسِرُونَ നഷ്ടപ്പെട്ടവർ തന്നെ.

സത്യത്തിനെതിരിൽ പ്രചാരണം നടത്തുന്നവരുടെ എല്ലാ കാലത്തുമുള്ള ഒരു പ്രചരണ മാർഗമാണിതും. സത്യം സ്വീകരിച്ചവരെ ഭീഷണികൊണ്ടും, നിർബന്ധം കൊണ്ടും പിൻമടക്കുവാൻ കഴിയുന്നില്ലെങ്കിൽ, പൊതുജനങ്ങളെ അതിൽ നിന്ന് തടഞ്ഞു നിറുത്തുവാൻവേണ്ടി അത് സ്വീകരിച്ചു പോകരുത്, സ്വീകരിച്ചാൽ പിഴച്ചു പോകും, പുരോഗതിയും മോക്ഷവും നഷ്ടപ്പെടും'. എന്നിങ്ങനെ പറഞ്ഞുപരത്തുക. 'നിങ്ങൾ ഞങ്ങളുടെ മാർഗത്തിലേക്ക് മടങ്ങാത്തപക്ഷം ഞങ്ങൾ നിങ്ങളെ നാട്ടിൽ നിന്നു പുറത്താക്കു'മെന്ന ഭീഷണി മുഴക്കിയ വക്താക്കൾ ആ സമുദായത്തിലെ ഏറ്റവും കടുത്ത ധിക്കാരികളായിരുന്നുവെന്നും, ശുഅയ്ബിനെ പിൻപറ്റിയവർ നഷ്ടക്കാരായിത്തീരുമെന്ന് പ്രചാരണം നടത്തുന്നതിൽ അവരല്ലാത്തവർക്കും പങ്കുണ്ടായിരുന്നുവെന്നുമാണ് മനസ്സിലാകുന്നത്. കാരണം, ഭീഷണി മുഴക്കിയ പ്രധാനികളെപറ്റി പറഞ്ഞപ്പോൾ, അവരെ الَّذِينَ اسْتَكْبَرُوا (അഹംഭാവം നടിച്ചവർ) എന്നും, ശുഅയ്ബിനെ പിൻപറ്റിയാൽ നഷ്ടക്കാരാകുമെന്നു പറഞ്ഞ പ്രധാനികളെപറ്റി പറഞ്ഞപ്പോൾ الَّذِينَ كَفَرُوا (അവിശ്വസിച്ചവർ) എന്നുമാണ് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നത്.

فَأَخَذَتْهُمُ الرَّجْفَةُ فَأَصْبَحُوا فِي دَارِهِمْ جَاثِمِينَ ﴿٩١﴾

﴾91﴿ അപ്പോൾ, അവർക്ക് കഠിന കമ്പനം പിടിപെട്ടു. അങ്ങനെ, അവരുടെ വാസസ്ഥലത്ത് അവർ (കാലത്ത്) കമിഴ്ന്നു വീണവരായി!

الَّذِينَ كَذَّبُوا شُعَيْبًا كَأَن لَّمْ يَغْنَوْا فِيهَا ۚ

﴾92﴿ ശുഅയ്ബിനെ വ്യാജമാക്കിയവർ-അവർ അവിടത്തിൽ നിവസിച്ചിട്ടില്ലാത്തതുപോലെ(യായി)!

الَّذِينَ كَذَّبُوا شُعَيْبًا كَانُوا هُمُ الْخَاسِرِينَ ﴿٩٢﴾

(അതെ) ശുഅയ്ബിനെ വ്യാജമാക്കിയവർ-അവർ തന്നെയായിരുന്നു നഷ്ടക്കാർ!

﴾91﴿ فَأَخَذَتْهُمُ അപ്പോൾ അവരെ പിടികൂടി, അവർക്ക് പിടിപെട്ടു الرَّجْفَةُ കഠിന കമ്പനം, കിടുകിടുക്കം, പ്രകമ്പനം فَأَصْبَحُوا അങ്ങനെ അവർ (കാലത്ത്)ആയി فِي دَارِهِمْ അവരുടെ വസതിയിൽ, ഭവനത്തിൽ جَاثِمِينَ കമിഴ്ന്ന് (മറിഞ്ഞു) വീണവർ ﴾92﴿ الَّذِينَ كَذَّبُوا വ്യാജമാക്കിയവർ شُعَيْبًا ശുഅയ്ബിനെ كَأَن لَّمْ يَغْنَوْا അവർ താമസിച്ചിട്ടില്ലാത്തപോലെ,

ധന്യമായിരുന്നില്ലാത്തമാതിരി فِيهَا അതിൽ, അവിടത്തിൽ الَّذِينَ كَذَّبُوا شُعَيْبًا ശുഅയ്ബിനെ വ്യാജമാക്കിയവർ كَانُوا هُمُ അവർ തന്നെയായിരുന്നു الْخَاسِرِينَ നഷ്ടപ്പെട്ടവർ

ഞങ്ങൾക്കിടയിൽ ഒരു തീരുമാനമുണ്ടാക്കിത്തരണേ എന്ന് ശുഅയ്ബ് (അ) പ്രാർത്ഥിച്ചിരുന്നുവല്ലോ. ആ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് അല്ലാഹു ഉണ്ടാക്കിയ തീരുമാനമായി ഒരു രാത്രി പെട്ടെന്ന് അതിഭയങ്കരമായ ഒരു പ്രകമ്പനം! രാത്രി സുഖമായി കിടന്നുറങ്ങിയ അവർ പ്രഭാതം പുലർന്നപ്പോഴെക്കും തങ്ങളുടെ വസതികളിൽ മറിഞ്ഞു വീണു ചത്തൊടുങ്ങി. മുമ്പ് ആ നാട്ടിൽ അവരാരും താമസിച്ചിട്ടേയില്ലെന്ന് തോന്നുമാറ് ഒന്നടങ്കം അവർ നശിച്ചു. ശുഅയ്ബിനെ പിൻപറ്റുന്നവർ നഷ്ടക്കാരായിരിക്കുമെന്നാണ് അവർ പ്രചരിപ്പിച്ചിരുന്നത്. പക്ഷേ, നഷ്ടക്കാരായത് യഥാർത്ഥത്തിൽ അവർ തന്നെ. ശുഅയ്ബ് നബി (അ)യും സത്യവിശ്വാസികളും നേരത്തെത്തന്നെ രക്ഷപ്പെട്ടുവെന്നു പറയേണ്ടതില്ല. പൊതുശിക്ഷ വരുമ്പോൾ അതിന് മുമ്പായി പ്രവാചകനെയും അനുയായികളെയും രക്ഷപ്പെടുത്തുക അല്ലാഹുവിന്റെ പതിവാണല്ലോ.

മദ്‌യൻകാർക്ക് ബാധിച്ച ശിക്ഷയെപ്പറ്റി കഠിനമായ കമ്പനം (الرَّجْفَةُ) എന്നാണ് ഇവിടെ പറഞ്ഞത്. സു: ഹൂദിൽ അതിനെപറ്റി ഘോരശബ്ദം (الصَّيْحَةُ) എന്ന് പറഞ്ഞിരിക്കുന്നു. അപ്പോൾ അതിശക്തമായ ഒരുതരം പൊട്ടിത്തെറിയോ, ഭൂകമ്പമോ ആയിരിക്കും അതെന്ന് കരുതാം. الله اعلم

فَتَوَلَّىٰ عَنْهُمْ وَقَالَ يَٰقَوْمِ لَقَدْ أَبْلَغْتُكُمْ رِسَٰلَٰتِ رَبِّى وَنَصَحْتُ لَكُمْ ۖ فَكَيْفَ ءَاسَىٰ عَلَىٰ قَوْمٍ كَٰفِرِينَ ﴿٩٣﴾

﴾93﴿ അപ്പോൾ, അദ്ദേഹം അവരിൽ നിന്ന് വിട്ടുമാറി; അദ്ദേഹം പറയുകയും ചെയ്തു: എന്റെ ജനങ്ങളേ, തീർച്ചയായും, എന്റെ റബ്ബിന്റെ ദൗത്യങ്ങളെ ഞാൻ നിങ്ങൾക്ക് എത്തിച്ചു തന്നിട്ടുണ്ട്; നിങ്ങൾക്ക് ഞാൻ ഗുണം കാംക്ഷിക്കുക [ഉപദേശം നൽകുക]യും ചെയ്തു. എന്നിരിക്കെ, അവിശ്വാസികളായ ഒരു ജനതയുടെ പേരിൽ ഞാൻ എങ്ങിനെ സങ്കടപ്പെടും?! [അതിനവകാശമില്ലല്ലോ]'.

﴾93﴿ فَتَوَلَّى അങ്ങനെ അദ്ദേഹം മാറി, തിരിഞ്ഞു عَنْهُمْ അവരെ വിട്ട്, അവരിൽ നിന്ന് وَقَالَ അദ്ദേഹം പറയുകയും ചെയ്തു يَاقَوْمِ എന്റെ ജനങ്ങളേ لَقَدْ أَبْلَغْتُكُمْ തീർച്ചയായും ഞാൻ നിങ്ങൾക്ക് എത്തിച്ചിട്ടുണ്ട് رِسَالَاتِ ദൗത്യങ്ങളെ رَبِّي എന്റെ റബ്ബിന്റെ وَنَصَحْتُ لَكُمْ ഞാൻ നിങ്ങൾക്ക് ഗുണം കാംക്ഷിക്കുകയും (ഉപദേശിക്കുകയും) ചെയ്തു فَكَيْفَ അപ്പോൾ എങ്ങിനെ آسَى ഞാൻ സങ്കടപ്പെടും, വ്യസനപ്പെടും عَلَى قَوْمٍ ഒരു ജനതയുടെ മേൽ كَافِرِينَ അവിശ്വാസികളായ

ഥമൂദ് ഗോത്രം ഒന്നടങ്കം ശിക്ഷയിൽപെട്ട് നശിച്ചപ്പോൾ സ്വാലിഹ് നബി (അ) അവരെ നോക്കി പറഞ്ഞതായി 79-ാം വചനത്തിൽ പ്രസ്താവിച്ചതുപോലെയുള്ള വാക്കുകൾ തന്നെയാണ് ശുഅയ്ബ് (അ) അദ്ദേഹത്തിന്റെ ചത്തൊടുങ്ങിയ ജനതയെ നോക്കിയും പറഞ്ഞത്.

സന്ദർഭവശാൽ, രസകരമായ ഒരു വസ്തുത ഇവിടെ ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു. സ്വാലിഹ് നബി (അ) പറഞ്ഞതായി 79-ാം വചനത്തിൽ കണ്ട വാക്കുകൾ അദ്ദേഹം തന്റെ മരണമടഞ്ഞ ജനങ്ങളെ നോക്കിപ്പറഞ്ഞതല്ലെന്നും, പൊതുശിക്ഷ ബാധിക്കുമ്പോൾ സ്വാഭാവികമായും ചിലരൊക്കെ അതിൽ നിന്നും രക്ഷപ്പെടാറുണ്ടെന്നും, അങ്ങിനെ രക്ഷപ്പെട്ടിരുന്ന ചിലരോടായിരുന്നു അദ്ദേഹം അത് പറഞ്ഞതെന്നുമൊക്കെ ചില ആളുകൾ പ്രസ്താവിച്ചതായി മുമ്പ് പറഞ്ഞുവല്ലോ. അത് ശരിയല്ലെന്നും നാം അവിടെ ചൂണ്ടിക്കാട്ടി. എന്നാൽ, അതേ കൂട്ടർ -ആ പറഞ്ഞത് മറന്നുപോയതുകൊണ്ടോ എന്തോ എന്നറിഞ്ഞുകൂടാ- ഈ വചനത്തിന്റെ അർത്ഥം വിവരിക്കുന്ന കൂട്ടത്തിൽ ഇങ്ങിനെ എഴുതുന്നു: '.....അവരുടെ അന്തസ്സ് മാത്രമല്ല, സ്മാരകങ്ങൾകൂടി നശിച്ചുപോയി. ചുരുക്കത്തിൽ, അവിടെ അവർ തീരെ നിവസിക്കുകതന്നെ ചെയ്തിട്ടില്ലാത്തപോലെയായിത്തീർന്നു'. അപ്പോൾ പിന്നെ, നശിക്കാതെ ബാക്കിയാകുകയും സ്മരണ നില നിറുത്തുകയും ചെയ്ത ചില ആളുകളോടാണ് ശുഅയ്ബ് (അ) ഇത് പറഞ്ഞതെന്നുവെക്കുവാൻ തരമില്ലല്ലോ. സ്വാലിഹ് നബി (അ)യുടെ ജനതയെക്കുറിച്ച് മാത്രം അങ്ങിനെ പറയുവാൻ ഇവരെ പ്രേരിപ്പിച്ചതെന്താണെന്ന് മനസ്സിലാകുന്നില്ല.

വിഭാഗം - 12

وَمَآ أَرْسَلْنَا فِى قَرْيَةٍ مِّن نَّبِىٍّ إِلَّآ أَخَذْنَآ أَهْلَهَا بِٱلْبَأْسَآءِ وَٱلضَّرَّآءِ لَعَلَّهُمْ يَضَّرَّعُونَ ﴿٩٤﴾

﴾94﴿ ഒരു രാജ്യത്തും (തന്നെ) ഒരു നബിയെയും നാം അയച്ചിട്ടില്ല, അതിലെ ആൾക്കാരെ ദുരിതവും, കഷ്ടപ്പാടുംകൊണ്ട് നാം പിടികൂടാതെ; അവർ താഴ്മ കാണിക്കുവാൻ വേണ്ടി.

ثُمَّ بَدَّلْنَا مَكَانَ ٱلسَّيِّئَةِ ٱلْحَسَنَةَ حَتَّىٰ عَفَوا۟ وَّقَالُوا۟ قَدْ مَسَّ ءَابَآءَنَا ٱلضَّرَّآءُ وَٱلسَّرَّآءُ فَأَخَذْنَٰهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٩٥﴾

﴾95﴿ പിന്നീട്, തിന്മയുടെ സ്ഥാനത്ത് നാം നന്മയെ പകരമാക്കി. അങ്ങനെ, അവർ അഭിവൃദ്ധിപ്പെട്ടു; അവർ പറയുകയും ചെയ്തു; 'നമ്മുടെ പിതാക്കളെ കഷ്ടാവസ്ഥയും, സന്തോഷാവസ്ഥയും ബാധിക്കുകയുണ്ടായിട്ടുണ്ട്. [അതുപോലെ നമുക്കും ബാധിച്ചുവെന്നു മാത്രം.]' അപ്പോൾ, അവർ അറിയാത്ത വിധത്തിൽ പെട്ടെന്ന് അവരെ നാം പിടിച്ചു (ശിക്ഷിച്ചു).

﴾94﴿ وَمَاأَرْسَلْنَا നാം അയച്ചിട്ടില്ല فِي قَرْيَةٍ ഒരു രാജ്യത്തും مِنْ نَبِيٍّ ഒരു നബിയെയും
إِلاَّ أَخَذْنَا നാം പിടിക്കാതെ أَهْلَهَا അതിന്റെ ആൾക്കാരെ بِالْبَأْسَاءِ ദുരിതംകൊണ്ട് وَالضَّرَّاءِ
കഷ്ടപ്പാടും لَعَلَّهُمْ അവരാകുവാൻ വേണ്ടി, ആയേക്കാം يَضَّرَّعُونَ അവർ താഴ്മ കാണി
ക്കും, വിനയപ്പെടും ﴾95﴿ ثُمَّ بَدَّلْنَا പിന്നെ നാം പകരമാക്കി مَكَانَ സ്ഥാനത്ത് السَّيِّئَةِ
തിന്മയുടെ الْحَسَنَةَ നന്മയെ حَتَّى عَفَوْا അങ്ങനെ അവർ അഭിവൃദ്ധിപ്പെട്ടു, അവർ വളർച്ച
പ്രാപിക്കുന്നതുവരെ وَقَالُوا അവർ പറയുകയും ചെയ്തു قَدْ مَسَّ ബാധിച്ചിട്ടുണ്ട് آبَاءَنَا
നമ്മുടെ (ഞങ്ങളുടെ) പിതാക്കളെ الضَّرَّاءُ കഷ്ടപ്പാട് (കഷ്ടാവസ്ഥ) وَالسَّرَّاءُ സന്തോ
ഷവും (സന്തോഷാവസ്ഥയും) فَأَخَذْنَاهُمْ അപ്പോൾ നാമവരെ പിടിച്ചു (ശിക്ഷിച്ചു)
بَغْتَةً പെട്ടെന്ന് وَهُمْ അവരാകട്ടെ, അവരായിരിക്കെ لاَيَشْعُرُونَ അവർ അറിയുന്നില്ല.

പ്രവാചകന്മാരെ ധിക്കരിച്ച ചില സമുദായങ്ങളുടെ ചരിത്രം പ്രത്യേകം പ്രത്യേകം എടുത്തു വിവരിച്ച ശേഷം, കഴിഞ്ഞുപോയ പല സമുദായങ്ങളെപറ്റിയും പൊതുവെയുള്ള ഒരു പ്രസ്താവനയാണിത്. പ്രവാചകന്മാർ സത്യത്തിലേക്ക് ക്ഷണിക്കുമ്പോൾ എതിർപ്പും നിഷേധവും കൂടാതെ ഒരു സമുദായവും അത് സ്വീകരിക്കുവാൻ തയ്യാറാകാറില്ല. പക്ഷേ, അക്കാരണത്താൽ അല്ലാഹു ഒരു സമുദായത്തെയും ശിക്ഷിച്ചു നശിപ്പിക്കുക പതിവില്ല. ആദ്യം അവനിൽ വിനയവും താഴ്മയും ഉണ്ടാക്കിത്തീർക്കുവാൻ വേണ്ടി അല്ലാഹു അവരുടെ ദേഹങ്ങളിലോ ധനത്തിലോ വല്ല കഷ്ടപ്പാടും വഴി പരീക്ഷണം നടത്തും. അതിൽ നിന്ന് അവർ പാഠംപഠിക്കാത്തപ്പോൾ തൽസ്ഥാനത്ത് അഭിവൃദ്ധിയും ക്ഷേമൈശ്വര്യങ്ങളും നൽകി പരീക്ഷണം നടത്തും. ഈ അവസരത്തിൽ നന്ദിക്ക് പകരം നന്ദികേടും ധിക്കാരവുമായിരിക്കും അവരിൽ നിന്ന് പ്രകടമാകുക. സുഖദുഃഖങ്ങൾ നമുക്കുമാത്രമല്ല, മുമ്പുള്ളവർക്കും ഉണ്ടാകാറുള്ളതാണ്, അതു ലോക പ്രകൃതിയാണ്, അല്ലാതെ നമുക്ക് പ്രത്യേകമായുള്ളതൊന്നുമല്ല എന്നൊക്കെയായിരിക്കും അവർ പറയുക. ചുരുക്കത്തിൽ തിന്മ ബാധിച്ചാലും നന്മ ബാധിച്ചാലും അതിൽ നിന്ന് പാഠം പഠിക്കുകയില്ല. അങ്ങനെ, അഭിവൃദ്ധിയിലും സന്തോഷത്തിലും വിഹരിച്ചുകൊണ്ടിരിക്കെയായിരിക്കും ഓർക്കാപ്പുറത്ത് അവർക്ക് പെട്ടെന്ന് ശിക്ഷകൾ വന്നുഭവിക്കുന്നത്. അപ്പോൾ, ഖേദിക്കും. പക്ഷേ, ഫലമുണ്ടാകയില്ല എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ സാരം. അല്ലാഹു തുടരുന്നു:-

وَلَوْ أَنَّ أَهْلَ ٱلْقُرَىٰٓ ءَامَنُوا۟ وَٱتَّقَوْا۟ لَفَتَحْنَا عَلَيْهِم بَرَكَـٰتٍ مِّنَ ٱلسَّمَآءِ وَٱلْأَرْضِ وَلَـٰكِن كَذَّبُوا۟ فَأَخَذْنَـٰهُم بِمَا كَانُوا۟ يَكْسِبُونَ ﴿٩٦﴾

﴾96﴿ (ആ) രാജ്യക്കാർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ, നാം അവർക്ക് ആകാശത്തു നിന്നും, ഭൂമിയിൽ നിന്നും 'ബർക്കത്തുകൾ' അനുഗ്രഹാഭിവൃദ്ധികൾ തുറന്നുകൊടുക്കുക തന്നെ ചെയ്യുമായിരുന്നു. എങ്കിലും, അവർ വ്യാജമാക്കുകയാണ് ചെയ്തത്; അതിനാൽ, അവർ (പ്രവർത്തിച്ചു) സമ്പാദിച്ചിരുന്നത് നിമിത്തം അവരെ നാം പിടിച്ചു (ശിക്ഷിച്ചു).

﴾96﴿ وَلَوْ أَنَّ ആയിരുന്നെങ്കിൽ أَهْلَ الْقُرَى (ആ) രാജ്യക്കാർ آمَنُوا അവർ വിശ്വസിച്ചു وَاتَّقَوْا അവർ സൂക്ഷിക്കുകയും ചെയ്തു(വെങ്കിൽ) لَفَتَحْنَا നാം തുറക്കുകതന്നെ ചെയ്യും عَلَيْهِمْ അവർക്ക്, അവരിൽ بَرَكَاتٍ അനുഗ്രഹങ്ങളെ, അഭിവൃദ്ധികളെ, വളർച്ച കളെ مِنَ السَّمَاءِ ആകാശത്തു നിന്ന് وَالْأَرْضِ ഭൂമിയിൽനിന്നും وَلَٰكِنْ كَذَّبُوا എങ്കിലും അവർ വ്യാജമാക്കി فَأَخَذْنَاهُمْ അപ്പോൾ നാമവരെ പിടിച്ചു بِمَا كَانُوا അവർ ആയിരുന്നത്കൊണ്ട് يَكْسِبُونَ അവർ സമ്പാദിക്കും, പ്രവർത്തിച്ചുവെക്കും

സത്യവിശ്വാസം സ്വീകരിച്ചും അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷിച്ചും ജീവിക്കാത്തത് കൊണ്ടാണ് അവർ ശിക്ഷ അനുഭവിക്കേണ്ടി വന്നത്. അല്ലായിരുന്നുവെങ്കിൽ, ആകാശത്ത് നിന്ന് മഴ മുതലായ അനുഗ്രഹങ്ങളും ഭൂമിയിൽ നിന്ന് ഉൽപന്നങ്ങളുടെ വർദ്ധനവ് മുതലായ അനുഗ്രഹങ്ങളും അവർക്ക് സുഭിക്ഷം ലഭിച്ചുകൊണ്ട് സുഖമായി കഴിയുമായിരുന്നുവെന്ന് സാരം. അല്ലാഹു ചോദിക്കുന്നു:-

أَفَأَمِنَ أَهْلُ ٱلْقُرَىٰٓ أَن يَأْتِيَهُم بَأْسُنَا بَيَٰتًا وَهُمْ نَآئِمُونَ ﴿٩٧﴾

﴾97﴿ അപ്പോൾ, തങ്ങൾ ഉറങ്ങുന്നവരായിരിക്കെ രാത്രി വേളയിൽ നമ്മുടെ ശിക്ഷ തങ്ങൾക്ക് വരുന്നതിനെക്കുറിച്ച് (ഭയപ്പെടാതെ) രാജ്യക്കാർ സമാധാനപ്പെട്ടിരിക്കുകയോ?

﴾97﴿ أَفَأَمِنَ അപ്പോൾ സമാധാനപ്പെട്ടിരിക്കയോ, നിർഭയമായോ أَهْلُ الْقُرَى രാജ്യക്കാർ أَنْ يَأْتِيَهُمْ അവർക്ക് വരുന്നതിനെക്കുറിച്ച്, വന്നെത്തുന്നത് بَأْسُنَا നമ്മുടെ ഗൗരവം, ശൗര്യം, ഊക്ക്, ശിക്ഷ بَيَاتًا രാത്രി വേളയിൽ, രാത്രിയിലെ ആക്രമണമായിട്ട് وَهُمْ അവരായിരിക്കെ نَائِمُونَ ഉറങ്ങുന്നവർ

أَوَأَمِنَ أَهْلُ ٱلْقُرَىٰٓ أَن يَأْتِيَهُم بَأْسُنَا ضُحًى وَهُمْ يَلْعَبُونَ ﴿٩٨﴾

﴾98﴿ തങ്ങൾ കളിച്ചുകൊണ്ടിരിക്കെ പൂർവ്വാഹ്ന [ഇളയുച്ച] വേളയിൽ തങ്ങൾക്ക് നമ്മുടെ ശിക്ഷ വരുന്നതിനെയും (ഭയപ്പെടാതെ) രാജ്യക്കാർ സമാധാനപ്പെട്ടിരിക്കുകയാണോ?!

أَفَأَمِنُوا۟ مَكْرَ ٱللَّهِ ۚ

﴾99﴿ (അതെ) അപ്പോൾ, അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് (ഭയപ്പെടാതെ) അവർ സമാധാനപ്പെട്ടിരിക്കുകയോ?!

فَلَا يَأْمَنُ مَكْرَ ٱللَّهِ إِلَّا ٱلْقَوْمُ ٱلْخَٰسِرُونَ ﴿٩٩﴾

എന്നാൽ, അല്ലാഹുവിന്റെ തന്ത്രത്തെക്കുറിച്ച് (ഭയപ്പെടാതെ) നഷ്ടപെട്ട ജനങ്ങളല്ലാതെ സമാധാനപ്പെട്ടിരിക്കുകയില്ല.

《98》 أَوَأَمِنَ സമാധാനപ്പെടുകയും ചെയ്തുവോ (ചെയ്യുകയാണോ) أَهْلُ الْقُرَىٰ രാജ്യക്കാർ أَن يَأْتِيَهُم അവർക്ക് വരുന്നതിനെ بَأْسُنَا നമ്മുടെ ശിക്ഷ ضُحًى പൂർവ്വാഹ്നത്തിൽ, ഇളയുച്ചക്ക് وَهُمْ അവരായിരിക്കെ يَلْعَبُونَ അവർ കളിച്ചുകൊണ്ടിരിക്കും 《99》 أَفَأَمِنُوا അപ്പോൾ അവർ സമാധാനപ്പെട്ടുവോ, നിർഭയരായിരിക്കയോ مَكْرَ اللَّهِ അല്ലാഹുവിന്റെ തന്ത്രത്തെ(ക്കുറിച്ച്) فَلَا يَأْمَنُ എന്നാൽ സമാധാനപ്പെടുക(ഭയപ്പെടാതിരിക്ക)യില്ല مَكْرَ اللَّهِ അല്ലാഹുവിന്റെ തന്ത്രത്തെ إِلَّا الْقَوْمُ ജനങ്ങളല്ലാതെ الْخَاسِرُونَ നഷ്ടപ്പെട്ട, നഷ്ടക്കാരായ

അവിശ്വാസികളും ദുർമാർഗികളുമായിരുന്ന പല രാജ്യക്കാരുടെയും സമുദായങ്ങളുടെയും അനുഭവങ്ങൾ മുമ്പ് വിവരിച്ചുവല്ലോ. അതുപോലെയുള്ള ചില ശിക്ഷാനടപടികൾ ഇവരിലും ഏതുസമയത്തും സംഭവിച്ചു കൂടായ്കയില്ലെന്ന് ഈ ജനങ്ങളും ഓർമിച്ചു കൊള്ളട്ടെ. ആ ചരിത്ര സംഭവങ്ങളിൽ നിന്ന് പാഠം പഠിക്കാതെ -ഞങ്ങൾക്കൊന്നും ബാധിക്കുകയില്ലെന്ന്- സമാധാനിച്ചു കൊണ്ടിരിക്കുന്ന പക്ഷം, അത് വമ്പിച്ച നഷ്ടത്തിന് ഇടവരുത്തിയേക്കുമെന്ന് അല്ലാഹു അവിശ്വാസികളെ താക്കീത് ചെയ്കയാണ്.

തങ്ങൾ ചെയ്യുന്നതെല്ലാം ശരിയാണെന്നും, തങ്ങൾക്ക് ആരോടും ഉത്തരം പറയേണ്ടതില്ലെന്നും കരുതുന്നവർ മാത്രമേ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് ഭയപ്പെടാതെ നിർഭയരായിരിക്കയുള്ളൂ. ഹസൻ ബസ്വരി (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ട ഒരു വാക്യം വളരെ അർത്ഥവത്താകുന്നു: 'സത്യവിശ്വാസി സൽപ്രവൃത്തികൾ ചെയ്യുന്നത് ഭയപ്പാടോടും പേടിയോടും കൂടിയായിരിക്കും. തോന്നിയവാസി പാപങ്ങൾ ചെയ്യുന്നത് ഭയപ്പാടില്ലാതെ നിർഭയനായും കൊണ്ടായിരിക്കും'.

വിഭാഗം - 13

أَوَلَمْ يَهْدِ لِلَّذِينَ يَرِثُونَ ٱلْأَرْضَ مِنۢ بَعْدِ أَهْلِهَآ أَن لَّوْ نَشَآءُ أَصَبْنَٰهُم بِذُنُوبِهِمْ ۚ

《100》 ഭൂമിയെ, അതിലെ (പൂർവ്വിക) ആൾക്കാരുടെ ശേഷം, അനന്തരാവകാശമെടുക്കുന്നവർക്ക് മാർഗദർശകമായി[വ്യക്തമായി]ട്ടുമില്ലേ? നാം ഉദ്ദേശിക്കുന്ന പക്ഷം, അവരുടെ പാപങ്ങൾ നിമിത്തം നാം അവർക്ക് (ആപത്ത്) ബാധിപ്പിക്കുമെന്ന്!

وَنَطْبَعُ عَلَىٰ قُلُوبِهِمْ فَهُمْ لَا يَسْمَعُونَ ﴿١٠٠﴾

നാം അവരുടെ ഹൃദയങ്ങൾക്ക് മുദ്രവെക്കുകയും ചെയ്യുന്നു; അപ്പോൾ അവർ കേൾക്കുകയില്ല.

﴾100﴿ أَوَلَمْ يَهْدِ മാർഗദർശകവുമാകുന്നില്ലേ, വ്യക്തമാകുന്നുമില്ലേ لِلَّذِينَ يَرِثُونَ അനന്തരമെടുക്കുന്നവർക്ക്, അനന്തരാവകാശികളായി വരുന്ന(കൈകാര്യം ചെയ്യുന്ന)വർക്ക് الْأَرْضَ ഭൂമിയെ مِنْ بَعْدِ ശേഷം, ശേഷമായി أَهْلِهَا അതിന്റെ ആൾക്കാരുടെ أَنْ لَوْ نَشَاءُ നാം ഉദ്ദേശിക്കുന്ന പക്ഷം أَصَبْنَاهُمْ അവർക്ക് നാം (ആപത്ത്) ബാധിപ്പിക്കും എന്ന് بِذُنُوبِهِمْ അവരുടെ പാപങ്ങൾ നിമിത്തം وَنَطْبَعُ നാം മുദ്രവെക്കുകയും ചെയ്യും (ചെയ്യുന്നു) عَلَىٰ قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്ക്, ഹൃദയങ്ങളുടെ മേൽ فَهُمْ അപ്പോൾ അവർ, അങ്ങനെ അവർ لَا يَسْمَعُونَ കേൾക്കുകയില്ല (കേൾക്കുന്നില്ല)

മുൻ സമുദായങ്ങളുടെ അനന്തരാവകാശികളും പിൻഗാമികളുമായി ഈ ഭൂമിയിൽ രംഗത്ത് വന്നിട്ടുള്ളവരാണല്ലോ ഈ അവിശ്വാസികൾ. അവരുടെ പാപങ്ങൾ നിമിത്തം അവരെ ശിക്ഷിച്ചതുപോലെ ഇവരെയും വേണമെങ്കിൽ നമുക്ക് ശിക്ഷിക്കാവുന്നതാണെന്ന് അവരുടെ ചരിത്രങ്ങളിൽ നിന്ന് ഇവർക്ക് വ്യക്തമായി മനസ്സിലായിട്ടില്ലേ?! പിന്നെയും വിശ്വസിക്കാതിരിക്കുകയാണ് ഇവർ. ഇവരുടെ ഹൃദയങ്ങൾക്ക് നാം മുദ്രവെക്കുകയാണ് ചെയ്യുന്നത്. അങ്ങനെ സത്യയാഥാർത്ഥ്യങ്ങൾ അവർ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യാതിരിക്കുകയാണ് എന്ന് സാരം. അല്ലാഹു ഹൃദയങ്ങൾക്ക് മുദ്രവെക്കുക എന്ന് പറയുന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് ഒന്നിലധികം പ്രാവശ്യം മുമ്പ് നാം വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അടുത്ത വചനത്തിൽ നിന്ന് തന്നെ അത് മനസ്സിലാക്കാം.

تِلْكَ ٱلْقُرَىٰ نَقُصُّ عَلَيْكَ مِنْ أَنۢبَآئِهَا ۚ

﴾101﴿ ആ രാജ്യങ്ങൾ; അവയുടെ വൃത്താന്തങ്ങളിൽ നിന്ന് (ചിലതൊക്കെ) നാം നിനക്ക് തരുകയാണ്.

وَلَقَدْ جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ فَمَا كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ مِن قَبْلُ ۚ كَذَٰلِكَ يَطْبَعُ ٱللَّهُ عَلَىٰ قُلُوبِ ٱلْكَٰفِرِينَ ﴿١٠١﴾

തീർച്ചയായും, അവർക്ക് [ആ രാജ്യക്കാർക്ക്] അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി ചെല്ലുകയുണ്ടായി. എന്നാൽ, മുമ്പ് അവർ യാതൊന്നിനെ വ്യാജമാക്കിയോ അതിൽ അവർ വിശ്വസിക്കു(വാൻ തയ്യാറാകു)കയുണ്ടായില്ല. അപ്രകാരം, അവിശ്വാസികളുടെ ഹൃദയങ്ങൾക്ക് അല്ലാഹു മുദ്ര കുത്തുന്നു.

﴾101﴿ تِلْكَ الْقُرَى ആ രാജ്യങ്ങൾ نَقُصُّ عَلَيْكَ നിനക്ക് നാം (കഥ) വിവരിച്ചു തരുന്നു مِنْ أَنبَائِهَا അതിന്റെ വൃത്താന്ത(വർത്തമാന)ങ്ങളിൽ നിന്ന് وَلَقَدْ جَاءَتْهُمْ തീർച്ചയായും അവർക്ക് വന്നിട്ടുണ്ട്, ചെല്ലുകയുണ്ടായി رُسُلُهُمْ അവരുടെ റസൂലുകൾ بِالْبَيِّنَاتِ തെളിവുകളുമായി فَمَا كَانُوا എന്നിട്ട് അവർ (തയ്യാർ) ആയില്ല لِيُؤْمِنُوا അവർ വിശ്വസിക്കുവാൻ بِمَا كَذَّبُوا അവർ വ്യാജമാക്കിയതിൽ, വ്യാജമാക്കിയതുകൊണ്ട് مِن قَبْلُ മുമ്പ്, മുമ്പേ كَذَٰلِكَ അപ്രകാരം يَطْبَعُ اللَّهُ അല്ലാഹു മുദ്രവെക്കുന്നു (വെക്കും) عَلَىٰ قُلُوبِ ഹൃദയങ്ങൾക്ക് الْكَافِرِينَ അവിശ്വാസികളുടെ

തെളിവുകളും ദൃഷ്ടാന്തങ്ങളും ധാരാളം ലഭിച്ചിട്ട് പിന്നെയും മുൻസ്ഥിതിയിൽ മാറ്റം വരാതെ, സത്യനിഷേധത്തിലും, വ്യാജവാദത്തിലും ശഠിച്ചു നിന്നുകൊണ്ടേയിരിക്കുമ്പോഴാണ് വേണ്ടതൊന്നും ഉള്ളിൽ പ്രവേശിക്കാത്ത വിധം അല്ലാഹു ഹൃദയങ്ങൾക്ക് മുദ്ര വെക്കുന്നതെന്ന് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കുന്നു. بِمَا كَذَّبُوا مِن قَبْلُ എന്ന വാക്കിന് 'അവർ മുമ്പ് വ്യാജമാക്കിയതു നിമിത്തം' എന്നും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. അഥവാ അതുകൊണ്ടാണവർ വിശ്വസിക്കുവാൻ തയ്യാറാകാത്തത് എന്ന് താൽപര്യം.

وَمَا وَجَدْنَا لِأَكْثَرِهِم مِّنْ عَهْدٍ ۖ وَإِن وَجَدْنَا أَكْثَرَهُمْ لَفَاسِقِينَ ﴿١٠٢﴾

﴾102﴿ അവരിൽ അധികമാൾക്കും യാതൊരു കരാറും [കരാറു പാലിക്കേണ്ട ബോധവും] നാം കണ്ടെത്തിയില്ല; അവരിൽ അധികമാളുകളെയും തോന്നിയവാസികളായിത്തന്നെ നാം കണ്ടെത്തുകയും ചെയ്തു.

﴾102﴿ وَمَا وَجَدْنَا നാം കണ്ടെത്തിയില്ല لِأَكْثَرِهِم അവരിൽ അധികമാൾക്കും مِنْ عَهْدٍ ഒരു കരാറും, പ്രതിജ്ഞയും وَإِن وَجَدْنَا നിശ്ചയമായും നാം കണ്ടെത്തുകയും ചെയ്തു أَكْثَرَهُمْ അവരിൽ അധികത്തെയും لَفَاسِقِينَ തോന്നിയവാസികളായി തന്നെ

അതുകൊണ്ടാണ് മേൽ വിവരിച്ച രാജ്യങ്ങളിലെ ആളുകൾക്ക് ആ അനുഭവങ്ങൾ നേരിട്ടതെന്ന് താൽപര്യം. മനുഷ്യൻ പ്രകൃത്യാതന്നെ തന്റെ സ്രഷ്ടാവിനെക്കുറിച്ച് ബോധവാനായിരിക്കുവാൻ കടമപ്പെട്ടവനാകുന്നു. പ്രവാചകന്മാരും, വേദഗ്രന്ഥങ്ങളും മുഖേന തെളിവുകളും ദൃഷ്ടാന്തങ്ങളും ലഭിക്കുന്നതോടെ ആ ബാധ്യത കൂടുതൽ ദൃഢപ്പെടുന്നു. പരീക്ഷണ ഘട്ടങ്ങൾ വരുമ്പോൾ അത് പിന്നെയും ഒന്നുകൂടി ശക്തിപ്പെടുന്നു. എന്നിട്ടൊന്നും ആ ബാധ്യത നിറവേറ്റുവാനുള്ള ബോധവും തയ്യാറും അവർക്കുണ്ടായില്ല എന്നത്രെ 'അവർക്ക് യാതൊരു കരാറും നാം കണ്ടെത്തിയില്ല' എന്ന് പറഞ്ഞതിന്റെ സാരം.

ഈ സത്യനിഷേധികൾ അവരുടെ മർക്കട മുഷ്ടിയും ധിക്കാരവും തുടർന്നുകൊണ്ടിരിക്കുന്നതിൽ അത്ഭുതത്തിനോ വ്യസനത്തിനോ ആവശ്യമില്ലെന്നും, ഇങ്ങിനെ എത്രയോ ഉദാഹരണങ്ങൾ ഇതിന് മുമ്പ് കഴിഞ്ഞുപോയിട്ടുണ്ടെന്നും ചരിത്ര സംഭവങ്ങൾ നിരത്തി ചൂണ്ടിക്കാട്ടിയശേഷം, നിലവിലുള്ള വേദക്കാരിൽ റസൂലായി അയക്കപ്പെട്ട മൂസാ നബി (അ) സത്യപ്രബോധനം നടത്തിയപ്പോൾ അദ്ദേഹത്തിന് നേരിട്ട അനുഭവങ്ങൾ അല്ലാഹു നബിﷺക്ക് വിവരിച്ചുകൊടുക്കുന്നു:-

ثُمَّ بَعَثْنَا مِنۢ بَعْدِهِم مُّوسَىٰ بِـَٔايَـٰتِنَآ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَظَلَمُوا۟ بِهَا ۖ فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلْمُفْسِدِينَ ﴿١٠٣﴾

《103》 പിന്നീട്, അവരുടെ [മേൽ പറയപ്പെട്ടവരുടെ] ശേഷം, ഫിർഔന്റെയും, അവന്റെ പ്രധാനികളുടെയും അടുക്കലേക്ക് നമ്മുടെ ദൃഷ്ടാന്തവുമായി നാം മൂസായെ നിയോഗിച്ചയച്ചു. എന്നിട്ട്, അവർ അവയിൽ (വിശ്വസിക്കാതെ) അക്രമം പ്രവർത്തിച്ചു.

അപ്പോൾ, (ആ) കുഴപ്പം പ്രവർത്തിച്ചവരുടെ പര്യവസാനം എങ്ങനെ ആയെന്ന് നോക്കുക!

وَقَالَ مُوسَىٰ يَـٰفِرْعَوْنُ إِنِّى رَسُولٌ مِّن رَّبِّ ٱلْعَـٰلَمِينَ ﴿١٠٤﴾

《104》 മൂസാ പറയുകയും ചെയ്തു: 'ഫിർഔനേ!, നിശ്ചയമായും ഞാൻ, ലോകരുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു റസൂലാകുന്നു.

حَقِيقٌ عَلَىٰٓ أَن لَّآ أَقُولَ عَلَى ٱللَّهِ إِلَّا ٱلْحَقَّ ۚ قَدْ جِئْتُكُم بِبَيِّنَةٍ مِّن رَّبِّكُمْ فَأَرْسِلْ مَعِىَ بَنِىٓ إِسْرَٰٓءِيلَ ﴿١٠٥﴾

《105》 'അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാതെ (ഒന്നും) പറയാതിരിക്കുവാൻ അവകാശപ്പെട്ടവനാണ് (ഞാൻ). നിങ്ങളുടെ റബ്ബിങ്കൽ നിന്നും ഞാൻ നിങ്ങൾക്ക് വ്യക്തമായ തെളിവും കൊണ്ട് വന്നിട്ടുണ്ട്; ആകയാൽ, എന്റെ കൂടെ നീ ഇസ്റാഈൽ സന്തതികളെ അയച്ചു[വിട്ടു] തരുക'.

《103》 ثُمَّ بَعَثْنَا പിന്നെ നാം അയച്ചു, എഴുന്നേല്പിച്ചു (നിയോഗിച്ചു) مِنۢ بَعْدِهِمْ അവരുടെ ശേഷം مُوسَىٰ മൂസായെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളുമായി إِلَىٰ فِرْعَوْنَ ഫിർഔന്റെ അടുത്തേക്ക് وَمَلَئِهِ അവന്റെ സംഘക്കാരിലേക്കും, പ്രധാനികളിലേക്കും فَظَلَمُوا എന്നിട്ട് അവർ അക്രമം പ്രവർത്തിച്ചു بِهَا അവയിൽ, അവകൊണ്ട് فَانظُرْ അപ്പോൾ നീ നോക്കുക كَيْفَ كَانَ എങ്ങിനെ ആയി (ഉണ്ടായി) عَاقِبَةُ പര്യവസാനം, കലാശം

ٱلْمُفْسِدِينَ നാശം (കുഴപ്പം) പ്രവർത്തിക്കുന്നവരുടെ ﴾104﴿ وَقَالَ مُوسَىٰ മൂസാ പറയുകയും ചെയ്തു يَٰفِرْعَوْنُ ഫിർഔനേ إِنِّي رَسُولٌ ഞാൻ ഒരു ദൂതനാണ് مِّن رَّبِّ രക്ഷിതാവിങ്കൽ നിന്ന് ٱلْعَٰلَمِينَ ലോകരുടെ ﴾105﴿ حَقِيقٌ അവകാശപ്പെട്ട (കടമപ്പെട്ട)വനാണ് عَلَىٰٓ أَن لَّآ أَقُولَ ഞാൻ പറയാതിരിക്കുവാൻ عَلَى ٱللَّهِ അല്ലാഹുവിന്റെ പേരിൽ إِلَّا ٱلْحَقَّ യഥാർത്ഥമല്ലാതെ, സത്യമൊഴികെ قَدْ جِئْتُكُم ഞാൻ നിങ്ങൾക്ക് വന്നിട്ടുണ്ട് بِبَيِّنَةٍ തെളിവുംകൊണ്ട് مِّن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽ നിന്ന് فَأَرْسِلْ അതിനാൽ അയച്ചു തരുക مَعِيَ എന്റെകൂടെ بَنِيٓ إِسْرَٰٓءِيلَ ഇസ്റാഈൽ സന്തതികളെ

സത്യവിശ്വാസത്തിലേക്കും തൗഹീദിലേക്കും ക്ഷണിക്കുകയെന്ന ദൗത്യത്തിന് പുറമെ, മൂസാ നബി (അ) നിർവ്വഹിക്കേണ്ടിയിരുന്ന ഒരു പ്രത്യേക ദൗത്യമായിരുന്നു ഇസ്റാഈല്യരെ ഫിർഔന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കൽ. ഇസ്റാഈൽ സന്തതികളെ എന്റെ കൂടെ അയച്ചു തരേണമെന്ന് അദ്ദേഹം പറഞ്ഞത് അതിനെക്കുറിച്ചാകുന്നു. ഇബ്റാഹീം നബി (അ)യുടെ പൗത്രനും, ഇസ്റാഈൽ എന്ന യഅ്ക്വൂബ് നബി (അ)യുടെ മകനുമായ യൂസുഫ് നബി (അ)യുടെ ചരിത്രം സൂറത്ത് യൂസുഫിൽ വരുന്നുണ്ട്. അതിൽ കാണാവുന്ന പ്രകാരം, അദ്ദേഹവും അദ്ദേഹത്തിന്റെ മാതാപിതാക്കളും സഹോദരങ്ങളും അവസാനം ഈജിപ്തിൽ താമസമായി. കാലക്രമത്തിൽ ആ കുടുംബം വമ്പിച്ച ജനതയായി വർദ്ധിച്ചു. ഈജിപ്തിലെ ഭരണാധിപത്യം ക്വിബ്ത്വി (കൊപ്തി)കളായ ഫിർഔൻ (ഫറോവ) രാജവംശത്തിന്റെ കയ്യിലായിരുന്നു. ആദ്യകാലത്ത് ഇസ്റാഈല്യർക്ക് അവിടെ ഉണ്ടായിരുന്ന പേരും പ്രശസ്തിയുമെല്ലാം കാലാന്തരങ്ങളിൽ നഷ്ടപ്പെടുകയും, അവർ കൊപ്തി വർഗത്തിന് അടിമപ്പെട്ടും അവരുടെ അക്രമ മർദ്ദനങ്ങൾ സഹിച്ചും കഴിഞ്ഞുകൂടേണ്ടി വരികയും ചെയ്തു. ഈ അവസരത്തിലായിരുന്നു മൂസാ നബി (അ)യെ അല്ലാഹു റസൂലായി നിയോഗിച്ചത്.

ക്വുർആനിൽ വളരെയേറെ ആവർത്തിച്ചും വിസ്തരിച്ചും വിവരിക്കപ്പെട്ടിട്ടുള്ള ഒരു ചരിത്രമാണ് മൂസാ നബി (അ)യുടെയും ഇസ്റാഈല്യരുടെയും ചരിത്രം. ആ ചരിത്രത്തിന്റെ ചില വശങ്ങൾ ചില സൂറത്തുകളിൽ പ്രത്യേകം വിശദീകരിക്കപ്പെട്ടു കാണാം. ആ കൂട്ടത്തിൽ പെട്ടതാണ് ഈ സൂറത്തും, ക്വസ്വസ്വും, ത്വാഹായും. മക്കീ സൂറത്തുകളിലാണ് ഇത് കൂടുതൽ കാണപ്പെടുക. നൂറ്റി മുപ്പതിൽപരം സ്ഥലത്ത് മൂസാ നബി (അ)യുടെ പേര് ക്വുർആനിൽ പറയപ്പെട്ടിരിക്കുന്നു. കഴിഞ്ഞുപോയ സമുദായങ്ങളിൽവെച്ച് ഏറ്റവും വലിയ ഒരു സമുദായത്തിലേക്ക് നിയോഗിക്കപ്പെട്ട റസൂലും, ആദ്യന്തം സംഭവബഹുലമായ ഒരു നീണ്ട ചരിത്രത്തിന്റെ നായകനുമായിരുന്നു ആ പ്രവാചകൻ. ആ നിലക്ക് നബി തിരുമേനിﷺക്കും അവിടുത്തെ സമുദായത്തിനും ആ ചരിത്രത്തിൽ നിന്നും വളരെയധികം മാതൃകകളും പാഠങ്ങളും ഗ്രഹിക്കുവാനുണ്ട്. അതുകൊണ്ടാണ് ആ പ്രവാചകവര്യന്റെ ചരിത്രത്തിന് അല്ലാഹു ഇത്രയധികം പ്രാധാന്യം കൽപിച്ചിരിക്കുന്നത്.

قَالَ إِن كُنتَ جِئْتَ بِـَٔايَةٍ فَأْتِ بِهَآ

﴾106﴿ അവൻ [ഫിർഔൻ] പറഞ്ഞു: നീ വല്ല ദൃഷ്ടാന്തവും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ, അത് (ഇങ്ങു) കൊണ്ടുവാ,

إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿١٠٦﴾

നീ സത്യവാന്മാരിൽപെട്ടവനാണെങ്കിൽ!'

فَأَلْقَىٰ عَصَاهُ فَإِذَا هِىَ ثُعْبَانٌ مُّبِينٌ ﴿١٠٧﴾

﴾107﴿ അപ്പോൾ അദ്ദേഹം തന്റെ വടിയിട്ടു; അപ്പോഴതാ അത് പ്രത്യക്ഷമായ ഒരു സർപ്പം!

وَنَزَعَ يَدَهُۥ فَإِذَا هِىَ بَيْضَآءُ لِلنَّـٰظِرِينَ ﴿١٠٨﴾

﴾108﴿ അദ്ദേഹം തന്റെ കൈ പുറത്തെടുത്തു (കാട്ടി); അപ്പോഴതാ നോക്കുന്നവർക്ക് (അത്)വെള്ള നിറമുള്ളത്!

﴾106﴿ قَالَ അവൻ പറഞ്ഞു إِنْ كُنْتَ നീ ആണെങ്കിൽ جِئْتَ നീ വന്നിരിക്കുന്നു (എങ്കിൽ) بِآيَةٍ വല്ല ദൃഷ്ടാന്തവുംകൊണ്ട് فَأْتِ بِهَا എന്നാലത് കൊണ്ടുവാ إِنْ كُنْتَ നീ ആണെങ്കിൽ مِنَ الصَّادِقِينَ സത്യം പറയുന്നവരിൽ ﴾107﴿ فَأَلْقَى അപ്പോൾ അദ്ദേഹം ഇട്ടു عَصَاهُ അദ്ദേഹത്തിന്റെ വടി فَإِذَا هِيَ അപ്പോൾ (അതാ) അത് ثُعْبَانٌ ഒരു സർപ്പം, പെരുമ്പാമ്പ് مُبِينٌ പ്രത്യക്ഷമായ, തനി ﴾108﴿ وَنَزَعَ അദ്ദേഹം നീക്കി (പുറത്തു) എടുക്കുകയും ചെയ്തു يَدَهُ തന്റെ കൈ فَإِذَا هِيَ അപ്പോൾ (അതാ) അത് بَيْضَاءُ വെളുത്തത് لِلنَّاظِرِينَ നോക്കുന്നവർക്ക്

സീനാ താഴ്വരയിൽ വെച്ച് മൂസാ നബി (അ)യെ ഫിർഔന്റെ അടുക്കലേക്കും മറ്റും റസൂലായി നിയോഗിച്ചയച്ച അവസരത്തിൽ തന്നെ, അദ്ദേഹത്തിന് രണ്ടു മഹാദൃഷ്ടാന്തങ്ങളായി നിശ്ചയിച്ചുകൊടുത്തിരുന്നതാണ് അദ്ദേഹത്തിന്റെ വടിയും കയ്യും, കൂടുതൽ വിവരണത്തിന് സൂ: ക്വസ്വസ്വും, ത്വാഹായും നോക്കുക.

വിഭാഗം - 14

قَالَ ٱلْمَلَأُ مِن قَوْمِ فِرْعَوْنَ إِنَّ هَـٰذَا لَسَـٰحِرٌ عَلِيمٌ ﴿١٠٩﴾

﴾109﴿ ഫിർഔന്റെ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറഞ്ഞു: 'നിശ്ചയമായും ഇവൻ, (വളരെ) അറിവുള്ളതായ ഒരു ജാലവിദ്യക്കാരൻ തന്നെ;

يُرِيدُ أَن يُخْرِجَكُم مِّنْ أَرْضِكُمْ ۖ فَمَاذَا تَأْمُرُونَ ﴿١١٠﴾

﴾110﴿ 'നിങ്ങളെ നിങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കുവാൻ അവൻ ഉദ്ദേശിക്കുന്നു. അതിനാൽ, (ഇവനെപറ്റി) നിങ്ങൾ എന്തു കൽപിക്കുന്നു [എന്താണ് നിങ്ങൾക്ക് നിർദ്ദേശിക്കുവാനുള്ളത്]?!

﴾109﴿ قَالَ الْمَلَأُ സംഘം (പ്രധാനികള്‍) പറഞ്ഞു مِنْ قَوْمِ ജനങ്ങളില്‍ നിന്ന് فِرْعَوْنَ ഫിര്‍ഔന്‍റെ إِنَّ هَٰذَا നിശ്ചയമായും, ഇത്, ഇവന്‍ لَسَاحِرٌ ഒരു സിഹ്റുകാരന്‍ (ജാലവിദ്യക്കാരന്‍) തന്നെ عَلِيمٌ അറിവുള്ള ﴾110﴿ يُرِيدُ അവന്‍ ഉദ്ദേശിക്കുന്നു أَنْ يُخْرِجَكُمْ നിങ്ങളെ പുറത്താക്കു (ബഹിഷ്കരിക്കു)വാന്‍ مِنْ أَرْضِكُمْ നിങ്ങളുടെ ഭൂമിയില്‍ (നാട്ടില്‍)നിന്ന് فَمَاذَا അപ്പോള്‍ (അതിനാല്‍) എന്താണ് تَأْمُرُونَ നിങ്ങള്‍ കല്‍പിക്കുന്നു (നിര്‍ദ്ദേശിക്കുന്നു)

മൂസാ (അ) ദൃഷ്ടാന്തങ്ങള്‍ കാട്ടിക്കൊടുത്തപ്പോള്‍ അവരിലുള്ള പ്രധാനികള്‍ തമ്മില്‍ പറയുന്നതാണിത്. ഫിര്‍ഔനും ഇപ്രകാരം പറഞ്ഞതായും, പ്രധാനികളോട് നിര്‍ദ്ദേശം ആവശ്യപ്പെട്ടതായും സൂ: ശുഅറാഇല്‍ (34:35) കാണാം. അപ്പോള്‍, എല്ലാവരും അന്യോന്യം കൂടിയാലോചിച്ചായിരുന്നു മൂസാ നബി (അ)ക്കെതിരെയുള്ള നയം തീരുമാനിച്ചതെന്ന് മനസ്സിലാക്കാം. വളരെ നിപുണനായ ഒരു ജാലവിദ്യക്കാരനാണിവന്‍. അതുവഴി നിങ്ങളെ മയക്കി വഞ്ചിച്ചു ഇവിടെനിന്ന് ബഹിഷ്കൃതരാക്കുവാനുള്ള ഒരു സൂത്രമാണിത്. അതുകൊണ്ട് ഇവനെ വെറുതെ വിട്ടുകൂടാ. അതെങ്ങിനെ വേണം? ഇതാണവരുടെ ആലോചന.

ജാലിവിദ്യ, ആഭിചാരം, ഇന്ദ്രജാലം, ചെപ്പടിവിദ്യ മുതലായവക്കെല്ലാം പറയപ്പെടുന്ന വാക്കാണ് سحر (സിഹ്ര്‍) എന്നും, അതിന്‍റെ കര്‍തൃനാമമാണ് ساحر (സാഹിര്‍) എന്നും, യഥാര്‍ത്ഥം മനസ്സിലാക്കുവാന്‍ പ്രയാസമായ എല്ലാ പകിട്ടുവേലകള്‍ക്കും ഈ വാക്ക് ഉപയോഗിക്കപ്പെടുമെന്നും സൂ: അല്‍ബക്വറഃ102 ന്‍റെ വ്യാഖ്യാനത്തിലും മറ്റും മുമ്പ് വിവരിച്ചിട്ടുള്ളത് ഓര്‍ക്കുക.

قَالُوٓاْ أَرْجِهْ وَأَخَاهُ وَأَرْسِلْ فِى ٱلْمَدَآئِنِ حَٰشِرِينَ ﴿١١١﴾

﴾111﴿ അവര്‍ (ഫിര്‍ഔനിനോട്) പറഞ്ഞു: 'അവന്നും, അവന്‍റെ സഹോദരനും ഇടകൊടുക്കുക; നഗരങ്ങളില്‍ ശേഖരിക്കുന്ന ആളുകളെ നിയോഗിച്ചയക്കുകയും ചെയ്യുക;-

يَأْتُوكَ بِكُلِّ سَٰحِرٍ عَلِيمٍ ﴿١١٢﴾

﴾112﴿ (നല്ലപോലെ) അറിയുന്നവരായ എല്ലാ ജാലവിദ്യക്കാരെയും (ശേഖരിച്ച്) അവര്‍ അങ്ങയുടെ അടുക്കല്‍ കൊണ്ടുവരട്ടെ'.

﴾111﴿ قَالُوا അവര്‍ പറഞ്ഞു أَرْجِهْ അവനെ പിന്തിച്ചു വെക്കുക, അവനെ ഒഴിവ്(ഇട) നല്‍കുക وَأَخَاهُ അവന്‍റെ സഹോദരനെയും وَأَرْسِلْ അയക്കുക (നിയോഗിക്കുക)യും ചെയ്യുക فِي الْمَدَائِنِ പട്ടണങ്ങളില്‍ حَاشِرِينَ ശേഖരിക്കുന്ന (ഒരുമിച്ചു കൂട്ടുന്ന)വരെ

﴾112﴿ يَأْتُوكَ അവർ നിനക്ക് (അങ്ങേക്ക്)വരും (വരട്ടെ) بِكُلِّ سَاحِرٍ എല്ലാ ജാലവിദ്യക്കാരെയും കൊണ്ട് عَلِيمٍ അറിവുള്ള

മൂസാ നബി (അ)യെ റസൂലായി നിശ്ചയിച്ചപ്പോൾ, അദ്ദേഹത്തിന് വാചാലമായി സംസാരിക്കുവാൻ വിഷമമുണ്ടായിരുന്നത് നിമിത്തം, അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച് സഹോദരൻ ഹാറൂൻ നബി (അ)യെ ഒരു സഹായകനായി അദ്ദേഹത്തിന് അല്ലാഹു നിശ്ചയിച്ചു കൊടുത്തിരുന്നു. രണ്ടുപേരും കൂടിയായിരുന്നു ഫിർഔനെ സമീപിച്ചത്. അതുകൊണ്ടാണ് 'അവനെയും അവന്റെ സഹോദരനെയും തൽക്കാലം ഇടകൊടുത്തു വിടുക' എന്ന് അവർ പറഞ്ഞത്. ഫിർഔന്റെ നിർദ്ദേശപ്രകാരം വളരെ ജാലവിദ്യക്കാർ ശേഖരിക്കപ്പെട്ടു.

وَجَآءَ ٱلسَّحَرَةُ فِرْعَوْنَ قَالُوٓا۟ إِنَّ لَنَا لَأَجْرًا إِن كُنَّا نَحْنُ ٱلْغَٰلِبِينَ ﴿١١٣﴾

﴾113﴿ ജാലവിദ്യക്കാർ ഫിർഔന്റെ അടുക്കൽ വരുകയും ചെയ്തു. അവർ പറഞ്ഞു: 'വിജയിക്കുന്നവർ ഞങ്ങളാണെങ്കിൽ, നിശ്ചയമായും ഞങ്ങൾക്ക് ഒരു (വമ്പിച്ച) പ്രതിഫലം ഉണ്ടായിരിക്കുമല്ലോ!'

قَالَ نَعَمْ وَإِنَّكُمْ لَمِنَ ٱلْمُقَرَّبِينَ ﴿١١٤﴾

﴾114﴿ അവൻ പറഞ്ഞു: 'അതെ, (മാത്രമല്ല) നിശ്ചയമായും നിങ്ങൾ, (നമ്മുടെ അടുക്കൽ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവരുമായിരിക്കും'.

﴾113﴿ وَجَاءَ السَّحَرَةُ ജാലവിദ്യക്കാർ വരുകയും ചെയ്തു فِرْعَوْنَ ഫിർഔന്റെ അടുക്കൽ قَالُوا അവർ പറഞ്ഞു إِنَّ لَنَا നിശ്ചയമായും ഞങ്ങൾക്കുണ്ട് (അല്ലേ) لَأَجْرًا ഒരു (വമ്പിച്ച) പ്രതിഫലം തന്നെ إِنْ كُنَّا ഞങ്ങൾ ആയെങ്കിൽ نَحْنُ ഞങ്ങൾ (തന്നെ) الْغَالِبِينَ വിജയികൾ, കവച്ചുവെക്കുന്നവർ ﴾114﴿ قَالَ نَعَمْ അവൻ പറഞ്ഞു: അതെ وَإِنَّكُمْ നിശ്ചയമായും നിങ്ങൾ (ആകുന്നു താനും) لَمِنَ الْمُقَرَّبِينَ സാമീപ്യം നൽകപ്പെട്ട (സിദ്ധിച്ച)വരിൽ പെട്ട(വർ) തന്നെ

മൂസാ നബി (അ)യോട് മത്സരിക്കുവാൻ വേണ്ടി ജാലവിദ്യക്കാർ വമ്പിച്ച ഒരുക്കങ്ങൾ ചെയ്തിരുന്നു. അതിനായി അവരുടെ വടികൾ, കയറുകൾ മുതലായ സാമഗ്രികളും കൊണ്ടുവന്നിരുന്നു (20:66). നിശ്ചയ പ്രകാരം ഒരു ഉത്സവ ദിവസം ഇളയുച്ച സമയത്തായിരുന്നു അത് (20:59). എല്ലാവരും രംഗത്ത് ഒരുമിച്ചുകൂടി.

قَالُوا۟ يَٰمُوسَىٰٓ

﴾115﴿ അവർ [ജാലവിദ്യക്കാർ] പറഞ്ഞു: 'മൂസാ,

إِمَّآ أَن تُلْقِىَ وَإِمَّآ أَن نَّكُونَ نَحْنُ ٱلْمُلْقِينَ ﴿١١٥﴾

ഒന്നുകിൽ നീ (ആദ്യം വടി)ഇടുക, ഒന്നുകിൽ (ആദ്യം) ഇടുന്നവർ ഞങ്ങളായിരിക്കുക (-ഏതാണ് വേണ്ടത്)?'

قَالَ أَلْقُوا۟ ۖ فَلَمَّآ أَلْقَوْا۟ سَحَرُوٓا۟ أَعْيُنَ ٱلنَّاسِ وَٱسْتَرْهَبُوهُمْ وَجَآءُو بِسِحْرٍ عَظِيمٍ ﴿١١٦﴾

﴾116﴿ അദ്ദേഹം [മൂസാ] പറഞ്ഞു: 'നിങ്ങൾ ഇട്ടുകൊള്ളുവിൻ.

അങ്ങനെ, അവർ ഇട്ടപ്പോൾ, അവർ മനുഷ്യരുടെ കണ്ണുകളെ പകിട്ടാക്കുകയും, അവർ അവരെ പേടിപ്പെടുത്തുകയും ചെയ്തു. അവർ ഒരു വമ്പിച്ച ജാലവിദ്യ (തന്നെ) കൊണ്ടുവരുകയും ചെയ്തു.

﴾115﴿ قَالُوا അവർ പറഞ്ഞു يَامُوسَى മൂസാ إِمَّاأَنْ تُلْقِيَ ഒന്നുകിൽ നീ ഇടുക وَإِمَّاأَنْ نَكُونَ ഒന്നുകിൽ ഞങ്ങളായിരിക്കുക نَحْنُ ഞങ്ങൾ (തന്നെ) الْمُلْقِينَ ഇടുന്നവർ ﴾116﴿ قَالَ അദ്ദേഹം പറഞ്ഞു أَلْقُوا നിങ്ങൾ ഇട്ടുകൊള്ളുവിൻ فَلَمَّاأَلْقَوْا അങ്ങനെ അവർ ഇട്ടപ്പോൾ سَحَرُوا അവർ പകിട്ടാക്കി, മായത്തിലാക്കി أَعْيُنَ النَّاسِ മനുഷ്യരുടെ കണ്ണുകളെ وَاسْتَرْهَبُوهُمْ അവരെ അവർ പേടിപ്പെടുത്തുകയും ചെയ്തു وَجَاءُوا അവർ വരുകയും ചെയ്തു بِسِحْرٍ ഒരു ജാലവിദ്യയുമായി عَظِيمٍ വമ്പിച്ചതായ

ചില മായാതന്ത്രങ്ങൾ വഴി ജാലവിദ്യക്കാരുടെ വടികളും കയറുകളും കാണികളുടെ ദൃഷ്ടിയിൽ പാമ്പുകളായി തോന്നി. അവർ അത് കണ്ട് ഭയപ്പെടുകയും ചെയ്തു. ജാലവിദ്യയുടെ ഇനത്തിൽ വളരെ വമ്പിച്ച വിദ്യ തന്നെയായിരുന്നു അവർ പ്രകടിപ്പിച്ചത്. അല്ലാഹു പറയുന്നു:-

۞ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَلْقِ عَصَاكَ ۖ فَإِذَا هِىَ تَلْقَفُ مَا يَأْفِكُونَ ﴿١١٧﴾

﴾117﴿ മൂസാക്ക് നാം 'വഹ്‌യ് [സന്ദേശം] നൽകുകയും ചെയ്തു: നിന്റെ വടി നീ ഇട്ടേക്കുക' എന്ന്. അപ്പോഴതാ, അവർ കൃത്രിമമാ(യുണ്ടാ)ക്കിയിരുന്നതിനെ അത് വിഴുങ്ങുന്നു!

فَوَقَعَ ٱلْحَقُّ وَبَطَلَ مَا كَانُوا۟ يَعْمَلُونَ ﴿١١٨﴾

﴾118﴿ അങ്ങനെ, യഥാർത്ഥം സംഭവിച്ചു. [സത്യം പുലർന്നു]; അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് വിഫലമാകുകയും ചെയ്തു.

فَغُلِبُوا۟ هُنَالِكَ وَٱنقَلَبُوا۟ صَـٰغِرِينَ ﴿١١٩﴾

﴿119﴾ **അപ്പോൾ, അവിടംവെച്ച് അവർ പരാജയപ്പെട്ടു; അവർ നിസ്സാരന്മാരായി മാറുകയും ചെയ്തു.**

﴿117﴾ وَأَوْحَيْنَا നാം സന്ദേശം നൽകുകയും ചെയ്തു إِلَىٰ مُوسَىٰ മൂസാക്ക് أَنْ أَلْقِ നീ
ഇടുക (ഇടണം) എന്ന് عَصَاكَ നിന്റെ വടി فَإِذَا هِيَ അപ്പോൾ (അതാ) അത് تَلْقَفُ അതു
വിഴുങ്ങുന്നു مَا يَأْفِكُونَ അവർ കൃത്രിമം (കള്ളം) പ്രവർത്തിച്ചിരുന്നത് ﴿118﴾ فَوَقَعَ
അങ്ങനെ സംഭവിച്ചു, സ്ഥാപിതമായി الْحَقُّ യഥാർത്ഥം, സത്യം, കാര്യം وَبَطَلَ വിഫല
മാകുക (നിരർത്ഥമാകുക)യും ചെയ്തു مَا كَانُوا അവർ ആയിരുന്നത് يَعْمَلُونَ അവർ
പ്രവർത്തിക്കും ﴿119﴾ فَغُلِبُوا അപ്പോൾ (അങ്ങനെ) അവർ, പരാജയപ്പെട്ടു هُنَالِكَ അവി
ടത്തിൽ وَانْقَلَبُوا അവർ മറിയുക (മാറുക)യും ചെയ്തു صَاغِرِينَ ചെറിയവരായി (നി
സ്സാരന്മാരായി).

മൂസാ (അ) വടി നിലത്തിട്ടത് അല്ലാഹുവിൽ നിന്നുള്ള വഹ്‌യനുസരിച്ചാണെന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാണ്. ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുന്നത് അല്ലാഹുവാണെന്നും, അതിൽ നബിമാർക്കോ മറ്റോ തങ്ങളുടെ കഴിവൊന്നും പ്രയോഗിക്കുവാനില്ലെന്നുമാണ് സൂചിപ്പിക്കുന്നത്. ജാലവിദ്യക്കാരുടെ സാമഗ്രികൾ പാമ്പുകളാണെന്ന് ജനങ്ങൾക്ക് തോന്നിയതല്ലാതെ യഥാർത്ഥത്തിൽ അവക്ക് മാറ്റമൊന്നും സംഭവിച്ചിട്ടില്ല. മൂസാ (അ)ന്റെ വടിയാകട്ടെ, യഥാർത്ഥ സർപ്പംതന്നെയാണ് താനും. ആ കൃത്രിമപ്പാമ്പുകളെയെല്ലാം ആ സർപ്പം വിഴുങ്ങുകയായി. അത് കണ്ടപ്പോൾ ജാലവിദ്യക്കാർക്ക് കാര്യം മനസ്സിലായി. അതെ, മൂസാ നബി (അ)യുടേത് ജാല വിദ്യയല്ലെന്നും, ദിവ്യദൃഷ്ടാന്തം തന്നെയാണെന്നും. അവർ പരാജയം സമ്മതിച്ചു. മാത്രമല്ല:-

وَأُلْقِىَ ٱلسَّحَرَةُ سَـٰجِدِينَ ﴿١٢٠﴾

﴿120﴾ **ജാലവിദ്യക്കാർ സാഷ്ടാംഗം നമസ്കരിക്കുന്നവരായി വീഴ്ത്തപ്പെടുക [നിലംപതിക്കുക]യും ചെയ്തു.**

قَالُوٓا۟ ءَامَنَّا بِرَبِّ ٱلْعَـٰلَمِينَ ﴿١٢١﴾

﴿121﴾ **അവർ പറഞ്ഞു: 'ഞങ്ങൾ (സർവ്വ) ലോക രക്ഷിതാവിൽ വിശ്വസിച്ചു:-**

رَبِّ مُوسَىٰ وَهَـٰرُونَ ﴿١٢٢﴾

﴿122﴾ **(അതെ) മൂസായുടെയും, ഹാറൂന്റെയും റബ്ബിൽ'**

﴿120﴾ وَأُلْقِيَ ഇടപ്പെടുക (വീഴ്ത്തപ്പെടുക)യും ചെയ്തു (നിലംപതിച്ചു) السَّحَرَةُ ജാല
വിദ്യക്കാർ سَاجِدِينَ സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായ ﴿121﴾ قَالُوا

അവർ പറഞ്ഞു ءَامَنَّا ഞങ്ങൾ വിശ്വസിച്ചു بِرَبِّ രക്ഷിതാവിൽ الْعَالَمِينَ ലോകരുടെ (സർവ്വ ലോകത്തിന്റെ) ﴾122﴿ رَبِّ مُوسَى അതായത് മൂസായുടെ റബ്ബ് وَهَارُونَ ഹാറൂന്റെയും

പക്ഷേ, ഫിർഔനും സിൽബന്ധികളും പരാജയം സമ്മതിച്ചില്ല. അവരുടെ അഹന്ത അതിന് അനുവദിക്കുകയില്ലല്ലോ. മൂസാ (അ) കാണിച്ചത് സിഹ്റിന്റെ ഇനത്തിൽപെട്ടതല്ലെന്ന് അവർക്ക് മനസ്സിലായാൽ തന്നെയും അവരുടെ സർവ്വാധിപത്യത്തിനും ഔന്നത്യത്തിനും അതെങ്ങിനെ യോജിക്കും?! ഞാനല്ലാതെ നിങ്ങൾക്ക് വേറെ ദൈവമില്ലെന്നും, നിങ്ങളുടെ ഏറ്റവും വലിയ റബ്ബ് ഞാൻ തന്നെയാണെന്നും വിളംബരം ചെയ്തവനാണ് ഫിർഔൻ (28:38; 79:24) എന്നിരിക്കെ, ജാലവിദ്യക്കാരെ വെറുതെ വിടുവാനോ, അവർ പരാജയപ്പെട്ടതിന്റെ രഹസ്യം അന്വേഷിച്ചറിയുവാനോ അവന് എങ്ങിനെ സന്മനസ്സുണ്ടാകും?! അങ്ങനെ, അധികാര ശക്തിയും, മർദ്ദനമുറയും തന്നെ ഉപയോഗിക്കുവാൻ അവൻ തീർച്ചയാക്കി. അതിനായി അവരുടെ മേൽ സൂത്രപരമായ ഒരു ആരോപണവും!.

قَالَ فِرْعَوْنُ ءَامَنتُم بِهِۦ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّ هَٰذَا لَمَكْرٌ مَّكَرْتُمُوهُ فِى ٱلْمَدِينَةِ لِتُخْرِجُوا۟ مِنْهَآ أَهْلَهَا ۖ فَسَوْفَ تَعْلَمُونَ ﴿١٢٣﴾

﴾123﴿ ഫിർഔൻ പറഞ്ഞു: 'നിങ്ങൾക്ക് ഞാൻ സമ്മതം നൽകുന്നതിന് മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ?! നിശ്ചയമായും, ഇത് നിങ്ങൾ നഗരത്തിൽ വെച്ച് നടത്തിയ ഒരു (ഗൂഢ)തന്ത്രമാണ്; അതിലെ ആൾക്കാരെ അതിൽ നിന്ന് ബഹിഷ്കരിക്കുവാനായി. അതിനാൽ, വഴിയെ നിങ്ങൾക്കറിയാം!

لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَٰفٍ ثُمَّ لَأُصَلِّبَنَّكُمْ أَجْمَعِينَ ﴿١٢٤﴾

﴾124﴿ 'നിങ്ങളുടെ കൈകളും കാലുകളും (ഒന്നൊന്നിന്റെ) എതിരിൽ ഞാൻ മുറിച്ചു കളയുക തന്നെ ചെയ്യും. പിന്നെ നിങ്ങളെ മുഴുവനും ഞാൻ ക്രൂശിക്കുകയും തന്നെ ചെയ്യും'.

﴾123﴿ قَالَ فِرْعَوْنُ ഫിർഔൻ പറഞ്ഞു آمَنتُمْ നിങ്ങൾ വിശ്വസിച്ചു(വോ) بِهِ അവനിൽ قَبْلَ മുമ്പ് أَنْ آذَنَ ഞാൻ സമ്മതം തരുന്നതിന് لَكُمْ നിങ്ങൾക്ക് إِنَّ هَٰذَا നിശ്ചയമായും ഇത് لَمَكْرٌ ഒരു തന്ത്രം തന്നെ مَكَرْتُمُوهُ നിങ്ങളത് തന്ത്രം ചെയ്തു(നടത്തിയിരിക്കുന്നു) فِي الْمَدِينَةِ നഗരത്തിൽ لِتُخْرِجُوا നിങ്ങൾ പുറത്താക്കുവാൻവേണ്ടി مِنْهَا അതിൽ നിന്ന് أَهْلَهَا അതിലെ ആൾക്കാരെ فَسَوْفَ അതിനാൽ വഴിയെ تَعْلَمُونَ നിങ്ങൾ അറിയും, നിങ്ങൾക്കറിയാം ﴾124﴿ لَأُقَطِّعَنَّ തീർച്ചയായും ഞാൻ മുറിച്ചുകളയും أَيْدِيَكُمْ

ثُمَّ എതിരില്‍ مِنْ خِلَٰفٍ നിങ്ങളുടെ കാലുകളെയും وَأَرْجُلَكُمْ നിങ്ങളുടെ കൈകളെ
പിന്നെ, പിന്നീട് لَأُصَلِّبَنَّكُمْ നിങ്ങളെ ഞാന്‍ ക്രൂശിക്കുകതന്നെ ചെയ്യും أَجْمَعِينَ
മുഴുവനും

ജാലവിദ്യക്കാര്‍ പരാജയപ്പെട്ടതിലല്ല-സമ്മതം കൂടാതെ അവര്‍ മൂസാ നബി (അ) യില്‍ വിശ്വസിച്ചതിലാണ്- ഫിര്‍ഔന് കൂടുതല്‍ അമര്‍ഷമുള്ളത്. നിങ്ങളുടെയെല്ലാം ദൈവവും സര്‍വ്വാധികാരിയുമായ ഞാന്‍, എന്റെ പക്ഷം വിജയിപ്പിക്കുവാന്‍ വേണ്ടി വമ്പിച്ച പ്രതിഫലവും സ്ഥാനമാനവും വാഗ്ദാനം ചെയ്തുകൊണ്ട് രംഗത്തിറക്കിയവരാണ് നിങ്ങള്‍. എന്നിരിക്കെ, എന്റെ ഉത്തരവ് കിട്ടാതെ നിങ്ങള്‍ അവനില്‍ വിശ്വസിക്കുകയോ? ഇതായിരുന്നു അവരുടെ മേലുള്ള കുറ്റാരോപണം. അതോടുകൂടി മറ്റൊരു അപവാദവും, ഒപ്പംതന്നെ വിധിയും! മൂസായും നിങ്ങളും ചേര്‍ന്ന് ഈ നഗരത്തില്‍ വെച്ച് നടത്തിയ ഒരു ഗൂഢാലോചനയുടെ ഫലമാണിത്. മൂസായുടെ ആവശ്യം -ഈ നാട്ടുകാരെ ഇവിടെ നിന്ന് ബഹിഷ്കരിച്ചു ഇവിടെ പ്രതാപം വരിക്കുക - സാധ്യമാകുവാന്‍വേണ്ടി ആസൂത്രണം ചെയ്യപ്പെട്ടതാണിത്. അതുകൊണ്ട് ഞാന്‍ നിങ്ങളെ ഒന്നു പഠിപ്പിക്കാം. നിങ്ങളുടെ മുഴുവനും കയ്യും കാലും -ഒന്നു വലത്തേതെങ്കില്‍ മറ്റേത് ഇടത്തേതായി- ഞാന്‍ ഛേദിക്കുകയും അവസാനം നിങ്ങളെ കുരിശില്‍ തറക്കുകയും ചെയ്യും എന്ന് ഫിര്‍ഔന്‍ ആക്രോശിച്ചു. കൂട്ടത്തില്‍, നിങ്ങള്‍ക്ക് സിഹ്ര്‍ പഠിപ്പിച്ചു തന്ന നിങ്ങളുടെ നേതാവാണ് മൂസാ എന്നു കൂടി ഫിര്‍ഔന്‍ പറഞ്ഞിരുന്നതായി മറ്റൊരു സ്ഥലത്ത് (20:71). അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. ആ സത്യവിശ്വാസികള്‍ കുലുങ്ങിയില്ല. സത്യം ബോധ്യപ്പെടുകയും വിശ്വാസം ദൃഢപ്പെടുകയും ചെയ്താല്‍ പിന്നെ ഭീഷണിക്കും ശിക്ഷക്കും വിലയില്ലല്ലോ.

قَالُوٓا۟ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ ﴿١٢٥﴾

﴾125﴿ അവര്‍ പറഞ്ഞു: 'ഞങ്ങള്‍ ഞങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ചെത്തുന്നവരാണ്'.

وَمَا تَنقِمُ مِنَّآ إِلَّآ أَنْ ءَامَنَّا بِـَٔايَٰتِ رَبِّنَا لَمَّا جَآءَتْنَا ۚ رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ ﴿١٢٦﴾

﴾126﴿ 'ഞങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങള്‍ ഞങ്ങള്‍ക്ക് വന്നപ്പോള്‍ ഞങ്ങള്‍ അതില്‍ വിശ്വസിച്ചതിനല്ലാതെ (മറ്റൊന്നിനും) ഞങ്ങളെ നീ കുറ്റപ്പെടുത്തുന്നില്ല താനും'.

(അവര്‍ പ്രാര്‍ത്ഥിച്ചു:) ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മേല്‍ നീ ക്ഷമ ഒഴിച്ചു തരേണമേ! ഞങ്ങളെ 'മുസ്ലിം'കളായിക്കൊണ്ട് മരിപ്പിക്കുകയും ചെയ്യേണമേ!'

﴾125﴿ قَالُوا അവര്‍ പറഞ്ഞു إِنَّا നിശ്ചയമായും ഞങ്ങള്‍ إِلَىٰ رَبِّنَا ഞങ്ങളുടെ റബ്ബിങ്ക
ലേക്ക് مُنقَلِبُونَ തിരിഞ്ഞു (മടങ്ങി) എത്തുന്നവരാണ് ﴾126﴿ وَمَا تَنقِمُ നീ കുറ്റപ്പെടു

ത്തുന്നുമില്ല(ല്ലോ) مِنَّا ഞങ്ങളെപറ്റി إِلاَّأَنْ آمَنَّا ഞങ്ങൾ വിശ്വസിച്ചതല്ലാതെ, വിശ്വസി ച്ചതിനല്ലാതെ بِآيَاتِ ദൃഷ്ടാന്തങ്ങളിൽ رَبِّنَا ഞങ്ങളുടെ റബ്ബിന്റെ لَمَّاجَاءَتْنَا അത് ഞങ്ങൾക്ക് വന്നപ്പോൾ رَبَّنَا ഞങ്ങളുടെ റബ്ബേ أَفْرِغْ നീ ഒഴിക്ക(വർഷിപ്പിക്ക)ണേ عَلَيْنَا ഞങ്ങളിൽ, ഞങ്ങൾക്ക് صَبْرًا ക്ഷമയെ وَتَوَفَّنَا ഞങ്ങളെ പൂർത്തിയായെടുക്കുക(മരിപ്പിക്കുക)യും വേണമേ مُسْلِمِينَ മുസ്‌ലിംകളായി, കീഴൊതുങ്ങിയവരായിക്കൊണ്ട്

ഞങ്ങൾ ഏതായാലും ഞങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ചു ചെല്ലേണ്ടുന്നവരാണ്. ഞങ്ങളുടെ മേൽ നീ ആരോപിച്ച കുറ്റം യഥാർത്ഥത്തിൽ ഒരു കുറ്റമല്ല. ഞങ്ങൾ ഞങ്ങളുടെ കടമ നിർവ്വഹിച്ചുവെന്നേയുള്ളൂ. അതുകൊണ്ട് നിന്റെ ഭീഷണിയും ശിക്ഷയും ഞങ്ങൾ ഭയപ്പെടുന്നില്ല എന്ന് ആ ധീരമനസ്കർ ഫിർഔന് മറുപടികൊടുത്തു. തങ്ങൾക്ക് ദൃഢതയും ക്ഷമയും നൽകുവാനും, തങ്ങളെ കീഴൊതുക്കവും അനുസരണവുമുള്ള സത്യവിശ്വാസികളായിത്തന്നെ അവസാനിപ്പിക്കുവാനും അവർ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. ഫിർഔൻ ഭീഷണിപ്പെടുത്തിയ ആ ശിക്ഷ അവൻ നടപ്പിൽ വരുത്തിയോ ഇല്ലേ എന്ന് അല്ലാഹു വ്യക്തമാക്കിയിട്ടില്ല. നടപ്പിൽ വരുത്താതിരിക്കുമാറുള്ള കാരണങ്ങളൊന്നും കാണപ്പെടാത്ത സ്ഥിതിക്കും, ഫിർഔന്റെ ഔന്നത്യവും, ഡംഭും ആലോചിക്കുമ്പോഴും അതവൻ ശരിക്കും നടപ്പിൽ വരുത്തിയിരിക്കാമെന്ന് കുരുതുവാനേ വഴി കാണുന്നുള്ളൂ. അല്ലാഹുവിനറിയാം. അങ്ങനെ -ഇബ്നു അബ്ബാസ്, ഖത്താദഃ, ഇബ്നു ജുറൈജ് (റ) മുതലായവരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടതുപോലെ- രാവിലെ ജാലവിദ്യക്കാരായി രംഗപ്രവേശം ചെയ്ത അവർ വൈകുന്നേരം രക്തസാക്ഷികളായിത്തീർന്നു.

വിഭാഗം - 15

ജാലവിദ്യക്കാരെ ശിക്ഷിച്ചതുകൊണ്ടൊന്നും ഫിർഔന്റെ അരിശം തീരുകയില്ലല്ലോ. മൂസാ നബി (അ)യുടെ ദൗത്യം പരാജപ്പെടുത്തുവാനുള്ള മാർഗമെന്താണെന്നായി അവന്റെയും അവന്റെ ആൾക്കാരുടെയും ആലോചന.

وَقَالَ ٱلْمَلَأُ مِن قَوْمِ فِرْعَوْنَ أَتَذَرُ مُوسَىٰ وَقَوْمَهُۥ لِيُفْسِدُوا۟ فِى ٱلْأَرْضِ وَيَذَرَكَ وَءَالِهَتَكَ ۚ

﴾127﴿ ഫിർഔന്റെ ജനങ്ങളിൽ നിന്നുള്ള പ്രധാനികൾ പറയുകയും ചെയ്തു: 'മൂസായെയും, അവന്റെ ജനങ്ങളെയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാനും, അങ്ങയെയും അങ്ങയുടെ ദൈവങ്ങളെയും അവൻ വിട്ടുകളയുവാനും അങ്ങുന്നു (ഒഴിച്ചു) വിടുകയോ?! [അതിനൊരു പരിഹാരമുണ്ടാക്കുക തന്നെ വേണം]'.

قَالَ سَنُقَتِّلُ أَبْنَآءَهُمْ وَنَسْتَحْيِۦ نِسَآءَهُمْ وَإِنَّا فَوْقَهُمْ قَٰهِرُونَ ﴿١٢٧﴾

അവൻ പറഞ്ഞു: 'അവരുടെ ആൺമക്കളെ നാം (നിർദ്ദയം) കൊന്നൊടുക്കുകയും, അവരുടെ സ്ത്രീകളെ (ബാക്കിയാക്കി) ജീവിക്കുവാൻ വിടുകയും ചെയ്തുകൊള്ളാം. നാം അവരുടെ മേൽ സർവ്വാധിപത്യം നടത്തുന്നവരുമാകുന്നു'.

﴾127﴿ وَقَالَ الْمَلَأُ പ്രധാനികൾ പറയുകയും ചെയ്തു, പ്രധാനികളും പറഞ്ഞു مِن قَوْمِ ജനങ്ങളിൽ നിന്ന് فِرْعَوْنَ ഫിർഔന്റെ أَتَذَرُ നീ (അങ്ങുന്ന്) വിടുകയോ مُوسَىٰ മൂസായെ وَقَوْمَهُ അവന്റെ ജനങ്ങളെയും لِيُفْسِدُوا അവർ കുഴപ്പം (നാശം) ഉണ്ടാക്കുവാൻ വേണ്ടി فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) وَيَذَرَكَ അവൻ നിന്നെ (അങ്ങയെ) വിടുവാനും, ഉപേക്ഷിക്കുവാനും وَآلِهَتَكَ നിന്റെ (അങ്ങയുടെ) ഇലാഹു (ദൈവം)കളെയും قَالَ അവൻ പറഞ്ഞു سَنُقَتِّلُ നാം കൊന്നൊടുക്കാം (ധാരാളം കൊല്ലാം) أَبْنَاءَهُمْ അവരുടെ ആൺമക്കളെ, പുത്രന്മാരെ وَنَسْتَحْيِي നാം ജീവിക്കുമാറാക്കു (ബാക്കിയാക്കു)കയും ചെയ്യും نِسَاءَهُمْ അവരുടെ സ്ത്രീകളെ وَإِنَّا നിശ്ചയമായും നാം فَوْقَهُمْ അവരുടെ മീതെ قَاهِرُونَ സർവ്വാധിപത്യം നടത്തുന്നവരുമാണ്.

മൂസായെയും അവന്റെ ആൾക്കാരെയും നിലക്ക് നിറുത്താത്തപക്ഷം അവൻ നമ്മുടെ മതരംഗത്തും ഭരണരംഗത്തും കുഴപ്പങ്ങളുണ്ടാക്കും, അതിനൊരു നിവാരണം ഉണ്ടാക്കുക തന്നെ വേണമെന്ന് ആ പ്രധാനികൾ ഫിർഔനോട് ശുപാർശ ചെയ്തു. ഫിർഔന് തന്നെയും അങ്ങിനെ അഭിപ്രായമുണ്ടായിരുന്നു. അല്ലാഹു പറയുന്നു:

وَقَالَ فِرْعَوْنُ ذَرُونِي أَقْتُلْ مُوسَىٰ وَلْيَدْعُ رَبَّهُ إِنِّي أَخَافُ أَن يُبَدِّلَ دِينَكُمْ أَوْ أَن يُظْهِرَ فِي الْأَرْضِ الْفَسَادَ

(സാരം: ഫിർഔൻ പറഞ്ഞു: എന്നെ വിട്ടേക്കുവീൻ, ഞാൻ മൂസായെ കൊലപ്പെടുത്തട്ടെ. അവൻ അവന്റെ റബ്ബിനെ വിളിക്കുകയും ചെയ്യട്ടെ, അവൻ നിങ്ങളുടെ മതത്തെ മാറ്റിമറിക്കുകയോ, ഭൂമിയിൽ കുഴപ്പം പുറപ്പെടുവിക്കുയോ ചെയ്യുമെന്ന് ഞാൻ ഭയപ്പെടുന്നു (40:26). രാജകീയ ശാസനം ഉണ്ടായത് ഇസ്റാഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെ കൊലപ്പെടുത്തുവാനായിരുന്നു. പെൺകുട്ടികളെ ഒഴിവാക്കാനും. ഇതൊരു കടുത്ത ശിക്ഷയും അവരുടെ വീര്യം നിശിപ്പിക്കുന്നതുമാണെന്നതിന് പുറമെ, ഇസ്റാഈല്യരുടെ സംഖ്യാബലം ഇല്ലാതാക്കുവാനുംകൂടിയായിരുന്നു. അതോടുകൂടി സ്ത്രീകളെ തങ്ങളുടെ ദാസ്യവേലക്കും മറ്റും ഉപയോഗപ്പെടുത്തുകയും ചെയ്യാമല്ലോ.

ഈ ക്രൂരശിക്ഷക്ക് പുറമെ, ഇസ്റാഈല്യരുടെ മേലുള്ള അധികാര നടപടികൾ കുറേകൂടി കർക്കശമാക്കുമെന്നും, അവർക്ക് മേലിൽ അവരുടെ ഇഷ്ടംപോലെ ഇവിടെ വിഹരിക്കുവാൻ സാധ്യമാകുകയില്ലെന്നും ഫിർഔൻ വ്യക്തമാക്കി. ഇസ്റാഈല്യരുടെ

ആൺകുട്ടികളെ വധിക്കുവാൻ ഫിർഔൻ കൽപനയിടുന്നത് ഇത് ആദ്യമായിട്ടല്ല. മുമ്പും ആ കടും കൃത്യത്തിന് ഇസ്റാഈല്യർ വിധേയരായിട്ടുണ്ട്. അവരുടെ വർദ്ധനവ് ഫറോവാ ഭരണകൂടത്തിന് ആപത്തായിത്തീർന്നേക്കുമെന്ന് ഭയപ്പെട്ടുതന്നെയായിരുന്നു അതും. അക്കാലത്തായിരുന്നു അതേ ഭരണം കടപുഴകുവാൻ കാരണഭൂതനായ മൂസാ നബി (അ) ജനിച്ചതും. അതേ രാജകൊട്ടാരത്തിൽ തന്നെ അദ്ദേഹം വളർന്നതും (സൂ: ക്വസ്വസ് നോക്കുക).

താൻ ഇലാഹും റബ്ബുമാണെന്ന് വാദിച്ചിരുന്നവനാണ് ഫിർഔൻ. എന്നിരിക്കെ, 'അങ്ങയെയും അങ്ങയുടെ ഇലാഹുകളെയും വിട്ടേക്കുക' (وَيَذَرَكَ وَآلِهَتَكَ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ഒന്നിലധികം പ്രകാരത്തിലായിരിക്കാവുന്നതാണ്. അതായത്; ഫിർഔൻ ദൈവമായി ഗണിക്കപ്പെട്ടിരുന്നുവെങ്കിലും വേറെയും അംഗീകരിക്കപ്പെട്ട ദൈവങ്ങൾ അവർക്കുണ്ടായിരുന്നു. സൂര്യദേവൻ തുടങ്ങിയ ദേവന്മാരും, പശുക്കളും അക്കാലത്ത് ഈജിപ്തിലെ ആരാധ്യ വസ്തുക്കളായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. ഈജിപ്തിലെ പശു ആരാധനയിൽ നിന്നാണല്ലോ പിന്നീട് സാമിരീ സ്വർണപ്പശുക്കുട്ടിയെ ഉണ്ടാക്കുവാനും, ഇസ്റാഈല്യർ അതിനെ ആരാധിക്കുവാനും പ്രചോദനം ഉണ്ടായത്. ഫറോവാ രാജാക്കൾ സൂര്യ പുത്രന്മാരായി ഗണിക്കപ്പെട്ടിരുന്നതായും പറയപ്പെടുന്നു. ജീവിച്ചിരിപ്പുള്ള ചില വ്യക്തികൾ ദൈവങ്ങളായോ, ദൈവാവതാരങ്ങളായോ ഗണിക്കപ്പെടുന്നതോടൊപ്പം, അവരും അവരുടെ ആരാധകന്മാരും ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ട വിഗ്രഹ ദൈവങ്ങളെ ആരാധിച്ചു വരുന്ന സമ്പ്രദായം ഇന്നും ഇന്ത്യയിൽ നിലവിലുള്ളതാണ്. അടുത്ത കാലംവരെ ജപ്പാൻ, സയാം മുതലായ ചില രാജ്യങ്ങളിലെ സിംഹാസനാധിപരായ രാജാക്കളെ അവരുടെ പ്രജകൾ ദൈവങ്ങളായി കരുതി ആരാധിക്കുക പതിവുണ്ടായിരുന്നു. അതോടൊപ്പം അവർക്ക് വേറെയും ദൈവങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും. വിഗ്രഹാരാധകന്മാർക്ക് ശതക്കണക്കിനും ശതലക്ഷക്കണക്കിനുമൊക്കെ ദൈവങ്ങളുണ്ടാകാറുണ്ടെന്നതും അവയിൽ ചിലത് ചിലതിനെക്കാൾ ഉന്നതസ്ഥാനം കൽപ്പിക്കപ്പെടുന്നവയായിരിക്കുമെന്നതും പ്രസ്താവ്യമാകുന്നു. ഫിർഔൻ മറ്റുള്ളവരെപ്പോലെ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നില്ലെന്ന് വന്നാൽ തന്നെയും പ്രജകൾക്ക് വേറെ ദൈവങ്ങൾ ഉണ്ടായിരിക്കുമ്പോൾ വലിയ ദൈവമായ അങ്ങയെയും, അങ്ങുന്നു ഞങ്ങൾക്ക് അംഗീകരിച്ചുതന്ന മറ്റു ദൈവങ്ങളെയും എന്ന അർത്ഥത്തിലും ആയിരിക്കാമല്ലോ ആ പ്രയോഗം. ഇവിടെ آلهتك (ആലിഹതക്ക) എന്നതിന്റെ സ്ഥാനത്ത് إلهتك (ഇലാഹതക്ക) എന്നും വായിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ 'അങ്ങയെയും, അങ്ങയുടെ ദിവ്യത്വത്തെയും (അങ്ങയെ ആരാധിക്കുന്നതിനെയും) വിട്ടു കളയുക' എന്നായിരിക്കും അതിന്റെ അർത്ഥം. ഈ വായനപ്രകാരം മുകളിൽ പറഞ്ഞ സംശയം ഉദിക്കുന്നില്ലതാനും.

ക്വിബ്ത്വികളിൽ മാത്രമല്ല, അവരുമായുള്ള സമ്പർക്കം നിമിത്തം പ്രവാചകന്മാരുടെ സന്തതികളായ ഇസ്റാഈല്യരിൽ പോലും വിഗ്രഹാരാധന പ്രചരിച്ചിരുന്നു. മൂസാ (അ) വന്നതോടുകൂടി ക്രമേണ അവർ ഏകദൈവ വിശ്വാസികളായിത്തീർന്നു. ഇസ്റാഈല്യർ ചെങ്കടൽ കടന്നു രക്ഷപ്പെട്ട ശേഷം വഴിമദ്ധ്യേ ചിലർ വിഗ്രഹങ്ങളെ ആരാധിക്കുന്നത് കണ്ടപ്പോൾ ഞങ്ങൾക്കും അതുപോലെ ചില ദൈവങ്ങളെ സ്വീകരിക്കുവാൻ അവർ മൂസാ നബി (അ)യോട് ആവശ്യപ്പെട്ടതായി 138-ാം വചനത്തിൽ കാണാം. ഇതും, സീനാ താഴ്വരയിൽ വെച്ച് സാമിരീ നിർമിച്ച പശുക്കുട്ടിയെ അവർ ആരാധിക്കുവാൻ തയ്യാറായതും അവരുടെ ആ പഴയ വാസന നിമിത്തമായിരുന്നു. മൂസാ നബി

(അ)യുടെ വടി പാമ്പായിത്തീര്‍ന്ന സംഭവം വിവരിച്ചശേഷം സൂറഃ യൂനുസിൽ പറയുന്നു: فَمَآ ءَامَنَ لِمُوسَىٰٓ إِلَّا ذُرِّيَّةٌ مِّن قَوْمِهِۦ عَلَىٰ خَوْفٍ مِّن فِرْعَوْنَ وَمَلَإِيْهِمْ أَن يَفْتِنَهُمْ (സാരം: ഫിര്‍ഔനെയും അവരിലെ പ്രധാനികളെയും കുറിച്ചു -അവന്‍ അവരെ കുഴപ്പത്തിലാക്കുമെന്ന്- ഭയത്തോടുകൂടി മൂസായുടെ ജനങ്ങളില്‍ നിന്നുള്ള ചില സന്തതികളല്ലാതെ അദ്ദേഹത്തില്‍ വിശ്വസിച്ചില്ല (യൂനുസ്:83) അതായത്, മൂസാ (അ)ന്റെ ജനതയായ ഇസ്റാഈല്യരില്‍ നിന്നുള്ള ചില ചെറുപ്പക്കാര്‍ മാത്രം വിശ്വസിച്ചു. അത് തന്നെയും ഫിര്‍ഔനെയും അവരിലുള്ള പ്രധാനികളെയും ഭയന്നുകൊണ്ടായിരുന്നുവെന്ന് സാരം. കൂടുതല്‍ വിവരം യഥാസ്ഥാനത്ത് വെച്ച് കാണാം. ان شاء الله

ആണ്‍കുട്ടികളെ കൊലപ്പെടുത്തുവാനുള്ള ഫിര്‍ഔന്റെ തീരുമാനം അവരെ അധികം അലട്ടിയിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. മൂസാ (അ) അവരെ സമാധാനിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു അതെ,-

قَالَ مُوسَىٰ لِقَوْمِهِ ٱسْتَعِينُوا۟ بِٱللَّهِ وَٱصْبِرُوٓا۟ ۖ إِنَّ ٱلْأَرْضَ لِلَّهِ يُورِثُهَا مَن يَشَآءُ مِنْ عِبَادِهِۦ ۖ وَٱلْعَٰقِبَةُ لِلْمُتَّقِينَ ﴿١٢٨﴾

﴿128﴾ മൂസാ തന്റെ ജനങ്ങളോടു പറഞ്ഞു: 'നിങ്ങള്‍ അല്ലാഹുവിനോട് സഹായമര്‍ത്ഥിക്കുകയും, ക്ഷമിക്കുകയും ചെയ്യുവിന്‍. നിശ്ചയമായും, ഭൂമി അല്ലാഹുവിന്റേതാകുന്നു; അവന്റെ അടിയാന്മാരില്‍ നിന്ന് അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍ അതിനെ അവകാശപ്പെടുത്തിക്കൊടുക്കുന്നു.

പര്യവസാനമാകട്ടെ, സൂക്ഷ്മത പാലിക്കുന്നവര്‍ക്ക് (ഗുണകരം) ആയിരിക്കും.

﴾128﴿ قَالَ مُوسَىٰ മൂസാ പറഞ്ഞു لِقَوْمِهِ തന്റെ ജനങ്ങളോട് اسْتَعِينُوا നിങ്ങള്‍ സഹായമര്‍ത്ഥിക്കുവിന്‍, സഹായം തേടുവിന്‍ بِاللَّهِ അല്ലാഹുവിനോട്, അല്ലാഹുവിനെക്കൊണ്ട് وَاصْبِرُوا നിങ്ങള്‍ ക്ഷമിക്കുകയും ചെയ്യുവിന്‍ إِنَّ الْأَرْضَ നിശ്ചയമായും ഭൂമി لِلَّهِ അല്ലാഹുവിന്റെതാണ് يُورِثُهَا അതിനെ അവന്‍ അവകാശ(അനന്തര)പ്പെടുത്തുന്നു مَن يَشَاءُ അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് مِنْ عِبَادِهِ അവന്റെ അടിയാന്മാരില്‍ നിന്ന് وَالْعَاقِبَةُ പര്യവസാനം, അന്ത്യം, കലാശം لِلْمُتَّقِينَ സൂക്ഷ്മതയുള്ളവര്‍ (ഭയഭക്തന്മാര്‍)ക്കാകുന്നു

ക്ഷമിക്കുകയും, അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പക്ഷം, ഫിര്‍ഔന്റെ ആധിപത്യത്തില്‍ നിന്നും മര്‍ദ്ദനത്തില്‍ നിന്നും നിങ്ങള്‍ക്ക് രക്ഷ കിട്ടുകയും, നിങ്ങള്‍ക്ക് വാഗ്ദാനം ചെയ്യപ്പെട്ട നാട്ടില്‍ -ഫലസ്തീനില്‍- നിങ്ങള്‍ക്ക് സ്വാധീനം ലഭിക്കുകയും ചെയ്യുമെന്ന് നിങ്ങള്‍ക്ക് പ്രതീക്ഷിക്കാം. ഭൂമിയിലെ അധികാരവും സ്വാധീനവും ആരുടെയും കുത്തകയല്ല. അതിന്റെ നിയന്ത്രണം അല്ലാഹുവിങ്ക

ലാണ്. ചിലർക്ക് ചിലപ്പോൾ അതവൻ നൽകുന്നുവെന്ന് മാത്രം. അന്തിമ വിജയം അവനെ സൂക്ഷിച്ചു ജീവിക്കുന്നവർക്കായിരിക്കുമെന്ന കാര്യം തീർച്ചയാണ് എന്ന് താൽപര്യം.

قَالُوٓاْ أُوذِينَا مِن قَبۡلِ أَن تَأۡتِيَنَا وَمِنۢ بَعۡدِ مَا جِئۡتَنَاۚ قَالَ عَسَىٰ رَبُّكُمۡ أَن يُهۡلِكَ عَدُوَّكُمۡ وَيَسۡتَخۡلِفَكُمۡ فِي ٱلۡأَرۡضِ فَيَنظُرَ كَيۡفَ تَعۡمَلُونَ ١٢٩

﴾129﴿ അവർ പറഞ്ഞു: 'താങ്കൾ ഞങ്ങളിൽ (റസൂലായി) വരുന്നതിന് മുമ്പും, താങ്കൾ ഞങ്ങളിൽ വന്നതിനു ശേഷവും ഞങ്ങൾ ഉപദ്രവിക്കപ്പെട്ടിരിക്കുന്നു! [താങ്കളുടെ വരവുകൊണ്ടും ഞങ്ങൾക്ക് രക്ഷയില്ലല്ലോ]!

അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ റബ്ബ് നിങ്ങളുടെ ശത്രുവിനെ നശിപ്പിക്കുകയും, (തൽസ്ഥാനത്ത്) ഭൂമിയിൽ നിങ്ങളെ പകരമാക്കുകയും ചെയ്തേക്കാം; എന്നിട്ട്, നിങ്ങൾ എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് അവൻ നോക്കുകയും (ചെയ്തേക്കാം)'.

﴾129﴿ قَالُوا അവർ പറഞ്ഞു أُوذِينَا ഞങ്ങൾ ഉപദ്രവിക്ക (മർദ്ദിക്ക-സ്വൈരം കെടുത്ത)പ്പെട്ടു مِن قَبْلِ മുമ്പ് أَن تَأْتِيَنَا നീ ഞങ്ങളിൽ വരുന്നതിന് وَمِن بَعْدِ ശേഷവും مَا جِئْتَنَا നീ ഞങ്ങളിൽ വന്നതിന് قَالَ അദ്ദേഹം പറഞ്ഞു عَسَىٰ رَبُّكُمْ നിങ്ങളുടെ റബ്ബ് ആയേക്കാം أَن يُهْلِكَ അവൻ നശിപ്പിക്കുക عَدُوَّكُمْ നിങ്ങളുടെ ശത്രുവെ وَيَسْتَخْلِفَكُمْ നിങ്ങളെ പകരമാക്കുക (പിൻഗാമികളാക്കുക-പ്രതിനിധികളാക്കുക)യും فِي الْأَرْضِ ഭൂമിയിൽ فَيَنظُرَ എന്നിട്ടവൻ നോക്കുകയും كَيْفَ എങ്ങിനെ تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നു (എന്ന്)

മൂസാ നബി(അ)യുടെ ഈ മറുപടി അവർക്ക് കുറേക്കൂടി പ്രതീക്ഷക്ക് വക നൽകുന്നതും, അവർ കൂടുതൽ ബോധവാന്മാരായിരിക്കേണ്ടതിന്റെ ആവശ്യകത ഓർമിപ്പിക്കുന്നതുമാകുന്നു.

വിഭാഗം - 16

وَلَقَدۡ أَخَذۡنَآ ءَالَ فِرۡعَوۡنَ بِٱلسِّنِينَ وَنَقۡصٖ مِّنَ ٱلثَّمَرَٰتِ لَعَلَّهُمۡ يَذَّكَّرُونَ ١٣٠

﴾130﴿ ഫിർഔന്റെ കൂട്ടരെ (വറുതി പിടിച്ച) കൊല്ലങ്ങളും, ഫലവർഗങ്ങളുടെ കുറവു കൊണ്ടും നാം പിടികൂടുകയുണ്ടായി; അവർ ഓർമ വെക്കുവാൻ വേണ്ടി.

﴾130﴿ وَلَقَدْ أَخَذْنَا നാം പിടിക്കുക (പിടികൂടുക-ശിക്ഷിക്കുക)യുണ്ടായിട്ടുണ്ട് آلَ فِرْعَوْنَ ഫിർഔന്റെ കൂട്ടരെ, ആൾക്കാരെ بِالسِّنِينَ കൊല്ലങ്ങൾ (ക്ഷാമകാലങ്ങൾ)കൊണ്ട് وَنَقْصٍ കുറവുകൊണ്ടും مِنَ الثَّمَرَاتِ ഫലവർഗങ്ങളിൽ നിന്നുള്ള (കായഫലങ്ങളുടെ) لَعَلَّهُمْ അവരാകുവാൻവേണ്ടി يَذَّكَّرُونَ ഓർമിക്കും, ഉറ്റാലോചിക്കും

فَإِذَا جَآءَتْهُمُ ٱلْحَسَنَةُ قَالُوا۟ لَنَا هَـٰذِهِۦ ۖ وَإِن تُصِبْهُمْ سَيِّئَةٌ يَطَّيَّرُوا۟ بِمُوسَىٰ وَمَن مَّعَهُۥٓ ۗ

أَلَآ إِنَّمَا طَـٰٓئِرُهُمْ عِندَ ٱللَّهِ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿١٣١﴾

﴾131﴿ എന്നാൽ, അവർക്ക് നന്മ വന്നാൽ അവർ പറയും: 'നമുക്ക് (കിട്ടേണ്ടതു)ള്ളത് തന്നെയാണിത്'. അവർക്ക് വല്ല തിന്മയും ബാധിച്ചുവെങ്കിലോ, മൂസായെയും, അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും അവർ ദുഃശ്ശകുനമാക്കുകയും ചെയ്യും.

അല്ലാ! (അറിഞ്ഞേക്കുക:) നിശ്ചയമായും അവരുടെ ശകുനപ്പിഴ അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു. എങ്കിലും അവരിൽ അധികമാളും അറിയുന്നില്ല.

﴾131﴿ فَإِذَا جَاءَتْهُمُ എന്നാൽ അവർക്ക് വന്നാൽ الْحَسَنَةُ നന്മ, നല്ല കാര്യം قَالُوا അവർ പറയും لَنَا നമുക്കുള്ളതാണ് (നമുക്ക് വേണ്ടതാണ്) هَٰذِهِ ഇത്, ഇവ وَإِنْ تُصِبْهُمْ അവർക്ക് ബാധിക്കുന്നുവെങ്കിൽ سَيِّئَةٌ വല്ല തിന്മയും, തീയതും يَطَّيَّرُوا അവർ ദുഃശ്ശകുനമാക്കും, ദുർലക്ഷണം പറയും بِمُوسَىٰ മൂസായെക്കൊണ്ട് وَمَنْ مَعَهُ അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും أَلَا അല്ലാ, അറിയുക إِنَّمَا طَائِرُهُمْ നിശ്ചയമായും അവരുടെ പക്ഷി (ശകുനപ്പിഴ-ദുർലക്ഷണം) عِنْدَ اللَّهِ അല്ലാഹുവിന്റെ പക്കൽ (തന്നെ) ആകുന്നു وَلَٰكِنَّ أَكْثَرَهُمْ എങ്കിലും അവരിൽ അധികമാളും لَا يَعْلَمُونَ അറിയുന്നില്ല.

سنين (സിനീൻ) എന്ന പദത്തിന് 'കൊല്ലങ്ങൾ' എന്നാണ് വാക്കർത്ഥം. ക്ഷാമം പിടിപെട്ട കൊല്ലങ്ങൾ എന്ന അർത്ഥത്തിൽ അതും, അതിന്റെ ഏകവചനമായ سنة (സനത്ത്) എന്ന പദവും ഉപയോഗിക്കപ്പെടുന്നു. അതുപോലെത്തന്നെ طائر(ത്വാഇർ) എന്ന പദത്തിന് 'പക്ഷി' എന്നാണ് വാക്കർത്ഥം. പക്ഷികളുടെ ചലനത്തെ ആസ്പദമാക്കി പല ശകുനങ്ങളും ലക്ഷണങ്ങളും കണക്കാക്കപ്പെടാറുള്ളത്കൊണ്ട് ശകുനം എന്ന ഉദ്ദേശ്യത്തിൽ അത് സാധാരണ ഉപയോഗിക്കപ്പെടുന്നു. ഇവിടെ ദുഃശ്ശകുനമാണുദ്ദേശ്യം.

മൂസാ നബി (അ)യുടെ ദൗത്യത്തിന് ദൃഷ്ടാന്തങ്ങളായി ഫിർഔനും അവന്റെ ജനങ്ങൾക്കും ബാധിച്ച രണ്ട് പരീക്ഷണങ്ങളെപറ്റിയാണ് ഒന്നാമത്തെ വചനത്തിൽ പ്രസ്താവിച്ചത്. മറ്റു പല പരീക്ഷണങ്ങളെക്കുറിച്ചും തുടർന്ന് പ്രസ്താവിക്കുന്നുമുണ്ട്. അല്ലാഹു നൽകിയ അനുഗ്രഹമാണെന്ന വിചാരമോ അതിന്റെ പേരിൽ നന്ദിയോ ഉണ്ടായിരിക്കയില്ല. നേരെമറിച്ച് തീയത് വരുമ്പോൾ, അത് തങ്ങളിലുള്ള കൊള്ളരുതായ്മമൂലം സംഭവിച്ചതാണെന്ന ബോധവും അവർക്കില്ല. മൂസാ (അ)ന്റെയും അദ്ദേഹത്തിൽ വിശ്വസിച്ചവരുടെയും കൊള്ളരുതായ്മയിൽ നിന്നുണ്ടായ ദുഃശ്ശകുനമാണെന്നേ കണക്കാക്കൂ. വാസ്തവത്തിൽ, അവർക്ക് വരുന്ന ദുഃശ്ശകുനങ്ങളൊക്കെ അല്ലാഹു കണക്കാക്കുന്നതാകുന്നു. അതിന് കാരണക്കാർ അവർതന്നെയാണ്താനും. എന്നിങ്ങിനെയാണ് രണ്ടാമത്തെ വചനത്തിന്റെ താൽപര്യം.

وَقَالُواْ مَهْمَا تَأْتِنَا بِهِۦ مِنْ ءَايَةٍ لِّتَسْحَرَنَا بِهَا فَمَا نَحْنُ لَكَ بِمُؤْمِنِينَ ﴿١٣٢﴾

﴿132﴾ അവർ (ഇങ്ങിനെ) പറയുകയും ചെയ്തു: '(മൂസാ) നീ ഞങ്ങളെ പകിട്ടാ(ക്കി വശീകരി)ക്കുവാൻ വേണ്ടി ദൃഷ്ടാന്തമായിക്കൊണ്ട് എന്തുതന്നെ ഞങ്ങൾക്ക് കൊണ്ടുവന്നാലും, ഞങ്ങൾ നിന്നെ വിശ്വസിക്കുന്നവരല്ല (തന്നെ)'.

﴿132﴾ وَقَالُوا അവർ പറയുകയും ചെയ്തു مَهْمَا എന്തു തന്നെ تَأْتِنَا بِهِ നീ അതുകൊണ്ട് വന്നാലും مِنْ آيَةٍ വല്ല ദൃഷ്ടാന്തവുമായിട്ട് لِتَسْحَرَنَا ഞങ്ങളെ നീ പകിട്ടാക്കുവാൻ, വശീകരിക്കുവാൻ بِهَا അതുകൊണ്ട് فَمَا نَحْنُ എന്നാൽ ഞങ്ങളല്ല لَكَ നിന്നെ بِمُؤْمِنِينَ വിശ്വസിക്കുന്നവർ

ഏത് ദൃഷ്ടാന്തം കണ്ടാലും വിശ്വസിക്കുകയില്ലെന്ന ദുഃശ്ശാഠ്യത്തിന് പുറമെ, മൂസാ നബി മുഖാന്തരം കാണുന്ന ദൃഷ്ടാന്തങ്ങൾ മുഴുവനും ജാലവിദ്യയാണെന്ന ഒരു ആരോപണവുംകൂടി ഇതിൽ അടങ്ങിയിരിക്കുന്നു. അല്ലാഹു പറയുന്നു:

فَأَرْسَلْنَا عَلَيْهِمُ ٱلطُّوفَانَ وَٱلْجَرَادَ وَٱلْقُمَّلَ وَٱلضَّفَادِعَ وَٱلدَّمَ ءَايَٰتٍ مُّفَصَّلَٰتٍ

﴿133﴾ അപ്പോൾ, അവരിൽ നാം ജലപ്രളയവും, വെട്ടുകിളിയും, പേനും (അഥവാ ചെള്ളും), തവളകളും, രക്തവും അയച്ചു; വിശദമാ(യി വ്യക്തമാ)ക്കപെട്ട ദൃഷ്ടാന്തങ്ങളായിക്കൊണ്ട്.

فَٱسْتَكْبَرُواْ وَكَانُواْ قَوْمًا مُّجْرِمِينَ ﴿١٣٣﴾

എന്നാൽ, അവർ അഹംഭാവം നടിക്കയാണ് ചെയ്തത്. അവർ കുറ്റവാളികളായ ഒരു ജനതയായിരുന്നു താനും.

﴾133﴿ فَأَرْسَلْنَا അപ്പോൾ (എന്നിട്ടു)നാം അയച്ചു عَلَيْهِمُ അവരിൽ الطُّوفَانَ ജല പ്രളയം, വെള്ളപ്പൊക്കം, വമ്പിച്ച ആപത്ത് وَالْجَرَادَ വെട്ടുകിളിയും وَالْقُمَّلَ പേനും, ചെള്ളും وَالضَّفَادِعَ തവളകളും وَالدَّمَ രക്തവും ءَايَٰتٍ ദൃഷ്ടാന്തങ്ങളായിട്ട് مُفَصَّلَٰتٍ വിസ്തരിക്ക(വിശദീകരിക്ക)പ്പെട്ട فَاسْتَكْبَرُوا എന്നിട്ടവർ അഹംഭാവം നടിച്ചു وَكَانُوا അവരായിരുന്നു താനും, ആയിത്തീരുകയും ചെയ്തു قَوْمًا ഒരു ജനത مُجْرِمِينَ കുറ്റവാളികളായ.

طوفان (ത്വൂഫാൻ) എന്ന പദം എല്ലാവിധ പൊതു ആപത്തുകൾക്കും പറയപ്പെടുമെങ്കിലും വെള്ളപ്പൊക്കംകൊണ്ടുള്ള ആപത്തിലാണ് അധികവും പ്രയോഗം. അതാണ് ഇവിടെ ഉദ്ദേശ്യമെന്നത്രെ അധിക ക്വുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം. മഹാവ്യാധികൾ മൂലമുള്ള വമ്പിച്ച ജീവനാശമാണ് ഉദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. قمل (ക്വുമ്മൽ) കൊണ്ടുദ്ദേശ്യം പേനാണെന്നും, ഒരുതരം ചെള്ളോ ഈച്ചയോ ആണെന്നും അഭിപ്രായങ്ങൾ കാണാം. മേൽപറഞ്ഞ ഓരോ ദൃഷ്ടാന്തങ്ങളെക്കുറിച്ചും അവ അല്ലാഹുവിങ്കൽ നിന്നുള്ള ദൃഷ്ടാന്തമാണെന്നും, ജാലവിദ്യയോ മറ്റോ അല്ലെന്നുമൊക്കെ അവർക്ക് നേരത്തെകൂട്ടി പ്രത്യേകം വിവരിച്ചു കൊടുക്കപ്പെട്ടിരുന്നുവെന്നത്രെ آيات مفصلات (വിശദീകരിച്ചു കൊടുക്കപ്പെട്ട ദൃഷ്ടാന്തങ്ങളായിക്കൊണ്ട്) എന്ന് പറഞ്ഞതിന്റെ സാരം.

ഫിർഔനും കൂട്ടർക്കും കാട്ടിക്കൊടുക്കപ്പെട്ട ദൃഷ്ടാന്തങ്ങളെപറ്റി ബൈബ്ളിൽ (പുറപ്പാട്, പുസ്തകം അധ്യായം 7-10) വളരെ വിസ്തരിച്ചു വിവരിച്ചു കാണാം. എന്നാൽ, മൂസാ നബി (അ)യുടെ കൈ വെള്ള നിറംപൂണ്ട സംഭവം അതിൽ കാണപ്പെടുന്നില്ല. വടി സർപ്പമായി മാറിയതും, ജാലവിദ്യക്കാർ പരാജയപ്പെട്ടതും പറയപ്പെട്ടിട്ടുണ്ടെങ്കിലും അവർ വിശ്വസിച്ചതും, ഫിർഔൻ അവരെ ശിക്ഷിച്ചതും പ്രസ്താവിക്കപ്പെട്ടിട്ടില്ല. ചില പരാമർശങ്ങൾ ക്വുർആനിനോട് യോജിച്ചു കാണാമെങ്കിലും ചിലതൊക്കെ യോജിക്കാതെയും, ചിലത് രണ്ടും കൽപിക്കുവാൻ സാധിക്കാത്തതുമാകുന്നു. ഈ ദൃഷ്ടാന്തങ്ങളെപറ്റി കൂടുതൽ വിശദീകരണം നൽകുന്ന ബലവത്തായ ഹദീഥുകളോ രിവായത്തുകളോ കാണപ്പെടുന്നില്ല. മുൻഗാമികളിൽ നിന്നുള്ള ഏതാനും രിവായത്തുകൾ നിലവിലുണ്ടെങ്കിലും മിക്കതും വേദക്കാരിൽ നിന്ന് കേട്ടതും അറിയപ്പെട്ടതുമാണ് താനും. ഓരോ ദൃഷ്ടാന്തത്തെപറ്റിയും വിശദമായി അറിയാത്തത്കൊണ്ട് ആശയം മനസ്സിലാകാതിരിക്കുകയില്ലല്ലോ.

ഒരുകാര്യം ഇവിടെ പ്രത്യേകം പ്രസ്താവ്യമാകുന്നു. നബി തിരുമേനി ﷺ അക്ഷരജ്ഞാനമില്ലാത്ത ആളാണ്. മുൻവേദഗ്രന്ഥങ്ങളുമായി അവിടുത്തേക്ക് പരിചയവുമില്ല. മദീനാ ഹിജ്റഃക്കുശേഷമേ വേദക്കാരുമായി സമ്പർക്കം ഉണ്ടായിട്ടുള്ളൂ. മക്കയിലും പരിസരങ്ങളിലുമുള്ള അറബികളുടെ പൊതുനിലയും ഇതിൽനിന്ന് വ്യത്യസ്തമല്ല. നന്നെചുരുക്കം വ്യക്തികൾക്കേ എഴുത്തും വായനയും അറിഞ്ഞുകൂടു. അവർക്കുപോലും തൗറാത്തിന്റെ പകർപ്പുകളുമായി പരിചയപ്പെടത്തക്കവണ്ണം അതിന്റെ പകർപ്പുകളും അധികമൊന്നും അന്ന് നിലവിലില്ലായിരുന്നു. വേദക്കാരിൽ തന്നെ ഭൂരിഭാഗവും അവരുടെ വേദഗ്രന്ഥം കണ്ടിട്ടില്ലാത്തവരാണ്. ഇങ്ങിനെയെല്ലാമായിരിക്കെ, ക്വുർആനിൽ -അതും മക്കീ സൂറത്തുകളിൽ- മുൻകാല സംഭവങ്ങൾ ഇത്രയും വ്യക്തവും സ്പഷ്ടവുമായ വിധത്തിൽ നബി ﷺ ഓതിക്കേൾപ്പിക്കുമ്പോൾ, ക്വുർആൻ അല്ലാഹുവിൽ നിന്നുള്ളതാണെന്നുള്ളതിന് അതും വ്യക്തമായ ഒരു തെളിവാകുന്നു.

وَلَمَّا وَقَعَ عَلَيْهِمُ ٱلرِّجْزُ قَالُوا۟ يَـٰمُوسَى ٱدْعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَ ۖ

﴾134﴿ അവരുടെമേല്‍ ശിക്ഷ ഭവിച്ചപ്പോള്‍, അവര്‍ പറഞ്ഞു: 'മൂസാ, നിന്റെ റബ്ബ് നിന്റെ അടുക്കല്‍ കരാറു നല്‍കിയ (നിശ്ചയ)പ്രകാരം, അവനോട് ഞങ്ങള്‍ക്കുവേണ്ടി നീ പ്രാര്‍ത്ഥിക്കുക.

لَئِن كَشَفْتَ عَنَّا ٱلرِّجْزَ لَنُؤْمِنَنَّ لَكَ وَلَنُرْسِلَنَّ مَعَكَ بَنِىٓ إِسْرَٰٓءِيلَ ﴿١٣٤﴾

ഞങ്ങളില്‍ നിന്ന് (ഈ) ശിക്ഷ നീ (നീക്കി) തുറവിയാക്കിത്തന്നുവെങ്കില്‍, നിശ്ചയമായും ഞങ്ങള്‍ നിന്നെ വിശ്വസിക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം ഇസ്റാഈല്‍ സന്തതികളെ ഞങ്ങള്‍ അയച്ചുതരുകയും തന്നെ ചെയ്യുന്നതാണ്.

فَلَمَّا كَشَفْنَا عَنْهُمُ ٱلرِّجْزَ إِلَىٰٓ أَجَلٍ هُم بَـٰلِغُوهُ إِذَا هُمْ يَنكُثُونَ ﴿١٣٥﴾

﴾135﴿ എന്നാല്‍, ഒരു അവധി- അതവര്‍ പ്രാപിക്കും-വരെ നാം അവരില്‍ നിന്ന് ശിക്ഷയെ (നീക്കി) തുറവിയാക്കിയപ്പോള്‍, അപ്പോള്‍, (അതാ) അവര്‍ (വാക്ക്) ലംഘിക്കുന്നു!

﴾134﴿ وَلَمَّا وَقَعَ സംഭവിച്ച (ഉണ്ടായ)പ്പോള്‍ عَلَيْهِمُ അവരുടെമേല്‍, അവരില്‍ الرِّجْزُ കുലുക്കം, മ്ലേച്ഛത (ശിക്ഷ) قَالُوا അവര്‍ പറഞ്ഞു يَامُوسَى മൂസാ ادْعُ لَنَا നീ ഞങ്ങള്‍ക്ക് വേണ്ടി പ്രാര്‍ത്ഥിക്കുക رَبَّكَ നിന്റെ റബ്ബിനോട് بِمَا عَهِدَ അവന്‍ കാരാറ് (ഉത്തരവ്) നല്‍കിയ പ്രകാരം (നല്‍കിയതുകൊണ്ട്) عِندَكَ നിന്റെ അടുക്കല്‍ لَئِن كَشَفْتَ നീ നീക്കി (തുറവിയാക്കി)തന്നെങ്കില്‍ عَنَّا ഞങ്ങളില്‍ നിന്ന് الرِّجْزَ ശിക്ഷയെ لَنُؤْمِنَنَّ لَكَ നിശ്ചയമായും ഞങ്ങള്‍ നിന്നെ വിശ്വസിക്കുക തന്നെ ചെയ്യും وَلَنُرْسِلَنَّ ഞങ്ങള്‍ അയക്കുകയും തന്നെ ചെയ്യും مَعَكَ നിന്റെ കൂടെ بَنِي إِسْرَائِيلَ ഇസ്റാഈല്‍ സന്തതികളെ ﴾135﴿ فَلَمَّا كَشَفْنَا എന്നിട്ട് നാം തുറവിയാക്കി (നീക്കി)യപ്പോള്‍ عَنْهُمُ അവരില്‍ നിന്ന് الرِّجْزَ ശിക്ഷയെ إِلَىٰ أَجَلٍ ഒരവധിവരെ هُمْ അവര്‍ بَالِغُوهُ അതിങ്കല്‍ എത്തുന്നവരാണ് إِذَا هُمْ അപ്പോള്‍ അവര്‍ (അതാ) يَنكُثُونَ ലംഘിക്കുന്നു

മേല്‍ വിവരിച്ച തരത്തിലുള്ള ശിക്ഷകള്‍ അനുഭവപ്പെടുമ്പോള്‍, മൂസാ നബി (അ)യെ സമീപിച്ചു ഞങ്ങള്‍ വിശ്വസിച്ചുകൊള്ളാമെന്നും, ഇസ്റാഈല്യരെ വിട്ടുതരാമെന്നും അവര്‍ വാക്ക് കൊടുക്കുകയും, ആപത്തില്‍ നിന്ന് രക്ഷക്കായി അല്ലാഹുവിനോട് പ്രാര്‍ത്ഥിക്കുവാന്‍ അപേക്ഷിക്കുകയും ചെയ്യും. അദ്ദേഹം പ്രാര്‍ത്ഥിക്കുകയും ആപത്ത് നീങ്ങുകയും ചെയ്തുകഴിഞ്ഞാല്‍, പിന്നെയും സ്ഥിതി മുമ്പത്തെപ്പോലെതന്നെ. അങ്ങിനെ, അവര്‍ക്ക് എത്താവുന്നേടത്തോളം കാലം അവര്‍ക്ക് അല്ലാഹു ഒഴിവ് നല്‍കി. എന്നിട്ടൊന്നും അവര്‍ വാക്ക് പാലിച്ചില്ല എന്നു സാരം.

فَٱنتَقَمۡنَا مِنۡهُمۡ فَأَغۡرَقۡنَٰهُمۡ فِي ٱلۡيَمِّ بِأَنَّهُمۡ كَذَّبُواْ بِـَٔايَٰتِنَا وَكَانُواْ عَنۡهَا غَٰفِلِينَ ﴿١٣٦﴾

﴾136﴿ അപ്പോൾ, നാം അവരോട് പ്രതികാര (ശിക്ഷാ) നടപടിയെടുത്തു; അങ്ങനെ, അവരെ നാം സമുദ്രത്തിൽ മുക്കി (നശിപ്പിച്ചു); (അതെ) നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ വ്യാജമാക്കുകയും, അവയെപറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്ത കാരണത്താൽ.

﴾136﴿ فَانْتَقَمْنَا مِنْهُمْ അപ്പോൾ അവരോട് നാം പ്രതികാര (ശിക്ഷാ) നടപടിയെടുത്തു فَأَغْرَقْنَاهُمْ അങ്ങനെ നാം അവരെ മുക്കി فِي الْيَمِّ സമുദ്രത്തിൽ بِأَنَّهُمْ അവരാണെന്നതുകൊണ്ട്, അവർ (ആയ) കാരണത്താൽ كَذَّبُوا അവർ വ്യാജമാക്കി بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ (എന്ന) وَكَانُوا അവർ ആയിരിക്കുക (ആയിത്തീരുക)യും ചെയ്തു (വെന്ന) عَنْهَا അവയെപറ്റി غَافِلِينَ അശ്രദ്ധർ

അല്ലാഹുവിന്റെ കൽപന പ്രകാരം മൂസാ (അ) ഇസ്റാഈല്യരെയും കൂട്ടി ഒരു രാത്രി ഈജിപ്തിൽ നിന്ന് കിഴക്കോട്ട് പുറപ്പെട്ടു. വഴിമദ്ധ്യേ ചെങ്കടലിനടുത്തെത്തി, അവന്റെ കല്പനപ്രകാരം മൂസാ നബി (അ) തന്റെ വടികൊണ്ടു സമുദ്രത്തിൽ അടിച്ചു. ജലം ഇരുവശത്തേക്കും ഒഴിഞ്ഞു നിൽക്കുകയും മദ്ധ്യത്തിലൂടെ തുറന്നു വിശാലമായ ഒരു വഴിയുണ്ടായിത്തീരുകയും ചെയ്തു. ആ വഴിയിലൂടെ ഇസ്റാഈല്യർ സുരക്ഷിതരായി കടന്നുപോയി അക്കരെപറ്റി. അവരെ പിന്തുടർന്ന് വന്നിരുന്ന ഫിർഔനും സൈന്യവും ആ വഴിയിൽ ഇറങ്ങിയതോടെ വെള്ളം കൂട്ടിമുട്ടി അവർ അതിൽപെട്ടു മുങ്ങി നശിക്കുകയും ചെയ്തു. സൂഃ ത്വാഹായിലും, ശുഅറാഇലും ദുഖാനിലും ഈ സംഭവം വിവരിച്ചിട്ടുണ്ട്. കൂടുതൽ വിശദമായി അറിയേണ്ടുന്നവർ സൂഃ ത്വാഹാക്ക് ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പും കാണുക.

وَأَوۡرَثۡنَا ٱلۡقَوۡمَ ٱلَّذِينَ كَانُواْ يُسۡتَضۡعَفُونَ مَشَٰرِقَ ٱلۡأَرۡضِ وَمَغَٰرِبَهَا ٱلَّتِي بَٰرَكۡنَا فِيهَاۖ

﴾137﴿ ബലഹീനരായി ഗണിക്കപ്പെട്ടിരുന്നതായ (ആ) ജനതക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. നാം അനുഗ്രഹം നൽകിയിട്ടുള്ള ഭൂമിയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളെ,

وَتَمَّتۡ كَلِمَتُ رَبِّكَ ٱلۡحُسۡنَىٰ عَلَىٰ بَنِيٓ إِسۡرَٰٓءِيلَ بِمَا صَبَرُواْۖ

നിന്റെ റബ്ബിന്റെ വളരെ നല്ലതായ വാക്ക് ഇസ്റാഈൽ സന്തതികളിൽ പൂർത്തിയാകുകയും ചെയ്തു. അവർ ക്ഷമിച്ചത് നിമിത്തം.

وَدَمَّرْنَا مَا كَانَ يَصْنَعُ فِرْعَوْنُ وَقَوْمُهُۥ وَمَا كَانُوا۟ يَعْرِشُونَ ﴿١٣٧﴾

ഫിർഔനും, അവന്റെ ജനങ്ങളും നിർമിച്ചുകൊണ്ടിരുന്നതും, അവർ കെട്ടി ഉയർത്തിക്കൊണ്ടിരുന്നതും നാം തകർത്തുകയും ചെയ്തു.

﴾137﴿ وَأَوْرَثْنَا നാം അവകാശപ്പെടുത്തി (അനന്തരമാക്കി)ക്കൊടുക്കുകയും ചെയ്തു الْقَوْمَ ജനങ്ങൾക്ക് الَّذِينَ كَانُوا ആയിരുന്നതായ يُسْتَضْعَفُونَ അവർ ബലഹീനരാക്കപ്പെടും, അവർക്ക് ദുർബ്ബലത കൽപ്പിക്കപ്പെടും مَشَارِقَ ഉദയ (കിഴക്ക്) സ്ഥല(ഭാഗ)ങ്ങളെ الْأَرْضِ (ആ) ഭൂമിയുടെ وَمَغَارِبَهَا അതിന്റെ അസ്തമയ (പടിഞ്ഞാറ്) സ്ഥല(ഭാഗ)ങ്ങളെയും الَّتِي بَارَكْنَا നാം അനുഗ്രഹം-അഭിവൃദ്ധി-ആശീർവാദം നൽകിയതായ فِيهَا അതിൽ وَتَمَّتْ പൂർത്തിയാകുകയും ചെയ്തു كَلِمَةُ رَبِّكَ നിന്റെ റബ്ബിന്റെ വാക്ക്, വാക്യം الْحُسْنَى വളരെ നല്ല, അതിസുന്ദരമായ, ഏറ്റം നല്ല عَلَى بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളിൽ, ഇസ്റാഈല്യർക്ക് بِمَا صَبَرُوا അവർ ക്ഷമിച്ച(സഹിച്ച)ത് നിമിത്തം وَدَمَّرْنَا നാം തകർത്തുക (താറുമാറാക്കുക)യും ചെയ്തു مَا كَانَ ആയിരുന്നത് يَصْنَعُ പ്രവർത്തിക്കും, ഉണ്ടാക്കിത്തീർക്കും فِرْعَوْنُ ഫിർഔൻ وَقَوْمُهُ അവന്റെ ജനതയും وَمَا كَانُوا അവരായിരുന്നതും يَعْرِشُونَ അവർ ഉയർത്തിയുണ്ടാക്കും, കെട്ടിപ്പൊക്കും

ബലഹീനമായി ഗണിക്കപ്പെട്ട ജനത ഇസ്റാഈല്യർ തന്നെ. അവർക്ക് അവകാശപ്പെടുത്തിക്കൊടുക്കപ്പെട്ട അനുഗൃഹീത ഭൂമി ഫലസ്തീൻ ഉൾക്കൊള്ളുന്ന ശാം പ്രദേശവുമാകുന്നു. الْأَرْضِ الَّتِي بَارَكْنَا فِيهَا (നാം ബറക്കത്ത് നൽകിയത്-അഥവാ അനുഗ്രഹിച്ച ഭൂമി) എന്ന് ശാം പ്രദേശങ്ങളെ ക്വുർആനിൽ വേറെ സ്ഥലത്തും വിശേഷിപ്പിച്ചിട്ടുണ്ട് (17:1). കൃഷി വ്യവസായങ്ങളുടെ ആധിക്യത്തിലും ഫലപുഷ്ടിയിലും ശാംപ്രദേശം അന്നും ഇന്നും പ്രസിദ്ധമത്രെ. ഇബ്റാഹീം നബി (അ)യുടെ കാലം തൊട്ട് ഈസാ നബി (അ)യുടെ കാലംവരെയായി വളരെയധികം പ്രവാചകന്മാരുണ്ടായതും ആ പുണ്യഭൂമിയിൽ തന്നെ. അതിന്റെ കിഴക്ക് ഭാഗത്തും പടിഞ്ഞാറു ഭാഗത്തുമുള്ള എല്ലാ സ്ഥലങ്ങളും അവർക്ക് അധീനപ്പെടുത്തിക്കൊടുത്തുവെന്നർത്ഥം. മുമ്പ് ഭൂമിയിൽ എവിടെയും അധികാരമോ സ്വാതന്ത്ര്യമോ ഇല്ലാതെ, മർദ്ദിതരും അടിമകളുമായിക്കഴിയുകയായിരുന്നുവല്ലോ അവർ. അതേ സമയത്ത് ഫിർഔന്റെയും കൂട്ടരുടെയും കഥ നേരെ മറിച്ചും. ഫിർഔനും സൈന്യവും കടലിൽ മുങ്ങി നശിച്ചുവെന്നു മാത്രമല്ല, അവർ നേടിവെച്ചിരുന്ന കണക്കറ്റ സമ്പാദ്യങ്ങളും, കോട്ടകൾ, കൊട്ടാരങ്ങൾ, അണക്കെട്ടുകൾ, കൂറ്റൻ കെട്ടിടങ്ങൾ, തോട്ടങ്ങൾ, കൃഷികൾ മുതലായവയെല്ലാം തകർന്നു പോകുകയും ചെയ്തു.

ഇസ്റാഈല്യർ സമുദ്രം കടന്നു രക്ഷപ്പെട്ടപ്പോഴേക്കും ശാം രാജ്യങ്ങൾ അവരുടെ അധീനത്തിൽ വന്നുവെന്നും, ഫിർഔനും സൈന്യവും മുങ്ങിനശിച്ചപ്പോഴേക്കും ഈജിപ്തിൽ അവരുടെ വകയായുള്ളതെല്ലാം തകർന്നു നശിച്ചുവെന്നുമല്ല അല്ലാഹു

പറഞ്ഞതിന്റെ ഉദ്ദേശ്യം. ആ സംഭവത്തെത്തുടർന്ന് ക്രമേണ ആ രണ്ടു കാര്യങ്ങളും അനുഭവപ്പെട്ടുവെന്നത്രെ. ചെങ്കടൽ കടന്നതിനുശേഷം സംഭവബഹുലമായ നാൽപത് വർഷത്തിനുശേഷമാണ് ഇസ്റാഈല്യർക്ക് ശാം പ്രദേശങ്ങളിൽ കുടിയേറിപ്പാർക്കുവാനും ആ രാജ്യങ്ങൾ അധീനപ്പെടുത്തി സുഖജീവിതം അനുഭവിക്കുവാനും കഴിഞ്ഞത്. അതുപോലെ, ഫിർഔനും കൂട്ടരും മുങ്ങിനശിക്കുന്നതിനു മുമ്പ്തന്നെ കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട പലതരം ശിക്ഷകളാൽ നാശോന്മുഖമായിക്കഴിഞ്ഞിരുന്ന ഈജിപ്ത് അതോടുകൂടി ഇടയനില്ലാത്ത ആട്ടിൻകൂട്ടത്തെപ്പോലെ അനാഥമായിത്തീരുകയും ചെയ്തു. രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നടത്തപ്പെട്ടിരുന്ന ഭാരപ്പെട്ട ജോലികൾക്കെല്ലാം യന്ത്രം കണക്കെ ക്വിബ്ത്വികൾ ഉപയോഗപ്പെടുത്തിയിരുന്നത് ഇസ്റാഈല്യരെയായിരുന്നു. അവർ കടൽ താണ്ടി രക്ഷപ്പെട്ടതോടുകൂടി ആ വാതിലും അടഞ്ഞുപോയി. അങ്ങനെ, ഫിർഔനും അവന്റെ ജനതയും ഈജിപ്തിൽ നിർമിച്ചതും കെട്ടിപ്പൊക്കിയിരുന്നതുമെല്ലാം ക്രമേണ തകർന്നു ശൂന്യമാകുകയും ചെയ്തു.

129-ാം വചനത്തിൽ, നിങ്ങളുടെ റബ്ബ് നിങ്ങളുടെ ശത്രുവെ നശിപ്പിച്ചു തരുകയും, ഭൂമിയിൽ നിങ്ങളെ പകരമാക്കിത്തരുകയും ചെയ്തേക്കാമെന്ന് മൂസാ (അ) ഇസ്റാഈല്യരോട് പറഞ്ഞു സമാധാനിപ്പിച്ചതായി അല്ലാഹു ഉദ്ധരിച്ചുവല്ലോ. മൂസാ (അ)ന്റെ ജനന സംഭവവും സന്ദർഭവും വിവരിക്കുന്ന മദ്ധ്യേ സൂറത്തുൽ ക്വസ്വസ്വിൽ അല്ലാഹു ഇപ്രകാരം പറയുന്നു: 'ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ടവർക്ക് ദാക്ഷിണ്യം ചെയ്യണമെന്നും, അവരെ നേതാക്കളാക്കണമെന്നും, അവരെ അനന്തരാവകാശികളാക്കണമെന്നും, അവർക്ക് ഭൂമിയിൽ സ്വാധീനം നൽകണമെന്നും, ഫിർഔനും ഹാമാനും അവരുടെ സൈന്യങ്ങളും അവരിൽ നിന്ന് ഏതൊന്നിനെക്കുറിച്ച് ജാഗരൂകരായിക്കൊണ്ടിരിക്കുന്നുവോ അത് അവർക്ക് കാട്ടിക്കൊടുക്കണമെന്നും നാം ഉദ്ദേശിക്കുകയും ചെയ്യുന്നു' (ക്വസ്വസ്വ് 5,6). ഫിർഔന്റെയും അവന്റെ സൈന്യത്തിന്റെയും നാശത്തോടുകൂടി ഇതെല്ലാം പൂർത്തിയാകുകയും ചെയ്തു. അതൊക്കെ സൂചിപ്പിച്ചുകൊണ്ടാണ് .....وَتَمَّتْ كَلِمَةُ رَبِّكَ (ഇസ്റാഈല്യർ ക്ഷമിച്ചത് നിമിത്തം, നിന്റെ റബ്ബിന്റെ വളരെ നല്ലതായ വാക്ക് അവരിൽ പൂർത്തിയാകുകയും ചെയ്തു) എന്ന് പറഞ്ഞിരിക്കുന്നത്.

മൂസാ നബി (അ)യുടെ ദൗത്യ പ്രബോധനത്തെത്തുടർന്നു ഫിർഔനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭവങ്ങൾ ഇവിടെ വെച്ചു അവസാനിച്ചു. അടുത്ത വചനം മുതൽ അദ്ദേഹത്തിന്റെ ജനതയായ ഇസ്റാഈല്യരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭവങ്ങൾ വിവരിക്കുന്നു:-

وَجَٰوَزْنَا بِبَنِىٓ إِسْرَٰٓءِيلَ ٱلْبَحْرَ فَأَتَوْا۟ عَلَىٰ قَوْمٍ يَعْكُفُونَ عَلَىٰٓ أَصْنَامٍ لَّهُمْ ۚ قَالُوا۟ يَٰمُوسَى ٱجْعَل

﴾138﴿ ഇസ്റാഈൽ സന്തതികളെ നാം സമുദ്രം വിട്ടുകടത്തി (രക്ഷപ്പെടുത്തി); എന്നിട്ട്, തങ്ങളുടെ ചില ബിംബങ്ങളുടെ അരികിൽ ഭജനമിരിക്കുന്ന ഒരു ജനതയുടെ അടുക്കൽ അവർ വന്നു(ചേർന്നു).

لَنَآ إِلَـٰهًا كَمَا لَهُمْ ءَالِهَةٌ ۚ قَالَ إِنَّكُمْ قَوْمٌ تَجْهَلُونَ ﴿١٣٨﴾

അവർ പറഞ്ഞു: 'മൂസാ, ഇവർക്ക് ചില ദൈവങ്ങളുള്ളതുപോലെ ഞങ്ങൾക്ക് ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം'. അദ്ദേഹം പറഞ്ഞു: 'നിശ്ചയമായും നിങ്ങൾ, അറിവില്ലാത്ത ഒരു(മൂഢ) ജനതയാകുന്നു.

﴾138﴿ وَجَاوَزْنَا നാം വിട്ടു കടക്കുകയും ചെയ്തു (നാം കടത്തി) بِبَنِيٓ إِسْرَٰٓءِيلَ ഇസ്റാഈൽ സന്തതികളെ ٱلْبَحْرَ സമുദ്രം, (ആ) കടൽ فَأَتَوْا എന്നിട്ടവർ വന്നു, അങ്ങനെ അവർ ചെന്നു عَلَىٰ قَوْمٍ ഒരു ജനതയുടെ അടുക്കൽ, ജനതയിൽ, ജനതയിലൂടെ يَعْكُفُونَ അവർ ഭജനമിരിക്കുന്നു عَلَىٰٓ أَصْنَامٍ ചില ബിംബങ്ങളുടെ അടുക്കൽ لَّهُمْ തങ്ങളുടെ قَالُوا അവർ പറഞ്ഞു يَٰمُوسَى മൂസാ ٱجْعَل لَّنَا ഞങ്ങൾക്ക് നീ (താങ്കൾ) ഏർപ്പെടുത്തിത്തരുക, ആക്കിത്തരണം إِلَـٰهًا ഒരാരാധ്യ വസ്തുവെ (ദൈവത്തെ) كَمَا لَهُمْ അവർക്കു (ഇവർക്കു)ള്ളതു പോലെ ءَالِهَةٌ ആരാധ്യ വസ്തുക്കൾ (ദൈവങ്ങൾ) قَالَ إِنَّكُمْ അദ്ദേഹം പറഞ്ഞു. നിശ്ചയമായും നിങ്ങൾ قَوْمٌ ഒരു ജനതയാണ് تَجْهَلُونَ വിവരമില്ലാത്ത (അജ്ഞരായ-വിഡ്ഢികളായ മൂഢൻമാരായ).

إِنَّ هَـٰٓؤُلَآءِ مُتَبَّرٌ مَّا هُمْ فِيهِ وَبَـٰطِلٌ مَّا كَانُوا۟ يَعْمَلُونَ ﴿١٣٩﴾

﴾139﴿ 'നിശ്ചയമായും ഇക്കൂട്ടർ-അവർ ഏതൊന്നിൽ സ്ഥിതി ചെയ്യുന്നുവോ അത് [ആമാർഗം]-മുറിച്ചു (നശിപ്പിച്ചു) കളയപ്പെടുന്നതാകുന്നു; അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഫലശൂന്യവുമാകുന്നു.'

قَالَ أَغَيْرَ ٱللَّهِ أَبْغِيكُمْ إِلَـٰهًا وَهُوَ فَضَّلَكُمْ عَلَى ٱلْعَـٰلَمِينَ ﴿١٤٠﴾

﴾140﴿ അദ്ദേഹം പറഞ്ഞു : 'അല്ലാഹു അല്ലാത്തതിനെയോ ഞാൻ നിങ്ങൾക്കു ദൈവമായി (തേടി) അന്വേഷിക്കുന്നത് ?' അവൻ നിങ്ങളെ ലോകരെക്കാൾ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു. (എന്നിരിക്കെ)!

﴾139﴿ إِنَّ هَـٰؤُلَاءِ നിശ്ചയമായും ഇക്കൂട്ടർ مُتَبَّرٌ മുറിച്ചു കളയപ്പെടുന്ന(നശിപ്പിക്കപ്പെടുന്ന)താണ് مَا യാതൊന്ന്, എന്തോ (അത്) هُمْ അവർ فِيهِ അതിലാണ് وَبَاطِلٌ ഫലശൂന്യ (അർത്ഥരഹിത-നിരർത്ഥ)വുമാകുന്നു مَا كَانُوا അവരായിരുന്നത്, ആയിക്കൊണ്ടിരിക്കുന്നത് يَعْمَلُونَ അവർ പ്രവർത്തിക്കുക. ﴾140﴿ قَالَ أَغَيْرَ ٱللَّهِ അദ്ദേഹം പറഞ്ഞു

അല്ലാഹു അല്ലാത്തവരെയോ أَبۡغِيكُمۡ ഞാൻ നിങ്ങൾക്കു തേടുന്നു (അന്വേഷിക്കുന്നു) إِلَٰهًا ആരാധ്യനായി, ദൈവമായിട്ട് وَهُوَ അവനാകട്ടെ, അവൻ ആയിരിക്കെ فَضَّلَكُمۡ നിങ്ങളെ ശ്രേഷ്ഠരാക്കിയിരിക്കുന്നു (എന്നിരിക്കെ) عَلَى ٱلۡعَٰلَمِينَ ലോകരെക്കാൾ

കഴിഞ്ഞ 136-ാം വചനത്തിൽ ഫിർഔന്റെ കൂട്ടരെ നാം സമുദ്രത്തിൽ മുക്കി നശിപ്പിച്ചുവെന്നും, ഈ വചനത്തിൽ ഇസ്റാഈല്യരെ നാം സമുദ്രം കടത്തി എന്നും പറഞ്ഞത് ഒരേ സംഭവം തന്നെ. ഫിർഔന്റെയും അവന്റെ ആൾക്കാരുടെയും ധിക്കാരത്തിന്റെയും നിഷേധത്തിന്റെയും ഫലം അവർക്ക് അനുഭവത്തിൽ കാണിച്ചു കൊടുത്തുവെന്ന നിലക്കാണ് അവരെ നാം മുക്കി നശിപ്പിച്ചു എന്നു അവിടെ പറഞ്ഞത്. ആ സംഭവം കഴിഞ്ഞ് അതിന്റെ ഓർമയും പുതുമയും നശിക്കുന്നതിന്റെ മുമ്പ് തന്നെ ഇസ്റാഈല്യരിൽ നിന്നുണ്ടായതും അവരുടെ നന്ദികേടിനും ബുദ്ധിഹീനതക്കും മകുടോദാഹരണവുമായ ഒരു സംഭവത്തിന്റെ തുടക്കം എന്ന നിലക്കാണ് അവരെ നാം സമുദ്രം വിട്ടു കടത്തി എന്നു ഇവിടെ പറഞ്ഞിരിക്കുന്നത് ; ഫിർഔനും സൈന്യവും നശിപ്പിക്കപ്പെടുകയും, മൂസാ നബി(അ)യും ഇസ്റാഈല്യരും ചെങ്കടൽ കടന്ന് രക്ഷപ്പെടുകയും ചെയ്തതിന് ശേഷം വഴി മദ്ധ്യെ ഇസ്റാഈല്യർ ബിംബാരാധകരായ ഒരു ജനതയുടെ വാസസ്ഥലത്ത് എത്തിച്ചേർന്നു. അവർ ബിംബങ്ങളെ ആരാധിക്കുന്നതും അവയുടെ ചുറ്റും ഭജനത്തിലും ധ്യാനത്തിലുമിരിക്കുന്നതും കണ്ടപ്പോൾ, ഇസ്റാഈല്യർക്ക് അവരുടെ പഴയ ബിംബാരാധനയുടെയും പശു പൂജയുടെയും ഓർമ വന്നു. ഇവരെപ്പോലെ ഞങ്ങൾക്കും വല്ല ദൈവങ്ങളെയും അനുവദിച്ചു കിട്ടിയാൽ കൊള്ളാമെന്നായി. അതിനു വേണ്ടി അവർ മൂസാ നബി(അ)യോടു അപേക്ഷിച്ചു. ഇതാണ് സംഭവം.

മൂസാ (അ) അവർക്കു നൽകിയ മറുപടിയിൽ ഒന്നാമതായി അവരുടെ വിഡ്ഢിത്തം അവരെ ഓർമപ്പെടുത്തി. അതായത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ വിസമ്മതിച്ചതിന്റെ ഫലമായി, അധികാര ശക്തിയിലും പ്രതാപത്തിലും ഉച്ചകോടിയിലെത്തിയിരുന്ന ഫിർഔന്റെയും സൈന്യത്തിന്റെയും അതിദാരുണമായ കലാശവും, അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിച്ചതിന്റെ ഫലമായി നിങ്ങൾക്ക് ലഭിച്ച മഹാനുഗ്രഹവും മറ്റനേകം ദൃഷ്ടാന്തങ്ങളും നിങ്ങൾ കണ്ടറിഞ്ഞു. എന്നിട്ടും ഇത്രയും വേഗം അതെല്ലാം വിസ്മരിച്ചുകൊണ്ട് ഈ ബിംബാരാധകൻമാരെപ്പോലെ നിങ്ങൾക്കും ചില ദൈവങ്ങൾ വേണമെന്ന് നിങ്ങൾ ആവശ്യപ്പെടുമ്പോൾ, നിങ്ങൾ അങ്ങേഅറ്റം വിഡ്ഢികൾ തന്നെയാണ് എന്നുണർത്തി. പിന്നീട് ബിംബാരാധകരായ ഈ ജനങ്ങളുടെ മാർഗം പിഴച്ചതും ഭാവിയില്ലാത്തതുമാണെന്നും ചൂണ്ടികാട്ടി. അവസാനം അദ്ദേഹം ചോദിച്ചു : അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ചവരെന്ന നിലക്ക് ലോകത്ത് മറ്റാർക്കും ഇതേവരെ ലഭിക്കാത്ത അനുഗ്രഹങ്ങളും സ്ഥാന പദവിയും നൽകി നിങ്ങളെ അവൻ ഉൽകൃഷ്ടസമുദായമാക്കിത്തന്നിരിക്കുന്നു. പിന്നെയും നിങ്ങൾക്ക് അവനല്ലാത്ത ദൈവങ്ങളെത്തന്നെ വേണമെന്നാണോ എന്നോട് നിങ്ങൾ ആവശ്യപ്പെടുന്നത് ? അതിന് സമ്മതിക്കത്തക്കവണ്ണമുള്ള ഒരു വിഡ്ഢിയാണ് ഞാനെന്നാണോ നിങ്ങൾ കരുതുന്നത്........... ? ഇസ്റാഈല്യർ കണ്ട ബിംബാരാധകരായിരുന്ന ആ ജനത ചില പൗരാണിക അറബി ഗോത്രങ്ങളായിരുന്നുവെന്നും, അതല്ല-പിന്നീട് ഇസ്റാഈ

ല്യര്‍ക്ക് ഏറ്റുമുട്ടേണ്ടിവന്ന - അമാലികഃ (*) വര്‍ഗത്തില്‍പെട്ടവരായിരുന്നുവെന്നും പറയപ്പെട്ടു കാണുന്നു. രണ്ടായാലും ശരി, ചെങ്കടലിന്റെ കിഴക്കെ കര തൊട്ടു ഫലസ്തീന്‍ വരെയുള്ള പ്രദേശങ്ങള്‍ അധികം താമസിയാതെ ഇസ്റാഈല്യരുടെ പ്രതാപത്തിന്‍ കീഴിലായിത്തീരുകയും, ഏകദൈവ വിശ്വാസത്തിന് പ്രചാരം സിദ്ധിക്കുകയും ഉണ്ടായിട്ടുണ്ടെന്നുള്ളത് പ്രസ്താവ്യമാകുന്നു.

ഇമാം അഹ്മദ്, നസാഈ, ഇബ്നുജരീര്‍ (റ) എന്നിവര്‍ അബൂവാക്വിദില്ലൈഥി (റ)യില്‍ നിന്നു ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു : ഞങ്ങള്‍ റസൂല്‍ തിരുമേനി ﷺയൊന്നിച്ച് ഹുനയ്നിന്റെ ഭാഗത്തേക്കു പോകുകയായിരുന്നു. അവിടെ (വഴിയില്‍) ഒരു ഇലന്തമരം ഉണ്ടായിരുന്നു. അവിശ്വാസികള്‍ അതിന്റെ അടുത്തു ഭജനമിരിക്കുകയും, അവരുടെ ആയുധങ്ങള്‍ അതിന്‍മേല്‍ (പുണ്യംകരുതി) കെട്ടിതൂക്കുകയും ചെയ്യാറുണ്ടായിരുന്നു. അതിന് ദാത്തു അന്‍വാത്വ് (ذات انواط കെട്ടിത്തൂക്കുന്നത്) എന്നും പറഞ്ഞു വന്നിരുന്നു. അങ്ങനെ ഒരു വലിയ ഇലന്തമരത്തിനടുത്തുകൂടി പോകുമ്പോള്‍ ഞങ്ങള്‍ പറഞ്ഞു : റസൂലേ അവര്‍ക്കു ദാത്തുഅന്‍വാത്വുള്ളതുപോലെ ഞങ്ങള്‍ക്കും ഒരു മരം നിശ്ചയിച്ചുതന്നാലും! അപ്പോള്‍ തിരുമേനി പറഞ്ഞു :, അല്ലാഹു അക്ബര്‍! സത്യമായും ഇതു മൂസാ (അ) നോട് ഇസ്റാഈല്യര്‍ ചോദിച്ചതുപോലെയാണല്ലോ! പിന്നീട് തിരുമേനി ഈ ക്വുര്‍ആന്‍ വചനങ്ങള്‍ (138, 139 വചനങ്ങള്‍) ഓതുകയും ചെയ്തു. ഈ മാതിരിയിലുള്ള ചില ആരാധ്യ വൃക്ഷങ്ങളും, മതിലുകളും കെട്ടിടങ്ങളുമൊക്കെ ഇന്നും മുസ്ലിം സമുദായ മദ്ധ്യെ നിലവിലുണ്ടെന്നുള്ളത് അനിഷേധ്യമായ ഒരു വസ്തുതയാകുന്നു. അത്തരം വസ്തുക്കളില്‍ വല്ല സാധനങ്ങളും വെച്ചെടുക്കുകയോ തടവിത്തൊടുകയോ ചെയ്യുന്നത് ഒരു പുണ്യമായി കരുതപ്പെടുകയും പതിവുണ്ട്. അല്ലാഹുവിന്റെ ഏകത്വത്തില്‍ വിശ്വസിക്കുന്ന ഏതൊരു സത്യവിശ്വാസിയും അത്തരം കൃത്യങ്ങള്‍ കാണുമ്പോള്‍ മൂക്കിന്‍മേല്‍ കൈവിരല്‍ വെച്ചുകൊണ്ട് പറഞ്ഞുപോകും : അല്ലാഹു അക്ബര്‍ എന്ന്! മൂസാ (അ) ഇസ്റാഈല്യരോട് പറഞ്ഞ അതേ വാക്യം انكم قوم تجهلون(നിശ്ചയമായും നിങ്ങള്‍ വിവരമില്ലാത്ത ജനങ്ങളാണ്)എന്നു തന്നെയാണ് അങ്ങിനെയുള്ളവരെപ്പറ്റിയും പറയുവാനുള്ളത്. അല്ലാഹു മുസ്ലിം സമുദായത്തിന് നേര്‍മാര്‍ഗവും തന്റേടവും നല്‍കട്ടെ. ആമീന്‍

وَإِذْ أَنجَيْنَٰكُم مِّنْ ءَالِ فِرْعَوْنَ يَسُومُونَكُمْ سُوٓءَ ٱلْعَذَابِ يُقَتِّلُونَ أَبْنَآءَكُمْ

﴾141﴿ (ഇസ്റാഈല്‍ സന്തതികളേ) ഫിര്‍ഔന്റെ കൂട്ടര്‍ നിങ്ങള്‍ക്ക് കടുത്ത ശിക്ഷ അനുഭവിപ്പിച്ചുകൊണ്ടിരിക്കെ അവരില്‍ നിന്നും നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദര്‍ഭം (ഓര്‍ക്കുക) നിങ്ങളുടെ ആണ്‍മക്കളെ അവര്‍ അറുകൊല നടത്തുകയും,

(*)അമാലികഃ(عمالقة = അമലേക്യര്‍) എന്നു പറയുന്നത് ഈജിപ്തിന്റെ കിഴക്കും ഫലസ്തീന്റെ തെക്കുമായിസ്ഥിതി ചെയ്യുന്ന മരു പ്രദേശങ്ങളില്‍ അവിടവിടെയായി നിവസിച്ചിരുന്ന ഒരു പ്രാചീന വര്‍ഗമാകുന്നു. ഇവരോട് ഏറ്റുമുട്ടി പരാജയപ്പെടുത്തിയ ശേഷമാണ് ഇസ്റാഈല്യര്‍ അവര്‍ക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഫലസ്തീന്‍ രാജ്യങ്ങളില്‍ പിന്നീട് കുടിയേറിപ്പാര്‍ത്തത്.

وَيَسۡتَحۡيُونَ نِسَآءَكُمۡۚ

നിങ്ങളുടെ സ്ത്രീക(ളായ മക്ക)ളെ ജീവിക്കുവാൻ വിടുകയും ചെയ്തിരിക്കുന്നു.

وَفِي ذَٰلِكُم بَلَآءٞ مِّن رَّبِّكُمۡ عَظِيمٞ ﴿١٤١﴾

അതിൽ (നിങ്ങൾക്ക്) നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള വമ്പിച്ച ഒരു പരീക്ഷണം ഉണ്ടായിരുന്നു.

﴾141﴿ وَإِذۡ أَنجَيۡنَاكُم നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭം مِّنۡ ءَالِ فِرۡعَوۡنَ ഫിർഔന്റെ കൂട്ടരിൽ നിന്ന് يَسُومُونَكُمۡ അവർ നിങ്ങൾക്ക് അനുഭവിപ്പിച്ചുകൊണ്ടിരിക്കെ سُوٓءَ ٱلۡعَذَابِ ദുഷിച്ച (കടുത്ത-മോശകരമായ) ശിക്ഷ يُقَتِّلُونَ അവർ അറുകൊല ചെയ്തുകൊണ്ടിരുന്നു (കൊണ്ടിരിക്കെ) أَبۡنَآءَكُمۡ നിങ്ങളുടെ ആൺമക്കളെ وَيَسۡتَحۡيُونَ അവർ ജീവിക്കുമാറാക്കുക (ബാക്കിയാക്കുക)യും نِسَآءَكُمۡ നിങ്ങളുടെ സ്ത്രീകളെ وَفِي ذَٰلِكُم അതിലുണ്ട് بَلَآءٞ ഒരു പരീക്ഷണം مِّن رَّبِّكُمۡ നിങ്ങളുടെ റബ്ബിൽ നിന്നും عَظِيمٞ വമ്പിച്ച

മേൽ വിവരിച്ചതും, തങ്ങളുടെ പൂർവ്വികൻമാർ കണ്ടനുഭവിച്ചതുമായ ചരിത്രസംഭവങ്ങളെ ഇപ്പോൾ നിലവിലുള്ള ഇസ്റാഈല്യരെ അല്ലാഹു ഓർമിപ്പിക്കുകയാണ്. നിങ്ങളിൽ കഴിഞ്ഞുപോയ ആ മഹത്തായ അനുഗ്രഹങ്ങളിൽ അഭിമാനം കൊള്ളുന്ന നിങ്ങൾ അതിന്റെ പേരിൽ സദാ നന്ദിയുള്ളവരായിരിക്കുകയും അവന്റെ കല്പനകൾ അനുസരിച്ച്കൊണ്ടിരിക്കുകയും വേണ്ടതാണെന്ന് താൽപര്യം. തുടർന്ന്കൊണ്ട് അതിനു ശേഷമുണ്ടായ ചില പ്രധാന സംഭവങ്ങൾ വിവരിക്കുന്നു:

വിഭാഗം - 17

۞ وَوَٰعَدۡنَا مُوسَىٰ ثَلَٰثِينَ لَيۡلَةٗ وَأَتۡمَمۡنَٰهَا بِعَشۡرٖ

﴾142﴿ മൂസായോട് മുപ്പത് രാത്രിക്കു നാം വാഗ്ദാനം നടത്തുകയുണ്ടായി : അതിനെ (വീണ്ടും) ഒരു പത്തു (രാത്രി) കൊണ്ട് നാം പൂർത്തിയാക്കുകയും ചെയ്തു.

فَتَمَّ مِيقَٰتُ رَبِّهِۦٓ أَرۡبَعِينَ لَيۡلَةٗۚ

അങ്ങനെ, അദ്ദേഹത്തിന്റെ റബ്ബിന്റെ നിശ്ചിത സമയം നാൽപത് രാത്രിയായി തികഞ്ഞു.

وَقَالَ مُوسَىٰ لِأَخِيهِ هَٰرُونَ ٱخۡلُفۡنِي فِي قَوۡمِي وَأَصۡلِحۡ وَلَا تَتَّبِعۡ سَبِيلَ ٱلۡمُفۡسِدِينَ ﴿١٤٢﴾

മൂസാ തന്റെ സഹോദരൻ ഹാറൂനോട് പറയുകയും ചെയ്തു : (എന്റെ അഭാവത്തിൽ) നീ എന്നെ പ്രതിനിധീകരിക്കുക; നീ നല്ലതു പ്രവർത്തിക്കുകയും ചെയ്യുക; കുഴപ്പമുണ്ടാക്കുന്നവരുടെ മാർഗത്തെ നീ പിൻപറ്റുകയും ചെയ്യരുത്.

﴾142﴿ وَوَاعَدْنَا നാം വാഗ്ദാനം (കരാർ) നടത്തി (നിശ്ചയം ചെയ്തു) مُوسَىٰ മൂസായോട്, മൂസയുമായി ثَلَاثِينَ لَيْلَةً മുപ്പത് രാത്രിക്ക് (ദിവസത്തേക്ക്) وَأَتْمَمْنَاهَا അവയെ (അതിനെ) നാം പൂർത്തിയാക്കുകയും ചെയ്തു بِعَشْرٍ ഒരു പത്ത് കൊണ്ട് فَتَمَّ അങ്ങനെ പൂർത്തിയായി, തികഞ്ഞു مِيقَاتُ നിശ്ചിതസമയം, സമയ നിശ്ചയം رَبِّهِ തന്റെ റബ്ബിന്റെ أَرْبَعِينَ നാൽപത് لَيْلَةً രാത്രി (ദിവസം) وَقَالَ مُوسَىٰ മൂസാ പറയുകയും ചെയ്തു لِأَخِيهِ هَارُونَ തന്റെ സഹോദരൻ ഹാറൂനോട് اخْلُفْنِي നീ എനിക്ക് പിൻഗാമിയാകുക (പ്രതിനിധീകരിക്കുക) فِي قَوْمِي എന്റെ ജനതയിൽ وَأَصْلِحْ നന്നാക്കുക (നല്ലതു പ്രവർത്തിക്കുക)യും ചെയ്യുക وَلَا تَتَّبِعْ നീ പിൻപറ്റുകയും ചെയ്യരുത് سَبِيلَ മാർഗം, വഴി الْمُفْسِدِينَ നാശം (കുഴപ്പം)ഉണ്ടാക്കുന്നവരുടെ.

ഇതുവരെയും മൂസാ നബി(അ)ക്കു വേദഗ്രന്ഥം ലഭിച്ചിട്ടുണ്ടായിരുന്നില്ല. ആദ്യം മുപ്പത് ദിവസവും, പിന്നീട് അതിനുശേഷം പത്തു ദിവസംകൂടി ആകെ നാൽപത് ദിവസം നോമ്പും ധ്യാനവുമായി സീനാമലയിൽ കഴിച്ചു കൂട്ടണമെന്നും, അതിനുശേഷം തൗറാത്ത് നൽകാമെന്നും അല്ലാഹു മൂസാ നബി(അ) യോട് നിശ്ചയം ചെയ്തു. ആ കാലത്ത് അദ്ദേഹത്തിന്റെ അഭാവത്തിൽ തനിക്കുപകരം ജനങ്ങളുടെ നേതൃത്വം വഹിക്കുവാനും അവരെ നയിക്കുവാനും സഹോദരൻ ഹാറൂൻ നബി(അ)യെ അദ്ദേഹം ഏൽപിക്കുകയും ചെയ്തു. അവരിൽ ആവശ്യമായി കാണുന്ന നല്ല കാര്യങ്ങൾ നടപ്പിൽ വരുത്തുവാനും, കുഴപ്പമുണ്ടാക്കുന്നവരുടെ പ്രവർത്തനങ്ങളിലൊന്നും അകപ്പെടാതിരിക്കുവാനും പ്രത്യേകം ഉപദേശിക്കുകയും ചെയ്തു. ഹാറൂൻ (അ) അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരനും (*)അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം തനിക്ക് ഒരു സഹായകനായി അല്ലാഹു നിശ്ചയിച്ചുകൊടുത്ത പ്രവാചകനുമായിരുന്നു. സൂ: ത്വാഹയിൽ ഇതിനെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. ആ ജനതയുടെ സ്വഭാവ പ്രകൃതി വേണ്ടതുപോലെ മനസ്സിലാക്കിയ ആളാണല്ലോ മൂസാ നബി (അ). അതാണ് സഹോദരനോട് ഇങ്ങിനെ പ്രത്യേകം വസ്വിയ്യത്ത് ചെയ്യുവാൻ കാരണം.

ദിവസം (يَوْمٌ) എന്ന അർത്ഥത്തിൽ لَيْلَةٌ(രാത്രി) എന്ന പദം ഉപയോഗിക്കുക അറബി ഭാഷയിൽ പതിവുണ്ട്. അതാണിവിടെയും ഉദ്ദേശ്യം. ഇതുപോലെത്തന്നെ يَوْمٌ (യൗമ്) എന്ന വാക്ക് ദിവസം എന്ന അർത്ഥത്തിന് പുറമെ 'പകൽ' (نَهَار) എന്ന അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുണ്ട്. നാൽപതു രാത്രി നിശ്ചയിച്ചുവെന്ന് പറയാതെ, ആദ്യം മുപ്പത്, പിന്നീട് പത്തുംകൂടി നാൽപത് പൂർത്തിയായി എന്ന് പറഞ്ഞിരിക്കകൊണ്ട് ആദ്യത്തെ നിശ്ചയം മുപ്പത് ദിവസമായിരുന്നുവെന്നും, പിന്നീട് എന്തോ കാരണത്താൽ പത്തും കൂടി വർദ്ധിപ്പിച്ചതാണെന്നും മനസ്സിലാക്കാം (**) ഇതിന്റെ കാരണമെന്തായിരുന്നുവെന്നതിന് പറയത്തക്ക തെളിവുകളൊന്നുമില്ല.

(*) ഹാറൂൻ നബി(അ) ക്ക് മൂസാ നബി(അ)യെക്കാൾ അൽപം വയസ്സു കൂടുതൽ ഉണ്ടായിരുന്നു വെന്ന് പല ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞു കാണാം. ഫറോവയോട് സംസാരിച്ച കാലത്ത് മോശെക്ക് എൺപത് വയസ്സും, അഹറോന്ന് എൺപത്തിമൂന്ന് വയസ്സുമായിരുന്നു എന്ന് ബൈബ്ളും പറയുന്നു. (പുറപ്പാട് : 7 ൽ 7)

(**) മോശെ അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും നാൽപത് പകലും നാൽപത് രാവും യഹോവയോടു കൂടെയായിരുന്നുവെന്നത്രെ ബൈബ്ൾ പറയുന്നത് (പുറ:34 ൽ 28)

ആദ്യത്തെ മുപ്പത് ദിവസം ദുൽകഅ്ദഃ മാസവും പിന്നത്തെ പത്തു ദിവസം ദുൽഹിജ്ജഃ മാസത്തിലെ ആദ്യത്തെ പത്ത് ദിവസവും ആയിരുന്നുവെന്നത് മുജാഹിദ്, മസ്റൂക്, ഇബ്നു ജുറൈജ് (റ) എന്നിവരും ഇബ്നു അബ്ബാസും (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. الله اعلم

وَلَمَّا جَآءَ مُوسَىٰ لِمِيقَـٰتِنَا وَكَلَّمَهُۥ رَبُّهُۥ قَالَ رَبِّ أَرِنِىٓ أَنظُرْ إِلَيْكَ ۚ قَالَ لَن تَرَىٰنِى وَلَـٰكِنِ ٱنظُرْ إِلَى ٱلْجَبَلِ فَإِنِ ٱسْتَقَرَّ مَكَانَهُۥ فَسَوْفَ تَرَىٰنِى ۚ

﴾143﴿ നമ്മുടെ നിശ്ചിത സമയത്തേക്കു മൂസാ വരുകയും, അദ്ദേഹത്തിന്റെ റബ്ബ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ! എനിക്ക് (നിന്നെ) കാട്ടിത്തരേണമേ-ഞാൻ നിന്നിലേക്ക് (ഒന്നു) നോക്കിക്കൊള്ളട്ടെ! അവൻ പറഞ്ഞു: നീ എന്നെ കാണുകയില്ല തന്നെ; എങ്കിലും നീ (ആ) മലയിലേക്ക് നോക്കുക: (അതായത്:) എന്നിട്ട് അത് അതിന്റെ സ്ഥാനത്ത് ഉറച്ചു നിന്നുവെങ്കിൽ വഴിയെ നീ എന്നെ കണ്ടുകൊള്ളും.

فَلَمَّا تَجَلَّىٰ رَبُّهُۥ لِلْجَبَلِ جَعَلَهُۥ دَكًّا وَخَرَّ مُوسَىٰ صَعِقًا ۚ فَلَمَّآ أَفَاقَ قَالَ سُبْحَـٰنَكَ تُبْتُ إِلَيْكَ وَأَنَا۠ أَوَّلُ ٱلْمُؤْمِنِينَ ﴿١٤٣﴾

അങ്ങനെ, അദ്ദേഹത്തിന്റെ റബ്ബ് മലയിലേക്ക് വെളിപ്പെട്ടപ്പോൾ, അതു അതിനെ പൊടിയാക്കി (തകർത്തു); മൂസാ ബോധമറ്റവനായി വീഴുകയും ചെയ്തു. എന്നിട്ട് അദ്ദേഹത്തിന് ബോധം വന്നപ്പോൾ, അദ്ദേഹം പറഞ്ഞു: നീ മഹാ പരിശുദ്ധൻ [നിനക്ക് സ്തോത്രം] ! ഞാൻ നിന്നിലേക്കു പശ്ചാത്തപിച്ചു മടങ്ങി; ഞാൻ സത്യവിശ്വാസികളിൽ ഒന്നാമത്തേവനുമാകുന്നു.

﴾143﴿ وَلَمَّا جَاءَ വന്നപ്പോൾ مُوسَى മൂസാ لِمِيقَاتِنَا നമ്മുടെ നിശ്ചയ സമയത്തേക്ക് وَكَلَّمَهُ അദ്ദേഹത്തോടു സംസാരിക്കുകയും ചെയ്തു رَبُّهُ അദ്ദേഹത്തിന്റെ റബ്ബ് قَالَ رَبِّ അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ أَرِنِي എനിക്ക് നീ കാണിച്ചു തരണം أَنظُرْ إِلَيْكَ നിന്നിലേക്ക് ഞാൻ നോക്കട്ടെ (കാണട്ടെ) قَالَ അവൻ പറഞ്ഞു لَن تَرَانِي നിശ്ചയമായും നീ എന്നെ കാണുന്നതല്ല, കാണുകയില്ലതന്നെ وَلَـٰكِنِ എങ്കിലും, എന്നാൽ انظُرْ നീ നോക്കുക إِلَى الْجَبَلِ മലയിലേക്ക് فَإِنِ اسْتَقَرَّ എന്നിട്ട് (അതായത്) അതു ഉറച്ച് (സ്ഥിരപ്പെട്ടു) നിന്നെങ്കിൽ مَكَانَهُ അതിന്റെ സ്ഥാനത്ത് فَسَوْفَ എന്നാൽ വഴിയെ تَرَانِي നീ എന്നെ കാണും فَلَمَّا تَجَلَّى എന്നിട്ടു (അങ്ങനെ) വെളിപ്പെട്ടപ്പോൾ

رَبُّهُ അദ്ദേഹത്തിന്റെ റബ്ബ് لِلْجَبَلِ മലയിലേക്ക്, പർവ്വതത്തിന് جَعَلَهُ അവൻ അതിനെ ആക്കി دَكًّا പൊടി,തുരുമ്പ് وَخَرَّ (അടഞ്ഞ്) വീഴുകയും ചെയ്തു مُوسَى മൂസാ صَعِقًا ബോധമറ്റവനായി,നിശ്ചേഷ്ടനായി فَلَمَّا أَفَاقَ എന്നിട്ട് അദ്ദേഹത്തിന് ബോധം വന്നപ്പോൾ قَالَ അദ്ദേഹം പറഞ്ഞു سُبْحَانَكَ നീ മഹാ പരിശുദ്ധൻ,നിനക്ക് സ്തോത്രം تُبْتُ ഞാൻ പശ്ചാത്തപിച്ചു, മടങ്ങി إِلَيْكَ നിന്നിലേക്ക് وَأَنَا ഞാനാകട്ടെ أَوَّلُ ഒന്നാമനാണ് الْمُؤْمِنِينَ സത്യവിശ്വാസികളിൽ

قَالَ يَـٰمُوسَىٰٓ إِنِّى ٱصْطَفَيْتُكَ عَلَى ٱلنَّاسِ بِرِسَـٰلَـٰتِى وَبِكَلَـٰمِى فَخُذْ مَآ ءَاتَيْتُكَ وَكُن مِّنَ ٱلشَّـٰكِرِينَ ﴿١٤٤﴾

﴾144﴿ അവൻ [റബ്ബ്] പറഞ്ഞു : മൂസാ, നിശ്ചയമായും എന്റെ ദൗത്യങ്ങൾ കൊണ്ടും, എന്റെ സംസാരം കൊണ്ടും നിന്നെ ഞാൻ (മറ്റു) മനുഷ്യരെക്കാൾ (പ്രത്യേകമാക്കി) തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ, ഞാൻ നിനക്കു നൽകിയത് നീ എടുത്തു [സ്വീകരിച്ചു] കൊള്ളുക. നീ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക

﴾144﴿ قَالَ അവൻ പറഞ്ഞു يَا مُوسَى മൂസാ إِنِّي നിശ്ചയമായും ഞാൻ اصْطَفَيْتُكَ നിന്നെ തിരഞ്ഞു (തെളിയിച്ചു)എടുത്തിരിക്കുന്നു عَلَى النَّاسِ മനുഷ്യരേക്കാൾ بِرِسَالَاتِي എന്റെ ദൗത്യങ്ങൾകൊണ്ട് وَبِكَلَامِي എന്റെ സംസാരം കൊണ്ടും فَخُذْ അതിനാൽ എടുത്തു (പിടിച്ചു-സ്വീകരിച്ചു)കൊള്ളുക مَا آتَيْتُكَ നിനക്ക് ഞാൻ നൽകിയത് وَكُنْ ആയിരിക്കയും ചെയ്യുക مِنَ الشَّاكِرِينَ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ

നിശ്ചയം പൂർത്തിയാക്കി മൂസാ നബി (അ) വന്നപ്പോൾ അല്ലാഹു അദ്ദേഹത്തോട് സംസാരിച്ചു. സ്വപ്നം വഴിയോ, മനസ്സിൽ തോന്നിപ്പിച്ചോ നൽകുന്ന വഹ്‌യ്, അല്ലെങ്കിൽ ഒരു മറയുടെ അപ്പുറത്ത് നിന്നുള്ള സംസാരം, അല്ലെങ്കിൽ ഒരു ദൂതനെ -അഥവാ മലക്കിനെ-അയച്ചുകൊണ്ട് നൽകുന്ന വഹ്‌യ് എന്നിങ്ങനെ മൂന്നു പ്രകാരത്തിലല്ലാതെ അല്ലാഹു ഒരു മനുഷ്യനോട് സംസാരിക്കുന്നതല്ല എന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. (സു: ശൂറായിലെ 51-ാം വചനവും വ്യാഖ്യാനവും നോക്കുക) ഇവയിൽ രണ്ടാമതു പറഞ്ഞ തരത്തിലുള്ള സംസാരമാണ് മൂസാ നബി(അ)യുമായി നടന്നത്. ഈ മഹത്തായ അനുഗ്രഹം മൂസാ നബി(അ)ക്കല്ലാതെ മററാർക്കും ഉണ്ടായതായി അറിയപ്പെട്ടിട്ടില്ല. ഈ വചനത്തിൽ നിന്നു തന്നെ അതു വ്യക്തമാവുന്നു. മൂസാ (അ) ഈജിപ്തിൽ നിന്നും അഭയാർത്ഥിയായി മദ്‌യനിൽ ചെന്നു ഏതാനും കൊല്ലം താമസിച്ച ശേഷം അവിടെ നിന്നും ഭാര്യാസമേതം ഈജിപ്തിലേക്ക് മടങ്ങിപ്പോരുമ്പോഴായിരുന്നു സീനാ താഴ്‌വരയിൽ വെച്ചു ആദ്യമായി അല്ലാഹുവിന്റെ സംസാരം അദ്ദേഹം കേട്ടത്. ആ അവസരത്തിൽ തന്നെയായിരുന്നു അദ്ദേഹത്തെ ഫിർഔന്റെ അടുക്കലേക്ക് റസൂലായി അയച്ചതും. ഈ വചനത്തിൽ പറയുന്നത് അദ്ദേഹം തൗറാത്ത് ഏറ്റുവാ

ഞാൻ വേണ്ടി നിശ്ചയ പ്രകാരം സീനാ പർവ്വതത്തിൽ ചെന്നപ്പോഴുണ്ടായ സംസാരത്തെക്കുറിച്ചുമാകുന്നു.

അല്ലാഹുവിന്റെ സംസാരം എങ്ങിനെയായിരിക്കും ? അതിന് അക്ഷരവും ശബ്ദവുമുണ്ടോ ? ഏതു ഭാഷയിലായിരിക്കും ? ഇതൊന്നും നമുക്ക് അറിയുവാനോ സങ്കൽപിക്കുവാനോ സാധ്യമല്ല. സൃഷ്ടികളുടെ സംസാരങ്ങളുമായി അതിന് യാതൊരു വിധ സാമ്യവും ഉണ്ടായിരിക്കുകയില്ലെന്ന് നമുക്കു തീർത്തു പറയാം. ഈ മഹത്തായ അനുഗ്രഹം-മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത ഈ മഹാഭാഗ്യം-ആസ്വദിച്ചപ്പോൾ മൂസാ നബി(അ)ക്കുണ്ടായ മധുരമോഹനമായ അനുഭവം നിമിത്തം, അല്ലാഹുവിനെ നേരിൽ ഒന്നു കാണുവാനുള്ള മഹാഭാഗ്യംകൂടി സിദ്ധിച്ചെങ്കിൽ കൊള്ളാമെന്ന് അദ്ദേഹത്തിന് അത്യാവേശം ജനിച്ചു. അദ്ദേഹം അപേക്ഷിച്ചു: റബ്ബേ ! ഈയുള്ളവനു നിന്നെ ഒന്നു കാണുവാനുള്ള മഹാഭാഗ്യം കൂടി നൽകൂണേ ! എനിക്ക് നിന്നെ കാണുമാറാക്കിത്തരണേ ! ഞാനൊന്നു നോക്കികാണട്ടെ(رَبِّ أَرِنِي أَنظُرْ إِلَيْكَ)മൂസാ നബി(അ)യുടെ വിശ്വാസക്കുറവുകൊണ്ടല്ല, വിഡ്ഢിത്തംകൊണ്ടുമല്ല, രാജാധിരാജനായ പരമോൽകൃഷ്ടനായ അല്ലാഹുവിന്റെ മഹിതമഹത്വങ്ങളെക്കുറിച്ച് ബോധമില്ലാത്തതുകൊണ്ടുമല്ല ആ അപേക്ഷ, ആ തിരു സംസാരങ്ങൾ കേട്ടപ്പോൾ, ആ തിരുസന്നിധിയെ ഒന്നു കണ്ടാസ്വദിക്കുവാനുണ്ടായ അടങ്ങാത്ത മോഹം കൊണ്ടു മാത്രം.

എല്ലാമെല്ലാം അറിയുന്ന അല്ലാഹു അദ്ദേഹത്തെ ആക്ഷേപിച്ചില്ല, ആ അപേക്ഷയിൽ പ്രതിഷേധിച്ചതുമില്ല. എങ്കിലും ഈ ഐഹിക ജീവിതത്തിൽ ആർക്കും സാധ്യമല്ലാത്തതും, ഈ ലോകത്ത് പ്രകൃതിക്കതീതമായതുമാണ് അക്കാര്യമെന്ന യാഥാർത്ഥ്യം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയാണ് അല്ലാഹു ചെയ്തത്. അല്ലാഹു പറഞ്ഞു : നിനക്കെന്നെ കാണുവാൻ കഴിയുകയില്ല (لَن تَرَانِي)അതോടൊപ്പം, ആ കാഴ്ച താങ്ങുവാനുള്ള ശക്തി അദ്ദേഹത്തെക്കാൾ എത്രയോ ഉറപ്പും കെൽപുമുള്ള ആ പർവ്വതത്തിന്നുപോലുമില്ലെന്ന് അനുഭവത്തിലൂടെ കാട്ടിക്കൊടുക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു : എങ്കിലും ആ മലയിലേക്ക് നോക്കൂ : അത് അതിന്റെ സ്ഥാനത്തു ഉറച്ചു നിൽക്കുന്നുണ്ടെങ്കിൽ നിനക്കെന്നെ കണ്ടേക്കാവുന്നതാണ് وَلَٰكِنِ انظُرْ إِلَى الْجَبَلِ.... എന്നിട്ട് റബ്ബ് മലയിലേക്ക് വെളിപ്പെട്ടു. ഉടനെ അതു പൊടിപൊടിയായി. അല്ലാഹുവിന്റെ ഈ വെളിപ്പാട് എങ്ങിനെയായിരുന്നുവെന്ന് അല്ലാഹുവിന് മാത്രം അറിയാം. അവന്റെ മഹത്വത്തിനും പരിശുദ്ധതക്കും അനുയോജ്യമായ ഒരു വെളിപ്പാടായിരിക്കും അതെന്ന് മാത്രം നമുക്ക് പറയാം. അബൂസഈദിൽ ഖുദ്രി (റ) ഉദ്ധരിച്ച ഒരു നബി വചനം മുസ്ലിം (റ) രേഖപ്പെടുത്തിയതിന്റെ സാരം ഇപ്രകാരമാകുന്നു : അല്ലാഹുവിന്റെ മറ, പ്രകാശമാകുന്നു. ആ പ്രകാശം അവൻ തുറന്നുവിട്ടാൽ അവന്റെ തിരുമുഖത്തിന്റെ ജ്യോതിസ്സ് സൃഷ്ടികളെയെല്ലാം കരിച്ചുകളഞ്ഞേക്കും. ഇമാം അഹ്മദ്, തുർമുദി, ബൈഹകി, ഇബ്നു ജരീർ (റ) മുതലായവർ അനസ് (റ)ൽ നിന്ന് ഉദ്ധരിക്കുകയും, ഹാകിം (റ) ബലപ്പെട്ടതെന്ന് സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ള ഒരു ഹദീഥിൽ .... فَلَمَّا تَجَلَّىٰ رَبُّهُ (റബ്ബ് വെളിപ്പെട്ടപ്പോൾ) എന്നുള്ള വചനം ഓതികൊണ്ട് നബിതിരുമേനി ﷺ അവിടുത്തെ പെരുവിരൽ ചെറുവിരലിന്റെ തലപ്പത്തുവെച്ചു വളരെ തുച്ഛം മാത്രമെന്നു സൂചിപ്പിക്കുകയുണ്ടായെന്നും വന്നിരിക്കുന്നു. ഇതല്ലാതെ ഇതിനപ്പുറം ഒരു വിശദീകരണം നമുക്കിവിടെ സാദ്ധ്യമല്ല.

മല തകർന്നു തരിപ്പണമായ കാഴ്ച കണ്ടു മൂസാ (അ) ബോധം കെട്ടു നിലംപതിച്ചു. ബോധം വീണ്ടു കിട്ടിയപ്പോൾ അദ്ദേഹത്തിന് ബോധ്യമായി; അല്ലാഹുവിനെ കാണുവാനുള്ള കഴിവ് തനിക്കില്ലെന്നും, തന്റെ അപേക്ഷ കുറെ കടന്ന അപേക്ഷയായിട്ടുണ്ടെന്നും. അദ്ദേഹം പറഞ്ഞു : റബ്ബേ ! നീ മഹാപരിശുദ്ധൻ ! ഞാനിതാ നിങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങുന്നു (فَلَمَّآ أَفَاقَ قَالَ سُبْحَانَكَ....) അപേക്ഷിച്ചത് ഒരു മര്യാദകേടാണെങ്കിലും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ കുറവുകൊണ്ടോ, വിശ്വാസത്തിലുള്ള വക്രതകൊണ്ടോ അല്ല അതു സംഭവിച്ചതെന്നും നിലവിലുള്ള സത്യവിശ്വാസികളിൽ താൻ ഒന്നാമത്തേവനും മുമ്പനുമാകുന്നു (وَأَنَا۠ أَوَّلُ ٱلْمُؤْمِنِينَ) എന്നും അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.

മൂസാ നബി(അ) യുടെ ഈ അപേക്ഷ കേവലം ധിക്കാരമോ, കുറ്റകരമായ ഒരു പാപമോ ആയി അല്ലാഹു കണക്കാക്കിയിട്ടില്ലെന്ന് മേൽ വിവരിച്ചതിൽ നിന്നും മനസ്സിലായല്ലോ. 144-ാം വചനത്തിൽ നിന്നു തന്നെ ഈ വാസ്തവം കൂടുതൽ സ്പഷ്ടമാകുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ നേരെ ആക്ഷേപത്തിന്റെ യാതൊരു സൂചനപോലും കൂടാതെ, എന്റെ ദൗത്യങ്ങൾ നൽകിയും, ഞാൻ നേരിൽ സംസാരിച്ചുകൊണ്ടും മറ്റെല്ലാ മനുഷ്യരെക്കാളും നിനക്കു ശ്രേഷ്ഠത നൽകിയിട്ടുണ്ടെന്നും, അതുകൊണ്ട് ഞാൻ നൽകുന്നത്-വേദഗ്രന്ഥം, ഉപദേശനിർദേശങ്ങൾ മുതലായവ-വേണ്ടവിധം സ്വീകരിച്ചു നന്ദിയുള്ളവനായിരിക്കണം എന്നുമൊക്കെയാണല്ലോ അതിൽ പറയുന്നത്. ആ അപേക്ഷ സ്വീകരിക്കുവാൻ നിവൃത്തിയില്ലെങ്കിലും ഞാൻ നിനക്ക് പല പ്രത്യേക പദവികളും നൽകി അനുഗ്രഹിച്ചിട്ടുണ്ടെന്നാണ് അതിന്റെ രത്നച്ചുരുക്കം.

സന്ദർഭവശാൽ ഇവിടെ ചില സംഗതികൾ ചൂണ്ടിക്കാട്ടുന്നത് നന്നായിത്തോന്നുന്നു. (1) അല്ലാഹുവിനെ കാണുവാനോ, പാരത്രികമായ കാഴ്ചകൾ കാണുവാനോ കഴിയുമാറുള്ള ഒരു പ്രകൃതി ഈ ലോകത്ത് അല്ലാഹു ആർക്കും നൽകിയിട്ടില്ല. അതിനാൽ, മനുഷ്യന്റെ ബാഹ്യേന്ദ്രിയങ്ങൾക്കോ, ആന്തരേന്ദ്രിയങ്ങൾക്കോ അവയൊന്നും താങ്ങുവാനുള്ള കെൽപുമില്ല. മരണത്തോടുകൂടി ഈ ഭൗതിക കാഴ്ചപ്പാട് അവസാനിക്കുന്നതോടൊപ്പം തന്നെ മുമ്പില്ലാത്ത പല അനുഭവങ്ങളും കാഴ്ചകളും അവനു വെളിപ്പെട്ടുകൊണ്ടിരിക്കും. പരലോകത്താകട്ടെ, കൂടുതൽ വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമായിരിക്കും ഉണ്ടായിരിക്കുക. ഇവിടെ വെച്ച് അസംഭവ്യമായതും ഊഹിക്കുവാൻ പോലും കഴിയാത്തതുമായ പലതും അവിടെവെച്ചു സാധ്യമായിരിക്കും. കുറ്റവാളികളായ ആളുകളോട് ക്വിയാമത്തുനാളിൽ പറയപ്പെടുന്ന സൂ: ക്വാഫിലെ ഒരു വാക്യം ഈ വാസ്തവം ചൂണ്ടിക്കാട്ടുന്നു. ....لَقَدْ كُنتَ فِى غَفْلَةٍ مِّنْ هَـٰذَا (തീർച്ചയായും ഇതിനെക്കുറിച്ച് നീ അശ്രദ്ധയിലായിരുന്നു. ഇപ്പോൾ നിനക്ക് നിന്റെ മൂടിയെ നാം തുറന്ന് നീക്കിത്തന്നിരിക്കുന്നു. ആകയാൽ നിന്റെ കാഴ്ച ഇന്ന് മൂർച്ചയുള്ളതാകുന്നു. (ക്വാഫ് :22) ക്വിയാമത്തുനാളിൽ അക്രമികൾക്ക് നേരിടുന്ന ചില അനുഭവങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു:

....وَبَدَا لَهُم مِّنَ ٱللَّهِ مَا لَمْ يَكُونُوا۟ يَحْتَسِبُونَ (അവർ കണക്കുകൂട്ടിയിരുന്നില്ലാത്ത കാര്യങ്ങൾ അവർക്ക് അല്ലാഹുവിൽ നിന്നും വെളിവാകുകയും ചെയ്യും. (സുമർ: 47)

(2) സത്യവിശ്വാസികൾ പരലോകത്ത്വെച്ച് അല്ലാഹുവിനെ കാണുമെന്നും, അത് അവർക്ക് ലഭിക്കുന്ന ഏറ്റവും വലിയ ഭാഗ്യമായിരിക്കുമെന്നും ചില ക്വുർആൻ വചന

ങ്ങൾ വഴിയും അനേകം ഹദീഥുകൾ വഴിയും സംശയരഹിതമായി അറിയപ്പെട്ടിട്ടുള്ളതാണ്. ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു: وُجُوهٌ يَوْمَئِذٍ نَاضِرَةٌ ۝ إِلَىٰ رَبِّهَا نَاظِرَةٌ ۝ (ചില മുഖങ്ങൾ അന്ന് - ക്വിയാമത്തുനാളിൽ -പ്രസന്നങ്ങളായിരിക്കും. അവയുടെ റബ്ബിങ്കലേക്കു നോക്കിക്കാണുന്നവയായിരിക്കും (75:22,23) സത്യനിഷേധികളെക്കുറിച്ച് പറയുന്നു : كَلَّا إِنَّهُمْ عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ (വേണ്ട, നിശ്ചയമായും അവർ, അന്നത്തെ ദിവസം തങ്ങളുടെ റബ്ബിൽ നിന്നും മറയിടപ്പെട്ടവർ തന്നെയായിരിക്കും. (83:15) ഇരുപതോളം സ്വഹാബികളിൽ നിന്നായി അനേകം മാർഗങ്ങളിൽകൂടി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള പല ഹദീഥുകളിലും സത്യവിശ്വാസികൾ പരലോകത്ത് വെച്ച് അല്ലാഹുവിനെ കാണുന്നതാണെന്ന് സ്പഷ്ടമായ വാക്കുകളിൽ നബിﷺ അറിയിച്ചുതന്നിട്ടുണ്ട്. അപ്പോൾ മൂസാ നബി(അ) യോട് അല്ലാഹു لَن تَرَانِي (നീ എന്നെ കാണുകയില്ല തന്നെ) എന്നു പറഞ്ഞ വാക്ക് ആധാരമാക്കിക്കൊണ്ട് അല്ലാഹുവിനെ പരലോകത്ത്‌വെച്ചും ആർക്കും കാണുവാൻ സാധ്യമല്ലെന്ന് മുഅ്തസലികളെപ്പോലെയുള്ള യുക്തിവാദികൾ പറയാറുള്ളത് തെറ്റാണെന്ന് തീർത്തു പറയാവുന്നതാണ്. ഈ വിഷയത്തിൽ വളരെ യേറെ തർക്കവിതർക്കങ്ങളും, ആരോപണ പ്രത്യാരോപണങ്ങളും മുൻകാലത്ത് കഴിഞ്ഞുപോയിട്ടുണ്ട്. ഇന്നും ചില യുക്തിവാദക്കാർ ആ പഴയ അഭിപ്രായം പുറപ്പെടുവിക്കുന്നതും കാണാം. യുക്തി ന്യായങ്ങൾ എന്തുതന്നെ സമർപ്പിക്കപ്പെട്ടാലും അല്ലാഹുവും റസൂലും വ്യക്തമാക്കിയ അക്കാര്യത്തിൽ, അവയെല്ലാം കേവലം നിരർത്ഥവാദങ്ങൾ മാത്രമായേ ഗണിക്കപ്പെടുവാനുള്ളൂ. മൂസാ നബി(അ) യോട് അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം. ഈ ലോകത്ത്‌വെച്ച് നിനക്ക് എന്നെ കാണുവാൻ കഴിയുകയില്ല എന്നല്ല എന്നും മേൽ ചൂണ്ടികാട്ടിയ തെളിവുകളിൽ നിന്നും വ്യക്തമാണ്.

(3) ഇസ്റാഈല്യരെ അഭിമുഖീകരിച്ചു കൊണ്ട് അവരുടെ ധിക്കാരങ്ങളെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ, അല്ലാഹുവിനെ പരസ്യമായി കാണാതെ ഞങ്ങൾ താങ്കളെ വിശ്വസിക്കുന്നതേയല്ലെന്നു നിങ്ങൾ മൂസായോട് പറഞ്ഞുവെന്നും, അപ്പോൾ നിങ്ങൾക്ക് ഇടിത്തീ ബാധിച്ചുവെന്നും സൂറത്തുൽ ബക്വറഃ 55 ൽ അല്ലാഹു പറഞ്ഞിരിക്കുന്നു. (وَإِذْ قُلْتُمْ يَا مُوسَىٰ لَن نُّؤْمِنَ لَكَ حَتَّىٰ نَرَى اللَّهَ جَهْرَةً ....) താഴെ ഈ സൂറത്തിലെ 155-ാം വചനത്തിൽ, മൂസാ തന്റെ ജനങ്ങളിൽ നിന്നും എഴുപതുപേരെ നമ്മുടെ നിശ്ചത സമയത്തേക്കു തിരഞ്ഞെടുത്തുവെന്നും, അവർക്കു കമ്പനം (الرَّجْفَة)പിടിപെട്ടപ്പോൾ ഞങ്ങളിലുള്ള ഭോഷൻമാർ പ്രവർത്തിച്ചതിന് ഞങ്ങളെ നീ നശിപ്പിക്കുന്നുവോ എന്നും മറ്റും മൂസാ (അ) ചോദിച്ചുവെന്നും പ്രസ്താവിക്കുന്നുമുണ്ട്. ഈ രണ്ട് വചനങ്ങളിലും പ്രസ്താവിക്കപ്പെട്ട സംഭവങ്ങൾ ഒന്നു തന്നെയാണോ, അതല്ല രണ്ടും വെവ്വേറെ സംഭവങ്ങളാണോ എന്നുള്ളതിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസം കാണാം. എന്നാൽ നമ്മുടെ മുമ്പിലുള്ള ഈ വചനത്തിൽ മൂസാ നബി (അ) رَبِّ أَرِنِي أَنظُرْ إِلَيْكَ (റബ്ബേ എനിക്ക് നിന്നെ കാട്ടി തരണേ, ഞാൻ നിന്നെ നോക്കിക്കാണട്ടെ) എന്ന് ചോദിച്ചതും لَن تَرَانِي (നീ എന്നെ കാണുകയില്ലതന്നെ) എന്നു അല്ലാഹു മറുപടി പറഞ്ഞതും, മേൽ പ്രസ്താവിച്ച ആ രണ്ട് വചനങ്ങളിൽ പറഞ്ഞതും എല്ലാം ചേർന്നു ഒരേ സംഭവമാണെന്ന് മുഅ്തസിലികളും, അവരെ അനുകരിച്ച ചിലരും പറയുന്നു. മൂന്നു വചനങ്ങളിലെയും സംഭവം ഒന്നാണെന്ന് വ്യക്തമാക്കാതെത്തന്നെ ചില ആളുകൾ, മൂസാ (അ) അദ്ദേഹത്തിന്റെ സ്വന്തം നിലക്കല്ല-ജനങ്ങളുടെ ആവശ്യപ്രകാരമാണ് -അല്ലാഹുവിനെ കാണുവാൻ ആവശ്യപ്പെട്ടതെന്നും പറഞ്ഞു കാണുന്നു.

ഇഹത്തിലും പരത്തിലും വെച്ച് അല്ലാഹുവിനെ കാണുക അസംഭ്യവമാണെന്ന അവരുടെ വാദത്തിൽ നിന്നും, അതിന് لَن تَرَانِي (നീ എന്നെ കാണുകയില്ല തന്നെ) എന്ന വാക്യത്തെ തെളിവാക്കുന്നതിൽ നിന്നും ഉടലെടുത്തതാണ് യഥാർത്ഥത്തിൽ ഈ വാദം.

മൂന്നു വചനങ്ങളിലും പറയുന്നത് ഒരേ സംഭവത്തെപ്പറ്റിയാണെന്ന വാദക്കാരിൽ ചിലരുടെ പ്രസ്താവനകൾ നോക്കുമ്പോൾ സംഭവത്തിന്റെ രൂപം ഇങ്ങിനെയാകുന്നു : എഴുപതു പേരെ തിരഞ്ഞെടുത്തുകൊണ്ട് മൂസാ (അ) അല്ലാഹു നിശ്ചയിച്ച സമയത്ത് പർവ്വതത്തിൽ ചെന്നു. അവർ മലയുടെ അടിയിലും മൂസാ (അ) മുകളിലുമായിരുന്നു. മൂസാ (അ) മടങ്ങി വന്നപ്പോൾ, തന്നോട് അല്ലാഹു സംസാരിച്ചുവെന്നും, തനിക്കു വേദ ഗ്രന്ഥം നൽകിയെന്നുമൊക്കെ പറയുന്നത് ഞങ്ങൾ വിശ്വസിക്കണമെങ്കിൽ ഞങ്ങൾക്ക് താൻ അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണിച്ചു തരുകതന്നെ വേണം എന്ന് അവർ മൂസാ (അ) നോട് ശഠിച്ചു. അദ്ദേഹം അവർക്കുവേണ്ടി അതിനായി അല്ലാഹുവിനോട് ആവശ്യപ്പെടുകയും ചെയ്തു. ധിക്കാരപരമായ ഈ ചോദ്യം നിമിത്തം ഒരു ഭൂകമ്പം മുഖേന അല്ലാഹു അവരെ ശിക്ഷിച്ചു. സൂറത്തുൽ ബക്വറഃയിൽ പറഞ്ഞ ഇടിത്തീ (صَاعِقَة)യും 155-ാം വചനത്തിൽ കാണുന്ന കമ്പന (رَجْفَةُ) വും, ഈ വചനത്തിൽ മല പൊടി പൊടിയാക്കി (جَعَلَهُ دَكًّا) എന്നു പറഞ്ഞതും - എല്ലാം തന്നെ- ആ ഭൂകമ്പത്തെ ഉദ്ദേശിച്ചാകുന്നു. അങ്ങനെ , കേവലം അസംഭവ്യമായ ഒരു കാര്യം മൂസാ നബി (അ) ജനങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് ആവശ്യപ്പെട്ടു. ഈ ചോദ്യം കുറ്റകരമായ ഒരു പാപമായതുകൊണ്ടാണ് മൂസാ (അ)ഞാൻ പശ്ചാത്തപിച്ചു മടങ്ങി(تُبْتُ إِلَيْكَ) എന്നു പറഞ്ഞത്. ഇതാണ് മൂന്നു വചനങ്ങളും കൂട്ടി യോജിപ്പിച്ചുകൊണ്ട് അവർ പറഞ്ഞതിന്റെ ചുരുക്കം.

മനസ്സിൽ ഒരു മുൻവിധി നേരത്തെ തന്നെ ഒളിച്ചുവെക്കാതെ-തുറന്ന മനസ്സോടെ -ഈ മൂന്നു ക്വുർആൻ വചനങ്ങളും അവയിലെ വാക്കുകളും, പ്രതിപാദന രീതിയും കണക്കിലെടുത്തുകൊണ്ട് പരിശോധിക്കുന്ന ഏതൊരു നിഷ്പക്ഷ ബുദ്ധിക്കും വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും : മൂസാ (അ) അല്ലാഹുവിനെ കാണുവാൻ അപേക്ഷിച്ച സംഭവവും, ജനങ്ങൾ അല്ലാഹുവിനെ കാണണമെന്നു ശഠിച്ച സംഭവവും വെവ്വേറെയാണെന്നും, എല്ലാം ഒരേ സംഭവമാക്കിക്കൂട്ടിയിണക്കുവാൻ ശ്രമിക്കുന്നത് സദുദ്ദേശപൂർവ്വമല്ലെന്നും ഇമാം റാസീ (റ) മുതലായ പല ക്വുർആൻ വ്യാഖ്യാതാക്കളും ഇവരുടെ ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ടും, അതിലെ കൊള്ളരുതായ്മകളെ എടുത്തുകാട്ടിക്കൊണ്ടും വളരെയേറെ സംസാരിച്ചിരിക്കുന്നത് കാണാം. ദൈർഘ്യം ഭയന്നു അവ ഉദ്ധരിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. അവർ ചൂണ്ടിക്കാട്ടിയ ചുരുക്കം ചില സംഗതികളുടെ സാരം മാത്രം ഉദ്ധരിക്കാം:

1) അല്ലാഹുവിനെ കാണണമെന്ന് ശഠിക്കുന്നത് ഒരു തെറ്റായ കാര്യമായിരുന്നിട്ടും അതിനെപ്പറ്റി അവരെ ആക്ഷേപിക്കുകയോ, അവർക്ക് കാര്യം പറഞ്ഞു മനസ്സിലാക്കുകയോ ചെയ്യാതെ, അതിനു വേണ്ടി അല്ലാഹുവിനോട് നേരിൽ ആവശ്യപ്പെടുവാൻ മാത്രം ബുദ്ധിമോശം മൂസാ നബി(അ)ക്കില്ലെന്ന് തീർച്ചയാണ്. ഈ ജനങ്ങൾക്കുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ ഏർപ്പെടുത്തിത്തരണം എന്നു അവർ ആവശ്യപ്പെട്ടപ്പോൾ മൂസാ (അ) ചെയ്തതെന്താണെന്നു (138,139 വചനങ്ങളിൽ) നാം കണ്ടുവല്ലോ.

2) ജനങ്ങളുടെ ആവശ്യപ്രകാരമാണ് മൂസാ (അ) അപേക്ഷിച്ചതെങ്കിൽ നിന്നെ എനിക്ക് കാണിച്ചുതരണം എന്നും, ഞാൻ നിന്നെ നോക്കിക്കാണട്ടെ എന്നും (أَرِنِي،أَنظُرْ) അല്ല അദ്ദേഹം പറയേണ്ടിയിരുന്നത്. 'അവർക്ക് കാണിച്ചു കൊടുക്കണം' എന്നും 'അവർ നോക്കിക്കാണട്ടെ' (أَرِهِمْ،يَنظُرُوا) എന്നും ആയിരുന്നു പറയേണ്ടിയിരുന്നത്. ചുരുങ്ങിയ പക്ഷം, 'ഞങ്ങൾക്കുകാണിച്ചു തരണം,' 'ഞങ്ങൾ നോക്കട്ടെ' (أَرِنَا،نَنظُرْ) എന്നെങ്കിലുമായിരുന്നു പറയേണ്ടത്. അല്ലാഹുവിന്റെ മറുപടിയിലും തന്നെ നീ എന്നെ കാണുകയില്ല (لَن تَرَانِي) എന്നായിരുന്നില്ല പറയേണ്ടത്.

3) അല്ലാഹുവിനെ കാണൽ രണ്ട് ലോകത്തുവെച്ചും അസംഭവ്യമാണെങ്കിൽ ആ വാദക്കാരായ ഓരോരുത്തർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞ അക്കാര്യം മൂസാ നബി(അ)ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെന്നും, അങ്ങനെ, ഒരു അസംഭവ്യ കാര്യത്തിനുവേണ്ടി ആവശ്യപ്പെടുമാറ് അറിവില്ലാത്ത ആളായിരുന്നു ആ പ്രവാചകനെന്നുമാണ് അതിന്റെ അർത്ഥം معاذالله

4) മൂസാ (അ) ബോധംകെട്ടുവീണുവെന്നും, ബോധംവന്നപ്പോൾ പശ്ചാത്തപിച്ചുവെന്നും ഇവിടെ പറയുന്നു. ജനത്തെപ്പറ്റി അതൊന്നും പറയുന്നില്ല. അൽബക്വറഃ 55 ലും താഴെ 155 ലുമാകട്ടെ, ജനങ്ങൾക്ക് ഇടിത്തീയും, കമ്പനവും ബാധിച്ചുവെന്നല്ലാതെ, മൂസാ നബി(അ)ക്ക് ഒന്നും ബാധിച്ചതായി പറയുന്നില്ല. കൂടാതെ 155-ാം വചനത്തിൽ ജനങ്ങൾക്ക് കമ്പനം പിടിപെട്ടപ്പോൾ, അദ്ദേഹം അവരെപ്പറ്റി അല്ലാഹുവിനോട് പ്രാർത്ഥിച്ചതായും പറയുന്നു. അപ്പോൾ കമ്പനം അദ്ദേഹത്തിനു ബാധിച്ചില്ലെന്നാണ് അതിൽ നിന്നും വരുന്നത്. ഇത്രയും പറഞ്ഞതിൽ നിന്ന് തന്നെ ഇവരുടെ വാദം ശരിയല്ലെന്നും, മുൻവിധിയോടു കൂടി നടത്തപ്പെടുന്ന ഒരു ദുർവ്യാഖ്യാനം മാത്രമാണ് അവരുടേതെന്നും ആർക്കും മനസ്സിലാക്കാവുന്നതാണ്.

സന്ദർഭത്തോട് ബന്ധപ്പെട്ട മറ്റൊരു കാര്യംകൂടി ഇവിടെ ഉണർത്തേണ്ടതായി തോന്നുന്നു. സാധാരണ ഗതിയിൽ മുഅ്തസിലീകളെ പലപ്പോഴും അനുകരിക്കാറുള്ള ഒരു പണ്ഡിതൻ, ഇവിടെ സംസാരിക്കുന്ന മാദ്ധ്യ പരലോകത്തുവെച്ച് അല്ലാഹുവിനെ കാണുന്നതിനെ അനുകൂലിച്ചു കാണുന്നു. പക്ഷേ, അതിന് അദ്ദേഹത്തിന്റെ വക ഒരു വിചിത്രമായ ന്യായമാണ് തെളിവാക്കിയിരിക്കുന്നത്. മനുഷ്യൻ പരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും, മരണശേഷവും ആ പുരോഗമനം തുടർന്നുകൊണ്ടിരിക്കുമെന്നും, ഇന്നില്ലാത്ത പല കഴിവുകളും മനുഷ്യനുണ്ടാകുമെന്നും അങ്ങനെ പ്രപഞ്ചകർത്താവിനെ അവൻ കാണുമെന്നുമാണതിന്റെ ചുരുക്കം. പുരോഗമിച്ച് പുരോഗമിച്ചു പ്രപഞ്ചകർത്താവിനെ - അല്ലാഹുവിനെ - കാണുവാനുള്ള കഴിവ് മനുഷ്യന് ഭാവിയിലുണ്ടാകുമെന്നർത്ഥം. എന്നാൽ അല്ലാഹുവിനെ കാണുന്ന കാര്യം സത്യവിശ്വാസികൾക്ക് അല്ലാഹു നൽകുന്ന ഒരു വമ്പിച്ച അനുഗ്രഹം മാത്രമാണെന്നും, അതു ശാസ്ത്രീയമോ ബുദ്ധിപരമോ ആയ പുരോഗമനംകൊണ്ട് സിദ്ധിക്കുന്ന കഴിവല്ലെന്നും, ക്വുർആനും ഹദീഥുമായി അൽപമാത്ര ബന്ധമെങ്കിലും ഉള്ളവർക്കറിയാം. അവരതിൽ വിശ്വസിക്കുകയും ചെയ്യുന്നു. ഈ തരത്തിലുള്ള പ്രസ്താവനകൾക്ക് ധൈര്യം വരുവാൻ കാരണം ആലോചിക്കുമ്പോൾ وَمَاقَدَرُوا اللهَ حَقَّ قَدْرِهِ (അല്ലാഹുവിനെ കണക്കാക്കേണ്ടപ്രകാരം അവർ കണക്കാക്കിയിട്ടില്ല.) എന്ന ക്വുർആൻ വചനമാണ് ഓർമവരുന്നത്.

وَكَتَبْنَا لَهُۥ فِى ٱلْأَلْوَاحِ مِن كُلِّ شَىْءٍ مَّوْعِظَةً وَتَفْصِيلًا لِّكُلِّ شَىْءٍ فَخُذْهَا بِقُوَّةٍ وَأْمُرْ قَوْمَكَ يَأْخُذُوا۟ بِأَحْسَنِهَا ۚ سَأُو۟رِيكُمْ دَارَ ٱلْفَـٰسِقِينَ ﴿١٤٥﴾

﴿145﴾ അദ്ദേഹത്തിന് [മൂസാക്ക്] എല്ലാ കാര്യങ്ങളെക്കുറിച്ചും പലകകളിൽ നാം എഴുതിക്കൊടുക്കുകയും ചെയ്തു. അതായത്., സദുപദേശവും, എല്ലാ കാര്യത്തിനുമുള്ള വിശദീകരണവും. (നാം പറയുകയും ചെയ്തു:) അതിനാൽ നീ അവയെ ബലത്തോടെ എടുത്തു [സ്വീകരിച്ചു] കൊള്ളുക. നിന്റെ ജനങ്ങളോട് അവയിലെ വളരെ നല്ല കാര്യങ്ങളെ അവർ സ്വീകരിക്കുവാൻ കൽപിക്കുകയും ചെയ്യുക.

തോന്നിയവാസികളുടെ പാർപ്പിടം ഞാൻ നിങ്ങൾക്ക് വഴിയെ കാണിച്ചുതരാം.

﴿145﴾ وَكَتَبْنَا നാം എഴുതുക (എഴുതിക്കൊടുക്കുക)യും ചെയ്തു لَهُ അദ്ദേഹത്തിന് فِي الْأَلْوَاحِ പലകകളിൽ مِنْ كُلِّ شَيْءٍ എല്ലാ കാര്യത്തെക്കുറിച്ചും, എല്ലാ കാര്യത്തിൽ നിന്നും مَوْعِظَةً അതായത് സദുപദേശം وَتَفْصِيلًا വിശദീകരണവും لِكُلِّ شَيْءٍ എല്ലാ കാര്യത്തിനും فَخُذْهَا അതിനാൽ അത് (അവ) എടുത്തു (പിടിച്ചു-സ്വീകരിച്ചു)കൊള്ളുക بِقُوَّةٍ ശക്തിയോടെ, ബലത്തിൽ وَأْمُرْ കൽപിക്കുകയും ചെയ്യുക قَوْمَكَ നിന്റെ ജനങ്ങളോട് يَأْخُذُوا അവർ എടുക്കട്ടെ(സ്വീകരിക്കുവാൻ) بِأَحْسَنِهَا അവയിലെ(അതിലെ) വളരെ നല്ലതിനെ(നല്ലകാര്യങ്ങളെ) سَأُرِيكُمْ നിങ്ങൾക്ക് ഞാൻ വഴിയെ കാട്ടിത്തരും دَارَ പാർപ്പിടം, ഭവനം, വസതി الْفَاسِقِينَ തോന്നിയവാസി(ധിക്കാരി)കളുടെ.

അല്ലാഹുവിനെ കാണുവാനുള്ള അപേക്ഷ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്ന് ബോധ്യപ്പെടുത്തിക്കൊടുത്ത ശേഷം മൂസാ നബി(അ) ക്കു ചെയ്തുകൊടുത്ത ചില അനുഗ്രഹങ്ങളെ അല്ലാഹു ഓർമിപ്പിച്ച കൂട്ടത്തിൽ فَخُذْ مَا آتَيْتُكَ (നിനക്കു ഞാൻ നൽകിയത് എടുത്തു കൊള്ളുക) എന്നു പറഞ്ഞിരുന്നുവല്ലോ. അതിന്റെ ഒരു വിശദീകരണമാണ് ഈ വചനത്തിൽ കാണുന്നത്. അതായത്, ആവശ്യമായ എല്ലാ കാര്യങ്ങളെക്കുറിച്ചും വേണ്ടതുപോലെ വിവരിക്കുകയും ആവശ്യമായ ഉപദേശ നിർദേശങ്ങൾ അടങ്ങുകയും ചെയ്യുന്ന തൗറാത്താകുന്ന വേദഗ്രന്ഥം ചില പലകകളിലായി അല്ലാഹു അദ്ദേഹത്തിന് എഴുതിക്കൊടുത്തു. അതിനെ ശരിക്കും മുറുകെപിടിച്ചു കൊണ്ടിരിക്കണമെന്നും അതിൽ കാണുന്ന നല്ല കാര്യങ്ങളെ അനുഷ്ഠിക്കുവാൻ ജനങ്ങളെ ഉപദേശിക്കണമെന്നും കൽപിക്കുകയും ചെയ്തുവെന്നു സാരം.

തൗറാത്തിന്റെ പലകകൾ എന്തു കൊണ്ടുള്ളതായിരുന്നു ? എത്ര എണ്ണം ഉണ്ടായിരുന്നു ? എങ്ങിനെയാണത് എഴുതപ്പെട്ടത് ? എന്നൊന്നും നമുക്കറിഞ്ഞുകൂടാ. അതറിയാത്തതുകൊണ്ട് ഒരു ദോഷവും ബാധിക്കുവാനുമില്ല. പലരും പലതും പറഞ്ഞു

കാണുമെങ്കിലും അവയെല്ലാം പരസ്പരം പൊരുത്തപ്പെടാത്ത ചില ഇസ്റാഈലീ വാർത്തകൾ മാത്രമാകുന്നു. എന്റെ കൽപനാ നിർദേശങ്ങൾ അനുസരിക്കാതിരിക്കുന്ന ധിക്കാരികൾക്ക് അതിന്റെ ഫലം വഴിയെ അനുഭവത്തിൽ കാണാം. അവരെ വെറുതെ വിട്ടേക്കുമെന്ന് അവർ ധരിക്കേണ്ട എന്നുള്ള ഒരു താക്കീതാണ് അവസാനത്തെ വാക്യം.

سَأَصْرِفُ عَنْ ءَايَٰتِىَ ٱلَّذِينَ يَتَكَبَّرُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ

﴾146﴿ ന്യായമില്ലാതെ ഭൂമിയിൽ അഹംഭാവം നടിച്ചു കൊണ്ടിരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നും ഞാൻ തിരിച്ചു വിടുന്നതാണ്.

وَإِن يَرَوْا۟ كُلَّ ءَايَةٍ لَّا يُؤْمِنُوا۟ بِهَا

എല്ലാ ദൃഷ്ടാന്തവും കണ്ടാലും അവർ അവയിൽ വിശ്വസിക്കുകയില്ല.

وَإِن يَرَوْا۟ سَبِيلَ ٱلرُّشْدِ لَا يَتَّخِذُوهُ سَبِيلًا

തന്റേടത്തിന്റെ (നേർ) മാർഗം കണ്ടാൽ അതിനെ അവർ ഒരു മാർഗമായി സ്വീകരിക്കുകയുമില്ല.

وَإِن يَرَوْا۟ سَبِيلَ ٱلْغَىِّ يَتَّخِذُوهُ سَبِيلًا ۚ

പിഴവിന്റെ (ദുർ) മാർഗം കണ്ടാൽ അതിനെ അവർ മാർഗമായി സ്വീകരിക്കുകയും ചെയ്യും.

ذَٰلِكَ بِأَنَّهُمْ كَذَّبُوا۟ بِـَٔايَٰتِنَا وَكَانُوا۟ عَنْهَا غَٰفِلِينَ ﴿١٤٦﴾

അത്, നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ വ്യാജമാക്കുകയും, അവയെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും ചെയ്തതുകൊണ്ടത്രെ.

وَٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا وَلِقَآءِ ٱلْـَٔاخِرَةِ حَبِطَتْ أَعْمَٰلُهُمْ ۚ هَلْ يُجْزَوْنَ إِلَّا مَا كَانُوا۟ يَعْمَلُونَ ﴿١٤٧﴾

﴾147﴿ നമ്മുടെ ദൃഷ്ടാന്തങ്ങളെയും, പരലോകത്തെ കണ്ടുമുട്ടുന്നതിനെയും വ്യാജമാക്കിയവരാകട്ടെ, അവരുടെ പ്രവൃത്തികൾ (പൊളിഞ്ഞ്) വിഫലമായി. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിന്നല്ലാതെ അവർക്കു പ്രതിഫലം കൊടുക്കപ്പെടുമോ ! [ഇല്ല തന്നെ]

﴾146﴿ سَأَصْرِفُ ഞാൻ തിരിച്ചു വിടും, തിരിച്ചു വിട്ടേക്കും عَنْ آيَاتِيَ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് الَّذِينَ യാതൊരുകൂട്ടരെ يَتَكَبَّرُونَ അഹംഭാവം നടിക്കുന്ന, വലുപ്പം കാണിക്കുന്ന فِي الْأَرْضِ ഭൂമിയിൽ بِغَيْرِ الْحَقِّ ന്യായം (കാര്യം-അവകാശം) ഇല്ലാതെ وَإِنْ يَرَوْا അവർ കാണുന്ന പക്ഷം, കണ്ടാലും كُلَّ آيَةٍ എല്ലാ ദൃഷ്ടാന്തവും لَا يُؤْمِنُوا بِهَا അതിൽ അവർ വിശ്വസിക്കുകയില്ല وَإِنْ يَرَوْا അവർ കാണുന്ന പക്ഷം,

കണ്ടാലാകട്ടെ سَبِيلَ الرُّشْدِ തന്റേടത്തിന്റെ മാർഗം, നേർവഴി لَا يَتَّخِذُوهُ അതവർ ആക്കുക(സ്വീകരിക്കുക)യില്ല سَبِيلًا മാർഗമായിട്ട്, വഴിയായിട്ട് وَإِن يَرَوْا അവർ കണ്ടുവെങ്കിലോ سَبِيلَ الْغَيِّ പിഴവിന്റെ മാർഗം يَتَّخِذُوهُ അതവർ ആക്കും, സ്വീകരിക്കും سَبِيلًا മാർഗമായി ذَٰلِكَ അത് بِأَنَّهُمْ كَذَّبُوا അവർ വ്യാജമാക്കിയിരിക്കുന്നതുകൊണ്ടാണ് بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ وَكَانُوا അവർ ആയിരിക്കുകയും عَنْهَا അവയെപ്പറ്റി غَافِلِينَ അശ്രദ്ധർ. ﴾147﴿ وَالَّذِينَ كَذَّبُوا വ്യജമാക്കിയവർ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ وَلِقَاءِ കാണുന്ന (കണ്ടുമുട്ടുന്ന)തിനെയും الْآخِرَةِ പരലോകത്തെ حَبِطَتْ വിഫലമായി, പൊളിഞ്ഞു أَعْمَالُهُمْ അവരുടെ പ്രവൃത്തി (കർമ്മം)കൾ هَلْ يُجْزَوْنَ അവർക്ക് പ്രതിഫലം കൊടുക്കപ്പെടുമോ إِلَّا مَا كَانُوا അവർ ആയിരുന്നതിന്നല്ലാതെ يَعْمَلُونَ (അവർ) പ്രവർത്തിക്കും.

ഫിർഔന്റെയും ആൾക്കാരുടെയും അഹന്തയും ഗർവ്വും നിമിത്തം അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു കൊണ്ടിരുന്നതിന്റെ ഫലമായി അവർ അനുഭവിച്ച ദാരുണമായ പര്യവസാനത്തെയും , അതിനെത്തുടർന്നുണ്ടായ സംഭവങ്ങളെയും സംബന്ധിച്ചായിരുന്നു കഴിഞ്ഞ വചനങ്ങളിൽ സംസാരം. ഫിർഔന്റെ കൂട്ടർക്ക് അത്രയും ശോചനീയമായ ദുരവസ്ഥ വന്നു ചേരുവാനുള്ള സാക്ഷാൽ കാരണം അവരുടെ അഹംഭാവവും ഗർവ്വുമാണെന്നും, അഹംഭാവത്തിന്റെയും ഗർവ്വിന്റെയും അനന്തരഫലം അതിഭയങ്കരമായിരിക്കുമെന്നും, ഇടക്കുവെച്ച് അല്ലാഹു ഓർമിപ്പിക്കുകയാണ്. ഒരു വ്യാഖ്യാനത്തിന്റെയും സഹായംകൂടാതെ തന്നെ ഈ വചനത്തിലെ ആശയം വ്യക്തമാണ്.

ഇബ്നുമസ്ഊദ് (റ) പറയുന്നു : ഹൃദയത്തിൽ ഒരു കടുകു മണിയോളം അഹംഭാവമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്നു റസൂൽﷺ പറഞ്ഞു: അപ്പോൾ ഒരാൾ ചോദിച്ചു : ഒരാൾക്ക് അവന്റെ വസ്ത്രം നല്ലതായിരിക്കുവാനും, ചെരുപ്പ് നല്ലതായിരിക്കുവാനും ഇഷ്ടമുണ്ടായിരിക്കും (ഇതു അഹംഭാവമാണോ ?) തിരുമേനി പറഞ്ഞു: നിശ്ചയമായും അല്ലാഹു സൗന്ദര്യവാനാണ്, അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു. അഹം 'ഭാവമെന്നാൽ യഥാർത്ഥത്തെ ധിക്കരിക്കലും ജനങ്ങളെ നിസ്സാരരാക്കലുമാകുന്നു.' (മു) അടുത്ത വചനങ്ങളിൽ സംസാര വിഷയം തുടരുന്നു:

വിഭാഗം - 18

وَاتَّخَذَ قَوْمُ مُوسَىٰ
مِنۢ بَعْدِهِۦ مِنْ حُلِيِّهِمْ
عِجْلًا جَسَدًا لَّهُۥ خُوَارٌ

﴾148﴿ മൂസാ (പോയതി)ന്റെ ശേഷം അദ്ദേഹത്തിന്റെ ജനത അവരുടെ ആഭരണം കൊണ്ട് ഒരു പശുക്കുട്ടിയെ-മുക്കുറ (ശബ്ദം) ഉള്ളതായ ഒരു ശരീരം [സ്വരൂപം] - ഉണ്ടാക്കിത്തീർത്തു. അതിനെ [ആരാധിച്ചു വന്നു]

أَلَمْ يَرَوْا۟ أَنَّهُۥ لَا يُكَلِّمُهُمْ وَلَا يَهْدِيهِمْ سَبِيلًا ۘ ٱتَّخَذُوهُ وَكَانُوا۟ ظَٰلِمِينَ ﴿١٤٨﴾

അവർക്ക് കണ്ടുകൂടേ, അതവരോട് സംസാരിക്കുന്നുമില്ല, ഒരു മാർഗവും അവർക്ക് കാട്ടിക്കൊടുക്കുന്നുമില്ല എന്ന് ?! (അതെ) അതവർ ഉണ്ടാക്കി ! അവർ അക്രമികളുമായിരുന്നു.

وَلَمَّا سُقِطَ فِىٓ أَيْدِيهِمْ وَرَأَوْا۟ أَنَّهُمْ قَدْ ضَلُّوا۟ قَالُوا۟ لَئِن لَّمْ يَرْحَمْنَا رَبُّنَا وَيَغْفِرْ لَنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿١٤٩﴾

﴾149﴿ അവർ കൈകളിൽ വീഴുക[ഖേദിച്ചു തലതാഴ്ത്തുക]യും, തങ്ങൾ പിഴച്ചിട്ടുണ്ടെന്ന് കാണുകയും ചെയ്തപ്പോൾ, അവർ പറഞ്ഞു : തീർച്ചയായും നമ്മുടെ റബ്ബ് നമ്മോട് കരുണ കാണിക്കുകയും, നമുക്ക് പൊറുത്തു തരുകയും ചെയ്തില്ലെങ്കിൽ നാം നഷ്ടക്കാരിൽപെട്ടവരായിത്തീരുക തന്നെ ചെയ്യും !

﴾148﴿ وَاتَّخَذَ ഉണ്ടാക്കിത്തീർത്തു قَوْمُ مُوسَى മൂസായുടെ ജനത مِنْ بَعْدِهِ അദ്ദേഹത്തിന് ശേഷം مِنْ حُلِيِّهِمْ അവരുടെ ആഭരണംകൊണ്ട് عِجْلًا ഒരു പശുക്കുട്ടി, മൂരിക്കുട്ടി جَسَدًا ഒരു ശരീരം, തടി لَهُ خُوَارٌ അതിന് മുക്കുറ (ശബ്ദം) ഉണ്ട് (ഉള്ളതായ) أَلَمْ يَرَوْا അവർ കണ്ടിട്ടില്ലേ, അവർക്ക് കണ്ടുകൂടേ أَنَّهُ അത് (ആണ്) എന്ന് لَا يُكَلِّمُهُمْ അവരോട് സംസാരിക്കുന്നില്ല (എന്ന്) وَلَا يَهْدِيهِمْ അവർക്ക് കാട്ടിക്കൊടുക്കു(അവരെ നയിക്കു)ന്നുമില്ല سَبِيلًا ഒരു മാർഗവും, ഒരു വഴിക്കും اتَّخَذُوهُ അതിനെ അവരുണ്ടാക്കി وَكَانُوا അവരായിരുന്നുതാനും ظَالِمِينَ അക്രമികൾ ﴾149﴿ وَلَمَّا سُقِطَ വീണപ്പോൾ فِي أَيْدِيهِمْ അവരുടെ കൈകളിൽ وَرَأَوْا അവർ കാണുകയും أَنَّهُمْ അവർ (ആകുന്നു)എന്ന് قَدْ ضَلُّوا തങ്ങൾ വഴിപിഴച്ചിട്ടുണ്ട് (എന്ന്) قَالُوا അവർ പറഞ്ഞു لَئِنْ لَمْ തീർച്ചയായും ഇല്ലെങ്കിൽ يَرْحَمْنَا നമ്മോട് (നമുക്ക്) കരുണ ചെയ്തി(ല്ലെങ്കിൽ) رَبُّنَا നമ്മുടെ റബ്ബ് وَيَغْفِرْ لَنَا അവൻ നമുക്കു പൊറുക്കുകയും لَنَكُونَنَّ നിശ്ചയമായും നാം ആയിരിക്കുക തന്നെ ചെയ്യും مِنَ الْخَاسِرِينَ നഷ്ടക്കാരിൽപെട്ട(വർ).

ഇസ്റാഈല്യർ പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ച വിവരം സൂറത്തു ത്വാഹായിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്, അതിന്റെ ചുരുക്കം ഇതാണ്. 142-ാം വചനത്തിൽ കണ്ടതുപോലെ, ഇസ്റാഈല്യരുടെ നേതൃത്വം സഹോദരൻ ഹാറൂൻ നബി(അ)യെ ഏൽപിച്ചുകൊണ്ട് മൂസാ (അ) അല്ലാഹുവിന്റെ കല്പന പ്രകാരം തൗറാത്ത് ഏറ്റുവാങ്ങാൻ വേണ്ടി സീനാ മലയിലേക്ക് പോയി. അദ്ദേഹത്തിന്റെ അഭാവത്തിൽ അവർ ഒരു പശുക്കുട്ടിയുടെ രൂപമുണ്ടാക്കി അതിനെ ആരാധിച്ചു. അവരുടെ കൈവശമുണ്ടാ

യിരുന്ന ആഭരണങ്ങൾ ഉരുക്കി അതുകൊണ്ട് സാമിരി എന്നു പേരായ ഒരാളാണ് അത് നിർമിച്ചത്. എന്തോ ചില കൗശലപ്രയോഗങ്ങൾ വഴി അതിന് പശുക്കളെപ്പോലെയുള്ള മുക്കുറയിടുന്ന ശബ്ദമുണ്ടാക്കാൻ കഴിയുമായിരുന്നു. ജാലവിദ്യക്ക് പ്രചാരമുള്ള കാല മായിരുന്നുവല്ലോ അത്. ഇസ്റാഈല്യരാകട്ടെ, ഈജിപ്തിലെ ചിരകാല വാസത്തിൽ നിന്ന് പശു പൂജയും വിഗ്രഹാരാധനയും പരിചയിച്ചവരും. പശുവാരാധന അവരുടെ ഹൃദ യങ്ങളിൽ പ്രത്യേകം സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു. കൂടാതെ ഇതാണ് നിങ്ങ ളുടെയും മൂസായുടെയും റബ്ബ്-മൂസാ മറന്നുപോയതാണ്-എന്ന് അവരിൽ ചിലർ പറ ഞ്ഞുണ്ടാക്കുകയും ചെയ്തു. മൂസാ (അ) മടങ്ങി വരാൻ താമസിച്ചതും ഇവരുടെ കുപ്ര ചാരണത്തിന് ആക്കം കൂട്ടി. മൂസാക്ക് എന്തുപറ്റി എന്നറിഞ്ഞുകൂടാ എന്നും മറ്റും അവർ പറഞ്ഞു. ഹാറൂൻ നബി(അ)യുടെ വിലക്കും ഉപദേശവും അവർ വിലവെച്ചതുമില്ല. മൂസാ (അ) തൗറാത്തുമായി വന്നപ്പോൾ കണ്ട കാഴ്ച, അവർ ആ പശുക്കുട്ടിയുടെ ചുറ്റും കൂടി അതിനെ ആരാധിക്കുന്നതും അതിനടുത്ത് ഭജനമിരിക്കുന്നതുമാണ്. അദ്ദേഹം അടക്കവയ്യാത്ത കോപത്തിലായി. സാമിരിയെയും ജനങ്ങളെയും ചോദ്യം ചെയ്തശേഷം പശുക്കുട്ടിയെ ചുട്ടു ഭസ്മമാക്കി കടലിൽ പാറ്റിക്കളഞ്ഞു. സാമിരിയുമായുള്ള സമ്പർക്കം തടയുകയും ചെയ്തു. (ത്വാഹാ:85-97 ഉം വ്യാഖ്യാനവും നോക്കുക)

പശുക്കുട്ടിയെ നിർമിച്ചത് സാമിരിയാണെങ്കിലും, മറ്റുള്ളവരുടെയും താൽപര്യവും സഹകരണവും ഉണ്ടായിരുന്നതുകൊണ്ടും, ആരാധനയിൽ മറ്റുള്ളവരും പങ്കുകൊണ്ടിരു ന്നതുകൊണ്ടുമാണ് മൂസായുടെ ജനത പശുക്കുട്ടിയെ ഉണ്ടാക്കി എന്നു പറഞ്ഞത്. ലോഹനിർമിതമായ ആ പ്രതിമയിൽ എന്തെങ്കിലും വിശേഷതയോ പുതുമയോ ഉണ്ടാ യിരുന്നാലും അതൊരു ദൈവമായിരിക്കുവാൻ നിവൃത്തിയില്ലെന്ന് പ്രാഥമിക ബുദ്ധി കൾക്കുപോലും മനസ്സിലാക്കാവുന്നതാണ്. ചുരുങ്ങിയപക്ഷം സംസാരിക്കുവാനും, ആരാ ധകൻമാർക്ക് വല്ല മാർഗദർശനവും നൽകുവാനുമെങ്കിലും അതിനു കഴിയേണ്ടതാണ ല്ലോ. ഇതൊന്നും അവർ ആലോചിച്ചില്ല. പശുക്കുട്ടിയെ ആരാധിക്കുന്നതിലുള്ള ആവേശം അവരെ അന്ധരാക്കിത്തീർത്തു. ഒരു വസ്തുവിനോടുള്ള സ്നേഹം നിന്നെ അന്ധനും ബധിരനുമാക്കും എന്ന് ഒരു ഹദീഥിൽ വന്നിട്ടുള്ളത് പ്രസ്താവ്യമാകുന്നു. (അ.ദാ.) അവസാനം അവർ ഖേദത്തിലായി. തങ്ങളുടെ പക്കൽ വന്ന അപരാധം അവർക്ക് ബോധ്യപ്പെട്ടു. അവർ ഖേദിച്ചു വിലപിക്കുകയുണ്ടായി.

വന്നുപോയ ഒരു കാര്യത്തെക്കുറിച്ച് വല്ലവരും ഖേദിക്കുകയോ ലജ്ജിക്കുകയോ ചെയ്യുമ്പോൾ അവർ കൈകടിച്ചു. നാക്ക് കടിച്ചു, തലതാഴ്ത്തി എന്നൊക്കെ മലയാള ത്തിൽ പറയാറുള്ളതുപോലെ അറബിയിലുള്ള ചില പ്രയോഗങ്ങളാണ് سَقَطَ فِي أَيْدِيهِمْ (കൈകളിൽ വീണു) عَضُّوا الانَامل (വിരൽ കടിച്ചു) نَكَسُوا عَلَىٰ رُؤُوسِهِمْ (തലകുത്തനെ യായി) മുതലായവ.

وَلَمَّا رَجَعَ مُوسَىٰٓ إِلَىٰ قَوْمِهِۦ غَضْبَٰنَ أَسِفًا قَالَ بِئْسَمَا خَلَفْتُمُونِى مِنۢ بَعْدِىٓ ۖ أَعَجِلْتُمْ أَمْرَ رَبِّكُمْ ۖ

﴿150﴾ **കുപിതനായും, ദുഃഖിത നായും കൊണ്ട് മൂസാ തന്റെ ജനത യിലേക്ക് മടങ്ങി വന്നപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ (പോക്കിന്) ശേഷം നിങ്ങൾ എന്റെ പിന്നിൽ പ്രവർത്തി ച്ചത് എത്രയോ ചീത്ത ! നിങ്ങളുടെ റബ്ബിന്റെ കല്പനക്കു (കാത്തിരിക്കാ**

തെ) നിങ്ങൾ ധൃതികാട്ടിയോ ?!

وَأَلْقَى ٱلْأَلْوَاحَ وَأَخَذَ بِرَأْسِ أَخِيهِ يَجُرُّهُۥٓ إِلَيْهِ ۚ قَالَ ٱبْنَ أُمَّ إِنَّ ٱلْقَوْمَ ٱسْتَضْعَفُونِى وَكَادُوا۟ يَقْتُلُونَنِى فَلَا تُشْمِتْ بِىَ ٱلْأَعْدَآءَ وَلَا تَجْعَلْنِى مَعَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿١٥٠﴾

അദ്ദേഹം പലകകൾ ഇടുകയും ചെയ്തു : തന്റെ സഹോദരന്റെ തല (മുടി) പിടിച്ചു തന്നിലേക്ക് വലിക്കുകയും ചെയ്തു.

അദ്ദേഹം [സഹോദരൻ പറഞ്ഞു]: എന്റെ മാതൃപുത്രാ [ഏകോദര സഹോദരാ] നിശ്ചയമായും (ഈ) ജനങ്ങൾ എന്നെ ബലഹീനനാക്കി ത്തീർക്കുകയും എന്നെ അവർ കൊലപ്പെടുത്തുമാറാക്കുകയും ചെയ്തു. ആകയാൽ എന്നെ (നിന്ദിച്ചു) കൊണ്ട് നീ ശത്രുക്കളെ സന്തോഷപ്പെടുത്തരുതേ! എന്നെ നീ (ഈ) അക്രമികളോടു കൂടെ [അക്രമികളുടെ പക്ഷക്കാരൻ] ആക്കുകയും ചെയ്യരുതേ.

﴾150﴿ وَلَمَّا رَجَعَ മടങ്ങിയപ്പോൾ مُوسَى മൂസാ إِلَى قَوْمِهِ അദ്ദേഹത്തിന്റെ ജനതയിലേക്ക് غَضْبَانَ കുപിതനായി, ദ്വേഷ്യപ്പെട്ടവനായിട്ട് أَسِفًا ഖേദക്കാരനായി, ദുഃഖിതനായിട്ട് قَالَ അദ്ദേഹം പറഞ്ഞു بِئْسَمَا യാതൊന്നു എത്രയോ (വളരെ) ചീത്ത, ദുഷിച്ചത് خَلَفْتُمُونِي നിങ്ങൾ എനിക്കു (എന്റെ) പിന്നിൽ ചെയ്ത مِنۢ بَعْدِي എന്റെ ശേഷം أَعَجِلْتُمْ നിങ്ങൾ ധൃതിപ്പെട്ടോ, ബദ്ധപ്പാടുകാട്ടിയോ أَمْرَ കൽപനക്ക്, കൽപനയെ(ക്കാൾ) رَبِّكُمْ നിങ്ങളുടെ റബ്ബിന്റെ وَأَلْقَى അദ്ദേഹം ഇടുകയും ചെയ്തു الأَلْوَاحَ പലകകളെ وَأَخَذَ പിടിക്കുകയും ചെയ്തു بِرَأْسِ തലക്ക്, തലയെ أَخِيهِ തന്റെ സഹോദരന്റെ يَجُرُّهُ അതു വലിച്ചുകൊണ്ട് إِلَيْهِ തന്നിലേക്ക് قَالَ അദ്ദേഹം പറഞ്ഞു ابْنَ أُمَّ എന്റെ ഉമ്മയുടെ മകനേ, മാതൃപുത്രാ إِنَّ الْقَوْمَ നിശ്ചയമായും (ഈ) ജനത اسْتَضْعَفُونِي എന്നെ അവർ ബലഹീനനാക്കി (ദുർബ്ബലനാക്കി) وَكَادُوا يَقْتُلُونَنِي അവർ എന്നെ കൊല്ലുമാറാക്കുകയും ചെയ്തു فَلَا تُشْمِتْ അതിനാൽ നീ സന്തോഷപ്പെടുത്തരുത് بِيَ എന്നെ കൊണ്ട്, ഞാൻ മൂലം الأَعْدَاءَ ശത്രുക്കളെ وَلَا تَجْعَلْنِي എന്നെ നീ ആക്കുകയും ചെയ്യരുത് مَعَ الْقَوْمِ ജനങ്ങളുടെ കൂടെ (കൂട്ടത്തിൽ) الظَّالِمِينَ അക്രമികളായ.

قَالَ رَبِّ ٱغْفِرْ لِى وَلِأَخِى وَأَدْخِلْنَا فِى رَحْمَتِكَ ۖ

﴾151﴿ അദ്ദേഹം [മൂസാ] പറഞ്ഞു: റബ്ബേ ! എനിക്കും, എന്റെ സഹോദരനും നീ പൊറുത്തു തരുകയും നിന്റെ കാരുണ്യത്തിൽ ഞങ്ങളെ നീ

وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿١٥١﴾

പ്രവേശിപ്പിക്കുകയും ചെയ്യേണമേ ! നീയാകട്ടെ, കരുണ ചെയ്യുന്നവരിൽ ഏറ്റവും കരുണയുള്ളവനുമാകുന്നു.

﴾151﴿ قَالَ رَبِّ അദ്ദേഹം പറഞ്ഞു എന്റെ റബ്ബേ اغْفِرْ لِي എനിക്ക് നീ പൊറുത്തു തരണേ وَلِأَخِي എന്റെ സഹോദരന്നും وَأَدْخِلْنَا ഞങ്ങളെ നീ പ്രവേശിപ്പിക്കുകയും വേണമേ فِي رَحْمَتِكَ നിന്റെ കാരുണ്യത്തിൽ, ദയവിൽ وَأَنْتَ നീയാകട്ടെ, നീയോ أَرْحَمُ ഏറ്റവും കരുണയുള്ളവനാകുന്നു الرَّاحِمِينَ കരുണ ചെയ്യുന്നവരിൽ

സാമിരി പശുക്കുട്ടിയെയുണ്ടാക്കി ഇസ്റാഈല്യരെ പിഴപ്പിച്ച വിവരം നേരത്തെ ത്തന്നെ അല്ലാഹു മൂസാ നബി(അ)യെ അറിയിച്ചിരുന്നു. (20 : 85) അദ്ദേഹത്തിന് അതിയായ കോപവും വ്യസനവും ഉണ്ടാകുക സ്വാഭാവികമാണല്ലോ. തിരിച്ചു വന്ന പ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ കൂടുതൽ ക്ഷുഭിതനാക്കുകയും ചെയ്തു. അൽപ ദിവസങ്ങളോളം ഞാൻ നിങ്ങളെ വിട്ടുപോയപ്പോഴേക്കും നിങ്ങൾ ഇങ്ങിനെയെല്ലാം ചെയ്തുവല്ലോ ! നിങ്ങൾക്ക് വേണ്ടുന്ന മാർഗനിർദ്ദേശങ്ങൾ ഏറ്റു വാങ്ങുവാനായി അല്ലാ ഹുവിന്റെ കൽപനപ്രകാരമാണ് ഞാൻ വിട്ടുപോയിരുന്നതും. എന്റെ വരവ് കാത്തിരി ക്കുവാനുള്ള ക്ഷമപോലുമില്ലാതെ നിങ്ങൾ ഇത്രവേഗം ഈ മഹാ പാതകം ചെയ്തു വല്ലോ എന്നൊക്കെ അദ്ദേഹം ആക്ഷേപിച്ചു. വികാരാധിക്യം നിമിത്തം കൈവശമു ണ്ടായിരുന്ന തൗറാത്തിന്റെ പലകകൾ നിലത്തിടുകയും, സഹോദരൻ ഹാറൂൻ (അ)ന്റെ തലമുടി പിടിച്ചു വലിക്കുകയും ചെയ്തു. ജനങ്ങളെ വേണ്ട പ്രകാരം നയിക്കുവാൻ അദ്ദേഹത്തെ ഏൽപിച്ചുകൊണ്ടാണല്ലോ മൂസാ (അ) സ്ഥലം വിട്ടിരുന്നത്. സഹോദ രൻ തന്റെ ഉത്തരവാദിത്വം ശരിക്കു പാലിച്ചില്ലെന്നും, അതിൽ കൃത്യവിലോപം വരു ത്തിയിരിക്കുമെന്നും മൂസാ (അ) കരുതി. വാസ്തവത്തിൽ സഹോദരൻ തികച്ചും നിർദ്ദോ ഷിയായിരുന്നു. അവരെ മുടക്കുവാൻ അദ്ദേഹം കഴിവതെല്ലാം ചെയ്തുനോക്കിയിരു ന്നു. അതൊന്നും വകവെക്കാതെ അവർ അദ്ദേഹത്തിന് നേരെ കയർക്കുകയും, കൊല പ്പെടുത്തുവാൻ പോലും ശ്രമം നടത്തുകയുമാണുണ്ടായത്. മൂസാ നബി(അ)യുടെ വികാരാധിക്യം മനസ്സിലാക്കിയ ആ ജ്യേഷ്ഠൻ അനുകമ്പയോടു കൂടി എന്റെ മാതൃ പുത്രാ (പ്രിയപ്പെട്ട സഹോദരാ) എന്നു വിളിച്ചുകൊണ്ട് സംഗതികൾ ശാന്തമായി വിവ രിച്ചു കൊടുത്തു. യഥാർത്ഥം ഇങ്ങിനെയിരിക്കെ എന്നോട് കയർക്കുന്നത് നമ്മുടെ എതിരാളികളെ സന്തോഷിപ്പിക്കുവാനായിരിക്കും ഉതകുകയെന്നും, അതിന് ഇടവരു ത്തരുതെന്നും, എന്നെ അക്രമികളുടെ പക്ഷക്കാരനായി കരുതരുതെന്നും അദ്ദേഹം അപേക്ഷിക്കുകയും ചെയ്തു. മൂസാ നബി(അ)ക്കു കാര്യം മനസ്സിലായി. അദ്ദേഹം തനിക്കും, സഹോദരനും വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു.

മൂസാ (അ) സഹോദരനോട് കോപിച്ചു സംസാരിച്ച കൂട്ടത്തിൽ, ഹാറൂനേ, ഇവർ വഴി പിഴച്ചു കണ്ടപ്പോൾ എന്നെ പിന്തുടർന്നു വരാതിരിക്കുവാൻ നിനക്കെന്താണ് തടസ്സം നേരിട്ടത് ? നീ എന്റെ കല്പനക്കു എതിർ പ്രവർത്തിച്ചുവോ ? എന്നു ചോദിച്ച തായും, എന്റെ മാതൃപുത്രാ, എന്റെ തലയും താടിയും പിടിക്കേണ്ടാ , ഇസ്റാഈ ല്യർക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിയെന്നും, എന്റെ വാക്ക് ഗൗനിച്ചില്ലെന്നും നീ പറയു മെന്നു ഞാൻ ഭയപ്പെട്ടു. എന്നു ഹാറൂൻ (അ) മറുപടി പറഞ്ഞതായും ത്വാഹാ സൂറ ത്തിൽ (92-94) അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. അപ്പോൾ പശുക്കുട്ടിയുടെ സംരംഭം തട യുവാൻ ഹാറൂൻ നബി(അ) അദ്ദേഹത്തിന്റെ കഴിവ് മുഴുവനും ഉപയോഗിച്ചു നോക്കി യിട്ടുണ്ടെന്നും അത് വിലവെക്കാതെ, അദ്ദേഹത്തെ കൊലപ്പെടുത്തുവാനുള്ള ആലോ

ചന കൂടി നടത്തുകയാണവർ ചെയ്തതെന്നും ഇതിൽ നിന്നൊക്കെ സ്പഷ്ടമാകുന്നു. ഈ പ്രസ്താവനകളൊന്നും അദ്ദേഹത്തക്കുറിച്ച് ക്വുർആനിൽ വന്നിട്ടില്ലെങ്കിൽപോലും അദ്ദേഹത്തെപ്പറ്റി അങ്ങിനെ ധരിക്കുവാനേ നിവൃത്തിയുള്ളു താനും. കാരണം, അദ്ദേഹവും ഒരു പ്രവാചകനും റസൂലുമാണ്. മൂസാ നബി (അ)യുടെ ദൗത്യ പ്രബോധനത്തിൽ അദ്ദേഹത്തിന്റെ സഹായിയായി അല്ലാഹു നിശ്ചയിച്ചയച്ച ആളുമാണ്. എന്നിരിക്കെ, അതിനെല്ലാം കടകവിരുദ്ധമായ ആ സംരംഭത്തിൽ അദ്ദേഹം എങ്ങിനെ മൗനം ദീക്ഷിക്കും ?!.

എന്നാൽ, ഇതിന് നേരെ വിപരീതമായിട്ടാണ് ബൈബ്ളിൽ പറയുന്നത് : മോശെ പർവ്വതത്തിൽ നിന്ന് ഇറങ്ങി വരുവാൻ താമസിച്ചു കണ്ടപ്പോൾ ജനങ്ങൾ അഹറോന്റെ അടുക്കൽ ചെന്ന് ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന് ഞങ്ങൾക്ക് ഒരു ദൈവമുണ്ടാക്കിത്തരണമെന്ന് ആവശ്യപ്പെട്ടു. അവൻ അവരുടെ കാതുകളിലുള്ള പൊന്നാഭരണങ്ങൾ കൊണ്ടുവരുവാൻ കൽപിക്കുകയും, അവയെല്ലാം ചേർത്തു കൊത്തുളികൊണ്ട് ഭാഷ വരുത്തി ഒരു പശുക്കുട്ടിയെ വാർത്തുണ്ടാക്കുകയും ചെയ്തു. പിറ്റേന്നു അവൻ പറഞ്ഞ പ്രകാരം ഒരു ഉത്സവദിവസമായി കൊണ്ടാടി അതിന്റെ മുമ്പിൽ ആരാധനകൾ നടത്തുകയും ചെയ്തു എന്നൊക്കെയാണതിൽ പറയുന്നത്. (പുറപ്പാട് പുസ്തകം: 32-ൽ 1 -6 നോക്കുക) തൗറാത്തിൽ പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെടുകയോ, മാറ്റി മറിക്കപ്പെടുകയോ ചെയ്തിട്ടുള്ള പല കള്ള പ്രസ്താവനകളിൽ ഒന്നാണ് ഇതും എന്നുള്ളതിൽ നമുക്ക് സംശയമില്ല. ഇതുപോലെ, ചില നബിമാരെപ്പറ്റിയും മറ്റും -അല്ലാഹുവിനെക്കുറിച്ചു പോലും -പല അസംബന്ധങ്ങളും വ്യാജങ്ങളും ബൈബ്ളിൽ കാണാവുന്നതാണ്. ബൈബ്ൾ വേദ പുസ്തകമായി അംഗീകരിച്ചു വരുന്ന വേദക്കാർക്കിടയിൽ പോലും സ്വീകാര്യമല്ലാത്ത പലതും ബൈബ്ളിൽ നിലവിലുണ്ടെന്നുള്ളത് ഒരു വാസ്തവമത്രെ.

വിഭാഗം - 19

إِنَّ ٱلَّذِينَ ٱتَّخَذُواْ ٱلْعِجْلَ سَيَنَالُهُمْ غَضَبٌ مِّن رَّبِّهِمْ وَذِلَّةٌ فِى ٱلْحَيَوٰةِ ٱلدُّنْيَا ۚ وَكَذَٰلِكَ نَجْزِى ٱلْمُفْتَرِينَ ﴿١٥٢﴾

﴾152﴿ **നിശ്ചയമായും പശുക്കുട്ടിയെ ഉണ്ടാക്കി (ആരാധന നടത്തി)യവർ, അവർക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് കോപവും, ഐഹിക ജീവിതത്തിൽ നിന്ദ്യതയും ബാധിക്കുന്നതാണ്.**

അപ്രകാരമത്രെ, (വ്യാജം) കെട്ടിച്ചമക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നത്.

وَٱلَّذِينَ عَمِلُواْ ٱلسَّيِّـَٔاتِ ثُمَّ تَابُواْ مِنۢ بَعْدِهَا وَءَامَنُوٓاْ إِنَّ رَبَّكَ مِنۢ بَعْدِهَا لَغَفُورٌ رَّحِيمٌ ﴿١٥٣﴾

﴾153﴿ **തിൻമകൾ പ്രവർത്തിക്കുകയും, പിന്നീട് അതിന് ശേഷം പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയമായും അതിന് ശേഷം നിന്റെ റബ്ബ് (അവർക്ക്) പൊറുത്തുകൊടുക്കുന്നവനും, കരുണാനിധിയും തന്നെ.**

﴾152﴿ إِنَّ നിശ്ചയമായും الَّذِينَ اتَّخَذُوا ഉണ്ടാക്കിയവർ الْعِجْلَ പശു(കാള)ക്കു
ട്ടിയെ سَيَنَالُهُمْ അവർക്ക് എത്തും, ബാധിക്കും غَضَبٌ കോപം, ദേഷ്യം مِنْ رَبِّهِمْ അവ
രുടെ റബ്ബിങ്കൽ നിന്ന് وَذِلَّةٌ നിന്ദ്യതയും فِي الْحَيَاةِ الدُّنْيَا ഐഹിക ജീവിതത്തിൽ وَكَذَٰلِكَ
അപ്രകാരം نَجْزِي നാം പ്രതിഫലം നൽകുന്നു الْمُفْتَرِينَ കെട്ടിച്ചമക്കുന്നവർക്ക് ﴾153﴿
وَالَّذِينَ عَمِلُوا പ്രവർത്തിച്ചവരാകട്ടെ السَّيِّئَاتِ തിന്മകളെ ثُمَّ تَابُوا പിന്നെ അവർ പശ്ചാ
ത്തപിച്ചു മടങ്ങി مِنْ بَعْدِهَا അതിന് (അവക്ക്) ശേഷം وَآمَنُوا അവർ വിശ്വസിക്കുകയും
ചെയ്തു إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് مِنْ بَعْدِهَا അതിന് ശേഷം لَغَفُورٌ (വളരെ)
പൊറുക്കുന്നവൻ തന്നെ رَحِيمٌ കരുണാനിധി.

പശുക്കുട്ടിയെയുണ്ടാക്കി ആരാധിച്ചവർക്ക് അല്ലാഹുവിന്റെ കോപവും, നിന്ദ്യതയും ഈ ലോകത്ത് വെച്ച്തന്നെ സംഭവിക്കുകയും ചെയ്തു. അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതിന് ഉപാധിയായി അവരിൽ വലിയ കുറ്റക്കാർ പരസ്പരം കൊലപ്പെടുത്തണമെന്ന് നിശ്ചയിക്കപ്പെട്ടു. (2:54) പശുക്കുട്ടിയെ ചുട്ടെരിച്ചു കടലിൽ വിതറുകയും ചെയ്തു. (20:97) ഇത് ഇഹത്തിൽ വെച്ചു തന്നെ അവർക്കുണ്ടായ അനുഭവമാണല്ലോ. എന്നാൽ, ആ മഹാപാപത്തിൽ പങ്ക് വഹിച്ചെങ്കിലും പിന്നീട് ശരിക്കും ഖേദിച്ചു മടങ്ങി സത്യവിശ്വാസം ഉറപ്പിച്ചവർക്ക് അല്ലാഹു പൊറുത്തു മാപ്പാക്കുകുയും ചെയ്തു. പശുക്കുട്ടിയുടെ സംഭവത്തോട് ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ വചനമെങ്കിലും അല്ലാഹുവിന്റെ പേരിൽ കളവ് കെട്ടിപ്പറയുന്ന എല്ലാവരും അവന്റെ കോപത്തിനും നിന്ദ്യതക്കും പാത്രമായിരിക്കുമെന്നാണ് وَكَذَٰلِكَ نَجْزِي الْمُفْتَرِينَ(അപ്രകാരമാണ് നാം കെട്ടിച്ചമക്കുന്നവർക്കു പ്രതിഫലം നൽകുക) എന്ന വാക്യം കുറിക്കുന്നത്. ഹസൻ ബസ്വരീ (റ) പറഞ്ഞയായി നിവേദനം ചെയ്യപ്പെടുന്നു : ബിദ്അത്തിന്റെ-അനാചാരത്തിന്റെ-നിന്ദ്യത അതിന്റെ ആൾക്കാരുടെ ചുമലുകളിലുണ്ടായിരിക്കും. അവരെയും കൊണ്ട് കോവർ കഴുതകൾ ചീറിപ്പാഞ്ഞാലും ശരി, തുർക്കിക്കുതിരകൾ കുളമ്പടിച്ചു ഓടിയാലും ശരി. (അതവരെ വിട്ടുമാറുകയില്ല) ഈ വചനം ഓതിക്കൊണ്ട് ഇത് എല്ലാ കെട്ടിച്ചമക്കുന്നവർക്കുമുള്ളത് തന്നെയാണ് എന്ന് അബൂകുലാബഃ (റ) പറഞ്ഞതായും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

അൽബക്വറഃ 54-ൽ മൂസാ (അ) തന്റെ ജനങ്ങളോട് ഇപ്രകാരം പറഞ്ഞതായി അല്ലാഹു ഉദ്ധരിക്കുന്നു : ജനങ്ങളേ നിങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കിയത് നിമിത്തം നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങണം. അങ്ങനെ, നിങ്ങൾ നിങ്ങളെത്തന്നെ (പരസ്പരം) കൊലപ്പെടുത്തണം. അത് നിങ്ങൾക്ക് നിങ്ങളുടെ റബ്ബിന്റെ അടുക്കൽ ഉത്തമമായതാണ്. തുടർന്നു കൊണ്ട് 'അങ്ങനെ അവൻ നിങ്ങൾക്ക് പശ്ചാത്താപം സ്വീകരിച്ചു തന്നു എന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. പശുക്കുട്ടിയെ ഉണ്ടാക്കിയതിനെക്കുറിച്ചുള്ള അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതിന് ഒരു ഉപാധിയായിട്ടാണ് അവർ പരസ്പരം കൊലചെയ്യാൻ കൽപിച്ചതെന്നും, ആ ഉപാധി അവർ പൂർത്തിയാക്കിയ ശേഷമാണ് അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെട്ടതെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ വചനങ്ങളിലും അത് സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, സൂറത്തുൽ ബക്വറഃയിലെ ആ വചനത്തിൽ പ്രസ്താവിച്ച കൊലയുടെ ആവശ്യമില്ലെന്നും, അവർ പശ്ചാത്തപിച്ചു മടങ്ങിയാൽ മതി-പരസ്പരം കൊല നടത്തേണ്ടതില്ല-എന്നു

മാണ് ഈ വചനങ്ങളുടെ താൽപര്യമെന്നും, അതുകൊണ്ട് ആ കൊല നടന്നിട്ടില്ലെന്നാണ് വിചാരിക്കേണ്ടതെന്നും ഇവിടെ ചിലർ പ്രസ്താവിച്ചു കാണുന്നു. ഇതു കേവലം എന്തോ താൽപര്യപൂർവ്വം അവതരിപ്പിച്ച ഒരു അഭിപ്രായം മാത്രമാണെന്നുള്ളതിൽ സംശയമില്ല. പ്രസ്തുത കൊലയെപ്പറ്റി തൽസ്ഥാനത്ത് വിവരിച്ചു കഴിഞ്ഞിട്ടുള്ളതു കൊണ്ട് ഇവിടെ അതാവർത്തിക്കേണ്ടതില്ല.

وَلَمَّا سَكَتَ عَن مُّوسَى ٱلْغَضَبُ أَخَذَ ٱلْأَلْوَاحَ ۖ وَفِى نُسْخَتِهَا هُدًى وَرَحْمَةٌ لِّلَّذِينَ هُمْ لِرَبِّهِمْ يَرْهَبُونَ ﴿١٥٤﴾

﴾154﴿ മൂസായിൽ നിന്നും കോപം അടങ്ങിയപ്പോൾ, അദ്ദേഹം പലകകൾ എടുത്തു, അവയിലെ എഴുത്തിൽ, തങ്ങളുടെ റബ്ബിനെക്കുറിച്ച് യാതൊരുകൂട്ടർ ഭയപ്പെടുന്നുവോ അവർക്ക് മാർഗ ദർശനവും, കാരുണ്യവും ഉണ്ടായിരുന്നു.

﴾154﴿ وَلَمَّا سَكَتَ അടങ്ങിയപ്പോൾ عَنْ مُوسَى മൂസായിൽ നിന്നും, മൂസാക്ക് الْغَضَبُ കോപം أَخَذَ അദ്ദേഹം എടുത്തു الْأَلْوَاحَ പലകകളെ وَفِي نُسْخَتِهَا അവയുടെ പകർപ്പിൽ (എഴുത്തിൽ) ഉണ്ടായിരുന്നു هُدًى മാർഗദർശനം وَرَحْمَةٌ കാരുണ്യവും لِلَّذِينَ യാതൊരുവർക്ക് هُمْ അവർ لِرَبِّهِمْ തങ്ങളുടെ റബ്ബിനെക്കുറിച്ച് يَرْهَبُونَ അവർ ഭയപ്പെടുന്നു, പേടിക്കുന്നു.

മൂസാ (അ) കുപിതനായിക്കൊണ്ട് പലകകൾ നിലത്തിട്ടപ്പോൾ അവ പൊട്ടിപ്പോയെന്നും, അദ്ദേഹം അവ പെറുക്കിയെടുത്തുവെന്നും ഇവിടെ പല വ്യാഖ്യാതാക്കളും പറഞ്ഞു കാണാം. വാസ്തവം അല്ലാഹുവിനറിയാം. അനന്തരം ഉണ്ടായ സംഭവമാണ് തുടർന്നു പറയുന്നത്.

وَٱخْتَارَ مُوسَىٰ قَوْمَهُۥ سَبْعِينَ رَجُلًا لِّمِيقَٰتِنَا ۖ فَلَمَّآ أَخَذَتْهُمُ ٱلرَّجْفَةُ قَالَ رَبِّ لَوْ شِئْتَ أَهْلَكْتَهُم مِّن قَبْلُ وَإِيَّٰىَ ۖ أَتُهْلِكُنَا بِمَا فَعَلَ ٱلسُّفَهَآءُ مِنَّآ ۖ إِنْ هِىَ إِلَّا فِتْنَتُكَ تُضِلُّ بِهَا مَن تَشَآءُ

﴾155﴿ മൂസാ തന്റെ ജനങ്ങളിൽ നിന്ന് നമ്മുടെ നിശ്ചിത സമയത്തേക്ക് എഴുപത് പുരുഷൻമാരെ തിരഞ്ഞെടുത്തു. എന്നിട്ട് അവർക്ക് കഠിന കമ്പനം പിടിപെട്ടപ്പോൾ, അദ്ദേഹം പറഞ്ഞു : എന്റെ റബ്ബേ ! നീ (വേണമെന്ന്) ഉദ്ദേശിച്ചിരുന്നെങ്കിൽ മുമ്പ് (തന്നെ) അവരെയും, എന്നെയും നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളിൽ നിന്നുള്ള ഭോഷന്മാർ ചെയ്തതിന് ഞങ്ങളെ നീ നശിപ്പിക്കുന്നുവോ?! അത് നിന്റെ പരീക്ഷണമല്ലാതെ (മറ്റൊന്നും)അല്ല (ല്ലോ) : അത് മൂലം നീ ഉദ്ദേശിക്കുന്നവരെ നീ വഴി

وَتَهْدِى مَن تَشَآءُ ۖ

പിഴവിലാക്കുന്നു : നീ ഉദ്ദേശിക്കുന്നവരെ നീ നേർമാർഗത്തിലാക്കുകയും ചെയ്യുന്നു.

أَنتَ وَلِيُّنَا فَٱغْفِرْ لَنَا وَٱرْحَمْنَا ۖ وَأَنتَ خَيْرُ ٱلْغَٰفِرِينَ ﴿١٥٥﴾

നീ ഞങ്ങളുടെ കൈകാര്യകർത്താവത്രെ. അതിനാൽ, ഞങ്ങൾക്ക് നീ പൊറുത്തുതരുകയും, ഞങ്ങളോട് കരുണ ചെയ്യുകയും വേണമേ! നീയാകട്ടെ, പൊറുക്കുന്നവരിൽ വെച്ച് ഉത്തമനുമാകുന്നു.

۞ وَٱكْتُبْ لَنَا فِى هَٰذِهِ ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ إِنَّا هُدْنَآ إِلَيْكَ ۚ قَالَ عَذَابِىٓ أُصِيبُ بِهِۦ مَنْ أَشَآءُ ۖ وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ ۚ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَٰتِنَا يُؤْمِنُونَ ﴿١٥٦﴾

﴾156﴿ ഈ ഐഹിക ലോകത്ത് ഞങ്ങൾക്ക് നീ നന്മ (നിശ്ചയിച്ച്) രേഖപ്പെടുത്തേണമേ. പരലോകത്തിലും (രേഖപ്പെടുത്തേണമേ)! (നിശ്ചയമായും, ഞങ്ങൾ നിന്നിലേക്ക് (ഖേദിച്ചു) മടങ്ങിയിരിക്കുന്നു. അവൻ [റബ്ബ്] പറഞ്ഞു : എന്റെ ശിക്ഷ-ഞാൻ ഉദ്ദേശിക്കുന്നവർക്ക് അതിനെ ഞാൻ ബാധിപ്പിക്കുന്നതാണ്. എന്റെ കാരുണ്യമാകട്ടെ അത് എല്ലാ വസ്തുവിലും വിശാലമായിരിക്കുന്നു. എന്നാൽ സൂക്ഷ്മത പാലിക്കുകയും, സക്കാത്ത് കൊടുക്കുകയും ചെയ്യുന്നവർക്ക് ഞാൻ അത് രേഖപ്പെടുത്തിയേക്കുന്നതാണ്. യാതൊരു കൂട്ടർക്കും - അവർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നു (അങ്ങിനെയുള്ളവർക്കും രേഖപ്പെടുത്തും)

﴾155﴿ وَاخْتَارَ തിരഞ്ഞെടുത്തു مُوسَى മൂസാ قَوْمَهُ തന്റെ ജനതയെ (ജനതയിൽ നിന്ന്) سَبْعِينَ എഴുപത് رَجُلًا പുരുഷനെ لِمِيقَاتِنَا നമ്മുടെ(നാമുമായുള്ള)നിശ്ചിത സമയത്തേക്ക് فَلَمَّا أَخَذَتْهُمُ എന്നിട്ട് അവരെ പിടിച്ച (അവർക്ക് പിടിപെട്ട)പ്പോൾ الرَّجْفَةُ (കഠിന) കമ്പനം قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ لَوْشِئْتَ നീ ഉദ്ദേശിച്ചിരുന്നുവെങ്കിൽ أَهْلَكْتَهُم അവരെ നീ (നിനക്ക്)നശിപ്പിക്കാമായിരുന്നു مِنْ قَبْلُ മുമ്പേ وَإِيَّايَ എന്നെയും أَتُهْلِكُنَا നീ ഞങ്ങളെ നശിപ്പിക്കുകയാണോ بِمَافَعَلَ ചെയ്തതു നിമിത്തം السُّفَهَاءُ ഭോഷൻമാർ, വിഡ്ഢികൾ مِنَّا ഞങ്ങളിൽ നിന്നുള്ള إِنْ هِيَ അതല്ല

إِلاَّ فِتْنَتُكَ നിന്റെ പരീക്ഷണമല്ലാതെ تُضِلُّ بِهَا അതുമൂലം നീ വഴിപിഴവിലാക്കുന്നു مَنْ تَشَاءُ നീ ഉദ്ദേശിക്കുന്നവരെ وَتَهْدِي നീ വഴി ചേർക്കുക (നേർമാർഗത്തിലാക്കുക) യും ചെയ്യുന്നു مَنْ تَشَاءُ നീ ഉദ്ദേശിക്കുന്നവരെ أَنْتَ നീ وَلِيُّنَا ഞങ്ങളുടെ കൈകാര്യ കർത്താവാണ്, രക്ഷാധികാരിയാണ് فَاغْفِرْ لَنَا അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ وَارْحَمْنَا ഞങ്ങൾക്ക് (ഞങ്ങളോട്)കരുണ ചെയ്യുകയും വേണമേ وَأَنْتَ നീയാകട്ടെ خَيْرُ الْغَافِرِينَ പൊറുക്കുന്നവരിൽ ഉത്തമനാകുന്നു. ﴾156﴿ وَاكْتُبْ എഴുതുക(രേഖപ്പെടുത്തുക)യും ചെയ്യേണമേ لَنَا ഞങ്ങൾക്ക് فِي هَٰذِهِ الدُّنْيَا ഈ ഇഹത്തിൽ حَسَنَةً നന്മയെ وَفِي الْآخِرَةِ പരത്തിലും إِنَّا هُدْنَا നിശ്ചയമായും ഞങ്ങൾ മടങ്ങിയി (ഖേദിച്ചി)രിക്കുന്നു إِلَيْكَ നിന്നിലേക്ക് قَالَ അവൻ പറഞ്ഞു عَذَابِي എന്റെ ശിക്ഷ أُصِيبُ بِهِ അതിനെ ഞാൻ ബാധിപ്പിക്കും, എത്തിക്കുന്നു مَنْ أَشَاءُ ഞാൻ ഉദ്ദേശിക്കുന്നവർക്ക് وَرَحْمَتِي എന്റെ കാരുണ്യമാകട്ടെ وَسِعَتْ അത് വിശാലമായിരിക്കുന്നു, വിശാലപ്പെട്ടതാണ് كُلَّ شَيْءٍ എല്ലാ വസ്തുവിനും فَسَأَكْتُبُهَا എന്നാൽ അതിനെ ഞാൻ എഴുതും (രേഖപ്പെടുത്തി വെക്കും) لِلَّذِينَ യാതൊരുകൂട്ടർക്ക് يَتَّقُونَ സൂക്ഷ്മത പാലിക്കുന്ന وَيُؤْتُونَ കൊടുക്കുകയും ചെയ്യുന്ന الزَّكَاةَ സക്കാത്ത് وَالَّذِينَ യാതൊരുകൂട്ടർക്കും هُمْ അവർ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളിൽ يُؤْمِنُونَ വിശ്വസിക്കുന്നു.

അല്ലാഹുവിന്റെ കല്പന പ്രകാരം നാൽപത് ദിവസത്തെ സമയ നിശ്ചയം (مِيقَات) കഴിഞ്ഞപ്പോൾ മൂസാ നബി (അ) ക്ക് തൗറാത്ത് ലഭിച്ചുവെന്നും, അത് കൊണ്ടുവന്നപ്പോഴേക്കാണ് ജനങ്ങൾ പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചതെന്നും, അദ്ദേഹം അതിൽ കഠിനമായി കോപിക്കുകയും വ്യസനിക്കുകയും ചെയ്തു വെന്നും മറ്റും മുമ്പ് പ്രസ്താവിച്ചു. അതിന് ശേഷം ഇസ്റാഈല്യരെ പ്രതിനിധീകരിച്ചുകൊണ്ട്-അവരുടെ ആ അപരാധത്തെപ്പറ്റി അല്ലാഹുവിനോട് ഒഴികഴിവ് പറയുവാനും, പശ്ചാത്താപം സ്വീകരിക്കുന്നതിനു ശുപാർശ ചെയ്വാനും വേണ്ടി - അവരിൽ നിന്നും നല്ലവരായ പ്രമുഖരായ എഴുപതു പേരെ തിരഞ്ഞെടുത്തുകൊണ്ട് അല്ലാഹുവിന്റെ കല്പന പ്രകാരം മൂസാ (അ) വീണ്ടും സീനാ പർവ്വതത്തിലേക്ക് പോയി. ഇതാണ് ഈ വചനത്തിൽ പറയുന്ന നിശ്ചിത സമയം(مِيقَات)കൊണ്ടുദ്ദേശ്യം. മിക്ക ക്വുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായം ഇതാണ്. ഒന്നാമത്തെ പ്രാവശ്യം തന്നെയാണ് എഴുപത് പേരെയും കൊണ്ട്പോയതെന്നും, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണാതെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയില്ലെന്ന് (2:55-ൽ പ്രസ്താവിച്ച പ്രകാരം) മൂസാ (അ) നോട് പറഞ്ഞത് അവരാണെന്നും അതുകൊണ്ടാണ് അവർക്ക് കഠിനകമ്പനം (الرَّجْفَةُ)ബാധിച്ചതെന്നുമാണ് ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. അങ്ങിനെയാണെങ്കിൽ, അവർക്ക് കമ്പനം ബാധിച്ചപ്പോൾ മൂസാ (അ) അല്ലാഹുവിനോട് സങ്കടപ്പെട്ടു പറഞ്ഞ കൂട്ടത്തിൽ أَتُهْلِكُنَا بِمَا فَعَلَ السُّفَهَاءُ مِنَّا (ഞങ്ങളിലുള്ള ഭോഷൻമാർ ചെയ്തതിന് ഞങ്ങളെ നീ നശിപ്പിക്കുകയാണോ ?) എന്നു ചോദിച്ചതിന് പകരം .....أَتُهْلِكُنَا بِمَا قَالَ (ഞങ്ങളിലുള്ള ഭോഷൻമാർ പറഞ്ഞതിന് ഞങ്ങളെ നീ ശിക്ഷിക്കുകയാണോ ?) എന്നല്ലേ പറയേണ്ടത് ? കൂടാതെ, ആ ശിക്ഷ അവർക്ക് ബാധിക്കുവാൻ കാരണമായത് അവർ പശുക്കുട്ടിയെ ഉണ്ടാക്കിയതാണെന്ന് إِنْ هِيَ إِلاَّ فِتْنَتُكَ (അത് നിന്റെ പരീക്ഷണമല്ലാതെ

മറ്റൊന്നുമല്ല) എന്ന വാക്കും സൂചിപ്പിക്കുന്നു. പശുക്കുട്ടിയെ ഉണ്ടാക്കിയതിനെ പറ്റി സൂറഃ ത്വാഹാ 85-ൽ قَدْ فَتَنَّا قَوْمَكَ(നിന്റെ ജനങ്ങളെ നാം പരീക്ഷണം ചെയ്തിട്ടുണ്ട്) എന്ന് അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നു താനും. ഇങ്ങിനെയെല്ലാം ഒന്നാമത്തെ അഭിപ്രായക്കാർ തങ്ങളുടെ അഭിപ്രായത്തിന് ന്യായങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഈ ന്യായം കേവലം യുക്തമായി തോന്നുന്നുതാനും. والله اعلم

ചുരുക്കിപ്പറഞ്ഞാൽ, എഴുപത് പേരെ തിരഞ്ഞെടുത്തു മീഖാത്തിന് (നിശ്ചിത സമയത്തേക്ക്)കൊണ്ടുപോയത് മൂസാ (അ) തൗറാത്ത് ഏറ്റുവാങ്ങുവാൻ പോയ അതേ പ്രാവശ്യം തന്നെയാണെന്നും , പശുക്കുട്ടിയുടെ സംഭവത്തിന് ശേഷം അതിനെക്കുറിച്ച് അവർക്കുണ്ടായ പശ്ചാത്താപത്തെത്തുടർന്ന് രണ്ടാമതൊരു പ്രാവശ്യത്തിലാണെന്നും -രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയായി തോന്നുന്നതെങ്കിലും - ഇങ്ങിനെ രണ്ട് അഭിപ്രായങ്ങൾ വ്യാഖ്യാതാക്കൾക്കിടയിലുണ്ട്. പക്ഷേ, മൂസാ (അ) അല്ലാഹുവിനോട് എനിക്ക് നിന്നെ ഒന്ന് കാണിച്ചു തരണമെന്നാവശ്യപ്പെട്ടതും, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണാതെ നിന്നെ ഞങ്ങൾ വിശ്വസിക്കുകയില്ലെന്ന് ജനങ്ങൾ പറഞ്ഞതും രണ്ട് സംഭവങ്ങളാണെന്നുള്ളതിൽ സംശയമില്ല. ഇതു സംബന്ധിച്ച് 143-ാം വചനത്തിൽ നാം സംസാരിക്കുകയുണ്ടായി. ഈ സംഭവങ്ങളെക്കുറിച്ചെല്ലാം കൂടുതൽ വിശദീകരിക്കത്തക്ക സ്വീകാര്യമായ തെളിവുകളൊന്നുമില്ലാത്തതുകൊണ്ട് ക്വുർആന്റെ വാക്കുകളിൽ നിന്ന് കൂടുതൽ വ്യക്തമായിക്കാണുന്നതെന്തോ അതു സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുകയേ നമുക്ക് നിവൃത്തിയുള്ളൂ. والله الموفق

....فَلَمَّا أَخَذَتْهُمُ الرَّجْفَةُ قَالَ(അവർക്ക് കഠിന കമ്പനം പിടിപെട്ടപ്പോൾ അദ്ദേഹം - മൂസാ - പറഞ്ഞു) എന്നു തുടങ്ങി മൂസാ നബി (അ) അല്ലാഹുവിനെ അഭിമുഖീകരിച്ചു പറഞ്ഞതായി അല്ലാഹു ഉദ്ധരിച്ച വാക്കുകൾ പരിശോധിച്ചു നോക്കുക. അതായത് : വേണമെങ്കിൽ അവരെയും, എന്നെത്തന്നെയും നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളിലുള്ള ഭോഷൻമാർ ചെയ്തതിന് ഞങ്ങളെ നീ നശിപ്പിക്കുകയാണോ, അത് നിന്റെ പരീക്ഷണം മാത്രമാണല്ലോ എന്നൊക്കെ മൂസാ (അ) പറഞ്ഞ വാക്കുകൾ ശാന്തമായി ചിന്തിച്ചു നോക്കുക. അപ്പോൾ -അധിക ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നത് പോലെ പശുക്കുട്ടിയെ ആരാധിച്ച സംഭവമാണിതിന് പിന്നിലുള്ളതെന്നും, ആ എഴുപത്പേർ-അല്ലെങ്കിൽ അവരിൽപെട്ട ചിലർ-ചെയ്തുപോയ ഏതോ ഒരു ദുഷ്കൃത്യം മൂലമായിരുന്നു അവർക്ക് ആ കഠിന കമ്പനം ബാധിച്ചതെന്നും, അതേ സമയത്ത് മൂസാ നബി (അ) ക്ക് ആ കമ്പനം നിമിത്തം ആപത്തൊന്നും പിണഞ്ഞിരുന്നില്ലെന്നും മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ബൈബ്ളിൽ ഈ വിഷയം സംബന്ധിച്ചു പലതും പറഞ്ഞു കാണാമെങ്കിലും മിക്കതും പരസ്പര വിരുദ്ധവും അവിശ്വസനീയവുമാകുന്നു. അവയിൽ ചിലതെല്ലാം 2:55 ന്റെ വിവരണത്തിൽ നാം ഉദ്ധരിച്ചിട്ടുമുണ്ട്.

അവർക്ക് കഠിന കമ്പനം പിടിപെട്ടപ്പോൾ, മൂസാ (അ) അല്ലാഹുവിനോട് ചെയ്ത ആ പ്രാർത്ഥനക്ക് അല്ലാഹു നൽകിയ ഉത്തരമാണ് ഈ വചനത്തിന്റെ അവസാന ഭാഗം:-

ശിക്ഷ എല്ലാവർക്കും ബാധിക്കുകയില്ല. അത് ആർക്ക്, എപ്പോൾ, എങ്ങിനെ വേണമെന്നൊക്കെ ചില നിശ്ചയവും വ്യവസ്ഥയുമുണ്ട്. അതനുസരിച്ച് അല്ലാഹു ഉദ്ദേ

ശിക്കുന്നവർക്ക് അതവൻ നൽകുന്നു. എന്നാൽ, കാരുണ്യമാകട്ടെ, അത് എല്ലാവർക്കും -എല്ലാ വസ്തുവിനും-ലഭിക്കുന്നതും അതിവിശാലമായതുമാകുന്നു എന്നാണ് ആദ്യത്തെ വാക്യങ്ങളിൽ ഉണർത്തുന്നത്. അല്ലാഹുവിന്റെ കാരുണ്യം അവന്റെ കോപത്തെ കവച്ചുവെക്കുന്നതാണെന്നും അവന്റെ കാരുണ്യത്തിന്റെ നൂറിൽ ഒരു ഭാഗം മാത്രമാണ് ഈ ഭൂമിയിൽ അവൻ അവതരിപ്പിച്ചിരിക്കുന്നതെന്നും അതു മൂലമാണ് കാട്ടുമൃഗങ്ങൾപോലും അവയുടെ കുഞ്ഞുങ്ങളോട് ദയ കാണിക്കുന്നതെന്നും അതിന്റെ തൊണ്ണൂറ്റൊമ്പത് ഭാഗവും അവൻ പരലോകത്തേക്ക് വെച്ചിരിക്കുകയാണെന്നും നബിﷺ അരുളിച്ചെയ്തിട്ടുള്ളത് സ്മരണീയമാകുന്നു. ഹദീഥുകളുടെ പൂർണരൂപം സൂഃ അൻആം 54-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം ഉദ്ധരിച്ചിട്ടുണ്ട്. തുടർന്നുള്ള വാക്യങ്ങളിൽ അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ട് ജീവിക്കുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവരും, ദൃഷ്ടാന്തങ്ങളിൽ ശരിക്കും വിശ്വസിക്കുന്നവരുമായ ആളുകൾക്ക് കാരുണ്യം നൽകുവാൻ അവൻ പ്രത്യേകം നിശ്ചയിച്ചുവെച്ചിട്ടുണ്ടെന്ന് മൂസാ നബി (അ)യെ ഉണർത്തുന്നു. ഈ പ്രത്യേക കാരുണ്യത്തിന് പാത്രമാകുന്നവർ ആരായിരിക്കുമെന്ന് അല്ലാഹു തന്നെ തുടർന്നു വിവരിക്കുകയും ചെയ്യുന്നു:-

ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِىَّ ٱلْأُمِّىَّ ٱلَّذِى يَجِدُونَهُۥ مَكْتُوبًا عِندَهُمْ فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَٰلَ ٱلَّتِى كَانَتْ عَلَيْهِمْ ۚ

﴾157﴿ **അതായത് ഉമ്മിയ്യായ [അക്ഷരജ്ഞാനമില്ലാത്ത] പ്രവാചകനായ റസൂലിനെ പിൻപറ്റുന്നവർക്ക് [അവർക്കാണ് കാരുണ്യം രേഖപ്പെടുത്തിവെക്കുന്നത്] (അതെ) അവരുടെ അടുക്കൽ തൗറാത്തിലും, ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർ കണ്ടുവരുന്ന ആളെ (പിൻപറ്റുന്നവർക്ക്) അവരോട് അദ്ദേഹം സദാചാരംകൊണ്ട് കൽപിക്കുകയും ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും ചെയ്യും. അവർക്ക് അദ്ദേഹം നല്ല (വിശിഷ്ട) വസ്തുക്കളെ അനുവദനീയമാക്കിക്കൊടുക്കുകയും, ദുഷിച്ച (ചീത്ത) വസ്തുക്കളെ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യും. അവരുടെ ഭാരത്തെയും അവരുടെ മേലുണ്ടായിരുന്ന ബന്ധനങ്ങളെയും അവരിൽ നിന്ന് അദ്ദേഹം (ഇറക്കി) വെക്കുക [ഒഴിവാക്കിക്കൊടുക്കുക]യും ചെയ്യും**

فَٱلَّذِينَ ءَامَنُوا۟ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟ ٱلنُّورَ ٱلَّذِىٓ أُنزِلَ

അപ്പോൾ, യാതൊരുകൂട്ടർ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ ബഹുമാനിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹ

مَعَهُۥٓ ۙ أُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٥٧﴾

തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള (ആ) പ്രകാശത്തെ പിൻപറ്റുകയും ചെയ്തുവോ, അക്കൂട്ടർ തന്നെയാണ് വിജയികൾ

﴾157﴿ الَّذِينَ يَتَّبِعُونَ പിൻപറ്റുന്നവർക്ക് الرَّسُولَ റസൂലിനെ, ദൂതനെ النَّبِيَّ നബി
യായ, പ്രവാചകനായ الأُمِّيَّ അക്ഷരജ്ഞാനമില്ലാത്ത, എഴുത്തും വായനയും അറി
യാത്തവനായ الَّذِي അതായത് യാതൊരാൾ يَجِدُونَهُ അദ്ദേഹത്തെ അവർ കണ്ടുവരു
ന്നു مَكْتُوبًا എഴുതപ്പെട്ടവനായിട്ട് عِندَهُمْ തങ്ങളുടെ അടുക്കൽ فِي التَّوْرَاةِ തൗറാത്തിൽ
وَالإِنجِيلِ ഇൻജീലിലും يَأْمُرُهُم അവരോട് അദ്ദേഹം കൽപിക്കും بِالْمَعْرُوفِ സദാചാരം
(മര്യാദ-നല്ലത്) കൊണ്ട് وَيَنْهَاهُمْ അവരെ അദ്ദേഹം വിരോധിക്കുകയും ചെയ്യും.
عَنِ الْمُنكَرِ ദുരാചാര (ദുഷ്കാര്യ-വെറുക്കപ്പെട്ട കാര്യ)ത്തെപ്പററി وَيُحِلُّ لَهُمُ അവർക്ക്
അനുവദനീയമാക്കിക്കൊടുക്കുകയും ചെയ്യും الطَّيِّبَاتِ നല്ല (വിശിഷ്ട-ശുദ്ധമായ)
വസ്തുക്കളെ وَيُحَرِّمُ നിഷിദ്ധമാക്കുകയും عَلَيْهِمُ അവരുടെ മേൽ الْخَبَائِثَ ദുഷിച്ച (ചീ
ത്ത) വസ്തുക്കളെ وَيَضَعُ വെക്കുകയും ചെയ്യും (ഇറക്കി-താഴ്ത്തി-എടുത്ത്) عَنْهُمْ
അവരിൽ നിന്ന് إِصْرَهُمْ അവരുടെ ഭാരം وَالأَغْلاَلَ കുടുക്കുകളും, ബന്ധനങ്ങളും
الَّتِي كَانَتْ ഉണ്ടായിരുന്നതായ عَلَيْهِمْ അവരുടെ മേൽ, അവരിൽ فَالَّذِينَ എന്നാൽ
യാതൊരുവർ آمَنُوا بِهِ അദ്ദേഹത്തിൽ അവർ വിശ്വസിച്ചു وَعَزَّرُوهُ അദ്ദേഹത്തെ
ബഹുമാനിക്കുകയും ചെയ്തു, ബലപ്പെടുത്തുകയും ചെയ്തു وَنَصَرُوهُ അദ്ദേഹത്തെ
സഹായിക്കുകയും ചെയ്തു وَاتَّبَعُوا പിൻപറ്റുകയും ചെയ്തു النُّورَ പ്രകാശത്തെ
الَّذِي أُنزِلَ مَعَهُ അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ട أُولَٰئِكَ هُمُ അക്കൂട്ടർതന്നെ
الْمُفْلِحُونَ വിജയികൾ.

സൂക്ഷ്മത പാലിക്കുകയും സകാത്ത് കൊടുക്കുകയും ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നകൂട്ടർക്കു പ്രത്യേകം കാരുണ്യം നൽകുവാൻ അല്ലാഹു നിശ്ചയിച്ചിട്ടുണ്ടെന്ന് കഴിഞ്ഞ വചനത്തിന്റെ അവസാനത്തിൽ പറഞ്ഞു. ആ പ്രസ്താവന നബി തിരുമേനിﷺയിൽ വിശ്വസിച്ച സത്യവിശ്വാസികളെ ഉദ്ദേശിച്ചാണെന്ന് ഈ വചനത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു. കഴിഞ്ഞ വചനത്തിൽ കാരുണ്യത്തിന് അർഹരാകുന്നവരുടെ ഗുണങ്ങളായി സൂക്ഷ്മത പാലിക്കുകയും, ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർ എന്ന് മൊത്തത്തിൽ പറഞ്ഞു മതിയാക്കാതെ സകാത്ത് കൊടുക്കുന്നവർ എന്നുകൂടി പ്രത്യേകം എടുത്തു പറഞ്ഞതിൽ ഒരു സൂചന അന്തർഭവിച്ചിരിക്കുന്നതായി കാണാം. ധനം ചിലവഴിക്കുന്ന വിഷയത്തിൽ അങ്ങേയറ്റം ലുബ്ധത കാണിക്കുന്നവരാണല്ലോ യഹൂദികൾ. സത്യവിശ്വാസികളായ മുസ്‌ലിംകൾ അവരെപ്പോലെ ആയിരിക്കയില്ല-അവർ തങ്ങളുടെ ധനപരമായ കടമകൾ നിർവ്വഹിക്കുന്നതിൽ ലുബ്ധത കാണിക്കുകയില്ല- എന്നത്രെ ആ സൂചന الله اعلم.

നബി തിരുമേനിﷺയുടെ പേരു പറഞ്ഞിട്ടില്ലെങ്കിലും അക്ഷരജ്ഞാനമില്ലാത്ത

പ്രവാചകൻ(النَّبِيَّ الْأُمِّيَّ) എന്നും തൗറാത്തിലും ഇൻജീലിലും എഴുതപ്പെട്ടു കാണുന്ന ആൾ الَّذِي يَجِدُونَهُ مَكْتُوبًا عِندَهُمْ.. എന്നുമുള്ള വിശേഷണങ്ങൾ നബി ﷺ യെ ഉദ്ദേശിച്ചാണെന്നുള്ളതിൽ സംശയമില്ല. അക്ഷരജ്ഞാനമില്ലാത്ത – അഥവാ അക്കാരണത്താൽ വേദഗ്രന്ഥങ്ങളുമായി പരിചയം സിദ്ധിച്ചിട്ടില്ലാത്ത-പ്രവാചകനാണ് നബി തിരുമേനിﷺ. അതാകട്ടെ, അവിടുത്തെ പ്രവാചകത്വത്തിന് ബുദ്ധിപരവും സ്പഷ്ടവുമായ ഒരു തെളിവുമാകുന്നു. തൗറാത്തിലും ഇൻജീലിലും നബി ﷺ യെക്കുറിച്ച് പരാമർശങ്ങളും പ്രവചനങ്ങളും പലതും അടങ്ങിയിട്ടുണ്ടെന്നും, ക്വുർആൻ അവതരിക്കുന്ന കാലത്ത് വേദക്കാർക്കിടയിൽ അവ അറിയപ്പെട്ടിരുന്നുവെന്നും ഈ വചനത്തിൽ നിന്ന് വ്യക്തമാണ്. നബിﷺയുടെ ആഗമന കാലം അടുത്തപ്പോൾ, വേദക്കാർ മുഴുവനും അറേബ്യയിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ഒരു പ്രവാചകനെ അക്ഷമയോടെ പ്രതീക്ഷിച്ചു കൊണ്ടിരുന്നതും അതു കൊണ്ടാണല്ലോ. പക്ഷേ, പിന്നീട് തങ്ങളുടെ അനാചാര ദുരാചാരങ്ങളോട് ആ പ്രവാചകൻ യോജിക്കാത്തതിന്റെ പേരിലും അദ്ദേഹം തങ്ങളുടെ സമുദായത്തിൽപെട്ട ആളായിരിക്കാത്തതിന്റെ പേരിലും അവർ പാടു മറിയുകയാണുണ്ടായത്.

ക്വുർആൻ അവതരിക്കും മുമ്പ് തന്നെ തൗറാത്ത്-ഇൻജീലുകൾ ചില മാറ്റത്തിരുത്തലുകൾക്ക് വിധേയമായിക്കഴിഞ്ഞിരുന്നു. നബിﷺയുടെ വെളിപ്പാടിനു ശേഷം പിന്നെയും പലതും നടന്നിട്ടുണ്ട്. ഈ യാഥാർത്ഥ്യം വേദക്കാർ സമ്മതിക്കുകയില്ലെങ്കിലും മൂസാ നബി(അ)ക്കു ലഭിച്ച തൗറാത്തിന്റെയും, ഈസാ നബി(അ)ക്കു ലഭിച്ച ഇൻജീലിന്റെയും യഥാർത്ഥമായ പകർപ്പ്-യാതൊന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യപ്പെട്ടിട്ടില്ലെന്ന് അവർക്കിടയിൽ തന്നെ അഭിപ്രായ വ്യത്യാസമില്ലാത്ത വിധം അതിന്റെ സാക്ഷാൽ രൂപത്തിൽ -നിലവിലുണ്ടെന്ന് അവർക്കുപോലും വാദമില്ലാത്തതാണ്. എന്നിരുന്നാലും വേദക്കാർ തങ്ങളുടെ വേദഗ്രന്ഥമായി സ്വീകരിച്ചു വരുന്നതും തൗറാത്തും ഇൻജീലും അടങ്ങുന്നതെന്ന് അവർ അവകാശപ്പെടുന്നതുമായ നിലവിലുള്ള ബൈബ്ളിൽ പോലും നബിﷺയെ സംബന്ധിച്ച് ഇന്നും പലതും കാണാവുന്നതാണ്. ചില ഉദാഹരണങ്ങൾ മാത്രം കാണുക :

ബൈബ്ളിന്റെ പഴയനിയമത്തിലെ ചില ഉദാഹരണങ്ങൾ : (1) മോശെ തന്റെ മരണത്തിന് മുമ്പ് യിസ്രായേൽ മക്കളെ അനുഗ്രഹിച്ച അനുഗ്രഹമാവിതു : അവൻ പറഞ്ഞതെന്തെന്നാൽ : യഹോവ സീനായിൽ നിന്നുംവന്നു. അവർക്ക് സേയീറിൽ നിന്ന് ഉദിച്ചു. പാറാൻ പർവ്വതത്തിൽ നിന്നും വിളങ്ങി.....(ആവർത്തന പുസ്തകം:33 ൽ 1,2) സീനാ (سِينَا) യിൽ നിന്നും വന്നത് മൂസാ നബി(അ)യെയും, സേയീരി (سَاعِير)ൽഉദിച്ചത് ഈസാ നബി(അ)യെയും, പാറാനി (فَارَان)ൽ നിന്നും വിളങ്ങിയത് നബി തിരുമേനിﷺയെയും കുറിക്കുന്നു. സേയർ ഫലസ്തീനിലും, പാറാൻ ഹിജാസിലുമുള്ള മലകളാകുന്നു.

(2) യിസ്രായേലിനെ നോക്കി മോശെ പറയുന്നു : നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യെ നിന്റെ സഹോദരൻമാരുടെ ഇടയിൽ നിന്നും എഴുന്നേൽപിച്ച്തരും. അവന്റെ വചനം നിങ്ങൾ കേൾക്കണം...യഹോവ എന്നോട് (മോശെയോട്) അരുളിച്ചെയ്തതു എന്തെന്നാൽ...നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരൻമാരുടെ ഇടയിൽ നിന്നും എഴു

ന്നേൽപ്പിച്ചു. എന്റെ വചനങ്ങളെ അവന്റെ നാവിൻമേൽ ആക്കും......(ആവർത്തനം: 18 ൽ 15-18) ഇബ്റാഹീം നബി(അ)യുടെ മകൻ ഇസ്ഹാക് (അ) ന്റെ സന്തതികളാണ് ഇസ്റാഈല്യർ. അദ്ദേഹത്തിന്റെ മറ്റേ മകനായ ഇസ്മാഈൽ (അ) ന്റെ സന്തതികളാണ് അറബികൾ. അതുകൊണ്ടാണ് നബിﷺയെക്കുറിച്ച് നിങ്ങളുടെ സഹോദരൻമാരിൽ നിന്നും എഴുന്നേൽപിക്കുമെന്ന് പറഞ്ഞത്.

(3) ഇസ്മാഈൽ (അ) കുട്ടിയായിരുന്നപ്പോൾ അദ്ദേഹത്തെയും മാതാവായ ഹാജറയേയും മരുഭൂമിയിലേക്ക് (അറേബ്യായിലേക്ക്)കൊണ്ടാക്കിയ വിവരവും, വെള്ളം കിട്ടാതെ അവർ വിഷമിച്ചതും വിവരിച്ചുകൊണ്ട് ഇസ്മാഈൽ (അ)നെപ്പറ്റി പറയുന്നു: ദൈവം ബാലനോട് കൂടെയുണ്ടായിരുന്നു. അവൻ മരുഭൂമിയിൽ പാർത്തു. മുതിർന്നപ്പോൾ ഒരു വില്ലാളിയായി അവൻ പാറാൻ മരുഭൂമിയിൽ പാർത്തു. (ഉൽപത്തി : 21-ൽ 20,21) അപ്പോൾ, പാറാൻ മരുഭൂമിയിൽ പാർത്ത ഇസ്മാഈലിന്റെ സന്തതികളായ അറബികൾ ഇസ്റാഈല്യരുടെ സഹോദരങ്ങളാണെന്നു പറയേണ്ടതില്ലല്ലോ.

പുതിയ നിയമത്തിലെ ചില പരാമർശങ്ങൾ: (1) യേശു പറയുന്നു : എന്നാൽ, ഞാൻ നിങ്ങളോട് സത്യം ചെയ്തു പറയുന്നു: ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും.... ഇനിയും വളരെ പറവാനുണ്ട്. എന്നാൽ, നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ കേൾക്കുന്നത് സംസാരിക്കയും, വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരുകയും ചെയ്യും...(യോഹന്നാൻ : 16 ൽ 7 - 14) പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരുകയും, ഞാൻ നിങ്ങളോട് പറയുന്നതൊക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും. (യോഹന്നാൻ: 14 ൽ 26) സത്യത്തിന്റെ കാര്യസ്ഥൻ എന്നും, സത്യത്തിന്റെ ആത്മാവ് എന്നും പറഞ്ഞത് നബിﷺയുടെ പേർ സൂചിപ്പിക്കുന്ന ഫാറഖലീത്വ(فَارَقْلِيط) എന്ന വാക്കിൽ കാലക്രമേണയുണ്ടായിത്തീർന്ന ഭാഷാന്തര വ്യത്യാസമാകുന്നു. ഇതു സംബന്ധിച്ച് സൂഃ സ്വഫ്ഫ് 6-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ കൂടുതൽ വിവരിച്ചിട്ടുണ്ട്. അവിടെ നോക്കുക. വേറെയും പല ഉദ്ധരണികൾ അവിടെ കൊടുത്തിട്ടുള്ളതും ശ്രദ്ധിക്കുക.

(2) യോഹന്നാന്റെ (യഹ്യാ നബി(അ)യുടെ) അടുക്കലേക്ക് യഹൂദികൾ പുരോഹിതൻമാരെയും ലേവ്യരെയും അയച്ച് നീ ആരാണെന്ന് ചോദിച്ചപ്പോൾ, അദ്ദേഹം ഞാൻ ക്രിസ്തുവല്ല എന്നും ഞാൻ ഏലിയാവല്ല എന്നും ആ പ്രവാചകൻ അല്ല എന്നും മറുപടി പറഞ്ഞു. എന്നാൽ പിന്നെ നീ ആരാണെന്ന് ചോദിച്ചപ്പോൾ, ഞാൻ യശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ കർത്താവിന്റെ വഴി നേരെ ആക്കുന്നവൻ എന്നു വിളിച്ചു പറയുന്നവന്റെ ശബ്ദം ആകുന്നുവെന്നു അവൻ ഉത്തരം പറഞ്ഞു (യോഹന്നാൻ : 1 ൽ 20-24) അപ്പോൾ, യഹ്യാ നബി(അ)യുടെ കാലത്ത് അവർ ഒരു ക്രിസ്തുവിനെയും ഒരു ഏലിയാവിനെയും കൂടാതെ, ഒരു പ്രത്യേക പ്രവാചകനെയും കാത്തിരുന്നുവെന്ന്

വ്യക്തമാണ്. ആ പ്രവാചകനത്രെ മുഹമ്മദ് നബിﷺ (*)

നബി തിരുമേനിﷺയുടെ സവിശേഷതകളായി ഈ വചനത്തിൽ പറയപ്പെട്ട കാര്യങ്ങൾ ഇവയാകുന്നു. (1,2) അദ്ദേഹം സദാചാരപരമായ നല്ലകാര്യങ്ങൾ കൊണ്ട് കല്പിക്കുകയും, ദുരാചാരപരമായ ചീത്ത കാര്യങ്ങളെ വിരോധിക്കുകയും ചെയ്യുന്നു. ഈ രണ്ട് കാര്യങ്ങളെക്കുറിച്ചും ഒരു വിശദീകരണത്തിന്റെ ആവശ്യമില്ല. സദാചാര വിഷയങ്ങളിൽ വെച്ച് ഏറ്റവും പ്രധാനമായത് ഏകദൈവ സിദ്ധാന്തവും (തൗഹീദും), ദുരാചാര വിഷയങ്ങളിൽവെച്ചു ഏറ്റവും വമ്പിച്ചത് ബഹുദൈവ സിദ്ധാന്തവും (ശിർക്കും)തന്നെ. അവ രണ്ടും തൊട്ട് ഭക്ഷണം കഴിക്കുന്നത് വലതു കൈകൊണ്ടായിരിക്കണമെന്നും, ശൗച്യം ചെയ്യുന്നത് ഇടതു കൈകൊണ്ടായിരിക്കണമെന്നും, വെള്ളം കുടിക്കുന്ന പാത്രത്തിലേക്ക് ശ്വാസം വിടരുതെന്നും പോലെയുള്ള ചെറുതും വലുതുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും നബിﷺ ജനങ്ങളെ ഉപദേശിച്ചിട്ടുണ്ടെന്നുള്ളത് ചരിത്ര പ്രസിദ്ധമത്രെ.

(3,4) അദ്ദേഹം നല്ലതായ വസ്തുക്കളെ അനുവദനീയമാക്കുകയും , ദുഷിച്ച വസ്തുക്കളെ നിഷിദ്ധമാക്കുകയും ചെയ്യുന്നു. വേദക്കാർ നിഷിദ്ധമായി സ്വീകരിച്ചു വന്നിരുന്ന ഒട്ടക മാംസം, കൊഴുപ്പ് മുതലായവ അനുവദനീയങ്ങളാണെന്നും, ശവം, പന്നിമാംസം, രക്തം, അല്ലാഹു അല്ലാത്തവർക്ക് വഴിപാടാക്കപ്പെട്ടവ മുതലായ വസ്തുക്കൾ നിഷിദ്ധങ്ങളാണെന്നുമുള്ള ഇസ്‌ലാമിലെ നിയമങ്ങൾ പോലെയുള്ള പലതും ഇതിനു ഉദാഹരണങ്ങളാകുന്നു.

(5) അവരുടെ ഭാരവും, അവരിലുള്ള കുടുക്കും ബന്ധനങ്ങളും ഇറക്കിവെച്ചു ഒഴിവാക്കിക്കൊടുക്കുന്നു. വേദക്കാർക്കിടയിൽ സ്വീകരിക്കപ്പെട്ടിരുന്ന നിയമങ്ങൾ വഴിയോ, പിന്നീട് അവരുടെ പണ്ഡിത പുരോഹിതൻമാരുടെ കൈക്ക് നടപ്പിൽ വരുത്തപ്പെട്ട നടപടി ക്രമങ്ങൾ വഴിയോ അവരിൽ ഉണ്ടായിരുന്ന പല കർശന നിയമങ്ങളും നബി

(*) വേറെയും പല ഉദ്ധരണികളും ബൈബ്ളിൽനിന്നും ഉദ്ധരിക്കുവാൻ കഴിയും, എല്ലാറ്റിനും വേദക്കാരുടെ അതതു കാലത്തെ മഹാസഭക്കാർ അവരുടെതായ ചില വ്യാഖ്യാനങ്ങൾ നൽകി തങ്ങളുടെ ഹിതത്തിനൊപ്പിച്ചു തൃപ്തി അടഞ്ഞു കൊണ്ടിരിക്കുകയാണ്. എന്നിട്ടും അവ പരസ്പര വൈരുദ്ധ്യങ്ങളിൽനിന്നു രക്ഷപ്പെടുന്നുമില്ല. ഇത്തരം കാര്യങ്ങൾ സവിശദം എടുത്തുകാട്ടിയും, വേദക്കാരുടെ കൈകടത്തലുകൾ സ്ഥാപിച്ചുംകൊണ്ട് പല മഹാൻമാരും പ്രത്യേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പല നിലക്കും പ്രധാനപ്പെട്ട ഒരു ഗ്രന്ഥമത്രെ ഇബ്നു തൈമിയ്യഃ (റ) രചിച്ച الجَواب الصحِيح لمن بدل دين المسيح (മസീഹിന്റെ മതത്തെ മാറ്റി മറിച്ചവർക്ക് ശരിയായ മറുപടി) എന്ന ഗ്രന്ഥം. കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച അല്ലാമ റഹ്മത്തുല്ലാഹിൽ ഹിന്ദീ (റ) യുടെ اظهار الحق(സത്യം വെളിപ്പെടുത്തൽ) എന്ന ഗ്രന്ഥവും കൂട്ടത്തിൽ പ്രത്യേകം പ്രസിദ്ധമാകുന്നു. അരനൂറ്റാണ്ടിനു മുമ്പ് രചിക്കപ്പെട്ട മർഹൂം ഡോക്ടർ മുഹമ്മദ് തൗഫീക് അഫൻദീയുടെ دين الله في كتب انبيائه (പ്രവാചകൻമാരുടെ വേദഗ്രന്ഥങ്ങളിൽ അല്ലാഹുവിന്റെ മതം) മുതലായവയും പ്രസ്താവ്യങ്ങളത്രെ. അതേ കാലത്ത് ഈ രംഗത്ത് വളരെ സേവനം ചെയ്ത കേരളത്തിലെ ഒരു ഗ്രന്ഥകാരനാണ് സയ്യിദ്‌ഥനാഉല്ലാഹി എന്ന മഖ്ദീതങ്ങളും(റ).

തിരുമേനിﷺ യുടെ ശരീഅത്തിൽ ലഘൂകരിക്കപ്പെട്ടിട്ടുണ്ടെന്നാണ് ഇതിന്റെ താൽപര്യം. പശുക്കുട്ടിയെ ആരാധിച്ചതിൽനിന്നുള്ള പശ്ചാത്താപത്തിന്റെ ഉപാധിയായി കുറ്റവാളികളെ കൊലപ്പെടുത്തണമെന്ന് നിശ്ചയിച്ചത്, കൊലക്കുറ്റങ്ങളുടെ പ്രതികാര നടപടിയിൽ പകരം കൊലപ്പെടുത്തൽ മാത്രം നിശ്ചയിക്കപ്പെട്ടിരുന്നത്, ധർമ യുദ്ധങ്ങളിൽ ശത്രുപക്ഷത്തു നിന്നും ലഭിക്കുന്ന ഗനീമത്ത് സ്വത്തുക്കൾ ഉപയോഗിച്ചു കൂടാതിരുന്നത്, ശനിയാഴ്ച ദിവസം (ഞായറാഴ്ചയും തന്നെ) ജോലി ചെയ്വാൻ പാടില്ലെന്നുള്ളത്, ആരാധനാ കർമങ്ങളിലും ഇടപാടുകളിലും ഉണ്ടായിരുന്ന ചില കർക്കശ നിയമങ്ങൾ എന്നിങ്ങിനെ പല ഭാരങ്ങളിൽ നിന്നും കെട്ടിക്കുടുക്കുകളിൽ നിന്നും അവർക്ക് നബി മുഖേന ഇളവ് ലഭിക്കുകയുണ്ടായിട്ടുണ്ട്.

മൊത്തമായി പറയുകയാണെങ്കിൽ, വേദക്കാർക്കിടയിൽ നടപ്പുണ്ടായിരുന്ന നിയമ നടപടി ക്രമങ്ങളെക്കാൾ എത്രയോ ലഘുവായതും, സൗകര്യ പ്രദമായതുമാണ് നബി തിരുമേനിﷺ മുഖാന്തരം നിലവിലുള്ള നിയമ നടപടി ക്രമം. പണ്ഡിത വർഗങ്ങളുടെ നിയമനിർമാണ ചട്ടങ്ങളാൽ ബന്ധിക്കപ്പെട്ടിരുന്ന അവർക്ക് ഇസ്‌ലാം അതിൽ നിന്നും മോചനം നൽകി. ഇസ്‌ലാമിലെ അടിസ്ഥാനപരമായ ഒരു പൊതുതത്വമായി അല്ലാഹു അറിയിക്കുന്നു : يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ (അല്ലാഹു നിങ്ങളിൽ എളുപ്പത്തെ ഉദ്ദേശിക്കുന്നു, നിങ്ങളിൽ അവൻ ഞെരുക്കത്തെ ഉദ്ദേശിക്കുന്നുമില്ല (2: 185) നബിﷺ പറയുന്നു : بشروا ولا تنفّروا يسروا ولا تعسّروا നിങ്ങൾ സന്തോഷപ്പെടുത്തുവിൻ, വെറുപ്പിക്കരുത് : എളുപ്പമുണ്ടാക്കുകയും ചെയ്യുവിൻ ഞെരുക്കമുണ്ടാക്കരുത് (ബു.മു)

നബി തിരുമേനിﷺയുടെ പ്രത്യേകതകളും സവിശേഷതകളും ചൂണ്ടിക്കാട്ടുകയും, തൗറാത്തിലും ഇൻജീലിലും പ്രവചിക്കപ്പെട്ട ആ പ്രവാചകൻ തന്നെയാണ് തിരുമേനിയെന്ന് പരിചയപ്പെടുത്തുകയും ചെയ്ത ശേഷം അല്ലാഹു പറയുന്നു : അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ ബഹുമാനിക്കുകയും - അഥവാ, സഹായിച്ചും ശക്തിപ്പെടുത്തിയും വരുകയും-അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരിക്കുകയും, അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ട പ്രകാശത്തെ -അഥവാ വിശുദ്ധ ഖുർആനെ-പിൻപറ്റി നടക്കുകയും ചെയ്യുന്നവർ മാത്രമാണ് വിജയികളെന്ന്. അതെ ഇങ്ങിനെ ചെയ്യുന്നവർ ആരായാലും ശരി-അവർ വേദക്കാരാവട്ടെ അല്ലാതിരിക്കട്ടെ - അവർക്കേ വിജയമുള്ളുവെന്ന്. عزر (അസ് സറ)എന്ന വാക്കിന് ബഹുമാനിച്ചു, ശക്തിപ്പെടുത്തി, സഹായിച്ചു എന്നും മറ്റും അർത്ഥങ്ങളുണ്ട്. ബഹുമാനിക്കുന്നതോടൊപ്പം സഹായം നൽകുക (النصرة مع التعظيم) എന്നാണ് ഇമാം റാഗിബ് (റ) മുതലായവർ അതിന് അർത്ഥം കൽപിച്ചിരിക്കുന്നത്.

വിഭാഗം - 20

﴾158﴿ **(നബിയേ) പറയുക : ഹേ മനുഷ്യരേ, നിശ്ചയമായും ഞാൻ, നിങ്ങൾ എല്ലാവരിലേക്കും ഉള്ള അല്ലാഹുവിന്റെ റസൂൽ [ദൂതൻ] ആകുന്നു : അതായത്, ആകാശങ്ങ**

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ
إِلَيْكُمْ جَمِيعًا ٱلَّذِى لَهُۥ مُلْكُ

ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ لَآ إِلَـٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ

ളുടെയും ഭൂമിയുടെയും രാജാധികാരം യാതൊരുവന്നാണോ അവന്റെ (റസൂലാകുന്നു). അവനല്ലാതെ ആരാധ്യനില്ല ; അവൻ ജീവിപ്പിക്കുകയും മരണപ്പെടുത്തുകയും ചെയ്യുന്നു.

فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَـٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴿١٥٨﴾

ആകയാൽ, അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവിൻ (അതെ) അല്ലാഹുവിലും, അവന്റെ വാക്യങ്ങളിലും വിശ്വസിക്കുന്ന ഉമ്മിയ്യായ [അക്ഷരജ്ഞാനമില്ലാത്ത] പ്രവാചകൻ, അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുവിൻ ; നിങ്ങൾ നേർമാർഗം പ്രാപിച്ചേക്കാം.

﴾158﴿ قُلْ പറയുക يَاأَيُّهَا النَّاسُ ഹേ മനുഷ്യരേ, إِنِّي നിശ്ചയമായും ഞാൻ رَسُولُ اللَّهِ അല്ലാഹുവിന്റെ റസൂലാണ്, ദൂതനാകുന്നു إِلَيْكُمْ നിങ്ങളിലേക്ക് جَمِيعًا മുഴുവനും, എല്ലാം الَّذِي യാതൊരുവൻ, യാതൊരുത്തന്റെ لَهُ അവന്നാണ്, അവന്റേതാണ് مُلْكُ രാജത്വം, രാജാധികാരം السَّمَاوَاتِ ആകാശങ്ങളുടെ وَالأَرْضِ ഭൂമിയുടെയും لا إِلَٰهَ ഒരു ഇലാഹും(ആരാധ്യനും, ദൈവവും)ഇല്ല إِلا هُوَ അവനല്ലാതെ يُحْيِي അവൻ ജീവിപ്പിക്കുന്നു وَيُمِيتُ മരണപ്പെടുത്തുകയും ചെയ്യുന്നു فَآمِنُوا അതിനാൽ നിങ്ങൾ വിശ്വസിക്കുവിൻ بِاللَّهِ അല്ലാഹുവിൽ وَرَسُولِهِ അവന്റെ റസൂലിലും النَّبِيِّ الأُمِّيِّ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ الَّذِي يُؤْمِنُ വിശ്വസിക്കുന്നവനായ بِاللَّهِ അല്ലാഹുവിൽ وَكَلِمَاتِهِ അവന്റെ വാക്കു (വാക്യം)കളിലും وَاتَّبِعُوهُ അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുകയും ചെയ്യുവിൻ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تَهْتَدُونَ നിങ്ങൾ നേർമാർഗം പ്രാപിക്കും.

മൂസാ നബി(അ)യെയും, ഇസ്റാഈല്യരെയും, തൗറാത്തിനെയും സംബന്ധിച്ചു വിവരിക്കുന്ന മധ്യെ തൗറാത്തിലും ഇൻജീലിലും നബിﷺയെക്കുറിച്ച് വന്ന ചില പരാമർശങ്ങളെപ്പറ്റി 156-ാം വചനത്തിൽ സൂചിപ്പിച്ചു. 157-ാം വചനത്തിൽ അതിനെപ്പറ്റി ഒന്നുകൂടി വിശദമാക്കി. അതിന് ശേഷം ആ പരാമർശങ്ങളും പ്രവചനങ്ങളും ഇതാ സാക്ഷാൽകൃതമായിരിക്കുന്നുവെന്നുള്ള ഒരു വിളംബരമാണ് ഈ വചനമെന്ന് പറയാം. ആകാശ ഭൂമികളുടെയെല്ലാം അധിപനും കൈകാര്യകർത്താവുമായ അല്ലാഹുവിങ്കൽ നിന്നും വേദ-കുല-കാല-ദേശ-ഭാഷാ വ്യത്യാസമന്യെ സകല മനുഷ്യരിലേക്കുമായി അയക്കപ്പെട്ട ദൈവദൂതനാണ് ഈ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ഞാൻ ; അല്ലാഹുവിലും എല്ലാ പ്രവാചകൻമാർക്കും അവനാൽ നൽകപ്പെട്ട അവന്റെ എല്ലാ വചനങ്ങളിലും വിശ്വസിക്കുന്ന ആളാണ് ഞാൻ; അതുകൊണ്ട് നിങ്ങൾ സന്മാർഗികളായിത്തീരേണ്ടതിന് അല്ലാഹുവിലും എന്നിലും നിങ്ങൾ വിശ്വസിക്കുകയും ഞാൻ കൊണ്ടു വന്ന മാർഗം നിങ്ങൾ പിൻതുടരുകയും ചെയ്യേണ്ടതുണ്ട് എന്നൊക്കെ മനു

ഷ്യലോകത്തോട് പ്രഖ്യാപനം ചെയ്യണമെന്ന് അല്ലാഹു നബി തിരുമേനിﷺ യോട് കൽപിക്കുകയാണ്.

നബി തിരുമേനിﷺ യുടെ പ്രവാചകത്വത്തെ അടിയോടെ നിഷേധിക്കാതെ -മുസ്‌ലിം പാമര ജനങ്ങളെ വഴിപിഴപ്പിക്കുവാൻ വേണ്ടി-അവിടുന്നു അറബികളിലേക്കു മാത്രം നിയോഗിക്കപ്പെട്ട റസൂലാണെന്നും, വേദക്കാരിലേക്ക് തിരുമേനി റസൂലായി നിയോഗിക്കപ്പെട്ടിട്ടില്ലെന്നും ചില അരമുറി ക്വുർആൻ വാക്യങ്ങൾ എടുത്തുദ്ധരിച്ചുകൊണ്ട് ചില ക്രിസ്തീയ പാതിരിമാർ സമർത്ഥിക്കാറുണ്ട്. അതുപോലെ നബി തിരുമേനിﷺയുടെ ശരീഅത്ത് നിയമങ്ങളിൽ ചിലതൊക്കെ അക്കാലത്തെയും അന്നത്തെ ജനങ്ങളെയും മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്-ഈ പരിഷ്കൃത കാലത്തെയും, ഇക്കാലത്തെ ജനങ്ങളെയും ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല-എന്ന് മുസ്‌ലിം നാമധാരികളായ ചില ആധുനിക തൽപരൻമാരും (അഥവാ മോഡേണിസ്റ്റുകളും) ജൽപിക്കുന്നത് കാണാം. അക്ഷരാർത്ഥത്തിൽ തന്നെ ഇതെല്ലാം അവരുടെ സ്വയം സൃഷ്ടിയാണെന്നും, അല്ലാഹുവിന്റെയും, റസൂലിന്റെയും പേരിൽ താൽപര്യപൂർവ്വം നടത്തപ്പെടുന്ന കള്ള പ്രചാരണമാണെന്നും ഈ വചനത്തിൽ നിന്നും, ഇതുപോലെ മറ്റു പല വചനങ്ങളിൽ നിന്നും സ്പഷ്ടമത്രെ.

റസൂൽ തിരുമേനിﷺ അരുളിച്ചെയ്തതായി ജാബിർ (റ) ഉദ്ധരിക്കുന്നു : മുമ്പ് ഒരു പ്രവാചകനും നൽകപ്പെട്ടിട്ടില്ലാത്ത അഞ്ചുകാര്യങ്ങൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു: ഒരു മാസത്തെ വഴി ദൂരത്തിൽ (എന്നെപ്പറ്റി ശത്രു ജനങ്ങൾക്ക്) ഭീതി നൽകികൊണ്ട് എനിക്ക് സഹായം നൽകപ്പെട്ടിരിക്കുന്നു. ഭൂമി എനിക്ക് നമസ്ക്കാര സ്ഥലവും ശുദ്ധീകരണ വസ്തുവും ആക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് എന്റെ സമുദായത്തിൽ ആർക്കെങ്കിലും നമസ്കാര സമയം വന്നാൽ അവൻ നമസ്കരിച്ചുകൊള്ളട്ടെ. എനിക്ക് ഗനീമത്ത് (ധർമ യുദ്ധത്തിൽ ശത്രുക്കളിൽ നിന്നും ലഭിക്കുന്ന) സ്വത്തുക്കൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. എന്റെ മുമ്പ് ആർക്കും അത് അനുവദനീയമാക്കപ്പെട്ടിരുന്നില്ല. എനിക്ക് ശഫാഅത്ത് (ക്വിയാമത്തുനാളിൽ ജനങ്ങളെ വിചാരണക്കെടുക്കുവാൻ വേണ്ടി അല്ലാഹുവിനോട് ചെയ്യുന്ന ശുപാർശ)നൽകപ്പെട്ടിരിക്കുന്നു. പ്രവാചകന്മാർ അവരുടെ ജനതയിലേക്കായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്. ഞാൻ മനുഷ്യരിലേക്ക് മുഴുവനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. (ബു: മു.) ഇതുപോലെ വേറെയും പല ഹദീഥുകൾ കാണാം.

وَمِن قَوْمِ مُوسَىٰٓ أُمَّةٌ يَهْدُونَ بِٱلْحَقِّ وَبِهِۦ يَعْدِلُونَ ﴿١٥٩﴾

﴾159﴿ മൂസായുടെ ജനങ്ങളിൽ (തന്നെ) യഥാർത്ഥമനുസരിച്ച് മാർഗദർശനം നൽകുകയും, അതനുസരിച്ച് തന്നെ നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഉണ്ട്താനും.

﴾159﴿ وَمِن قَوْمِ ജനങ്ങളിലുണ്ട്, ജനതയിൽപെട്ടതാണ് مُوسَى മൂസായുടെ أُمَّةٌ ഒരു സമൂഹം يَهْدُونَ അവൻ മാർഗദർശനം നൽകുന്നു, സന്മാർഗത്തിൽ ചലിക്കുന്നു بِالْحَقِّ യഥാർത്ഥമനുസരിച്ച് وَبِهِ അതനുസരിച്ച് തന്നെ يَعْدِلُونَ അവർ നീതി (മര്യാദ) പാലിക്കുന്നു (താനും)

മുൻ വചനങ്ങളിൽ കഴിഞ്ഞുപോയ പൊതുവായ ചില പരാമർശങ്ങളിൽ നിന്ന്

മൂസാ നബി(അ)യുടെ സമുദായം മുഴുക്കെ പിഴച്ചുപൊയിട്ടുണ്ടെന്നും, അവരിൽ സന്മാർഗത്തിൽ അവശേഷിക്കുന്നവർ ആരുമില്ലെന്നും ഒരു തെറ്റിദ്ധാരണക്കവകാശമുണ്ട്. ആ ധാരണ ശരിയല്ലെന്ന് ഇടക്കുവെച്ച് ഈ വചനം മുഖേന അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്

യാഥാർത്ഥ പ്രകാരം ജനങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയും, ന്യായം തെറ്റാതെ യഥാർത്ഥമനുസരിച്ച് തന്നെ പ്രവർത്തിച്ചും വരുന്ന ചില ആളുകൾ ആ സമുദായത്തിൽ ഉണ്ടെന്ന് അല്ലാഹു അറിയിക്കുന്നു. അതുകൊണ്ടാണ് യഹൂദികളിൽ നിന്നും ചില വ്യക്തികൾ നബിﷺയിൽ വിശ്വസിക്കുവാൻ മുന്നോട്ട് വന്നതും. നബിﷺ യുടെ ആഗമനത്തിന് ശേഷം, നബിﷺയെക്കുറിച്ച് അറിവായിട്ടു പിന്നെയും വിശ്വസിക്കുവാൻ തയ്യാറാകാത്തവർ ഇതിൽ ഉൾപ്പെടുകയില്ലെന്ന് പ്രത്യേകം പറയേണ്ടതില്ല. (സമൂഹം എന്ന് ഇവിടെ അർത്ഥം കൽപിക്കപ്പെട്ട أُمَّةٌ എന്ന വാക്കിന്റെ അർത്ഥങ്ങളെപ്പറ്റി 164-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിക്കാം) إن شاء الله

وَقَطَّعْنَٰهُمُ ٱثْنَتَىْ عَشْرَةَ أَسْبَاطًا أُمَمًا ۚ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ إِذِ ٱسْتَسْقَىٰهُ قَوْمُهُۥٓ أَنِ ٱضْرِب بِّعَصَاكَ ٱلْحَجَرَ ۖ فَٱنۢبَجَسَتْ مِنْهُ ٱثْنَتَا عَشْرَةَ عَيْنًا ۖ قَدْ عَلِمَ كُلُّ أُنَاسٍ مَّشْرَبَهُمْ ۚ

﴾160﴿ അവരെ നാം പന്ത്രണ്ട് ഗോത്രങ്ങളായി -അതായത് സമൂഹങ്ങളായി-മുറി(ച്ചുഭാഗി)ച്ചു. മൂസായുടെ ജനങ്ങൾ അദ്ദേഹത്തോട് (വെള്ളം)കുടിപ്പാൻ കൊടുക്കുവാനാവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന് നാം വഹ്യ് [സന്ദേശം] നൽകി നിന്റെ വടി കൊണ്ട് പാറക്കല്ലിന്ന് അടിച്ചുകൊള്ളുക എന്ന്, അപ്പോൾ അതിൽ നിന്ന് പന്ത്രണ്ട് നീരുറവകൾ പൊട്ടി ഒഴുകി (അവരിൽ)എല്ലാ മനുഷ്യരും അവ(രവ)ർക്ക് കുടിക്കാനുള്ള സ്ഥാനം അറിയുകയുണ്ടായി.

وَظَلَّلْنَا عَلَيْهِمُ ٱلْغَمَٰمَ وَأَنزَلْنَا عَلَيْهِمُ ٱلْمَنَّ وَٱلسَّلْوَىٰ ۖ كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ ۚ وَمَا ظَلَمُونَا وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿١٦٠﴾

അവർക്ക് നാം മേഘത്തെ തണലാക്കിക്കൊടുക്കുകയും ചെയ്തു. അവർക്ക് നാം മന്നായും സൽവായും ഇറക്കിക്കൊടുക്കുകയും ചെയ്തു. നിങ്ങൾക്ക് നാം നൽകിയിട്ടുള്ള നല്ല (വിശിഷ്ട) വസ്തുക്കളിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുവിൻ (എന്ന് നാം പറഞ്ഞു). (എന്നാൽ) അവർ നമ്മോട് (ഒന്നും)അക്രമം ചെയ്തില്ല, എങ്കിലും അവർ അവരോട് തന്നെയായിരുന്നു അക്രമം ചെയ്തിരുന്നത്.

﴾160﴿ وَقَطَّعْنَاهُمُ അവരെ നാം മുറിക്കുക (കഷ്ണിക്കുക-ഭാഗിക്കുക-പിരിക്കു

ക)യും ചെയ്തു اثْنَتَيْ عَشْرَةَ പന്ത്രണ്ട് أَسْبَاطًا ഗോത്രങ്ങളായി أُمَمًا സമൂഹങ്ങളായി, കൂട്ടങ്ങളായി وَأَوْحَيْنَا നാം വഹ്‌യ് (സന്ദേശം) നൽകുകയും ചെയ്തു إِلَىٰ مُوسَىٰ മൂസാക്ക് إِذِ اسْتَسْقَاهُ അദ്ദേഹത്തോട് കുടിക്കാനാവശ്യപ്പെട്ട (വെള്ളംതേടിയ)പ്പോൾ قَوْمُهُ അദ്ദേഹത്തിന്റെ ജനത أَنِ اضْرِب നീ അടിക്കുക എന്ന് بِعَصَاكَ നിന്റെ വടികൊണ്ട് الْحَجَرَ പാറക്ക്, പാറക്കല്ലിനെ فَانبَجَسَتْ അപ്പോൾ പൊട്ടി ഒഴുകി مِنْهُ അതിൽ നിന്ന്, അതിലൂടെ اثْنَتَا عَشْرَةَ പന്ത്രണ്ട് عَيْنًا നീരുറവ, അരുവി قَدْ عَلِمَ അറിഞ്ഞിട്ടുണ്ട്.അറിയുകയുണ്ടായി كُلُّ أُنَاسٍ എല്ലാ മനുഷ്യരും (മനുഷ്യക്കൂട്ടങ്ങളും) مَشْرَبَهُمْ അവരുടെ കുടിക്കുന്ന സ്ഥലം وَظَلَّلْنَا നാം തണലാക്കുകയും ചെയ്തു,നിഴലിട്ടു കൊടുത്തു عَلَيْهِمُ അവരുടെ മേൽ, അവർക്ക് الْغَمَامَ മേഘത്തെ وَأَنزَلْنَا നാം ഇറക്കുകയും ചെയ്തു عَلَيْهِمُ അവരിൽ, അവർക്ക് الْمَنَّ മന്നാ (കട്ടിത്തേൻ) وَالسَّلْوَىٰ സൽവായും (കാടപ്പക്ഷിയും) كُلُوا നിങ്ങൾ തിന്നുകൊള്ളുവിൻ مِن طَيِّبَاتِ നല്ല (ശുദ്ധ-വിശിഷ്ട) വസ്തുക്കളിൽ നിന്ന് مَا رَزَقْنَاكُمْ നിങ്ങൾക്ക് നാം നൽകിയതിലെ وَمَا ظَلَمُونَا അവർ നമ്മോട് അക്രമം ചെയ്തതുമില്ല وَلَٰكِن كَانُوا എങ്കിലും അവരായിരുന്നു أَنفُسَهُمْ അവരോട് തന്നെ يَظْلِمُونَ അവർ അക്രമം ചെയ്യുക.

ഇബ്റാഹീം നബി(അ)യുടെ മകനായ ഇസ്ഹാക് നബി(അ)യുടെ മകൻ യഅ്ക്വൂബ് നബി(അ)ക്ക് ഇസ്റാഈൽ എന്നും ഒരു പേരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പന്ത്രണ്ട് പുത്രൻമാരിൽ നിന്നും പെരുകിയുണ്ടായ സന്താനപരമ്പരകൾക്കാണ് പന്ത്രണ്ട് ഇസ്റാഈൽ ഗോത്രങ്ങൾ എന്നു പറയുന്നത്. ഓരോ ഗോത്രവും അതത് ഗോത്രത്തിന്റെ ആദ്യ പിതാവിന്റെ നാമത്തിൽ അറിയപ്പെടുന്നു. ആശീർ, ദാൻ, ഗാദു (ജാദ്), യിസ്സാഖർ, യഹൂദാ, നഫ്താലീ, റൂബീൻ (റൂബേൻ), ശംഊൻ (ശിമയോൻ) സബൂലൂൽ (സെബുലൂൻ), ലാവി (ലേവി) യൂസുഫ് ,ബിൻയാമീൻ ഇവയാണ് ആ നാമങ്ങൾ. ഇതിൽ യൂസുഫ് (അ)ന്റെ സന്തതികൾ പിന്നീട് അദ്ദേഹത്തിന്റെ രണ്ട് മക്കളായ അഫ്രായീം, മനശ്ശാ (എഫ്രയീം, മനാശ്ശ) എന്നിങ്ങിനെ രണ്ട് പേരിൽ അറിയപ്പെടുകയുണ്ടായെങ്കിലും മൊത്തത്തിൽ ഇസ്റാഈല്യർ പന്ത്രണ്ട് ഗോത്രങ്ങളായിത്തന്നെ ഗണിക്കപ്പെടുന്നു. സീനാ അർദ്ധദ്വീപിലെ മരുഭൂമിയിൽ അവിടവിടെയായി നാൽപതുകൊല്ലം കഴിഞ്ഞുകൂടിയ അവർ മൂസാ നബി(അ)യുടെ ശേഷം യൂശഅ് നബി(അ)യുടെ നേതൃത്വത്തിൽ ശാമിലെ ഫലസ്തീൻ പ്രദേശങ്ങളിൽ ക്രമേണ കുടിയേറിപ്പാർത്തു *(*)*

ഇസ്റാഈല്യർ വെള്ളമില്ലാതെ ബുദ്ധിമുട്ടിയപ്പോൾ, അല്ലാഹുവിന്റെ കൽപനപ്രകാരം മൂസാ (അ) പാറക്കല്ലിന് അടിക്കുകയും അതിൽ നിന്ന് പന്ത്രണ്ട് ഉറവുകൾപൊട്ടി ഒഴുകുകയും ചെയ്ത സംഭവത്തെപ്പറ്റി സൂ: അൽബക്വറഃ 60-ലും അവർക്ക് മരുഭൂമിയിൽവെച്ച് മേഘത്തണൽ നൽകിയതിനെക്കുറിച്ചും, മന്നായും സൽവായും (ഒരു തരം കട്ടിത്തേനും, കാടപ്പക്ഷിപോലുള്ള ഒരു തരം പക്ഷിയും) ആഹാരം നൽകിയതിനെക്കുറിച്ച് 57-ലും മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്, അവിടെ നോക്കുക.

(*) അതതു ഗോത്രങ്ങൾ കുടിയേറിപ്പാർത്ത പ്രദേശങ്ങൾ 2-ാം നമ്പർ ഭൂപടത്തിൽ അടയാളപ്പെടുത്തിക്കാണാം. പന്ത്രണ്ട് ഗോത്ര നാമങ്ങളുടെ അറബി രൂപം ക്രമപ്രകാരം ഇങ്ങിനെ ഉപയോഗിച്ചു വരുന്നു.

يساكر، يهودا، نفتالى، روبين، شمعون، زبولون، لاوى، يوسف (افرايم، منشا)بنيامين اشير، دان، جاد،

وَإِذْ قِيلَ لَهُمُ ٱسْكُنُوا۟ هَٰذِهِ ٱلْقَرْيَةَ وَكُلُوا۟ مِنْهَا حَيْثُ شِئْتُمْ وَقُولُوا۟ حِطَّةٌ وَٱدْخُلُوا۟ ٱلْبَابَ سُجَّدًا نَّغْفِرْ لَكُمْ خَطِيٓـَٔـٰتِكُمْ ۚ سَنَزِيدُ ٱلْمُحْسِنِينَ ﴿١٦١﴾

﴿161﴾ അവരോട് പറയപ്പെട്ട സന്ദർഭവും (ഓർക്കുക) : നിങ്ങൾ ഈ രാജ്യത്ത് താമസിക്കുകയും അതിൽ നിന്ന് നിങ്ങൾ ഉദ്ദേശിച്ചേടത്തു നിന്ന് തിന്നുകയും ചെയ്തു കൊള്ളുവിൻ നിങ്ങൾ ഹിത്ത്വതുൻ [പാപമോചനം] എന്നു പറയുകയും സുജൂദ് ചെയ്തു [തലകുനിച്ചു] കൊണ്ട് അതിന്റെ പടിവാതിൽ കടക്കുകയും ചെയ്യുവിൻ (എന്നാൽ) നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകളെ നാം പൊറുത്തുതരുന്നതാണ്. സുകൃതവാൻമാർക്ക് നാം (വഴിയെ)വർദ്ധിപ്പിച്ചു കൊടുക്കുന്നതാണ്.

فَبَدَّلَ ٱلَّذِينَ ظَلَمُوا۟ مِنْهُمْ قَوْلًا غَيْرَ ٱلَّذِى قِيلَ لَهُمْ فَأَرْسَلْنَا عَلَيْهِمْ رِجْزًا مِّنَ ٱلسَّمَآءِ بِمَا كَانُوا۟ يَظْلِمُونَ ﴿١٦٢﴾

﴿162﴾ എന്നിട്ട്, അവരിൽ നിന്ന് അക്രമം പ്രവർത്തിച്ചവർ, തങ്ങളോട് പറയപ്പെട്ടതല്ലാത്ത ഒരു വാക്ക് (അതിന്) പകരമാക്കി (മാറ്റി) അതിനാൽ, അവരുടെ മേൽ നാം ആകാശത്തു നിന്ന് ഒരു (കഠിന) ശിക്ഷ അയച്ചു അവർ അക്രമം പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം.

﴿161﴾ وَإِذْقِيلَ പറയപ്പെട്ട സന്ദർഭവും لَهُمُ അവരോട് اسْكُنُوا നിങ്ങൾ താമസിക്കു (പാർക്കു)വിൻ هَٰذِهِ الْقَرْيَةَ ഈ രാജ്യത്ത് وَكُلُوا നിങ്ങൾ തിന്നുകയും ചെയ്യുവിൻ مِنْهَا അതിൽ നിന്ന് حَيْثُ شِئْتُمْ നിങ്ങൾ ഉദ്ദേശിച്ചേടത്ത് (നിന്ന്), ഉദ്ദേശിച്ച പ്രകാരം وَقُولُوا പറയുകയും ചെയ്യുവിൻ حِطَّةٌ താഴ്ത്തൽ (പാപമോചനം), ഇറക്കിവെക്കുക وَادْخُلُوا പ്രവേശിക്കുക (കടക്കുക)യും ചെയ്യുവിൻ الْبَابَ വാതിൽ, പടിവാതിൽ കവാടം سُجَّدًا സുജൂദ് ചെയ്യുന്നവരായി, തലകുനിച്ചവരായി نَغْفِرْلَكُمْ നിങ്ങൾക്ക് നാം പൊറുത്തു തരും خَطِيئَاتِكُمْ നിങ്ങളുടെ തെറ്റുകൾ, പിഴവു(പാപം)കൾ سَنَزِيدُ നാം (വഴിയെ) വർദ്ധിപ്പിക്കും الْمُحْسِنِينَ നന്മ ചെയ്യുന്നവർക്ക്, സുകൃതവാൻമാർക്ക് ﴿162﴾ فَبَدَّلَ എന്നിട്ട് പകരമാക്കി, മാറ്റി മറിച്ചു الَّذِينَ ظَلَمُوا അക്രമം പ്രവർത്തിച്ചവർ مِنْهُمْ അവരിൽ നിന്ന് قَوْلًا ഒരു വാക്ക് غَيْرَ ഒഴികെ الَّذِي قِيلَ لَهُمْ അവരോട് പറയപ്പെട്ട فَأَرْسَلْنَا അപ്പോൾ നാം അയച്ചു عَلَيْهِمْ അവരിൽ رِجْزًا ഒരു (കഠിന) ശിക്ഷ مِنَ السَّمَاءِ ആകാശത്ത്നിന്ന് بِمَا كَانُوا അവർ ആയിരുന്ന് നിമിത്തം (കൊണ്ട്) يَظْلِمُونَ അവർ അക്രമം ചെയ്യും.

ഈ വിവരവും അൽബഖ്വറഃ 58,59 വചനങ്ങളിൽ കഴിഞ്ഞുപോയിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് അവയുടെ വ്യാഖ്യാനം നോക്കുക.

വിഭാഗം - 21

وَسْـَٔلْهُمْ عَنِ ٱلْقَرْيَةِ ٱلَّتِى كَانَتْ حَاضِرَةَ ٱلْبَحْرِ إِذْ يَعْدُونَ فِى ٱلسَّبْتِ إِذْ تَأْتِيهِمْ حِيتَانُهُمْ يَوْمَ سَبْتِهِمْ شُرَّعًا وَيَوْمَ لَا يَسْبِتُونَ لَا تَأْتِيهِمْ ۚ

﴾163﴿ സമുദ്രത്തിനടുത്ത് സ്ഥിതി ചെയ്തിരുന്നതായ (ആ) രാജ്യത്തെക്കുറിച്ച് -(അതെ) അവര്‍ സബ്ത്തില്‍ [ശബ്ബത്ത് ആചരണത്തില്‍] അതിക്രമം നടത്തിയിരുന്ന സന്ദര്‍ഭത്തെ(ക്കുറിച്ച്)-അവരോട് ചോദി(ച്ചു നോ)ക്കുക ! അതായത് അവരുടെ സബ്ത്തിന്റെ ദിവസം അവരുടെ മത്സ്യങ്ങള്‍ (വെള്ളത്തിന് മീതെ തല) പൊങ്ങിക്കൊണ്ട് അവര്‍ക്ക് വന്നിരുന്ന സന്ദര്‍ഭം അവര്‍ സബ്ത്തു [ശബ്ബത്ത്] ആചരിക്കാത്ത ദിവസമാകട്ടെ അവ അവര്‍ക്ക് വന്നിരുന്നതുമില്ല

كَذَٰلِكَ نَبْلُوهُم بِمَا كَانُوا۟ يَفْسُقُونَ ﴿١٦٣﴾

അപ്രകാരം, അവര്‍ തോന്നിയവാസം പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതു നിമിത്തം അവരെ നാം പരീക്ഷണം ചെയ്തിരുന്നു.

﴾163﴿ وَاسْأَلْهُمْ അവരോട് ചോദിക്കുക عَنِ الْقَرْيَةِ രാജ്യത്തെക്കുറിച്ച് الَّتِي كَانَتْ ആയിരുന്നതായ حَاضِرَةَ അരികെ സ്ഥിതി ചെയ്യുന്നത് الْبَحْرِ സമുദ്രത്തിങ്കല്‍(കടലിന്റെ) إِذْ يَعْدُونَ അവര്‍ അതിക്രമം ചെയ്യുന്ന (അതിരുവിട്ടിരുന്ന) സന്ദര്‍ഭം فِي السَّبْتِ ശബ്ബത്തില്‍ (ശബ്ബത്ത് ആചരണത്തില്‍) إِذْ تَأْتِيهِمْ അതായത് അവര്‍ക്ക് വരുന്ന സന്ദര്‍ഭം حِيتَانُهُمْ അവരുടെ മല്‍സ്യങ്ങള്‍ يَوْمَ سَبْتِهِمْ അവരുടെ ശബ്ബത്തിന്റെ ദിവസം (നാളില്‍) شُرَّعًا പൊങ്ങിക്കൊണ്ട് (മൂക്കെടുത്തുക്കൊണ്ട്) وَيَوْمَ لَا يَسْبِتُونَ അവര്‍ ശബ്ബത്ത് ആചരിക്കാത്ത ദിവസമാകട്ടെ لَا تَأْتِيهِمْ അവ അവര്‍ക്ക് വരുകയുമില്ല كَذَٰلِكَ അപ്രകാരം نَبْلُوهُمْ അവരെ നാം പരീക്ഷിച്ചിരുന്നു بِمَا كَانُوا അവര്‍ ആയിരുന്നതുകൊണ്ട് يَفْسُقُونَ അവര്‍ തോന്നിയവാസം (ധിക്കാരം) പ്രവര്‍ത്തിക്കും.

അല്‍ബഖഃറഃ 65,66 വചനങ്ങളില്‍ പ്രസ്താവിക്കപ്പെട്ട സംഭവത്തിന്റെ വിശദ രൂപമാണ് ഇവിടെ അല്ലാഹു വിവരിക്കുന്നത്. ചെങ്കടലിന്റെ വടക്കേ ഭാഗത്ത് സമുദ്രം ഇടത്തും വലത്തുമായി രണ്ട് ശാഖകളായി പിരിഞ്ഞു നില്‍ക്കുന്നു. ഒന്നിന് സൂയസ് ഉള്‍ക്കടല്‍ എന്നും മറ്റേതിന് അല്‍അഖബഃ ഉള്‍ക്കടല്‍ എന്നും പറയപ്പെടുന്നു. മുന്‍കാലത്ത് ഐലത്ത് (ഏലാത്ത് الأَيْلَة) എന്നു പറയപ്പെട്ടിരുന്ന അല്‍അഖബഃയാണ് ഈ ഉള്‍ക്കടലിന്റെ തുറമുഖ പട്ടണം. അവിടെയാണ് ഈ സംഭവം നടന്നതെന്നത്രെ പലരും പറഞ്ഞു കാണുന്നത്. വേറെയും അഭിപ്രായം ഇല്ലാതില്ല. അവിടത്തെ നിവാസികളായ

ഇസ്റാഈല്യർ മീൻ പിടുത്തക്കാരായിരുന്നു. ശനിയാഴ്ച ദിവസം അവർ തൗറാത്തിന്റെ നിയമപ്രകാരം ശബ്ബത്ത് ആചരിക്കേണ്ടുന്ന ദിവസമാണ്. അന്ന് ജോലിക്കു പോകാതെ പ്രത്യേകം ചില ആരാധനാ കർമങ്ങൾ നടത്തേണ്ടതുണ്ട്. അതനുസരിച്ചാണ്-ക്രിസ്ത്യാനികൾ ഞായറാഴ്ചയെന്നപോലെ - യഹൂദികൾ ഇന്നും ശനിയാഴ്ച ഒഴിവ് ദിവസമായി ആചരിച്ചു വരുന്നത്. മത ശാസനകളിൽ നിന്ന് ഒഴിഞ്ഞു മാറുവാനുള്ള കൌശലങ്ങൾ കണ്ടുപിടിക്കൽ യഹൂദികളുടെ ഒരു പതിവാകുന്നു. അതുകൊണ്ട് അല്ലാഹു അവരിൽ ഒരു പരീക്ഷണം നടത്തി. ശനിയാഴ്ച ദിവസം മത്സ്യങ്ങൾ കൂട്ടം കൂട്ടമായി വന്നു വെള്ളത്തിൽ മീതെ തലപൊക്കിക്കൊണ്ടിരിക്കും. മറ്റു ദിവസങ്ങളിൽ അങ്ങനെ സംഭവിക്കാറുമില്ല. ഇതു കാണുമ്പോൾ അവർക്ക് സഹിക്കുവാൻ കഴിയാതെയായി. അവർ ഒരു സൂത്രം പ്രയോഗിച്ചു. അൽപം അകലെ ചില കുളങ്ങൾ സ്ഥാപിക്കുക സമുദ്രത്തിൽ നിന്നും അതിലേക്ക് വെള്ള ചാലുകളും നിർമിക്കുക. മത്സ്യങ്ങൾ ചാലുകളിലൂടെ കുതിച്ചു വന്നു കുളത്തിൽ തങ്ങിക്കണ്ടാൽ ഉടനെ കുളത്തിന്റെ മുഖം അടച്ചു കെട്ടുകയും, പിറ്റെന്ന് മത്സ്യങ്ങളെ പിടിക്കുകയും ചെയ്യുക. ഇതുവഴി ശനിയാഴ്ച മൽസ്യം പിടിക്കുന്ന ജോലിക്കു പോയി എന്ന ആരോപണത്തിൽ നിന്നും അവർ ഒഴിവാകുകയും, മൽസ്യം ശേഖരിക്കുവാൻ അവർക്ക് സാധിക്കുകയും ചെയ്യുന്നു. ഇത് കാപട്യവും, അക്രമവും, നിയമത്തിന്റെ യുക്തിതത്വത്തെ മറികടക്കലുമാണല്ലോ. അതുകൊണ്ടാണ് അവർ അതിക്രമം പ്രവർത്തിച്ചിരുന്നുവെന്ന് അല്ലാഹു പറഞ്ഞത്.

ഇതുപോലെ, സകാത്തിന്റെ വിഷയത്തിലും, പലിശ ഇടപാടുകളിലും മറ്റും മതനിയമങ്ങൾ പാലിച്ചുവെന്ന് വരുത്തിത്തീർക്കുകയും, അതോടൊപ്പം അവയിൽ നിന്ന് മോചനം നേടുവാൻ ചില കൗശല മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന പലരെയും മുസ്ലിംകളിലും കാണാം. കേവലം ചില ഫിക്ഹ്മസ്അലകളെ മാത്രം ആധാരമാക്കുകയും, മതനിയമങ്ങളുടെ ആന്തരാർത്ഥങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും കണക്കിലെടുക്കാതിരിക്കുകയും ചെയ്യുന്ന പണ്ഡിത വർഗത്തിലായിരിക്കും ഈ ദുഃസ്സമ്പ്രദായം വിശേഷിച്ചും കാണപ്പെടുക. ഈ സമ്പ്രദായം എത്രമാത്രം ദുഷിച്ചതാണെന്നുള്ളതിന് ഇസ്റാഈല്യരിൽ പണ്ടു കഴിഞ്ഞ ഈ സംഭവം അല്ലാഹു ക്വുർആനിൽ വിവരിച്ചതിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. അതിനുവേണ്ടിത്തന്നെയാണ് ഇത്തരം സംഭവങ്ങൾ അല്ലാഹു നമുക്ക് വിവരിച്ചു തരുന്നതും. അബൂഹുറയ്റഃ (റ) യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു : യഹൂദികൾ പ്രവർത്തിച്ചതുപോലെ നിങ്ങൾ പ്രവർത്തിക്കരുത്. അതായത്. അല്ലാഹു ഹറാമാക്കിയ കാര്യങ്ങളെ താണതരം ഉപായങ്ങൾ വഴി നിങ്ങൾ ഹലാലാക്കരുത് **حكاه ابن كثير عن بطة باسنادجيّد**

മൽസ്യം ശനിയാഴ്ച ദിവസങ്ങളിൽ ധാരാളം പൊങ്ങിവന്നിരുന്നുവെന്നും, മറ്റു ദിവസങ്ങളിൽ അങ്ങിനെ വന്നിരുന്നില്ലെന്നുമുള്ളതിന് കാരണം كَذَٰلِكَ نَبْلُوهُمْ (അപ്രകാരം അവരെ നാം പരീക്ഷണം ചെയ്തിരുന്നു) എന്നു പറഞ്ഞുകൊണ്ട് അല്ലാഹു തന്നെ അറിയിച്ചു തന്നിരിക്കുന്നു. ഏത് സംഭവത്തിലും വല്ല അസാധാരണത്വവും കാണുന്നത് സഹിക്കുവാൻ വയ്യാത്ത ചിലർ അതിന് ഇങ്ങിനെ കാരണം പറഞ്ഞു കാണുന്നു: ശനിയാഴ്ച അവർ മൽസ്യം പിടിക്കുകയില്ലെന്ന് നിത്യാനുഭവത്തിൽ നിന്നും മൽസ്യങ്ങൾ മനസ്സിലാക്കിയിരുന്നത് കൊണ്ടാണ് അവ അന്നുവെള്ളത്തിന് മീതെ ധാരാളമായി പൊങ്ങിയിരുന്നത്. അല്ലാഹു പറഞ്ഞ കാരണം ഇവർക്ക് തൃപ്തിപ്പെട്ടിട്ടില്ലെന്ന് തോന്നുന്നു: അതിരിക്കട്ടെ എത്രയോ കൊല്ലങ്ങളായി വെള്ളിയാഴ്ച ദിവസം മൽസ്യം

പിടിക്കുന്നവർ ജോലിക്കിറങ്ങാത്ത കടപ്പുറങ്ങൾ നമ്മുടെ നാടുകളിൽ ഉണ്ടായിരുന്നിട്ടും വെള്ളിയാഴ്ച ദിവസം പ്രത്യേകമായി മൽസ്യങ്ങൾ പൊന്തിവരാറുള്ള വാർത്ത ഇതുവരെ കേൾക്കുകയുണ്ടായിട്ടില്ല. അപ്പോൾ ഇക്കാലത്ത് മൽസ്യങ്ങൾക്കില്ലാത്ത വല്ല ബുദ്ധിശക്തിയും അന്നത്തെ മൽസ്യങ്ങൾക്കുണ്ടായിരിക്കുമെന്നായിരിക്കാം ഇവരുടെ ധാരണ. അൽഭുതം തന്നെ ? അല്ലാമ സയ്യിദ്ക്വുത്ത്ബ് (റ) ഇവിടെ പ്രസ്താവിച്ച ഒരു പ്രസ്താവന ശ്രദ്ധേയമാകുന്നു. അതിന്റെ സാരം ഇങ്ങിനെ ഉദ്ധരിക്കാം: പ്രകൃതി നിയമങ്ങളെന്ന് ഇക്കൂട്ടർ സങ്കൽപിച്ചുവെച്ചതിനപ്പുറം അല്ലാഹു ഒന്നും ഉദ്ദേശിക്കുവാൻ പോകുന്നില്ലെന്നാണ് ഇവരുടെ വിചാരം. ഇസ്‌ലാമിക വീക്ഷണത്തിൽ - സംഭവത്തിലും അങ്ങിനെത്തന്നെ. ഈ ലോകത്തിന് സാധാരണമായ ഒരു നടപടി ക്രമം അല്ലാഹു നിശ്ചയിച്ചിട്ടുള്ളത് ശരിയാണ്. പക്ഷേ, അല്ലാഹുവിന്റെ ഉദ്ദേശ്യം ആ നടപടി ക്രമത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ആണെന്ന് ധരിക്കുന്നവർ -അവർ എത്ര കേമൻമാരായാലും ശരി-ലോക പ്രകൃതിയെക്കുറിച്ച് പോലും അജ്ഞൻമാരാകുന്നു. അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചിടത്തോളം, അവൻ ഉദ്ദേശിക്കുന്നത് എന്ത് എന്നല്ലാതെ വേറെ പ്രകൃതി നിയമമൊന്നും അതിന് ബാധകമല്ല.

ഈ സംഭവം മദനീ സൂറത്തായ അൽബക്വറഃയിൽ ചുരുക്കിയും, മക്കീ സൂറത്തായ ഈ സൂറത്തിൽ വിശദീകരിച്ചുമാണ് അല്ലാഹു ഉദ്ധരിച്ചിരിക്കുന്നത്. മുൻകാല ചരിത്ര സംഭവങ്ങൾ സത്യസന്ധമായും, വസ്തുനിഷ്ഠമായും വിവരിക്കുവാൻ വേദഗ്രന്ഥങ്ങൾ വായിച്ചിട്ടില്ലാത്ത നബിﷺ ക്കു സാധിച്ചത് മദീനായിൽ ചെന്ന ശേഷം വേദക്കാരുമായി നബിﷺ ഇടപഴകിയപ്പോൾ അവരിൽ നിന്നു കിട്ടിയ വിവരമനുസരിച്ചാണെന്ന് ഇസ്‌ലാമിന്റെ ശത്രുക്കളിൽ ചിലർ പറയാറുണ്ട്. ഇതു ശുദ്ധ നുണയാണെന്നുള്ളതിന് ഒരു തെളിവാണത്. മക്കീ സൂറത്തുകളിൽ ചുരുക്കിപ്പറഞ്ഞ ശേഷം മദനീ സൂറത്തുകളിൽ സംഭവങ്ങളെ വിശദീകരിച്ചു പറഞ്ഞിരിക്കയാണെങ്കിൽ-വാസ്തവ വിരുദ്ധമാണെങ്കിലും - അങ്ങിനെ വാദിക്കുന്നതിന് വല്ല ന്യായവും ഉണ്ടാകുമായിരുന്നു. നേരെമറിച്ച് മുൻകാല സംഭവങ്ങൾ അധികവും മക്കീ സൂറത്തുകളിലാണ് കൂടുതൽ വിവരിക്കപ്പെട്ടിരിക്കുന്നത്. ചില സംഭവങ്ങൾ മക്കീ സൂറത്തുകളിൽ മാത്രമേ വിവരിക്കപ്പെട്ടിട്ടുള്ളു താനും. സൂറത്തു യൂസുഫിലെ ഒരൊററ കഥാ വിവരണത്തിൽ നിന്നു തന്നെ ഈ യാഥാർത്ഥ്യം വേണ്ടത്ര മനസ്സിലാക്കാവുന്നതാണ്. ക്വുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ളതിന് ഒരു നിഷ്പക്ഷ ബുദ്ധിക്കു വേറെ തെളിവിന്റെ ആവശ്യമേ ഇല്ല. ഇത് സൂചിപ്പിച്ചുകൊണ്ടു തന്നെയാണ് നബിﷺയെ പലപ്പോഴും അക്ഷരജ്ഞാനമില്ലാത്തയാൾ (الامى) എന്ന് അല്ലാഹു വിശേഷിപ്പിക്കുന്നതും. قل فلله الحجة البالغة അല്ലാഹു തുടരുന്നു :

وَإِذْ قَالَتْ أُمَّةٌ مِّنْهُمْ لِمَ تَعِظُونَ قَوْمًا ۙ اللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ عَذَابًا شَدِيدًا ۖ

﴾164﴿ അവരിൽ നിന്നുള്ള ഒരു സമൂഹം (ആളുകൾ) പറഞ്ഞ സന്ദർഭവും (ഓർക്കുക) അല്ലാഹു നശിപ്പിക്കുകയോ, അല്ലെങ്കിൽ കഠിനമായ വല്ല ശിക്ഷയും ശിക്ഷിക്കുകയോ ചെയ്തേക്കാവുന്ന ഒരു ജനതക്ക് എന്തിനാണ് നിങ്ങൾ സദുപ

ദേശം നൽകുന്നത് ?!

قَالُوا۟ مَعْذِرَةً إِلَىٰ رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ ﴿١٦٤﴾

അവർ (മറുപടി) പറഞ്ഞു : നിങ്ങളുടെ റബ്ബിങ്കലേക്കു ഒരു ഒഴികഴിവായിട്ടു (മാത്രം); അവർ [ജനങ്ങൾ] സൂക്ഷ്മത പാലിക്കുകയും ചെയ്തേക്കാം.

فَلَمَّا نَسُوا۟ مَا ذُكِّرُوا۟ بِهِۦٓ أَنجَيْنَا ٱلَّذِينَ يَنْهَوْنَ عَنِ ٱلسُّوٓءِ وَأَخَذْنَا ٱلَّذِينَ ظَلَمُوا۟ بِعَذَابٍۭ بَـِٔيسٍۭ بِمَا كَانُوا۟ يَفْسُقُونَ ﴿١٦٥﴾

﴾165﴿ എന്നാൽ, അവരോട് ഉപദേശിക്കപ്പെട്ടത് അവർ (വകവെക്കാതെ) മറന്നു കളഞ്ഞപ്പോൾ, (ആ) ദുഷ് പ്രവൃത്തിയെക്കുറിച്ച് വിരോധിച്ചിരുന്നവരെ നാം രക്ഷപ്പെടുത്തി ; അക്രമം പ്രവർത്തിച്ചവരെ അവർ തോന്നിയവാസം പ്രവർത്തിച്ചിരുന്നത് നിമിത്തം ഗൗരവപ്പെട്ട ഒരു ശിക്ഷ മുഖേന നാം പിടിക്കുകയും ചെയ്തു.

فَلَمَّا عَتَوْا۟ عَن مَّا نُهُوا۟ عَنْهُ قُلْنَا لَهُمْ كُونُوا۟ قِرَدَةً خَـٰسِـِٔينَ ﴿١٦٦﴾

﴾166﴿ എന്നുവെച്ചാൽ, അവരോട് വിരോധിക്കപ്പെട്ടതിനെ (ലംഘിച്ചു) അവർ ധിക്കാരം പ്രവർത്തിച്ചപ്പോൾ, അവരോട് നാം പറഞ്ഞു : നിങ്ങൾ നിന്ദ്യൻമാരായ കുരങ്ങുകളായിക്കൊള്ളുവിൻ !

﴾164﴿ وَإِذْقَالَتْ പറഞ്ഞ സന്ദർഭവും أُمَّةٌمِّنْهُمْ അവരിൽ നിന്നു ഒരു സമൂഹം لِمَتَعِظُونَ നിങ്ങൾ എന്തിന് സദുപദേശം നൽകുന്നു قَوْمًا ഒരു ജനതക്ക്, ജനങ്ങളോട് اللَّهُ അല്ലാഹു مُهْلِكُهُمْ അവരെ നശിപ്പിക്കുന്നവനാണ് (നശിപ്പിച്ചേക്കും) أَوْمُعَذِّبُهُمْ അല്ലെങ്കിൽ അവരെ ശിക്ഷിക്കുന്നവനാണ് (ശിക്ഷിച്ചേക്കും) عَذَابًا ഒരു ശിക്ഷ, വല്ല ശിക്ഷയും شَدِيدًا കഠിനമായ قَالُوا അവർ പറഞ്ഞു مَعْذِرَةً ഒഴികഴിവിനായിട്ടു, ഒരൊഴികഴിവ് إِلَىٰرَبِّكُمْ നിങ്ങളുടെ റബ്ബിങ്കലേക്ക് وَلَعَلَّهُمْ അവരായേക്കുകയും ചെയ്യാമല്ലോ يَتَّقُونَ അവർ സൂക്ഷിക്കും ﴾165﴿ فَلَمَّانَسُوا എന്നാൽ അവർ വിസ്മരിച്ചപ്പോൾ مَاذُكِّرُوابِهِ അവരോട് യാതൊന്നുകൊണ്ട് ഉപദേശിക്കപ്പെട്ടുവോ അത്, അവർ ഓർമിപ്പിക്കപ്പെട്ടത് أَنْجَيْنَا നാം രക്ഷപ്പെടുത്തി الَّذِينَ يَنْهَوْنَ വിരോധിക്കുന്നവരെ عَنِ السُّوءِ തിൻമ (ദുഷ്പ്രവൃത്തി)യെപ്പറ്റി وَأَخَذْنَا നാം പിടിക്കുക(പിടികൂടുക)യും ചെയ്തു. الَّذِينَظَلَمُوا അക്രമം ചെയ്തവരെ بِعَذَابٍ ഒരു ശിക്ഷകൊണ്ട് بَئِيسٍ ഗൗരവപ്പെട്ട, വിഷമകരമായ بِمَاكَانُوا അവർ ആയിരുന്നത് നിമിത്തം يَفْسُقُونَ .അവർ തോന്നി

യവാസം പ്രവർത്തിക്കും. ﴾166﴿ فَلَمَّا عَتَوْا അതായത് (അങ്ങിനെ-എന്നാൽ) അവർ ധിക്കരിച്ച (അതിലംഘിച്ച)പ്പോൾ عَنْ مَا نُهُوا عَنْهُ അവരോട് വിരോധിക്കപ്പെട്ടതിനെ قُلْنَا നാം പറഞ്ഞു لَهُمْ അവരോട്, അവരെക്കുറിച്ച് كُونُوا നിങ്ങൾ ആകുവിൻ, ആയിത്തീരുവിൻ قِرَدَةً കുരങ്ങുകൾ خَاسِئِينَ നിന്ദ്യൻമാരായ

أُمَّة (ഉമ്മത്ത്) എന്ന വാക്കിനാണ് ഇവിടെയും 159-ാം വചനത്തിലും സമൂഹം എന്ന്നാം അർത്ഥം നൽകിയത്. സമുദായം എന്നാണ് സാധാരണ അതിന് നൽകപ്പെട്ടു വരാറുള്ള വിവർത്തനം. എങ്കിലും സന്ദർഭമനുസരിച്ച് കൂട്ടം, വിഭാഗം, സംഘം, സമൂഹം എന്നിങ്ങനെയുള്ള അർത്ഥങ്ങളിലും അത് ഉപയോഗിക്കപ്പെടാറുണ്ട്. മതം, സംസ്കാരം, സ്ഥലം, കാലം ആദിയായ ഏതെങ്കിലും ഒരു കാര്യത്തിൽ ഐക്യതയുള്ള എല്ലാ വിഭാഗങ്ങൾക്കും - ആ ഐക്യത സ്വയമേവ ഉണ്ടായതായാലും മറ്റൊരു ശക്തിക്ക് വിധേയമായതു നിമിത്തം ഉണ്ടായിത്തീർന്നതായാലും ശരി - ഉമ്മത്ത് (സമുദായം) എന്നു പറയാവുന്നതാണെന്ന് ഇമാം റാഗിബ് (റ) അദ്ദേഹത്തിന്റെ നിഘണ്ടുവിൽ പ്രസ്താവിച്ചിരിക്കുന്നു. ഇബ്റാഹീം നബി (അ) അല്ലാഹുവിനോട് ഭക്തിയുള്ള ഒരു സമുദായമായിരുന്നു. (إِنَّ إِبْرَاهِيمَ كَانَ أُمَّةً قَانِتًا لِلَّهِ) എന്നും, മനുഷ്യർ ഒരേ സമുദായമായിരുന്നു (كَانَ النَّاسُ أُمَّةً وَاحِدَةً) എന്നുമുള്ള ഖുർആൻ വാക്യങ്ങളും, ഖിയാമത്തുനാളിൽ സൃഷ്ടികൾ സമ്മേളിക്കുമ്പോൾ ചില നബിമാരുടെ സമുദായം (أُمَّة) ഒരാളോ രണ്ടാളോ മാത്രമായിരിക്കും ഉണ്ടായിരിക്കുകയെന്ന് ഒരു ഹദീസിൽ നബി ﷺ പറഞ്ഞതും ഇതുകൊണ്ടാകുന്നു.

ആ രാജ്യക്കാർ മൂന്നു വിഭാഗക്കാരായിരുന്നുവെന്ന് ഈ വചനത്തിൽ നിന്നും മനസ്സിലാക്കാം (1) നിയമം ലംഘിച്ചുകൊണ്ട് മൽസ്യം പിടിച്ചിരുന്നവർ, ഇതവരുടെ പതിവായിരുന്നുവെന്നാണ് അല്ലാഹുവിന്റെ വാക്കുകൾ കാണിക്കുന്നത്

(2) അവരുടെ ഈ ദുഷ്പ്രവൃത്തിയെക്കുറിച്ച് ആക്ഷേപിക്കുകയും അവരെഅതിൽ നിന്നും പിന്തിരിപ്പിക്കുവാൻ വേണ്ടി ഉപദേശിക്കുകയും ചെയ്തുവന്നിരുന്ന ഗുണകാംക്ഷികൾ.

(3) ആ പ്രവൃത്തിയെപ്പറ്റി മനസ്സുകൊണ്ട് വെറുക്കുകയും, അതോടുകൂടി അവരെ ഉപദേശിച്ചിട്ട് ഫലമില്ലെന്നും, അവർ അല്ലാഹുവിങ്കൽ നിന്നുള്ള ഏതെങ്കിലും ശിക്ഷക്ക് വിധേയരായിത്തീരുക തന്നെ ചെയ്തേക്കുമെന്നും കരുതി മൗനമവലംബിച്ചവർ,

രണ്ടാമത്തെ വിഭാഗക്കാരായ ആ നല്ല മനുഷ്യർ ഒന്നാമത്തെ വിഭാഗക്കാരായ അക്രമികളെ ഉപദേശിച്ചതുകൊണ്ട് അവർക്ക് മാനസാന്തരം വരുന്നില്ലെന്ന് കണ്ടപ്പോഴാണ് മൂന്നാമത്തെ വിഭാഗക്കാർ അവരോട് ചോദിക്കുന്നത് : നിങ്ങളെന്തിനാണ് ഇവരെ ഉപദേശിക്കാൻ മിനക്കെടുന്നത് ? നിങ്ങളുടെ ഉപദേശം കൊണ്ട് അവർക്ക് ഫലമൊന്നും കാണുന്നില്ലല്ലോ. അവരെ അല്ലാഹു നശിപ്പിക്കുകയോ, വല്ല കഠിന ശിക്ഷയും മുഖേന പാഠം പഠിപ്പിക്കുകയോ ചെയ്യാതിരിക്കയില്ല, വൃഥാ അവരെ ഉപദേശിച്ചിട്ടു എന്താണ് കാര്യം ? എന്നൊക്കെ. അതിന് ആ നല്ല മനുഷ്യർ മറുപടി നൽകുന്നു. ഉപദേശം അവരിൽ ഫലം ചെയ്യുന്നില്ലെങ്കിലും സൽക്കാര്യംകൊണ്ട് ഉപദേശിക്കുകയെന്ന ഞങ്ങളുടെ കടമ ഞങ്ങൾ നിർവ്വഹിച്ചില്ലെന്ന കുറ്റത്തിൽ നിന്നും ഞങ്ങൾക്ക് ഒഴിവ് കിട്ടുമല്ലോ. നിങ്ങൾ എന്തുകൊണ്ട് ഉപദേശിച്ചില്ലെന്ന് ഞങ്ങളോട് അല്ലാഹു ചോദിക്കുവാൻ ഇടവരാതിരിക്കട്ടെ എന്നാണ് ഞങ്ങളുടെ ഉദ്ദേശ്യം. ഒരു പക്ഷേ, ഉപദേശം കേട്ട് അവർ

പിൻമടങ്ങുവാനും സാധ്യതയുണ്ടല്ലോ.

പക്ഷേ, അക്രമികൾ ഉപദേശം ചെവികൊണ്ടതേയില്ല. വിശ്വാസദൗർബ്ബല്യത്തിൽ നിന്നും, സ്വാർത്ഥതാൽപര്യത്തിൽ നിന്നും ഉത്ഭവിച്ച അവരുടെ സ്വഭാവം ധിക്കാര ശീല മായി മാറി. ധിക്കാരം മുഴുത്തപ്പോൾ അല്ലാഹു അവരെ കഠിനമായ ശിക്ഷ-ചരിത്ര ത്തിൽ ഇണയില്ലാത്ത ഒരു ശിക്ഷ-ശിക്ഷിച്ചു. ആ ധിക്കാരത്തിൽ നിന്ന് അവരെ തടയു വാൻ ശ്രമിച്ചിരുന്ന ഉപദേഷ്ടാക്കളെ അല്ലാഹു ശിക്ഷയിൽ പെടാതെ രക്ഷിക്കുകയും ചെയ്തു. മേൽപറഞ്ഞ മൂന്നാമത്തെ വിഭാഗക്കാരെപ്പറ്റി അല്ലാഹു ഒന്നും പ്രസ്താവിച്ചി ട്ടില്ല. അവരെ പ്രശംസിക്കുകയോ ആക്ഷേപിക്കുകയോ ചെയ്തിട്ടുമില്ല. അവരുടെ പക്കൽ കുറേ വീഴ്ച വന്നിട്ടുണ്ടെങ്കിലും -ചില മഹാൻമാരുടെ പ്രസ്താവനകളിൽ കാണപ്പെ ടുന്നതുപോലെ - അവർ ശിക്ഷക്ക് വിധേയരായ അക്രമികളിൽപെട്ടവരല്ലാത്ത സ്ഥിതിക്ക് അല്ലാഹു അവരെയും രക്ഷപ്പെടുത്തിയിരിക്കുമെന്നാണ് കരുതേണ്ടത്. അക്രമികൾക്ക് നൽകിയ ശിക്ഷ അല്ലാഹു അവരോട് നിന്ദ്യൻമാരായ കുരങ്ങുകളായിത്തീരുവിൻ (كُونُوا قِرَدَةً خَاسِئِينَ) എന്നു പറഞ്ഞതായിരുന്നു. അല്ലാഹു പറഞ്ഞാൽ പിന്നെ അതു സംഭവിച്ചതു തന്നെ എന്നു പറയേണ്ടതില്ല. ഏതൊരു കാര്യവും ഉണ്ടാവണമെന്ന് അവൻ പറഞ്ഞാൽ അതു ഉണ്ടാകുക തന്നെ ചെയ്യും (36 ; 82, 3:59)

അവർ യഥാർത്ഥ കുരങ്ങൻമാരായി മാറി എന്നാണ് ഈ പറഞ്ഞ വാക്കിന്റെ അർത്ഥമെന്ന് വ്യക്തമാണ്. ചിലർ പറഞ്ഞു കാണുന്നത് പോലെ കുരങ്ങുകളെപ്പോലെ ആയിത്തീരുവിൻ എന്നോ, നിന്ദ്യൻമാരായി ജീവിച്ചു കൊള്ളുവിൻ എന്നോ മറ്റോ വ്യാഖ്യാനം പറയുവാൻ നമുക്ക് ന്യായമില്ല തന്നെ. അതിന് ധൈര്യം കാണിക്കുന്നത് ധിക്കാരവുമായിരിക്കും. അവരുടെ സ്വഭാവവും മനസ്സും കുരങ്ങുളെപ്പോലെ ആയി എന്നാ ണിതിന്റെ ഉദ്ദേശ്യമെന്ന് മുജാഹിദ് (റ)പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടത് ഒഴി ച്ചാൽ, കാര്യപ്പെട്ട ഒരു ഖുർആൻ വ്യാഖ്യാതാവും അങ്ങിനെ പറഞ്ഞിട്ടില്ല. മുജാഹിദ് (റ) ന്റെ ഈ അഭിപ്രായം ശരിയല്ലെന്ന് ഇബ്നുകഥീർ(റ) മുതലായവർ പ്രസ്താവി ച്ചത് സൂറത്തുൽ ബഖറഃയിൽ നാം ഉദ്ധരിച്ചിട്ടുണ്ട്. ചിലതെല്ലാം മാഇദഃയിലും ചൂണ്ടി ക്കാട്ടിയിട്ടുണ്ട്. മുജാഹിദ് (റ) ന്റെ ഈ അഭിപ്രായം തങ്ങൾക്കൊരു ഊന്നുവടിയാക്കു വാൻ ചിലർ ശ്രമിക്കാറുള്ളത് ശരിയല്ലെന്ന് പിന്നെ പ്രത്യേകം പറയേണ്ടതില്ലല്ലോ.

كُونُوا قِرَدَةً (നിങ്ങൾ കുരങ്ങൻമാരാകുവിൻ) എന്ന് പറഞ്ഞു മതിയാക്കാതെ خَاسِئِينَ (നിന്ദ്യൻമാരായ) എന്നുകൂടി ഇവിടെയും അൽബഖറഃയിലെ ആയത്തിലും അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു. അതിന് മുമ്പ് ആ ശിക്ഷയെ عَذَابٍ بَئِيسٍ(ഗൗരവ പ്പെട്ട ശിക്ഷ) എന്നും ഇവിടെ വിശേഷിപ്പിച്ചു. അൽബഖറഃയിലാകട്ടെ, ആ ശിക്ഷയെപ്പ റ്റി ... فَجَعَلْنَاهَا نَكَالًا لِّمَا بَيْنَ يَدَيْهَا(അതിനെ അതിന്റെ മുന്നിലുള്ളവർക്കും പിന്നിലുള്ള വർക്കും ഒരു മാതൃകാപരമായ ശിക്ഷയും സൂക്ഷ്മതയുള്ളവർക്ക് ഒരു സദുപദേശവും ആക്കിയിരിക്കുന്നു) എന്നു പറഞ്ഞിരിക്കുന്നു. نَكَال (മാതൃകാ ശിക്ഷ) എന്ന ഈ വാക്ക് മൂന്നു സ്ഥലത്താണ് അല്ലാഹു ഖുർആനിൽ ഉപയോഗിച്ചു കാണുന്നത് . ഒന്ന് 5:41-ൽ മോഷ്ടാവിന്റെ കൈമുറിക്കലിനെക്കുറിച്ചും, മറ്റൊന്ന് 79:25-ൽ ഫിർഔനെയും കൂട്ട രെയും മുക്കി നശിപ്പിച്ചതിനെക്കുറിച്ചും, മൂന്നാമത്തേത് ഇതേ സംഭവത്തെക്കുറിച്ചു 2:66 ലുമാകുന്നു. അതതു ശിക്ഷകളുടെ ഗൗരവത്തെയും പുതുമയേയുമാണത് കാണിക്കു ന്നത്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് പൗരാണിക സമുദായങ്ങളിലും ഈ സമു

ദായത്തിലുമുള്ള നടപടി ക്രമങ്ങളിൽ അന്തർഭവിച്ചിട്ടുള്ള വ്യത്യാസ രഹസ്യങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടുമായിരിക്കണം സംഭവങ്ങളെ വിലയിരുത്തുന്നത്. അല്ലാത്ത പക്ഷം അല്ലാഹുവിന്റെയും റസൂലിന്റെയും പ്രസ്താവനകളിൽ ചിലതൊക്കെ ദഹിക്കാത്തവയായി തോന്നിയേക്കുക സ്വാഭാവികമായിരിക്കും.

وَإِذْ تَأَذَّنَ رَبُّكَ لَيَبْعَثَنَّ عَلَيْهِمْ إِلَىٰ يَوْمِ ٱلْقِيَـٰمَةِ مَن يَسُومُهُمْ سُوٓءَ ٱلْعَذَابِ ۗ

《167》 (നബിയേ,) നിന്റെ രക്ഷിതാവ് പ്രഖ്യാപനം ചെയ്ത (അഥവാ അറിയിപ്പ് നൽകിയ) സന്ദർഭവും (ഓർക്കുക) അവരുടെ [യഹൂദികളുടെ] മേൽ ഖിയാമത്തുനാൾ വരെ അവർക്ക് കടുത്ത ശിക്ഷ [മർദ്ദനം] അനുഭവിപ്പിക്കുന്നവരെ താൻ നിയോഗിക്കുക തന്നെ ചെയ്യുമെന്ന്.

إِنَّ رَبَّكَ لَسَرِيعُ ٱلْعِقَابِ ۖ وَإِنَّهُۥ لَغَفُورٌ رَّحِيمٌ ﴿١٦٧﴾

നിശ്ചയമായും നിന്റെ റബ്ബ് വേഗം ശിക്ഷാനടപടി എടുക്കുന്നവൻ തന്നെ : നിശ്ചയമായും അവൻ , വളരെ പൊറുക്കുന്നവനും കരുണാനിധിയും തന്നെ.

وَقَطَّعْنَـٰهُمْ فِى ٱلْأَرْضِ أُمَمًا ۖ مِّنْهُمُ ٱلصَّـٰلِحُونَ وَمِنْهُمْ دُونَ ذَٰلِكَ ۖ

《168》 അവരെ ഭൂമിയിൽ നാം പല സമൂഹങ്ങളായി കഷ്ണിക്കുകയും ചെയ്തിരിക്കുന്നു. അവരിൽ സദ്‌വൃത്തൻമാരുണ്ട്, അവരിൽ അതല്ലാത്ത (അഥവാ അതിന് താഴെയുള്ള)വരും ഉണ്ട്.

وَبَلَوْنَـٰهُم بِٱلْحَسَنَـٰتِ وَٱلسَّيِّـَٔاتِ لَعَلَّهُمْ يَرْجِعُونَ ﴿١٦٨﴾

നന്മകൾ കൊണ്ടും, തിൻമകൾകൊണ്ടും അവരെ നാം പരീക്ഷിക്കുകയും ചെയ്തിരിക്കുന്നു. അവർ മടങ്ങുവാൻ വേണ്ടി.

《167》 وَإِذْتَأَذَّنَ അറിയിപ്പ് (പ്രഖ്യാപനം) നൽകിയ സന്ദർഭവും رَبُّكَ നിന്റെ റബ്ബ് لَيَبْعَثَنَّ നിശ്ചയമായും താൻ അയക്കും, നിയോഗിക്കുക തന്നെ ചെയ്യും عَلَيْهِمْ അവരുടെ മേൽ إِلَىٰ يَوْمِ الْقِيَامَةِ ഖിയാമത്തു നാൾവരെ مَنْ يَسُومُهُمْ അവരെ അനുഭവിപ്പിക്കുന്നവരെ سُوءَ الْعَذَابِ മോശമായ (കടുത്ത)ശിക്ഷ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് لَسَرِيعُ വേഗതയുള്ള (വേഗം ചെയ്യുന്ന) വൻ തന്നെ الْعِقَابِ ശിക്ഷാ നടപടി وَإِنَّهُ നിശ്ചയമായും അവൻ لَغَفُورٌ വളരെ പൊറുക്കുന്നവനും തന്നെ رَحِيمٌ കരുണാനിധി(യും) 《168》 وَقَطَّعْنَاهُمْ അവരെ നാം പിരിക്കുക (കഷ്ണിക്കുക-ഭാഗിക്കുക)യും ചെയ്തു فِي الْأَرْضِ ഭൂമിയിൽ أُمَمًا പല സമൂഹങ്ങളായി مِنْهُمُ അവരിലുണ്ട്, അവരിൽ പെട്ടതാ

ണ്ട് الصَّالِحُونَ നല്ലവർ, സദ്വൃത്തർ وَمِنْهُمْ അവരിലുണ്ട് دُونَ ذَٰلِكَ അതല്ലാത്ത – അതിന് താഴെയുള്ള-(വരും) وَبَلَوْنَاهُمْ അവരെ നം പരീക്ഷിക്കുകയും ചെയ്തു بِالْحَسَنَاتِ നന്മകൾകൊണ്ട് وَالسَّيِّئَاتِ തിന്മകൾകൊണ്ടും لَعَلَّهُمْ അവരായേക്കാം, ആകുവാൻ വേണ്ടി يَرْجِعُونَ അവർ മടങ്ങും.

ഇസ്റാഈല്യരുടെ അനുസരണക്കേടും, ധിക്കാര ശീലവും പ്രസിദ്ധമാകുന്നു. മൂസാ നബി(അ) യെ അവർ പൊറുതിമുട്ടിച്ച സന്ദർഭങ്ങൾ അല്ലാഹു പലേടത്തും വിവരിച്ചിട്ടുള്ളതാണ്. ബൈബ്ൾ നോക്കിയാലും ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. ചുരുക്കി പറഞ്ഞാൽ വളരെ കാലമായി ശാപകോപങ്ങളുടെ പാരമ്പര്യം പുലർത്തിപ്പോന്ന ഒരു സമുദായമത്രെ ഇസ്റാഈല്യർ, അഥവാ യഹൂദികൾ. ഈ ശാപഫലം പരലോകത്തുവെച്ച് മാത്രമല്ല, ഇഹലോകത്തുവെച്ചും അവർ അനുഭവിച്ചു കൊണ്ടിരിക്കുമെന്ന് ഒന്നിലധികം സ്ഥലത്ത് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അതിന് പുറമെ ക്വിയാമത്തുനാൾ വരെയും ഓരോ കൂട്ടരിൽ നിന്നായി ആ സമുദായം മർദ്ദനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുമെന്നുള്ള ഒരു അറിയിപ്പും അവർക്ക് നൽകിയിട്ടുണ്ടെന്നാണ് ഇവിടെ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഈ അറിയിപ്പ് ഇപ്പോൾ പുതുതായി അറിയിക്കുന്നതല്ല – മുമ്പ് തന്നെ കഴിഞ്ഞു പോയിട്ടുള്ളതാണ്-എന്നത്രെ وَإِذْ تَأَذَّنَ (അറിയിപ്പ് നൽകിയ സന്ദർഭം ഓർക്കുക) എന്ന വാക്കിൽ നിന്നും മനസ്സിലാകുന്നത്. അവരുടെ ഇന്നുവരെയുള്ള ചരിത്രം അതിന് സാക്ഷ്യം വഹിക്കുന്നുമുണ്ട്.

5:22-ൽ കാണുന്നപോലെ, വളരെയധികം പ്രവാചകൻമാരുടെയും, രാജാക്കളുടെയും പാരമ്പര്യം സിദ്ധിച്ച ഒരു സമുദായമാണ് യഹൂദികൾ. എന്നിട്ടും സ്വതന്ത്രമായ ഒരു നിലനിൽപ്പ് ആ സമുദായത്തിനുണ്ടായിട്ടില്ല. ഇത്രയധികം അന്യാധീനപ്പെട്ടും, അടിമപ്പെട്ടും, മർദ്ദനം സഹിച്ചും കൊണ്ടിരിക്കേണ്ടുന്ന ഗതികേടും മറ്റു സമുദായങ്ങളുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ആദ്യകാലങ്ങളിൽ വിഗ്രഹാരാധകരുടെയും പിന്നീട് ക്രിസ്ത്യാനികളുടെയും അനന്തരം മുസ്ലിംകളുടെയും ഭരണത്തിൻ കീഴിൽ അവർ നിന്ദ്യരായി കഴിയേണ്ടിവന്നു. ക്വുർആൻ അവതരിക്കുന്ന കാലത്ത് അവർ അറേബ്യയിൽ പലേടങ്ങളിലായി കുടിയേറിപ്പാർത്തു വരികയായിരുന്നു. അധികം താമസിയാതെ പല സ്ഥലങ്ങളിൽ നിന്നും ഓരോ കാരണത്താൽ പിന്നീട് അവർ കുടിയൊഴിച്ചു പോകുവാൻ നിർബ്ബന്ധിതരായി. ചില യൂറോപ്പ്യൻ രാഷ്ട്രങ്ങളിൽ വെച്ചു കൂട്ടക്കൊലക്കും ബഹിഷ്കരണത്തിനും വിധേയരായി. അങ്ങനെ, وَقَطَّعْنَاهُمْ فِي الْأَرْضِ أُمَمًا (ഭൂമിയിൽ നാം അവരെ പല സമൂഹങ്ങളായി കഷ്ണിച്ചു) എന്ന് അല്ലാഹു പറഞ്ഞതു പോലെ ഭൂമിയുടെ നാനാഭാഗങ്ങളിലുമായി അവർ ചിന്നിച്ചിതറി. അവസാനം ആയിരക്കണക്കിന് കൊല്ലങ്ങൾക്ക് ശേഷം -ക്രിസ്ത്വബ്ദം 1948 ൽ-ഫലസ്തീന്റെ ഏതാനും ഭാഗം കയ്യേറിക്കൊണ്ട് ഒരു ഇസ്റാഈൽ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും, തങ്ങൾക്കൊരു സങ്കേതം അവർ കണ്ടെത്തുകയും ചെയ്തത് ശരിയാണ്. പക്ഷേ, അത് യഹൂദികളുടെ സ്വന്തം പ്രതാപം കൊണ്ടോ നൻമകൊണ്ടോ അല്ല. അവരെക്കൊണ്ട് പൊറുതിമുട്ടിയ ചില വൻകിട ലോകരാഷ്ട്രങ്ങളുടെ ഇടപെടൽ കൊണ്ടും പരിശ്രമം കൊണ്ടും മാത്രം സ്ഥാപിതമായതും, നിലനിന്നു പോരുന്നതുമാകുന്നു. **(*)** ആ വൻകോയ്മകളുടെ

(*) കൃഷ്ണചൈതന്യ എഴുതിയതും കോട്ടയം നാഷണൽ ബുക്ക് സ്റ്റാൾ ക്രി.1963-ൽ പ്രസിദ്ധീകരിച്ചതുമായ യഹൂദ സാഹിത്യ ചരിത്രം എന്ന ഗ്രന്ഥത്തിലെ ഏതാനും വരികൾ ഇവിടെ ഉദ്ധരിക്കുന്നത് സന്ദർഭോചിതമായി തോന്നുന്നു.

താങ്ങും തണലും എപ്പോൾ ഇല്ലാതാകുന്നുവോ, അതോടെ അതിന്റെ നിലനിൽപും അസാദ്ധ്യമായിത്തീരും. ഇത്രയധികം ശത്രുക്കളാൽ പൊതിയപ്പെട്ടതും, അനുനിമിഷം ചുറ്റു നിന്നും ശത്രുക്കളെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു രാഷ്ട്രം ലോകത്തില്ല.

യഹൂദ സമുദായത്തെ ഇത്രയൊക്കെ ആക്ഷേപിക്കുകയും ശപിച്ചു പറയുകയും ചെയ്യുന്നതിനിടക്കുപോലും അല്ലാഹു പറയുന്നത് നോക്കുക:

ക്രിസ്ത്വബ്ദം നാലാം നൂറ്റാണ്ടുവരെ യഹൂദികൾ അനുഭവിച്ച മർദ്ദനങ്ങളും, കഷ്ടപ്പാടുകളും, അവരുടെ ദേശാടനങ്ങളും സവിസ്തരം വിവരിച്ച ശേഷം ഗ്രന്ഥകർത്താവ് പറയുന്നു: ഇവരുടെ ഈ ദേശാടനം പരിതാപകരമായ ഒരു കഥയാണ്. ലോകം മുഴുവൻ അവരെ കഷ്ടത്തിലാക്കുവാൻ ഗൂഢാലോചന ചെയ്തപോലെ തോന്നും. നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റാന്റിയാസ് ജൂതമത പുരോഹിതരെ സാമ്രാജ്യത്തിലെങ്ങും ഭ്രഷ്ടരാക്കി. ഒരു ജൂതൻ ഒരു ക്രൈസ്തവ സ്ത്രീയെ വിവാഹം ചെയ്താൽ മരണശിക്ഷക്ക് വിധേയനായിത്തീർന്നു. മദ്ധ്യകാലങ്ങളിൽ യുറോപ്യൻ രാജ്യങ്ങളൊത്തു ചേർന്ന് സാരസൻമാരിൽ നിന്നും പുണ്യസ്ഥലമായ ഫലസ്തീൻ വീണ്ടെടുക്കുവാൻ സേനകളെ അയച്ചപ്പോൾ രാജാക്കൻമാർ കുരിശുയുദ്ധത്തിനുള്ള ചിലവിനുവേണ്ടി ജൂതൻമാരെ ഊറ്റി വാർത്തു: പട്ടാളങ്ങൾ വഴിനീളെ ജൂതന്മാരെ പിടിച്ചു പറിച്ചു. ഓരോ രാജ്യത്തും പ്രത്യേകിച്ച് പോളണ്ടിലും, ചക്രവർത്തി ഭരണകാലത്തെ റഷ്യയിലും, ജൂതൻമാർ ക്രൈസ്തവ ശിശുക്കളെ മതാരാധനകളിൽ ബലികഴിച്ചിരുന്നുവെന്ന് അസംബന്ധമായ കെട്ടുകഥകൾ വിശ്വസിച്ച് ക്രുദ്ധരായ ജനക്കൂട്ടം പലപ്പോഴും അവരെ കൂട്ടക്കൊല ചെയ്തു. ഇതിനെ തുടർന്ന ഉപദ്രവം പത്തൊമ്പതാം നൂറ്റാണ്ടിൽ ജൂതരുടെ ഇടയിൽ രണ്ട് വിപരീതാഭിപ്രായങ്ങൾ ഉന്നയിപ്പിച്ചു. ഒരു വിഭാഗം തങ്ങളുടെ പ്രത്യേക സംസ്കാരം കൈവിട്ട് തങ്ങൾ വന്ന നാട്ടിലെ ആചാരങ്ങൾ അതേപടി സ്വീകരിച്ച് ജീവിച്ചെങ്കിൽ മാത്രമെ രക്ഷയുള്ളൂവെന്ന് വിശ്വസിച്ചു. മറ്റേ പ്രസ്ഥാനം സയോണിസം ആയിരുന്നു. (ഗ്രന്ഥകർത്താവ് തുടരുന്നു) സയോൺ എന്നത് ജറൂശലത്തിൽ പൗരാണിക ക്ഷേത്രവും, ഡേവിഡിന്റെ കൊട്ടാരവും സ്ഥിതി ചെയ്യുന്ന കുന്നിന്റെ പേരാണ്. ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം ഒരു ജൂത രാഷ്ട്രം ഉണ്ടാക്കുകയെന്നതായിരുന്നു. ഒന്നാം ലോക മഹായുദ്ധ കാലത്ത് സഖ്യ ശക്തികൾ ഈ അഭിലാഷം സാധിക്കാൻ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത് ജൂതൻമാരുടെ സഹകരണം നേടിയിരുന്നു. 1925-ലെ ബാൽഫർ പ്രഖ്യാപനത്തിൽ ഈ കരാറുമുൾപ്പെട്ടിരുന്നു. അതനുസരിച്ച് ജൂതൻമാർ യുദ്ധം കഴിഞ്ഞയുടൻ ഫലസ്തീനിലേക്ക് മാറിത്താമസിക്കുവാൻ തുടങ്ങുകയും ചെയ്തു. ഹിബ്രു സർവ്വകലാശാല സ്ഥാപിച്ചത് 1952 ലാണ്. ജർമൻ നിവാസികൾ നടത്തിയ നിഷ്ഠൂര കൂട്ടക്കൊല ജൂതരുടെ സയോണിസ്റ്റ് പ്രസ്ഥാനത്തെ കൂടുതൽ ശക്തമാക്കിത്തീർത്തു. അങ്ങനെ 1948-ൽ ഇസ്റാഈൽ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇസ്റാഈല്യരും ചുറ്റുമുള്ള അറബി രാഷ്ട്രങ്ങളുമായി ഇപ്പോൾ അസുഖകരമായ വടംവലികളുണ്ട്. ഈ ജനതയുടെ ശോകലിപ്തമായ കഥയറിയുന്നവരാരും ഇസ്റാഈലും അയൽരാജ്യങ്ങളുമായി കഴിയും വേഗം ശാന്തിയും സമാധാനവും സ്ഥാപിക്കണമെന്ന് പ്രാർത്ഥിക്കാതിരിക്കില്ല. (പേ. 22,23)

മദ്ധ്യേഷ്യയിലെ സമാധാനത്തിന് എക്കാലത്തും ഒരു ഭീഷണിയായിക്കൊണ്ടും, ലോകരാഷ്ട്ര സംഘടനക്ക് എന്നും തീരാപ്രശ്നമായിക്കൊണ്ടുമാണ് ഇസ്റാഈൽ രാഷ്ട്രം അതിന്റെ സ്ഥാപനം തൊട്ട് ഇന്നോളം സ്ഥിതി ചെയ്യുന്നതെന്നും, ചില വൻകോയ്മകളാണിതിന്റെ പിന്നിലുള്ളതെന്നും എല്ലാവർക്കും അറിയാം.

مِنۡهُمُ ٱلصَّٰلِحُونَ وَمِنۡهُمۡ دُونَ ذَٰلِكَ (അവരിൽ നല്ല സദ്‌വൃത്തരുണ്ട് : അവരിൽ അതല്ലാത്ത-അഥവാ അതിന്റെ താഴെ കിടയിലുള്ള വരും ഉണ്ട്) യഹൂദികളെക്കുറിച്ച് മൊത്തത്തിൽ ഇങ്ങിനെയെല്ലാമാണ് പറയുവാനുള്ളതെങ്കിലും ആ സമുദായത്തിൽ തന്നെ വളരെ നല്ലവരായ ചില വ്യക്തികളും, പൂർണമല്ലെങ്കിലും കുറെയൊക്കെ നല്ലവരായ വ്യക്തികളും ഉണ്ടെന്ന് സാരം. ക്വുർആന്റെ നിഷ്പക്ഷതയും, സത്യസന്ധതയുമാണിത് കാണിക്കുന്നതെന്ന് പറയേണ്ടതില്ല. അതാത് കാലങ്ങളിൽ വന്ന പ്രവാചകൻമാരിൽ വിശ്വസിക്കുകയും അവരുടെ പ്രബോധനങ്ങളെ പിന്തുടരുകയും ചെയ്തിരുന്നവരും, ശബ്ബത്ത് നാളിൽ മൽസ്യം പിടിച്ചുകൊണ്ടിരുന്നവരെ ഉപദേശിച്ചു വന്നിരുന്നവരും നബി തിരുമേനിﷺ വന്നതിനുശേഷം തിരുനബിയിലും അവിടുത്തെ പ്രബോധനങ്ങളിലും വിശ്വസിക്കുവാൻ മുമ്പോട്ട് വന്നവരുമെല്ലാം ഈ നല്ലവരിൽ ഉൾപ്പെടുന്നു.

فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٌ وَرِثُواْ ٱلۡكِتَٰبَ يَأۡخُذُونَ عَرَضَ هَٰذَا ٱلۡأَدۡنَىٰ وَيَقُولُونَ سَيُغۡفَرُ لَنَا

《169》 അനന്തരം, വേദഗ്രന്ഥത്തെ പാരമ്പര്യമെടുത്തിട്ടുള്ള ഒരു (തരം) പിൻഗാമികൾ അവർക്കു ശേഷം (രംഗത്ത്) വന്നു. അവർ ആ അധമമായ (ലോക) വിഭവത്തെ സ്വീകരിച്ചുവരുന്നു; ഞങ്ങൾക്ക് വഴിയെ പൊറുക്കപ്പെടും എന്ന് അവർ പറയുകയും ചെയ്യുന്നു.

وَإِن يَأۡتِهِمۡ عَرَضٌ مِّثۡلُهُۥ يَأۡخُذُوهُۚ

അവർക്ക് അതുപോലെയുള്ള (വേറെ) വല്ല വിഭവവും വന്നുകിട്ടിയാൽ അവർ അതും സ്വീകരിക്കുന്നതാണ്.

أَلَمۡ يُؤۡخَذۡ عَلَيۡهِم مِّيثَٰقُ ٱلۡكِتَٰبِ أَن لَّا يَقُولُواْ عَلَى ٱللَّهِ إِلَّا ٱلۡحَقَّ وَدَرَسُواْ مَا فِيهِۗ

അവരോട് (വേദ) ഗ്രന്ഥത്തിന്റെ [വേദഗ്രന്ഥം മുഖേന] ഉറപ്പ് മേടിക്കപ്പെട്ടിട്ടില്ലേ ? അവർ അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാതെ പറയുകയില്ലെന്ന് ! അതിലുള്ളത് അവർ പഠിക്കുകയും (ചെയ്തിട്ടില്ലേ)?!

وَٱلدَّارُ ٱلۡأٓخِرَةُ خَيۡرٌ لِّلَّذِينَ يَتَّقُونَۚ أَفَلَا تَعۡقِلُونَ ﴿١٦٩﴾

പരലോക ഭവനമാകട്ടെ, സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമവുമാകുന്നു. അപ്പോൾ, നിങ്ങൾ ബുദ്ധികൊടു(ത്ത് ആലോചി)ക്കുന്നില്ലേ ?!

《169》 فَخَلَفَ എന്നിട്ട് (അനന്തരം) പിന്നിൽ വന്നു, പിന്നാലെയുണ്ടായി مِنۢ بَعۡدِهِمۡ അവരുടെ ശേഷം خَلۡفٌ ഒരു പിൻതലമുറ, പിൻഗാമികൾ وَرِثُوا അവർ അവകാശമെടുത്തു, പാരമ്പര്യമെടുത്തു ٱلۡكِتَٰبَ വേദഗ്രന്ഥത്തെ يَأۡخُذُونَ അവർ എടുക്കു

(സ്വീകരിക്കു)ന്നു. عَرَضَ വിഭവത്തെ, സാധനം (ചരക്കു)കളെ(കാര്യലാഭം) هَٰذَا الْأَدْنَىٰ ഈ താണതിന്റെ, അധമമായതിന്റെ وَيَقُولُونَ അവർ പറയുകയും ചെയ്യും سَيُغْفَرُ لَنَا നമുക്ക് (വഴിയെ)പൊറുത്തുതരപ്പെടും وَإِنْ يَأْتِهِمْ അവർക്ക് വരുന്ന (കിട്ടുന്ന) പക്ഷം عَرَضٌ വല്ല വിഭവവും مِثْلُهُ അതുപോലുള്ള يَأْخُذُوهُ അവർ അതെടുക്കും أَلَمْ يُؤْخَذْ എടുക്ക(വാങ്ങ-മേടിക്ക)പ്പെട്ടിട്ടില്ലേ عَلَيْهِمْ അവരോട് مِيثَاقُ ഉറപ്പ്, കരാർ الْكِتَابِ (വേദ)ഗ്രന്ഥത്തിന്റെ أَنْ لَا يَقُولُوا അവർ പറയുകയില്ല (പറയരുത്) എന്ന് عَلَى اللَّهِ അല്ലാഹുവിന്റെ പേരിൽ إِلَّا الْحَقَّ യഥാർത്ഥമല്ലാതെ وَدَرَسُوا അവർ പഠിക്കുകയും (ചെയ്തിട്ടില്ലേ) പഠിക്കുകയും ചെയ്തിരുന്നു مَا فِيهِ അതിലുള്ളത് وَالدَّارُ الْآخِرَةُ പരലോക ഭവനം, അവസാന വീട് خَيْرٌ ഉത്തമമാണ് لِلَّذِينَ يَتَّقُونَ സൂക്ഷ്മതപാലിക്കുന്നവർക്ക് أَفَلَا تَعْقِلُونَ അപ്പോൾ നിങ്ങൾ ബുദ്ധികൊടുക്കുന്നില്ലേ, ചിന്തിക്കുന്നില്ലേ

وَالَّذِينَ يُمَسِّكُونَ بِالْكِتَابِ وَأَقَامُوا الصَّلَاةَ إِنَّا لَا نُضِيعُ أَجْرَ الْمُصْلِحِينَ ﴿١٧٠﴾

《170》 (വേദ) ഗ്രന്ഥത്തെ (കൈവിടാതെ) പിടിച്ചു നിൽക്കുകയും നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരാകട്ടെ, നിശ്ചയമായും (ആ) നല്ലതു പ്രവർത്തിക്കുന്നവരുടെ പ്രതിഫലം നാം പാഴാക്കിക്കളയുകയില്ല

《170》 وَالَّذِينَ يُمَسِّكُونَ പിടിച്ചു നിൽക്കുന്നവർ بِالْكِتَابِ ഗ്രന്ഥത്തെ وَأَقَامُوا الصَّلَاةَ നമസ്കാരം അവർ നിലനിറുത്തുകയും ചെയ്തു إِنَّا നിശ്ചയമായും നാം لَا نُضِيعُ നാം പാഴാക്കുക (വ്യഥാവിലാക്കുക)യില്ല أَجْرَ പ്രതിഫലം, കൂലി الْمُصْلِحِينَ നല്ലത് പ്രവർത്തി(നന്നാ)ക്കുന്നവരുടെ

خَلْف (ഖൽഫ്) خَلَف (ഖലഫ്) എന്നീ രണ്ട് വാക്കുകൾക്കും പിൻഗാമികൾ, പിൻതലമുറ, പിൻതുടർച്ചക്കാർ എന്നൊക്കെയാണ് വാക്കർത്ഥം. പക്ഷേ, ആദ്യത്തേത് ദുഷിച്ച പിൻഗാമികളിലും, രണ്ടാമത്തേത് നല്ലപിൻഗാമികളിലും ഉപയോഗിക്കപ്പെട്ടുവരുന്നു. ഈ അധമ ലോകത്തിന്റെ വിഭവം(عَرَضَ هَٰذَا الْأَدْنَىٰ) എന്നു പറഞ്ഞത് ഐഹികമായ കാര്യലാഭങ്ങളും നേട്ടങ്ങളുമാകുന്നു.

കഴിഞ്ഞ വചനത്തിൽ പറഞ്ഞതുപോലെ, ഇസ്റാഈല്യരിൽ ചുരുക്കം ചില നല്ല ആളുകളും അധികം ദോഷമില്ലാത്തവരും ഉണ്ടായിരുന്നു. പിന്നീട് അവരിൽ നിന്ന് ഒരു പിൻതലമുറ വന്നു, അവർ തങ്ങളുടെ വേദഗ്രന്ഥത്തിന്റെ-തൗറാത്തിന്റെ-പാരമ്പര്യം കൈവിട്ടില്ല. അതിന്റെ അനുയായികളായിത്തന്നെ അഭിമാനം കൊള്ളുന്നു. പക്ഷേ, അതിന്റെ അദ്ധ്യാപനങ്ങളും ശിക്ഷണങ്ങളും കൈവെടിയുകയും, ഐഹികമായ കാര്യലാഭങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്തിരിക്കുകയാണ്. എന്തു തോന്നിയവാസം പ്രവർത്തിച്ചാലും തങ്ങൾക്ക് അതൊക്കെ അല്ലാഹു പൊറുത്തു തരുമെന്നാണ് അവരുടെ ജൽപനം. അഥവാ മോക്ഷം തങ്ങളുടെ കുത്തകയാണെന്ന് അവർ

കരുതുന്നു. ഒരിക്കൽ ഒരു കാര്യലാഭത്തിന് വേണ്ടി സത്യത്തെ ധിക്കരിച്ച ശേഷം, മറ്റൊരു കാര്യലാഭം കണ്ടാൽ അതിന് വേണ്ടിയും സത്യത്തെ ധിക്കരിക്കുക അവരുടെ പതിവാകുന്നു. അല്ലാഹുവിന്റെ കൽപനക്കും, നിയമനിർദ്ദേശങ്ങൾക്കും എതിരായി ഒന്നും സ്വീകരിക്കുവാനോ, കെട്ടിക്കൂട്ടിയുണ്ടാക്കുവാനോ പാടില്ലെന്നുള്ളത് വേദഗ്രന്ഥത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ഒരു ശാസനയാണ്. അത് പാലിക്കുവാൻ പ്രതിജ്ഞാബദ്ധരുമാണവർ. വേണ്ടതെല്ലാം അവർ വേദഗ്രന്ഥത്തിൽ നിന്നും പഠിച്ചറിഞ്ഞിട്ടുണ്ട്. എന്നിട്ടും ഇതാണവരുടെ അവസ്ഥ. ക്ഷണികമായ ഈ ഭൗതിക കാര്യലാഭങ്ങളെക്കാൾ എത്രയോ ഉത്തമം പരലോകത്തെ അനശ്വരമായ നേട്ടങ്ങളാണ്. ഇതവർ ബുദ്ധികൊടുത്തു ചിന്തിക്കാത്തത് അൽഭുതം തന്നെ. വേദഗ്രന്ഥത്തിന്റെ പാരമ്പര്യവാദം ശരിയാണെങ്കിൽ ഈ ദുരവസ്ഥ ഒരിക്കലും അവരിൽ ഉണ്ടാവാൻ പാടില്ല. വേദഗ്രന്ഥം മുറുകെ പിടിക്കുന്നവർ അതിന്റെ ശാസനകൾ അനുസരിക്കുക തന്നെ ചെയ്യും. അതിന്റെ പുണ്യഫലം അവർക്ക് ലഭിക്കാതിരിക്കുകയുമില്ല എന്നൊക്കെയാണ് ഈ വചനങ്ങളുടെ സാരം.

വേദ ഗ്രന്ഥത്തിന്റെ അദ്ധ്യാപനവും തദടിസ്ഥാനത്തിലുള്ള പ്രതിജ്ഞയും നില നിറുത്തിപ്പോന്ന ചുരുക്കം ആളുകളിൽപെട്ടവരത്രെ അബ്ദുല്ലാഹിബ്നു സലാം (റ) പോലെ യഹൂദികളിൽ നിന്നും സത്യവിശ്വാസം സ്വീകരിച്ചവർ.

وَإِذْ نَتَقْنَا ٱلْجَبَلَ فَوْقَهُمْ كَأَنَّهُۥ ظُلَّةٌ وَظَنُّوٓا۟ أَنَّهُۥ وَاقِعٌۢ بِهِمْ

﴾171﴿ അവരുടെ മീതെ നാം ഒരു തണൽ (അഥവാ കുട) എന്ന പോലെ മലയെ പുഴക്കി (ഉയർത്തി)യ സന്ദർഭവും (ഓർക്കുക); അത് അവരിൽ വീണുപോകുന്നതാണെന്ന് അവർ ധരിക്കുകയും ചെയ്തു.

خُذُوا۟ مَآ ءَاتَيْنَٰكُم بِقُوَّةٍ وَٱذْكُرُوا۟ مَا فِيهِ لَعَلَّكُمْ تَتَّقُونَ ﴿١٧١﴾

നിങ്ങൾക്ക് നാം നൽകിയത് നിങ്ങൾ ബലത്തോടെ എടുത്തു (സ്വീകരിച്ചു) കൊള്ളുവിൻ, അതിലുള്ളത് നിങ്ങൾ ഓർമിക്കുകയും ചെയ്യുവിൻ, നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാം (എന്നു നാം പറയുകയും ചെയ്തു)

﴾171﴿ وَإِذْنَتَقْنَا നാം പറിച്ചെടുത്ത (പുഴക്കിയെടുത്ത) സന്ദർഭം الْجَبَلَ മലയെ, പർവ്വതത്തെ فَوْقَهُمْ അവരുടെ മീതെ كَأَنَّهُ അതാണെന്നപോലെ ظُلَّةٌ ഒരു തണൽ (മേഘം), കുട وَظَنُّوا അവർ ധരിക്കുക(വിചാരിക്കുക)യും ചെയ്തു أَنَّهُ وَاقِعٌ അത് വീഴുന്നതാണെന്ന് بِهِمْ അവരിൽ خُذُوا നിങ്ങൾ എടുത്തു(സ്വീകരിച്ചു)കൊള്ളുവിൻ مَا آتَيْنَاكُمْ നിങ്ങൾക്ക് നാം നൽകിയത് بِقُوَّةٍ ശക്തിയോടെ, ബലത്തിൽ وَاذْكُرُوا നിങ്ങൾ ഓർക്കുകയും ചെയ്യുവിൻ مَافِيهِ അതിലുള്ളത് لَعَلَّكُمْ നിങ്ങളായേക്കാം تَتَّقُونَ നിങ്ങൾ സൂക്ഷ്മത പാലിക്കും.

യഹൂദികൾ തൗറാത്തിന്റെ അനുയായികളാണെന്ന് വാദിക്കുകയും, അതോടുകൂടി അതിന്റെ അദ്ധ്യാപനങ്ങളെ ഐഹികമായ സ്വാർത്ഥലാഭങ്ങൾക്ക് വേണ്ടി ബലികഴിക്കുകയും ചെയ്യുന്നുവെന്ന് കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. ഈ തോന്നിയവാസം

അവരിൽ ഇപ്പോൾ മാത്രം ഉൽഭവിച്ചതല്ല-തൗറാത്ത് ലഭിച്ച ആദ്യകാലത്തുള്ള അവരുടെ പൂർവ്വികൻമാരിൽ നിന്നു തന്നെ ഈ തോന്നിയവാസം ആരംഭിച്ചിട്ടുണ്ട്-എന്നും, തൗറാത്തിനെ വേണ്ടതു പോലെ അനുസരിക്കായ്ക നിമിത്തം അവരുടെ മീതെ പർവ്വതം പുഴക്കി ഉയർത്തി ഭയപ്പെടുത്തിക്കൊണ്ട് അതിനെ മുറുകെ പിടിക്കുവാൻ കൽപിക്കുകയുണ്ടായിട്ടുണ്ടെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

ഇസ്റാഈല്യരുടെ മീതെ മല ഉയർത്തിപ്പിടിച്ചുകൊണ്ട് നിങ്ങൾക്ക് നൽകിയിട്ടുള്ള ഈ വേദഗ്രന്ഥം ബലമായി എടുത്തുകൊള്ളണം എന്നു കൽപിച്ച സംഭവം ഈ വചനത്തിലുള്ളതിന് പുറമെ, അൽബക്വറഃ 63-ലും 93-ലും അല്ലാഹു ഉദ്ധരിച്ചിട്ടുണ്ട്. ചുരുങ്ങിയ രൂപത്തിൽ സൂറത്തുന്നിസാഉ് 154-ലും ആവർത്തിച്ചിരിക്കുന്നു. അൽബക്വറഃ യിലെ രണ്ട് വചനങ്ങളിലും وَإِذْ أَخَذْنَا مِيثَاقَكُمْ وَرَفَعْنَا فَوْقَكُمُ الطُّورَ (നിങ്ങളോട് നാം ഉറപ്പ് വാങ്ങുകയും, നിങ്ങൾക്ക് മീതെ നാം പർവ്വതത്തെ ഉയർത്തുകയും ചെയ്ത സന്ദർഭം ഓർക്കുക) എന്ന് പ്രസ്താവിച്ചു കൊണ്ടാണ് خُذُوا مَا آتَيْنَاكُم بِقُوَّةٍ ..... (നിങ്ങൾക്ക് നാം നൽകിയതിനെ നിങ്ങൾ ബലമായി സ്വീകരിച്ചു കൊള്ളണം....) എന്നു കൽപിച്ച വിവരം അവിടെ പറഞ്ഞിരിക്കുന്നത്. ഉറപ്പ്-അഥവാ കരാർ-വാങ്ങിയ വിവരം ഇവിടെ പ്രസ്താവിച്ചിട്ടില്ല. എങ്കിലും മല ഉയർത്തിയതിന്റെ രൂപം ഇവിടെ കൂടുതൽ വിശദമാക്കിയിട്ടുണ്ട്.

ക്വുർആന്റെ ഒരു ഭാഗം മറ്റേ ഭാഗത്തെ വ്യാഖ്യാനിക്കുന്നു. (القرآن يفسر بعضه بعضا) എന്ന സർവ്വാംഗീകൃത തത്വമനുസരിച്ച് രണ്ട് സംഗതികൾ ഇതിൽ നിന്ന് മനസ്സിലാക്കാം :

(1) അൽബക്വറഃ : 63 ന്റെ വ്യാഖ്യാനത്തിൽ കണ്ടതുപോലെ, തൗറാത്ത് അവതരിപ്പിച്ചതിന് ശേഷം ഇസ്റാഈല്യർ അതിനെ വേണ്ടതുപോലെ ശരിക്കും പിൻപറ്റണമെന്ന് അവരോട് കൽപിച്ചുവെന്നുതന്നെയാണ് ഇവിടെയും ഉദ്ദേശ്യം. അഥവാ, തൗറാത്ത് അവതരിപ്പിച്ചപ്പോൾ തന്നെ മല ഉയർത്തിക്കാട്ടി അതിൽ വിശ്വസിക്കണമെന്നും, അതിനെ സ്വീകരിക്കണമെന്നും നിർബ്ബന്ധിച്ചുവെന്നല്ല ഉദ്ദേശ്യം.

(2) മല ഉയർത്തി എന്നു അവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം - ഇവിടെ വിശദീകരിച്ചതുപോലെ - മല അവരുടെ തലക്കുമീതെ ഒരു കുട - അല്ലെങ്കിൽ തണൽ - എന്നോണം ആയിത്തീരുമാറ് കട പുഴക്കി പൊക്കിക്കാട്ടുകയും, അത് തങ്ങളുടെ മേൽ വീണുപോയേക്കുമെന്ന് അവർ ഭയപ്പെടുകയും ചെയ്തു എന്നാകുന്നു. ഈ അവസരത്തിലാണ് തൗറാത്ത് മുറുകെ പിടിക്കണമെന്നും അതിലുള്ളതൊക്കെ ശരിക്കും ഓർമ വെക്കണമെന്നും അവരോട് കൽപിക്കുന്നത്. അഥവാ മല അതിന്റെ യഥാ സ്ഥാനത്ത് തന്നെ നിന്നുകൊണ്ട് ഒന്ന് കുലുങ്ങുകയും, ആ കുലുക്കം നിമിത്തമോ, അല്ലെങ്കിൽ ഒരു കുടയെന്നോണം വളരെ പൊക്കത്തിൽ കുത്തനെ ഉയർന്നു നിൽക്കുന്ന കാഴ്ച നിമിത്തമോ മല തങ്ങളുടെ മേൽ വീണേക്കുമെന്ന് അതിന്റെ അടിവാരത്തിൽ നിൽക്കുന്ന ഇസ്റാഈല്യർക്ക് തോന്നിപ്പോകുകയുമല്ല ഉണ്ടായത്.

അസാധാരണ സംഭവങ്ങളെയെല്ലാം ദുർവ്യാഖ്യാനം ചെയ്യുന്നതിൽ പ്രത്യേകം താൽപര്യമെടുക്കാറുള്ള യുക്തിവാദക്കാരായ ചില ആളുകൾ ഈ സംഭവത്തിന്റെ അസാധരണത്വം ഇല്ലാതാക്കുവാൻ ഇവിടെ നടത്തിക്കാണുന്ന സൂത്രങ്ങൾ ഇവയാണ്:

(1) മല ഉയർത്തിയ ഈ സംഭവവും, അല്ലാഹുവിനെ പ്രത്യക്ഷത്തിൽ കാണണമെന്നു ഇസ്റാഈല്യർ ആവശ്യപ്പെടുമ്പോഴുണ്ടായ കമ്പന സംഭവവും ഒന്നു തന്നെയാണെന്ന് അവർ ജൽപിക്കുന്നു.

(2) മല അവരുടെ തലക്ക് മീതെ ഉയർത്തി എന്നു പറഞ്ഞതിന്റെ താൽപര്യം മല

അവരുടെ മീതെ വളരെ ഉയരത്തിൽ കുത്തനെ ഉയർന്നു നിന്നിരുന്നുവെന്നാണെന്നും അവർ സമർത്ഥിക്കുന്നു.

(3) അതുകൊണ്ട് മലയുടെ അടിവാരത്തിൽ നിന്നിരുന്ന അവർക്ക് മലയെ ഒരു കുടപോലെ തോന്നിയിരുന്നുവെന്നാണ് അതു അവരിൽ വീഴുമെന്ന് അവർ ധരിച്ചു (وَظَنُّوٓاْ أَنَّهُۥ وَاقِعٌۢ بِهِمْ) വെന്ന് പറഞ്ഞതിന് അവർ അർത്ഥമാക്കുന്നത്.

(4) മല ഉയർത്തിപ്പിടിച്ചുകൊണ്ട് തൗറാത്തിൽ വിശ്വസിക്കണമെന്ന് കൽപിക്കുന്നത് അവരെ നിർബന്ധിച്ചു വിശ്വസിപ്പിക്കലാണ്. നിർബന്ധിച്ചു വിശ്വസിപ്പിക്കുന്ന സമ്പ്രദായം ഇസ്‌ലാമിലില്ല താനും. എന്നത്രെ മറ്റൊന്ന്. വാസ്തവത്തിൽ മല ഉയർത്തിപ്പിടിച്ചുകൊണ്ട് തൗറാത്തിലോ, മൂസാ നബി (അ) യിലോ വിശ്വസിക്കുവാനാണ് അവരോട് കൽപിച്ചതെന്ന് അല്ലാഹുവാകട്ടെ, റസൂലാകട്ടെ പറഞ്ഞിട്ടില്ല. ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നില്ല. എന്നിരിക്കെ, ഇവർ സ്വയം ഒരു ആരോപണം കെട്ടിച്ചമച്ച് അതിനെ എതിർക്കുക മാത്രമാണിത് ഇതിനൊന്നും ഇവിടെ മറുപടി പറഞ്ഞു ദീർഘിപ്പിക്കുവാൻ മുതിരുന്നില്ല.

വിഭാഗം - 22

وَإِذْ أَخَذَ رَبُّكَ مِنۢ بَنِىٓ ءَادَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ

﴾172﴿ ആദമിന്റെ മക്കളിൽ നിന്ന്- അവരുടെ മുതുകുകളിൽ നിന്ന് - നിന്റെ റബ്ബ് അവ(രവ)രുടെ സന്തതികളെ (പുറത്ത്) എടുക്കുകയും, അവരെ അവരുടെ സ്വന്തം പേരിൽ തന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക) ഞാൻ നിങ്ങളുടെ റബ്ബ് അല്ലെയോ ? (എന്ന് പറഞ്ഞും കൊണ്ട്)

قَالُوا۟ بَلَىٰ ۛ شَهِدْنَآ ۛ

അവർ പറഞ്ഞു : അല്ലാതേ ! [അങ്ങിനെത്തന്നെ] ഞങ്ങൾ (ഇതാ) സാക്ഷ്യം വഹിച്ചിരിക്കുന്നു.

أَن تَقُولُوا۟ يَوْمَ ٱلْقِيَٰمَةِ إِنَّا كُنَّا عَنْ هَٰذَا غَٰفِلِينَ ﴿١٧٢﴾

നിശ്ചയമായും ഞങ്ങൾ ഇതിനെപ്പറ്റി അശ്രദ്ധരായിരുന്നുവെന്ന് ക്വിയാമത്തുനാളിൽ നിങ്ങൾ പറഞ്ഞേക്കുമെന്നതിനാലത്രെ (ഇങ്ങിനെ ചെയ്തത്)

أَوْ تَقُولُوٓا۟ إِنَّمَآ أَشْرَكَ ءَابَآؤُنَا مِن قَبْلُ وَكُنَّا ذُرِّيَّةً مِّنۢ بَعْدِهِمْ ۖ

﴾173﴿ അല്ലെങ്കിൽ മുമ്പ് ഞങ്ങളുടെ പിതാക്കൾ ശിർക്ക് ചെയ്തു [അല്ലാഹുവിന് പങ്കുകാരെയുണ്ടാക്കി] ഞങ്ങൾ അവരുടെ ശേഷം (അവരുടെ) സന്തതികളായിരിക്കുകയും ചെയ്തുവെന്നേ

യുള്ളൂ എന്നു നിങ്ങൾ പറഞ്ഞേക്കു ന്നതിനാൽ.

أَفَتُهْلِكُنَا بِمَا فَعَلَ ٱلْمُبْطِلُونَ ﴿١٧٣﴾

എന്നിരിക്കെ, (ആ) വ്യർത്ഥകാരികൾ ചെയ്തതിന് ഞങ്ങളെ നീ (ശിക്ഷിച്ചു) നശിപ്പിക്കുകയാണോ ? ! (എന്നും നിങ്ങൾ പറഞ്ഞേക്കുമെന്നതിനാൽ)

وَكَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ وَلَعَلَّهُمْ يَرْجِعُونَ ﴿١٧٤﴾

﴾174﴿ അപ്രകാരം നാം ആയത്തു [ലക്ഷ്യം] കളെ വിശദീകരിച്ചു തരുന്നു; അവർ മടങ്ങുകയും ചെയ്തേക്കാമല്ലോ.

﴾172﴿ وَإِذْ أَخَذَ എടുത്ത്(പിടിച്ച) സന്ദർഭം رَبُّكَ നിന്റെ റബ്ബ് مِنْ بَنِي آدَمَ ആദമിന്റെ മക്കളിൽ (സന്തതികളിൽ)നിന്ന് مِنْ ظُهُورِهِمْ അവരുടെ മുതുകുകളിൽ നിന്ന് ذُرِّيَّتَهُمْ അവരുടെ സന്തതികളെ وَأَشْهَدَهُمْ അവരെ സാക്ഷ്യപ്പെടുത്തുകയും (ചെയ്ത-ചെയ്തു) عَلَىٰ أَنْفُسِهِمْ അവരുടെ സ്വന്തങ്ങളുടെ മേൽ أَلَسْتُ ഞാനല്ലയോ بِرَبِّكُمْ നിങ്ങളുടെ റബ്ബ് قَالُوا അവർ പറഞ്ഞു بَلَىٰ അല്ലാതെ, (അതെ) شَهِدْنَا ഞങ്ങൾ സാക്ഷ്യം വഹിച്ചു أَنْ تَقُولُوا നിങ്ങൾ പറഞ്ഞേക്കുമെന്നതിനാൽ, പറയുമെന്നതിന് يَوْمَ الْقِيَامَةِ ഖിയാമത്തു നാളിൽ إِنَّا كُنَّا നിശ്ചയമായും ഞങ്ങളായിരുന്നു عَنْ هَٰذَا ഇതിനെപ്പറ്റി غَافِلِينَ അശ്രദ്ധർ, ബോധരഹിതർ. ﴾173﴿ أَوْ تَقُولُوا അല്ലെങ്കിൽ നിങ്ങൾ പറഞ്ഞേക്കു (പറയു)മെന്നതിനാൽ إِنَّمَا أَشْرَكَ ശിർക്കു ചെയ്യുക (മാത്രം)ചെയ്തു, പങ്കു ചേർത്തതേയുള്ളൂ آبَاؤُنَا ഞങ്ങളുടെ പിതാക്കൾ مِنْ قَبْلُ മുമ്പ് وَكُنَّا ഞങ്ങളായിരിക്കയും ചെയ്തു, ഞങ്ങളായിരുന്നു ذُرِّيَّةً സന്തതികൾ (മക്കൾ) مِنْ بَعْدِهِمْ അവരുടെ ശേഷം أَفَتُهْلِكُنَا അപ്പോൾ (എന്നിരിക്കെ) ഞങ്ങളെ നീ നശിപ്പിക്കുന്നുവോ بِمَا فَعَلَ ചെയ്തതുകൊണ്ട് الْمُبْطِلُونَ വ്യർത്ഥകാരികൾ, നിരർത്ഥം പ്രവർത്തിച്ചവർ ﴾174﴿ وَكَذَٰلِكَ അപ്രകാരം نُفَصِّلُ നാം വിശദീകരിക്കുന്നു الْآيَاتِ ആയത്തുകൾ, ലക്ഷ്യങ്ങളെ وَلَعَلَّهُمْ അവരാകുകയും ചെയ്യാമല്ലോ, ആയേക്കുവാനും يَرْجِعُونَ അവർ മടങ്ങും.

ആദമിന്റെ മക്കളുടെ - മനുഷ്യരുടെ - മുതുകുകളിൽ നിന്ന് അവരുടെ സന്തതികളെ പുറത്ത് കൊണ്ടുവരുകയും ഞാൻ നിങ്ങളുടെ റബ്ബല്ലേ എന്നു അല്ലാഹു അവരോട് ചോദിക്കയും അതെ എന്നു അവർ അതിന് മറുപടി പറഞ്ഞു സാക്ഷ്യം വഹിക്കുകയും ചെയ്തുവെന്ന് ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. ഈ പറഞ്ഞതിന്റെ താൽപര്യം വിവരിക്കുന്നതിൽ മുൻഗാമികളും പിൻഗാമികളുമായ വ്യാഖ്യാതാക്കൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായഗതികൾ കാണാം. അവയിൽ പ്രധാനമായത് താഴെ കാണുന്ന രണ്ടഭിപ്രായങ്ങളാകുന്നു:-

(1) അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള ബോധം മനുഷ്യനിൽ പ്രകൃത്യാതന്നെ അല്ലാഹു നിക്ഷേപിച്ചുവെച്ചിട്ടുണ്ട്. ആ ശുദ്ധ പ്രകൃതിയോടു കൂടിയാണ് ഒരോരുത്തരും ജനിച്ചു പുറത്ത് വരുന്നതും. നൈസർഗികമായ ഈ ബോധം നിമിത്തം തൗഹീദിന് വിരുദ്ധമായ നിലപാടുകളൊന്നും സ്വീകരിക്കാതിരിക്കുവാൻ ഓരോ മനുഷ്യനും ബാധ്യസ്ഥനാണ്. പരപ്രേരണ നിമിത്തമോ, ചുറ്റുപാടുകളുടെ സ്വാധീനം കൊണ്ടോ അവൻ ശിർക്കിലേക്ക് വഴുതിപ്പോകുന്ന പക്ഷം അവൻ അതിന് ഉത്തരവാദിയുമായിരിക്കും. ഈ നൈസർഗിക ബോധത്തെയാണ് ഈ വചനത്തിൽ സൂചിപ്പിക്കുന്നത് എന്നത്രെ പല മഹാൻമാരും സ്വീകരിച്ച അഭിപ്രായം. താഴെ കാണുന്നതുപോലുള്ള ഹദീഥുകളാണ് ഈ അഭിപ്രായത്തിന് അവർ തെളിവായെടുക്കുന്നത്. നബിﷺ പറഞ്ഞതായി അബൂഹുറയ്റ (റ) ഉദ്ധരിച്ച ഒരു ഹദീഥിന്റെ സാരം ഇതാകുന്നു : എല്ലാ കുട്ടികളും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണ്, എന്നിട്ട് അവന്റെ മാതാപിതാക്കൾ അവനെ യഹൂദിയും, ക്രിസ്ത്യാനിയും, മജൂസിയുമാക്കുകയാണ് ചെയ്യുന്നത്. (ബു.മു) ഇയാദ്വുബ്നുഹിമാർ ((عياض بن حمار (رضى) ഉദ്ധരിച്ച ഒരു നബി വചനം ഇങ്ങിനെയാണ്. അല്ലാഹു പറയുന്നു: എന്റെ അടിയാൻമാരെ ഞാൻ ഋജുമാനസരായി സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് പിശാചുക്കൾ വന്ന് അവരുടെ മതത്തിൽ നിന്ന് അവരെ പിഴപ്പിച്ചുകൊണ്ടുപോകുകയും, ഞാൻ അവർക്ക് അനുവദനീയമാക്കിയത് അവർക്ക് നിഷിദ്ധമാക്കുകയും ചെയ്യുന്നു (മു.) ഈ ആശയം വ്യക്തമാക്കുന്ന ഹദീഥുകൾ വേറെയും കാണാം.

(2) ആദം നബി(അ)യുടെ മുതുകിൽ നിന്ന്; അദ്ദേഹത്തിൽ നിന്ന് ഉണ്ടാകുവാൻ പോകുന്ന സന്തതികളെ - അവരുടെ അണുധൂളികളെ അല്ലെങ്കിൽ ആത്മാക്കളെ-അല്ലാഹു പുറത്തെടുക്കുകയും, അവർ വലതു പക്ഷക്കാരായും (സൗഭാഗ്യവാന്മാരായും) ഇടതുപക്ഷക്കാരായും (ദുർഭാഗ്യവാന്മാരായും) വേർതിരിയുകയും ചെയ്തുവെന്ന് കാണിക്കുന്ന പല ഹദീഥുകളും വന്നിട്ടുണ്ട്. ചിലതിൽ അല്ലാഹുവാണ് തങ്ങളുടെ റബ്ബ് എന്ന് അവർ സമ്മതിച്ചു സാക്ഷ്യപ്പെടുത്തിയതായും വന്നിരിക്കുന്നു. ഈ സംഭവത്തെപ്പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത് എന്നത്രെ രണ്ടാമത്തെ അഭിപ്രായം. അല്ലാഹുവാണ് തങ്ങളുടെ റബ്ബ് എന്ന തൗഹീദ് അവർ സാക്ഷ്യപ്പെടുത്തിയ വിവരം - ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയത് പോലെ- നബിﷺയുടെ പ്രസ്താവനയായി ('മർഫൂആ'യി) ക്കൊണ്ടല്ല നിവേദനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇബ്നു അബ്ബാസ് (റ)ന്റെയും, ഇബ്നു ഉമർ (റ) ന്റെയും പ്രസ്താവനകളായി ('മൗകൂഫു'കളായി)ക്കൊണ്ടാണുള്ളത്. ഇത് സംബന്ധിച്ച് വന്ന ഹദീഥുകളിൽ ചിലത് ദുർബ്ബലമാണെങ്കിലും സംഭവത്തെ അടിയോടെ നിഷേധിക്കുവാൻ വയ്യാത്ത വിധം ബലവത്താണ് ചിലത്. പക്ഷേ, ഈ വചനത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ആ സംഭവം തന്നെയാണോ എന്നുള്ളതാണ് തർക്ക വിഷയം. ചില രിവായത്തുകളിൽ ഈ വചനത്തിന്റെ ഉദ്ദേശ്യമെന്ന നിലക്കു തന്നെ പ്രസ്തുത സംഭവം ഉദ്ധരിക്കപ്പെട്ടിരിക്കുന്നത് ശരിയാണ്. എന്നാലും താഴെ ഇബ്നുകഥീർ (റ)ന്റെ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടിയത് പോലുള്ള കാരണങ്ങളെ പരിഗണിക്കുമ്പോൾ ഒന്നാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയായതെന്ന് കാണാം. الله اعلم.

മേൽകണ്ട രണ്ട് അഭിപ്രായങ്ങൾക്കും ആസ്പദങ്ങളായ പല ഹദീഥുകളും രിവായത്തുകളും ഉദ്ധരിക്കുകയും, രണ്ടാമത്തെ വിഭാഗത്തിൽ പെട്ട ഹദീഥുകളുടെ ചില അവ്യക്തതകളും, മേൽ സൂചിപ്പിച്ചത് പോലെയുള്ള ന്യൂനതകളും ചൂണ്ടിക്കാട്ടുകയും ചെയ്തശേഷം ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഒരു പ്രസ്താവന

ചെയ്തിരിക്കുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: ഇതുകൊണ്ടാണ് അബൂ ഹുറയ്റഃ (റ)യുടെയും ഇയാദ് (റ) ന്റെയും ഹദീഥുകളിൽ വന്ന പ്രകാരം, മനുഷ്യരെ തൗഹീദിന്റെ പ്രകൃതിയോടെ സൃഷ്ടിച്ചിരിക്കുന്നുവെന്നാണ് ഈ വചനത്തിലെ സാക്ഷ്യ പ്പെടുത്തൽ കൊണ്ട് ഉദ്ദേശ്യമെന്ന് മുൻഗാമികളിലും പിൻഗാമികളിലുമുള്ള പല ആളു കളും പറയുന്നത്. ഹസൻ ബസ്വരീ (റ) ഈ ആയത്തിന് ഈ വ്യാഖ്യാനം തന്നെ യാണ് നൽകിയിരിക്കുന്നത്. ആദമിന്റെ മക്കളുടെ മുതുകുകളിൽ നിന്ന് നിന്റെ റബ്ബ് പുറത്തെടുത്തു وَ إِذْ أَخَذَ رَبُّكَ مِنۢ بَنِىٓ ءَادَمَ مِن ظُهُورِهِمْ എന്നാണ് അല്ലാഹു പറഞ്ഞിരിക്കു ന്നത്. ആദമിൽ നിന്ന് പുറത്തെടുത്തുവെന്നോ, ആദമിന്റെ മുതുകിൽ നിന്ന് പുറത്തെ ടുത്തുവെന്നോ (من آدم او من ظهر آدم) പറഞ്ഞിട്ടില്ല. അവരുടെ സന്തതികൾ (ذُرِّيَّتَهُمْ) എന്നു പറഞ്ഞത് തലമുറകളായും സമൂഹങ്ങളായും വരുന്ന എല്ലാവരെയും ഉദ്ദേശി ച്ചാകുന്നു. അവരെ തങ്ങളുടെ സ്വന്തങ്ങളുടെ പേരിൽ സാക്ഷ്യപ്പെടുത്തി; ഞാൻ നിങ്ങ ളുടെ റബ്ബല്ലയോ എന്നു ചോദിച്ചു: അവർ അതെ എന്ന് ഉത്തരം പറഞ്ഞു وَأَشْهَدَهُمْ عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ قَالُوا بَلَىٰ എന്നൊക്കെ പറഞ്ഞതിന്റെ ഉദ്ദേശ്യം വാക്കു കൊണ്ടോ സ്ഥിതിഗതികൾകൊണ്ടോ അങ്ങിനെ സാക്ഷ്യപ്പെടുത്തുന്നവരായിട്ടാണ് അവരെ സൃഷ്ടിച്ചിരിക്കുന്നത് എന്നുമാകുന്നു. സാക്ഷ്യപ്പെടുത്തലും ചോദ്യവും ചില പ്പോൾ വാക്കുകൊണ്ടല്ലാതെ സ്ഥിതിഗതികൾ വഴിയും ഉണ്ടാകാറുണ്ട്. ഉദാഹരണമായി: തങ്ങളുടെ മേൽ അവിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട് മുശ്രിക്കു കൾക്ക് അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കുവാൻ പാടില്ല. (مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا ....) എന്ന് (9:17-ൽ) പറഞ്ഞതിന്റെ അർത്ഥം അവർ വാക്കു മൂലം തന്നെ സാക്ഷ്യപ്പെടുത്തുന്നവരാണെന്നല്ല. വാക്കുമൂലമോ സ്ഥിതി ഗതികൾ മൂലമോ സാക്ഷ്യപ്പെടുത്തുന്നവരാകുന്നുവെന്നത്രെ. അതുപോലെത്തന്നെ നിങ്ങൾ ചോദിക്കുന്നതിൽ നിന്നെല്ലാം നിങ്ങൾക്ക് അവൻ നൽകിയിരിക്കു ന്നു(وَءَاتَىٰكُم مِّن كُلِّ مَا سَأَلْتُمُوهُ) എന്ന (14:34) വാക്യവും (ഇവിടെയും വാക്കു മൂലം മാത്രം ചോദിക്കുന്നത് എന്നല്ല ഉദ്ദേശ്യം)

ഇബ്നു കഥീർ (റ) തുടർന്നു പറയുന്നു : ശിർക്ക് പ്രവർത്തിക്കുന്നവർക്ക് എതി രെയുള്ള ഒരു ന്യായമായിക്കൊണ്ടാണ് ഈ സാക്ഷ്യപ്പെടുത്തൽ നിലകൊള്ളുന്നതെന്ന വസ്തുതയും ഈ വ്യാഖ്യാനമാണ് ഇവിടെ ഉദ്ദേശ്യമെന്നുള്ളതിന് തെളിവാകുന്നു. മറ്റേ അഭിപ്രായക്കാർ പറഞ്ഞതു പോലെയുള്ള ഒരു സംഭവം ഉണ്ടായിട്ടുണ്ടെന്നുവെ ക്കുന്ന പക്ഷം, അത് എല്ലാവർക്കും എതിരെയുള്ള ന്യായമായിരിക്കണമെങ്കിൽ, ഓരോ രുത്തർക്കും ആ സംഭവം ഓർമയുണ്ടായിരിക്കേണ്ടതുമാണ്. എനി (അതു ഓർമയില്ലെ ങ്കിൽ തന്നെയും) റസൂൽ ﷺ ആ സംഭവം വിവരിച്ചു തരുന്നുണ്ടല്ലോ-അതു മതിയ ല്ലോ-എന്നു പറയപ്പെടുന്ന പക്ഷം, അതിനുള്ള മറുപടി ഇതാണ് : ഇത് മാത്രമല്ല, റസൂ ലുകൾ കൊണ്ടു വരുന്ന എല്ലാ വാർത്തകളും വ്യാജമാക്കുന്നവരാണ് മുശ്രിക്കുകൾ. (പിന്നെ, ഇതെങ്ങിനെയാണ് അവർക്കെതിരിൽ ഒരു ന്യായമായിത്തീരുക ?!) ഈ സാക്ഷ്യപ്പെടുത്തലാകട്ടെ. അവർക്കെതിരിൽ ഒരു പ്രത്യേക ന്യായമായിട്ടാണ് പറയ പ്പെട്ടിരിക്കുന്നതും. ഇത്രയും പറഞ്ഞതിൽ നിന്നു മനസ്സിലായി ആ സാക്ഷ്യപ്പെടുത്തൽ കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് തൗഹീദിനെ സമ്മതിക്കുന്ന ശുദ്ധ പ്രകൃതിയാണെ ന്ന്. അതുകൊണ്ടാണ് അതിനെത്തുടർന്ന് ..... ان تقولوا انا كنا عن هذا غافلين (ഞങ്ങൾ ഇതിനെപ്പറ്റി നിശ്ചയമായും അശ്രദ്ധരായിരുന്നുവെന്ന് നിങ്ങൾ പറഞ്ഞേക്കുമെന്നതു കൊണ്ടാണ്-അഥവാ പറയാതിരിക്കുവാൻ വേണ്ടിയാണ് - ഇങ്ങിനെ ചെയ്തത്....) എന്നു പറഞ്ഞിരിക്കുന്നതും (اهـ:ابن كثير)

അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള നൈസർഗിക ബോധത്തോടെ മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളതിനെയാണ് ഈ വചനത്തിൽ ഉദ്ദേശിച്ചിരിക്കുന്നത് എന്ന അഭിപ്രായം സ്വീകരിക്കുന്നവരെല്ലാം ആദം (അ)ന്റെ മുതുകിൽ നിന്ന് അദ്ദേഹത്തിന്റെ സന്തതികളെ അല്ലാഹു പുറത്തെടുക്കുകയും, അവർ സൗഭാഗ്യവാന്മാരും ദുർഭാഗ്യവാന്മാരുമായി വേർതിരിയുകയും ചെയ്തുവെന്ന് ഹദീഥുകളിൽ വന്നിട്ടുള്ളതിനെ നിഷേധിക്കുന്നവരാണെന്ന് ധരിക്കരുത്. അതിന്റെ സാദ്ധ്യതയെപ്പറ്റി ഇമാം റാസീ (റ) മുതലായവർ പ്രത്യേകം വിവരിച്ചിരിക്കുന്നത് കാണാം. സയ്യിദ് ഖുത്ബ് (റ) ഇതു സംബന്ധിച്ച് പറഞ്ഞ ചില വാക്കുകൾ ശ്രദ്ധാർഹമാകുന്നു. അദ്ദേഹം പ്രസ്തുത സംഭവത്തെ ചൂണ്ടിക്കൊണ്ട് പറയുകയാണ്: "എങ്ങിനെയാണ് ഈ കരാർ വാങ്ങിയതും, സാക്ഷ്യപ്പെടുത്തിയതും ? ഞാൻ നിങ്ങളുടെ റബ്ബല്ലയോ എന്നു ചോദിച്ചതും, അതെ എന്ന് അവർ ഉത്തരം പറഞ്ഞതും എങ്ങിനെയാണ് ? ഇതിനുള്ള മറുപടി: അല്ലാഹുവിന്റെ സത്തയെപ്പോലെത്തന്നെ അവന്റെ പ്രവൃത്തിയും അദൃശ്യകാര്യമാണ്. അവന്റെ സത്തയെപ്പറ്റി മനസ്സിലാക്കുവാൻ കഴിയാത്ത കാലത്തോളം അവന്റെ പ്രവൃത്തി എങ്ങിനെയാണെന്നും മനസ്സിലാക്കുവാൻ മനുഷ്യനു കഴിയുകയില്ല. പിന്നെ അവൻ ആകാശത്തേക്കു തിരിഞ്ഞു-അതൊരു പുകയായിരുന്നു" (41:11) പിന്നെ അവൻ അർശിന്മേൽ ആരോഹണം ചെയ്തു (7:54) ആകാശങ്ങൾ അവന്റെ വലങ്കയ്യിൽ ചുരുട്ടി പിടിക്കപ്പെട്ടതാണ് (39:67) എന്നിങ്ങനെ അല്ലാഹുവിന്റെ പ്രവൃത്തികളായി സ്പഷ്ടമായ ഭാഷയിൽ (ക്വുർആനിൽ) അവൻ പറഞ്ഞതെല്ലാം തന്നെ-അതെങ്ങിനെയാണ് എന്ന്-കണ്ടുപിടിക്കുവാൻ ശ്രമം നടത്താതെ, അതു സമ്മതിക്കുവാനേ നമുക്ക് നിവൃത്തിയുള്ളൂ. കാരണം لَيْسَ كَمِثْلِهِۦ شَيْءٌ (അവനെപ്പോലെ മറ്റൊരു വസ്തുവും ഇല്ല. (42:11).......' (في ظلال القرآن)

وَٱتْلُ عَلَيْهِمْ نَبَأَ ٱلَّذِىٓ ءَاتَيْنَٰهُ ءَايَٰتِنَا فَٱنسَلَخَ مِنْهَا فَأَتْبَعَهُ ٱلشَّيْطَٰنُ فَكَانَ مِنَ ٱلْغَاوِينَ ﴿١٧٥﴾

﴾175﴿ (നബിയേ) നമ്മുടെ ദൃഷ്ടാന്തങ്ങളെ നാം നൽകുകയും, എന്നിട്ട് അവയിൽ നിന്ന് ഊരി ഒഴിയുകയും ചെയ്ത ഒരുവന്റെ വൃത്താന്തം അവർക്ക് നീ ഓതികേൾപ്പിക്കുക ; അങ്ങിനെ, പിശാചു അവന്റെ പിന്നാലെകൂടി ; എന്നിട്ട് അവൻ ദുർമാർഗികളിൽ പെട്ടവനായി ത്തീർന്നു.

وَلَوْ شِئْنَا لَرَفَعْنَٰهُ بِهَا وَلَٰكِنَّهُۥٓ أَخْلَدَ إِلَى ٱلْأَرْضِ وَٱتَّبَعَ هَوَىٰهُ ۚ

﴾176﴿ നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവനെ അവ [ആ ദൃഷ്ടാന്തങ്ങൾ] മൂലം നാം ഉയർത്തുകതന്നെ ചെയ്യുമായിരുന്നു. എങ്കിലും അവൻ ഭൂമിയിലേക്ക് ശാശ്വതത്വം നടിച്ചു [അതിലേക്ക് ചാഞ്ഞു] ; തന്റെ ഇച്ഛയെ അവൻ പിൻപറ്റുകയും

ചെയ്തു.

فَمَثَلُهُۥ كَمَثَلِ ٱلۡكَلۡبِ إِن تَحۡمِلۡ عَلَيۡهِ يَلۡهَثۡ أَوۡ تَتۡرُكۡهُ يَلۡهَثۚ ذَّٰلِكَ مَثَلُ ٱلۡقَوۡمِ ٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَاۚ

അപ്പോൾ, അവന്റെ ഉപമ നായയുടെ മാതിരിയാകുന്നു. (അതായത്) നീ അതിനോട് എതിർത്താൽ അത് (കിതച്ചുകൊണ്ട് വാ പിളർന്നു)നാവ് തൂക്കിയിടും; അല്ലെങ്കിൽ നീ അതിനെ (എതിർക്കാതെ) വിട്ടു കളഞ്ഞാലും അത് (കിതച്ചുകൊണ്ട് വാ പിളർന്നു)നാവ് തൂക്കിയിടും. അത് നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയ ജനങ്ങളുടെ ഉപമയാകുന്നു.

فَٱقۡصُصِ ٱلۡقَصَصَ لَعَلَّهُمۡ يَتَفَكَّرُونَ ﴿١٧٦﴾

അതിനാൽ, (ഈ) കഥ അവർക്ക് നീ വിവരിച്ചുകൊടുക്കുക, അവർ ചിന്തിക്കുവാൻ വേണ്ടി,

سَآءَ مَثَلًا ٱلۡقَوۡمُ ٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَا وَأَنفُسَهُمۡ كَانُواْ يَظۡلِمُونَ ﴿١٧٧﴾

《177》 ഉപമയിൽ വളരെ ചീത്തയത്രെ, നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയും, തങ്ങളുടെ സ്വന്തങ്ങളോട് തന്നെ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്ത ജനത(യുടെ ഉപമ)!

《175》 وَاتۡلُ عَلَيۡهِمۡ അവർക്ക് നീ ഓതിക്കൊടുക്കുക (ഓതിക്കേൾപ്പിക്കുക) نَبَأَ الَّذِي യാതൊരുവന്റെ വൃത്താന്തം (വർത്തമാനം) آتَيۡنَاهُ അവനു നാം നൽകി آيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ فَانۡسَلَخَ എന്നിട്ടവൻ ഊരിപ്പോയി, കഴിച്ചലായി مِنۡهَا അവയിൽ നിന്ന് فَأَتۡبَعَهُ അപ്പോൾ അവനു പിന്നാലെകൂടി الشَّيۡطَانُ പിശാച് فَكَانَ അങ്ങനെ അവനായി مِنَ الۡغَاوِينَ ദുർമാർഗികളിൽപെട്ട (വൻ) 《176》 وَلَوۡ شِئۡنَا നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَرَفَعۡنَاهُ അവനെ നാം ഉയർത്തുകതന്നെ ചെയ്തിരുന്നു بِهَا അവ മൂലം وَلَٰكِنَّهُ എങ്കിലും അവൻ أَخۡلَدَ ശാശ്വതത്വം നടിച്ചു (ശാശ്വതനെന്നപോലെയായി) إِلَى الۡأَرۡضِ ഭൂമിയിലേക്ക് وَاتَّبَعَ പിൻപറ്റുകയും ചെയ്തു هَوَاهُ തന്റെ ഇച്ഛയെ فَمَثَلُهُ അപ്പോൾ അവന്റെ ഉപമ, മാതൃക, ഉദാഹരണം كَمَثَلِ ഉപമപോലെ(മാതിരി)യാണ് الۡكَلۡبِ നായയുടെ إِنۡ تَحۡمِلۡ നീ തിരക്കിയാൽ (എതിർത്താൽ) عَلَيۡهِ അതിനോട്, അതിനെതിരെ يَلۡهَثۡ അത് (കിതച്ചു)നാവു തൂക്കിയിടും (വാ പിളർന്ന് നാക്കുനീട്ടും) أَوۡ تَتۡرُكۡهُ അല്ലെങ്കിൽ നീ അതിനെ വിട്ടുകളഞ്ഞാലും يَلۡهَثۡ അത് നാവ് തൂക്കിയിടും ذَٰلِكَ مَثَلُ അതു ഉപമ (മാതൃക)യാണ് الۡقَوۡمِ الَّذِينَ യാതൊരു ജനങ്ങളുടെ كَذَّبُوا അവർ വ്യാജമാക്കി بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ فَاقۡصُصِ അതിനാൽ നീ കഥ പറയുക (വിവരിച്ചു കൊടുക്കു

ക) الْقَصَصَ (ഈ) കഥ, കഥനം لَعَلَّهُمْ അവരാകുവാൻ, ആയേക്കാം يَتَفَكَّرُونَ അവർ ചിന്തിക്കും ﴿177﴾ سَاءَ വളരെ (എത്രയോ)ചീത്ത, ദുഷിച്ചത് مَثَلًا ഉപമയാൽ, മാതൃകയാൽ, ഉദാഹരണം الْقَوْمُ ജനത, ജനങ്ങൾ الَّذِينَ كَذَّبُوا വ്യാജമാക്കിയവരായ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ وَأَنفُسَهُمْ അവരുടെ സ്വന്തങ്ങളെത്തന്നെ كَانُوا അവരായിരുന്നു, ആയിക്കൊണ്ടിരുന്നു يَظْلِمُونَ അവർ അക്രമം ചെയ്യുക

ദൃഷ്ടാന്തങ്ങൾ വഴി നേർമാർഗവും സത്യവും മനസ്സിലാക്കുവാനുള്ള പാണ്ഡിത്യം ലഭിച്ചിട്ട് പിന്നെയും ഭൂമിയിൽ നിത്യവാസിയാണെന്ന ഭാവേന ഐഹികമായ കാര്യലാഭങ്ങളെ മോഹിച്ചുകൊണ്ട് അതെല്ലാം അവഗണിച്ചു തള്ളുകയും, പിശാചിന്റെ ദുരുപദേശങ്ങൾക്ക് വഴങ്ങി ദുർമാർഗിയായി അധഃപതിക്കുകയും ചെയ്ത പണ്ഡിതന്റെ ഉപമയാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. ഈ വ്യക്തി ഏതായിരുന്നുവെന്ന് നിർണയിച്ചു പറയത്തക്ക തെളിവുകളൊന്നുമില്ല. ഇസ്റാഈല്യരിൽ ഉണ്ടായിരുന്ന ബൽആമുബ്നു ബാഊറാ(بَلْعَام بِنُ بَاعُورَا)യാണെന്ന് പല വ്യാഖ്യാതാക്കളും പറഞ്ഞു കാണുന്നു. വേറെ ചിലർ ഉമയ്യത്തുബ്നു അബിസ്സ്വൽത്ത് (أُمَيَّة بن ابي الصلت) ആണെന്നും മറ്റും പറഞ്ഞു കാണാം. ആരായിരുന്നാലും -ഒരു പ്രത്യേക വ്യക്തിയെ ഉദ്ദേശിച്ചു പറഞ്ഞതല്ലെന്നിരുന്നാൽ പോലും-അല്ലാഹു വിവരിച്ച ദുർഗുണങ്ങളോട് കൂടിയ എല്ലാ പണ്ഡിതനെയും ബാധിക്കുന്ന ഉപമയാണിത് എന്നുള്ളതിൽ സംശയമില്ല.

ബൽആമിനെപ്പറ്റി പറയപ്പെടുന്നത് ഇങ്ങനെയാണ് : അവൻ നന്നായി പഠിച്ചറിഞ്ഞ പണ്ഡിതനും സച്ചരിതനുമായിരുന്നു. പ്രാർത്ഥനകൾക്ക് വേഗം ഉത്തരം കിട്ടാറുള്ളവനായിരുന്നു. പിന്നീട് ശത്രുക്കളിൽ നിന്ന് കൈക്കൂലി വാങ്ങി മൂസാ നബി (അ) ക്കെതിരിൽ പ്രാർത്ഥന നടത്തുവാൻ ശ്രമിച്ചു. പക്ഷേ പ്രാർത്ഥിച്ചപ്പോൾ നാവിൽ വന്നത് മറിച്ചായിരുന്നു. അങ്ങനെ അവന് ഇഹവും പരവും നഷ്ടപ്പെട്ടു. പിന്നീട് സ്ഥിതിഗതികൾ കൂടുതൽ ദുഷിക്കുകയും ജനങ്ങളെ ദുർമാർഗത്തിലേക്ക് പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ബൈബ്ളിൽ ഇവനെപ്പറ്റി പല പ്രസ്താവനകളും കാണാം *(*)* ബെയോറിന്റെ മകനായ ബിലെയാം എന്നാണ് അതിൽ ഇയാളുടെ പേര് പറഞ്ഞി

(*) ബൈബ്ളിന്റെ പഴയനിയമത്തിൽ, സംഖ്യാ പുസ്തകം 22-24 എന്നീ അദ്ധ്യായങ്ങളിലും, പുതിയ നിയമത്തിൽ, 2. പത്രോസ് : 2 ൽ 15, വെളിപാട് 2 ൽ 14 യൂദാ 1 ൽ 11 എന്നിവിടങ്ങളിലും പ്രസ്താവിക്കപ്പെട്ടുകാണാം. ബൈബ്ളിലെ പ്രസ്താവനകളെ അടിസ്ഥാനമാക്കി വേദപുസ്തക നിഘണ്ടുവിൽ ഇവനെപ്പറ്റി പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: അവൻ (ബെലയോറിന്റെ മകൻ ബിലെയാം) ലക്ഷണം അറിയുന്നവനും സമർത്ഥനുമായിരുന്നു. ഇസ്റാഈല്യർ സീനാ മരുഭൂമിയിലൂടെ മോവാബി (موأب) ലെത്തിയപ്പോൾ അവിടത്തെ രാജാവ് അവനെ വിളിപ്പിച്ച് ഇസ്റാഈല്യരെ ശപിക്കുവാനാവശ്യപ്പെട്ടു. അതിനൊരുങ്ങിയ ശേഷം അവസാനം ശപിക്കുന്നതിന് പകരം അനുഗ്രഹിക്കുകയാണ് ചെയ്തത്. ഈ വഞ്ചന നിമിത്തം രാജാവ് നിശ്ചയപ്രകാരമുള്ള വാഗ്ദാനം നിറവേറ്റിയില്ല. ഇവൻ ഇസ്റാഈല്യരെ ദുർന്നടപ്പിന് പ്രേരിപ്പിച്ചു. വഞ്ചന, ദ്രവ്യമോഹം, അറിവുണ്ടായിട്ടും അതിനെതിരായി പ്രവർത്തിക്കൽ, ബുദ്ധി മുതലായ അനുഗ്രഹങ്ങളെ ദുരുപയോഗപ്പെടുത്തൽ എന്നിങ്ങിനെ പല കാര്യങ്ങളിലും ഇവന്റെ ചരിത്രത്തിൽ നിന്നും വേദ പണ്ഡിതൻമാരായ ആളുകൾ പാഠം പഠിക്കേണ്ടതാകുന്നു. (വേദ പു. നി. പുറം 297)

രിക്കുന്നത്. ഒരു പക്ഷേ, അതിൽ നിന്നായിരിക്കാം ഈ അഭിപ്രായം ഉത്ഭവിച്ചിരിക്കുന്നത്. അല്ലാഹുവിനറിയാം. ഉമയ്യത്തുബ്നു അബീസ്വൽത്ത് നബിയുടെ കാലത്ത് ജീവിച്ച ഒരു കവിയായിരുന്നു. ഇയാളും വളരെ പഠിച്ചറിഞ്ഞ ബുദ്ധിമാനായിരുന്നു. അടുത്ത കാലത്ത് ഒരു പ്രവാചകൻ വരാനുണ്ടെന്ന് ഉമയ്യത്തു പറഞ്ഞിരുന്നു. പക്ഷേ, അതു താനായിരിക്കുമെന്നായിരുന്നു തന്റെ പ്രതീക്ഷ. എന്നാൽ, സംഭവിച്ചത് മറ്റൊന്നായപ്പോൾ ഉമയ്യത്ത് പാടുമാറി, മുശ്രിക്കുകളുടെ പക്ഷത്തു ചേരുകയും, കവിതകൾ വഴി അവർക്ക് പിൻബലം നൽകുകയും ചെയ്തുകൊണ്ടിരുന്നു. അവന്റെ വിജ്ഞാനപരമായ ചില കവിതകളെപ്പറ്റി അവന്റെ കവിത വിശ്വസിച്ചു: അവന്റെ ഹൃദയം വിശ്വസിച്ചിട്ടില്ല എന്നു നബിﷺ പറഞ്ഞതായി നിവേദനം വന്നിരിക്കുന്നു.

സത്യവും നേർവഴിയും ഇന്നതാണെന്ന് ശരിക്കും അറിവുണ്ടായിരുന്നിട്ടും ഐഹിക കാര്യലാഭങ്ങൾക്കും സ്വാർത്ഥങ്ങൾക്കുംവേണ്ടി കൃതിമ ഫത്വകൾ കൊടുക്കുക സത്യത്തിനും സദാചാരത്തിനും വിരുദ്ധമായ സംരംഭങ്ങളിൽ മനഃപൂർവ്വം ഏർപ്പെടുക, സ്വാർത്ഥങ്ങൾക്കും കക്ഷി താൽപര്യത്തിനും വേണ്ടി മതവിധികൾ ദുർവ്യാഖ്യാനം ചെയ്യുക മുതലായ കൃത്യങ്ങൾ നടത്തുന്ന പണ്ഡിതന്മാരെ എല്ലാകാലത്തും കാണാം. ഇക്കാലത്ത് കൂടുതലും കാണും. ഇങ്ങിനെയുള്ള എല്ലാ പണ്ഡിതന്മാർക്കുമുള്ള ഉപമ തന്നെയാണ് അല്ലാഹു ഇവിടെ എടുത്തു കാണിച്ച നായയുടെ ഉപമയും. നായയോടാണ് അവരെ അല്ലാഹു ഉപമിച്ചിരിക്കുന്നതെന്ന വസ്തുത തന്നെ മതി അവരുടെ ദുഷ്ചെയ്തികളുടെ നികൃഷ്ടത മനസ്സിലാക്കുവാൻ. നായയെക്കുറിച്ചുള്ള വർണന കൂടി കണക്കിലെടുക്കുമ്പോൾ അല്ലാഹുവിന് അവരോടുള്ള അറപ്പും വെറുപ്പും എത്ര കടുത്തതാണെന്നും ഗ്രഹിക്കാവുന്നതാണ്. വായ പിളർന്ന് നാവ് പുറത്തേക്ക് തൂക്കിയിട്ട് കിതച്ചും കൊണ്ടായിരിക്കും നായ സാധാരണ നടക്കുക. ആരെങ്കിലും ഉപദ്രവിക്കുമ്പോഴും അല്ലാത്തപ്പോഴും അതങ്ങിനെത്തന്നെ. അതിന്റെ തീറ്റയിലും വികാര പ്രകടനങ്ങളിലും മാത്രമെ അതിന് ശ്രദ്ധയുണ്ടായിരിക്കുകയുള്ളൂ. അതുപോലെയാണ് ഇവരുടെയും സ്ഥിതിയെന്ന് അല്ലാഹുപറയുന്നു. അതായത് ഇവരുടെ ദുഷ്ചെയ്തികളെപ്പറ്റി ആരെങ്കിലും ഗുണദോഷിക്കുകയോ, എതിർക്കുകയോ ചെയ്യുന്നതുകൊണ്ടൊന്നും അവരുടെ നിലയിൽ മാറ്റം വരുന്നതല്ല. കാരണം അവരുടെ ലക്ഷ്യം ഭൗതിക നേട്ടമാണ്. അതിനുള്ള വളഞ്ഞ മാർഗങ്ങൾ ആരായുന്നതിൽ നിരതരായിരിക്കും അവർ. അതിന് വേണ്ടി എന്തുചെയ്യാനും അവർ മടിക്കുകയുമില്ല. തങ്ങളുടെ അറിവിന് എതിരായി പ്രവർത്തിക്കുക മാത്രമല്ല അവർ ചെയ്യുന്ന കുറ്റം. തങ്ങൾക്ക് അല്ലാഹുവിങ്കൽ ലഭിക്കുമായിരുന്ന ഉന്നത പദവികളെ നഷ്ടപ്പെടുത്തി പകരം ഐഹികമായ നിസ്സാര നേട്ടങ്ങൾക്ക് പ്രാധാന്യം നൽകുകയും അതിന് വേണ്ടി തന്നിഷ്ടങ്ങൾ പ്രവർത്തിക്കുകയുമാണവർ ചെയ്യുന്നത്. ഇത്കൊണ്ടൊക്കെത്തന്നെയാണ് അല്ലാഹു അവരോട് ഇത്രയും കടുത്ത വെറുപ്പ് പ്രകടിപ്പിക്കുന്നതും. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ. അല്ലാഹു പറയുന്നു:-

مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِى ۖ
وَمَن يُضْلِلْ
فَأُو۟لَـٰٓئِكَ هُمُ ٱلْخَـٰسِرُونَ ﴿١٧٨﴾

﴾178﴿ ഏതൊരുവനെ അല്ലാഹു നേർമാർഗത്തിലാക്കുന്നുവോ അവനത്രെ നേർമാർഗം പ്രാപിക്കുന്നവൻ, ഏതൊരുവരെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അക്കൂട്ടരത്രെ നഷ്ടപ്പെട്ടവരും.

﴾178﴿ مَنْ ആർ, ഏതൊരുവൻ يَهْدِ നേർമാർഗത്തിലാക്കുന്നുവോ اللَّهُ അല്ലാഹു فَهُوَ എന്നാലവനത്രെ الْمُهْتَدِي നേർമാർഗം പ്രാപിക്കുന്നവൻ وَمَنْ ആർ, ഏതൊരാൾ يُضْلِلْ അവൻ വഴിപിഴവിലാക്കുന്നുവോ فَأُولَٰئِكَ എന്നാൽ അക്കൂട്ടർ هُمُ അവരെത്രെ الْخَاسِرُونَ നഷ്ടപ്പെട്ടവർ

സൂറഃ ക്വസ്വസ്വിൽ നബിﷺയെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ.... (നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലാക്കുന്നു. നേർമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ നല്ലവണ്ണം അറിയുന്നവനുമത്രെ. (ക്വസ്വസ് 56) നേർമാർഗം ഇന്നതാണെന്ന് അറിഞ്ഞതുകൊണ്ടോ മറ്റൊരാൾ ഉപദേശിച്ചതുകൊണ്ടോ ആരും നേർമാർഗത്തിലായിക്കൊള്ളണമെന്നില്ല. അതിന് അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും തൗഫീക്വും അനിവാര്യമാകുന്നു. അത് ലഭിക്കാത്തവർ വഴിപിഴച്ചവർ തന്നെ. അതുകൊണ്ടാണല്ലോ കഴിഞ്ഞ വചനത്തിൽ പ്രസ്താവിക്കപ്പെട്ടതുപോലെയുള്ള ആളുകൾ അവർക്ക് വിവരമുണ്ടായിട്ടും-വഴി പിഴച്ചു പോകുന്നത്. അല്ലാഹു നാം എല്ലാവരെയും അവൻ നേർമാർഗം നൽകി അനുഗ്രഹിക്കുന്ന സൗഭാഗ്യവാൻമാരിൽ ഉൾപ്പെടുത്തട്ടെ ആമീൻ. അടുത്ത വചനം നോക്കുക:-

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ الْجِنِّ وَالْإِنسِ ۖ لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ آذَانٌ لَّا يَسْمَعُونَ بِهَا ۚ أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ ۚ أُولَٰئِكَ هُمُ الْغَافِلُونَ ﴿١٧٩﴾

﴾179﴿ ജിന്നുകളിൽ നിന്നും, മനുഷ്യരിൽ നിന്നും വളരെ ആളുകളെ ജഹന്നമി [നരകത്തി]നുവേണ്ടി നാം സൃഷ്ടിച്ചുണ്ടാക്കിയിട്ടുണ്ട് : അവർക്ക് ഹൃദയങ്ങളുണ്ട്, അവ കൊണ്ട് അവർ ഗ്രഹിച്ചു മനസ്സിലാക്കുകയില്ല; അവർക്ക് കണ്ണുകളുണ്ട്, അവകൊണ്ട് കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്, അവകൊണ്ട് അവർ കേട്ടറിയുകയില്ല ; അക്കൂട്ടർ കാലികളെപ്പോലെയാകുന്നു; എന്നല്ല, (അവയെക്കാൾ) അധികം വഴി പിഴച്ചവരാകുന്നു. അക്കൂട്ടർ തന്നെയാണ് അശ്രദ്ധൻമാർ:

﴾179﴿ وَلَقَدْ തീർച്ചയായും ഉണ്ട് ذَرَأْنَا നാം സൃഷ്ടിച്ചുണ്ടാക്കി لِجَهَنَّمَ ജഹന്നമിന് വേണ്ടി كَثِيرًا വളരെ (ആളുകളെ) مِنَ الْجِنِّ ജിന്നിൽനിന്നും وَالْإِنسِ മനുഷ്യരിൽ നിന്നും لَهُمْ അവർക്കുണ്ട്, ഉണ്ടായിരിക്കും قُلُوبٌ ഹൃദയങ്ങൾ, മനസ്സുകൾ لَا يَفْقَهُونَ അവർ ഗ്രഹിക്കുകയില്ല بِهَا അവ കൊണ്ട്, അവയാൽ وَلَهُمْ അവർക്കുണ്ട് أَعْيُنٌ കണ്ണുക(ളും)ൾ لَا يُبْصِرُونَ بِهَا അതുകൊണ്ട് അവർ കാണുകയില്ല وَلَهُمْ آذَانٌ അവർക്ക് കാതുകളുമുണ്ട് لَا يَسْمَعُونَ بِهَا അതുകൊണ്ട് അവർ കേൾക്കുകയില്ല أُولَٰئِكَ അക്കൂട്ടർ كَالْأَنْعَامِ കാലി

കളെ (ആടുമാടു ഒട്ടകങ്ങളെ)പ്പോലെയാണ് بَلْ എങ്കിലും, പക്ഷേ, എന്നല്ല هُمْ അവർ أَضَلُّ കൂടുതൽ വഴിപിഴച്ചവരാണ് أُولَٰئِكَ هُمُ അക്കൂട്ടർ തന്നെ الْغَافِلُونَ അശ്രദ്ധർ, ബോധ രഹിതർ

ചിന്തിച്ചു മനസ്സിലാക്കുവാനുള്ള ഹൃദയവും, കണ്ടു മനസ്സിലാക്കുവാനുള്ള കണ്ണും, കേട്ടു മനസ്സിലാക്കുവാനുള്ള കാതും ഇവയാണല്ലോ കാര്യങ്ങൾ വിവേചിച്ചറിയുവാനും സത്യാസത്യങ്ങൾ മനസ്സിലാക്കുവാനുമുള്ള മാർഗങ്ങൾ. അവയെല്ലാം ഉണ്ടായിരുന്നിട്ടും അവ ഉപയോഗപ്പെടുത്താതെ-അല്ലെങ്കിൽ ദുരുപയോഗപ്പെടുത്തിക്കൊണ്ട്-സത്യ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുകയും അതനുസരിച്ച് ചരിക്കുകയും ചെയ്യാതിരിക്കുന്നവർ നരകത്തിലേക്ക് വിറകായി സൃഷ്ടിക്കപ്പെട്ടവരാകുന്നു. അഥവാ അവരുടെ പര്യവസാനം നരകശിക്ഷയായിരിക്കും. അവർ നാൽക്കാലി മൃഗങ്ങളെക്കാൾ മോശപ്പെട്ടവരാണ് എന്ന് അല്ലാഹു അറിയിക്കുന്നു. ഇവർ നരകത്തിന് അവകാശപ്പെട്ടവരായിരിക്കുവാനുള്ള കാരണം ഇതിൽ നിന്നും വ്യക്തമാണ്. നാൽക്കാലികളെ സംബന്ധിച്ചിടത്തോളം ബാഹ്യത്തിൽ അവർക്ക് പ്രസ്തുത ഗ്രഹണേന്ദ്രിയങ്ങൾ നൽകപ്പെട്ടിട്ടുണ്ടെങ്കിലും വിവേചിച്ചറിയുവാനുള്ള ബുദ്ധിശക്തി നൽകപ്പെട്ടിട്ടില്ല. അവ സന്മാർഗത്തിൽ ചരിക്കണമെന്നോ, ദുർമാർഗത്തിൽ ചരിക്കരുതെന്നോ ശാസിക്കപ്പെട്ടിട്ടുമില്ല. ആ സ്ഥിതിക്ക് ഇങ്ങിനെയുള്ള അശ്രദ്ധരായ ആളുകൾ നാൽക്കാലികളെക്കാൾ മോശപ്പെട്ടവരാണെന്ന് വ്യക്തം തന്നെ. ആദ് സമുദായത്തിന്റെ അക്രമങ്ങളെയും, അവർക്ക് നൽകപ്പെട്ട ശിക്ഷയെയും കുറിച്ച് പറഞ്ഞ ശേഷം അവർക്ക് ആഗതിവന്നു ചേരുവാനുള്ള കാരണം പറഞ്ഞ കൂട്ടത്തിൽ അല്ലാഹു പറയുന്നു: “അവർക്ക് നാം കേൾവിയും, കാഴ്ചയും, ഹൃദയവും നൽകിയിരുന്നു. എന്നാൽ, അവരുടെ കേൾവിയാകട്ടെ, കാഴ്ചയാകട്ടെ, ഹൃദയമാകട്ടെ, ഒട്ടും തന്നെ അവർക്ക് ഉപകരിച്ചില്ല (കാരണം) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതിനാൽ (46:26)

ആരെല്ലാമാണ് തങ്ങളുടെ ഗ്രഹണേന്ദ്രിയങ്ങൾ ഉപയോഗപ്പെടുത്തി സൻമാർഗം സ്വീകരിക്കുക, ആരൊക്കെയാണ് അങ്ങിനെ ചെയ്യാതിരിക്കുക എന്നു അല്ലാഹുവിന് നേരത്തെത്തന്നെ അറിയാമല്ലോ. അത്രയുമല്ല, ഭൂത-വർത്തമാന-ഭാവികാലങ്ങളിലെ ചെറുതും വലുതുമായ സകല കാര്യങ്ങളും സസൂക്ഷ്മം അവൻ അറിയുന്നു. അവന്റെ അറിവിനെതിരായി ഒന്നും സംഭവിക്കുകയുമില്ല. ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും വളരെ ആളുകളെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിരിക്കുന്നു (وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا...) എന്നു പറഞ്ഞത് ഈ യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. രണ്ട് വർഗങ്ങൾക്കും സത്യാസത്യങ്ങൾ വിവേചിച്ചറിയുവാനുള്ള മാർഗങ്ങൾ അല്ലാഹു നൽകിയിട്ടുണ്ട്. അവരിൽ പലരും അത് യഥാവിധി ഉപയോഗപ്പെടുത്തുകയില്ല. അങ്ങനെ അവർക്ക് നരകം ആധാരമായിത്തീരുന്നുവെന്ന് സാരം. എന്നല്ലാതെ-ഒരു ലക്കും ലഗാനും കൂടാതെ-കുറെ അധികം ആളുകളെ നരകത്തിലും ബാക്കിയുള്ളവരെ സ്വർഗത്തിലും ആക്കുമെന്നല്ല ഉദ്ദേശ്യം. മനുഷ്യവർഗത്തിലും ജിന്നു വർഗത്തിലും നല്ലവരും ചീത്തപ്പെട്ടവരും ഉണ്ടാകാവുന്ന പ്രകൃതിസ്വഭാവത്തോടുകൂടിയാണ് അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ്സ്വർഗവും നരകവും സ്ഥാപിക്കപ്പെട്ടിരിക്കുന്നതും. സ്വർഗത്തെപ്പറ്റി അത് സൂക്ഷ്മത പാലിക്കുന്നവർക്ക്-അഥവാ ഭയഭക്തൻമാർക്ക്-വേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നുവെന്നും(3:133) അത് അല്ലാ

ഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നുവെന്നും (57:21) നരകത്തെപ്പറ്റി അതു അവിശ്വാസികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നുവെന്നും (2:24, 3:131) അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَٰٓئِهِۦ ۚ

﴿180﴾ അല്ലാഹുവിന് ഏറ്റവും നല്ലതായ [അത്യുൽകൃഷ്ടമായ] നാമങ്ങളുണ്ട് ; ആകയാൽ അവ [ആ നാമങ്ങൾ] കൊണ്ട് നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിച്ചു കൊള്ളുവിൻ. അവന്റെ നാമങ്ങളിൽ ക്രമക്കേടു കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുകയും ചെയ്യുവിൻ.

سَيُجْزَوْنَ مَا كَانُوا۟ يَعْمَلُونَ ﴿١٨٠﴾

അവർ പ്രവർത്തിച്ചു വരുന്നതിന് അവർക്ക് വഴിയെ പ്രതിഫലം നൽകപ്പെടും.

وَمِمَّنْ خَلَقْنَآ أُمَّةٌ يَهْدُونَ بِٱلْحَقِّ وَبِهِۦ يَعْدِلُونَ ﴿١٨١﴾

﴿181﴾ നാം സൃഷ്ടിച്ചവരിൽ ഒരു സമൂഹം (ആളുകൾ) ഉണ്ട്: അവർ യഥാർത്ഥം അനുസരിച്ച് (മറ്റുള്ളവർക്ക്) മാർഗദർശനം നൽകുന്നു ; അതനുസരിച്ച് തന്നെ നീതി പ്രവർത്തിക്കുകയും ചെയ്യുന്നു.

﴿180﴾ وَلِلَّهِ അല്ലാഹുവിനുണ്ട് الْأَسْمَاءُ നാമങ്ങൾ, പേരുകൾ الْحُسْنَىٰ ഏറ്റവും നല്ല, അത്യുൽകൃഷ്ടമായ فَادْعُوهُ അതിനാൽ അവനെ നിങ്ങൾ വിളിക്കു (പ്രാർത്ഥിക്കു)വിൻ بِهَا അവകൊണ്ട്, അവയാൽ وَذَرُوا നിങ്ങൾ വിട്ടുകളയുകയും ചെയ്യുവിൻ الَّذِينَ യാതൊരു കൂട്ടരെ يُلْحِدُونَ അവർ ക്രമക്കേട് കാണിക്കുന്നു, തെറ്റിപ്പോകുന്നു, വക്രത കാണിക്കുന്നു فِي أَسْمَائِهِ അവന്റെ നാമങ്ങളിൽ سَيُجْزَوْنَ അവർക്ക് വഴിയെ പ്രതിഫലം നൽകപ്പെടും مَا كَانُوا അവരായിരുന്നതിന് يَعْمَلُونَ അവർ പ്രവർത്തിക്കും ﴿181﴾ وَمِمَّنْ خَلَقْنَا നാം സൃഷ്ടിച്ചവരിലുണ്ട്, സൃഷ്ടിച്ചവരിൽപെട്ടതാണ് أُمَّةٌ ഒരു സമൂഹം, ഒരു കൂട്ടക്കാർ يَهْدُونَ അവർ മാർഗദർശനം നൽകുന്നു, വഴികാട്ടുന്നു بِالْحَقِّ യഥാർത്ഥമനുസരിച്ച്, യഥാർത്ഥവുമായി وَبِهِ അതുകൊണ്ട് തന്നെ يَعْدِلُونَ അവർ നീതി പാലി(പ്രവർത്തി)ക്കുന്നു

ഒരു വസ്തുവെ മറ്റുള്ളവയിൽ നിന്ന് വേർ തിരിച്ചറിയുവാൻ വേണ്ടി ഉപയോഗിക്കുന്ന സംജ്ഞകൾക്കാണ് നാമങ്ങൾ അഥവാ പേരുകൾ എന്ന് പറയുന്നത്. ചിലപ്പോൾ അവയിൽ അതത് വസ്തുവിന്റെ ഏതെങ്കിലും ഗുണവിശേഷങ്ങളും ഉൾക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ നാമങ്ങളെ സംബന്ധിച്ചിടത്തോളം അവ കേവലം ചില സംജ്ഞാ നാമങ്ങളോ സാധാരണ വിശേഷണ നാമങ്ങളെപ്പോലെയുള്ളവയോ അല്ല.

ഓരോ നാമവും വളരെ ഉന്നതവും ഉൽകൃഷ്ടവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതും, അതിവിപുലമായ അർത്ഥസാരങ്ങൾ അടങ്ങിയതുമായ വിശേഷണങ്ങളായിരിക്കും. അതുകൊണ്ടാണ് അവന്റെ നാമങ്ങളെക്കുറിച്ച് الأَسْمَاءُ الْحُسْنَى (ഏറ്റവും നല്ലതായ - അത്യുൽകൃഷ്ടമായ-നാമങ്ങൾ) എന്നു പറയപ്പെടുന്നത്. ആ നാമങ്ങളിൽ തന്നെ അവനെ വിളിക്കുകയും പ്രാർത്ഥിക്കുകയും വേണമെന്നും, അവയിൽ ക്രമകേടു കാണിക്കുന്നവരെ അനുകരിക്കാതെ വിട്ടുകളയണമെന്നും അല്ലാഹു കൽപിക്കുന്നു. അവന്റെ മഹത്വത്തിനും പരിശുദ്ധതക്കും യോജിക്കുന്ന നാമങ്ങൾ ഏതേതാണെന്ന് ശരിക്ക് അറിയേണമെങ്കിൽ അവനിൽ നിന്നോ, അവന്റെ റസൂലിൽ നിന്നോ തന്നെ അതു അറിയേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് ക്വുർആനിലോ ഹദീഥിലോ വന്നതല്ലാത്ത നാമങ്ങളെ അല്ലാഹുവിന്റെ നാമങ്ങളായി ഉപയോഗിച്ചുകൂടാ എന്ന് മിക്ക പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നതും.

അവന്റെ പരമോന്നതിക്കും പരിശുദ്ധതക്കും അനുയോജ്യമല്ലാത്ത പേരുകളിൽ അവനെ സംബോധന ചെയ്യുക, അങ്ങിനെയുള്ള വാക്കുകളാൽ അവനെ വിശേഷിപ്പിക്കുക, അവനു മാത്രം യോജിക്കുന്നതോ അവന്റെ നാമവിശേഷണമായി അറിയപ്പെട്ടതോ ആയ വാക്കുകളിൽ മറ്റുള്ളവരെ വിശേഷിപ്പിക്കുക മുതലായതെല്ലാം അവന്റെ നാമങ്ങളിൽ വക്രതയും ക്രമക്കേടും കാണിക്കൽ (الحاد) തന്നെ. അല്ലാഹുവിന് മാത്രം ഉപയോഗിക്കപ്പെടാവുന്ന റഹ്മാൻ, ജഗദീശ്വരൻ, ശഹീൻശാഹ് (രാജാധി രാജൻ)പോലെയുള്ള പേരുകൾ മനുഷ്യർക്ക് നൽകുന്നതും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. എല്ലാറ്റിനും പ്രത്യക്ഷത്തിൽ ശിർക്കിന്റെ കലർപ്പ് കാണുന്നില്ലെങ്കിൽ തന്നെയും അല്ലാഹുവിന്റെ മഹത്വത്തെ തരം താഴ്ത്തിക്കാണിക്കുകയെന്ന ദോഷത്തിൽ നിന്നും അതൊന്നും ഒഴിവാകുന്നില്ല. അതുകൊണ്ടാണ് അങ്ങിനെ ചെയ്യുന്നവർക്ക് അതിന് വഴിയെ പ്രതിഫലം നൽകപ്പെടുന്നതാണെന്ന് അല്ലാഹു താക്കീത് നൽകുന്നത്. സൂക്ഷ്മമായി പരിശോധിച്ചാൽ ശിർക്ക്പരമായ അന്ധവിശ്വാസങ്ങളിൽ അധികവും അല്ലാഹുവിന്റെ നാമങ്ങളെ മനസ്സിലാക്കിയതിലോ ഉപയോഗപ്പെടുത്തുന്നതിലോ വന്ന പാകപ്പിഴവുകളിൽ നിന്നായിരിക്കും അവയുടെ ഉൽഭവമെന്ന് കാണാവുന്നതാണ്.

അല്ലാഹുവിന് തൊണ്ണൂറ്റൊമ്പത് നാമങ്ങൾ ഉണ്ടെന്നും അവ സൂക്ഷ്മമായി പഠിച്ചവർ സ്വർഗത്തിൽ പ്രവേശിക്കുമെന്നും നബി ﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ)യിൽ നിന്നും ബുഖാരിയും മുസ്ലിമും (റ) രേഖപ്പെടുത്തിയിട്ടുണ്ട്. ആ നാമങ്ങൾ ഉൾക്കൊള്ളുന്ന ആശയങ്ങൾ ഗ്രഹിക്കുകയും, അവയെക്കുറിച്ച് ബോധവാനായിരിക്കുകയും ചെയ്യുക എന്നത്രെ, അവയെ സൂക്ഷിച്ചു പഠിക്കുക എന്നതിന്റെ താൽപര്യം. അല്ലാതെ-ചിലർ ധരിച്ചുവശായതുപോലെ-ആ പേരുകൾ മനഃപ്പാഠമാക്കി വെച്ച് ഉരുവിടുക എന്നല്ല. ചില രിവായത്തുകളിൽ ഈ തൊണ്ണൂറ്റൊമ്പത് നാമങ്ങൾ ഇന്നിന്നവയാണെന്ന് വിവരിക്കപ്പെട്ടു കാണാമെങ്കിലും - ഇബ്നുകഥീർ (റ) മുതലായവർ വ്യക്തമാക്കിയതുപോലെ - ക്വുർആനിൽ നിന്നു ചിലർ മനസ്സിലാക്കി എടുത്തത് മാത്രമാണവ. മേൽകണ്ട നബി വചനത്തിൽ തൊണ്ണൂറ്റൊമ്പത് നാമങ്ങൾ ഉണ്ടെന്നല്ലാതെ, തൊണ്ണൂറ്റൊമ്പതെണ്ണം മാത്രമെയുള്ളൂവെന്ന് പ്രസ്താവിച്ചിട്ടില്ലാത്തത്കൊണ്ട് അതിലധികം പേരുകൾ ഉണ്ടാകാമെന്നതിന് അത് എതിരല്ലെന്നും പല മഹാന്മാരും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അല്ലാഹുവിന്റെ നാമങ്ങളുടെ ആധിക്യം അവന്റെ ഉൽകൃഷ്ടഗുണങ്ങളുടെ ആധിക്യത്തെയാണ് കുറിക്കുന്നത്.

ജിന്നുകളിലും മനുഷ്യരിലുമുള്ള വളരെ ആളുകൾ നരകത്തിലേക്കുള്ളവരാണെന്നും, അതിനുള്ള കാരണം ഇന്നതാണെന്നും മുമ്പ് പ്രസ്താവിച്ചുവല്ലോ. എന്നാൽ

മറ്റൊരു വിഭാഗം ആളുകളുമുണ്ട് അവർ സത്യവും യാഥാർത്ഥ്യവും മനസ്സിലാക്കി അതനുസരിച്ച് ചരിക്കുകയും, മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കുകയും ചെയ്തുകൊണ്ടിരിക്കും: അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിക്കുകയോ, അവന്റെ നാമങ്ങളിൽ ക്രമക്കേടു കാണിക്കുകയോഇല്ല എന്നൊക്കെയാണ് രണ്ടാമത്തെ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ഒരു ഹദീഥിൽ നബിﷺ പറഞ്ഞതിന്റെ സാരം ഇപ്രകാരമാകുന്നു: ഈ സമുദായത്തിൽ ഒരു വിഭാഗം ആളുകൾ കിയാമത്തു നാൾവരേക്കും സത്യത്തിൽ അടിയുറച്ചു നിലകൊള്ളുന്നവരായി ഉണ്ടായിരിക്കും. മറ്റുള്ളവർ അവരെ കൈവെടിയുകയോ, അവരോട് ഭിന്നിച്ചു നിൽക്കുകയോ ചെയ്തതുകൊണ്ട് അവർക്ക് തടസ്സം നേരിടുകയില്ല. (ബു.മു) ഇങ്ങിനെയുള്ള സത്യസന്ധൻമാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ آمِين

വിഭാഗം - 23

وَٱلَّذِينَ كَذَّبُواْ بِـَٔايَـٰتِنَا سَنَسۡتَدۡرِجُهُم مِّنۡ حَيۡثُ لَا يَعۡلَمُونَ ﴿١٨٢﴾

﴾182﴿ **നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരാകട്ടെ, അവർ അറിയാത്ത വിധത്തിലൂടെ അവരെ നാം പടിപടിയായി കൊണ്ടുവന്നു (ശിക്ഷിച്ചു)കൊള്ളാം**

وَأُمۡلِي لَهُمۡۚ إِنَّ كَيۡدِي مَتِينٌ ﴿١٨٣﴾

﴾183﴿ **അവർക്ക് നാം താമസം, ചെയ്തു കൊടുക്കുകയും ചെയ്യും. നിശ്ചയമായും എന്റെ തന്ത്രം ശക്തിമത്തായതാകുന്നു.**

﴾182﴿ وَالَّذِينَ كَذَّبُوا വ്യാജമാക്കിയവരാകട്ടെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ سَنَسْتَدْرِجُهُمْ നാം അവരെ പടിപടിയായിക്കൊണ്ടുവരും, പതുക്കെ കൊണ്ടുവരും مِنْ حَيْثُ വിധത്തിലൂടെ لَا يَعْلَمُونَ അവർ അറിയാത്ത ﴾183﴿ وَأُمْلِي നാം താമസം (അയവ്)നൽകും, നീട്ടിയിട്ടുകൊടുക്കും لَهُمْ അവർക്ക് إِنَّ كَيْدِي നിശ്ചയമായും എന്റെ തന്ത്രം, ഉപായം مَتِينٌ ശക്തിമത്താണ്, ബലവത്താണ്.

സൂഃ അൻആം 44-ാം വചനത്തിലെ ആശയം തന്നെയാണ് ഈ വചനത്തിലും ഉള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ വകവെക്കാതെ നിഷേധിച്ചു തള്ളിക്കളയുന്നവരുടെ മേൽ ഉടനടി നടപടിയെടുക്കാതെ, സുഖസൗകര്യങ്ങൾ നൽകിക്കൊണ്ട് ആദ്യം അല്ലാഹു അവരെ അയച്ചുവിടും. പിന്നീട് ഓർക്കാപ്പുറത്ത് അവരെ പിടിച്ചു ശിക്ഷിക്കുകയും ചെയ്യും. അല്ലാഹുവിന്റെ തന്ത്രം ഒരു കാലത്തും പരാജയപ്പെടാത്തവിധം ശക്തിമത്താകുന്നു എന്നു സാരം.

أَوَلَمۡ يَتَفَكَّرُواْۗ مَا بِصَاحِبِهِم مِّن جِنَّةٍۚ إِنۡ هُوَ إِلَّا نَذِيرٌ مُّبِينٌ ﴿١٨٤﴾

﴾184﴿ **അവർ ചിന്തിച്ചു നോക്കുന്നില്ലേ ?! അവരുടെ ചങ്ങാതിക്ക് (നബിക്ക്) ഒരു ഭ്രാന്തുമില്ല; അദ്ദേഹം പ്രത്യക്ഷമായ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും)അല്ല.**

﴾184﴿ أَوَلَمْ يَتَفَكَّرُوا അവർ ചിന്തിക്കുന്നില്ലേ مَا بِصَاحِبِهِم അവരുടെ ചങ്ങാതിയിൽ (ആൾക്ക്-കൂട്ടുകാരന്)ഇല്ല مِّن جِنَّةٍ ഒരു ഭ്രാന്തും, ഭ്രാന്തായിട്ട് (ഒന്നും) إِنْ هُوَ അദ്ദേഹമല്ല إِلَّا نَذِيرٌ ഒരു താക്കീതുകാരൻ (മുന്നറിയിപ്പുകാരൻ)അല്ലാതെ مُّبِينٌ സ്പഷ്ടമായ (തനി) വ്യക്തമായ

അല്ലാഹുവിന്റെ റസൂലുകൾ വന്ന് ജനങ്ങളെ തൗഹീദിലേക്കും നേർമാർഗത്തിലേക്കും ക്ഷണിക്കുമ്പോൾ സത്യനിഷേധികൾ അവരെപ്പറ്റി പലതും പറഞ്ഞുണ്ടാക്കുന്ന കൂട്ടത്തിൽ, അവർ ജാലവിദ്യക്കാരാണ്; അല്ലെങ്കിൽ ഭ്രാന്തന്മാരാണ് എന്നു പറയുക പണ്ടേയുള്ള ഒരു പതിവത്രെ. (51:52) നൂഹ് (അ)ന്റെ ജനത അദ്ദേഹത്തെപ്പറ്റി അവൻ ഭ്രാന്തു പിടിച്ചവനാണെന്ന് പറഞ്ഞു. (23:25) മൂസാ (അ)നെപ്പറ്റി ഫിർഔനും അങ്ങിനെ പറഞ്ഞു. (26:27) അതുപോലെ, അവിശ്വാസികൾ നബിﷺയോടും പറഞ്ഞു വന്നിരുന്നു. (68:51) ക്വത്താദഃ (റ) പറഞ്ഞതായി ഇബ്നുജരീറും, ഇബ്നുൽ മുൻദിറും(റ) ഉദ്ധരിക്കുന്നു : സ്വഫാ കുന്നിൽവെച്ച് ഒരു ദിവസം നബി തിരുമേനിﷺ, ഓരോ തറവാട്ടുകാരെയും പ്രത്യേകം പ്രത്യേകം വിളിച്ചുവരുത്തി അവരോട് അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് താക്കീത് നൽകുകയുണ്ടായി. അപ്പോൾ, അവരിൽ ഒരാൾ പറഞ്ഞു: നിങ്ങളുടെ ചങ്ങാതി ഒരു ഭ്രാന്തൻ തന്നെയാണ്; ഇവൻ നേരം പുലരുന്നതുവരെ ഇങ്ങിനെ അട്ടഹസിച്ചു കൊണ്ടിരിക്കുന്നുവല്ലോ. അങ്ങനെ ഈ വചനം അവതരിച്ചു വെന്ന് എനിക്ക് വിവരം ലഭിച്ചിരിക്കുന്നു.

ജനനം മുതൽക്കെ നബിﷺയുമായി ഇടപഴകി പരിചയിച്ചവരാണ് ആ ജനത. അദ്ദേഹത്തിന് ഭ്രാന്തോ ബുദ്ധി ഭ്രമമോ ഇല്ലെന്ന് അവർക്ക് നന്നായി അറിയാം. ഇപ്പോൾ അവർ ഈ നിലപാട് തുടരുന്ന പക്ഷം അവർക്ക് അല്ലാഹുവിങ്കൽ നിന്ന് വരാനിരിക്കുന്ന ശിക്ഷയെക്കുറിച്ച് അദ്ദേഹം താക്കീതു ചെയ്വാൻ തുടങ്ങിയപ്പോഴേക്കും അദ്ദേഹം എങ്ങിനെ ഒരു ഭ്രാന്തനായിത്തീരുന്നു ?! ഇതവർ ചിന്തിക്കുന്നില്ലേ ?! എന്നാണ് അല്ലാഹു ചോദിക്കുന്നത്

أَوَلَمْ يَنظُرُوا۟ فِى مَلَكُوتِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا خَلَقَ ٱللَّهُ مِن شَىْءٍ وَأَنْ عَسَىٰٓ أَن يَكُونَ قَدِ ٱقْتَرَبَ أَجَلُهُمْ ۖ فَبِأَىِّ حَدِيثٍۭ بَعْدَهُۥ يُؤْمِنُونَ ﴿١٨٥﴾

﴾185﴿ ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യത്തിലും, അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിലും, അവരുടെ അവധി അടുത്തു കൂടിയിട്ടുണ്ടായിരിക്കാമെന്നുള്ളതിലും അവർ (മനസ്സിരുത്തി)നോക്കുന്നില്ലേ ?!

എനി, ഇതിന്ശേഷം (വേറെ) ഏതൊരു വിഷയത്തിലാണ് അവർ വിശ്വസിക്കു(വാൻപോകു)ന്നത് ?!

﴾185﴿ أَوَلَمْ يَنظُرُوا അവർ നോക്കുന്നില്ലേ (ആലോചി-ചിന്തി)ക്കുന്നില്ലേ فِي مَلَكُوتِ രാജാധിപത്യത്തിൽ السَّمَاوَاتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടെയും وَمَا خَلَقَ اللَّهُ അല്ലാഹു സൃഷ്ടിച്ചതിലും, യാതൊന്നും സൃഷ്ടിച്ചുവോ അതിലും

مِن شَيْءٍ ഒരു വസ്തുവായിട്ട്, ഏതൊരു വസ്തുവും وَأَنْ عَسَى ആയേക്കാമെന്നതിലും أَن يَكُونَ ഉണ്ടായിരിക്കുക, ആയിരിക്കുക قَدِ اقْتَرَبَ അടുത്തു കൂടിയിട്ടുണ്ട് أَجَلُهُمْ അവരുടെ അവധി فَبِأَيِّ حَدِيثٍ എനി ഏതൊരു വിഷയത്തിലാണ്, വർത്തമാനംകൊണ്ടാണ് بَعْدَهُ ഇതിന് (അതിന്)ശേഷം يُؤْمِنُونَ അവർ വിശ്വസിക്കുന്നു.

നബിﷺക്ക് ഭ്രാന്തൊന്നുമില്ല, ബോധപൂർവ്വം കാര്യം തന്നെയാണ് പറയുന്നത് എന്ന് കഴിഞ്ഞ വചനത്തിൽ സ്ഥാപിച്ചു. എനി, അതല്ലെങ്കിൽ ആകാശഭൂമികളുടെ ഭരണ-കൈകാര്യ-നിയന്ത്രണ വിഷയങ്ങളെപ്പറ്റി അവരൊന്ന് ചിന്തിച്ചു നോക്കട്ടെ. വേണ്ട, അല്ലാഹു സൃഷ്ടിച്ച ഏതൊരു വസ്തുവെപ്പറ്റിയും അവരൊന്നു ചിന്തിച്ചു നോക്കട്ടെ. എന്നാലും അവർക്ക് മനസ്സിലാക്കുവാൻ കഴിയും, അല്ലാഹു ഏകനാണ്, അവനല്ലാതെ റബ്ബും ഇലാഹുമില്ല, മരണാനന്തരം ഒരു ജീവിതമുണ്ട് എന്നിങ്ങിനെ ഈ ക്വുർആനും മുഹമ്മദ്ﷺയും പറയുന്നത് ശരിയാണെന്ന്. അതുമല്ലെങ്കിൽ അവർ എനി അധികകാലമൊന്നും ജീവിക്കുകയില്ല-ഒരു പക്ഷേ, വളരെ അടുത്ത് തന്നെ മരണപ്പെട്ടേക്കാം-എന്ന വസ്തുതയും അവർക്കറിയാമല്ലോ. അതിനുമുമ്പായി സത്യാവസ്ഥ ഒന്നു മനസ്സിലാക്കുവാൻ എന്തുകൊണ്ട് അവർ തുനിയുന്നില്ല ?! മുഹമ്മദ്ﷺ പറയും പോലെയാണ് കാര്യമെങ്കിൽ അവരുടെ കാര്യം വളരെ അപകടത്തിലായിരിക്കും എന്നെങ്കിലും അവർ ചിന്തിക്കാത്തത് എന്താണ് ? ! തികച്ചും വ്യക്തമായ സത്യയാഥാർത്ഥ്യങ്ങളാണ് ഈ ക്വുർആൻ മുഖേന മുഹമ്മദ്ﷺ പ്രബോധനം ചെയ്യുന്നത്, എന്നിട്ടും അതിൽ വിശ്വസിക്കുവാൻ തയ്യാറല്ലെങ്കിൽ പിന്നെ എനി ഏതാണ് ഇവർക്കു വിശ്വസിക്കുവാൻ പറ്റിയതായി വേറെയുള്ളത് ?! എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

مَن يُضْلِلِ ٱللَّهُ فَلَا هَادِىَ لَهُۥ ۚ وَيَذَرُهُمْ فِى طُغْيَـٰنِهِمْ يَعْمَهُونَ ﴿١٨٦﴾

﴾186﴿ ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കുന്നുവോ അവന് (പിന്നെ) നേർമാർഗം നൽകുന്നവനില്ല. അ(ങ്ങിനെയുള്ള) വരെ അവരുടെ അതിക്രമത്തിൽ (അന്തംവിട്ട്) അലയുന്നവരായി അവൻ വിട്ടുകളയുന്നതുമാണ്.

﴾186﴿ مَنْ يُضْلِلِ എതൊരുവനെ (ആരെ) വഴിപിഴവിലാക്കുന്നുവോ اللَّهُ അല്ലാഹു فَلَا هَادِيَ എന്നാൽ നേർമാർഗത്തിലാക്കുന്ന (വഴി കാട്ടുന്ന)വനില്ല لَهُ അവന് وَيَذَرُهُمْ അവരെ അവൻ വിടുകയും ചെയ്യും فِي طُغْيَانِهِمْ അവരുടെ അതിരു കവിച്ചലിൽ, ധിക്കാരത്തിൽ يَعْمَهُونَ അവർ അലയുന്നതായി, (അന്തംവിട്ട്-അന്ധാളിച്ച്-പരിഭ്രമിച്ച്) നടക്കുമാറ്

ശാഠ്യത്തിലും മർക്കട മുഷ്ടിയിലും ഉറച്ചു നൽക്കുന്നവരെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല. അവൻ സൻമാർഗത്തിലാക്കാത്തവരെല്ലാം വഴിപിഴച്ചവർ തന്നെ. അവർക്ക് നേർവഴി കാട്ടി സൻമാർഗത്തിലേക്ക് നയിക്കുവാൻ ആർക്കും സാധ്യമല്ല. വഴിതെറ്റി മരുഭൂമിയിൽ അലഞ്ഞു നടക്കുന്നവരെപ്പോലെ, ലക്ഷ്യബോധമില്ലാതെ മതിമറന്നും അന്തംവിട്ടും അലഞ്ഞു നടക്കുവാൻ തൽക്കാലം അല്ലാഹു അവരെ വിട്ടേക്കും, അവസാനം പിടിച്ചു ശിക്ഷിക്കുകയും ചെയ്യും.

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ رَبِّى ۖ لَا يُجَلِّيهَا لِوَقْتِهَآ إِلَّا هُوَ ۚ ثَقُلَتْ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ لَا تَأْتِيكُمْ إِلَّا بَغْتَةً ۗ

《187》 (നബിയേ,) അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു ; അതിന്റെ സ്ഥാപനം [അതു സംഭവിക്കൽ] ഏത് സമയത്താണെന്ന്. നീ പറയുക; നിശ്ചയമായും അതിന്റെ അറിവ് എന്റെ റബ്ബിന്റെ പക്കൽ മാത്രമാണ്. അതിന്റെ സമയത്ത് അവനല്ലാതെ (ആരും) അതിനെ വെളിപ്പെടുത്തുകയില്ല. ആകാശങ്ങളിലും, ഭൂമിയിലും അത് (വളരെ) ഭാരിച്ചതായിരിക്കുന്നതാണ്. പെട്ടന്നല്ലാതെ അത് നിങ്ങൾക്ക് വരുകയില്ല.

يَسْـَٔلُونَكَ كَأَنَّكَ حَفِىٌّ عَنْهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿١٨٧﴾

(നബിയേ) നീ അതിനെക്കുറിച്ച് കിണഞ്ഞന്വേഷിച്ച(റിഞ്ഞ)വനാണെന്നവിധം അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക; നിശ്ചമായും അതിന്റെ അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു, എങ്കിലും മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല.

《187》 يَسْأَلُونَكَ അവർ നിന്നോട് ചോദിക്കുന്നു عَنِ السَّاعَةِ അന്ത്യസമയത്തെപ്പറ്റി أَيَّانَ ഏതു സമയത്താണ്, എന്നേരമാണ് مُرْسَاهَا അതിന്റെ സ്ഥാപനം (സംഭവിക്കൽ), നങ്കൂരമിടൽ قُلْ നീ പറയുക إِنَّمَا عِلْمُهَا നിശ്ചയമായും അതിന്റെ (അതു സംബന്ധിച്ച)അറിവ് عِندَ رَبِّي എന്റെ റബ്ബിന്റെ അടുക്കൽ (മാത്ര)മാകുന്നു لا يُجَلِّيهَا അതിനെ വെളിപ്പെടുത്തുകയില്ല لِوَقْتِهَا അതിന്റെ സമയത്തേക്ക് (സമയത്ത്) إِلا هُوَ അവനല്ലാതെ ثَقُلَتْ അത് ഭാരിച്ചതാണ്, ഭാരമായിരിക്കുന്നു فِي السَّمَاوَاتِ ആകാശങ്ങളിൽ وَالأَرْضِ ഭൂമിയിലും لا تَأْتِيكُمْ അത് നിങ്ങൾക്ക് വരുകയില്ല إِلا بَغْتَةً പെട്ടെന്നല്ലാതെ يَسْأَلُونَكَ നിന്നോടവർ ചോദിക്കുന്നു كَأَنَّكَ നീ ആണെന്നപോലെ, ആകുന്നുവെന്നോണം حَفِيٌّ കിണഞ്ഞന്വേഷിക്കുന്ന (അറിയുന്ന)വൻ عَنْهَا അതിനെപ്പറ്റി قُلْ നീ പറയുക إِنَّمَا عِلْمُهَا നിശ്ചയമായും അതിന്റെ അറിവ് عِندَ اللهِ അല്ലാഹുവിങ്കൽ (മാത്രം)ആകുന്നു وَلَٰكِنَّ എങ്കിലും, എന്നാൽ, പക്ഷേ أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും لا يَعْلَمُونَ അറിയുന്നില്ല, അറിയുകയില്ല.

ساعة (സാഅത്ത്) എന്നാൽ അൽപം സമയം എന്നത്രെ ഭാഷാർത്ഥം. നാഴിക, വിനാഴിക, മണിക്കൂർ (ഒരു ദിവസത്തിന്റെ ഇരുപത്തിനാലിൽ ഒരംശം) എന്നീ അർത്ഥങ്ങളിൽ അത് ഉപയോഗിച്ചു വരുന്നു. ال (അൽ) എന്ന അവ്യയം കൂടി ചേർത്ത് السَّاعَة

എന്ന് പറയുമ്പോൾ അത് ഒരു പ്രത്യേക സമയത്തെ കുറിക്കുന്നു. ലോകാവസാന ദിവസമാകുന്ന അന്ത്യസമയത്തെ ഉദ്ദേശിച്ചാണ് ക്വുർആനിൽ ഈ വാക്ക് ഉപയോഗിക്കാറുള്ളത്. നാൽപത് സ്ഥലത്ത് ക്വുർആനിൽ അത് വന്നിട്ടുണ്ട്. അവിടെയെല്ലാം ഈ അർത്ഥത്തിലാണ് അതുള്ളത്. രണ്ടു പ്രാവശ്യം കാഹളം ഊതപ്പെടുമെന്നും, ഒന്നാമത്തെ ഊത്തോടുകൂടി ലോകാവസാനവും ജീവികളുടെ നാശവും സംഭവിക്കുകയും, രണ്ടാമത്തെ ഊത്തോടുകൂടി പുനർജീവിതവും വിചാരണ മുതലായ അനന്തര സംഭവങ്ങളും ഉണ്ടാകുകയും ചെയ്യുമെന്നും ക്വുർആനിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണ്. ഇതെല്ലാം ഉൾക്കൊള്ളുന്ന വാക്കുകളാണ് 'ക്വിയാമത്തുനാളും', 'അന്ത്യനാളും'(يوم القيمة و اليوم الآخر) ക്വിയാമത്ത് നാളിന്റെ ആദ്യഘട്ടത്തെ-അഥവാ ലോകനാശം സംഭവിക്കുന്ന സമയത്തെ-ഉദ്ദേശിച്ചാണ് ٱلسَّاعَة എന്ന വാക്ക് അധികം പറയപ്പെടാറുള്ളത്. ഒരു മിടിയിടകൊണ്ട് എല്ലാം കഴിഞ്ഞുപോകുമാറ് അത്ര പെട്ടെന്നായിരിക്കും അത സംഭവിക്കുക. അതുകൊണ്ടായിരിക്കാം അതിന് ഈ വാക്ക് ഉപയോഗിക്കുന്നത്. അല്ലാഹുവിനറിയാം. അന്ത്യസമയം, അന്ത്യഘട്ടം എന്നൊക്കെ അതു ഭാഷാന്തരം ചെയ്യപ്പെട്ടുവരുന്നു.

حَفِي(ഹഫിയ്യ്) എന്നത് ഏതെങ്കിലും വിഷയത്തിലുള്ള താൽപര്യം നിമിത്തം അതിനെപ്പറ്റി കിണഞ്ഞു അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നവൻ എന്ന അർത്ഥത്തിലും, കൃപയും സ്നേഹവുമുള്ള മാന്യൻ - അല്ലെങ്കിൽ സ്നേഹിതൻ-എന്ന അർത്ഥത്തിലും വരാവുന്ന വാക്കാകുന്നു. രണ്ടു പ്രകാരത്തിലും ഇവിടെ അർത്ഥം കൽപിക്കപ്പെട്ടിട്ടുമുണ്ട്. ആദ്യത്തെ അർത്ഥപ്രകാരം كَأَنَّكَ حَفِيٌّ عَنْهَا എന്നു പറഞ്ഞതിന്റെ സാരം ഇങ്ങിനെയായിരിക്കും : ആ സമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നത് കണ്ടാൽ നീ അതിനെപ്പറ്റി വേണ്ടത്ര അന്വേഷിച്ചറിഞ്ഞുവെച്ച ആളാണെന്ന് തോന്നിപ്പോകും. രണ്ടാമത്തെ അർത്ഥപ്രകാരം, ആ സമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നത് കണ്ടാൽ നീ അവരുടെ ഒരു ഉറ്റ സ്നേഹിതനാണെന്ന് തോന്നിപ്പോകും-അഥവാ അതു കൊണ്ട് നീ അവർക്കത് പറഞ്ഞുകൊടുക്കാതിരിക്കുകയില്ല-എന്നായിരിക്കും സാരം.

അല്ലാഹുവിന്റെ ഏകത്വത്തെ സംബന്ധിക്കുന്ന തൗഹീദിലും, പരലോക ജീവിതത്തോടു ബന്ധപ്പെട്ട അന്ത്യനാളിലുമാണല്ലോ അവിശ്വാസികൾക്ക് ഏറ്റവുമധികം നിഷേധമുള്ളത്. അതുകൊണ്ട് അങ്ങനെ ഒരു അന്ത്യസമയമുണ്ടെങ്കിൽ അതെപ്പോഴാണ് സംഭവിക്കുക എന്ന് പരിഹാസ രൂപത്തിലും, നിഷേധരൂപത്തിലും നബിﷺയോട് അവർ ചോദിച്ചുകൊണ്ടിരിക്കും. ഇതിനുള്ള മറുപടിയാണ് ഈ വചനത്തിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്. ഈ ചോദ്യവും മറുപടിയും ക്വുർആനിൽ ഒന്നിലധികം സ്ഥലത്ത് കാണാവുന്നതാകുന്നു. എല്ലാ സ്ഥലത്തും പറഞ്ഞ മറുപടിയുടെ ചുരുക്കം ഇതാണ്: അതെപ്പോഴാണെന്ന് അല്ലാഹുവിനുമാത്രമെ അറിയുകയുള്ളൂ. മറ്റാർക്കും അറിയുകയില്ല. ആർക്കും അവൻ അറിയിച്ചുകൊടുക്കുകയുമില്ല. അവനു മാത്രം അറിയാവുന്ന ഒരു പരമ രഹസ്യമാണത്. ഈ ആശയം വളരെ വ്യക്തവും ആവർത്തിച്ചും പറയപ്പെട്ടിട്ടുണ്ട് താനും. അപ്പോൾ ഭൂലോകത്തുള്ള എല്ലാ ശാസ്ത്രജ്ഞൻമാരും, ഗണിതക്കാരും, വേദാന്തികളും-എന്നു വേണ്ട, എല്ലാ തരം ആളുകളും -ഒത്തു ചേർന്നുകൊണ്ട് ലോകാവസാന സംഭവം ഇന്ന കാലത്ത് നടക്കുമെന്ന് പ്രവചിച്ചാലും അല്ലാഹുവിന്റെ ഈ മറുപടിയെപ്പറ്റി അറിയാവുന്ന ഒരു സത്യവിശ്വാസിക്ക് അത് തനി വിഡ്ഢിത്തമായിട്ടല്ലാതെ കണക്കാക്കുവാൻ സാധിക്കുകയില്ല. ചില ജ്യോൽസ്യൻമാർ ചേർന്ന് ലോകാ

വസാനം ഇന്ന കാലത്ത് സംഭവിക്കുമെന്ന് പ്രവചിക്കുകയും, അത്കേട്ട് പാശ്ചാത്യരും പൗരസ്ത്യരുമടക്കം എത്രയോ ജനങ്ങൾ ഭയവിഹ്വലരായിക്കൊണ്ട് അത് കാത്തിരിക്കുകയും അവസാനം അതൊരു ദുഃസ്വപ്നമായി കലാശിക്കുകയും ചെയ്തിട്ടുള്ളത് ഒന്നിലധികം പ്രാവശ്യം നാമൊക്കെ കണ്ടു കഴിഞ്ഞതാണ്. ആ കാത്തിരിപ്പിൽ കുറേ മുസ്‌ലിം സാമാന്യ ജനങ്ങളും അകപ്പെടാതിരുന്നിട്ടില്ല. അറിവില്ലായ്മയോ, വിശ്വാസക്കുറവോ മാത്രമാണതിന് കാരണമെന്ന് തീർച്ചതന്നെ. ഖുർആനിൽ വിശ്വസിക്കുകയും, അതിലെ പ്രാഥമിക പാഠങ്ങൾ ഗ്രഹിക്കുകയും ചെയ്തിട്ടുള്ള ഒരാളും അത്തരം പ്രവചനങ്ങൾക്ക് ചെവി കൊടുക്കുകയില്ല താനും.

അന്ത്യസമയം എപ്പോഴാണെന്ന് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല. എന്നാൽ, അതിന് അവൻ ഒരു നിശ്ചിത സമയം നിശ്ചയിച്ചുവെച്ചിട്ടുണ്ട്; ആ സമയം വരുമ്പോഴായിരിക്കും അതു സംഭവിക്കുക ; അതു വെളിപ്പെടുത്തുന്നതിൽ മറ്റാർക്കും ഒരു പങ്കും ഉണ്ടായിരിക്കുകയില്ല എന്നൊക്കെ لَا يُجَلِّيهَا لِوَقْتِهَا إِلَّا هُوَ(അതിന്റെ സമയത്ത് അവനല്ലാതെ അതിനെ വെളിപ്പെടുത്തുകയില്ല) എന്ന വാക്യത്തിൽ നിന്നും മനസ്സിലാക്കാം. അന്നത്തെ ദിവസം സകല ജീവികളും നാശമടയും, ആകാശഭൂമികളുടെ നിലയെല്ലാം താറുമാറായിപ്പോകും, സൂര്യചന്ദ്ര നക്ഷത്രങ്ങളെല്ലാം സ്ഥാനം തെറ്റി ഉതിർന്നു പോകും എന്നിങ്ങിനെ അതിഭയങ്കരങ്ങളായ അനേകം സംഭവവികാസങ്ങൾ ഉണ്ടായിത്തീരുമെന്ന് പല സ്ഥലങ്ങളിലും - താഴെ സൂറത്തുകളിൽ വിശേഷിച്ചും - അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. സൂറത്തുൽ ഹജ്ജിന്റെ ആദ്യ വചനത്തിൽ അല്ലാഹു പറയുന്നു : 'നിശ്ചയമായും അന്ത്യസമയത്തിന്റെ പ്രകമ്പനം വമ്പിച്ച ഒരു കാര്യമാണ്. അത് നിങ്ങൾ കാണുന്ന ദിവസം, മുലകൊടുക്കുന്ന സ്ത്രീകളെല്ലാം അവർ മുലകൊടുക്കുന്നവരെപ്പറ്റി ശ്രദ്ധവിട്ടുപോകും; ഗർഭിണികളെല്ലാം അവരുടെ ഗർഭം പ്രസവിച്ചു പോകും: മനുഷ്യരെ മത്തുപിടിച്ചവരായും നിനക്കു കാണാം'. ثَقُلَتْ فِي السَّمَاوَاتِ وَالْأَرْضِ (ആകാശങ്ങളിലും ഭൂമിയിലും അത് വളരെ ഭാരിച്ചതാണ്) എന്നു പറഞ്ഞത് അതൊക്കെയാണ് സൂചിപ്പിക്കുന്നത്. യാതൊരു മുന്നറിയിപ്പും കൂടാതെ തികച്ചും യാദൃശ്ചികമായിട്ടായിരിക്കാം അത് സംഭവിക്കുകയെന്നും അല്ലാഹു അറിയിച്ചു തരുന്നു. لَا تَأْتِيكُمْ إِلَّا بَغْتَةً(പെട്ടെന്നല്ലാതെ അത് നിങ്ങൾക്ക് വരുകയില്ല) എന്നാണ് ഇവിടെ അല്ലാഹു പറഞ്ഞ വാക്ക്. മറ്റൊരു സ്ഥലത്ത് പറയുന്നത് ഇങ്ങിനെയാണ്: وَمَا أَمْرُ السَّاعَةِ إِلَّا كَلَمْحِ الْبَصَرِ أَوْ هُوَ أَقْرَبُ(സാരം: അന്ത്യസമയത്തിന്റെ കാര്യം കണ്ണിമ വെട്ടുന്നത്പോലെയല്ലാതെ ഇല്ല. അല്ലെങ്കിൽ അത് കൂടുതൽ അടുപ്പം-വേഗത-യുള്ളതാകുന്നു (നഹ്ൽ 77)അന്ത്യസമയം നിലവിൽ വരുമ്പോൾ, കൊള്ളക്കൊടുക്കൽ നടത്തുന്ന രണ്ടാളുകൾ അവർക്കിടയിൽ നിവർത്തിപ്പിടിച്ച വസ്ത്രം മടക്കുവാൻ അവർക്ക് കഴിയുകയില്ല. വെള്ളത്തൊട്ടി ശരിപ്പെടുത്തിക്കൊണ്ടിരിക്കുന്നവന് അതിൽ നിന്ന് വെള്ളം കുടിക്കുവാൻ കഴിയുകയില്ല. പാൽ കറക്കുന്നവന് അത് കുടിക്കുവാൻ കഴിയുകയില്ല. ഭക്ഷണം വായിലേക്ക് പൊക്കിയവന് അതു തിന്നുവാൻ കഴിയുകയില്ല. എന്നൊക്കെ നബിﷺ തിരുമേനിയും അരുളിച്ചെയ്തിരിക്കുന്നു (ബു.മു)

നബിﷺ തിരുമേനിയടക്കമുള്ള പ്രവാചകൻമാർക്കോ, ജിബ്‌രീൽ (അ) അടക്കമുള്ള മലക്കുകൾക്കോ ആർക്കും തന്നെ അന്ത്യസമയം എപ്പോഴായിരിക്കും എന്നറിയുകയില്ലെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടാണ് സ്വഹാബികൾക്ക് മതകാര്യങ്ങൾ ചോദിച്ചറിയുന്നത് പഠിക്കുവാൻ വേണ്ടി മനുഷ്യ രൂപത്തിൽ ജിബ്‌രീൽ (അ) വന്നു നട

ത്തിയ ചോദ്യോത്തരങ്ങളിൽ, അന്ത്യസമയം എപ്പോഴാണെന്ന് ജിബ്രീൽ (അ) ചോദിച്ചപ്പോൾ ما المسؤل عنها باعلم من السائل (ചോദിക്കപ്പെട്ടവൻ ചോദ്യകർത്താവിനെക്കാൾ അതിനെപ്പറ്റി അറിയുന്നവനല്ല)എന്ന് നബിﷺ ഉത്തരം പറഞ്ഞത് (മു) എന്നിരിക്കെ, ലോകാവസാനം ഇന്നപ്പോഴായിരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് ചില ഗ്രന്ഥങ്ങളിൽ കാണുന്ന രിവായത്തുകൾ സ്വീകാര്യങ്ങളല്ലെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ അതിന് മുമ്പായി ചില അടയാളങ്ങൾ ഉണ്ടാവാനുണ്ടെന്നും, ചില അടയാളങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നും ഖുർആനിൽ നിന്നും ഹദീഥുകളിൽ നിന്നുമായി മനസ്സിലാക്കാവുന്നതുമാകുന്നു. സൂഃ മുഹമ്മദിൽ അന്ത്യസമയം അവർക്ക്-അവിശ്വാസികൾക്ക് -പെട്ടെന്ന് വന്നെത്തുന്നതല്ലാതെ അവർ നോക്കിക്കാത്തുകൊണ്ടിരിക്കുന്നുവോ?! എന്ന് ചോദിച്ചുകൊണ്ട് അല്ലാഹു പറയുന്നു: فَقَدْ جَاءَ أَشْرَاطُهَا (എന്നാൽ അതിന്റെ അടയാളങ്ങൾ വന്നു കഴിഞ്ഞു (മുഹമ്മദ് : 18) ഈ അടയാളത്തിൽ പ്രധാനപ്പെട്ട ഒന്നാണ് നബിﷺ യുടെ വെളിപാട്. നബിﷺ തിരുമേനി ചൂണ്ടുവിരലും നടുവിരലും ചേർത്തു പിടിച്ചുകൊണ്ട് بعثت انا و الساعة كهاتين (ഞാനും അന്ത്യസമയവും ഈ രണ്ടും പോലെ - അടുത്തതായി - നിയോഗിക്കപ്പെട്ടിരിക്കുന്നു.) എന്നു പറഞ്ഞിരിക്കുന്നു (ബു.മു)

കുഴപ്പങ്ങളുടെയും കലഹങ്ങളുടെയും ആധിക്യം, വ്യഭിചാരത്തിന്റെയും സദാചാര വിരുദ്ധമായ പ്രസ്ഥാനങ്ങളുടെയും മറ്റും പ്രചാരം, ധാർമികാരാജകത്വം, കള്ളവാദികളുടെ വെളിപാട്, ദൈവനിഷേധത്തിന്റെയും ശിർക്കിന്റെയും വളർച്ച, സ്ത്രീകളുടെ പെരുപ്പം, സ്ത്രീകൾ പുരുഷവേഷം അണിയൽ എന്നിങ്ങനെ പലതും കാലാവസാനത്തിന്റെ അടയാളങ്ങളായി ബലവത്തായ ഹദീഥുകളിൽ വന്നിരിക്കുന്നു. പ്രസ്തുത ഹദീഥുകളുടെ യഥാർത്ഥോദ്ദേശ്യം മനസ്സിലാക്കാത്ത ചില സാമാന്യ ബുദ്ധികൾ ധരിക്കാറുള്ളതും വക്രതാൽപര്യക്കാരായ ചില ദുർബുദ്ധികൾ ദുർവ്യാഖ്യാനം ചെയ്യാറുള്ളതും പോലെ, അന്ത്യസമയത്തെക്കുറിച്ച് നബിﷺ ക്കു വല്ല മുന്നറിവും ഉണ്ടെന്നല്ല അവയുടെ അർത്ഥം. കാലാവസാനത്തിന് മുമ്പ് ഇങ്ങിനെ ചിലതെല്ലാം സംഭവിച്ചേക്കുമെന്നും അത് അടുത്തടുത്തുവന്നുകൊണ്ടിരിക്കുന്നുവെന്നും, കാണിക്കുന്ന ചില ലക്ഷണങ്ങളാണ് അവയെന്നുമത്രെ താൽപര്യം. അല്ലാഹുവിൽ നിന്ന് അറിവ് ലഭിക്കാതെ നബിﷺ മറഞ്ഞ കാര്യങ്ങളൊന്നും പറയുകയില്ല തന്നെ.

قُل لَّآ أَمْلِكُ لِنَفْسِى نَفْعًا وَلَا ضَرًّا إِلَّا مَا شَآءَ ٱللَّهُ ۚ وَلَوْ كُنتُ أَعْلَمُ ٱلْغَيْبَ لَٱسْتَكْثَرْتُ مِنَ ٱلْخَيْرِ وَمَا مَسَّنِىَ ٱلسُّوٓءُ ۚ إِنْ أَنَا۠ إِلَّا نَذِيرٌ

﴾188﴿ (നബിയേ) പറയുക : എന്റെ സ്വന്തത്തിന് (തന്നെ) ഒരു ഉപകാരമാകട്ടെ, ഉപദ്രവമാകട്ടെ ഞാൻ അധീനമാക്കുന്നില്ല [എനിക്കതിന് കഴിവില്ല] അല്ലാഹു ഉദ്ദേശിച്ചതൊഴികെ. ഞാൻ അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ, ഞാൻ ഗുണത്തിൽ നിന്നു (ധാരാളം) വർദ്ധിപ്പിച്ചു വെക്കുക തന്നെ ചെയ്യുമായിരുന്നു. തിന്മ എന്നെ സ്പർശിക്കുകയുമില്ലായിരുന്നു. ഞാൻ വിശ്വസിക്കുന്ന ജനങ്ങൾക്ക് ഒരു താക്കീതുകാരനും, സന്തോഷമ

وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ ﴿١٨٨﴾ റിയിക്കുന്നവനുമല്ലാതെ (മറ്റാരും) അല്ല.

﴾188﴿ قُلْ നീ പറയുക لَّا أَمْلِكُ ഞാൻ ഉടമ (സ്വാധീന)പ്പെടുത്തുന്നില്ല (എനിക്കുകഴിയുകയില്ല) لِنَفْسِي എന്റെ സ്വന്തത്തിന്, എനിക്കുതന്നെ نَفْعًا ഒരു ഉപകാരത്തെയും وَلَا ضَرًّا ഉപദ്രവത്തെയുമില്ല إِلَّا مَا شَاءَ ഉദ്ദേശിച്ചതല്ലാതെ اللَّهُ അല്ലാഹു وَلَوْ كُنتُ ഞാനായിരുന്നെങ്കിൽ أَعْلَمُ ഞാൻ അറിയും الْغَيْبَ അദൃശ്യത്തെ, മറഞ്ഞ കാര്യം لَاسْتَكْثَرْتُ ഞാൻ പെരുപ്പി(അധികരിപ്പി-വർദ്ധിപ്പി)ക്കുക തന്നെ ചെയ്യുമായിരുന്നു مِنَ الْخَيْرِ ഗുണത്തിൽ (നല്ലതിൽ) നിന്ന് وَمَا مَسَّنِيَ എന്നെ സ്പർശിക്കുക(തൊടുക-ബാധിക്കുക)യുമില്ല السُّوءُ തിന്മ, ദോഷം إِنْ أَنَا ഞാനല്ല إِلَّا نَذِيرٌ ഒരു താക്കീതു (മുന്നറിയിപ്പ്)കാരൻ അല്ലാതെ وَبَشِيرٌ ഒരു സന്തോഷമറിയിക്കുന്നവനും لِّقَوْمٍ يُؤْمِنُونَ വിശ്വസിക്കുന്ന ജനങ്ങൾക്ക്.

അന്ത്യസമയം എപ്പോൾ സംഭവിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ എന്നു പ്രഖ്യാപിക്കുവാൻ കഴിഞ്ഞ വചനം മുഖേന നബിﷺയോട് അല്ലാഹു കൽപിച്ചു. ഈ വചനത്തിൽ, അതുപോലെയുള്ള പല കാര്യങ്ങളും ഉൾപ്പെടുന്ന ഒരു പൊതു തത്വം ജനങ്ങളോട് പ്രഖ്യാപിക്കുവാൻ കൽപിക്കുന്നു. അദൃശ്യമായ-അഥവാ മനുഷ്യന്റെ ഗ്രഹണേന്ദ്രിയങ്ങൾക്കതീതമായ-കാര്യങ്ങളൊന്നും എനിക്കറിഞ്ഞുകൂടാ, എന്റെ സ്വന്തം ദേഹത്തിന് പോലും വല്ല ഗുണമോ ദോഷമോ ചെയ്വാൻ എനിക്ക് സ്വന്തം നിലക്ക് കഴിവില്ല. അല്ലാഹു വല്ലതും അറിയിച്ചു തന്നാൽ അതറിയും, ഏതെങ്കിലും ഗുണമോ, ദോഷമോ എനിക്കുണ്ടാകണമെന്ന് അവൻ ഉദ്ദേശിച്ചാൽ അതുണ്ടാകുകയും ചെയ്യും. അതിനപ്പുറം ഒരു കഴിവും എനിക്കില്ല. അദൃശ്യങ്ങളെപ്പറ്റി എനിക്കറിയാമായിരുന്നുവെങ്കിൽ എനിക്ക് എത്രയോ നന്മകൾ നേടിവെക്കാമായിരുന്നു. തിന്മകളായി ഒന്നും തന്നെ എന്നെ ബാധിക്കുകയും ചെയ്യുമായിരുന്നില്ല. മനുഷ്യാതീതമായ കഴിവുകളൊന്നും എനിക്കില്ല. പക്ഷേ, ഞാൻ അല്ലാഹു നിയോഗിച്ചയച്ച അവന്റെ റസൂലാണ്, സജ്ജനങ്ങൾക്ക് പുണ്യഫലങ്ങളെക്കുറിച്ച് സന്തോഷവാർത്തയും, ദുർജ്ജനങ്ങൾക്ക് ശിക്ഷകളെക്കുറിച്ച് താക്കീതും നൽകലാണ് എന്റെ ചുമതല. സത്യവിശ്വാസം സ്വീകരിക്കുവാൻ തയ്യാറുള്ളവർക്കേ അതു പ്രയോജനപ്പെടുകയുള്ളൂ. എന്നൊക്കെയാണ് ഈ പ്രഖ്യാപനത്തിന്റെ സാരം.

അന്ത്യ പ്രവാചകനും, പ്രവാചക ശ്രേഷ്ഠനുമായ നബി തിരുമേനിﷺയുടെ അവസ്ഥ തന്നെ ഇതാണെങ്കിൽ മറ്റേതെങ്കിലും ഒരു മഹാത്മാവിനോ, പുണ്യവാളനോ മറഞ്ഞകാര്യം അറിയും-അല്ലെങ്കിൽ മനുഷ്യാതീതമായ വല്ല കാര്യവും ചെയ്യുവാൻ കഴിയും-എന്ന് ഊഹിക്കുവാൻ സാധ്യമാണോ ? ആലോചിച്ചു നോക്കുക ! മുമ്പ് മരണപ്പെട്ടവരോ, ഇപ്പോൾ ജീവിച്ചിരിക്കുന്നവരോ ആയ ചില വ്യക്തികൾക്ക്-അവർ എത്ര തന്നെ ഉന്നതൻമാരായിരുന്നാലും - അങ്ങിനെയുള്ള കഴിവുകൾ വല്ലതും നൽകപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കുന്ന പാമരൻമാരെപ്പറ്റി അവർക്ക് അറിഞ്ഞു കൂടായ്മയാണെന്ന് സമാധാനിക്കാം. അത്തരം അന്ധവിശ്വാസങ്ങളെയും അജ്ഞതകളെയും ഊട്ടിയുറപ്പിച്ചു നിലനിറുത്തുന്ന പണ്ഡിതന്മാരെപ്പറ്റി എന്താണ് വിധി കൽപിക്കേണ്ടതെന്ന് നിഷ്പക്ഷ ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ !

അദൃശ്യജ്ഞാനം ഉള്ളവർക്ക് ഇന്നകാര്യം ഇന്നപ്പോൾ ഇന്നതുപോലെ സംഭവി

ക്കുമെന്നറിയാവുന്നത് കൊണ്ട് ഇന്നിന്ന പ്രകാരമുള്ള നടപടികൾ മുൻകൂട്ടി സ്വീകരിക്കേണ്ടതുണ്ടെന്നും, അല്ലെങ്കിൽ സ്വീകരിച്ചു കൂടാ എന്നും നേരത്തെത്തന്നെ അറിയുമല്ലോ. അങ്ങിനെ, ഇടപാടുകൾ ലാഭകരമായിരിക്കുവാനും, യുദ്ധത്തിലും, വ്യവഹാരത്തിലും വിജയം മാത്രം വരിക്കുവാനും, എന്നുവേണ്ട ഉദ്ദേശിച്ച കാര്യങ്ങളത്രയും പ്രയാസം കൂടാതെ സാധിക്കുവാനും അവർക്ക് കഴിയുന്നതാണ്. അപായങ്ങളും ബുദ്ധിമുട്ടുകളും നേരിടാതെ മുൻ കരുതലെടുക്കുവാനും കഴിയും. എനിക്ക് അതിനൊന്നും കഴിയുന്നില്ലല്ലോ എന്നത്രെ ....وَلَوْ كُنتُ أَعْلَمُ الْغَيْبَ(ഞാൻ അദൃശ്യകാര്യം അറിയുമായിരുന്നെങ്കിൽ.........)എന്നു തുടങ്ങിയ വാക്യത്തിന്റെ താൽപര്യം.

വിഭാഗം - 24

هُوَ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا ۖ

《189》 അവനത്രെ, ഒരേ വ്യക്തിയിൽ [ആളിൽ] നിന്നും നിങ്ങളെ സൃഷ്ടിച്ചവൻ, അതിൽ നിന്ന് (തന്നെ) അതിന്റെ ഇണയെ [ഭാര്യയെ] യും അവൻ ഉണ്ടാക്കി-അവൻ അവളുടെ അടുക്കൽ (ചെന്ന്) സമാധാനിക്കുവാൻ വേണ്ടി.

فَلَمَّا تَغَشَّىٰهَا حَمَلَتْ حَمْلًا خَفِيفًا فَمَرَّتْ بِهِۦ ۖ

അങ്ങനെ, അവൻ [പുരുഷൻ] അവളിൽ [സ്ത്രീയിൽ] പ്രവേശനമുണ്ടായപ്പോൾ അവൾ ഒരു ലഘുവായ ഗർഭം ധരിച്ചു: എന്നിട്ട് അതുമായി അവൾ നടക്കുകയായി

فَلَمَّآ أَثْقَلَت دَّعَوَا ٱللَّهَ رَبَّهُمَا لَئِنْ ءَاتَيْتَنَا صَٰلِحًا لَّنَكُونَنَّ مِنَ ٱلشَّٰكِرِينَ ﴿١٨٩﴾

അങ്ങനെ അവൾക്ക് (ഗർഭ)ഭാരം കൂടി വന്നപ്പോൾ, അവർ രണ്ടാളും തങ്ങളുടെ റബ്ബായ അല്ലാഹുവിനെ വിളിച്ചു [പ്രാർത്ഥിച്ചു]. 'നീ ഞങ്ങൾക്ക് ഒരു നല്ലവനെ [നല്ലതായ കുട്ടിയെ] നൽകുന്ന പക്ഷം നിശ്ചയമായും ഞങ്ങൾ നന്ദി കാണിക്കുന്നവരിൽ പെട്ടവരായിരിക്കുന്നതാണ്.'

فَلَمَّآ ءَاتَىٰهُمَا صَٰلِحًا جَعَلَا لَهُۥ شُرَكَآءَ فِيمَآ ءَاتَىٰهُمَا ۚ

《190》 എന്നിട്ട്, അവൻ [റബ്ബ്] അവർക്ക് രണ്ടാൾക്കും [പുരുഷനും അവന്റെ ഇണക്കും] ഒരു നല്ലവനെ [നല്ലകുട്ടിയെ] നൽകിയപ്പോൾ തങ്ങൾക്ക് അവൻ നൽകിയതിൽ, അവനു ചില പങ്കാളികളെ അവർ ഉണ്ടാക്കി(ത്തീർത്തു.)

فَتَعَٰلَى ٱللَّهُ عَمَّا يُشْرِكُونَ ﴿١٩٠﴾

എന്നാൽ അവർ [മനുഷ്യർ] പങ്കു ചേർത്തു വരുന്നതിൽ നിന്നും അല്ലാഹു വളരെ ഉന്നതനായിരിക്കുന്നു.

﴾189﴿ هُوَ الَّذِي خَلَقَكُمْ അവനത്രെ നിങ്ങളെ സൃഷ്ടിച്ചവൻ مِن نَفْسٍ ഒരു ആത്മാവിൽ (ആളിൽ-വ്യക്തിയിൽ-ദേഹത്തിൽ)നിന്ന് وَاحِدَةٍ ഒരേ,.ഏക وَجَعَلَ مِنْهَا അതിൽ നിന്ന് ആക്കുക(ഉണ്ടാക്കുക)യും ചെയ്തു زَوْجَهَا അതിന്റെ ഇണ (ഭാര്യ)യെ لِيَسْكُنَ അവൻ സമാധാനിക്കു(ഇണങ്ങു)വാൻ വേണ്ടി إِلَيْهَا അവളിലേക്ക്, അവളുടെ അടുക്കൽ (ചെന്ന്) فَلَمَّا تَغَشَّاهَا അങ്ങനെ അവൻ അവളിൽ പ്രവേശനമുണ്ടായപ്പോൾ حَمَلَتْ അവൾ വഹിച്ചു (ധരിച്ചു) حَمْلًا ഒരു വഹിക്കൽ (ഗർഭം) خَفِيفًا ലഘുവായ, നേരിയ فَمَرَّتْ എന്നിട്ടവൾ നടന്നു بِهِ അതുംകൊണ്ട്, അതുമായി فَلَمَّا أَثْقَلَت അങ്ങനെ അവൾ (ഗർഭം മൂലം) ഭാരപ്പെട്ട (ഭാരംകൂടിയ)പ്പോൾ دَعَوَا അവർ രണ്ടാളും വിളിച്ചു പ്രാർത്ഥിച്ചു اللَّهَ رَبَّهُمَا അവരുടെ റബ്ബായ അല്ലാഹുവിനെ لَئِنْ آتَيْتَنَا നീ ഞങ്ങൾക്ക് നൽകിയെങ്കിൽ صَالِحًا ഒരു നല്ലവനെ (നല്ലകുട്ടിയെ) لَنَكُونَنَّ നിശ്ചയമായും ഞങ്ങൾ ആയിത്തീരും مِنَ الشَّاكِرِينَ നന്ദി കാണിക്കുന്നവരിൽ പെട്ട (വർ) ﴾190﴿ فَلَمَّا آتَاهُمَا അങ്ങനെ (എന്നിട്ട്) അവൻ അവർക്ക് നൽകിയപ്പോൾ صَالِحًا ഒരു നല്ലവനെ جَعَلَا لَهُ അവർ (രണ്ടാളും) അവന് ആക്കി, ഉണ്ടാക്കി شُرَكَاءَ ചില പങ്കാളികളെ, പങ്കുകാരെ فِيمَا آتَاهُمَا അവൻ അവർക്ക് നൽകിയതിൽ فَتَعَالَى എന്നാൽ വളരെ ഉന്നതനായി (ഉന്നതിപ്പെട്ടി)രിക്കുന്നു. اللَّهُ അല്ലാഹു عَمَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നതിൽ നിന്ന്

ഒരേ ആളിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചുവെന്നും, ആ ആളിൽ നിന്ന് അതിന്റെ ഇണയെ ഉണ്ടാക്കി എന്നും പറഞ്ഞത്, മനുഷ്യപിതാവായ ആദം (അ) നെയും, അദ്ദേഹത്തിന്റെ ഇണയായ ഹവ്വാഉ് (അ) നെയും കുറിച്ചാണെന്ന് സൂഃ നിസാഇലെ ഒന്നാമത്തെ വചനത്തിന്റെ വ്യാഖ്യാനത്തിൽ മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട് ഒരേ ആളിൽ നിന്നും എന്നു നാം അർത്ഥം കൽപിച്ച مِن نَفْسٍ وَاحِدَةٍ എന്ന വാക്കിന് ഒരേ വർഗത്തിൽ നിന്ന് (من جنس واحد) എന്നും ചിലർ അർത്ഥം കൽപിച്ചിട്ടുണ്ടെന്നും, പല കാരണങ്ങളാൽ ആ അർത്ഥം അതിന് കൽപിക്കുവാൻ മാർഗമില്ലെന്നും നാം അവിടെ കാര്യകാരണ സഹിതം വിവരിച്ചിരിക്കുന്നു. ആ ഒരേ ആളിൽ നിന്നും തന്നെ അതിന്റെ ഇണയെയും ഉണ്ടാക്കി (وَجَعَلَ مِنْهَا زَوْجَهَا) എന്ന് പറഞ്ഞതിന്റെ താൽപര്യവും അവിടെ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. അതു കൊണ്ട് വീണ്ടും അതൊന്നും ആവർത്തിക്കേണ്ടതായിട്ടില്ല.

نَفْس എന്ന വാക്കിന് വ്യക്തി, ആൾ, സ്വന്തം, ആത്മാവ്, ദേഹം എന്നിങ്ങിനെയുള്ള ഏത് അർത്ഥം കൽപിച്ചാലും - അല്ലെങ്കിൽ ചിലർ പറയുന്നത്പോലെ വർഗം എന്ന് അർത്ഥം കൽപിച്ചാലും - ശരി, അതിൽ നിന്ന് അതിന്റെ ഇണയാകുന്ന പെണ്ണിനെ സൃഷ്ടിച്ചത് അവന് അവളുമായി ഇണക്കവും സ്നേഹവും ഉണ്ടാകുവാനും അവളെ സമീപിക്കുന്നതിൽ അവന് മനസ്സമാധാനം ഉണ്ടായിത്തീരുവാനും വേണ്ടിയാണ് എന്ന

ത്രെ لِيَسْكُنَ إِلَيْهَا(അവൻ അവളുടെ അടുക്കൽ സമാധാനമടയുവാൻ വേണ്ടി) എന്ന വാക്കിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. സൂഃറൂമിൽ അല്ലാഹു പറയുന്നു : وَمِنْ آيَاتِهِ أَنْ خَلَقَ لَكُمْ مِنْ أَنْفُسِكُمْ أَزْوَاجًا لِتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُمْ مَوَدَّةً وَرَحْمَةً (അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് നിങ്ങളിൽ നിന്നു തന്നെ നിങ്ങൾക്ക് ഇണകളെ അവൻ ഉണ്ടാക്കിത്തന്നതും-നിങ്ങൾ അവരുടെ അടുക്കൽ സമാധാനമടയുവാൻ വേണ്ടി. നിങ്ങൾക്കിടയിൽ അവൻ സ്നേഹ ബന്ധവും, കാരുണ്യവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (30:21) അല്ലാഹു ചെയ്ത വമ്പിച്ച ഒരു അനുഗ്രഹമത്രെ ഇത്. ഭാര്യാഭർത്താക്കൾ തമ്മിലുള്ള ഈ ഇണക്കവും സ്നേഹബന്ധവും ഇല്ലായിരുന്നുവെങ്കിൽ, പല നിലക്കും അത് മനുഷ്യവർഗത്തിന്റെ അഭിവൃദ്ധിക്കും വളർച്ചക്കും വളരെ ഹാനികരമാകുമായിരുന്നു. തുടർന്ന് പറഞ്ഞ വാക്യങ്ങളുടെ സാരം ഇങ്ങിനെ വിവരിക്കാം:

അങ്ങനെ പുരുഷനും അവന്റെ ഇണയും തമ്മിലുള്ള ഇണക്കവും സ്നേഹബന്ധവും കാരണമായി അവൻ അവളിൽ പ്രവേശിച്ചു. ആ സമ്പർക്കത്തെത്തുടർന്ന് സ്ത്രീ ഗർഭം ധരിച്ചു. ആദ്യം അത് ലഘുവായ തോതിലായിരുന്നു അനുഭവപ്പെട്ടത്. ഗർഭത്തിന്റെ അടയാളം പ്രത്യക്ഷത്തിൽ കാണുകയോ, ശാരീരികമായി പറയത്തക്ക വല്ല മാറ്റവും അനുഭവപ്പെടുകയോ ചെയ്തിരുന്നില്ല. ക്രമേണ അത് പ്രത്യക്ഷത്തിൽ തന്നെ കാണാറാവുകയും, ശരീര സ്ഥിതിയിൽ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തു. ഗർഭധാരണത്തെക്കുറിച്ചും മറ്റും മുമ്പ് പരിചയം സിദ്ധിച്ചിട്ടില്ലാത്തവരാണല്ലോ അവർ രണ്ടാളും. സന്താനത്തെക്കുറിച്ചുള്ള ഒരു പിടിപാടും അവർക്ക് മുമ്പ് ഉണ്ടായിട്ടില്ല. ജനിക്കുവാൻ പോകുന്ന കുട്ടി എന്തായിരിക്കും, എങ്ങിനെയായിരിക്കും എന്നും അറിഞ്ഞുകൂടാ. തങ്ങൾക്ക് ഉണ്ടാവാൻ പോകുന്ന സന്താനം ആകൃതിയിലും പ്രകൃതിയിലുമൊക്കെ നന്നായിരിക്കുവാൻ അവർ ആഗ്രഹിച്ചു. അതിനായി അവർ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. അതിന് അനുഗ്രഹിക്കുന്ന പക്ഷം തങ്ങൾ നന്ദിയുള്ളവരായിരിക്കുമെന്ന്കൂടി പ്രാർത്ഥനയിൽ വ്യക്തമാക്കി.

മനുഷ്യവർഗത്തിലെ ഒന്നാമത്തെ ഇണകളും മാതാപിതാക്കളുമായ ആ രണ്ടു വ്യക്തികളുടെ-ആദം, ഹവ്വ (അ) എന്നിവരുടെ - സ്ഥിതി അതായിരുന്നു, അതെ അവർക്ക് സന്താനം ഉണ്ടായപ്പോൾ, അവർ അതിന്റെ നന്മക്കുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും സന്താനം ലഭിച്ചതിന്റെ പേരിൽ അവനോട് നന്ദിയുള്ളവരാകുകയും ചെയ്തു. എന്നാൽ പിന്നീട് അവരുടെ ആ നല്ല മാതൃക പുലർത്തിപ്പോരുവാൻ ബാധ്യസ്ഥരായ അവരുടെ സന്താനപരമ്പരകളിൽ ഉണ്ടായ മാതാപിതാക്കൾ പലരും തങ്ങൾക്ക് സന്താനം ജനിച്ചപ്പോൾ അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയാണുണ്ടായത്. എന്നിപ്രകാരമാണ് രണ്ടാമത്തെ വചനത്തിലടങ്ങിയ ആശയം. ഈ വചനത്തിന്റെ താൽപര്യം വേണ്ടതു പോലെ മനസ്സിലാക്കുവാൻ താഴെ ചൂണ്ടിക്കാട്ടുന്ന ചില സംഗതികൾ അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും.

189-ാം വചനത്തിലെ പരാമർശങ്ങൾ ആദമിനെയും, ഹവ്വാഇനെയും (അ) കുറിച്ചാകുന്നു. വിഷയപരമായി അതോട് ബന്ധപ്പെട്ടതാണെങ്കിലും 190-ാം വചനത്തിലെ പരാമർശങ്ങളിൽ യഥാർത്ഥത്തിൽ അവർ രണ്ടു പേരെയും കുറിച്ചുള്ളതല്ല. അവരുടെ സന്തതികളിൽ പിന്നീടുണ്ടായിത്തീർന്ന ഏതാനും ഇണകളെ - ഭാര്യാഭർത്താക്കളെ -

സംബന്ധിക്കുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, രണ്ടാമത്തെ വചനത്തിൽ അവർക്കു രണ്ടാൾക്കും ഒരു നല്ലകുട്ടിയെ നൽകിയപ്പോൾ (فَلَمَّا آتَاهُمَا صَالِحًا)എന്നും അവർ രണ്ട് പേരും അല്ലാഹുവിന് പങ്കാളികളെ ഏർപ്പെടുത്തി(جَعَلَا لَهُ شُرَكَاءَ) എന്നും പറഞ്ഞതിലെ സർവ്വനാമങ്ങൾ (الضمائر)ആദമിനെയും, ഹവ്വാഇനെയും(അ) ഉദ്ദേശി ച്ചാണെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും യഥാർത്ഥത്തിൽ അവ അവരുടെ ഭാവി സന്താനങ്ങളിൽ ഉണ്ടാകുന്ന ഇണകളെ ഉദ്ദേശിച്ചാകുന്നു. ഇതേ വചനത്തിന്റെ അവ സാനത്തിലെ فَتَعَالَى اللَّهُ عَمَّا يُشْرِكُونَ (എന്നാൽ അവർ പങ്കു ചേർക്കുന്നതിൽ നിന്ന് അല്ലാഹു വളരെ ഉന്നതനായിരിക്കുന്നു)എന്നതിൽ അവർ എന്ന് ബഹുവചന രൂപത്തിൽ പറഞ്ഞതിൽ നിന്നു തന്നെ ഇതു മനസ്സിലാക്കാവുന്നതാകുന്നു. ആദ്യത്തെ വചന ത്തിലെന്നപോലെ ഈ വചനത്തിലെയും പരാമർശം ആദമിനെയും ഹവ്വാഇനെയും (അ) ഉദ്ദേശിച്ചായിരുന്നുവെങ്കിൽ - അറബി ഭാഷാമുറയനുസരിച്ച് തൽസ്ഥാനത്ത് عَمَّا يُشْرِكَانِ (അവർ രണ്ട്പേരും പങ്കു ചേർക്കുന്നതിൽ നിന്ന്) എന്ന് ദ്വിവചന രൂപത്തി ലായിരുന്നു പറയേണ്ടിയിരുന്നത്. മാത്രമല്ല, ഈ വചനങ്ങളുടെ തുടർച്ചയും, വിഷയപ രമായി പരസ്പരം ബന്ധപ്പെട്ടതുമായ അടുത്ത (191-ാം) വചനത്തിൽ أَيُشْرِكُونَ (അ വർ പങ്കു ചേർക്കുന്നുവോ) എന്നും وَهُمْ يُخْلَقُونَ (അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു) എന്നുമുള്ള വാക്കുകളിലെ സർവ്വ നാമങ്ങളും ബഹുവചന രൂപത്തിൽ തന്നെ യാണുള്ളത്.

രാജ്യക്കാരോട് ചോദിക്കുക എന്ന ഉദ്ദേശ്യത്തിൽ രാജ്യത്തോട് ചോദിക്കുക (وَاسْأَلِ الْقَرْيَةَ) എന്നും നിങ്ങളുടെ പൂർവ്വികൻമാരെ ഫിർഔന്റെ ആൾക്കാരിൽ നിന്നും രക്ഷപ്പെടുത്തി എന്ന ഉദ്ദേശ്യത്തിൽ നിങ്ങളെ ഫിർഔന്റെ ആൾക്കാരിൽ നിന്ന് രക്ഷ പ്പെടുത്തി (نَجَّيْنَاكُم مِّنْ آلِ فِرْعَوْنَ) എന്നും പോലെയുള്ള പ്രയോഗങ്ങൾ ക്വുർആനിൽ പലപ്പോഴും കാണാം. ഭാഷാ സാഹിത്യങ്ങളിലും പതിവാണത്. ഇതുപോലെയുള്ള ഒരു പ്രയോഗം തന്നെയാണ് ഇവിടെയുമുള്ളത്. 189-ാം വചനത്തിൽ മനുഷ്യവർഗത്തിലെ ഒന്നാമത്തെ രണ്ടു ഇണകളെപ്പറ്റി പ്രസ്താവിച്ചതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് അവരുടെ ശേഷം അവരുടെ സന്താന പരമ്പരകളിലെ ഇണകളിൽ നിന്നു പിന്നീട് അവരുടെ നിലപാടിന് വിരുദ്ധമായ മറ്റൊരു നിലപാട് ഉണ്ടായിത്തീർന്നു എന്നത്രെ (190-ാം) വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയത്, ചുരുക്കിപ്പറഞ്ഞാൽ, രണ്ടാമത്തെ (190-ാം) വചനത്തിലെ ആശയം ഇങ്ങിനെ മനസ്സിലാക്കാം :

മനുഷ്യവർഗത്തിന്റെ ആദ്യത്തെ മാതാപിതാക്കളും ഭാര്യാഭർത്താക്കളും അവർക്ക് ഒരു സന്താനം ജനിച്ചപ്പോൾ സ്വീകരിച്ച നിലപാട് 189-ാം വചനത്തിൽ കണ്ട പ്രകാരമായിരുന്നു. പിന്നീട് രംഗത്തു വന്ന പല മാതാപിതാക്കളും ഭാര്യാഭർത്താക്കളും അവരുടെ ആ മാതൃകക്കു വിപരീതമായി പ്രവർത്തിച്ചു. അവർ അല്ലാഹുവിനോട് നന്ദിക്കു പകരം നന്ദികേടാണ് ചെയ്തത്. ചിലർ തങ്ങളുടെ സന്താനങ്ങൾക്ക് ഉസ്സാ എന്ന വിഗ്രഹത്തിന്റെ അടിമ(عبد العزى) എന്നും, സൂര്യന്റെ അടിമ(عبد شمس) എന്നും വേറെ ചിലർ ഹുസൈന്റെ അടിമ (عبد الحسين) എന്നും പ്രവാചകന്റെ അടിമ (عبد النبى) എന്നും വേറെ ചിലർ യേശുദാസ്, സൂര്യദാസ്, ചന്ദ്രദാസ് എന്നിങ്ങിനെയും സന്താനങ്ങൾക്ക് പേര് നൽകി. മറ്റു ചിലർ തങ്ങൾക്ക് സന്താനം ജനിച്ചത് ചില മഹാ ത്മാക്കളുടെയോ, ദേവീദേവൻമാരുടെയോ ഗുരുത്വപൊരുത്തവും ആശീർവാദവും കൊണ്ടാണെന്ന് ധരിക്കുകയും, അവർക്ക് നേർച്ചകളും വഴിപാടുകളും നടത്തുകയും

ചെയ്തുകൊണ്ടിരുന്നു. എനിയും ചിലർ തങ്ങളുടെ മക്കളെ ചില പ്രതിഷ്ഠകൾക്കും, ദിവ്യൻമാർക്കും ദാസൻമാരും സേവകൻമാരുമായി ഉഴിഞ്ഞുവെച്ചു. എന്നുവെച്ചാൽ, അല്ലാഹുവിന്റെ അനുഗ്രഹവും, അവന്റെ സൃഷ്ടി വ്യവസ്ഥയും അനുസരിച്ച് ജനിച്ച സന്താനങ്ങളുടെ വിഷയത്തിൽ അവനല്ലാത്തവർക്കും അവർ പങ്കും അവകാശവും നൽകുകയാണ് ചെയ്തത്. ഇങ്ങനെയുള്ള എല്ലാതരം ശിർക്കുകളിൽ നിന്നും പരമ പരിശുദ്ധനത്രെ അല്ലാഹു.

സൂക്ഷ്മാന്വേഷികളും, മഹാൻമാരുമായ പല ക്വുർആൻ വ്യാഖ്യാതാക്കളും ഈ (190-ാം) വചനത്തിന് നൽകിയ വ്യാഖ്യാനത്തെ ആധാരമാക്കിയാണ് മുകളിൽ നാം വിവരിച്ചത്. എന്നാൽ, ചില വ്യാഖ്യാതാക്കൾ ഈ രണ്ടാമത്തെ വചനത്തിന് നൽകി ക്കാണുന്ന വ്യാഖ്യാനം മറ്റൊരു തരത്തിലാകുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാകു ന്നു: ആദമിനും, ഹവ്വാഇനും (അ) ആദ്യം ജനിച്ച മക്കൾ ജീവിച്ചില്ല. അവർ വ്യസന ത്തിലായി. ഇബ്ലീസ് ചെന്ന് അടുത്ത പ്രസവത്തിലെ കുട്ടിക്ക് ഹാരിഥിന്റെ അടിമ (عبد الحارث) എന്നു പേരുവെച്ചാൽ കുട്ടി ജീവിക്കുമെന്ന് ഉപദേശിച്ചു. ഹാരിഥ് എന്നു ള്ളത് ഇബ്ലീസിന്റെ ഒരു പേരാകുന്നു. ഈ ഉപദേശപ്രകാരം അടുത്ത് ജനിക്കുന്ന കുട്ടിക്ക് അവർ പ്രസ്തുത പേര് നൽകി. ഈ പേര് സ്വീകരിച്ചതിനെ ഉദ്ദേശിച്ചാണ് അവർ രണ്ടാളും അല്ലാഹുവിന് പങ്കാളികളെ ഉണ്ടാക്കി (جَعَلَا لَهُ شُرَكَاءَ) എന്നു പറ ഞ്ഞിരിക്കുന്നത്. ഇവിടെ അവർ രണ്ടാളും ശിർക്ക് പ്രവർത്തിച്ചു എന്നു പറഞ്ഞത് സാധാ രണ അർത്ഥത്തിൽ ആരാധനയിലുള്ള ശിർക്ക് എന്ന ഉദ്ദേശ്യത്തിലല്ലെന്നും, ശിർക്കിന്റെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്ന ഒരു നാമമാത്ര ശിർക്ക് എന്ന നിലക്കാണെന്നും ഈ അഭിപ്രായക്കാർ പറയുന്നു. പല കാരണങ്ങളാലും ഈ വ്യാഖ്യാനം സ്വീകാര്യമ ല്ലെന്ന് ഇമാം റാസീ (റ) മുതലായ പ്രധാനപ്പെട്ട പല വ്യാഖ്യാതാക്കളും പ്രസ്താവിച്ചു കാണാം.

മുകളിൽ നാം ചൂണ്ടിക്കാട്ടിയതുപോലെ 189 ഉം 190ഉം വചനങ്ങളിലെ സർവ്വനാ മങ്ങളുടെ (ضمير കളുടെ) വ്യത്യാസങ്ങൾക്ക് പുറമെ വേറെയും കാരണങ്ങൾ നിരത്തി ക്കൊണ്ടാണ് റാസീ (റ) ഈ വ്യാഖ്യാനത്തെ ഖണ്ഡിച്ചിരിക്കുന്നത്. ഇബ്ലീസിന്റെ ദുരുപദേശങ്ങളെപ്പറ്റി മറ്റാരെക്കാളും അനുഭവത്തിൽ നിന്നും മനസ്സിലാക്കിയ ആദം നബി (അ)പിന്നെയും അവന്റെ ഉപദേശം സ്വീകരിച്ചുവെന്നു സമ്മതിക്കുവാൻ നിവൃ ത്തിയില്ലെന്ന് കൂടി റാസി (റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഇമാം ഇബ്നു കഥീറും (റ) ഈ വ്യാഖ്യാനം ശരിയല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യാഖ്യാനത്തിന് ആധാര മായി ഉദ്ധരിക്കപ്പെടുന്ന രിവായത്തുകളിൽ ഒന്നുപോലും നബിﷺ പ്രസ്താവിച്ചതായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് ഇബ്നു കഥീർ (റ) ഒരു പ്രസ്താവന ചെയ്തിരിക്കുന്നു. അതിന്റെ ചുരുക്കം ഇതാണ് :

ഇബ്നു അബ്ബാസ് (റ) ൽ നിന്നു ചില പ്രധാനികളടക്കം പലരും ഈ വിവരം നിവേദനം ചെയ്തിട്ടുണ്ട്. ഇത്-അല്ലാഹുവിനറിയാം-വേദക്കാരിൽ നിന്നും കിട്ടിയതാ യിരിക്കുമെന്നാണ് തോന്നുന്നത്. വേദക്കാരിൽ നിന്നും ലഭിക്കുന്ന വാർത്തകളാകട്ടെ, ക്വുർആൻക്കൊണ്ടും സുന്നത്തുകൊണ്ടും ശരിയാണെന്ന് തെളിഞ്ഞതും, കളവാണെന്ന് തെളിഞ്ഞതും, രണ്ടും നിശ്ചയിക്കുവാൻ നിവൃത്തിയില്ലാത്തതും എന്നിങ്ങിനെ മൂന്നു വിധത്തിലുണ്ടായിരിക്കും. ഈ മൂന്നാമത്തേതിനെപ്പറ്റിയാണ് അവരെ നിങ്ങൾ ശരിവെ

ക്കുകയും കളവാക്കുകയും ചെയ്യരുത് എന്നു നബിﷺ പറഞ്ഞിരിക്കുന്നത്. സ്വഹാബികളിൽ നിന്നോ താബിഉകളിൽ നിന്നോ വല്ലവരും ഇത്തരം വാർത്ത നിവേദനം ചെയ്യുന്നതായാൽ അത് ഈ മൂന്നാമത്തെ ഇനത്തിൽ പെട്ടതാണെന്ന് അവർ കരുതുന്നത്കൊണ്ടായിരിക്കും. എന്നാൽ, നമ്മെ സംബന്ധിച്ചിടത്തോളം നാം ഹസൻ ബസ്വരി (റ) യുടെ അഭിപ്രായമാണ് സ്വീകരിക്കുന്നത്. അതായത്, അവർ രണ്ടാളും അവന് പങ്കാളികളെ ഏർപ്പെടുത്തി (جَعَلَا لَهُ شُرَكَاء) എന്നു പറഞ്ഞത് ആദമിനെയും ഹവ്വാഇനെയും ഉദ്ദേശിച്ചല്ല, അവരുടെ സന്തതികളിലുള്ള മുശ്രിക്കുകളെ മാത്രം ഉദ്ദേശിച്ചാകുന്നു എന്ന്. അതുകൊണ്ടാണ് പിന്നീട് അവർ പങ്ക്ചേർക്കുന്നതിൽ നിന്ന് അല്ലാഹു വളരെ ഉന്നതനാകുന്നു (فَتَعَالَى اللَّهُ عَمَّا يُشْرِكُونَ) എന്ന് (ബഹുവചന രൂപത്തിൽ) പറഞ്ഞത്. ആദ്യം ആദമിനെയും ഹവ്വാഇനെയും കുറിച്ച് പ്രസ്താവിച്ചത് പിന്നീടുള്ള മാതാപിതാക്കളെക്കുറിച്ച് പ്രസ്താവിച്ചതിന് ഒരു ചവിട്ടുപടി എന്നോണമാകുന്നു....'. അല്ലാഹുവിന് പങ്കാളികളെ ഏർപ്പെടുത്തിയ മാതാപിതാക്കളെപ്പറ്റി അല്ലാഹു ചോദിക്കുന്നു:

أَيُشْرِكُونَ مَا لَا يَخْلُقُ شَيْـًٔا وَهُمْ يُخْلَقُونَ ﴿١٩١﴾

﴾191﴿ യാതൊരു വസ്തുവെയും സൃഷ്ടിക്കാത്തവരെ (അല്ലാഹുവിനോട്) അവർ പങ്ക് ചേർക്കുന്നുവോ? അവരാകട്ടെ, സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

وَلَا يَسْتَطِيعُونَ لَهُمْ نَصْرًا وَلَآ أَنفُسَهُمْ يَنصُرُونَ ﴿١٩٢﴾

﴾192﴿ (മാത്രമല്ല) അവർക്ക് വല്ല സഹായവും ചെയ്വാൻ (അവർ പങ്കാളികളാക്കുന്ന) അവർക്ക് സാധ്യമാകുന്നതുമല്ല; തങ്ങളുടെ സ്വന്തങ്ങളെത്തന്നെയും അവർ സഹായി(ച്ചു രക്ഷി)ക്കുന്നതുമല്ല

وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَتَّبِعُوكُمْ ۚ سَوَآءٌ عَلَيْكُمْ أَدَعَوْتُمُوهُمْ أَمْ أَنتُمْ صَٰمِتُونَ ﴿١٩٣﴾

﴾193﴿ അവരെ നിങ്ങൾ നേർമാർഗത്തിലേക്ക് ക്ഷണിക്കുന്ന പക്ഷം അവർ നിങ്ങളെ പിൻ പറ്റുന്നതുമല്ല. നിങ്ങൾ അവരെ ക്ഷണിച്ചുവോ, അല്ലെങ്കിൽ നിങ്ങൾ മൗനവലംബിക്കുന്നവരാണോ (രണ്ടായാലും) നിങ്ങൾക്ക് സമമത്രെ.

﴾191﴿ أَيُشْرِكُونَ അവർ പങ്ക് ചേർക്കുന്നുവോ مَالَا يَخْلُقُ സൃഷ്ടിക്കാത്തതിനെ, സൃഷ്ടിക്കാത്തവയെ, പടക്കാത്തവരെ شَيْئًا യാതൊന്നും, ഒരു വസ്തുവും وَهُمْ അവരാകട്ടെ يُخْلَقُونَ സൃഷ്ടിക്കപ്പെടുന്നു(താനും) ﴾192﴿ وَلَا يَسْتَطِيعُونَ അവർക്ക് സാധ്യമാകുകയില്ല لَهُمْ അവർക്ക് نَصْرًا ഒരു സഹായത്തിനും, വല്ല സഹായം ചെയ്വാനും وَلَا أَنفُسَهُمْ തങ്ങളെത്തന്നെയും (അവരുടെ സ്വന്തങ്ങളെയും) ഇല്ല يَنصُرُونَ അവർ സഹായിക്കും ﴾193﴿ وَإِن تَدْعُوهُمْ അവരെ നിങ്ങൾ ക്ഷണി(വിളി)

ക്കുന്ന പക്ഷം, ക്ഷണിച്ചാലാകട്ടെ إِلَى الْهُدَىٰ നേർമാർഗ(സന്മാർഗ)ത്തിലേക്ക് لَا يَتَّبِعُوكُمْ അവർ നിങ്ങളെ പിൻപറ്റുകയില്ല, പിൻതുടരുന്നതുമല്ല سَوَاءٌ സമമത്രെ, ഒരു പോലെയാണ് عَلَيْكُمْ നിങ്ങൾക്ക് أَدَعَوْتُمُوهُمْ അവരെ നിങ്ങൾ വിളിച്ചു (ക്ഷണിച്ചു -പ്രാർത്ഥിച്ചു)വോ أَمْ أَنتُمْ അതല്ല (അല്ലെങ്കിൽ) നിങ്ങൾ صَامِتُونَ മൗനമവലംബിക്കുന്ന (മിണ്ടാതിരിക്കുന്ന)വരാണ്

إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ عِبَادٌ أَمْثَالُكُمْ ۖ فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِن كُنتُمْ صَادِقِينَ ﴿١٩٤﴾

﴾194﴿ നിശ്ചയമായും, അല്ലാഹുവിനു പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവർ നിങ്ങളെപ്പോലെയുള്ള അടിയാൻമാരാകുന്നു, [എല്ലാവരും അവന്റെ അടിമകൾ തന്നെ] എന്നാൽ അവരെ വിളി(ച്ചു പ്രാർത്ഥി)ക്കുക എന്നിട്ട് അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ ! [എന്നാലതൊന്നു കാണാമല്ലോ]

﴾194﴿ إِنَّ നിശ്ചയമായും الَّذِينَ تَدْعُونَ നിങ്ങൾ പ്രാർത്ഥിക്കുന്ന (വിളിക്കുന്ന)വർ مِن دُونِ اللَّهِ അല്ലാഹുവിനെക്കൂടാതെ (പുറമെ) عِبَادٌ അടിയാൻമാരാണ്, അടിമകളാണ് أَمْثَالُكُمْ നിങ്ങളെപ്പോലുള്ളവരായ فَادْعُوهُمْ എന്നാൽ നിങ്ങളവരെ വിളിക്കുക, പ്രാർത്ഥിച്ചുകൊള്ളുവിൻ فَلْيَسْتَجِيبُوا എന്നിട്ടവർ ഉത്തരം നൽകട്ടെ لَكُمْ നിങ്ങൾക്ക് إِن كُنتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യം പറയുന്നവർ, സത്യവാൻമാർ

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലോ, പ്രവൃത്തികളിലോ അവന്റെ പങ്കുകാരായി ഗണിക്കപ്പെടുകയും വിളിച്ചാരാധിക്കപ്പെടുകയും ചെയ്യുന്ന ഏതൊരു വസ്തുവിന്റെയും സ്ഥിതിഗതികൾ ഇപ്രകാരമാകുന്നു. ജീവനില്ലാത്തതും ജീവനുള്ളതുമെന്ന വ്യത്യാസമില്ല. എന്നിരിക്കെ അവരെ പങ്കുകാരാക്കുന്നതിന് എന്ത് ന്യായമാണുള്ളത്? അവരെ വിളിച്ചു പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിൽ എന്താണ് പ്രയോജനമുള്ളത് ? എന്ന് സാരം. ഈ വചനങ്ങളിലെ പരാമർശങ്ങൾ വിഗ്രഹങ്ങളും വിഗ്രഹങ്ങളല്ലാത്തതുമായ എല്ലാ ആരാധ്യ വസ്തുക്കളെയും ബാധിക്കുന്നവയാണെങ്കിലും മുഖ്യമായും വിഗ്രഹങ്ങളെ ഉദ്ദേശിച്ചാണുള്ളതെന്ന് അടുത്ത വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. ക്വുർആൻ അവതരിക്കുമ്പോൾ മുശ്‌രിക്കുകൾ തങ്ങളുടെ ദൈവങ്ങളായി കൽപിച്ചു വന്നിരുന്നത് വിഗ്രഹങ്ങളെയാണല്ലോ.

നിങ്ങളെപ്പോലെയുള്ള അടിയാൻമാർ (عِبَادٌ أَمْثَالُكُمْ) എന്ന പ്രയോഗം ആരാധ്യ വസ്തുക്കളായി ഗണിക്കപ്പെട്ടിരുന്ന മലക്കുകൾ, പ്രവാചകൻമാർ, പുണ്യാത്മാക്കൾ മുതലായവരെ സംബന്ധിച്ചിടത്തോളം വ്യക്തം തന്നെ. എന്നാൽ അടുത്ത വചനത്തിൽ നിന്നും ക്വുർആൻ വ്യാഖ്യാതാക്കളുടെ പ്രസ്താവനകളിൽ നിന്നും മനസ്സിലാകുന്നത്പോലെ, ഇവിടെ പ്രധാനമായും പരാമർശിക്കപ്പെടുന്നത് വിഗ്രഹ ദൈവങ്ങളെപ്പറ്റിയാണ് എന്നിരിക്കെ, ആ വാക്ക് (عِبَادٌ أَمْثَالُكُمْ) നിർജ്ജീവങ്ങളും,ബുദ്ധി

യില്ലാത്തവയുമായ വിഗ്രഹങ്ങളെപ്പറ്റി പ്രസ്താവിച്ചതിന്റെ അർത്ഥമെന്താണെന്നു സംശയിക്കപ്പെട്ടേക്കാം. വാസ്തവത്തിൽ, നിങ്ങളെപ്പോലെ അവയും അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമാണെന്നത്രെ അതിന്റെ അർത്ഥം, ജീവികളും നിർജ്ജീവികളും വിഗ്രഹങ്ങളും അല്ലാത്തവയുമെന്ന വ്യത്യാസമില്ലാതെ എല്ലാം അവന്റെ അടിമയും സൃഷ്ടിയും തന്നെയാണല്ലോ. മാത്രമല്ല, വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്നത് ഏതെങ്കിലും പുണ്യവാൻമാരുടെ നാമങ്ങളിലായിരിക്കും. അപ്പോൾ കവിഞ്ഞ പക്ഷം അവ ആരുടെ പേരിൽ പ്രതിഷ്ഠിക്കപ്പെടുന്നുവോ അവരെപ്പോലെ ആ വിഗ്രഹങ്ങൾക്ക് സ്ഥാനം കൽപിക്കണമെന്ന് സങ്കൽപിച്ചാൽ തന്നെയും അപ്പോഴും അവ അല്ലാഹുവിന്റെ അടിമകൾ തന്നെയായിരിക്കും. യഥാർത്ഥമാകട്ടെ, വിഗ്രഹങ്ങളെല്ലാം അവയുടെ ആരാധകൻമാരുടെ കൈക്കു നിർമിച്ചുണ്ടാക്കപ്പെടുന്നവയും, ബുദ്ധിയോ ജീവനോ ഗ്രഹണശക്തിയോ ഇല്ലാത്തവയുമാകുന്നു. അപ്പോൾ, നിങ്ങളെപ്പോലെയുള്ള സ്ഥാനം പോലും വാസ്തവത്തിൽ അവർക്കില്ല-നിങ്ങളെക്കാൾ നിസ്സാരങ്ങളാണവ-എന്നുകൂടി അവയുടെ ആരാധകരെ മനസ്സിലാക്കുന്നതാണ് അടുത്ത വചനത്തിലെ ചോദ്യങ്ങൾ.

أَلَهُمْ أَرْجُلٌ يَمْشُونَ بِهَآ ۖ أَمْ لَهُمْ أَيْدٍ يَبْطِشُونَ بِهَآ ۖ أَمْ لَهُمْ أَعْيُنٌ يُبْصِرُونَ بِهَآ ۖ أَمْ لَهُمْ ءَاذَانٌ يَسْمَعُونَ بِهَا ۗ قُلِ ٱدْعُوا۟ شُرَكَآءَكُمْ ثُمَّ كِيدُونِ فَلَا تُنظِرُونِ ﴿١٩٥﴾

﴿195﴾ അവർക്ക് നടക്കുവാനുള്ള കാലുകൾ ഉണ്ടോ?! അതല്ല, അവർക്ക് പിടിക്കുവാനുള്ള കൈകൾ ഉണ്ടോ?! അതല്ല അവർക്ക് കാണുവാനുള്ള കണ്ണുകൾ ഉണ്ടോ ?! അതല്ല അവർക്ക് കേൾക്കുവാനുള്ള കാതുകൾ ഉണ്ടോ?! (നബിയേ) നീ പറയുക : നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളി(ച്ചു പ്രാർത്ഥി)ച്ചു കൊള്ളുവിൻ: പിന്നെ (വേണമെങ്കിൽ) എന്നോട് നിങ്ങൾ തന്ത്രം പ്രയോഗിച്ചു കൊള്ളുവിൻ - എന്നിട്ട് നിങ്ങൾ എനിക്ക് ഒഴിവ് നൽകേണ്ടാ.

﴿195﴾ أَلَهُمْ അവർക്കുണ്ടോ أَرْجُلٌ കാലുകൾ يَمْشُونَ അവർ നടക്കും بِهَا അവകൊണ്ട് أَمْ لَهُمْ അതല്ല (അതോ-അല്ലെങ്കിൽ)അവർക്കുണ്ടോ أَيْدٍ കൈകൾ يَبْطِشُونَ അവർ പിടിക്കും بِهَا അവകൊണ്ട് أَمْ لَهُمْ അതല്ല അവർക്കുണ്ടോ أَعْيُنٌ കണ്ണുകൾ يُبْصِرُونَ بِهَا അതുകൊണ്ടവർ കാണും أَمْ لَهُمْ അതല്ല അവർക്കുണ്ടോ آذَانٌ കാതുകൾ (ചെവി)കൾ يَسْمَعُونَ بِهَا അതുകൊണ്ടവർ കേൾക്കും, കേൾക്കുന്ന قُلِ നീ പറയുക ادْعُوا നിങ്ങൾ വിളിക്കുവിൻ شُرَكَاءَكُمْ നിങ്ങളുടെ പങ്കാളികളെ ثُمَّ كِيدُونِ പിന്നെ (എന്നിട്ട്) നിങ്ങൾ എന്നോട് തന്ത്രം പ്രയോഗിക്കുക فَلَا تُنظِرُونِ എന്നിട്ട് നിങ്ങൾ എനിക്ക് ഒഴിവ് നൽകേണ്ട, താമസം നൽകേണ്ട.

നിങ്ങളും നിങ്ങളുടെ ദൈവങ്ങളുംകൂടി ഒത്തൊരുമിച്ച് യാതൊരു വിട്ടുവീഴ്ചയും എനിക്ക് നൽകാത്ത വിധം എനിക്കെതിരായി എന്തു തന്ത്രങ്ങൾ തന്നെ പ്രയോഗിച്ചാലും ഞാനതിന് ഒരു നിലയും വിലയും കൽപിക്കയില്ല എന്നു സാരം.

إِنَّ وَلِـِّۧيَ ٱللَّهُ ٱلَّذِى نَزَّلَ ٱلْكِتَٰبَ ۖ وَهُوَ يَتَوَلَّى ٱلصَّٰلِحِينَ ﴿١٩٦﴾

﴿196﴾ നിശ്ചയമായും എന്റെ രക്ഷാധികാരി (ഈ) വേദഗ്രന്ഥം ഇറക്കിയ അല്ലാഹുവാകുന്നു. അവൻ സജ്ജനങ്ങളെ ഏറ്റെടു(ത്തു രക്ഷി)ക്കുകയും ചെയ്യും.

وَٱلَّذِينَ تَدْعُونَ مِن دُونِهِۦ لَا يَسْتَطِيعُونَ نَصْرَكُمْ وَلَآ أَنفُسَهُمْ يَنصُرُونَ ﴿١٩٧﴾

﴿197﴾ നിങ്ങൾ അവനു പുറമെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരാകട്ടെ, നിങ്ങളെ സഹായിക്കുവാൻ അവർക്ക് സാധിക്കുകയില്ല; അവരുടെ സ്വന്തങ്ങളെത്തന്നെയും അവർ സഹായിക്കുകയില്ല.

وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَسْمَعُوا۟ ۖ وَتَرَىٰهُمْ يَنظُرُونَ إِلَيْكَ وَهُمْ لَا يُبْصِرُونَ ﴿١٩٨﴾

﴿198﴾ അവരെ നിങ്ങൾ നേർമാർഗത്തിലേക്ക് വിളിക്കുന്നപക്ഷം, അവർ (അത്)കേൾക്കുകയില്ല. (മനുഷ്യാ) നിന്നിലേക്ക് നോക്കുന്നതായി നിനക്ക് അവരെ കാണാവുന്നതാണ്; അവരാകട്ടെ (ഒന്നും) കാണുന്നില്ലതാനും

﴿196﴾ إِنَّ وَلِيِّيَ നിശ്ചയമായും എന്റെ രക്ഷാധികാരി, കൈകാര്യക്കാരൻ, ബന്ധു اللهُ അല്ലാഹുവാകുന്നു الَّذِي نَزَّلَ ഇറക്കിയവനായ الْكِتَابَ (വേദ)ഗ്രന്ഥം وَهُوَ അവനാകട്ടെ, അവൻ يَتَوَلَّى ഏറ്റെടുക്കുന്നു, ഏറ്റെടുക്കുക(രക്ഷനൽകുക)യും ചെയ്യും الصَّالِحِينَ സദ്വൃത്തരെ, സജ്ജനങ്ങളെ ﴿197﴾ وَالَّذِينَ تَدْعُونَ നിങ്ങൾ വിളിക്കു(പ്രാർത്ഥിക്കു)ന്നവർ مِنْ دُونِهِ അവനു പുറമെ لَا يَسْتَطِيعُونَ അവർക്ക് സാധ്യമാകയില്ല نَصْرَكُمْ നിങ്ങളെ സഹായിക്കുവാൻ, നിങ്ങളുടെ സഹായത്തിന് وَلَا أَنْفُسَهُمْ അവരെത്തന്നെയും ഇല്ല يَنْصُرُونَ അവർ സഹായിക്കും ﴿198﴾ وَإِنْ تَدْعُوهُمْ അവരെ നിങ്ങൾ വിളിച്ചാലോ, വിളികേൾക്കുന്ന പക്ഷം إِلَى الْهُدَى നേർ(സൻ)മാർഗത്തിലേക്ക് لَا يَسْمَعُوا അവർ കേൾക്കുകയില്ല وَتَرَاهُمْ അവരെ നീ കാണും, നിനക്കു കാണാം يَنْظُرُونَ അവർ നോക്കുന്നതായി إِلَيْكَ നിന്നിലേക്ക് وَهُمْ അവരാകട്ടെ لَا يُبْصِرُونَ കാണുകയില്ല, കാണുന്നുമില്ല.

വിഗ്രഹങ്ങൾക്ക് കണ്ണ്, മൂക്ക്, ചെവി തുടങ്ങിയ അവയവങ്ങൾ കൊത്തിയുണ്ടാക്കപ്പെട്ടിരിക്കുമെങ്കിലും യഥാർത്ഥത്തിൽ അവക്ക് കാഴ്ചയോ, കേൾവിയോ, മറ്റേതെങ്കിലും ഗ്രഹണശക്തിയോ ഇല്ലെന്ന് തീർച്ചയാണല്ലോ.

خُذِ ٱلْعَفْوَ وَأْمُرْ بِٱلْعُرْفِ وَأَعْرِضْ عَنِ ٱلْجَٰهِلِينَ ﴿١٩٩﴾

﴾199﴿ (നബിയേ) നീ മാപ്പ് (അഥവാ വിട്ടുവീഴ്ച എന്ന തത്വം) സ്വീകരിക്കുക; സദാചാരം (അഥവാ സൽകാര്യം) കൊണ്ട് ഉപദേശിക്കുകയും ചെയ്യുക; വിവരമില്ലാത്തവരിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക.

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۚ

﴾200﴿ പിശാചിൽ നിന്നും വല്ല ദുഷ്പ്രേരണയും നിന്നെ(യെങ്ങാനും) ഇളക്കി വിടുന്ന പക്ഷം, നീ അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുക.

إِنَّهُۥ سَمِيعٌ عَلِيمٌ ﴿٢٠٠﴾

നിശ്ചയമായും, അവൻ (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു

﴾199﴿ خُذِ നീ എടുക്കുക(സ്വീകരിക്കുക) الْعَفْوَ മാപ്പ് وَأْمُرْ നീ കൽപിക്കുക (ഉപദേശിക്കുക)യും ചെയ്യുക بِالْعُرْفِ സദാചാരം(സൽകാര്യം)കൊണ്ട് وَأَعْرِضْ നീ തിരിഞ്ഞു കളയുക, അവഗണിക്കുകയും ചെയ്യുക عَنِ الْجَاهِلِينَ അജ്ഞാനികളെപ്പററി, വിഡ്ഢികളിൽനിന്ന് ﴾200﴿ وَإِمَّا يَنزَغَنَّكَ നിന്നെ ഇളക്കി(തോണ്ടി)വിടുന്ന പക്ഷം مِنَ الشَّيْطَانِ പിശാചിൽ നിന്ന് نَزْغٌ വല്ല ഇളക്കിവിടലും, ഒരു തോണ്ടൽ(ദുഷ്പ്രേരണ) فَاسْتَعِذْ എന്നാൽ നീ ശരണം(കാവൽ)തേടുക بِاللَّهِ അല്ലാഹുവിനോട് إِنَّهُ നിശ്ചയമായും അവൻ سَمِيعٌ കേൾക്കുന്നവനാണ് عَلِيمٌ അറിയുന്നവനാണ്.

മുശ്രിക്കുകളെയും, അവരുടെ ശിർക്കുകളെയും സംബന്ധിച്ച് പലതും പ്രസ്താവിച്ച ശേഷം, അവരടക്കം എല്ലാവരോടും പെരുമാറുന്നത് എങ്ങിനെയായിരിക്കണമെന്ന് ഈ വചനം മുഖേന അല്ലാഹു നബിﷺയെ ഉപദേശിക്കുന്നു. അന്യരോടുള്ള പെരുമാറ്റത്തിൽ അനുവർത്തിക്കേണ്ടുന്ന സൽസ്വഭാവ മൂല്യങ്ങളെല്ലാം ഈ മൂന്ന് ചെറുവാക്യങ്ങളിൽ അല്ലാഹു അടക്കിയിരിക്കുന്നത് കാണാം.

1) خُذِالْعَفْوَ (മാപ്പ്-അഥവാ വിട്ടുവീഴ്ച-സ്വീകരിക്കുക) വളരെ അർത്ഥ വിശാലതയുള്ള ഒരു വാക്യമാണിത്. സ്വഭാവം, പ്രവൃത്തി, ഇടപാട്, സംസാരം ആദിയായവയിലെല്ലാം തന്നെ മററുള്ളവർക്ക് വിഷമവും ബുദ്ധിമുട്ടും അനുഭവപ്പെടാതെ-നീതിയുക്തവും, സൗകര്യപ്രദവുമായ രീതിയിൽ-പെരുമാറുക, അവരിൽ നിന്ന് അനുഭവപ്പെടുന്ന വിഷമങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും നേരെ കണ്ണടക്കുക എന്നൊക്കെയാണ് അതിന്റെ ചുരുക്കം. നബിﷺ പറയുന്നു: يسروا ولا تعسروا وسكنوا ولاتنفروا - متفق (നിങ്ങൾ എളുപ്പമുണ്ടാക്കുവിൻ, ഞെരുക്കമുണ്ടാക്കരുത്, നിങ്ങൾ സമാധാനമുണ്ടാക്കുവിൻ, വെറുപ്പിക്കരുത് (ബു.മു) ഇബ്നുജരീർ, ഇബ്നു അബീഹാതിം (റ) എന്നിവർ ഉദ്ധരിച്ച ഒരു ഹദീഥിൽ, ഈ വചനം അവതരിപ്പിച്ചപ്പോൾ ഇതിന്റെ താൽപര്യം എന്താണെന്ന് നബിﷺ ജിബ്രീൽ (അ) നോട് ചോദിച്ചുവെന്നും, അദ്ദേഹം ഇങ്ങിനെ മറുപടി പറഞ്ഞുവെന്നും വന്നിരിക്കുന്നു: 'താങ്കളോട് അക്രമം പ്രവർത്തിച്ചവർക്ക് താങ്കൾ മാപ്പ് നൽകുവാനും, താങ്കൾക്ക് (വേണ്ടതു തരാതെ) മുടക്കം ചെയ്തവർക്ക് താങ്കൾ (അ

ങ്ങോട്ട്) കൊടുക്കുവാനും, താങ്കളോട് ബന്ധംമുറിച്ചവരോട് താങ്കൾ ബന്ധം ചേർക്കുവാനും അല്ലാഹു കൽപിച്ചിരിക്കുകയാണ്.'

2) وَأۡمُرۡ بِٱلۡعُرۡفِ (സദാചാരം-അഥവാ സൽകാര്യം-കൊണ്ട് ഉപദേശിക്കുക) നല്ലതും വേണ്ടപ്പെട്ടതുമായ എല്ലാ കാര്യങ്ങളും -മറ്റൊരു രൂപത്തിൽ പറയുന്ന പക്ഷം, അല്ലാഹുവിങ്കൽ പുണ്യകരവും ജനങ്ങളിൽ ഉപകാരപ്രദവുമായ എല്ലാ കാര്യങ്ങളും - ഉൾക്കൊള്ളുന്നവാക്കാണ് ٱلۡعُرۡف എന്ന വാക്ക്. സദാചാരത്തെക്കുറിച്ച് ഉപദേശിക്കലും, ദുരാചാരത്തെക്കുറിച്ച് വിരോധിക്കലും സത്യവിശ്വാസികളുടെ കടമയാണെന്നും, എല്ലാ നിലവാരത്തിലുള്ള ആളുകളും അവരവരുടെ കഴിവുപോലെ അതിന് ബാധ്യസ്ഥരാണെന്നും അനേകം ക്വുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാകുന്നു. ഇമാം റാസി (റ) ചൂണ്ടിക്കാട്ടിയതു പോലെ, എല്ലാ സന്ദർഭങ്ങളിലും മാപ്പും വിട്ടുവീഴ്ചയും മാത്രം സ്വീകരിക്കുന്ന പക്ഷം, അതു ചിലപ്പോൾ മതപരവും അല്ലാത്തതുമായ അനാശാസ്യതക്കു കാരണമായെന്ന് വരും. അതിനൊരു പരിഹാരം കൂടിയാണ് രണ്ടാമത്തെ ഉപദേശം. അതായത്, സദാചാരത്തിനും സൽക്കർമങ്ങൾക്കും ഹാനികരമാകത്തക്ക വിട്ടുവീഴ്ചകൾ ഉണ്ടായിക്കൂടാ എന്നു ഇതിൽ നിന്ന് മനസ്സിലാക്കാം. അതു പോലെത്തന്നെ സൽകാര്യങ്ങളെക്കുറിച്ച് ഉപദേശിക്കുകയും ദുഷ്കാര്യങ്ങളെക്കുറിച്ച് വിരോധിക്കുകയും ചെയ്യുമ്പോൾ അജ്ഞാനികളായ മൂഢജനങ്ങളിൽ നിന്ന് അനഭിലഷണീയമായ പ്രതികരണങ്ങൾ നേരിടേണ്ടി വന്നേക്കും. അടുത്ത ഉപദേശത്തിൽ അതിനുള്ള പരിഹാരവും കാണാവുന്നതാകുന്നു.

3) وَأَعۡرِضۡ عَنِ ٱلۡجَٰهِلِينَ.(വിവരമില്ലത്ത ആളുകളിൽ നിന്ന് തിരിഞ്ഞുകളയുക) അഥവാ അജ്ഞാനികളും മൂഢൻമാരുമായ ആളുകളുടെ നേരെ അവഗണനാനയം സ്വീകരിക്കണം എന്നു താൽപര്യം. അവരിൽ നിന്നുണ്ടായേക്കുന്ന എതിർപ്പുകളെയും ഉപദ്രവങ്ങളെയും സഹിക്കുക, മാന്യമല്ലാത്ത വാക്കുകൾക്കും പ്രവൃത്തികൾക്കും പ്രതികാരത്തിന് മുതിരാതിരിക്കുക, അനാവശ്യങ്ങളിൽ അവരോട് സഹകരിക്കാതെ അവയിൽ നിന്ന് അകന്നു നിൽക്കുക, അനിഷ്ടകരമായ പെരുമാറ്റം കണ്ടാൽ കണ്ണടക്കുക മുതലായതെല്ലാം ഇതിൽ ഉൾപ്പെടുന്നു. പല മഹാൻമാരും ചൂണ്ടിക്കാട്ടാറുള്ളതുപോലെ, സത്യവിശ്വാസികളിൽ ഉണ്ടായിരിക്കേണ്ട ഉൽകൃഷ്ട സ്വഭാവങ്ങൾ ഈ മൂന്നു വാക്യങ്ങളിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. ഈ ഉപദേശങ്ങൾ മൂന്നും പ്രത്യക്ഷത്തിൽ നബി ﷺ യെ അഭിമുഖീകരിച്ചു കൊണ്ടുള്ളതാണെങ്കിലും, എല്ലാ ഒരോ സത്യവിശ്വാസിയോടുമുള്ള കൽപനയാണിതെന്നുള്ളതിൽ സംശയമില്ല.

ഈ വചനത്തിന്റെ ശീർഷകത്തിലും, ക്വുർആനും സുന്നത്തും മുറുകെ പിടിക്കുക എന്ന അദ്ധ്യായത്തിലും ഇബ്നു അബ്ബാസ് (റ) ൽ നിന്നും ബുഖാരി (റ) ഉദ്ധരിച്ച ഒരു സംഭവം അറിയുന്നത് ഇവിടെ സന്ദർഭോചിതമാകുന്നു. സംഭവം ഇതാണ്: ഉയയ്നത്തു *(*)* ബ്നുഹിസ്ൻ (റ) അദ്ദേഹത്തിന്റെ സഹോദര പുത്രനായ ഹുർ-റുബ്നു ക്വൈസ് (റ)ന്റെ അടുക്കൽ വന്ന് തനിക്ക് ഖലീഫ ഉമർ (റ)നോട് ഒരു സംഭാ

(*)* عينية بن حصن الفزاري رضى الله عنه ഇദ്ദേഹം സ്വഹാബികളിൽ എണ്ണപ്പെടുന്ന ഒരു വ്യക്തിയും ഫിസാർ (فزار) ഗോത്രത്തിലെ ഒരു നേതാവുമായിരുന്നു. എങ്കിലും കുറച്ചു പരുക്കൻ സ്വഭാവവും അൽപം വിഡ്ഢിത്തവും അദ്ദേഹത്തിനുണ്ടായിരുന്നു. മക്കാ വിജയ കാലത്ത് അദ്ദേഹം മുസ്‌ലിമായി. ഹുനൈൻ യുദ്ധത്തിൽ സംബന്ധിക്കുകയും ചെയ്തു. ത്വുലൈഹത്തുൽ അസദീ എന്ന കള്ള പ്രവാചകൻ പ്രത്യക്ഷപ്പെട്ടപ്പോൾ, അവനെ അംഗീകരിക്കുകയുണ്ടായെങ്കിലും പിന്നീട് അതിൽ നിന്നു മടങ്ങി ഖേദിക്കുകയും നന്നായിത്തീരുകയും ചെയ്തു. (من فتح الباري - 13)

ഷണത്തിന് അനുമതി വാങ്ങികൊടുക്കുവാൻ ആവശ്യപ്പെട്ടു. ഉമർ (റ)ന്റെ സദസ്സിലും, കാര്യാലോചനകളിലും അംഗങ്ങളായിരുന്നവർ ഖുർആൻ അധികം പഠിച്ചവരായിരുന്നു. അവർ യുവാക്കളോ വയസ്സു ചെന്നവരോ എന്ന വ്യത്യാസമില്ലായിരുന്നു. ആ കൂട്ടത്തിൽ ഒരാളായിരുന്നു ഹുർറും (റ). അങ്ങനെ സമ്മതം ലഭിച്ചു ഉയയ്നത്ത് ചെന്നപ്പോൾ അദ്ദേഹം (ഖലീഫയോട്) ഇങ്ങനെ പറഞ്ഞു : ഖത്ത്വാബിന്റെ മകനേ, അല്ലാഹുവിനെത്തന്നെയാണ ! താങ്കൾ ഞങ്ങൾക്ക് അധികമൊന്നും തരാറില്ല; ഞങ്ങളിൽ നീതിയനുസരിച്ച് വിധിക്കാറുമില്ല. ഇതു കേട്ടപ്പോൾ ഉമർ (റ)ന് കോപം വന്നു. അദ്ദേഹത്തെ വല്ലതും ചെയ്‌വാനുള്ള ഭാവമായി. അപ്പോൾ ഈ (199-ാം) വചനം ഓതിക്കേൾപ്പിച്ചുകൊണ്ട് ഹുർറ് (റ) പറഞ്ഞു : അമീറുൽ മുഅ്മിനീൻ ! അല്ലാഹു നബിﷺയോട് ഇങ്ങിനെയാണ് പറഞ്ഞിരിക്കുന്നത്. ഇയാൾ (ഉയയ്നത്ത്) വിഡ്ഢികളിൽപെട്ടവനുമാകുന്നു. ഇബ്നു അബ്ബാസ് (റ) പറയുകയാണ് : അല്ലാഹുവാണ! ഈ വചനം ഓതിക്കേട്ടപ്പോൾ അതിനപ്പുറം പിന്നെ ഉമർ ഒന്നും ചെയ്തില്ല. അദ്ദേഹം ഖുർആൻ കേട്ടാൽ നിൽക്കുന്ന ആളായിരുന്നു. (ബു) ഖുർആനിൽ വ്യക്തമാക്കപ്പെട്ട അതിർത്തിക്കപ്പുറം കടന്നു വല്ലതും പറയുകയോ ചെയ്യുകയോ ചെയ്യാത്ത ആളായിരുന്നു ഉമർ (റ) എന്നത്രെ ഇബ്നു അബ്ബാസ് (റ) പറഞ്ഞതിന്റെ താൽപര്യം.

കോപംകൊണ്ടോ, മററു വല്ല വികാരവും നിമിത്തമോ മനുഷ്യന്റെ പക്കൽ അവിവേകവും പാകപ്പിഴവും വരുക സ്വാഭാവികമാണ്. മനുഷ്യന്റെ വർഗശത്രുവായ പിശാചിന്റെ ദുഷ്പ്രേരണകളായിരിക്കും ഇതിന് പിന്നിലുള്ളത്. അങ്ങിനെ വല്ലതും അനുഭവപ്പെടുന്നപക്ഷം അതിനുള്ള നിവാരണമാർഗമാണ് രണ്ടാമത്തെ വചനത്തിൽ അല്ലാഹു നിർദ്ദേശിക്കുന്നത് .....وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ (പിശാചിൽ നിന്ന് വല്ല ദുഷ്പ്രേരണയും നിന്നെ ഇളക്കി വിടുന്ന പക്ഷം നീ അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുക) അതായത് മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് നിരക്കാത്ത വല്ലതും വന്നുപോയാൽ അതു പൈശാചിക പ്രേരണയിൽ നിന്നുണ്ടായതാണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിൽ നിന്ന് പിൻമാറുകയും, പിശാചിന്റെ അത്തരം ദുഷ്പ്രേരണകളിൽ നിന്ന് രക്ഷിക്കുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയുമാണ് ചെയ്യേണ്ടത് എന്ന് സാരം. ഇതിന് മുമ്പ് നിർദ്ദേശിച്ച മൂന്നു നിർദ്ദേശങ്ങളും പിശാചിനെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ല. കാരണം, പിശാചിനെ മനുഷ്യന് കാണുവാൻ കഴിയുന്നതല്ല. അവന്റെ പ്രവൃത്തികൾ അദൃശ്യവുമാണ്. അതുകൊണ്ട് അവനോട് വിട്ടുവീഴ്ചക്കോ, സദുപദേശത്തിനോ സ്ഥാനമില്ല. അവനെക്കുറിച്ച് അവഗണിക്കുന്നതാകട്ടെ അവനിൽ നിന്നുള്ള കൂടുതൽ ഉപദ്രവത്തിനേ വഴിവെക്കുകയുള്ളൂ. കിട്ടുന്ന അവസരമെല്ലാം ഉപയോഗപ്പെടുത്തി മനുഷ്യനെ വഞ്ചിച്ചു വഴിപിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്തവനാണ് പിശാച്. മനുഷ്യരെ സംബന്ധിച്ചിടത്തോളം അവർ എത്രതന്നെ ദുഃസ്വഭാവികളോ, ശത്രുക്കളോ ആയാലും പ്രസ്തുത മാർഗങ്ങളിലൂടെ അവരെ നന്നാക്കിത്തീർക്കുവാനും, മയപ്പെടുത്തുവാനും സാധിച്ചെന്നുവരും, ചുരുക്കത്തിൽ, പിശാചിൽ നിന്നുള്ള ഏകരക്ഷാമാർഗം അല്ലാഹുവിൽ ശരണം പ്രാപിക്കലത്രെ.

അതുകൊണ്ടാണ് മനുഷ്യരുടെ ഇണക്കവും സ്നേഹവും സമ്പാദിക്കുന്നതിനും, അവരുടെ ഉപദ്രവങ്ങളിൽ നിന്നു രക്ഷ നേടുന്നതിനുമുള്ള മാർഗങ്ങൾ നിർദ്ദേശിച്ചുകൊണ്ട് ഈ വചനത്തിലെന്നപോലെ, 23:96-98 ലും, 41:34, 36 ലും ഇതുപോലെ, പിശാചിൽ നിന്നുള്ള രക്ഷക്ക് അല്ലാഹുവിനോട് തേടണമെന്ന് കൽപിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് കൂടുതൽ വിവരം സൂറത്തുൽ ഫാത്തിഹഃയുടെ ആരംഭത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. അവിടെ നോക്കുക, പിശാചിന്റെ പ്രവൃത്തികളും ചെയ്തികളും വളരെ ഗൂഢമായതും മനുഷ്യർക്ക് കണ്ടെത്തുവാൻ കഴിയാത്തതുമാണെങ്കിലും അവയെപ്പറ്റി

അല്ലാഹുവിന് നല്ലപോലെ അറിയാം. അതിൽ നിന്നുള്ള രക്ഷാമാർഗമെന്താണെന്നും അവന്നറിയാം. അതുകൊണ്ട് അവനോട് ശരണം തേടുകയാണ് നിങ്ങൾ ചെയ്യേണ്ടത് എന്നത്രെ അവസാനത്തെ വാക്യം ചൂണ്ടിക്കാട്ടുന്നത്. അതെ, إِنَّهُۥ سَمِيعٌ عَلِيمٌ (നിശ്ചയമായും, അവൻ കേൾക്കുന്നവനും അറിയുന്നവനുമാകുന്നു)അടുത്ത വചനവും കൂടി ശ്രദ്ധിക്കുക:

إِنَّ ٱلَّذِينَ ٱتَّقَوْا۟ إِذَا مَسَّهُمْ طَٰٓئِفٌ مِّنَ ٱلشَّيْطَٰنِ تَذَكَّرُوا۟ فَإِذَا هُم مُّبْصِرُونَ ﴿٢٠١﴾

وَإِخْوَٰنُهُمْ يَمُدُّونَهُمْ فِى ٱلْغَىِّ ثُمَّ لَا يُقْصِرُونَ ﴿٢٠٢﴾

﴾201﴿ നിശ്ചയമായും സൂക്ഷ്മത പാലിക്കുന്നവർ, അവരെ പിശാചിൽ നിന്നുണ്ടാകുന്ന വല്ലതോന്നലും ബാധിച്ചാൽ അവർക്ക് ഓർമ വരുന്നതാണ്; അപ്പോൾ, അവർ (ഉൾ)കാഴ്ചയുള്ളവരായിരിക്കും !

﴾202﴿ അവരുടെ [പിശാചുക്കളുടെ] സഹോദരങ്ങളാകട്ടെ, അവർ അവരെ ദുർമാർഗത്തിൽ അയച്ചു വിട്ടുകൊണ്ടിരിക്കയും ചെയ്യും ; പിന്നെ, അവർ കുറവ് വരുത്തുകയില്ല.

﴾201﴿ إِنَّ നിശ്ചയമായും الَّذِينَ اتَّقَوْا സൂക്ഷ്മത പാലിച്ചവർ إِذَا مَسَّهُمْ അവരെ സ്പർശിച്ചാൽ, ബാധിച്ചാൽ طَآئِفٌ വല്ല (ഒരു)നിഴലും, ബാധ, ബിംബം, നിഴലാട്ടം (തോന്നൽ) مِنَ الشَّيْطَانِ പിശാചിൽ നിന്ന് تَذَكَّرُوا അവർ ഓർമവെക്കും, അവർക്ക് ഓർമ വരും فَإِذَاهُمْ എന്നിട്ട് (അപ്പോൾ) അവർ مُبْصِرُونَ കാണുന്ന (ഉൾകാഴ്ചയുള്ള)വരായിരിക്കും ﴾202﴿ وَإِخْوَانُهُمْ അവരുടെ സഹോദരങ്ങളാകട്ടെ يَمُدُّونَهُمْ അവരെ അയച്ചു വിടും, അവർക്ക് സഹായം നൽകിക്കൊണ്ടിരിക്കും فِي الْغَيِّ ദുർമാർഗത്തിൽ ثُمَّ പിന്നെ (അതിന് പുറമെ) لَا يُقْصِرُونَ അവർ കുറവ്(വീഴ്ച) വരുത്തുകയില്ല.

സാരം : അല്ലാഹുവിന്റെ വിധി വിലക്കുകൾ അനുഷ്ഠിച്ചുകൊണ്ട് അവനെ സൂക്ഷിച്ചു പോരുന്ന ഭയഭക്തൻമാർ വല്ലപ്പോഴും പിശാചിന്റെ ദുഷ്പ്രേരണകൾക്ക് വിധേയമായിത്തീരുന്ന പക്ഷം ഉടനെത്തന്നെ തങ്ങളുടെ പക്കൽ വന്നുപോയ അബദ്ധത്തെപ്പറ്റി അവർക്കു ബോധം വരുന്നതായിരിക്കും. അങ്ങനെ, അതിൽ നിന്ന് പിൻവാങ്ങുകയും മേലിൽ അത്തരം വഞ്ചനകളിൽ അകപ്പെടാതെ സൂക്ഷിക്കുവാനുള്ള മുൻകരുതലും ദീർഘദൃഷ്ടിയും അവർക്കുണ്ടായിത്തീരുകയും ചെയ്യും. സൂക്ഷ്മതയും ഭയഭക്തിയുമില്ലാതെ പിശാചിന്റെ സഹോദരങ്ങളും മിത്രങ്ങളുമായിക്കഴിയുന്നവരുടെ സ്ഥിതിയാകട്ടെ, മറിച്ചുമായിരിക്കും. പിശാചിന്റെ ദുഷ്പ്രേരണ വഴി വല്ല വേണ്ടാവൃത്തിയിലും അകപ്പെട്ടു കഴിഞ്ഞാൽ, അതിൽ നിന്ന് പിൻമടങ്ങുവാനുള്ള ബോധവും, സൻമനസ്സും അവർക്കും വരികയില്ല. തങ്ങളാൽ കഴിയുന്ന മാർഗങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പിശാചിന് പ്രോത്സാഹനവും സഹായവും നൽകുകയായിരിക്കും അവർ ചെയ്യുക. ചുരുക്കിപ്പറഞ്ഞാൽ പിശാചിന്റെ ദുഷ്പ്രേരണകൾക്ക് വിധേയനായി തെറ്റു കുറ്റങ്ങൾ

ചെയ്തുപോകുക മനുഷ്യ സഹജമായ പതിവാണ്. എന്നാൽ ഭയഭക്തരായ ആളുകൾ തങ്ങൾക്ക് പിണഞ്ഞ അമളി വേഗം മനസ്സിലാക്കുകയും, അല്ലാഹുവിൽ ശരണം തേടി മേലിൽ ശ്രദ്ധാലുക്കളായിരിക്കയും ചെയ്യും. വന്നുപോയതിനെപ്പറ്റി വീണ്ടു വിചാരം തോന്നാത്തവരാകട്ടെ, അവർ പിന്നെപ്പിന്നെ പിശാചിന്റെ അടിമയായിത്തീരുകയും, ഒടുക്കം രക്ഷാമാർഗം അടഞ്ഞുപോകുകയുമായിരിക്കും ഉണ്ടാകുക.

ചില പരമാർത്ഥങ്ങൾ ഇവിടെ ഓർമിക്കുന്നത് നന്ന്. ഒരാൾക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും ഭയഭക്തിയും എത്ര കണ്ടുണ്ടോ അത്രകണ്ട് അവൻ പിശാചിന്റെ ചതിയെക്കുറിച്ച് ഭയപ്പെടുന്നവനും, പിശാചിൽ നിന്നുള്ള രക്ഷക്കുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവനുമായിരിക്കും. ഒരാൾക്ക് പിശാചിന്റെ കെണിയിൽ അകപ്പെടുന്നതിനെക്കുറിച്ച് ഭയമില്ലെങ്കിൽ, അതിനുള്ള കാരണം അവന്റെ വിശ്വാസദാർഢ്യമോ, മറ്റേതെങ്കിലും ഉൽകൃഷ്ടഗുണമോ അല്ല. ഒന്നുകിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽ വേണ്ടത്ര വിശ്വാസമില്ലായ്മ, അഥവാ അദൃശ്യ സൃഷ്ടികളായ ജിന്നു വർഗത്തെയും അവരിൽപെട്ട പിശാചുക്കളെയും നിഷേധിക്കുന്നവരായിരിക്കുക. അതല്ലെങ്കിൽ, പിശാചിന്റെ ദുർമന്ത്രങ്ങൾക്ക് ഒരിക്കലും വിധേയനാകാത്തവണ്ണം-പ്രവാചകൻമാരെപ്പോലെയോ, അതിലും ഉപരിയായോ-ഉന്നത നിലവാരത്തിലുള്ള ആളാണ് താനെന്ന ഒരു അഹങ്കാരം. രണ്ടിലൊന്നായിരിക്കും അതിനു കാരണം. കാരണം ഏതായാലും ശരി, അത്തരക്കാരുടെ ഹൃദയമാണ് നിഷ്പ്രയാസം പിശാചിന് സ്വൈരവിഹാരം നടത്തുവാൻ ഏറ്റവും ഉതകുന്ന രംഗം. അവനെകൊണ്ട് എന്തു ചെയ്യിക്കുവാനും, എന്തു പറയിക്കുവാനും പിശാചിന് നിരുപാധികം സാധ്യമാണല്ലോ. പിശാചിന്റെ വഞ്ചനയിൽ അകപ്പെടുന്നതിനെപ്പറ്റി ഭയവും ശ്രദ്ധയും ഉള്ളവനാകട്ടെ, അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ, സദാ അതിനെക്കുറിച്ച് ജാഗരൂകനായിരിക്കുന്നത് കൊണ്ട് യഥേഷ്ടം അവനെ വഴിപിഴപ്പിക്കുവാൻ പിശാചിന് സാധ്യമാകുന്നതുമല്ല.

നബിﷺ അരുളിച്ചെയ്തതായി അനസ് (റ) ഉദ്ധരിച്ചിരിക്കുന്നു: 'നിശ്ചയമായും പിശാച് മനുഷ്യനിൽ നിന്നും അവന്റെ രക്തം സഞ്ചരിക്കുന്നേടത്തൊക്കെ സഞ്ചരിക്കുന്നതാണ്.' (ബു.മു) ഇബ്നുമസ്ഊദ് (റ) പറയുന്നു : റസൂൽﷺ പറഞ്ഞു: 'നിങ്ങളിൽ ഒരാളും തന്നെ, ജിന്നിൽ നിന്നുള്ള അവന്റെ കൂട്ടുകാരനും, മലക്കുകളിൽ നിന്നുള്ള അവന്റെ കൂട്ടുകാരനും അവനിൽ ഏല്പിക്കപ്പെടാത്തവരായിട്ടില്ല. അവർ (സ്വഹാബികൾ) ചോദിച്ചു : അങ്ങുന്നും (അങ്ങിനെ) തന്നെയോ ? തിരുമേനി പറഞ്ഞു (അതെ) ഞാനും തന്നെ. പക്ഷേ, എനിക്ക് അല്ലാഹു അവന്നെതിരിൽ സഹായം നൽകിയിരിക്കുന്നു. അതിനാൽ അവൻ കീഴൊതുങ്ങിയിരിക്കുകയാണ്. ആകയാൽ അവൻ എന്നോട് നല്ലതിനെയല്ലാതെ കൽപിക്കുകയില്ല.' (മു) നബിﷺ പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ൽ നിന്ന് ഇപ്രകാരവും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'നിശ്ചയമായും മനുഷ്യനിൽ പിശാചിനു ഒരു (തരം) പ്രവേശനമുണ്ട്. മലക്കിനും ഒരു (തരം) പ്രവേശനമുണ്ട്. പിശാചിന്റെ പ്രവേശനം തിന്മയെക്കുറിച്ചുള്ള വാഗ്ദത്തവും, യഥാർത്ഥത്തെ വ്യാജമാക്കലുമായിരിക്കും. മലക്കിന്റെ പ്രവേശനമാകട്ടെ, നന്മയെക്കുറിച്ചുള്ള വാഗ്ദത്തവും യഥാർത്ഥത്തെ സത്യമാക്കലുമായിരിക്കും. ഇത് ആർക്കെങ്കിലും അനുഭവപ്പെട്ടാൽ, അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നു അവൻ അറിഞ്ഞുകൊള്ളട്ടെ. അവൻ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യട്ടെ. മറ്റേതു (പിശാചിന്റേത്) ആർക്കെങ്കിലും അനുഭവപ്പെട്ടാൽ ആട്ടപ്പെട്ട പിശാചിൽ നിന്ന് അവൻ അല്ലാഹുവിനോട് ശരണം തേടുകയും ചെയ്യട്ടെ. പിന്നീട് തിരുമേനി **الشيطان يعدكم الفقر ويأمركم بالفحشاء** (പിശാച് നിങ്ങളോട് ദാരിദ്ര്യത്തെക്കുറിച്ച് താക്കീതു ചെയ്യുകയും നിങ്ങളോട് നീചവൃത്തികൊണ്ട് കൽപിക്കുകയും ചെയ്യുന്നു) എന്ന ഖുർആൻ വചനം ഓതുകയും ചെയ്തു (തി.)

وَإِذَا لَمْ تَأْتِهِم بِـَٔايَةٍ قَالُوا۟ لَوْلَا ٱجْتَبَيْتَهَا ۚ

قُلْ إِنَّمَآ أَتَّبِعُ مَا يُوحَىٰٓ إِلَىَّ مِن رَّبِّى ۚ هَـٰذَا بَصَآئِرُ مِن رَّبِّكُمْ وَهُدًى وَرَحْمَةٌ لِّقَوْمٍ يُؤْمِنُونَ ﴿٢٠٣﴾

﴾203﴿ (നബിയേ) നീ അവർക്ക് വല്ല (പ്രത്യേക) ആയത്തും [ദൃഷ്ടാന്തവും അഥവാ സൂക്തവും] കൊണ്ട് ചെല്ലുന്നില്ലെങ്കിൽ അവർ പറയും : 'അത് തനിക്ക് (സ്വയം) തിരഞ്ഞെടുത്തു (നിർമിച്ചു)കൂടേ ?!'

നീ പറയുക : എന്റെ റബ്ബിങ്കൽ നിന്നും എനിക്ക് വഹ്‌യ് [സന്ദേശം] നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഇത് [ഈ ക്വുർആൻ] നിങ്ങളുടെ റബ്ബിങ്കൽ നിന്ന് (ഉൾക്കാഴ്ച നൽകുമാറു)ള്ള തെളിവുകളാകുന്നു. വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും, കാരുണ്യവുമാകുന്നു.

﴾203﴿ وَإِذَا لَمْ تَأْتِهِم നീ അവർക്ക് ചെല്ലുന്നില്ലെങ്കിൽ, ചെല്ലാതിരുന്നാൽ بِـَٔايَةٍ വല്ല ദൃഷ്ടാന്തവും(ലക്ഷ്യവും-സൂക്തവും)കൊണ്ട് قَالُوا അവർ പറയും لَوْلَا ആയിക്കൂടെ, എന്തുകൊണ്ടായിക്കൂടാ ٱجْتَبَيْتَهَا നീ (താൻ) അതു തിരഞ്ഞെടുക്കുക قُلْ നീ പറയുക إِنَّمَآ أَتَّبِعُ ഞാൻ പിൻപറ്റുക മാത്രമേ ചെയ്യുന്നുള്ളൂ مَا يُوحَىٰ വഹ്‌യ് (സന്ദേശം) നൽകപ്പെടുന്നതിനെ إِلَىَّ എനിക്ക്, എന്നിലേക്ക് مِن رَّبِّى എന്റെ റബ്ബിങ്കൽ നിന്ന് هَـٰذَا ഇത് بَصَآئِرُ ചില ഉൾക്കാഴ്ചകളാകുന്നു, തെളിവുകളാകുന്നു مِن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽ നിന്ന് وَهُدًى മാർഗദർശനവും وَرَحْمَةٌ കാരുണ്യവും لِّقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ അവർ വിശ്വസിക്കുന്നു.

آيَة (ആയത്ത്) എന്ന വാക്ക് പ്രകൃതിപരമായ ദൃഷ്ടാന്തങ്ങൾക്കും, വേദഗ്രന്ഥത്തിലെ സൂക്തങ്ങൾക്കും ഉപയോഗിക്കപ്പെടാവുന്നത് കൊണ്ട് മുശ്‌രിക്കുകളുടെ ഈ ചോദ്യത്തിന് രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെടാറുണ്ട്

(1) എന്തുകൊണ്ട് തനിക്ക് തന്റെ സ്വന്തം വകയായി ചില ക്വുർആൻ സൂക്തങ്ങൾ രചിച്ചുണ്ടാക്കിക്കൂടാ ? എന്നും

(2) ഞങ്ങൾ ആവശ്യപ്പെടുന്ന തരത്തിലുള്ള വല്ല പ്രത്യേക ദൃഷ്ടാന്തങ്ങളും എന്തുകൊണ്ട് തന്റെ വകയായി ഞങ്ങൾക്ക് കാണിച്ചു തന്നുകൂടാ ? എന്നും. വ്യക്തമായ ഭാഷയിൽ തന്നെ, ഈ രണ്ടു തരത്തിലുള്ള ചോദ്യങ്ങളും അവർ ചോദിക്കുകയുണ്ടായിട്ടുണ്ട് താനും ائْتِ بِقُرْآنٍ غَيْرِ هَـٰذَا أَوْ بَدِّلْهُ (ഇതല്ലാത്ത ഒരു ക്വുർആൻ നീ കൊണ്ടുവരുക, അല്ലെങ്കിൽ അതു മാറ്റി മറിക്കുക) എന്ന് അവർ ആവശ്യപ്പെടുകയുണ്ടായി (10:15) ഭൂമിയിൽ നിന്ന് ഒരു നീരുറവ പുറപ്പെടുവിച്ചു തരുക, ആകാശത്തു നിന്നൊരു

കഷ്ണം വീഴ്ത്തിത്തരുക, സ്വർണംകൊണ്ടൊരു വീട് നിനക്കുണ്ടായിരിക്കുക മുതലായ പല കാര്യങ്ങൾ എടുത്തു പറഞ്ഞുകൊണ്ട് ഇവ ഏതെങ്കിലും കാണിച്ചു തന്നല്ലാതെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയില്ല എന്നും അവർ പറഞ്ഞിട്ടുണ്ട് (17:90-93) ആ ആവശ്യങ്ങൾ ഉന്നയിച്ചപ്പോൾ അവർക്ക് നൽകുവാൻ നബി ﷺ യോട് കൽപിച്ച മറുപടിയുടെയും ഈ ചോദ്യത്തിന് നൽകുവാൻ കൽപിച്ച മറുപടിയുടെയും ആശയം ഒന്നുതന്നെ. അതായത്, എനിക്ക് സ്വന്തമായി ഒന്നും കൊണ്ടുവരുവാനോ, നിർമിക്കുവാനോ നിവൃത്തിയില്ല. അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നത് പ്രബോധനം ചെയ്വാനും കാണിച്ചുതരുവാനും മാത്രമേ എനിക്ക് നിവൃത്തിയുള്ളൂ. അതിനപ്പുറം എനിക്കൊന്നും സാധ്യമല്ല. കാര്യം മനസ്സിലാക്കുവാൻ വേണ്ടുവോളം തെളിവുകളും ന്യായങ്ങളും ക്വുർആനിലുണ്ട്. അതിൽ വിശ്വസിച്ചാൽ നിങ്ങൾക്ക് രക്ഷയും വിജയവും ലഭിക്കും.

وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ ﴿٢٠٤﴾

﴾204﴿ ക്വുർആൻ വായി(ച്ചു കേൾപ്പി)ക്കപ്പെട്ടാൽ, നിങ്ങൾ അതിലേക്ക് ചെവി കൊടുക്കുകയും, അടങ്ങിയിരിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കാം

﴾204﴿ وَإِذَا قُرِئَ ഓതപ്പെട്ടാൽ الْقُرْآنُ ക്വുർആൻ فَاسْتَمِعُوا നിങ്ങൾ കേൾവി (ചെവി)കൊടുക്കുവിൻ, ശ്രദ്ധിച്ചുകേൾക്കുവിൻ لَهُ അതിലേക്ക്, അതിനെ وَأَنْصِتُوا അടങ്ങുകയും(മൗനമായിരിക്കയും) ചെയ്വിൻ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻവേണ്ടി تُرْحَمُونَ നിങ്ങൾക്ക് കരുണ ചെയ്യപ്പെടും.

സത്യം ഗ്രഹിക്കുവാനുള്ള തെളിവുകളാണ് ക്വുർആൻ ; വിശ്വസിക്കുന്നവർക്ക് അതു മാർഗദർശനവും കാരുണ്യവുമാണ് എന്ന് പറഞ്ഞുവല്ലോ. ഇതെങ്ങിനെ ഫലവത്താക്കാമെന്ന് ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നു. ക്വുർആൻ ഓതിക്കേൾക്കുമ്പോൾ അതിലേക്ക് നല്ലപോലെ ശ്രദ്ധകൊടുക്കുകയും, ശബ്ദകോലാഹലങ്ങളോ കുതർക്കങ്ങളോ ഉണ്ടാക്കാതെ അടങ്ങിയിരുന്നു കേൾക്കുകയും ചെയ്യുക. ഇതാണത്. ഇങ്ങിനെ ചെയ്താൽ, അതിലെ ആശയങ്ങൾ മനസ്സിൽ പതിയുകയും, അങ്ങനെ സത്യം ഗ്രഹിക്കുവാനും ആസ്വദിക്കുവാനും സാധിക്കുകയും ചെയ്യുമെന്ന് തീർച്ചയാണ്. ഇതിന് പല ഉദാഹരണങ്ങളും കടുത്ത മുശ്രിക്കുകളുടെ ചരിത്രത്തിൽ തന്നെയുണ്ട്. ദുരുദ്ദേശ്യപൂർവ്വം അൽപനേരം സ്വസ്ഥമായിരുന്ന് ക്വുർആൻ കേൾക്കുവാൻ ഇടയായവർപോലും അതിൽ ആകൃഷ്ടരാകുകയും വിശ്വസിക്കുകയും ചെയ്ത സംഭവങ്ങളും പലതുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ്... لَا تَسْمَعُوا لِهَٰذَا الْقُرْآنِ وَالْغَوْا فِيهِ (നിങ്ങൾ ഈ ക്വുർആനിലേക്ക് ചെവികൊടുക്കരുത് ; അതിൽ ബഹളംകൂട്ടി ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുവിൻ നിങ്ങൾ വിജയം നേടിയേക്കും (41:26)) എന്നും മറ്റും അവർ പറഞ്ഞിരുന്നതും.

ക്വുർആൻ ഓതിക്കേൾക്കുമ്പോൾ മൗനവലംബിക്കുകയും, ശ്രദ്ധ കൊടുക്കുകയും വേണമെന്ന കൽപന അവിശ്വാസികൾക്ക് മാത്രം ബാധകമല്ല. എല്ലാവർക്കും, എല്ലായ്പ്പോഴും ബാധകം തന്നെയാകുന്നു. ജമാഅത്തായി നമസ്കരിക്കുമ്പോൾ, ഇമാമിന്റെ ക്വുർആൻ പാരായണം കേൾക്കുന്ന മഅ്മൂമുകൾ (പിന്നിൽ തുടർന്ന് നമസ്കരിക്കുന്നവർ) ക്വുർആനും മറ്റും ഓതരുതെന്നും, ഓതുന്ന പക്ഷം അത് വളരെ

പതുക്കെയായിരിക്കണമെന്നും മറ്റുമുള്ള അഭിപ്രായ വ്യത്യാസങ്ങളും ഫിക്വ്ഹ് (കർമ ശാസ്ത്ര) ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചിരിക്കുന്നത് ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ നിന്നാണെന്നറിയുമ്പോൾ, ഇതിന്റെ അർത്ഥവ്യാപ്തി ഏറെക്കുറെ ഊഹിക്കാവുന്നതാകുന്നു. ഈ കൽപനയുടെ ലക്ഷ്യം പൂർണമായി ഫലത്തിൽ വരേണമെങ്കിൽ കേൾക്കുന്നവർക്കു ക്വുർആന്റെ അർത്ഥവും ആശയവും സാമാന്യമായെങ്കിലും അറിഞ്ഞിരിക്കേണ്ടതുണ്ടെന്ന് പറയേണ്ടതില്ല. എന്നാലും അർത്ഥം അറിയാത്തവരായിരുന്നാൽ പോലും അല്ലാഹുവിന്റെ വചനമായ ക്വുർആൻ കേൾക്കുമ്പോൾ അച്ചടക്കത്തോടു കൂടി അത് ശ്രദ്ധിക്കുകയും മറ്റു കോലാഹലങ്ങളിൽ മുഴുകാതിരിക്കുകയും ചെയ്യുന്നത് അതിനോട് കാണിക്കേണ്ട ഒരു മര്യാദയത്രെ. അതിനോട് അനാദരവും അവഗണനാ നയവും കാണിക്കുന്നത് ധിക്കാരവുമാകുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ച് മുഖവുരയിൽ വിവരിച്ചത് ഓർക്കുക.

وَٱذْكُر رَّبَّكَ فِى نَفْسِكَ تَضَرُّعًا وَخِيفَةً وَدُونَ ٱلْجَهْرِ مِنَ ٱلْقَوْلِ بِٱلْغُدُوِّ وَٱلْـَٔاصَالِ وَلَا تَكُن مِّنَ ٱلْغَـٰفِلِينَ ﴿٢٠٥﴾

﴾205﴿ വിനയപ്പെട്ടും, ഭയപ്പെട്ടും കൊണ്ട് നിന്റെ റബ്ബിനെ നീ സ്വയം ഓർക്കുക (അഥവാ കീർത്തനം ചെയ്യുക)വാക്കിൽ നിന്നും ഉച്ചത്തിലല്ലാതെയും (ഓർക്കുക) രാവിലെയും, വൈകുന്നേരങ്ങളിലും നീ അശ്രദ്ധൻമാരുടെ കൂട്ടത്തിൽ ആയിരിക്കയും ചെയ്യരുത്.

إِنَّ ٱلَّذِينَ عِندَ رَبِّكَ لَا يَسْتَكْبِرُونَ عَنْ عِبَادَتِهِۦ وَيُسَبِّحُونَهُۥ وَلَهُۥ يَسْجُدُونَ ۩ ﴿٢٠٦﴾

سجود ۩

﴾206﴿ നിശ്ചയമായും, നിന്റെ റബ്ബിന്റെ അടുക്കലുള്ളവർ, അവനെ ആരാധിക്കുന്നതിനെക്കുറിച്ച് അവർ അഹംഭാവം നടിക്കുകയില്ല; അവർ അവന് തസ്ബീഹ് [സ്തോത്ര കീർത്തനം] നടത്തുകയും അവന് സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യുകയും ചെയ്യുന്നു.

﴾205﴿ وَاذْكُرْ നീ ഓർക്കുക, സ്മരിക്കുക, കീർത്തനം ചെയ്യുക, പ്രസ്താവിക്കുക, رَبَّكَ നിന്റെ റബ്ബിനെ فِي نَفْسِكَ നിന്റെ സ്വന്തത്തിൽ (മനസ്സിൽ-സ്വയം) تَضَرُّعًا വിനയപ്പെട്ടു(ഭക്തി താഴ്മകാട്ടി)കൊണ്ട് وَخِيفَةً ഭയപ്പെട്ടു കൊണ്ടും, പേടിച്ചും وَدُونَ الْجَهْرِ ഉച്ചത്തിലല്ലാതെയും مِنَ الْقَوْلِ വാക്കിൽ നിന്നും بِالْغُدُوِّ രാവിലെ وَالْآصَالِ വൈകുന്നേരങ്ങളിലും وَلَا تَكُنْ നീ ആയിരിക്കയും ചെയ്യരുത് مِنَ الْغَافِلِينَ അശ്രദ്ധൻമാരുടെ കൂട്ടത്തിൽ ﴾206﴿ إِنَّ നിശ്ചയമായും الَّذِينَ عِنْدَ رَبِّكَ നിന്റെ റബ്ബിന്റെ അടുക്കലുള്ളവർ لَا يَسْتَكْبِرُونَ അവർ അഹംഭാവം (ഗർവ്വു) നടിക്കുകയില്ല عَنْ عِبَادَتِهِ അവനെ ആരാധിക്കുന്നതിനെക്കുറിച്ച് وَيُسَبِّحُونَهُ അവർ അവന് തസ്ബീഹും ചെയ്യും, സ്തോത്ര കീർത്തനം നടത്തുകയും ചെയ്യും وَلَهُ അവന്ന് يَسْجُدُونَ അവർ സുജൂദും (സാഷ്ടാംഗം

നമസ്ക്കരിക്കയും)ചെയ്യും.

ഈ വചനം ഓതിയ ഉടനെ ഒരു സുജൂദ് ചെയ്യേണ്ടതാകുന്നു. ഓത്തിന്റെ സുജൂദ്(سجود التلاوة) നിയമിക്കപ്പെട്ടിട്ടുള്ള സൂക്തങ്ങളിൽ ഒന്നാമത്തേതാണിത്. ഇതിൽ പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമില്ല. സുജൂദിന് പ്രേരിപ്പിച്ചുകൊണ്ടുള്ള ചില വചനങ്ങളിലാണ് പാരായണ വേളയിൽ സുജൂദ് നിയമിക്കപ്പെട്ടിരിക്കുന്നത്. അവ അത തിന്റെ സ്ഥാനങ്ങളിൽ മുസ്ഹഫിൽ അടയാളപ്പെടുത്തിയിരിക്കും. അൽപം ചില സ്ഥല ങ്ങളിൽ സുജൂദ് വേണ്ടതുണ്ടോ, ഇല്ലേ എന്നതിൽ പണ്ഡിതൻമാർക്കിടയിൽ അഭി പ്രായ വ്യത്യാസം കാണാമെങ്കിലും മിക്ക സ്ഥലവും അഭിപ്രായ വ്യത്യാസമില്ലാത്ത താകുന്നു. സുജൂദിന്റെ ആയത്തുകളിൽ ഈ വചനവും നബിﷺ എണ്ണിയതായി ഹദീ ഥിൽ വന്നിരിക്കുന്നു. (ജ.)

ذِكْر (ദിക്ർ) എന്ന വാക്കിന് ഓർക്കുക, സ്മരിക്കുക, പറയുക, പ്രഖ്യാപിക്കുക, കീർത്തനം ചെയ്യുക, പ്രസ്താവിക്കുക എന്നൊക്കെ സന്ദർഭോചിതം അർത്ഥങ്ങൾ വരും. മനസ്സുകൊണ്ടും, വാക്കുകൊണ്ടുമുള്ള ധ്യാനങ്ങൾ അതിൽ ഉൾപ്പെടുന്നുവെന്ന് ആദ്യത്തെ വചനത്തിൽ നിന്നും മറ്റും വ്യക്തമാകുന്നു. തസ്ബീഹ്, ഹംദ്, തക്ബീർ, ദുആ (സ്തോത്രകീർത്തനം, സ്തുതി കീർത്തനം, മഹത്വകീർത്തനം, പ്രാർത്ഥന) മുത ലായവയെക്കുറിച്ചാണ് സാധാരണ ദിക്ർ എന്ന് പറഞ്ഞു വരുന്നത്. ഇവയെല്ലാം വിനയത്തോടും, ഭയഭക്തിയോടും കൂടിയും മിതമായ ശബ്ദത്തോടുകൂടിയും ആയിരി ക്കേണ്ടതുണ്ടെന്നും രാവിലെയും വൈകുന്നേരവും പ്രത്യേകം അല്ലാഹുവിനെ സ്മരി ക്കേണ്ടതുണ്ടെന്നും അല്ലാഹു അറിയിച്ചു തരുന്നു. ഉച്ചത്തിൽ ശബ്ദമിട്ടുകൊണ്ടും, ഹൃദയം സ്പർശിക്കാതെ നാവിലൂടെ ഉരുവിട്ടുകൊണ്ടുമുള്ള ധ്യാനങ്ങളും പ്രാർത്ഥന കളും നന്നല്ലെന്ന് ഇതിൽ നിന്നു സ്പഷ്ടമാണ്. കഴിഞ്ഞ 55,56 വചനങ്ങളുടെ വ്യാഖ്യാ നത്തിൽ വിവരിച്ച സംഗതികളും ഇവിടെ ഓർക്കത്തക്കവയാണ്.

സമയ വ്യത്യാസം കൂടാതെ എല്ലായ്പ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ ഉണ്ടായിരിക്കേണ്ടത് തന്നെ. എങ്കിലും രാവും പകലും മാറിക്കൊണ്ടിരിക്കുന്ന അവസ രങ്ങളാണല്ലോ രാവിലെയും വൈകുന്നേരവും. പലതരം പ്രകൃതി മാറ്റങ്ങളും സംഭവി ക്കുന്ന ആ സമയങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയും അനുഗ്രഹങ്ങളെയും കുറിച്ച് ഓർമിക്കുവാൻ പറ്റിയ പ്രത്യേക അവസരമത്രെ. മനുഷ്യന്റെ ജീവിത വ്യവ ഹാരങ്ങളിൽ അവൻ വ്യാപൃതനാകുന്നത് പകലിലാണ്. രാത്രി അവൻ വിശ്രമത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. ഈ രണ്ടവസ്ഥയുടെയും ആരംഭത്തിൽ അൽപസമയം അല്ലാഹുവിന്റെ സ്മരണക്കുവേണ്ടി വിനിയോഗിക്കുന്നത് ഏതു നിലക്കും ഉപയുക്ത മാണല്ലോ. ചില പ്രത്യേക സമയങ്ങളിൽ നമസ്കാരം ദിക്ർ മുതലായവ നിശ്ചയിക്ക പ്പെട്ടതിനെക്കുറിച്ച് സൂ: റൂം 17,19 വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളത് നോക്കുക.

ഭയഭക്തിയോടും അച്ചടക്കത്തോടുംകൂടി അല്ലാഹുവിനെ സ്മരിക്കുവാൻ കൽപി ച്ചതിനെത്തുടർന്ന് ആ വിഷയത്തിൽ മലക്കുകളുടെ സ്ഥിതി എന്താണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അതായത് അഹംഭാവം തീണ്ടാതെ-ഭക്തി വിനയത്തോടുകൂടി അവർ അവനു സദാ തസ്ബീഹ്, സുജൂദ് മുതലായ ആരാധനകൾ നടത്തിക്കൊണ്ടിരിക്കുന്നു വെന്ന്. മനുഷ്യരും അവരെപ്പോലെ, അല്ലാഹുവിനെപ്പറ്റി അശ്രദ്ധരാകാതെ ഭക്തി വിന യമുള്ളവരായിക്കൊണ്ടിരിക്കേണ്ടതുണ്ട് എന്ന് നമ്മെ ഉണർത്തുകയാണ് മലക്കുകളെ

സംബന്ധിച്ച ഈ പ്രശംസയുടെ താൽപര്യം. മലക്കുകളെപ്പററി അല്ലാഹു പറയുന്നു : 'അല്ലാഹുവിന്റെ അടുക്കലുള്ളവർ അവനെ ആരാധിക്കുന്നതിനെപ്പറ്റി അഹംഭാവം നടിക്കുകയില്ല; അവർ ക്ഷീണിച്ചു കുഴങ്ങുകയുമില്ല. അവർ രാവും പകലും സ്തോത്ര കീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു, അവർ തളരുന്നില്ല' (അൻബിയാഉ് 19,20) ഇവിടങ്ങളിലൊക്കെ **الذين عنده** (അല്ലാഹുവിന്റെ അടുക്കലുള്ളവർ) എന്നു പറഞ്ഞതു മലക്കുകളെ ഉദ്ദേശിച്ചാണെന്ന് ഏതു നിഷ്പക്ഷ ബുദ്ധിക്കും തുടർന്നു പറഞ്ഞ വാക്കുകളിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതാണ്. എങ്കിലും ചില സ്ഥാപിത താൽപര്യക്കാരായ പുത്തൻ വ്യാഖ്യാനക്കാർ ദൈവ സാമീപ്യം സിദ്ധിച്ച മഹാപുരുഷൻമാരാണ് അതുകൊണ്ടുദ്ദേശ്യം എന്ന് പറഞ്ഞു കാണുന്നു. അദൃശ്യസൃഷ്ടികളിലുള്ള വിശ്വാസക്കുറവിൽ നിന്ന് ഉടലെടുത്ത ഏതോ ഒരു താൽപര്യമായിരിക്കാം ഇവരെ ഈ വ്യാഖ്യാനത്തിലെത്തിച്ചത്. (അല്ലാഹുവിനറിയാം) ഖുർആൻ വ്യാഖ്യാതാക്കൾ ആരും അങ്ങിനെ അഭിപ്രായപ്പെട്ടിട്ടില്ലെന്നതുപോകട്ടെ, അറബിഭാഷാ പരിജ്ഞാനമുള്ള ഒരു സത്യവിശ്വാസിയും അങ്ങിനെ പറയുവാൻ മുതിരുമെന്നും തോന്നുന്നില്ല.

ഈ വചനങ്ങളിലടങ്ങിയ ആശയം പരിഗണിക്കുമ്പോൾ, ഇവിടെ ഓത്തിന്റെ സുജൂദ് ചെയ്‌വാൻ നിശ്ചയിക്കപ്പെട്ടത് വളരെ യുക്തവും അർത്ഥവത്തുമാണെന്ന് വ്യക്തമാകുന്നു.

الحمد لله اولا واخرا ـ اللهم لك المنة والفضل

[كان الفراغ من تسويد تفسير هذه السورة ليلة الاحد غرة ربيع الاول سنة ١٣٩٧ هـ الموافق : ١٩ ـ ٢ ـ ١٩٧٧ م
ومن تبيضه ضحوة يوم الاثنين ـ اليوم الثانى من ايام التشريق سنة ١٣٩٨ هـ الموافق : ١٣ ـ ١١ ـ ١٩٧٨ م ـ م نى]